# PROCEEDINGS
# OF THE
# TENTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

FIFTEENTH SESSION

*Thursday, 21st December 2000*

## OFFICIAL REPORT

Vol. 112- No. 4

Price: ₹ 40

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

©
Government of Kerala
2010

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2000 ഡിസംബർ 21, വ്യാഴം*

LIBRARY ARCHIVES Kerala Legislative Assembly

*സ്പീക്കർ*

**ശ്രീ. എം. വിജയകുമാർ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. സി.എ. കുര്യൻ**

*സെക്രട്ടറി (ഇൻ-ചാർജ്)*

**ഡോ. എൻ.കെ. ജയകുമാർ**

*ചീഫ് എഡിറ്റർ*

**ശ്രീ. ബി. സുരേന്ദ്രൻ നായർ**

*എഡിറ്റിംഗ് ബ്രാഞ്ച്*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1185/2010.

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ.. ഇ.കെ. നായനാർ |
| ഭക്ഷ്യ വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി : | ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ |
| റവന്യൂ വകുപ്പുമന്ത്രി | ശ്രീ. കെ.ഇ. ഇസ്മയിൽ |
| വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി | ശ്രീ. പി.ജെ. ജോസഫ് |
| കൃഷിവകുപ്പുമന്ത്രി | ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ |
| തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി | ശ്രീ. പാലൊളി മുഹമ്മദ്കുട്ടി |
| വനവും ഗതാഗതവും വകുപ്പുമന്ത്രി | ശ്രീ. സി.കെ. നാണു |
| പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി | ശ്രീ. കെ. രാധാകൃഷ്ണൻ |
| ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി | ശ്രീ. ടി.കെ. രാമകൃഷ്ണൻ |
| ജലസേചനവും തൊഴിലും വകുപ്പുമന്ത്രി | ശ്രീ. വി.പി. രാമകൃഷ്ണപിള്ള |
| വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി | ശ്രീ. എസ്. ശർമ്മ |
| ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി | ശ്രീ. വി.സി. കബീർ |
| ധനകാര്യ വകുപ്പുമന്ത്രി | ശ്രീ. ടി. ശിവദാസമേനോൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ശ്രീമതി സുശീലാഗോപാലൻ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം


I. **ചോദ്യോത്തരങ്ങൾ** 11

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ 11

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ 28

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 28

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 58

II. **ശ്രദ്ധക്ഷണിക്കൽ** 101

(1) വിശ്വകർമ്മ സമുദായത്തിന്റെ ഉന്നമനത്തിനായി സ്വീകരിക്കേണ്ട നടപടികൾ

-ശ്രീ. എം. മുരളി 101

(2) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം.

-ശ്രീ. എളമരം കരീം 104

III. **ചരമോപചാരം** 109

IV. **സബ്മിഷൻ** 116

(1) പറശ്ശിനിക്കടവ് പാമ്പു വളർത്തൽ കേന്ദ്രത്തിനെതിരെയുള്ള നടപടി

-ശ്രീ. കെ.സി. ജോസഫ് 116

(2) നാവായിക്കുളം പഞ്ചായത്തിൽ കൂനൻചാലിൽ പട്ടികജാതി കോളനിയിൽ 9.12.2000-ൽ നടന്ന സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം

-ശ്രീമതി ഭാർഗവി തങ്കപ്പൻ 123

(3) നിലമേൽ കോളേജ് വിദ്യാർത്ഥി നിഷാദിനെ യൂണിവേഴ്സിറ്റി കോളേജിൽവച്ച് മർദ്ദിച്ച സംഭവം

-ശ്രീ. ബി. വിജയകുമാർ 125

(4) ബാങ്ക് ജീവനക്കാരുടെ പണിമുടക്ക്

-ശ്രീ. ജോൺ ഫെർണാണ്ടസ് 126

V. **ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന** 127

ഉദാരവല്ക്കരണം മൂലം സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധി കൃഷിവകുപ്പുമന്ത്രി

-ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ 127

V(a). **ക്രമപ്രശ്നം** 131


LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| VI. | **സബ്മിഷൻ (തുടർച്ച)** | 132 |
| (5) | ഇടുക്കി ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടത് സംബന്ധിച്ച് -ശ്രീ. പി.പി. സുലൈമാൻ റാവുത്തർ | 132 |
| (6) | കാപ്പിക്കും കുരുമുളകിനും താങ്ങുവില നിശ്ചയിക്കണമെന്ന ആവശ്യം -ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ | 133 |
| (7) | കൃഷി ആവശ്യത്തിനായി അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടി നിർത്തിവയ്ക്കണമെന്ന ആവശ്യം -ശ്രീ. വി. ബാലറാം | 135 |
| (8) | വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി -ശ്രീ. തമ്പാനൂർ രവി | 136 |
| (9) | കേന്ദ്ര വൈദ്യുതി നയം കേരളത്തിൽ ഉണ്ടാക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ -ശ്രീ. എം.വി. ജയരാജൻ | 138 |
| (10) | കുന്നത്തുനാട് മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ നടപടി -ശ്രീ. എം.പി. വർഗീസ് | 141 |
| (11) | എം.ജി. യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച ബി.എസ്.സി. നഴ്സിംഗ് കോഴ്സ് വിദ്യാർത്ഥികൾക്ക് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പരിശീലനത്തിന് അനുമതി നൽകാത്തതു സംബന്ധിച്ച ബുദ്ധിമുട്ടുകൾ -ശ്രീ. ടി.എം. ജേക്കബ് | 141 |
| (12) | ട്രാവൻകൂർ റയോൺസിന് കെ.എസ്.ഐ.ഡി.സി. വായ്പ -ശ്രീ. പി.പി. തങ്കച്ചൻ | 143 |
| (13) | കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം മുതലായവയുടെ കുടിശ്ശിക നൽകണമെന്ന ആവശ്യം -ശ്രീ. എ. കണാരൻ | 143 |
| (14) | കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലെ ടോയ്‌ലറ്റുകളുടെ ശോച്യാവസ്ഥ -ശ്രീമതി ആർ. ലതാദേവി | 144 |
| (15) | പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി ഉയർത്തേണ്ടത് സംബന്ധിച്ച് -ശ്രീ. പി.കെ. കുമാരൻ | 145 |
| (16) | നെയ്യാർ ജലസേചന സംഭരണിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ -ശ്രീ. എൻ. സുന്ദരൻ നാടാർ | 146 |
| (17) | തോട്ടംതൊഴിലാളികളുടെ പ്രശ്നങ്ങൾ -ശ്രീ. കെ.പി. രാജേന്ദ്രൻ | 146 |


LIBRARY ARCHIVES Kerala Legislative Assembly

(18) ഇരിക്കൂർ മണ്ഡലത്തിലെ നച്യാട് - മണിക്കടവ്
കാഞ്ഞിരക്കൊല്ലി റോഡിന്റെ നിർമ്മാണം
-ശ്രീ. കെ.സി. ജോസഫ് 148
(19) ചിങ്ങവനത്ത് പൂട്ടിക്കിടക്കുന്ന ടെസിൽ കമ്പനി തുറന്നു
പ്രവർത്തിപ്പിക്കാൻ നടപടി
-ശ്രീ. സി.എഫ്. തോമസ് 148
(20) അംഗൻവാടി ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച
ആനുകൂല്യങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച്
-ശ്രീമതി ഗിരിജാ സുരേന്ദ്രൻ 150
(21) മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി തുറന്നു
പ്രവർത്തിപ്പിക്കണമെന്ന ആവശ്യം
ശ്രീ. സി.പി. ബാലൻ വൈദ്യർ 151
VII. ഉത്തരത്തിൽ തിരുത്ത് 152
VIII. വ്യക്തിപരമായ വിശദീകരണം 154
IX. ക്രമപ്രശ്നം 155
ആക്ഷൻടേക്കൺ റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്തതു
സംബന്ധിച്ച്
ശ്രീ. സത്യൻമൊകേരി 155
X. റൂളിംഗ് 156
XI. നിയമനിർമ്മാണകാര്യം 158
2000-ത്തിലെ കേരള ധനവിനിയോഗ(4-ാം നമ്പർ) ബില്ലിന്റെ
അവതരണവും അനന്തരഘട്ടങ്ങളും 158
XII. വ്യക്തിപരമായ വിശദീകരണം 201
XIII. അവകാശ ലംഘന പ്രശ്നങ്ങൾ 218
(എ) അനുമതി നിഷേധിക്കപ്പെട്ടവ 218
(ബി) പരിഗണനയിലിരിക്കുന്നവ 220
LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

2000 ഡിസംബർ 21, വ്യാഴം

വാല്യം 112] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2000 ഡിസംബർ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ............ചോദ്യം നമ്പർ 91.

#### കമ്പ്യൂട്ടർ വിദ്യാഭ്യാസം

1 (*91)ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴാം ക്ലാസ്സു മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധിതമാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഇപ്പോൾ ഏത് ക്ലാസ്സുവരെ ഡി.പി.ഇ.പി. നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഡി.പി.ഇ.പി.-യിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനുള്ള സ്ഥാനം എന്താണെന്ന് വിശദീകരിക്കുമോ;

(ഡി) ഏഴാം ക്ലാസ്സു മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിന് എന്ത് അധിക ചെലവ് വേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിന് ഓരോ സ്കൂളിലും എത്ര കമ്പ്യൂട്ടർ നൽകുമെന്ന് വെളിപ്പെടുത്താമോ;

(എഫ്) ഒരു വിദ്യാർത്ഥിക്ക് ഒരു വിദ്യാലയവർഷത്തിൽ എത്ര മണിക്കൂർ കമ്പ്യൂട്ടർ പ്രായോഗിക വിദ്യാഭ്യാസം നൽകാമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

1185/2010.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) :

(എ) ഇല്ല. എന്നാൽ 2002 ജൂൺ മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധിതമാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഡി.പി.ഇ.പി. സംസ്ഥാനത്തെ ആറു ജില്ലകളിൽ (തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്) ഒന്നു മുതൽ നാലാം ക്ലാസ്സ് വരെ നടപ്പിലാക്കിവരുന്നു. എന്നാൽ ഒന്നാം ക്ലാസ്സ് മുതൽ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്ക്കാരണം ഇപ്പോൾ എല്ലാ ജില്ലകളിലും ഏഴാം ക്ലാസ്സ് വരെ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഡി.പി.ഇ.പി.യിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

(ഡി) IT at School-ഹൈസ്കൂളിൽ നടപ്പിലാക്കിയതിനു ശേഷമേ ഏഴാം ക്ലാസ്സിൽ ആരംഭിക്കുകയുള്ളൂ. ചെലവ് ഇപ്പോൾ കണക്കാക്കിയിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കി വരികയാണ്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

(എഫ്) ഇംഗ്ലീഷ്, കണക്ക്, സയൻസ്, സാമൂഹ്യപാഠം എന്നീ വിഷയങ്ങളിലെ പഠനവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. എത്ര മണിക്കൂർ എന്നത് കരിക്കുലം കമ്മിറ്റി കൂടി തീരുമാനിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഇവിടെ ലഭിച്ചിരിക്കുന്ന ഉത്തരം വായിക്കാൻ ബുദ്ധിമുട്ടുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. കമ്പ്യൂട്ടറിനെക്കുറിച്ചുള്ള ചോദ്യം പോലും ചതഞ്ഞ അക്ഷരത്തിലുള്ളതാണ്.

മി.സ്പീക്കർ : കമ്പ്യൂട്ടറിലേയ്ക്കു നമ്മൾ പോകുന്നതേയുള്ളൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കമ്പ്യൂട്ടർ വിദ്യാഭ്യാസം 2002 മുതൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അദ്ദേഹം അമേരിക്കയിൽപോയി ബിൽഗേറ്റ്സുമായി ചർച്ച ചെയ്തു എന്നു പത്രത്തിൽ കണ്ടു. അവിടുത്തെ കമ്പനികളിൽ ഉപയോഗിച്ചുകഴിഞ്ഞ കമ്പ്യൂട്ടറുകൾ സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ലഭ്യമാക്കാനാണോ പോയത് എന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ് ) : സർ, കമ്പ്യൂട്ടർ വിദ്യാഭ്യാസത്തെ സംബന്ധിച്ച് വളരെ വ്യക്തമായ ഒരു നയം ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ആ നയം എന്നു പറയുന്നത് ഐ.ടി.ഇൻ എഡ്യൂക്കേഷൻ വിഷൻ 2010 എന്നാണ്. 2010 വരെയുള്ള സ്കൂളുകളിലെ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തെ സംബന്ധിച്ച് പഠിക്കാൻ ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചു. ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ പ്രൊഫസർ യു.ആർ.റാവു, ആന്ധ്രാപ്രദേശിലെ ഐ.ടി.അഡ്വൈസർ ശ്രീ. ഹനുമൻ ചൗധരി, കിരൺ കാർത്തിക് എന്നിവരാണ് അതിലുള്ളത്. പ്രൊഫസർ യു.ആർ. റാവുവിന്റെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി റിപ്പോർട്ട് നവംബർ 22-ാം തീയതി തിരുവനന്തപുരത്തു പ്രസിദ്ധീകരിച്ചു. ഈ ഡോക്കുമെന്റിന്റെ അടിസ്ഥാനത്തിലാണ് ഐ.ടി. വിദ്യാഭ്യാസത്തിനുള്ള എല്ലാ കാര്യങ്ങളും നീക്കിക്കൊണ്ടിരിക്കുന്നത്. ഇതിനു മുന്നോടിയായി കരിക്കുലം കമ്മിറ്റി ചേർന്ന് ഒരു വർഷം മുമ്പ് ഒരു തീരുമാനമെടുത്തു. ഐ.ടി. വിദ്യാഭ്യാസം, കമ്പ്യൂട്ടർ വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുക എന്ന്. ഇപ്പോൾ അഞ്ഞൂറോളം സ്കൂളുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർ കൊടുത്തിട്ടുണ്ട്. പക്ഷേ അത് കരിക്കുലത്തിന്റെ ഭാഗമല്ല. ഏതാനും കുട്ടികളെ പഠിപ്പിക്കുന്നു എന്നേയുള്ളു. അതു മാറ്റി ഒരാഴ്ച ഇത്ര മണിക്കൂർ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവയ്ക്കുകയും കമ്പ്യൂട്ടർ as a tool of education, എല്ലാ വിഷയവും പഠിക്കാൻ ഉതകുന്ന ഒരു ഉപകരണമായി മാറ്റുകയും ചെയ്യുന്ന ഒരു പാഠ്യപദ്ധതി ഇവിടെ നടപ്പാക്കണമെന്ന് കരിക്കുലം കമ്മിറ്റി തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നടപടികളാരംഭിച്ചു. അതിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് അദ്ധ്യാപക പരിശീലനമാണ്. അത് എങ്ങനെയായിരിക്കണമെന്നതിനെ സംബന്ധിച്ച് ആറേഴുമാസമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിൽ പ്രവർത്തിക്കുന്ന 22 കമ്പനികളുടെ പ്രതിനിധികൾ ടെക്നോപാർക്കിൽ വന്ന് ഈ വിഷയത്തെക്കുറിച്ച് ചർച്ചകൾ നടത്തി. അവർ കനകക്കുന്നിൽ എക്സിബിഷനിലും പങ്കെടുത്തു. സ്കൂൾ വിദ്യാഭ്യാസത്തിൽ കമ്പ്യൂട്ടറിന് എന്തു പങ്കു വഹിക്കാനുണ്ട്, ഈ വിഷയത്തെക്കുറിച്ച് ബാംഗ്ലൂരിലും ഹൈദ്രാബാദിലും ഞാനും വിദ്യാഭ്യാസ സെക്രട്ടറിയും പോയി ഈ കമ്പനികളുടെ പ്രതിനിധികളെ വിളിച്ചുവരുത്തി സെമിനാർ നടത്തി. എല്ലാവർക്കും അവരവരുടേതായ കാഴ്ചപ്പാടുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം എങ്ങനെ നടപ്പാക്കണം, അതിനുള്ള മോഡ്യൂൾ എങ്ങനെയാണ് കൊടുക്കേണ്ടത് എന്ന് ഈ കമ്പനികളുമായി ചർച്ച ചെയ്തു, വിദഗ്ദ്ധരുമായി ചർച്ച ചെയ്തു. ഈ ഐ.ടി. വിഷൻ ഡോക്കുമെന്റിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിച്ച ഇൻഡ്യയിലെ പ്രഗൽഭരായ ആളുകളുടെ റിപ്പോർട്ടിന്റെയും കൂടി അടിസ്ഥാനത്തിൽ ട്രെയിനിംഗ് മോഡ്യൂൾ തയ്യാറാക്കി. അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെയാണ് ആദ്യം പരിശീലിപ്പിക്കേണ്ടത്. ഒരു കൊല്ലക്കാലം അദ്ധ്യാപകരെ പരിശീലിപ്പിക്കണം. ട്രെയിനിംഗ് മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ മൈക്രോസോഫ്ട് കമ്പനികളിൽ ആർക്കു വേണമെങ്കിലും സഹകരിക്കാം. ഇൻഡ്യയിലും വിദേശത്തുമുള്ള ഏതു കമ്പനിക്കും സഹകരിക്കാം. മൈക്രോസോഫ്റ്റ് ഉൾപ്പെടെയുള്ള കമ്പനികൾ ഇവിടെ നമ്മോടു സഹകരിച്ചു, ആ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് ആരംഭിച്ചു കഴിഞ്ഞു. 60,000 അദ്ധ്യാപകരെയാണ് പരിശീലിപ്പിക്കേണ്ടത്. അതല്ലാതെ കമ്പ്യൂട്ടർ വാങ്ങാനാണ് പോയതെന്നു പറയുന്നത് അദ്ദേഹം കാര്യങ്ങൾ ശരിക്കു മനസ്സിലാക്കാത്തതുകൊണ്ടാണ്. അതുകൊണ്ട് ടീച്ചേഴ്സ് ട്രെയിനിംഗിന് മൈക്രോസോഫ്ടിന്റെ സഹകരണവും ടെക്നിക്കൽ അഡ്വൈസും വേണം. ഞാൻ ഈ തവണ സിംഗപ്പൂരിൽവച്ച് വേൾഡ് സ്പേസ് കമ്പനിയുമായി ചർച്ച ചെയ്തു. ഇന്റൽ കമ്പനി ഈ രംഗത്തുവന്ന് പരിശീലനം കൊടുക്കാൻ ആരംഭിച്ചിട്ടുണ്ട്. ആരുടെയൊക്കെ സഹായം ലഭ്യമാകുമോ അത് വിദ്യാഭ്യാസ രംഗത്തെ വിപ്ലവകരമായ മാറ്റത്തിനുവേണ്ടി പ്രയോജനപ്പെടുത്താം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഡി.പി.ഇ.പി. നിറുത്തലാക്കാൻ പോകുന്നതായി രണ്ടു ദിവസം മുമ്പ് പത്രങ്ങളിൽ കണ്ടു. വിദ്യാഭ്യാസവകുപ്പു മന്ത്രി കഴിഞ്ഞ നാലരവർഷമായി ഈ സഭയ്ക്കകത്ത്, ഇത്രയും നല്ലൊരു പാഠ്യപദ്ധതി ലോകം കണ്ടിട്ടില്ലെന്നു പറയാറുണ്ടായിരുന്നു. ഇത്രയും പ്രകീർത്തിക്കപ്പെട്ട ഡി.പി.ഇ.പി. എന്തുകൊണ്ടാണ് ഉപേക്ഷിക്കാൻ പോകുന്നതെന്നു വ്യക്തമാക്കുമോ?

<u>ശ്രീ. പി.ജെ.ജോസഫ്</u> : സർ, ഡി.പി.ഇ.പി. ഉപേക്ഷിക്കാൻ പോകുന്നില്ല. ഒരു പത്രത്തിലാണ് വാർത്ത വന്നത്. അതു തെറ്റായ റിപ്പോർട്ടാണ്. കാസർഗോഡ്, വയനാട്, മലപ്പുറം ജില്ലകളിൽ 2001 സെപ്റ്റംബർ 30-ന് ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട് തീരേണ്ടതായിരുന്നു. അത് 2001 മാർച്ച് 30 വരെ നീട്ടുകയാണ് ചെയ്തത്. അതുപോലെ തിരുവനന്തപുരം, പാലക്കാട്, ഇടുക്കി ജില്ലകളിൽ 2002 ഡിസംബർ 31 വരെയും നീളും. ഒരുപക്ഷേ വാർത്ത വന്നത് അതാകാം. സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) എന്ന ഒരു സെൻട്രൽ സ്കീം നടപ്പാക്കാൻ പോകുന്നുവെന്ന്. അതിൽ കേരളത്തിന്റെ അഭിപ്രായം ഇത് നാലാം ക്ലാസ്സ് വരെ പോരാ, മിഡിൽ സ്കൂളിൽകൂടി ആരംഭിക്കണം എന്നാണ്. അതിനു ഡി.പി.ഇ.പി. നടപ്പാക്കാത്ത 8 ജില്ലകളിൽ അടുത്ത വർഷം നടപ്പാക്കാനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചു കഴിഞ്ഞു. ഇതിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻവേണ്ടി ഇത്തവണതന്നെ ഫണ്ട് കിട്ടുമെന്നാണ് പ്രതീക്ഷ. ഈ പദ്ധതി ഇൻഡ്യയിൽ എല്ലായിടത്തും നടപ്പാക്കണമെന്നാണ് എൻ.സി.ഇ.ആർ.ടി. ഡയറക്ഷൻ കൊടുത്തിരിക്കുന്നത്. ഈ പാഠ്യപദ്ധതി ഇപ്രകാരം കേരളത്തിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഡി.പി.ഇ.പി. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലും നടപ്പാക്കാൻ എൻ.സി.ഇ.ആർ.ടി. ക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ്.

ശ്രീ. എഴുകോൺ നാരായണൻ : കമ്പ്യൂട്ടർ പഠനത്തിനാവശ്യമായ വിഭവസമാഹരണം എപ്രകാരം നടത്താമെന്നു വ്യക്തമാക്കാമോ; ഇതിനുവേണ്ടി കുട്ടികളിൽ നിന്ന് കൂടുതൽ ഫീസ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) : കുട്ടികളിൽ നിന്ന് ഒരു ഫീസും ഈടാക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ ഹൈസ്കൂളുകളിൽ ഈ വർഷം ട്രെയിനിംഗ് മുഴുവൻ നടത്തുന്നതിനാവശ്യമായ കമ്പ്യൂട്ടർ ലഭ്യമാക്കുക, അതിന് ലാബുകൾ സജ്ജമാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം ചെയ്തതിനുശേഷം 2002 ജൂൺ മാസം മുതൽ ഇത് തുടങ്ങത്തക്കവണ്ണം 60,000 അദ്ധ്യാപകരെ പരിശീലിപ്പിക്കേണ്ടതായിട്ടുണ്ട്. 150 ട്രെയിനിംഗ് സെന്ററുകളിലായി ഈ അദ്ധ്യാപകരെ പരിശീലിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 150 ട്രെയിനിംഗ് സെന്ററുകൾക്കും ആവശ്യമായ എല്ലാ സപ്പോർട്ടും നൽകാമെന്ന് മൈക്രോസോഫ്റ്റ് ഉറപ്പു നൽകിയിരിക്കുകയാണ്. അതോടൊപ്പം തന്നെ മലയാളം വിൻഡോ വേണം. മലയാളം വിൻഡോ സാദ്ധ്യമാക്കുന്നതിന് മൈക്രോസോഫ്റ്റ് എല്ലാ സഹായങ്ങളും നൽകാമെന്ന് ഏറ്റിരിക്കുകയാണ്. ഇത്തരത്തിൽ ഒരുലക്ഷം കമ്പ്യൂട്ടർ വേണ്ടിവരും. കമ്പ്യൂട്ടറുകൾ എവിടെ നിന്നെല്ലാം ലഭ്യമാക്കാം എന്നുള്ളതിനെ സംബന്ധിച്ച് വളരെ ഗൗരവമായ ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു. ആയിരം ഗവൺമെന്റ് സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ ഗവൺമെന്റ് തന്നെ പ്രൊവൈഡ് ചെയ്യാം. ഗവൺമെന്റ് നേരിട്ട് പൈസമുടക്കാതെതന്നെ ഇതിനുള്ള കുറെ പദ്ധതികളുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ നിവൃത്തിയില്ല. ഇത്തരത്തിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനും ലാബുകൾ സെറ്റപ്പ് ചെയ്യാനും ഉൾപ്പെടെ ഇതിനാവശ്യമായിട്ടുള്ള എല്ലാ സഹായങ്ങളും ചെയ്തു തരാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. നമ്മൾ ഉണ്ടാക്കിയിരിക്കുന്ന കണ്ടന്റുണ്ട്. അത് ഡെവലപ് ചെയ്യണം. അത് ഏറ്റവും മോഡേണൈസ് ചെയ്യാനും മറ്റുമുള്ള ട്രെയിനിംഗിനു വേണ്ടിയുള്ള സഹായങ്ങളാണ് മൈക്രോസോഫ്റ്റ് ചെയ്തു തരാമെന്നു പറഞ്ഞിരിക്കുന്നത്. മലയാളത്തിൽ വിൻഡോ ഉണ്ടാക്കാനുള്ള സപ്പോർട്ടും മൈക്രോസോഫ്റ്റ് നൽകുന്നതാണ്.

ശ്രീ. എഴുകോൺ നാരായണൻ : സർക്കാരിന് ആരെങ്കിലും കമ്പ്യൂട്ടർ സൗജന്യമായി നല്കാമെന്ന് ഏറ്റിട്ടുണ്ടോ? മൈക്രോസോഫ്റ്റ് അധികാരികളുമായി എന്തെല്ലാം ചർച്ചനടത്തി എന്നു വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ.ജോസഫ് : ചർച്ചയിൽ 3 കാര്യങ്ങളാണ് പറഞ്ഞത്. അവരിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിക്കുക എന്നുള്ളതല്ല പ്രധാനമായിട്ടും അവരുമായി ചർച്ച ചെയ്തത്. ഒരുപക്ഷേ അവർ കുറെ തന്നേക്കാം. ഒന്നു ഞാൻ പറഞ്ഞല്ലോ, ടീച്ചർ ട്രെയിനിംഗിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് കമ്പ്യൂട്ടർ ട്രെയിനിംഗാണ്. കഴിഞ്ഞവർഷം തന്നെ ആയിരം അദ്ധ്യാപകരെ പരിശീലിപ്പിച്ചു. ഇന്റൽ കമ്പനിയാണ് ട്രെയിനിംഗ് നടത്തുന്നത്. അത് മൈക്രോസോഫ്റ്റുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു കമ്പനിയാണ്. ആ ട്രെയിനിംഗ് പരിപാടി ആരംഭിച്ചുകഴിഞ്ഞു. അതിൽ ഒരു ബാച്ചിന്റെ ട്രെയിനിംഗ് പാപ്പനംകോടുള്ള പോളീടെക്നിക്കിൽ (ഏറ്റവും സൗകര്യപ്രദമായ കമ്പ്യൂട്ടർ ലാബ് അവിടെയുണ്ട്) നടത്തിക്കഴിഞ്ഞു. അവിടെ ട്രെയിനിംഗ് തുടരുകയാണ്. 150 ട്രെയിനിംഗ് സെന്ററുകൾ ഡെവലപ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ആ 150 ട്രെയിനിംഗ് സെന്ററുകളിലായി 60,000 അദ്ധ്യാപകർക്കും ഒരു വർഷംകൊണ്ട് ട്രെയിനിംഗ് നൽകാൻ കഴിയും. മലയാളം ലാംഗ്വേജിലുള്ള വിൻഡോ ഉണ്ടാക്കണം. ഭാഷയും പ്രധാനപ്പെട്ടതാണ്. അതുപോലെ കണ്ടന്റ് ഡെവലപ്മെന്റ് തുടങ്ങിയുള്ള കാര്യങ്ങൾ വേണം. ഈ 3 രംഗങ്ങളിലാണ് മൈക്രോസോഫ്റ്റ് നമ്മളെ സഹായിക്കാമെന്നു പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ : കമ്പ്യൂട്ടർ ലിറ്ററസിയാണല്ലോ ഇന്നത്തെ ആവശ്യം. സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമെന്നുള്ള നിലയിൽ കമ്പ്യൂട്ടർ ലിറ്ററസിയിലും ഒന്നാം സ്ഥാനത്ത് എത്തത്തക്കനിലയിൽ ഉള്ള ഒരു സമയബന്ധിത പരിപാടി സർക്കാരിനുണ്ടോ?

ശ്രീ. പി.ജെ.ജോസഫ് : ഇത് പ്രായോഗികമായി എങ്ങനെ നടപ്പിലാക്കണം എന്നുള്ളതിനെ സംബന്ധിച്ച് 'ഐ.ടി. ഇൻ എഡ്യൂക്കേഷൻ വിഷൻ 2010'-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിന്റെ കോപ്പി എല്ലാവർക്കും തരുന്നതാണ്. കമ്പ്യൂട്ടർ ലിറ്ററസിയാണ് ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം.

ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ : ബഹുമാനപ്പെട്ട സ്പീക്കർ ചൂണ്ടിക്കാണിച്ചതുപോലെ ഇരുപത്തിയൊന്നാം നൂറ്റാണ്ട് ആവശ്യപ്പെടുന്ന വിദ്യാഭ്യാസം ഐ.റ്റി. യുമായി ബന്ധപ്പെട്ട സാക്ഷരതമാത്രമല്ല കമ്പ്യൂട്ടർ വിദ്യാഭ്യാസം തന്നെയാണ്. ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസം പൂർണ്ണ രൂപത്തിലെത്തുന്നതിന് വേണ്ടി ഇൻഡ്യയെപ്പോലെ പിന്നോക്കം നിൽക്കുന്ന വികസ്വരരാജ്യത്തിന് വിദേശ മൂലധനത്തെ ആശ്രയിക്കേണ്ടിവരുന്നു. ഇന്നത്തെ പശ്ചാത്തലത്തിൽ ഐ.ടി. ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ വിദ്യാഭ്യാസം കൊണ്ട് ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട സംസ്ഥാനമായി കേരളത്തെ ഉയർത്തിക്കൊണ്ടുവരാൻ ബിൽഗേറ്റ്സിനെപ്പോലുള്ള (അവരാണല്ലോ ഇന്ന് ഈ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ആളുകൾ. ഇന്നലെ ശ്രീ. ജി. കാർത്തികേയൻ തന്നെ ചൂണ്ടിക്കാണിച്ചല്ലോ, ആക്ഷേപകരമായിട്ടാണ് ചൂണ്ടിക്കാണിച്ചതെങ്കിലും ശാസ്ത്രസാങ്കേതിക വിദ്യയിൽ സാമ്രാജ്യത്വം നോക്കിയിട്ടൊന്നും ഒരു കാര്യവുമില്ല), ശാസ്ത്രസാങ്കേതികവിദ്യ വ്യാവസായികമായിട്ട് നടത്തിയെടുത്ത ലോകത്തിലെ പ്രസിദ്ധരായിട്ടുള്ള ആളുകളെപ്പോലും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് കേരളത്തെ മുന്നോട്ടു നയിക്കുന്നതിനു വേണ്ടി ശ്രമിക്കുന്നത്. അത്തരം കാര്യങ്ങൾ ഫലപ്രദമായി ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്യുമോ?

ശ്രീ. പി.ജെ.ജോസഫ് : ആ വഴിക്ക് തന്നെയാണ് ഗവൺമെന്റ് നീക്കങ്ങൾ നടത്തുന്നത്. ഇന്നലെ ശ്രീ. ജി. കാർത്തികേയൻ ഇവിടെ പറഞ്ഞു എന്നു പറയുന്നത് വലിയ ഒരു കുത്തക കമ്പനിയുമായി ചർച്ചയ്ക്കു പോയി

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ്. കഴിഞ്ഞ സെപ്റ്റംബർ മാസം 13-ാം തീയതി ഈ കമ്പനിയുടെ ചെയർമാനായ ബിൽഗേറ്റ്സ് തന്നെ വന്ന് ഇൻഡ്യയിലെ പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ ക്ഷണിച്ചിരുന്നു. അവിടെ ആന്ധ്രാപ്രദേശിലെ മുഖ്യമന്ത്രിയും കർണ്ണാടകയിലെ മുഖ്യമന്ത്രിയും ഡൽഹി, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും ഉണ്ടായിരുന്നു. അവിടെയുണ്ടായിരുന്ന മുഖ്യമന്ത്രിമാരിൽ 3 പേർ കോൺഗ്രസുകാരാണ്. അവിടെപ്പോയതിനെ പുച്ഛിച്ചും വിമർശിച്ചും എല്ലാം ഇവിടെ പ്രസംഗിച്ചുവല്ലോ. അവരുടെ പടവും എന്റെ കൈയിലുണ്ട്. അവർക്ക് പങ്കെടുക്കാം. കേരളം പോയാൽ മോശം. ഈ സമീപനമാണ് ഇവിടെയുള്ളത്. അതുകൊണ്ട് കേരളം ഇൻഫർമേഷൻ ടെക്നോളജിയിൽ, അതായത് ഏതു രംഗത്താണ് നമുക്ക് ഒന്നാമത് വരാൻ കഴിയുന്നത് എന്നു മനസ്സിലാക്കണം. രാജ്യത്തിന്റെ വികസനം വിദ്യാഭ്യാസമാണ്. ഏതു മേഖലയിൽ നമുക്ക് മുന്നോട്ടു പോകണമെങ്കിലും വിദ്യാഭ്യാസമേഖലയിൽതന്നെ കേന്ദ്രീകരിച്ച് മുന്നോട്ടു പോകണം. ഐ.ടി.കോൺഫറൻസിൽ പ്രധാനമായി ഉയർന്നുവന്ന ഒരു കാര്യം കേരളം കേന്ദ്രീകരിക്കേണ്ടത് വിദ്യാഭ്യാസരംഗത്താണ് എന്നുള്ളതാണ്. ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും മുന്നിലെത്താനുള്ള പദ്ധതികൾ കേരളം ആവിഷ്ക്കരിച്ചു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ജി.കാർത്തികേയൻ</u> : ബഹുമാനപ്പെട്ട മന്ത്രി അങ്ങ് കഥയറിയാതെ കഥകളി കാണരുത്. ഇവിടെ ബിൽഗേറ്റ്സുമായിട്ട് അതിർത്തി തർക്കമോ കശാലത്തർക്കമോ ഒന്നും ഞങ്ങൾക്കില്ല. ഈ സഭ നടക്കുന്ന സമയത്ത് അങ്ങ് സ്വാഭാവികമായും ഇവിടെ വിദേശപര്യടനവുമായി ബന്ധപ്പെട്ട് ഒരു സ്റ്റേറ്റ്മെന്റ് വയ്ക്കുമെന്നു പ്രതീക്ഷിച്ചു. അങ്ങ് അതു ചെയ്തില്ല. അങ്ങ് വിദേശപര്യടനത്തിനു പോയത് മൈക്രോസോഫ്റ്റ് ചെയർമാൻ ബിൽഗേറ്റ്സിന്റെ ക്ഷണം അനുസരിച്ചാണെന്ന് പത്രത്തിൽ ഞാൻ വായിച്ചു. ബിൽഗേറ്റ്സ് എത്ര വലിയ ആളാണെങ്കിലും സംസ്ഥാന മന്ത്രിസഭയുടെ ഒരു പ്രതിനിധിക്ക് വിദേശപര്യടനത്തിനു പോകാമോ എന്നുള്ളത് അജ്ഞതകൊണ്ടാണ് ഞാൻ ചോദിച്ചത്. അല്ലാതെ ബിൽഗേറ്റ്സിനെതിരെ സംസാരിച്ചതല്ല. അത് എം.വി.ഗോവിന്ദൻ മാസ്റ്റർക്ക് മനസ്സിലായില്ല. ഐ.ടി. വിപ്ലവത്തിന് ഞങ്ങളാരും എതിരല്ല. ഇന്നും കേരളത്തിലെ നാട്ടിൻപുറങ്ങളിൽ പ്ലസ് ടു കൊണ്ടുവന്ന സ്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ചോക്ക്പീസ് എടുത്തിട്ട് Suppose this is a test tube എന്ന് പറഞ്ഞുകൊടുക്കുകയാണ് ചെയ്യുന്നത്. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത കേരളത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ സ്വപ്നം കാണാനുള്ള സാമ്പത്തിക സൗകര്യമുണ്ടോ? പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിയിട്ടാണോ ഇത് ചെയ്യുന്നത്? ഇലക്ട്രിസിറ്റി ഇല്ലാത്ത സ്കൂളുകളിൽ ജനറേറ്റർ കൊടുത്ത സംസ്ഥാനമാണ് കേരളം. മന്ത്രി പറയുന്ന കാര്യങ്ങൾക്ക് പാകമായോ കേരളം?

<u>ശ്രീ. പി.ജെ.ജോസഫ്</u> : അദ്ദേഹം പറഞ്ഞ ഒരു കാര്യം ഒരു സ്വകാര്യകമ്പനിയുടെ ഇൻവിറ്റേഷന് പോകാമോ എന്നുള്ളതാണ്. പ്രസക്തമായ ചോദ്യമാണ്. ഇതിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്കും ആദ്യം സംശയമുണ്ടായിരുന്നു. കഴിഞ്ഞ ആറേഴുമാസം മുമ്പ് ക്ഷണിച്ചിട്ട് അവസാനം സ്വകാര്യ കമ്പനിയാണെന്നു പറഞ്ഞ് മാറ്റിവച്ചു. രണ്ടാമത് ബിൽഗേറ്റ്സ് ഇന്ത്യയിൽ വരുമ്പോൾ ശ്രീ. പ്രൊമോദ് മഹാജനാണ്....... ഇവിടെ ഒരു സ്വകാര്യകമ്പനിയുടെ ആൾക്കാർ വന്ന് ക്ഷണിച്ചിട്ട് പത്ത് മുഖ്യമന്ത്രിമാർ പങ്കെടുത്ത ഒരു ചരിത്രം ഇന്ത്യയിലുണ്ടായിട്ടില്ല. പക്ഷെ ഒരു വലിയ പ്രസ്ഥാനം, ലോകത്തിലെ കമ്പ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ട്ടർ വിഭവരംഗത്ത് മൈക്രോസോഫ്റ്റ് നടത്തിയിട്ടുള്ള വലിയ വിപ്ളവകരമായ ആ മാറ്റം, അതിൽ ഇന്ത്യയും പങ്കാളിയാകാൻ വേണ്ടി ക്ഷണിച്ചപ്പോൾ പത്ത് മുഖ്യമന്ത്രിമാർതന്നെ പങ്കെടുത്തു. കേരളം ഉൾപ്പെടെ 11,12 സംസ്ഥാനങ്ങളുടെ പ്രതിനിധികൾ അവിടെ പങ്കെടുത്തു. ഇപ്പോൾ ഈ പ്രശ്നം വന്നപ്പോൾ ആദ്യം ഒബ്ജക്ട് ചെയ്ത ഐ.ടി. ഡിപ്പാർട്ടുമെന്റ് ഇത്തവണത്തെ ക്ഷണത്തെ അനുകൂലിച്ചു. എക്സ്റ്റേണൽ അഫയേഴ്സും എല്ലാവരും ഇത്തവണ അനുകൂലിച്ചു. കാരണം ഇത് ഇന്ത്യയുടെ കമ്പ്യൂട്ടർ വിഭവത്തിന് സഹായകരമാകും എന്നുള്ളതുകൊണ്ടാണ്.

ശ്രീ. ജി.കാർത്തികേയൻ : ഞങ്ങൾ അറിഞ്ഞത് മുഖ്യമന്ത്രി ഇടപെട്ടു എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പോയതിൽ ഞങ്ങളാരും എതിരല്ല.

ശ്രീ. പി.ജെ.ജോസഫ് : ഒരു വിദേശപര്യടനത്തിന് ഏതെങ്കിലും മന്ത്രി പോകുമ്പോഴുള്ള നടപടിക്രമം ബഹുമാനപ്പെട്ട അംഗത്തിനുമറിയാമല്ലോ. അങ്ങ് മന്ത്രിയായിരുന്ന ആളല്ലേ? എവിടെയാണ് തുടങ്ങുന്നത്? എക്സ്റ്റേണൽ അഫയേഴ്സ് ഫൈനാൻസ് എന്നീ കടമ്പകൾ കടന്ന് എല്ലാവരും ക്ലിയർ ചെയ്തു. പ്രധാനമന്ത്രിയും ക്ലിയർ ചെയ്തു. അങ്ങനെ എല്ലാവരും ക്ലിയർ ചെയ്തുവന്ന ഒരു വിഷയത്തിലാണ് മുഖ്യമന്ത്രി അനുമതി വാങ്ങിത്തന്നു എന്നു പറയുന്നത്. എല്ലാ ഡിപ്പാർട്ടുമെന്റുകളും ക്ലിയർ ചെയ്തിരുന്നു. പ്രധാനമന്ത്രിയും ക്ലിയർ ചെയ്തു. കഴിഞ്ഞതവണ ഐ.ടി. ഡിപ്പാർട്ടുമെന്റ് എതിർത്തു, അതുകൊണ്ട് നടന്നില്ല. അതാണ് വസ്തുത. സ്വകാര്യ കമ്പനി എന്നുള്ള കാര്യത്തിൽ അദ്ദേഹത്തിന് യഥാർത്ഥ സംശയമാണെങ്കിൽ പിന്നെ കോൺഗ്രസ് മുഖ്യമന്ത്രിമാർ എന്തിനു പോയി എന്നുകൂടി പറയണം. സ്വകാര്യ കമ്പനികൾ ക്ഷണിച്ചാൽ പോകുമോ എന്നല്ലേ അദ്ദേഹം ചോദിച്ചത്. അനുകൂലമാണെന്നു പറഞ്ഞിട്ട് ഇത്തരത്തിൽ സംസാരിക്കേണ്ട കാര്യമില്ല. ഇവിടെ പ്ലസ് ടു നടപ്പിലാക്കിയിട്ടുള്ള തിരുവനന്തപുരത്തെ കോട്ടൺ ഹിൽ സ്കൂളിൽ ഉൾപ്പെടെ എത്രയോ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. നഗരത്തിൽ മാത്രമല്ല, ആദ്യത്തെ 500 സ്കൂളുകളിൽ, ഞാൻ തറപ്പിച്ചു പറയുന്നു, സൗകര്യങ്ങളേർപ്പെടുത്തിയിരിക്കുന്നു. ഒന്നാംവർഷം ലബോറട്ടറി ആവശ്യമില്ല. ഈ വർഷം തുടങ്ങിയ സ്കൂളുകളിൽ ലാബ് അടുത്ത വർഷത്തേയ്ക്കു മതി. അടുത്ത വർഷത്തേയ്ക്കു ലാബിനുള്ള തുക ഗവൺമെന്റ് തന്നെയാണ് കൊടുക്കുന്നത്. കോട്ടൺ ഹിൽ സ്കൂളല്ല ഏതു സ്കൂൾ വേണമെങ്കിലും നോക്കിക്കൊള്ളൂ. രണ്ടാമത്തെ വർഷമാണ് ലാബ് വേണ്ടത്. ആ വർഷം എല്ലായിടത്തും ലാബ് തുടങ്ങാനുള്ള പൈസ ഗവൺമെന്റ് സ്കൂളുകളിൽ ഗവൺമെന്റ് തന്നെ കൊടുക്കുകയാണ്. ഒന്നും പഠിക്കാതെ, സ്കൂളുകളിൽ പോയി കാര്യങ്ങൾ മനസ്സിലാക്കാതെ, പറഞ്ഞിട്ട് കാര്യമില്ല. ഇപ്പോൾ കമ്പ്യൂട്ടർ ഏർപ്പെടുത്തുമോ എന്നു ചോദിച്ചാൽ അതിനുള്ള വ്യക്തമായ പ്ലാൻ ഉണ്ടാക്കിയിരിക്കുന്നു. മുഴുവൻ പൈസ കൊടുത്തു വാങ്ങേണ്ട സ്ഥിതിയില്ല. കമ്പനികളുമായിട്ടുള്ള അറേഞ്ചുമെന്റ് ഉണ്ടാക്കിയിരിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ട് വിശദാംശങ്ങൾ പറയാൻ നിവൃത്തിയില്ല. അതിനുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തിക്കൊണ്ടായിരിക്കും തുടങ്ങുന്നത്.

ശ്രീ. പി.വിശ്വൻ : പുത്തൻ പാഠ്യ പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയതോടെ അക്ഷരങ്ങളും അക്കങ്ങളും അറിയാത്ത കുട്ടികളുടെ എണ്ണം കുറഞ്ഞു. ബഹു : സ്പീക്കർ തന്നെ ഇവിടെ ചൂണ്ടിക്കാണിച്ചു. ഇവിടെ കമ്പ്യൂട്ടർ വിദ്യാഭ്യാസം തുടങ്ങുന്നതേയുള്ളൂ. കമ്പ്യൂട്ടർ അറിയാത്ത ബഹുജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർ അറിയുന്നവരാക്കി മാറ്റാനുള്ള ഗവൺമെന്റിന്റെ പദ്ധതി ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെടുത്തി വിപുലപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പി.ജെ.ജോസഫ് : കേരളത്തിൽ ചില ഗവൺമെന്റ് സ്കൂളുകളിൽ ഇപ്പോൾ കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളും പി.ടി. എ.യും എത്രമാത്രം സഹകരിച്ചു എന്നുള്ളതിന്റെ തെളിവാണ് 500-ഓളം സ്കൂളുകളിൽ എയർ കണ്ടീഷൻഡ് റൂമുകളുണ്ടാക്കിയിരിക്കുന്നു. ഗവൺമെന്റ് ഒരു പൈസയും മുടക്കിയിട്ടില്ല. മുഴുവൻ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി പി.ടി.എ.യാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഒരു കമ്പ്യൂട്ടർ ലാബിൽ 20 കമ്പ്യൂട്ടറുകൾ വേണമെന്നാണ് വച്ചിരിക്കുന്നത്. ഡിവിഷൻസ് കൂടുതലുള്ള കോട്ടൺ ഹിൽ പോലുള്ള സ്കൂളുകളിൽ കൂടുതൽ റൂമുകൾ വേണ്ടിവരും. മിനിമം 20 കമ്പ്യൂട്ടറുകൾ ഒരു സ്കൂൾ ലാബിൽ വേണം. അതിനാവശ്യമായ സൗകര്യങ്ങളുണ്ടാക്കുന്നതിന് പഞ്ചായത്തുകളുൾപ്പെടെ അതിനോട് സഹകരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇത്തവണ ന്യൂയോർക്കിൽ മലയാളി സംഘടനകൾ ആറേഴു യോഗം വിളിച്ചിരുന്നു. അവർ ഇതിനുവേണ്ടി ഒരു കമ്മിറ്റി ഉണ്ടാക്കിയിരിക്കുകയാണ്, കേരളത്തിൽ ഈ സ്കൂൾ വിദ്യാഭ്യാസത്തിന് കമ്പ്യൂട്ടർ എങ്ങനെ നൽകും എന്നതിനെ സംബന്ധിച്ച് - പെന്റിയം IV വരികയാണ്. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് പെന്റിയം III ആണ്. അടുത്ത ഒരു വർഷത്തിനുള്ളിൽ പെന്റിയം III മാറുമ്പോൾ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകൾ സേഫായിട്ട് എടുത്ത് കേരളത്തിൽ എത്തിക്കുന്നതിനുവേണ്ടി വളരെ വിപുലമായ ഒരു കമ്മിറ്റി ന്യൂയോർക്കിൽ രൂപീകരിച്ചിരിക്കുകയാണ്. അവർ അതിന്റെ നമ്പരൊക്കെ പിന്നീട് പറയും.

ശ്രീ. എ.വി.അബ്ദുറഹിമാൻ ഹാജി : ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ കോഴ്സ് സഹിതം തുടർന്ന് പഠിക്കുന്നതിന് പ്രവേശനം ലഭിക്കാത്ത ചുറ്റുപാടിൽ ഞാൻ പ്രസിഡന്റായിട്ടുള്ള മേപ്പയൂരിലെ ഒരു സ്ഥാപനത്തിൽ 20 കുട്ടികൾക്ക് കൂടി പ്രവേശനം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? 120 കുട്ടികളെ എടുക്കാം. 100 കുട്ടികളെ മാത്രമേ ഇപ്പോൾ പ്രവേശിപ്പിക്കാൻ അനുവദിക്കുന്നുള്ളൂ. അത് 120 ആയി ഉയർത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ.ജോസഫ് : ഒരു ബാച്ച് കൂടി അനുവദിക്കുന്ന വിഷയമാണെങ്കിൽ അടുത്ത വർഷത്തേയ്ക്കു അനുവദിച്ചുതരാം. 1998-ൽ തുടങ്ങിയ പ്ലസ് ടു സ്കൂളുകൾ 1997-ൽ ആണ് അനുവദിച്ചത്. അടുത്തവർഷം തുടങ്ങേണ്ട കോഴ്സ് ഇത്തവണ അനുവദിച്ചാൽ അവർക്ക് മുൻകൂട്ടി തയ്യാറെടുക്കാൻ കഴിയും.

## വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

2 (*92) ശ്രീ. ടി.കെ.ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.പി.വർഗ്ഗീസ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി.കെ.കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വനിതകളുടെ ക്ഷേമത്തിനുവേണ്ടി കോർപ്പറേഷൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 1996 മുതൽ കോർപ്പറേഷൻ ഏറ്റെടുത്ത പദ്ധതികളുടെ ഭാഗമായി എത്ര വനിതകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ഡി) ഈ കാലയളവിൽ എത്ര വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്;

(ഇ) ഇതിന് കോർപ്പറേഷൻ എന്തു തുക ധനസഹായം നൽകിയിട്ടുണ്ട്;

(എഫ്) കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾക്ക് കോർപ്പറേഷൻ രൂപം നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കുന്നതിനായി തിരുവനന്തപുരത്തെ ഹെഡ്ഓഫീസിനു പുറമേ എറണാകുളത്തും കോഴിക്കോടും ഓരോ മേഖലാഓഫീസുകൾ സ്ഥാപിച്ചു.
2. വായ്പ സംബന്ധിച്ച നടപടിക്രമങ്ങൾ സുതാര്യവും ലളിതവുമാക്കി.
3. വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നത് ഊർജ്ജിതപ്പെടുത്താൻ എല്ലാ മേഖലകളിലും ഫീൽഡ് ഓഫീസർമാരെ നിയമിച്ചു.
4. വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി തൊഴിൽ സാദ്ധ്യത കൂടുതലുള്ള വസ്ത്രനിർമ്മാണം, ഭക്ഷ്യ സംസ്കരണം മുതലായ മേഖലകളിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിച്ചു.

(ബി) വനിതകളുടെ ക്ഷേമത്തിനുവേണ്ടി കോർപ്പറേഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. സ്വയം തൊഴിൽ വായ്പാ പദ്ധതികൾ

a) ന്യൂനപക്ഷ വിഭാഗ വായ്പാ പദ്ധതി

b) പിന്നോക്ക വിഭാഗ വായ്പാ പദ്ധതി

c) പൊതുവിഭാഗ വായ്പാ പദ്ധതി

d) സഹകരണ സംഘങ്ങൾക്കും മഹിളാ സമാജങ്ങൾക്കുമുള്ള വായ്പാ പദ്ധതി

2. നൊറാഡ്-പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ

3. മറ്റു പരിശീലന പദ്ധതികൾ, ബോധവൽക്കരണ ക്യാമ്പുകൾ



LIBRARY ARCHIVES Kerala Legislative Assembly

4. കോഴിക്കോട് ഫിഷറീസ് പ്രോജക്ട്

5. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ

6. കൊല്ലം, ആലപ്പുഴ, തീരദേശമത്സ്യത്തൊഴിലാളികൾക്കുള്ള ഫുഡ് പ്രോസസ്സിംഗ് പ്രോജക്ട്

7. ആലപ്പുഴ, കാസർകോഡ് ജില്ലകളിലെ നോട്ടുബുക്ക്, സ്റ്റേഷനറി, പ്ലാസ്റ്റിക് വെൽഡഡ് നിർമ്മാണ പരിശീലന പദ്ധതി.

8. വനിതാ വ്യവസായ ഉൽപ്പന്നങ്ങൾക്കുള്ള വിപണന സൗകര്യങ്ങൾ/എക്സിബിഷനുകൾ

9. അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈനിംഗ് സെന്റർ

(സി) ഏകദേശം 10,400 വനിതകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) 2557 വനിതാ വ്യവസായ യൂണിറ്റുകളാരംഭിച്ചു.

(ഇ) 780.14 ലക്ഷം രൂപ

(എഫ്) ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതു വഴി കൂടുതൽ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും. കൂടാതെ ടൂറിസം ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾക്ക് കോർപ്പറേഷൻ രൂപം നൽകിവരുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ് : വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം ഏറെ മെച്ചപ്പെട്ടാണ് ഇന്ന് നടക്കുന്നത്. എന്നാൽ 1991-96 കാലയളവിൽ വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് പുരുഷന്മാർക്കുകൂടി അർഹതയില്ലാത്ത വിധത്തിൽ ലോൺ കൊടുത്തിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചട്ടം ലംഘിച്ച് പുരുഷന്മാർക്ക് നിരവധി ലോണുകൾ കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തി നടപടികൾ എടുത്തുവരികയാണ്. എന്നാൽ പല സ്ഥലത്തും അഡ്രസിയെ പരിശോധിക്കുമ്പോൾ അങ്ങനെയുള്ള ആളുകൾ ഇല്ലാത്തതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെ ഇല്ലാത്ത മനുഷ്യർക്കുകൂടി ലോൺ അനുവദിക്കുകയും അങ്ങനെ പ്രവർത്തനം നടക്കുകയും ചെയ്തിട്ടുണ്ട്. വളരെയധികം പിശകായിട്ടുള്ള നടപടികളാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യത്തിൽ നടന്നിട്ടുള്ളത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : വളരെ പിശകായ നടപടിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായത് എന്നുപറഞ്ഞു. എന്നാൽ അതിന്റെ കുറ്റവാളികളായിട്ടുള്ള ആളുകളുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അന്നുണ്ടായിരുന്ന എം.ഡി.യുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങൾ പരിശോധിച്ച് ഓരോ വ്യക്തിക്കുമെതിരായിട്ടാണ് നടപടി എടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : വികലാംഗർക്കും വിധവകൾക്കുമായി കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നതിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് വനിതാ വികസന കോർപ്പറേഷനിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ മാർച്ച് 31-ന് മുമ്പ് വനിതാ വികസന കോർപ്പറേഷനുവേണ്ടി എത്രകോടി രൂപ കൊടുക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : മാർച്ച് 31-ന് മുമ്പായി ഏഴ് കോടി രൂപ കൊടുക്കാനുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. വിധവകൾക്കും വികലാംഗർക്കുമായി 4 ശതമാനം പലിശയ്ക്കു പണം കടം കൊടുക്കാൻ കഴിയും. കൂടാതെ വിദ്യാഭ്യാസ പദ്ധതി പുതിയ പ്രൊഫഷണൽ കോഴ്സുകൾക്ക് 4% പലിശക്ക് പണം കടം കൊടുക്കാനുള്ള വ്യവസ്ഥയുണ്ട്. അതനുസരിച്ച് ഇനിയും കൂടുതലാളുകൾ മുന്നോട്ടു വരേണ്ടതായാണിരിക്കുന്നത്. ഇത് സംബന്ധിച്ച് പ്രത്യേകിച്ച് പ്രൊഫഷണൽ കോഴ്സുകൾക്ക് 4% പലിശയ്ക്കു ലോൺ നൽകുമെന്ന് വളരെയധികം പ്രസിദ്ധീകരണങ്ങൾ നൽകിയെങ്കിലും പ്രതീക്ഷിച്ചത്ര ഇത് പ്രയോജനപ്പെടുത്തിക്കാണുന്നില്ല. ബാങ്കുകൾ 16% മൊക്കെയാണ് നൽകുന്നത്. നേരെമറിച്ച് വിമെൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 4% പലിശക്ക് നൽകുന്നുണ്ട്. അത് ഉപയോഗപ്പെടുത്താൻ ആളുകൾ തയ്യാറായാൽ വളരെയധികം വായ്പകൾ കൊടുക്കാൻ കഴിയും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ഇപ്പോൾ വനിതാ വികസന കോർപ്പറേഷന് മൂന്ന് റീജിയണൽ ഓഫീസുകളാണുള്ളത്. ഇതിന്റെ പ്രവർത്തനം കുറച്ചുകൂടി വിപുലീകരിക്കുന്നതിന് പാലക്കാട് ഉൾപ്പെടെയുള്ള പുതിയ കേന്ദ്രങ്ങളിൽ റിജീയണൽ ആഫീസുകൾ തുറക്കാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാഗോപാലൻ : കണ്ണൂർ, പാലക്കാട്, ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിൽ റിജീയണൽ ആഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകൾ രണ്ടുകൊല്ലമായി നടപടിച്ചട്ടങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. അത് ശരിപ്പെടുത്തിയെടുക്കുന്നതിനുള്ള ശ്രമം നടത്തുകയാണ്. അത് കിട്ടിയാൽമാത്രമേ റീജിയണൽ ഓഫീസുകൾ തുറക്കാൻ കഴിയൂ. സർക്കാരിന് യാതൊരു ചെലവുമില്ലാത്ത ഒരു പരിപാടിയാണ്. അതിന്റെ വരുമാനംകൊണ്ടുതന്നെ നടത്താൻ കഴിയും. അതിനുള്ള പരിശ്രമം ഞങ്ങൾ തുടർന്നും നടത്തുകയാണ്.

ശ്രീ. എം.പി.വർഗ്ഗീസ് വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ ഏതെങ്കിലും സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് വിവിധ പദ്ധതികളുടെ പണം എടുക്കുകയാണ് പതിവ്. നമ്മുടേതായിട്ടുള്ള പണമല്ല ഇതിനുപയോഗപ്പെടുത്തുന്നത്. ബാക്ക്‌വേർഡ് ക്ലാസ് കമ്മീഷൻ തുടങ്ങി നിരവധി മേഖലകളിൽ നിന്ന് നമുക്ക് പണം ലഭിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നുമുള്ള പണമാണ് ഇന്ന് വായ്പയായി നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം.പി. വർഗ്ഗീസ് : വനിതാ വ്യവസായ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ ഒട്ടേറെ വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗങ്ങൾ ഗവൺമെന്റ് അവലംബിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സിഡ്കോ വഴിയായിട്ട് ഒരു പരിപാടി, സിഡ്കോയും സി.ഡി.എസും ഒക്കെച്ചേർന്ന് എറണാകുളത്ത് വനിതാ വികസന കോർപ്പറേഷൻ വഴി ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിൽക്കുന്ന ഒരു സ്ഥാപനമുണ്ടായിരുന്നു. അത് ഫലപ്രദമായി നടത്താൻ കഴിഞ്ഞില്ല. പണത്തിന്റെ ലഭ്യതക്കുറവുകൊണ്ടാണ്; എങ്കിലും അതിനുള്ള പരിശ്രമം തുടരുന്നു എന്നു മാത്രമല്ല കോഴിക്കോട്ടും തിരുവനന്തപുരത്തുംകൂടി അക്കാര്യങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അത് വേഗത്തിൽ ഫലപ്രദമാകും. അതിന് പണം കണ്ടെത്താനുള്ള പരിശ്രമത്തിലാണ്.

ശ്രീ. പി.കെ.കുമാരൻ : ജനകീയാസൂത്രണപദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തുകളുടെ ചുമതലയിൽ വനിതാ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനും അത്തരം പദ്ധതികൾക്ക് ഈ വനിതാ ക്ഷേമപദ്ധതിയിൽനിന്നുള്ള സഹായധനം ലഭ്യമാക്കുന്നതിനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇത് വിവിധ പദ്ധതികളിൽപ്പെടുത്തിയുള്ളതാണ്. അതിന്റെ ഫലമായി നേരിട്ടാണ് ഈ സ്ഥാപനങ്ങൾക്ക് പണം കൊടുക്കുന്നത്. ഇപ്പോൾ രണ്ട് റീജിയണൽ ആഫീസുകൾകൂടി തുടങ്ങി. നാല് റീജിയണൽ ആഫീസുകൾകൂടി തുടങ്ങിയാൽ അവർക്ക് നേരിട്ട് പണം കൊടുക്കാൻ കഴിയും. പ്രത്യേകിച്ച് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് എടുക്കുന്ന പണമാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തുകളുമായി ബന്ധിപ്പിച്ച് എങ്ങനെ കൊടുക്കാൻ കഴിയുമെന്നുള്ള കാര്യം പരിശോധിച്ച് വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. പി.കെ.കുമാരൻ : ശ്രീ. എം.പി.വർഗ്ഗീസ് ചോദിച്ച ചോദ്യത്തിന്റെ ഭാഗമായിത്തന്നെ നമ്മുടെ വനിതാ വികസന പദ്ധതികളുടെ ഭാഗമായി വനിതകൾ കൂടുതൽ തൊഴിൽമേഖലകളിൽ ഏർപ്പെട്ട് ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇന്ന് വിറ്റഴിയാതെ കെട്ടിക്കിടക്കുകയാണ്. അത്തരം ഉൽപന്നങ്ങൾ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾവഴി പ്രത്യേകിച്ച് ഗവൺമെന്റ് ആഫീസുകൾവഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കുമോ; അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സിഡ്കോ ഇപ്പോൾത്തന്നെ ഗവൺമെന്റ് ഓർഡറുകൾ ലഭ്യമാക്കി മിക്കവാറും സ്ഥാപനങ്ങൾക്ക് ഇവകൊടുത്തുകൊണ്ടിരിക്കുകയാണ്. അത് കൂടുതൽ വിപുലപ്പെടുത്താൻ കഴിയുന്നതാണ്. പക്ഷേ ഇന്ന് കുറെയധികം പരിമിതികളുണ്ട്; എങ്കിലും അതിനുള്ള പരിശ്രമങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി ശോഭനാ ജോർജ്ജ് : സർക്കാർ വനിതാ ജീവനക്കാർക്ക് അവർ ജോലി ചെയ്യുന്ന സ്ഥലത്ത് നിയമ പരിരക്ഷ കിട്ടാറുണ്ട്, ആ നിയമപരിരക്ഷ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്കുകൂടി ബാധകമാക്കത്തക്കവണ്ണമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾത്തന്നെ പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ത്രീകൾക്ക് സാധാരണഗതിയിലുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. അവിടെ പ്രത്യേകമായി അവർക്കെതിരായിട്ടുള്ള നടപടികൾ എടുക്കുന്നില്ല. സംരക്ഷണം കൊടുക്കുന്നുമുണ്ട്. സ്വകാര്യ സ്ഥാപനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ സ്ത്രീകൾക്ക് ഇന്നുതന്നെ നിയമപ്രകാരമുള്ള പരിരക്ഷയെല്ലാമുണ്ട്. കൂടുതൽ പരിരക്ഷ ആവശ്യമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് പരിശോധിക്കേണ്ടതാണ്. ഇന്നുതന്നെ പരിരക്ഷ അവർക്ക് നിലവിലുണ്ട്. എവിടെയാണോ അത് ഇല്ലാത്തത് അവിടെ ഇടപെടാനും അതിനെതിരെ നടപടിയെടുക്കാനും കഴിയും.

ശ്രീ. സി.പി.ബാലൻ വൈദ്യർ : വനിതാ വ്യവസായത്തിനു കൊടുക്കുന്ന സഹായത്തെപ്പറ്റിയെല്ലാം ബഹു : മന്ത്രി ഇവിടെ സൂചിപ്പിച്ചു. എത്ര രൂപവരെ ലോൺ കൊടുക്കാൻ ഇന്ന് നടപടികൾ അനുവദിക്കുന്നുണ്ട്; ഇങ്ങനെ കൊടുക്കുന്ന ലോൺ ഉപയോഗിച്ചുണ്ടാക്കുന്ന വ്യാവസായികോൽപന്നങ്ങൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകളും മറ്റ് സഹായങ്ങളും സാങ്കേതിക സഹായങ്ങൾ ഉൾപ്പെടെ, ബന്ധപ്പെട്ടവർക്ക് കൊടുക്കാൻ ഗവൺമെന്റ് പ്രത്യേകം മുൻകൈയെടുക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾ തന്നെ പ്രോജക്ട് റിപ്പോർട്ടുകളൊക്കെ ഉണ്ടാക്കിക്കൊണ്ടുവന്നാൽ അത് പരിശോധിക്കുന്നതിനും തിരുത്തിക്കൊടുക്കുന്നതിനും സംവിധാനങ്ങളുണ്ട്. കൂടുതലായി ഓഫീസുകളുടെ നമ്പർ വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് അവിടെനിന്ന് ആവശ്യമായ രീതിയിൽ സഹായം കൊടുക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾത്തന്നെ സ്ത്രീകൾക്ക് ആവശ്യമായ പ്രോജക്ടുകൾ പരിശോധിക്കുകയും തിരുത്തിക്കൊടുക്കുകയും ചെയ്തുകൊണ്ടാണ് സഹായങ്ങൾ ചെയ്യുന്നത്. പ്രോജക്ട് അനുസരിച്ചാണ് എത്ര തുക കൊടുക്കണമെന്ന് തീരുമാനിക്കുന്നത്. പ്രോജക്ടിന്റെ വലിപ്പം അനുസരിച്ച് അതിനാവശ്യമായ സഹായം നൽകുന്നതാണ്.

## റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗ്

3 (* 93) ശ്രീ. ജി.സുധാകരൻ :
ശ്രീ. പി.രാഘവൻ :
ശ്രീ. പി.സി.ജോർജ്ജ് :
ശ്രീ. എം.വി.ജയരാജൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗ് ഇപ്പോൾ ഏത് ഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളിലും റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗ് നടത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിനാവശ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ടാർ ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(ഡി) റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗ് എപ്പോൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സെമിഡെൻസ് ബിറ്റുമിൻ കോൺക്രീറ്റ് ജോലികളാരംഭിച്ചുവോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ആരംഭിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഈ പദ്ധതിക്ക് എന്തെങ്കിലും സഹായങ്ങൾ നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ ഹൈവേകളും പ്രധാന ജില്ലാ റോഡുകളും കുഴികളടച്ച് വൃത്തിയാക്കുന്ന പണിയുടെ പുരോഗതി വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) :

(എ,ബി,സി & ഡി) റബ്ബറൈസ്ഡ് ബിറ്റുമിൻ ഉൽപ്പാദിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം കൊച്ചി റിഫൈനറിയിൽ ഒരു യൂണിറ്റ് സ്ഥാപിച്ചു. 1998 സെപ്റ്റംബർ മാസം മുതൽ 766 എം.ടി. റബ്ബറൈസ്ഡ് ബിറ്റുമിൻ ഉത്പാദിപ്പിച്ചു. ഇതിൽ 133 എം.റ്റി. പൊതുമരാമത്ത് വകുപ്പിന്റെ എറണാകുളം ഡിവിഷനിൽ ഉപയോഗിച്ചു. ഇപ്പോൾ സ്റ്റോക്കിൽ ലഭ്യമായ 548 എം.റ്റി. കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലേയ്ക്ക് അലോട്ട് ചെയ്തിരിക്കുകയാണ്. റബ്ബറൈസ്ഡ് ബിറ്റുമിൻ നിരന്തരമായി ഉത്പാദിപ്പിച്ച് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് ഡീലർമാരായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനോടും നിർമ്മാതാക്കളായ കൊച്ചി റിഫൈനറിയോടും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ തുടർച്ചയായ ഉത്പാദനം നടന്നുകൊണ്ടിരിക്കുകയാണ്.

(ഇ) സെമിഡെൻസ് ബിറ്റുമിൻ കോൺക്രീറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം സിറ്റി റോഡുകളിൽ തെരഞ്ഞെടുത്ത ഭാഗങ്ങളിൽ പണി നടത്തിവരുന്നു. തിരുവനന്തപുരം നഗരത്തിലെ ചില റോഡു ഭാഗങ്ങളിൽ പണി ചെയ്തു കഴിഞ്ഞിട്ടുണ്ട്. ദേശീയ പാതകളുടെ നിർമ്മാണത്തിൽ സെമിഡെൻസ് ബിറ്റുമിൻ കോൺക്രീറ്റ് ഉപയോഗിച്ചു വരുന്നുണ്ട്. ഉപരിതല ഗതാഗതവകുപ്പിന്റെ ഇംപ്രൂവ്മെന്റ് റ്റു റൈഡിംഗ് ക്വാളിറ്റി പദ്ധതിയിൽ ഇപ്പോൾ സെമിഡെൻസ് ബിറ്റുമിൻ കോൺക്രീറ്റ് ഉപരിതലത്തിൽ ഉപയോഗിക്കുന്നുണ്ട്.

(എഫ്) ഇപ്പോഴില്ല.

(ജി) മിക്കവാറും പി.ഡബ്ല്യു.ഡി. റോഡുകളിലെ കുഴികൾ അടച്ചുകഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന റോഡുകളിലെ കുഴികളും അടയ്ക്കുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്. ദേശീയ പാതകളിൽ ഉപരിതല ഗതാഗത വകുപ്പ് അനുവദിക്കുന്ന സാധാരണ അറ്റകുറ്റപ്പണികൾക്കുള്ള തുക ഉപയോഗിച്ച് കുഴിയടച്ച് ഉപരിതലം ഗതാഗതയോഗ്യമാക്കുന്ന ജോലികൾ ചെയ്തുവരുന്നുണ്ട്.

ശ്രീ. ജി.സുധാകരൻ : ഒരു കിലോമീറ്റർ സാധാരണ റോഡ്, ടാർ ചെയ്യുന്നതിനും റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗ് നടത്തുന്നതിനും വേണ്ടിവരുന്ന ചെലവിലുള്ള വ്യത്യാസം എത്രയാണെന്നും വ്യക്തമാക്കുമോ?

ശ്രീ. പി.ജെ.ജോസഫ് : റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗിന് ഏകദേശം 20 ശതമാനം ചെലവ് വർദ്ധിക്കും. ചെലവ് 20 ശതമാനം വർദ്ധിക്കുമ്പോൾ റോഡിന്റെ ആയുസ്സും ടാറിംഗിന്റെ ആയുസ്സും ഇരട്ടി വർദ്ധിക്കുമെന്നാണ് അനുഭവത്തിൽ നിന്ന് മനസ്സിലാകുന്നത്. റൈഡിംഗിന്റെ ക്വാളിറ്റിയിലും 35 ശതമാനം ഇംപ്രൂവ്മെന്റ് കാണുന്നുണ്ട്.

ശ്രീ. ജി.സുധാകരൻ : ഈ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ റോഡുകൾ നിർമ്മിക്കുകയും പുനർനിർമ്മിക്കുകയും ചെയ്തത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

റെക്കാർഡാണ് എന്നുള്ളത് വസ്തുതയാണെങ്കിലും നിർമ്മിക്കുന്ന റോഡുകൾ പലതും പരമ്പരാഗതമായ രീതി തുടർന്നുകൊണ്ട് വളരെ വേഗംതന്നെ കേടുപാടുകൾ സംഭവിക്കുന്നു. സഞ്ചാരസ്വാതന്ത്ര്യം ഒരു പൗരന്റെ ഏറ്റവും മൗലികമായ സ്വാതന്ത്ര്യമാണ് എന്നുള്ളതുകൊണ്ട് കേടുപാടുകൾ ഉണ്ടാകുന്ന ഉടൻതന്നെ അത് സമഗ്രമായി പരിഹരിക്കുന്നതിന് നല്ല സംവിധാനം ഉണ്ടാക്കി ഖജനാവിന് ലാഭവും റോഡുകൾക്ക് സുരക്ഷിതത്വവും ഡ്യൂറേഷനും ഉണ്ടാക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കുമോ?

<u>ശ്രീ. പി.ജെ.ജോസഫ്</u> : ഞാൻ ഈ വകുപ്പിന്റെ ചാർജ് എടുത്തശേഷം ഏറ്റവും ആദ്യമായി ആലോചിച്ചത് അതുതന്നെയാണ്. സാധാരണ ഇന്നു നടക്കുന്ന ടാറിംഗ് കൊണ്ടോ അറ്റകുറ്റപ്പണികൾ കൊണ്ടോ റോഡ് നികത്താൻ കഴിയുകയില്ല. മൂന്നു നാലു ടൺ ഭാരം കയറ്റുന്ന വാഹനങ്ങൾ ഓടിക്കൊണ്ടിരുന്ന സ്ഥാനത്ത് ഇരുപതും മുപ്പതും ടൺ ഭാരമുള്ള വാഹനങ്ങളാണ് ഓടുന്നത്. ഇത്രയും ഭാരം താങ്ങാനുള്ള കരുത്ത് ഈ റോഡുകൾക്ക് ഇല്ല. കേരളത്തിലെ പ്രധാനപ്പെട്ട റോഡുകൾ എങ്ങനെ മഴക്കാലത്ത് പൊട്ടിപ്പൊളിഞ്ഞു എന്നുള്ളതിനെ സംബന്ധിച്ച് അടിസ്ഥാനപരമായി പഠനം നടത്തി. 9000 കിലോമീറ്ററിനെപ്പറ്റി പഠനം നടത്തിയതിൽ 2800 കിലോമീറ്റർ സ്റ്റേറ്റ് ഹൈവേസും മേജർ ഡിസ്ട്രിക്ട് റോഡുകളും ഇന്നുള്ള നില മാറ്റി റീകൺസ്ട്രക്ട് ചെയ്യണമെന്നു പറഞ്ഞു. നിലവിലുള്ളതിന്റെ നാലടി ഭാഗം മണ്ണ് മാറ്റി നാലടിയിൽ നിന്നുകൊണ്ട് പണിതുവരികയാണ്. കായംകുളത്ത് ഇപ്പോൾ ചെയ്യുന്നുണ്ട്. അങ്ങനെ ചെയ്യണമെങ്കിൽ ഒരു കിലോമീറ്ററിന് മൂന്നു കോടി രൂപ ചെലവാകും. ഏതു പ്രധാനപ്പെട്ട വർക്കും പതിനെട്ട് മാസത്തിൽ കുറച്ച് തീരുകയില്ല. മഴക്കാലത്ത് കുറച്ച് അസൗകര്യങ്ങളുണ്ടാകും. ഏകദേശം 4500 കിലോമീറ്റർ റോഡിലൂടെയാണ് 80 ശതമാനം വാഹനങ്ങളും ഓടുന്നത്. ഇത്രയും റോഡ് നന്നാക്കിയാലേ പ്രശ്നം തീരുകയുള്ളൂ. അതിനുള്ള ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. 1800 കിലോമീറ്റർ റോഡ് നന്നാക്കാൻ ലോകബാങ്കിന് രണ്ടു കൊല്ലം മുമ്പ് സമർപ്പിച്ച പദ്ധതിക്ക് ഒരു മാസം മുമ്പ് അംഗീകാരം കിട്ടി. 2100 കോടി രൂപയുടെ ലോകബാങ്ക് സഹായം ഇൻഡ്യയിലെ രണ്ടു സംസ്ഥാനങ്ങളായ കർണ്ണാടകത്തിനും കേരളത്തിനുമാണ് അനുവദിച്ചു കിട്ടിയത്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് ഇൻഡ്യയിലെ മൂന്നു സംസ്ഥാനങ്ങളെ തെരഞ്ഞെടുത്തതിൽ ഒരു സംസ്ഥാനം കേരളമാണ്. അവർ അനുവദിച്ച നാലായിരംകോടി രൂപയിൽ 1500 കോടി രൂപ റോഡിനുവേണ്ടിയുള്ളതാണ്. മുഖ്യമന്ത്രിയും ഞാനും മലേഷ്യയിൽ പോയി ചർച്ച ചെയ്ത മലേഷ്യയിലെ പി.ഡബ്ല്യു.ഡി. മന്ത്രി ഈ മാസം 27-ാം തീയതി ഇവിടെ ചർച്ചക്ക് വരികയാണ്. ഹൈവേയ്സ് ഏറ്റവും ഭംഗിയായി ചെയ്തിട്ടുള്ള പ്രദേശമാണ് മലേഷ്യ. അവിടെ നോർത്ത് സൗത്ത് എക്സ്പ്രസ്സ് വന്നതോടുകൂടി മലേഷ്യ വികസനം ഇരട്ടി വേഗത്തിലായി എന്നാണ് അവർ അവകാശപ്പെടുന്നത്. മൂന്നുകൊല്ലം മുമ്പുതന്നെ അത്തരത്തിലുള്ള പഠനം നടത്തി റിപ്പോർട്ട് ഉണ്ടാക്കിയിരിക്കുകയാണ്. അതിന്റെ ആദ്യ സെക്ടറിന്റെ ഡീറ്റെയിൽസ് എൻജിനീയറിംഗ് പഠനം ഇച്ചപ്പൊയ്ക-കുന്നമംഗലത്ത് നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലും കാസർകോട് മുതൽ തിരുവനന്തപുരം വരെ 600 കിലോമീറ്റർ നോർത്ത് സൗത്ത് എക്സ്പ്രസ്സ് ഹൈവേ നിർമ്മിച്ചാൽ കേരളത്തിലെ ഗതാഗതക്കുരുക്ക് അവസാനിക്കും. ഇത്തരത്തിൽ ബൃഹത്തായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും 5000 കോടി രൂപയുടെ ഫണ്ട് അടുത്ത 5 കൊല്ലം കൊണ്ട് ഉപയോഗിക്കത്തക്ക വിധത്തിലുള്ള സംവിധാനം ഉണ്ടാക്കിയിരിക്കുന്നു. അങ്ങനെ റോഡ് നന്നാക്കിയാൽ പൊട്ടിപ്പൊളിയുകയില്ല. കർശന

LIBRARY ARCHIVES Kerala Legislative Assembly

മായ രീതി പാലിച്ച് അഴിമതിയില്ലാതെ ഭംഗിയായി ചെയ്യാൻ വലിയ കമ്പനികൾ കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി ടെണ്ടർ വിളിച്ചപ്പോൾ കേരളത്തിലെ പ്രവർത്തനം ഏറ്റെടുക്കാൻ വേണ്ടി ഇൻഡ്യയിലെ 10-12 പ്രമുഖ കമ്പനികൾ രംഗത്ത് വന്നിരിക്കുന്നു.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് പൂർണ്ണമായും നമ്മുടെ സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന എത്ര ശതമാനം റബ്ബർ ഉപയോഗിക്കാൻ കഴിയുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ശ്രീ. പി.ജെ.ജോസഫ് : റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ എന്നാണ് ഇതിന് പേരു കൊടുത്തിരിക്കുന്നത്. റബ്ബറിന്റെ ഉപയോഗം 3 മുതൽ 5 ശതമാനം വരെയേ വരുകയുള്ളൂ. ഇത്തരത്തിൽ വരുമ്പോൾ കേരളത്തിൽ പരമാവധി ഒരുലക്ഷം ടൺ ബിറ്റുമിനാണ് ഒരു വർഷം ആവശ്യമായിട്ടുള്ളത്. കേരളത്തിൽ മാത്രമല്ല, ഇൻഡ്യ മുഴുവൻ റബ്ബറൈസ്ഡ് റോഡ് ഉണ്ടാക്കണമെന്ന് കഴിഞ്ഞ ജൂൺ മാസത്തിൽ കൂടിയ പി.ഡബ്ല്യു.ഡി. മന്ത്രിമാരുടെ യോഗത്തിൽ ഞാൻ ഉന്നയിച്ചു. മറുപടി പ്രസംഗത്തിൽ കേന്ദ്ര പി.ഡബ്ല്യു.ഡി. മന്ത്രി അതിന് നിർദ്ദേശം കൊടുക്കാമെന്നു പറഞ്ഞു. റോഡിന്റെ ലൈഫും ഇരട്ടിക്കും. അങ്ങനെ വരുമ്പോൾ കേരളത്തിലെ റബ്ബറിന്റെ നല്ലൊരു ശതമാനം ഇതിനു വേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും.

ശ്രീ. സി.കെ.രാജേന്ദ്രൻ : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് റോഡ് നിർമ്മിക്കാൻ തയ്യാറായാൽ അവർക്ക് സാങ്കേതിക സഹായങ്ങൾ ഉൾപ്പെടെ എന്തെല്ലാം സഹായങ്ങളാണ് ചെയ്തു കൊടുക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി.ജെ.ജോസഫ് : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ പ്രത്യേക എഞ്ചിനീയറിംഗ് വിംഗുണ്ട്. വളരെ ബുദ്ധിമുട്ടുള്ള ടെക്നോളജിയൊന്നും ഇതിനകത്തില്ല. കോട്ടയം കുമിളി ഭാഗത്ത് 5 കി.മീ. റോഡും കോട്ടയം ടൗണിന്റെ മദ്ധ്യഭാഗത്ത് തിരുനക്കരനിന്ന് ഒരു കിലോമീറ്റർ റോഡും റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗ് നടത്തിയിട്ടുണ്ട്. രണ്ടുവർഷമായി ഒരു പോറൽപോലുമില്ല.

ശ്രീ. പി.സി.ജോർജ്ജ് : ഇതുസംബന്ധിച്ചു പറയുമ്പോൾ എത്രത്തോളം റബ്ബർ ചെലവഴിക്കപ്പെടുമെന്നുകൂടി ചിന്തിച്ചുപോകുകയാണ്. റബ്ബറൈസ്ഡ് ബിറ്റുമിൻ ടാറിംഗിൽ എത്ര ശതമാനം ലാറ്റക്സ് ഉപയോഗിക്കുന്നുണ്ട്, എത്ര ടൺ ലാറ്റക്സ് എടുക്കാനുള്ള സംവിധാനം ചെയ്തിട്ടുണ്ട് എന്ന് പറയാമോ?

ശ്രീ. പി.ജെ.ജോസഫ് : തിളയ്ക്കുന്ന ടാറിലേയ്ക്കു കുറെശ്ശെ റബ്ബർ പാൽ ഒഴിക്കുകയാണ് ആദ്യം ചെയ്തുകൊണ്ടിരുന്നത്. പിന്നീട് കൊച്ചിൻ ഓയിൽ റിഫൈനറി ചെയർമാൻ മി. കുമാറുമായി നടത്തിയ നിരന്തരമായ ചർച്ചയെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് ഇതിനുള്ള മെഷിനറി ഉണ്ടാക്കാനുള്ള അനുവാദം നൽകി. ഒരു വർഷം 15000 ടൺ ഉണ്ടാക്കാനുള്ള മെഷിനറിയാണ് ഇപ്പോൾ റിഫൈനറിയിൽ സ്ഥാപിച്ചിട്ടുള്ളത്. അതിന്റെ കപ്പാസിറ്റി ഇനിയും വർദ്ധിപ്പിക്കാം. കൂടാതെ മറ്റ് റിഫൈനറികളും ഇതിലേയ്ക്കായി രംഗത്തു വരുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു ലക്ഷം ടൺ ടാറിൽ 5000 ടൺ റബ്ബറാണ് ചേർക്കുന്നത്. ഇൻഡ്യയിൽ മൊത്തത്തിൽ നടപ്പാക്കിയാൽ കേരളത്തിലെ റബ്ബറിന്റെ നല്ലൊരു ഭാഗം സെയിലാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ്ജ് : ഇതുമൂലം റോഡിന്റെ ആയുസ്സ് 35% കണ്ട് വർദ്ധിക്കുമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇൻഡ്യയിലെ മുഴുവൻ റോഡുകളും റബ്ബറൈസ് ചെയ്യാനുള്ള ചർച്ചകൾ കേന്ദ്ര ഗവൺമെന്റുമായി നടത്തി അനുകൂലമായ തീരുമാനം എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : കഴിഞ്ഞ ജൂൺ മാസത്തിൽ ഡൽഹിയിൽ ചേർന്ന കോൺഫറൻസിലും ഈ കാര്യം ഉന്നയിച്ചിട്ടുണ്ട്. ശ്രീ. രാജ് ദാസ് സിംഗ് ആയിരുന്നു സർഫസ് ട്രാൻസ്പോർട്ട് മന്ത്രി. അദ്ദേഹം ആ യോഗത്തിൽ പറഞ്ഞത് സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പരീക്ഷണങ്ങളിൽ റോഡിന്റെ ആയുസ്സും റൈഡിംഗ് ക്വാളിറ്റിയും വർദ്ധിക്കുമെന്ന് തെളിഞ്ഞിരിക്കുന്നുവെന്നും അതുകൊണ്ട് നാഷണൽ ഹൈവേകളിലും സംസ്ഥാനങ്ങളിലും റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞിരിക്കുന്നുവെന്നുമാണ്.

ശ്രീ. എം.വി. ജയരാജൻ : റബ്ബറൈസ്ഡ് റോഡ് വ്യാപകമാക്കുന്നത് നല്ലതാണ്. ലോകബാങ്കിന്റെ ധനസഹായത്തോടുകൂടിയുള്ള റോഡ് വിപുലീകരണ പദ്ധതിയിൽ ഇത്തരത്തിൽ റബ്ബറൈസ്ഡ് റോഡ് ആയിട്ടാണോ ഉദ്ദേശിക്കുന്നത്? എങ്കിൽ ഇതിനാവശ്യമായിട്ടു വരുന്ന ബിറ്റുമിൻ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ? അത് ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : നമ്മുടെ നിരന്തരമായ പരിശ്രമംമൂലമാണ് ഇതിനുള്ള മെഷിനറി സ്ഥാപിക്കാൻ കഴിഞ്ഞത്. അത് വിജയകരമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഇനിയത് എക്സ്പാൻഡ് ചെയ്യാം. റബ്ബറൈസ്ഡ് ബിറ്റുമിൻ സംസ്ഥാനത്തെ റോഡുകളിൽ ഉപയോഗിക്കാനാണ് മരാമത്തുവകുപ്പ് ഉദ്ദേശിക്കുന്നത്. ലോകബാങ്കിന്റെ ധനസഹായത്തോടുകൂടിയുള്ള റോഡ് വിപുലീകരണപദ്ധതിയിൽ ഇതുപയോഗിക്കുന്ന കാര്യം ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭിച്ചശേഷമേ പറയാൻ കഴിയൂ. ഇതുപയോഗിക്കുന്നത് ഗുണകരമായിരിക്കുമെന്നുള്ളതുകൊണ്ട് അതിനുവേണ്ടിയുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. പി.ജെ. ജോസഫ് : നമ്മുടേതുപോലെ ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനത്തു പുതിയ റോഡു നിർമ്മാണം ഇനി ദുഷ്കരമാണ്. അതുകൊണ്ട് നിലവിലുള്ള ദേശീയപാതയുടെയോ റെയിൽ പാതയുടെയോ മുകളിൽ റോഡു പണിയാനുള്ള ഗൗരവമായ പഠനങ്ങൾ വല്ലതും നടത്തിയിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : ആദ്യപടിയായി നിലവിലുള്ള റോഡുകൾ മെച്ചപ്പെടുത്തുകതന്നെയാണ് ലക്ഷ്യം. ഇൻഡ്യയിൽ പുതിയ ദേശീയ പാത നിലവിൽ വരികയാണ്. ബോംബെ-ഡൽഹി-കൽക്കട്ട-ചെന്നൈ-ബാംഗ്ളൂർ-ബോംബെ പാത അഞ്ചുവർഷംകൊണ്ട് പണിപൂർത്തീകരിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 50,000 കോടി രൂപയാണ് ഇതിനുവേണ്ടി മുടക്കുന്നത്. ഇതിൽ കേരളത്തെക്കൂടി ഉൾപ്പെടുത്തുന്നതിന് നാം ഒറ്റക്കെട്ടായി ആവശ്യപ്പെടണം. കേരളത്തിന്റെ പടിഞ്ഞാറേതീരത്തു കൂടിപ്പോകുന്ന 600 കി.മീ.വരുന്ന നാഷണൽഹൈവേ നാലുവരിപ്പാതയാക്കണം. ഇപ്പോൾ ആകെ ചെയ്തിരിക്കുന്നത് ആലപ്പുഴ മുതൽ ചേർത്തലവരെയാണ്. ഇതിനുവേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ എം.പി.മാരും കൂടെപ്പോയി നിവേദനം നൽകി. ഒറ്റക്കെട്ടായി ശബ്ദമുയർത്തിയാലേ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കാൻ സാധിക്കൂ. പ്രധാനപ്പെട്ട സ്ഥലത്ത് ബൈപാസ് വേണ്ടി



LIBRARY ARCHIVES Kerala Legislative Assembly

വരും. മറ്റൊരു പ്രൊപ്പോസലാണ് നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേ. അതിനാവശ്യമായ പൊതുജനാഭിപ്രായം സംസ്ഥാനത്ത് വളർത്തിയെടുക്കണം. ഇത് നിലവിൽ വന്നാൽ കാസർകോട്-തിരുവനന്തപുരം 17 മണിക്കൂർ എന്നത് 6 മണിക്കൂറായി ചുരുങ്ങും. മലേഷ്യയിൽ പോയപ്പോൾ മുഖ്യമന്ത്രിക്ക് നേരിട്ട് ബോദ്ധ്യം വന്നതാണ്. നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേയാണ് മലേഷ്യയുടെ വികസനത്തിന് അടിസ്ഥാനമായി നിൽക്കുന്നത്. റോഡ് വികസനത്തിൽ ജനങ്ങളുടെ പുനരധിവാസവും നഷ്ടപരിഹാരം നൽകലും അനിവാര്യമാണ്.

ശ്രീ. രാജു എബ്രഹാം : കേന്ദ്രമന്ത്രി നാഷണൽ ഹൈവേയിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാമെന്ന് ഉറപ്പ് നല്കിയതായി പറഞ്ഞു. കഴിഞ്ഞ ദിവസം അറിയാൻ കഴിഞ്ഞത് വിദേശത്തുനിന്നും ഉപയോഗശൂന്യമായ ടയർ പൊടിച്ച് ബിറ്റുമിൻ ടാറുണ്ടാക്കി ഇൻഡ്യക്കകത്ത് ഇറക്കുമതി ചെയ്യാൻ പോകുന്നുവെന്നാണ്. ഇത് ഗൗരവമായെടുത്ത് ഈ നീക്കം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.ജെ.ജോസഫ് : ഇങ്ങനെ ചില വാർത്തകൾ വന്നിരുന്നു. നമ്മുടെ നാച്വറൽ റബ്ബർതന്നെ ഉപയോഗിക്കണമെന്നും ഇതിൽ ഇറക്കുമതി പാടില്ലെന്നുമുള്ള ശക്തമായ നിലപാട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു).

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൊല്ലം-തേനി നാഷണൽ ഹൈവേ

4 (*94) ശ്രീ.പി.കെ. അബ്ദുറബ്ബ് :
ശ്രീ.ചെർക്കളം അബ്ദുള്ള :
ശ്രീ.സി.ടി.അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കൊല്ലം-തേനി നാഷണൽ ഹൈവേയുടെ റൂട്ട് നിശ്ചയിച്ച് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ ഇതിനായി നിർദ്ദേശിച്ച റൂട്ട് ഏതാണ്;

(ഡി) എം.സി. റോഡിന്റെ കൊട്ടാരക്കര-കോട്ടയം ഭാഗം നിർദ്ദിഷ്ട ഹൈവേയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നോ;

(ഇ) ഈ ആവശ്യം അംഗീകരിച്ചാൽ എം.സി. റോഡ് മൊത്തത്തിൽ നാഷണൽ ഹൈവേ ആക്കണമെന്ന ആവശ്യം അംഗീകരിക്കാൻ തടസ്സം വരുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly

(എ-ഇ) കേന്ദ്ര ഗവൺമെന്റിന്റെ ഒക്ടോബർ 12-ലെ വിജ്ഞാപനം പ്രകാരം ദേശീയപാത 220 എന്ന നമ്പരിൽ കൊല്ലം മുതൽ തേനി ജംഗ്ഷൻ വരെയുള്ള റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ റൂട്ട് നിശ്ചയിക്കപ്പെട്ടിട്ടില്ല. ഈ ഹൈവേയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ പ്രത്യേക റൂട്ടുകളൊന്നും നിർദ്ദേശിച്ചിട്ടില്ല.

### അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ്

5(*95)ശ്രീ.ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ.സി.മോയിൻ കുട്ടി :
ശ്രീ.നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ഇപ്പോൾ നൽകുന്ന പ്രതിമാസ ഗ്രാന്റ് എത്ര രൂപ വീതമാണ്;

(ബി) ഈ സംഖ്യ എന്നു മുതലാണ് പ്രാബല്യത്തിൽ വന്നത്;

(സി) നിലവിലുള്ള പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ഇ) ഗ്രാൻറ് തുക ഏത് കാലയളവുവരെയുള്ളത് വിതരണം ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(എഫ്) ഈ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ജി) കുടിശ്ശിക തുക എന്നത്തേക്ക് കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 100 രൂപ.

(ബി) 24-2-1996 മുതൽ.

(സി,ഡി) ഉണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) 1998-99 വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. (ഒരു ഓർഫനേജ് ഒഴിച്ച്)

(എഫ്) 5,10,00,000/- രൂപ.

(ജി) ധനലഭ്യത അനുസരിച്ച് കുടിശ്ശിക തുക വിതരണം ചെയ്യുന്നതാണ്.

### കുട്ടികളുടെ നേരെയുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ നടപടി

6(*96)ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :
ശ്രീ.ജോൺ ഫെർണാണ്ടസ് :
ശ്രീ.എ.അലി ഹസ്സൻ :
ശ്രീ.എൻ.കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ.കെ.രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളുടെ നേരെയുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ നടപടി എടുക്കാൻ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ബി) കുട്ടികൾക്കുനേരെയുള്ള പീഡനങ്ങളും മറ്റും തടയുന്നതിന് പ്രസ്തുത നിയമങ്ങളും ചട്ടങ്ങളും പര്യാപ്തമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) സംസ്ഥാനത്ത് കുട്ടികൾക്ക് നേരെയുള്ള അക്രമം, ചൂഷണം, എന്നിവ ഫലപ്രദമായി തടയുന്നതിന് പുതിയ നിയമനിർമ്മാണം ആവശ്യമെന്ന് സർക്കാർ കരുതുന്നുണ്ടോ;എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ബാലവേല അവസാനിപ്പിക്കുന്നതിനും കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകളെന്ന് വെളിപ്പെടുത്തുമോ;

(എഫ്) കുട്ടികളുടെ നേരെയുള്ള ചൂഷണവും പീഡനവും അവസാനിപ്പിക്കാൻ ജുവനൈൽ കോടതികൾക്കും വെൽഫെയർ ബോർഡുകൾക്കും അധികാരം നൽകേണ്ടതുണ്ടെന്നും സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 1986-ലെ കേന്ദ്രനിയമമായ ജുവനൈൽ ജസ്റ്റിസ് ആക്ട്, 1951-ലെ തോട്ടം തൊഴിലാളി നിയമം, 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, 1961-ലെ മോട്ടോർ തൊഴിലാളി നിയമം, 1986-ലെ ബാലതൊഴിലാളി നിയമം, 1966-ലെ ബീഡി-സിഗാർ തൊഴിലാളി നിയമം, 1929-ലെ ശിശുവിവാഹനിരോധനനിയമം, 1933-ലെ ചിൽഡ്രൻ (പ്ലെഡ്ജിംഗ് ഓഫ് ലേബർ) ആക്ട്, 1948-ലെ വ്യവസായ നിയമം, 1961-ലെ അപ്രന്റീസ് ആക്ട്, 1956-ലെ ദി വിമൻസ് ആന്റ് ചിൽഡ്രൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ലൈസൻസിംഗ്) ആക്ട്, 1986-ലെ ദി ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ ആക്ട് എന്നിവയും ഇവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സംസ്ഥാനചട്ടങ്ങളുമാണ് സംസ്ഥാനത്ത് കുട്ടികൾക്ക് നേരെയുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ നടപ്പിലാക്കി വരുന്ന നിയമങ്ങളും ചട്ടങ്ങളും.

(ബി,സി) ഇല്ല. കേരളത്തിൽ ബാലതൊഴിൽ പൂർണമായി നിരോധിക്കാനും അതിനാവശ്യമായ നിയമനടപടി സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ പ്രാരംഭ നടപടി എന്നനിലയിൽ 18059/ലെ ജി.സി 22000/ നിയമ നമ്പറായി 21-11-2000-ലെ കേരള ചൈൽഡ് ലേബർ (റിലീസ് റിഹാബിലിറ്റേഷൻ ആന്റ് വെൽഫെയർ) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് നിയമമാക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബാലവേല അവസാനിപ്പിക്കുന്നതിനായി നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടികളുടെ ക്ഷേമത്തിനായി ഓരോ ജില്ലയിലും കളക്ടർ ചെയർമാനായി "ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ" പ്രവർത്തിച്ചു വരുന്നു. കൂടാതെ പുതിയ ഓർഡിനൻസ് പ്രകാരം ഈ രംഗത്തെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഒരു സംസ്ഥാന കൗൺസിലും രൂപീകരിച്ചിട്ടുണ്ട്.

(ഇ) കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നവർക്കെതിരെ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് 1986-ലെ ചൈൽഡ് ലേബർ ആക്ടിലും 93-ലെ ചൈൽഡ് ലേബർ ചട്ടങ്ങളിലും വിശദമായ വ്യവസ്ഥകൾ പ്രതിപാദിച്ചിട്ടുണ്ട്. അപകടകരമല്ലാത്ത തൊഴിൽമേഖലയിൽ മാത്രമേ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കാവൂയെന്നും അവ താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരമായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ യാതൊരു സാഹചര്യത്തിലും നിയമത്തിന്റെ പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കാൻ പാടില്ലാത്തതാകുന്നു.

(1) ഒരുദിവസം നാലര മണിക്കൂറിൽ കൂടുതൽ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കരുത്.

(2) കുട്ടികൾ ജോലിചെയ്യുന്ന സമയത്തെ സംബന്ധിച്ച നോട്ടീസ് ഇംഗ്ലീഷിലും പ്രാദേശിക ഭാഷയിലും ബന്ധപ്പെട്ട തൊഴിലുടമ തൊഴിൽ സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കണം.

(3) രാത്രി ഏഴുമണിക്കു ശേഷവും രാവിലെ 8 മണിക്കു മുമ്പും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കരുത്.

(4) കുട്ടികളെക്കൊണ്ട് ഓവർടൈം ജോലി ചെയ്യിപ്പിക്കരുത്.

(5) ഒരു സ്ഥാപനത്തിൽ ജോലിചെയ്യുന്ന കുട്ടികളെക്കൊണ്ട് അതേ ദിവസം മറ്റൊരു സ്ഥാപനത്തിൽ ജോലി ചെയ്യിപ്പിക്കരുത്.

(6) കുട്ടികൾക്ക് ദിനംപ്രതി രണ്ടുമണിക്കൂറിൽ കുറയാത്ത അനൗപചാരിക വിദ്യാഭ്യാസം നൽകുക. ഈ വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിൽ ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾക്ക് വ്യവസ്ഥയുണ്ട്.

(എഫ്) ജുവനൈൽ ജസ്റ്റിസ് സെക്ഷൻ ആക്ട് 15 അനുസരിച്ച് ജുവനൈൽ വെൽഫെയർ ബോർഡിന്റെയും സെക്ഷൻ 18 അനുസരിച്ച് ജുവനൈൽ കോർട്ടിന്റെയും ഇടപെടൽ ആരംഭിക്കുന്നത് ഒരു കുട്ടിയെ ബന്ധപ്പെട്ട വകുപ്പു പ്രകാരം ബോർഡിന്റെയോ കോടതിയുടെയോ മുമ്പാകെ ഹാജരാക്കുമ്പോൾ മാത്രമാണ്. ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 14 പ്രകാരം പോലീസ് ഓഫീസറോ അധികാരപ്പെടുത്തിയ വ്യക്തിയോ അവഗണിക്കപ്പെട്ട കുട്ടിയെക്കുറിച്ചുള്ള റിപ്പോർട്ട് ബോർഡിൽ സമർപ്പിച്ചാൽ അതിൻമേലും ബോർഡിനു നടപടി സ്വീകരിക്കാവുന്നതാണ്. പ്രസ്തുത വകുപ്പു പ്രകാരം ആതറൈസ്ഡ് പേഴ്സണെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

1986-ലെ ബാലതൊഴിൽ നിയമിച്ചതിൽ തന്നെ നിയമനിഷേധം നടത്തുന്ന തൊഴിലുടമകൾക്കെതിരെ മജിസ്ട്രേറ്റ് കോടതിയിൽ പരാതി നൽകുന്നതിന് ഇൻസ്പെക്ടർമാർക്ക് പുറമേ പോലീസ് ഓഫീസർമാർക്കും ഏതൊരു വ്യക്തിക്കും കഴിയുന്നതാണ്. കുട്ടികൾക്കു നേരെയുള്ള ചൂഷ

ണവും പീഡനവും അവസാനിപ്പിക്കാൻ വേണ്ടി ജുവനൈൽ കോടതികൾക്കോ ജുവനൈൽ വെൽഫെയർ ബോർഡുകൾക്കോ സ്വമേധയാ നടപടി സ്വീകരിക്കാൻ അധികാരം നൽകുന്ന കാര്യം പരിശോധിച്ചതിനു ശേഷമേ പറയാൻ സാധിക്കുകയുള്ളൂ.

## ചെറുകിട വ്യവസായ പാർക്കുകളുടെ നിർമ്മാണം

7(*97)ശ്രീ.സത്യൻ മൊകേരി :
ശ്രീ.കെ.പി.രാജേന്ദ്രൻ :
ശ്രീ.എം.നാരായണൻ :
ശ്രീ.പി.നാരായണൻ :
ശ്രീ.സി.എൻ.ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ചെറുകിട വ്യവസായ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) ചെറുകിട വ്യവസായ പാർക്കുകളുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ചെറുകിട വ്യവസായ പാർക്കിനും ഇതുവരെ സഹായമായി എന്തു തുക നൽകി; ഇതിൽ കേന്ദ്ര സഹായമായി എന്തു തുക ലഭിച്ചു;

(ഡി) ഇനി എത്ര വ്യവസായ പാർക്കുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ ഏതെല്ലാം?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കിൻഫ്രായുടെ ചെറുകിട വ്യവസായ പാർക്കുകളിൽ തിരുവനന്തപുരത്ത് തുമ്പയിലും എറണാകുളത്ത് മഴുവന്നൂരിലും കാസർഗോഡ് ശീതാങ്കോലിയിലും കണ്ണൂർ തലശ്ശേരിയിലും പണിപൂർത്തിയായി. മലപ്പുറത്തുള്ള ചെറുകിട വ്യവസായ പാർക്കിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

(ബി) സംസ്ഥാനത്തുള്ള ചെറുകിട വ്യവസായ സംരംഭകരെ ആകർഷിച്ച് കിൻഫ്രായുടെ വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിന് അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുകയാണ് ലക്ഷ്യം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഇന്റർഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീമിനു കീഴിലുള്ള പദ്ധതിയാണ് കിൻഫ്രാ ഇത് ചെയ്തു വരുന്നത്. ഒരു നിയോജകമണ്ഡലത്തിൽ ഒരു പാർക്ക് എന്ന പദ്ധതി പ്രകാരം അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നതേയുള്ളൂ. ചെറുകിട വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക. അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക, ഉൽപ്പന്നങ്ങൾ സിഡ്കോ വഴി വിറ്റഴിക്കുക, ചെറുകിട വ്യവസായങ്ങളെ പുനരുദ്ധരിക്കുക, ബിൽ ഡിസ്കൗണ്ടിംഗ് പദ്ധതി പ്രകാരം പ്രവർത്തന മൂലധനം ലഭ്യമാക്കുക തുടങ്ങി ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കു വഴിയൊരുക്കുക എന്നീ ലക്ഷ്യങ്ങളാണ് സിഡ്കോയ്ക്ക് ഉള്ളത്.

(സി) കിൻഫ്രായുടെ പാർക്കുകളെ സംബന്ധിച്ച വിവരം

(1) ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സഹായം : 418 ലക്ഷം
കേന്ദ്ര സഹായം : 194 ലക്ഷം

(2) ചെറുകിട വ്യവസായ പാർക്ക്, എറണാകുളം
സംസ്ഥാന സഹായം : 409 ലക്ഷം
കേന്ദ്ര സഹായം : 49.6 ലക്ഷം

(3) ചെറുകിട വ്യവസായ പാർക്ക്, മലപ്പുറം
സംസ്ഥാന സഹായം : 352 ലക്ഷം
കേന്ദ്ര സഹായം : 100 ലക്ഷം

(4) ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി
സംസ്ഥാന സഹായം : 635.5 ലക്ഷം
കേന്ദ്ര സഹായം : 100 ലക്ഷം

(5) ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്
സംസ്ഥാന സഹായം : 342 ലക്ഷം
കേന്ദ്ര സഹായം : -

(6) ചെറുകിട വ്യവസായ പാർക്ക്, വയനാട്
സംസ്ഥാന സഹായം : 283 ലക്ഷം
കേന്ദ്ര സഹായം : -

സിഡ്കോയെ സംബന്ധിച്ച വിവരം

സിഡ്കോയ്ക്ക് 55 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കേന്ദ്ര സഹായം ഇല്ല.

(ഡി) തൃശ്ശൂരിലെ കൊരട്ടിയിലും, പത്തനംതിട്ട ജില്ലയിലെ കുന്നംതാനത്തും ചെറുകിട പാർക്കുകൾ തുടങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

## ബേബി ബാഗ് സംവിധാനം

8(*98)ശ്രീ.എം.പി.വർഗ്ഗീസ് :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ.ടി.കെ.നൗഷാദ് :
ശ്രീ.വർഗ്ഗീസ് വൈദ്യർ :
ശ്രീ.എൻ.ആർ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ ക്ഷേമം മുൻനിറുത്തി എന്തെങ്കിലും പുതിയ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ശിശുക്ഷേമസമിതി ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി ഈയിടെ ബേബി ബാഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ 'പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 'ബേബി ബാഗ്' സംവിധാനം മറ്റ് ജില്ലകളിൽ കൂടി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 15 അംഗീകൃത ഫൗണ്ടലിംഗ് ഹോമുകളും സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ കീഴിൽ തിരുവനന്തപുരത്തും മലപ്പുറത്തും രണ്ട് അഡോപ്ഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നതിനാൽ ഇതിനായി പുതിയ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല.

(സി) സംസ്ഥാന ശിശുക്ഷേമ സമിതി തിരുവനന്തപുരത്തെ അഡോപ്ഷൻ സെന്ററിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികൾക്കായി 'ബേബി ബാഗ് സംവിധാനം' ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനം പ്രവർത്തിച്ചു തുടങ്ങിയാൽ മാത്രമേ ഫലപ്രദമാണോ എന്നറിയുവാൻ കഴിയുകയുള്ളു.

(ഡി) തിരുവനന്തപുരം ജില്ലയിൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള 'ബേബിബാഗ്' സംവിധാനത്തിന്റെ പ്രവർത്തനം വിജയകരമാണെങ്കിൽ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ മലപ്പുറം ജില്ലയിലുള്ള അഡോപ്ഷൻ സെന്ററിൽ കൂടി ഈ സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

## സ്കൂൾ തലത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം

9(*99)ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ.രാജു എബ്രഹാം :
ശ്രീ.പി.ടി.കുഞ്ഞി മുഹമ്മദ് :
ശ്രീ.കടകംപള്ളി സുരേന്ദ്രൻ :
ശ്രീ.ടി.എസ്.ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ തലത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂൾ തലത്തിൽ ഏതു ക്ളാസ് മുതലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഏത് അദ്ധ്യയന വർഷം മുതലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കമ്പ്യൂട്ടർ പഠനം കരിക്കുലത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്ലാസുകളിൽ എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനായി അദ്ധ്യാപകരെ സജ്ജമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഏതൊക്കെ സോഫ്റ്റ്‌വെയർ കമ്പനികളുടെ സഹായത്തോടെ എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ഉണ്ട്. 2002 ജൂൺ മുതൽ എട്ടാം ക്ലാസ് മുതലുള്ള അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ ഒരു പഠനോപകരണമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുവാനായി IT@ സ്കൂൾ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ തലത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ ഉപയോഗിക്കാൻ എട്ടാം ക്ലാസ് മുതൽ പരിശീലിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2002 ജൂൺ മുതൽ.

(ഡി) കരിക്കുലത്തിന്റെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നു. ആദ്യപടിയായി ഹൈസ്കൂളിലും തുടർന്ന് മറ്റു ക്ലാസുകളിലും.

(ഇ) കമ്പ്യൂട്ടറുകൾ ഒരു പഠനോപകരണമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുവാൻ അദ്ധ്യാപകരെ സജ്ജമാക്കുന്നതിന്റെ ആദ്യ പടിയെന്ന നിലയിൽ, നൂറ് അദ്ധ്യാപകർക്ക് മാസ്റ്റർ ട്രെയിനർമാരായി പരിശീലനം നൽകി വരുന്നു. ഇന്റൽ കമ്പ്യൂട്ടർ (Intel) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് മാസ്റ്റർ ട്രെയിനർമാർക്ക് ഇപ്പോൾ പരിശീലന പരിപാടി നടപ്പിലാക്കുന്നത്. അദ്ധ്യാപക പരിശീലനം നൽകുന്നതിന് 34 വിദ്യാഭ്യാസ ജില്ലാതല പരിശീലന കേന്ദ്രങ്ങൾ സജ്ജമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എട്ടാം ക്ലാസിൽ 2002-ൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കുന്നതിന് ആവശ്യമായ മുഴുവൻ ഹൈസ്കൂൾ അദ്ധ്യാപകർക്കും 2001-2002 വർഷത്തിൽ പരിശീലനം നൽകുന്നതാണ്.

(എഫ്) മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനത്തിന് "ഇന്റൽ" എന്ന കമ്പനിയുടെ സൗജന്യ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മൈക്രോസോഫ്റ്റ്, World Space തുടങ്ങിയ മറ്റു കമ്പനികളുടെ സേവനം ലഭ്യമാക്കുന്ന കാര്യത്തെപ്പറ്റി ആലോചനകൾ നടക്കുന്നുണ്ട്.

### കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി

10(*100) ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ.തോമസ് ചാഴിക്കാടൻ :
ശ്രീ.കെ.നാരായണക്കുറുപ്പ് :
ശ്രീ.ടി.എം.ജേക്കബ് :
ശ്രീ.എം.കെ.മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കരാറുകാർക്ക് കുടിശ്ശിക ലഭിക്കാത്തതുമൂലം സംസ്ഥാന വ്യാപകമായി കരാറുകാർ ടെണ്ടറുകൾ ബഹിഷ്കരിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) പൊതുമരാമത്തു വകുപ്പ് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്ര; ഡിവിഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും കോടതി നിർദ്ദേശം നിലവിലുണ്ടോ;

(ഇ) എങ്കിൽ ആയത് നടപ്പിലാക്കുവാൻ എന്തു നടപടി സ്വീകരിച്ചു യെന്ന് വ്യക്തമാക്കുമോ;

(എഫ്) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കരാറുകാർക്ക് എന്തു തുക 2000 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നൽകിയി ട്ടുണ്ട്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ചില കോൺട്രാക്ടർമാർ ടെണ്ടർ നിരസിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിശ്ശിക കുറച്ചുകൊണ്ട് വരുന്നതിനായി സർക്കാർ നടപടി കൾ എടുത്തു വരുന്നു.

(സി) 71024.04 ലക്ഷം രൂപ ഡിവിഷൻ തിരിച്ചുള്ള കണക്ക് അനുബ ന്ധമായി ചേർത്തിരിക്കുന്നു*

(ഡി) 31.12.2000-ന് മുമ്പായി 150 കോടി രൂപ കുടിശ്ശികയിനത്തിൽ കരാറുകാർക്ക് കൊടുത്തു തീർക്കണമെന്ന് 28.10.2000-ൽ ബഹു : ഹൈക്കോ ടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ & എഫ്) 71.53 കോടി രൂപ നവംബർ മാസത്തിലും 10.81 കോടി രൂപ ഡിസംബർ മാസത്തിലും നൽകിയിട്ടുണ്ട്. 67.66 കോടി രൂപ 31.12.2000 -ന് മുമ്പ് കരാറുകാർക്ക് നൽകുന്നതാണ്.

## പ്ലസ് ടു കോഴ്സുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്

11(*101)ശ്രീ.കെ.പി.വിശ്വനാഥൻ :
ശ്രീ.ജി.കാർത്തികേയൻ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലൈ 7-ലെ ഹൈക്കോടതി ഉത്തരവ് ലംഘിച്ചാണ് ഗവൺമെന്റ് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതെന്ന് 24.11.2000-ലെ വിധി തീർപ്പിൽ ഹൈക്കോടതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) 2000 ജൂലൈ 7-ാം തീയതി ഹൈക്കോടതി നടത്തിയ വിധി യിലും പ്ലസ് ടു കോഴ്സ് അനുവദിച്ചത് 2000 മാർച്ച് 30-ന് ഗവൺമെന്റ് പുറ പ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണെന്ന് അഭിപ്രായപ്പെട്ടി ട്ടുണ്ടോ;

(സി) ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 2000 ജൂലൈ 7-ലെ ഉത്ത രവ് പാലിക്കാതിരുന്നത് കോർട്ടലക്ഷ്യമായി പരിഗണിച്ചിട്ടുണ്ടോ;

---

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിച്ചതിനെപ്പറ്റി 24.11.2000-ലെ വിധിയിൽ ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ഇ) ഹൈക്കോടതിയുടെ 24.11.2000-ലെ വിധിയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചത് സംബന്ധിച്ച് എന്ത് ഉത്തരവ് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) അൺഎയിഡഡ് സ്കൂളുകൾക്കും പ്ലസ് ടു അനുവദിക്കുവാൻ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 7.7.2000-ലെ ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതെന്ന് പരാമർശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കോർട്ടലക്ഷ്യമായി പരിഗണിക്കാവുന്നതാണെന്ന് പരാമർശമുണ്ട്.

(ഡി) ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി.കളിൻമേൽ തീരുമാനമെടുക്കുന്നതുവരെ അഡീഷണൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് 13.10.2000-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) 343/2000/പൊ.വി.വ. ഉത്തരവ് നടപ്പിൽ വരുത്തരുതെന്നാണ് ഉത്തരവിലുള്ളത്.

(ഇ) പതിനഞ്ച് സ്കൂളുകൾ ഫയൽ ചെയ്തിരുന്ന ഒ.പി. കളിൻമേലാണ് 24.11.2000-ലെ വിധി പ്രസ്താവിക്കപ്പെട്ടത്.

(എഫ്) ഉണ്ട്. ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പ്ലസ് ടു കോഴ്സുകൾ

12(*102) ശ്രീ.ജോൺ ഫെർണാണ്ടസ് :
ശ്രീ.പിരപ്പൻകോട് മുരളി :
ശ്രീ.കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ.വി.കെ.ചന്ദ്രൻ :
ശ്രീ.ടി.കെ.നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷത്തിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്ലസ് ടു കോഴ്സ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ഗ്രൂപ്പുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്കൂളുകളിൽ പ്ലസ് ടു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; ഇതിൽ സർക്കാർ സ്കൂളുകൾ എത്ര; സ്വകാര്യ സ്കൂളുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ അദ്ധ്യയന വർഷത്തിൽ പുതുതായി എത്ര കുട്ടികൾക്ക് പ്ളസ് ടു കോഴ്സിൽ പ്രവേശനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്ളസ് ടു കോഴ്സ് ആരംഭിച്ചിട്ടുള്ള സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ജി) പ്ളസ് ടു കോഴ്സുകൾ അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യത്തിന് അദ്ധ്യാപകരുമില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഐ) ഈ അദ്ധ്യയന വർഷത്തിൽ ആകെ എത്ര പ്രീഡിഗ്രി സീറ്റുകളാണ് ഉണ്ടായിരുന്നത്;

(ജെ) പ്രസ്തുത അദ്ധ്യയനവർഷത്തിൽ പ്ളസ് ടു കോഴ്സുകളിലേക്ക് ആകെ പ്രവേശനം ലഭിച്ച കുട്ടികളെത്ര; ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചവരുടെ എണ്ണം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി <u>(ശ്രീ.പി.ജെ.ജോസഫ്)</u> :

(എ) ഉണ്ട്. ഈ വർഷം 407 പ്ളസ് ടു സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്.

(ബി) പ്ളസ് ടു കോഴ്സ് അനുവദിച്ചതിനു സ്വീകരിച്ച മാനദണ്ഡങ്ങൾ അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഇതു കൂടാതെ രണ്ടു നിർദ്ദേശങ്ങൾ കൂടി ബഹു : ഹൈക്കോടതി കൂട്ടിച്ചേർത്തിരുന്നു. അത് താഴെ ചേർക്കുന്നു.

(1) ആവശ്യത്തിന് സർക്കാർ/എയിഡഡ് സ്കൂളുകൾ ഇല്ലെങ്കിൽ അൺ എയിഡഡ് സ്കൂളുകളെ കൂടി പരിഗണിക്കണം.

(2) പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത കോളേജുകളുടെ സമീപത്ത് പ്ളസ് ടു അനുവദിക്കുന്നതിൽ മുൻഗണന നൽകണം.

(സി) ഓരോ സ്കൂളിലും വിദഗ്ദ്ധ സമിതികൾ സന്ദർശനം നടത്തി ആവശ്യകത വിലയിരുത്തി ഗവൺമെന്റിന് റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പുകൾ അനുവദിച്ചത്.

(ഡി) 931 സ്കൂളുകളിൽ പ്ളസ് ടു ഉണ്ട്.

സർക്കാർ സ്കൂളുകൾ - 417

സ്വകാര്യ സ്കൂളുകൾ- 506

അൺഎയിഡഡ് സ്കൂളുകൾ - 8

(കലാമണ്ഡലം ഹയർ സെക്കൻഡറി സ്കൂളിനെ ഈ അദ്ധ്യയന വർഷം മുതൽ എയിഡഡ് മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

(ഇ) ആകെ 1,74,380 സീറ്റുകളാണുള്ളത്. ഇതിൽ ഏതാനും സീറ്റുകൾ മാത്രമേ ഒഴിഞ്ഞു കിടപ്പുള്ളൂ. ഭൂരിഭാഗം സീറ്റുകളിലും അഡ്മിഷൻ നടന്നു കഴിഞ്ഞു.

(എഫ്) ഈ വർഷം പ്ളസ് ടു നൽകിയ സ്കൂളുകൾക്ക് അടുത്ത അദ്ധ്യയന വർഷം മുതൽ മാത്രമേ ലബോറട്ടറി സൗകര്യം വേണ്ടതായിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മറ്റുള്ള സ്കൂളുകളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്താനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

(ജി) ഇങ്ങനെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) 74950 സീറ്റുകൾ.

(ജെ) ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളു.

## പാരമ്പര്യ വ്യവസായങ്ങളെ സംരക്ഷിക്കാൻ വിവര സാങ്കേതികവിദ്യ

13 (*103) ശ്രീമതി ജെ.മേഴ്സി കുട്ടി അമ്മ :
ശ്രീ.കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ.ടി.കെ.ബാലൻ :
ശ്രീ.ജി.സുധാകരൻ :
ശ്രീ.ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാരമ്പര്യ വ്യവസായങ്ങളായ കൈത്തറി, കയർ മേഖലകളെ സംരക്ഷിക്കാൻ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മേഖലകളിൽ വിവരസാങ്കേതികവിദ്യ എപ്രകാരം പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാരമ്പര്യ വ്യവസായങ്ങളെ സംരക്ഷിക്കാനായി വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പാരമ്പര്യ വ്യവസായ മേഖലകളിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതൊക്കെ ഏജൻസികളുടെ സഹായമെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. കയർ വികസന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള സാദ്ധ്യതയെക്കുറിച്ച് കെൽട്രോണിനെ കൊണ്ട് പഠനം നടത്തിയിട്ടുണ്ട്.

കയർഫെഡിന്റെ പ്രവർത്തനം സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്. കൈത്തറി മേഖലയിൽ കമ്പ്യൂട്ടർവൽക്കരണം, ഉ.ആർ.ആന്റ് സി.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളുടെ/ഏജൻസികളുടെ സഹായത്താൽ നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) കയർ മേഖല

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടിംഗ്, ഡിസൈൻ, മാർക്കറ്റിംഗ് രംഗങ്ങളിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

കൈത്തറി മേഖല

കമ്പ്യൂട്ടറിന്റെ സഹായത്താൽ നിമിഷങ്ങൾക്കുള്ളിൽ സിംഗിൾ ലൂമിൽ പുതിയ ഡിസൈനുകൾ ഉണ്ടാക്കുവാനും, ഇതുമൂലം അധ്വാനഭാരം ലഘൂകരിക്കുവാനും, ഉൽപാദനം രണ്ടുമൂന്നിരട്ടിയായി ഉയർത്തുവാനും സാധിക്കും. അതുപോലെ തന്നെ ശ്രമകരമായ ഡിസൈനുകൾ വളരെ വേഗത്തിൽ തയ്യാറാക്കി വിദേശ മാർക്കറ്റിംഗ് (കയറ്റുമതി) സ്വാധീനിക്കാനും ഇത് മൊത്തത്തിൽ കൈത്തറി മേഖലയിൽ വിപ്ളവകരമായ മാറ്റത്തിനു വഴികൊടുക്കുന്നതുമാണ്. ടി കമ്പ്യൂട്ടറൈസേഷൻ, കൊച്ചിയിലെ മെസേഴ്സ് ഒ.ഇ.എൻ,. പൂനയിലെ ടെക്മെൻ സിസ്റ്റം, ഇ.ആർ.എൻ.ഡി.സി.ഐ തുടങ്ങിയ ഏജൻസികളുടെ സഹായത്താലാണ് നടത്തുന്നത്.

(സി) ചില മേഖലകളിൽ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

കയർമേഖല സംസ്ഥാനത്തെ കയർ വികസന ഡയറക്ടറേറ്റ്, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമി. എന്നീ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ്, ഡിസൈനിംഗ്, മാർക്കറ്റിംഗ്, അഡ്മിനിസ്ട്രേഷൻ എന്നീ മേഖലകളിൽ ഇത് പ്രാവർത്തികമാക്കി വരുന്നു. കൂടാതെ ബാംബൂ കോർപ്പറേഷനിൽ വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വിപുലീകരിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു.

കരകൗശല മേഖലയിൽ : സംസ്ഥാന കരകൗശല കോർപ്പറേഷനിൽ സ്വന്തം വെബ്സൈറ്റ് ഇന്റർനെറ്റ്, ഇ-മെയിൽ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കൈത്തറി മേഖല : കൈത്തറി മേഖലയിൽ ഹാന്റക്സ് മുഖേന കമ്പ്യൂട്ടറൈസേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. ഇന്റർനെറ്റ്, ഇ-മെയിൽ എന്നീ സൗകര്യങ്ങളോടുകൂടിയ വെബ്സൈറ്റ് ഏർപ്പെടുത്തി കയറ്റുമതിയുടെ പുരോഗതിയെ ലാക്കാക്കി നിമിഷങ്ങൾക്കുള്ളിൽ പുതിയതും ശ്രമകരവുമായ ഡിസൈനുകൾ വരുത്താനും, അദ്ധ്വാനഭാരം ലഘൂകരിക്കാനും മൊത്തത്തിൽ കൈത്തറിമേഖലയിൽ വിപ്ളവകരമായ മാറ്റം വരുത്താനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി,ഇ) ഉണ്ട്. കയർ വികസന ഡയറക്ടറേറ്റിൽ കെൽട്രോണിന്റെയും, കയർഫെഡിൽ ഐ.എച്ച്.ആർ.ഡിയുടെയും സാങ്കേതിക സഹായത്തോടുകൂടി കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ കൊച്ചിയിലെ "ടീം ഫ്രണ്ട് ലൈൻ" എന്ന പ്രൈവറ്റ് ഏജൻസിയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷനിൽ 'തിങ്കൾ മീഡിയ ലാബിന്റെ' സഹായം ലഭ്യമാക്കി. കൈത്തറി മേഖലയിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിനായി കൊച്ചിയിലെ മെസേഴ്സ് ഒ.ഇ.എൻ. പൂനയിലെ ടെക്മെൻ സിസ്റ്റം, ഇ.ആർ.എൻ.ഡി.സി.ഐ തുടങ്ങിയ ഏജൻസികളുടെ സഹായം ലഭ്യമാക്കി ഹാൻടെക്സ് വഴിയാണ് നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ

14 (*104) ശ്രീ.കെ.ബാബു :
ശ്രീ.ജി.കാർത്തികേയൻ :
ശ്രീ.എ.കെ.മണി :
ശ്രീ.കെ.പി.വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച് ഹൈക്കോടതി എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിരുന്നു;

(ബി) 2000-ാം ആണ്ടിലെ എൻട്രൻസ് പരീക്ഷയുടെ നടത്തിപ്പിലും റിസൾട്ട് പ്രഖ്യാപിക്കുന്നതിലും ഇത് പാലിച്ചിരുന്നുവോ;

(സി) ഈ വർഷം നടത്തിയ എൻട്രൻസ് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് റദ്ദാക്കേണ്ടതായി വന്നുവോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) ആദ്യം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും ഹൈക്കോടതി നിർദ്ദേശ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും തമ്മിൽ ഉണ്ടായ വ്യത്യാസങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) രണ്ടാമത് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം ആദ്യത്തെ റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന എത്ര പേർക്ക് അഡ്മിഷൻ കിട്ടാതെ വന്നിട്ടുണ്ട്;

(എഫ്) ഇവർക്ക് അഡ്മിഷൻ നൽകുവാൻ ഉദ്ദേശമുണ്ടോ; എൻട്രൻസ് പരീക്ഷാ നടപടി കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 20.9.99-ന് സർക്കാർ നിയമിച്ച വിദഗ്ധസമിതി നൽകിയ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (എം.എസ്) നം.153/99/ ഉവിവ തീയതി 22.11.99 നോട് യോജിപ്പു പ്രകടിപ്പിച്ചു കൊണ്ട് വിദ്യാഭ്യാസപരമായി ഔന്നത്യം നിലനിർത്തുന്ന നടപടിക്രമങ്ങളെ അടിസ്ഥാനമാക്കി സുതാര്യത നിലനിർത്തി എൻട്രൻസ് പരീക്ഷകൾ നടത്തുന്നതിനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) പാലിച്ചിരുന്നു.

(സി) റദ്ദാക്കേണ്ടി വന്നു. വിദഗ്ധ സമിതിയുടെ നിർദ്ദേശാനുസരണം ഉത്തരസൂചികയിൽ അത്യാവശ്യമായ ഭേദഗതികൾ വരുത്തുകയും തെറ്റായി കണ്ട ചോദ്യങ്ങൾ ഒഴിവാക്കുകയും ചെയ്തുകൊണ്ട് ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്നാൽ ഈ നടപടിയും ചോദ്യം ചെയ്തുകൊണ്ടുള്ള ഏതാനും ഹർജികൾ ഹൈക്കോടതിയിൽ വരുകയും അതിൻമേൽ ബഹു : ഹൈക്കോടതി നിർദ്ദേശം അനുസരിച്ച് 2000-ാം ആണ്ടിലെ റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുകയാണുണ്ടായത്.

(ഡി) ആദ്യം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും ഹൈക്കോടതി നിർദ്ദേശ പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എഞ്ചിനീയറിംഗ് ലിസ്റ്റിൽ നിലവിൽ ഉണ്ടായിരുന്ന റാങ്കിനേക്കാൾ 19167 പേർ താഴോട്ടും 9561 പേർ മുമ്പോട്ടും വന്നിട്ടുണ്ട്. 110 പേർ മുമ്പ് ലഭിച്ച അതേ റാങ്ക് നിലനിർത്തി. എന്നാൽ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ നിലവിലുണ്ടായിരുന്ന റാങ്കിനേക്കാൾ 11053 പേർക്ക് മുമ്പോട്ടും 12722 പേർക്ക് താഴോട്ടും റാങ്ക് ലഭിച്ചു. ആദ്യ റാങ്ക് തന്നെ നിലനിർത്തിയവർ 92 പേർ ആണ്. ലിസ്റ്റിൽ റാങ്കിൽ ഉൾപ്പെട്ടിരുന്ന ഉയർന്ന റാങ്കുകാരുടെ റാങ്കിൽ വലിയ വ്യത്യാസം വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആദ്യ റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് അർഹരായ ഒരാളൊഴികെ മറ്റെല്ലാവരും പുനഃക്രമീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ്. കോഴ്സിനു തന്നെ പ്രവേശനം ലഭിച്ചിട്ടുണ്ട്.

(എഫ്) പുന : ക്രമീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റ് പ്രകാരം മാത്രമേ അഡ്മിഷൻ നടക്കാനാകൂ. പരീക്ഷാ നടപടി കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

### ഓപ്പൺ യൂണിവേഴ്സിറ്റി

15 (*105) ശ്രീ.കടകംപള്ളി സുരേന്ദ്രൻ :
ശ്രീ.പി.സി.ജോർജ് :
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.എം.ദാസൻ :
ശ്രീ.ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിർദ്ദിഷ്ട ഓപ്പൺ യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും യൂണിവേഴ്സിറ്റിയുടെ സെന്ററുകൾ എവിടെയൊക്കെ സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഏതൊക്കെ കോഴ്സുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; പരമ്പരാഗത കോഴ്സുകൾ നിർബന്ധമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്കു കീഴിൽ പ്രവർത്തിച്ചു വരുന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വകുപ്പുകളെ ഓപ്പൺ യൂണിവേഴ്സിറ്റിക്കു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ ഏതൊക്കെ വകുപ്പുകളെന്ന് വ്യക്തമാക്കാമോ;

(ഇ) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭരണച്ചുമതല എപ്രകാരം നിർവഹിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നിയമനിർമ്മാണം ആവശ്യമാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ-എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം

16 (*106) ശ്രീ.കെ.ടി.കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പ്രത്യേകമായി പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ,ബി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ ഇപ്പോൾതന്നെ അവലോകനം ചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം കുറയ്ക്കാനും, അവയെ ലാഭത്തിലാക്കാനുമുള്ള പദ്ധതികളും പരിഗണിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെമിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽസ്, ട്രഡീഷണൽ, ആഗ്രോ ആന്റ് വുഡ് ബേസ്ഡ് സെക്ടറുകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും അതിൻമേൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകനം നടത്തുമ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിൽ ആക്കുവാൻ തന്നെയാണ് മുൻഗണന നൽകുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാത്ത പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തയുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭ സാദ്ധ്യമായുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനു വേണ്ടി 240 കോടി രൂപ അടിസ്ഥാനമാക്കി കേരള വ്യവസായ പുനഃരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

(സി, ഡി) വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള കാരണങ്ങൾ പലതായതിനാൽ മൊത്തത്തിലുള്ള ഒരു പരിശോധന നടത്തിയിട്ടില്ല. ഒരു സ്ഥാപനത്തിന്റെയോ വ്യവസായത്തിന്റെയോ കാര്യം പരിശോധിക്കുമ്പോൾ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും പരിശോധിക്കാറുണ്ട്.

(ഇ) പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള എല്ലാ വ്യവസായ സ്ഥാപനങ്ങളുടെയും മൊത്തത്തിലുള്ള പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. അടുത്തകാലത്ത് പൊതുമേഖലയിലുള്ള "ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്'' എന്ന സ്ഥാപനം 14.11.2000 മുതൽ 2.12.2000 വരെ അടച്ചിട്ടിരുന്നു. ഫാക്ടറിയിൽ നിന്നുള്ള മലിനജലം കടലിലേക്ക് ഒഴുക്കിവിടുന്ന ഓട തദ്ദേശവാസികൾ അടച്ചതുമൂലമായിരുന്നു റ്റി.ടി.പി താത്കാലികമായി പൂട്ടേണ്ടിവന്നത്. ഇതുമൂലം സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്ക് നികുതി/ സർവ്വീസ് ചാർജിനത്തിൽ 5 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

1185/2010.

LIBRARY ARCHIVES Kerala Legislative Assembly

## വസ്ത്ര നിർമ്മാണം ചെറുകിട വ്യവസായ മേഖലയ്ക്ക് സംവരണം ചെയ്തുകൊണ്ടുള്ള തീരുമാനം

17 (*107) ശ്രീ.പി.വിശ്വൻ :
ശ്രീ.പി.രാഘവൻ :
ശ്രീ.വെങ്ങാനൂർ പി.ഭാസ്കരൻ :
ശ്രീ.എം.എ.തോമസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വസ്ത്ര നിർമ്മാണം ചെറുകിട വ്യവസായ മേഖലയ്ക്ക് സംവരണം ചെയ്തുകൊണ്ടുള്ള മുൻ തീരുമാനം കേന്ദ്ര സർക്കാർ റദ്ദാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി സംസ്ഥാനത്തെ ചെറുകിട വസ്ത്ര നിർമ്മാണ മേഖലയെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാരിന്റെ വസ്ത്ര നിർമ്മാണ മേഖലയിലെ പുതിയ നയം സംസ്ഥാനത്തെ ടെക്സ്റ്റയിൽ മില്ലുകളെയും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ മേഖലയെയും എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വസ്ത്ര നിർമ്മാണ മേഖലയിലെ പുതിയ നയം പ്രസ്തുത രംഗത്ത് കടുത്ത മൽസരത്തിന് വഴിയൊരുക്കുമെന്നും സംസ്ഥാനത്തുള്ള ചെറുകിട,കുടിൽ വ്യവസായ യൂണിറ്റുകളെ പ്രതികൂലമായി ബാധിക്കുമെന്നും സർക്കാർ കരുതുന്നുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പ്രതികൂല സാഹചര്യങ്ങൾ തരണം ചെയ്യാൻ സർക്കാർ എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ-സി) ഉണ്ട്. നൂറു ശതമാനം വിദേശ പങ്കാളിത്തത്തോടെ വിദേശ കമ്പനികളെ ഈ മേഖലയിൽ പ്രവർത്തിക്കുവാൻ പുതിയ ടെക്സ്റ്റയിൽ നയത്തിലൂടെ അനുവദിച്ച കേന്ദ്ര ഗവൺമെൻറ് നമ്മുടെ സംസ്ഥാനത്തിലെ നിലവിലുള്ള വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് തികച്ചും അനാരോഗ്യകരമായ സ്ഥിതിവിശേഷം സംജാതമാക്കിയിരിക്കുകയാണ്. അതിനാൽ നിലവിലുള്ള ചെറുകിട വസ്ത്ര നിർമ്മാണ യൂണിറ്റുകൾക്ക് ശക്തമായ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. കമ്പനികൾ 100 ശതമാനം മുതൽമുടക്കോടെയും കയറ്റുമതി ബാദ്ധ്യതയില്ലാതെയും പുതിയതായി വരുന്ന വൻകിട വസ്ത്ര നിർമ്മാണ കമ്പനികൾ വിലക്കിഴിവുകളും മറ്റ് ആനുകൂല്യങ്ങളും നൽകി ഇപ്പോഴുള്ള ചെറുകിട യൂണിറ്റുകളുടെ വിപണി കീഴടക്കി. അത് അവയുടെ അടച്ചുപൂട്ടലിന് വഴി തെളിക്കും. വസ്ത്ര നിർമ്മാണ മേഖലയെ മേൽപ്പറഞ്ഞ വിധത്തിൽ ബാധിക്കുന്നു. തുണിമില്ലുകൾക്കും വൻകിട മില്ലുകളുടെ മൽസരം കാരണം പിടിച്ചു നിൽക്കാൻ സാധിക്കാതെ നഷ്ടത്തിലാക്കുവാൻ ഈ നയം കാരണമാകും.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ ടെക്സ്റ്റയിൽ നയം തിരുത്തുകയല്ലാതെ സംസ്ഥാന ഗവൺമെന്റിന് മാത്രമായി ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. ഇപ്രകാരം കേന്ദ്രം നയംതിരുത്തണമെന്ന് ഗവൺമെന്റിനോട് ഇതിനോടകം ആവശ്യപ്പെട്ടു കഴിഞ്ഞു. ടെക്സ്റ്റയിൽ രംഗത്തുള്ള കേരള സർക്കാർ ഉടമയിലുള്ളതും, സഹകരണ മേഖലയിലുള്ളതുമായ മില്ലുകൾക്ക് ആധുനികവൽക്കരണം നടപ്പിലാക്കി വരുന്നുണ്ട്. ഇതുവഴി ഒരു പരിധിവരെ മൽസരത്തിൽ പിടിച്ചു നിൽക്കാൻ അവർക്കു സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ

18 (*108) ശ്രീ.എം.മുരളി :
പ്രൊഫ.സാവിത്രി ലക്ഷ്മണൻ :
ശ്രീ.കെ.മുഹമ്മദാലി :
ശ്രീ.അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ നടത്തിയ തീയതിയും ഫലം പ്രഖ്യാപിച്ച തീയതിയും വെളിപ്പെടുത്താമോ;

(ബി) കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചതെന്നായിരുന്നു;

(സി) പ്രോസ്പെക്ടസിൽ പറഞ്ഞിരുന്നതുപോലെ എൻട്രൻസ് വിജയികൾക്ക് കൗൺസിലിംഗ് നടത്തിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ജില്ലാ നോഡൽ സെന്ററുകളെ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിച്ച് അപ്പപ്പോൾ ഒഴിവുള്ള സീറ്റുകളുടെ വിവരം എൻട്രൻസ് വിജയികളെ അറിയിക്കുമെന്ന എൻട്രൻസ് കമ്മീഷണറുടെ പ്രഖ്യാപനം നടപ്പാക്കിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ വർഷം എൻട്രൻസിൽ വിജയികളായ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിക്കേണ്ട എത്ര വിദ്യാർത്ഥികൾക്ക് 30.11.2000 വരെ അഡ്മിഷൻ നൽകുകയുണ്ടായി;

(എഫ്) 1.12.2000-ൽ എത്ര മെഡിക്കൽ സീറ്റുകളിൽ ഒഴിവുണ്ടായിരുന്നു; ഈ സീറ്റുകളിൽ അഡ്മിഷൻ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) പരീക്ഷ നടന്ന തീയതി എഞ്ചിനീയറിംഗ് : 24,25 മെയ് 2000 മെഡിക്കൽ : 29, 30 മെയ് 2000. ഫലം പ്രഖ്യാപിച്ച തീയതി ആദ്യ ലിസ്റ്റ് 22 ജൂലൈ 2000. പുനഃക്രമീകരിച്ച റാങ്ക് ലിസ്റ്റ് 14 ഒക്ടോബർ 2000.

(ബി) (1) എം.ബി.ബി.എസ്-20 ഒക്ടോബർ 2000

(2) മറ്റു കോഴ്സുകളിലേക്കുള്ള പ്രിലിമിനറി അലോട്ട്മെന്റ്-2 നവംബർ 2000

(3) എല്ലാ കോഴ്സുകളിലേക്കുമുള്ള റീ-അലോട്ട്മെന്റ്-13 നവംബർ 2000

LIBRARY ARCHIVES Kerala Legislative Assembly

(സി) കൗൺസിലിംഗ് നടത്തിയില്ല. ഗവൺമെന്റ് ഉത്തരവ് പ്രകാരം ഓപ്ഷൻ സമ്പ്രദായം ആണ് സ്വീകരിച്ചത്.

(ഡി) ഓപ്ഷൻ സമ്പ്രദായം വഴി അഡ്മിഷൻ നടത്തുന്ന രീതിയായതിനാൽ നോഡൽ സെന്ററുകളിൽ കമ്പ്യൂട്ടർ വഴി ഒഴിവ് അപ്പപ്പോൾ അറിയിക്കുക സാധ്യമല്ല.

(ഇ) 11.11.2000-ലെ റീ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ്. കോഴ്സിലേക്ക് അന്നുവരെ ഒഴിവുണ്ടായ സീറ്റിലേക്കും പുതുതായി അനുവദിക്കപ്പെട്ട സീറ്റിലേക്കും അലോട്ട്മെന്റ് നടത്തിയിരുന്നു. എന്നാൽ 10.11.2000-ലെ കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത സീറ്റിലേയ്ക്ക് പ്രവേശനം നടന്നില്ല.

(എഫ്) 1.12.2000-ൽ എം.ബി.ബി.എസ്. പേയ്മെന്റ് സീറ്റ് ഒഴികെ സീറ്റ് ഒഴിവുണ്ടായിരുന്നില്ല.

## പാർപ്പിട പ്രശ്നം പരിഹരിക്കാൻ നടപടി

19 (*109) ശ്രീ.എൻ.കണ്ണൻ :
ശ്രീ.എൻ.ആർ.ബാലൻ :
ശ്രീ.സി.പി.ബാലൻ വൈദ്യർ :
ശ്രീ.വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പൂർത്തിയാക്കിയ പദ്ധതിപ്രകാരം സംസ്ഥാനത്തെ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര വീടുകൾ വീതം വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നു വ്യക്തമാക്കുമോ;

(എഫ്) എല്ലാവർക്കും വീട് എന്ന പ്രഖ്യാപനം നടപ്പിലാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം? വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 1996-97 മുതൽ വർഷംതോറും 1 ലക്ഷം വീടുകൾ വീതവും, 1999-2000 മുതൽ 2 വർഷം കൊണ്ട് 5 ലക്ഷം വീടുകളും നിർമ്മിച്ച് 2002-ഓടെ എല്ലാവർക്കും വീട് ഉറപ്പാക്കുക എന്നാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരുന്നത്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ദുർബല വിഭാഗക്കാർക്കായുള്ള മൈത്രീ ഭവന പദ്ധതിയും മറ്റു വരുമാന വിഭാഗക്കാർക്കുള്ള ചില പദ്ധതികളുമാണ് ഹൗസിംഗ് ബോർഡ് നടപ്പാക്കുന്നത്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

**പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപെടുത്തിയതിനെ തുടർന്ന് അധികമായി വന്ന അദ്ധ്യാപകർ**

20(*110) ശ്രീ.കെ.എ.ചന്ദ്രൻ:
ശ്രീ.ബി.വിജയകുമാർ :
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.പി.ജെ.ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും വേർപെടുത്തിയതിനെ തുടർന്ന് കോളേജുകളിൽ അധികമായി വന്ന അദ്ധ്യാപകരെ സ്കൂളുകളിലെ ഹയർ സെക്കന്ററി വിഭാഗത്തിലേക്ക് മാറ്റാൻ ഉത്തരവ് ആയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ഈ ഉത്തരവിന്റെ ഫലമായി ഗവൺമെന്റ് കോളേജുകളിൽ നിന്നും പ്രൈവറ്റ് കോളേജുകളിൽ നിന്നും എത്ര അദ്ധ്യാപകരെ വീതം ഹയർ സെക്കന്ററിയിലേക്ക് മാറ്റേണ്ടതായി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇവരിൽ എത്ര വർഷം വരെ സർവീസ് ദൈർഘ്യമുള്ളവർ പെടുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും മാറ്റിയതിന്റെ ഫലമായി എതെങ്കിലും അദ്ധ്യാപകരെ കോളേജിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ;

(എഫ്) ഇവരിൽ എത്ര വർഷംവരെ സർവ്വീസുള്ളവർപെടുമെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ഉണ്ട്.

(ബി) മാനദണ്ഡം വ്യക്തമാക്കുന്ന ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പ്രതി ഇതോടൊപ്പം വയ്ക്കുന്നു.*

(സി) സർക്കാർ കോളേജുകളിൽ നിന്നും ഏകദേശം 176-ഉം പ്രൈവറ്റ് കോളേജുകളിൽ നിന്നും ഏകദേശം 1879-ഉം അദ്ധ്യാപകർ അധികമാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതുകൂടാതെ 1996-നു ശേഷം പ്രീഡിഗ്രിക്കു വേണ്ടി മാത്രമായി നിയമിതരായ 250-ഓളം ജൂനിയർ ലക്ചർമാർ സ്വകാര്യ കോളേജുകളിൽ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ-എഫ്) 5-10-2000ലെ ജി.ഒ(എം.എസ്)നം/145/2000/ഉവിവ. ഉത്തരവിൽ 24-4-97-നു ശേഷം നിയമിതരാവുകയും ഇപ്പോഴും അധിക തസ്തിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

യിലായി തുടരുകയും ചെയ്യുന്നവരെ പിരിച്ചുവിടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ വിവരം ശേഖരിച്ചു വരുന്നു.

### കുടുംബ സേവികാ പരിശീലന പരിപാടി

21 (*111) ശ്രീ.യു.എസ്.ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ.എൻ.അനിരുദ്ധൻ :
ശ്രീ.കെ.പ്രകാശ് ബാബു :
ശ്രീ.പി.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടുംബസേവികാ പരിശീലനപരിപാടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്; എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. വനിതാ കമ്മീഷന്റെ കീഴിൽ 1997 മേയ് 2 മുതൽ കുടുംബസേവികാ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്.

(ബി) വനിതാ കമ്മീഷൻ മുഖേന 294 പേർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലന പരിപാടിയിൽ കുട്ടികളെയും വൃദ്ധരെയും സംരക്ഷിക്കാൻ വ്യക്തിശുചിത്വം, വിവിധ പാചകരീതികൾ, പോഷകാഹാരത്തിന്റെ ആവശ്യകത, പോഷകഗുണം നഷ്ടപ്പെടാതെയുള്ള പാചകരീതികൾ, ആധുനിക ഗൃഹോപകരണങ്ങളുടെ ഉപയോഗ രീതികൾ, നല്ല പെരുമാറ്റ രീതികൾ, തുന്നൽ, എംബ്രോയിഡറി, പ്രഥമ ശുശ്രൂഷ, പരിസര ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ തിയറി ക്ളാസുകളും പ്രായോഗിക ക്ളാസുകളും നൽകിയിരുന്നു.

(സി) പരിശീലനം കഴിയുന്ന മുറയ്ക്കുതന്നെ എല്ലാവർക്കും കുടുംബസേവികകളായി ജോലി ലഭിക്കുന്നുണ്ടെന്നാണ് അറിയുന്നത്.

### വിദ്യാർത്ഥി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

22(*112) ശ്രീ.സി.എൻ.ജയദേവൻ :
ശ്രീ.കെ.പ്രകാശ് ബാബു :
ശ്രീമതി ആർ.ലതാദേവി :
ശ്രീ.ജോസ് ബേബി :
ശ്രീ.പി.എസ്.സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വിദ്യാർത്ഥി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിദ്യാർത്ഥി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) അപകട ഇൻഷ്വറൻസ് പദ്ധതിയുടെ എന്തെല്ലാം ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും നിയമവും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 26.7.1989-ലെ ജി.ഒ.(പി) നം.127/89/പൊ.വി.വ. ഉത്തരവിൻ പ്രകാരം 1989-90 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ ഗവൺമെന്റ് / എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി "വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി" ഏറ്റെടുത്തു നടപ്പാക്കി വരുന്നു. 14.8.98 മുതൽ ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയിഡഡ് വിദ്യാലയങ്ങളിലേയും ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളെയും ഉൾപ്പെടുത്തുകയുണ്ടായി. തുടർന്ന് 2000-2001 അദ്ധ്യയന വർഷം മുതൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി.

(ബി) വിവിധ അപകടങ്ങളിൽപെട്ടു പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് സാമ്പത്തികസഹായം നൽകുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്കൂൾ കുട്ടികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള "വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി" പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കി വരുന്നു.

| | | | |
|---|---|---|---|
| 1. | അപകടം മൂലം മരണം സംഭവിച്ചാൽ | - | രൂപ 10,000 |
| 2. | അപകടം മൂലം രണ്ടു കണ്ണുകൾ നഷ്ടപ്പെടുകയോ ഒരു അവയവവും ഒരു കണ്ണും നഷ്ടപ്പെടുകയോ ചെയ്താൽ | - | രൂപ 10,000 |
| 3. | അപകടം മൂലം ഒരു അവയവമോ ഒരു കണ്ണോ നഷ്ടപ്പെട്ടാൽ | - | രൂപ 5,000 |
| 4. | മേലുദ്ധരിച്ചവ കൂടാതെ അപകടംമൂലം സ്ഥായിയായി സമ്പൂർണ്ണ വൈകല്യം സംഭവിച്ചാൽ | - | രൂപ 10,000 |

5. അപകടംമൂലം സ്ഥായിയായ സമ്പൂർണ്ണ വൈകല്യം അവയവങ്ങൾക്കു സംഭവിച്ചാൽ വൈകല്യത്തിന്റെ തോതനുസരിച്ച് പരമാവധി ആനുകൂല്യമായ പതിനായിരം രൂപയുടെ ശതമാനമനുസരിച്ച് ആനുകൂല്യം കണക്കാക്കുന്നതാണ്.

6. മുകളിലുദ്ധരിച്ച ആനുകൂല്യങ്ങൾക്കു പുറമെ അപകടംമൂലം പരിക്കുപറ്റി ആശുപത്രിയിലോ നഴ്സിംഗ് ഹോമിലോ ഇൻപേഷ്യന്റ് ചികിൽസയിൽ കഴിയുന്ന ഒരു വിദ്യാർത്ഥിക്ക് വർഷത്തിൽ ഒരു അപകട

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് എന്ന നിരക്കിൽ പരമാവധി അഞ്ഞൂറു രൂപ വരെ ചികിൽസാ ചെലവ് മടക്കി നൽകുന്നതാണ്.

### ചെറുകിടവ്യവസായങ്ങൾ ആരംഭിക്കാൻ സഹായം

23 (*113)ശ്രീ.പി.പി.സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ടി.വി.ചിത്ര നിർമ്മാണത്തിനെ ചെറുകിട വ്യവസായമായി അംഗീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ബി) ഫിലിം ഇൻഡസ്ട്രി (മോഷൻ പിക്ചർ ഉൽപാദനം) വ്യവസായമായി അംഗീകരിച്ചിട്ടില്ല. എന്നാൽ കുടുംബാസൂത്രണം, സാമൂഹ്യവനവൽക്കരണം, ഊർജ്ജ സംരക്ഷണം, കമേഴ്സ്യൽ പരസ്യങ്ങൾ എന്നിവയെ ആസ്പദമാക്കിയിട്ടുള്ള ഡോക്യുമെന്ററി ഫിലിംസിനെ എസ്.എസ്.എസ്. ബി.ഇ. കാറ്റഗറിയിൽപ്പെടുത്തി വ്യവസായമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ

24 (*114)ശ്രീ. എം. ദാസൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും ഉള്ള ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ടെക്സ്റ്റയിൽ മില്ലുകളിലാണ് നവീകരണം നടത്തുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിലേക്ക് തിരിയാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിന് എന്തു തുക ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിനാവശ്യമായ ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരം ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്താമോ;

(എഫ്) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മേഖലയിൽ തൊഴിലെടുക്കുന്നവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മേഖലയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി കേന്ദ്രസർക്കാർ എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എച്ച്) ടെക്സ്റ്റയിൽ മിൽ നവീകരണ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ :

(എ,ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സഹകരണ മേഖലയിലെയും, പൊതുമേഖലയിലെയും പത്തു മില്ലുകളുടെ നവീകരണമാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരമുള്ള നവീകരണ പദ്ധതികൾ സഹകരണ മേഖലയിലെ തൃശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിലും, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിലും, കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡിലും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള നാലു മില്ലുകളുടെയും നവീകരണ പദ്ധതികൾ ഉടനെ ആരംഭിക്കുന്നതാണ്. കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ നവീകരണ പദ്ധതികൾക്ക് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ നിന്നും 300 ലക്ഷം രൂപ അനുവദിച്ചു.

(സി) മാറിവരുന്ന വ്യാവസായിക അന്തരീക്ഷത്തിൽ തുണിവ്യവസായം അഭിമുഖീകരിക്കുന്ന നിശിതമായ കിടമത്സരത്തെ അതിജീവിച്ച് ലാഭകരമായ പ്രവർത്തനം ഉറപ്പാക്കണമെങ്കിൽ ഉല്പന്നങ്ങളുടെ ഗുണമേന്മയും ഉല്പാദന ചെലവുകളും ഈ വ്യവസായത്തിലെ മുൻനിരക്കാരോടൊപ്പം ആക്കിയാൽ മാത്രമേ സാദ്ധ്യമാവുകയുള്ളൂ. അതിനായിട്ടാണ് പൊതുമേഖലയിലെയും, സഹകരണ മേഖലയിലെയും സ്പിന്നിംഗ് മില്ലുകളിൽ യന്ത്രസാമഗ്രികളുടെ നവീകരണത്തിനു വേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. ഏകദേശം 100 കോടി രൂപ (നൂറു കോടി രൂപ) വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(ഇ) ടെക്സ്റ്റയിൽ സെക്ടർ പി.എസ്.യു. ന്റെ പുന:രുദ്ധാരണത്തിനാവശ്യമായ ധനം കെ.ഐ. ആർ.എഫ്-ൽ നിന്നും കണ്ടെത്താനാകുമെന്ന് കണക്കാക്കുന്നു.

(എഫ്) ഏകദേശം 5500-ഓളം ജീവനക്കാർ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. സംസ്ഥാനത്തെ ടെക്സ്റ്റയിൽ മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും കണക്കാക്കിയാൽ ഇരുപതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായി കണക്കാക്കപ്പെടുന്നു

1185/2010.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ല.

(എച്ച്) നവീകരണ പദ്ധതികൾ ആറുമാസക്കാലത്തിനകം പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പുനഃരുദ്ധാരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഉറപ്പ് കമ്പനി അധികൃതയിൽ നിന്നും യൂണിയനുകളിൽ നിന്നും ലഭിച്ചതിനുശേഷമാണ് കെ.ഐ.ആർ. എഫ്-ൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

### "ടൈറ്റാനിയം ഫാക്ടറിയിൽ തദ്ദേശവാസികൾക്ക് നിയമനം"

25 (*115)ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ടൈറ്റാനിയം ഫാക്ടറിയിൽ തദ്ദേശവാസികൾക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) ഇതനുസരിച്ച് എത്ര ശതമാനം നിയമനമാണ് ഇവർക്ക് നിശ്ചയിച്ചിരിക്കുന്നത്;

(സി) തദ്ദേശവാസികൾക്ക് നിശ്ചയിച്ചിരിക്കുന്ന സംവരണം ആർക്കെല്ലാമാണ് നൽകുന്നത്, ഏത് അനുപാതത്തിലെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് പുനർനിർണ്ണയം ചെയ്യാൻ ആലോചിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ-സി) തൊഴിൽ പ്രാവീണ്യം ആവശ്യമില്ലാത്ത തസ്തികകളിലെ (അൺസ്കിൽഡ് വിഭാഗം) ഒഴിവുകളിലേക്കുള്ള നിയമനങ്ങളിൽ 30% പരിസരവാസികൾക്കായി നീക്കിവയ്ക്കുകയും ഇപ്രകാരം നീക്കിവയ്ക്കപ്പെടുന്ന ഒഴിവുകളിൽ 25% സബ് ലൊക്കാലിറ്റി വിഭാഗത്തിൽപ്പെടുന്നവർക്കും 5% ലൊക്കാലിറ്റി വിഭാഗത്തിൽപ്പെടുന്നവർക്കും നൽകുകയും ചെയ്യണമെന്നുള്ള മാർഗ്ഗനിർദ്ദേശം അതനുസരിച്ചാണ് ടൈറ്റാനിയം ഫാക്ടറിയിൽ നിയമനം നടത്തുന്നത്.

(ഡി) പുനർനിർണ്ണയം ചെയ്യാൻ ഇപ്പോൾ ആലോചിക്കുന്നില്ല. എന്നാൽ 24/11/2000-ൽ വ്യവസായ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിൽ സംവരണം സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു റിട്ടയേർഡ് ജഡ്ജിയെ അന്വേഷണ കമ്മിഷനായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

### അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം

26 (*116)ശ്രീ. വി. ബാലറാം :
ഡോക്ടർ എം.എ. കുട്ടപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം തടഞ്ഞുകൊണ്ട് ഈ വർഷാരംഭത്തിൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഇതുമൂലം എത്ര സ്കൂളുകളുടെ പ്രവർത്തനം നിർത്തലാക്കി എന്നും എത്ര അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെട്ടു എന്നും വെളിപ്പെടുത്തുമോ;

(സി) ഈ ഉത്തരവിനെത്തുടർന്ന് എത്ര കേസ് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഫയൽ ചെയ്തു;

(ഡി) അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം തടയുന്ന ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇപ്പോൾ ഇത്തരത്തിൽപ്പെട്ട എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല. എന്നാൽ 2000-മാണ്ട് ഏപ്രിൽ മാസത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ വച്ച് പരീക്ഷ നടത്തി വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്ന നടപടി നിയന്ത്രിച്ചുകൊണ്ട് ജി.ഒ. (പി) 122/2000/പൊ.വി.വ. തീയതി 15.4.2000 ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമല്ലാതെയുള്ള പരീക്ഷ നടത്തിപ്പ് അശാസ്ത്രീയവും അനാരോഗ്യകരവുമാണെന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) അംഗീകാരമില്ലാത്ത ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ വരാത്തതിനാൽ ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ സർക്കാരിൽ ലഭ്യമല്ല.

(സി) ഈ സർക്കാർ ഉത്തരവിനെതിരെ എഴുപത്തി ഒന്ന് കേസുകൾ ബഹു : ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹു : സുപ്രീം കോടതിയിൽ ഈ ഉത്തരവിനെതിരെ കേസുകളൊന്നും ഫയൽ ചെയ്യപ്പെട്ടിട്ടില്ല.

അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വച്ച് പരീക്ഷ നടത്തുന്നതു തടഞ്ഞുകൊണ്ടുള്ള ബഹു : ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിനെ തുടർന്നാണ് 15.4.2000-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ ഡിവിഷൻ ബഞ്ചിന്റെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീം കോടതിയിൽ ഈ സ്കൂളുകളുടെ ഒരു സംഘടന ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇത്തരം അംഗീകാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ പരിധിയിൽ വരാത്തതിനാൽ വ്യക്തമായ കണക്കുകൾ ലഭ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ യുടെ ഫലപ്രഖ്യാപനത്തിലുണ്ടായ വീഴ്ചകൾ**

27 (*117) ഡോ. എം.എ. കുട്ടപ്പൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയുടെ നടത്തിപ്പിനെയും ഫലപ്രഖ്യാപനത്തിലുണ്ടായ വീഴ്ചകളേയുംപറ്റി എത്ര റിട്ട് പെറ്റീഷനുകൾ ഹൈക്കോടതി മുൻപാകെ വന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പെറ്റീഷനുകളിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) എൻട്രൻസ് പരീക്ഷയിലെ ചോദ്യങ്ങൾ ഒഴിവാക്കിയത് സംബന്ധിച്ച് എത്ര റിട്ട് ഹർജികൾ ഹൈക്കോടതി മുൻപാകെ വന്നു;

(ഡി) ഒഴിവാക്കിയ ചോദ്യങ്ങൾ സിലബസ്സിൽ ഉള്ളവയാണെന്ന് കാണിച്ച് എത്ര ഹർജികൾ ഹൈക്കോടതി മുൻപാകെ വന്നു;

(ഇ) ഈ ഹർജികളിന്മേൽ ഹൈക്കോടതിയുടെ പ്രാഥമിക ഉത്തരവും അന്തിമ (ആത്യന്തിക) ഉത്തരവും എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) എൻട്രൻസ് പരീക്ഷകൾ പിഴവില്ലാതെ നടത്തുവാൻ എന്തെല്ലാം പ്രായോഗിക നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) 110.

(ബി) എൻട്രൻസ് പരീക്ഷാ ചോദ്യങ്ങളിലെ അപാകതകൾ ഒഴിവാക്കാൻ, കേരള സിലബസിൽ പഠിച്ചവർക്ക് 10% സംവരണം ഏർപ്പെടുത്തിയത് പിൻവലിക്കൽ, ജില്ലാതലത്തിലെ വികേന്ദ്രീകൃത കൗൺസിലിംഗിന് പകരം കേന്ദ്രീകൃത കൗൺസിലിംഗ് ഏർപ്പെടുത്തൽ, ജാതി, വരുമാനം എന്നിവ സംബന്ധിച്ച് രേഖകൾ ഹാജരാക്കാൻ അവസരം നൽകുക, ജാതിസർട്ടിഫിക്കറ്റുകളിലെ പോരായ്മകൾ തിരുത്തുന്നതിനുള്ള അവസരം നൽകുക, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുത്തുക. കംപാർട്ടുമെന്റലായി പരീക്ഷ എഴുതി ജയിച്ചവരേയും അഡ്മിഷനുവേണ്ടി പരിഗണിക്കുക, ഓപ്ഷൻ നൽകിയതിലെ അപാകതകൾ പരിഹരിക്കുവാൻ അനുവദിക്കുക. വികലാംഗർക്ക് എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് 3% സംവരണം അനുവദിക്കുക, വികലാംഗരെ സംബന്ധിച്ച ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വേണ്ടന്നുവയ്ക്കുക മുതലായ ആവശ്യങ്ങളാണ് പ്രധാനമായും ഉന്നയിച്ചിരുന്നത്.

(സി) 19 ഹർജികൾ.

(ഡി) ഇത് സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട ഹർജികൾ 19 എണ്ണവും ഒരുമിച്ചാണ് ബഹു : കോടതി പരിഗണിച്ചത്. ഓരോ ഹർജിയിലും വ്യത്യസ്തമായ വാദമുഖങ്ങളായിരുന്നു.

(ഇ) പ്രാഥമിക ഉത്തരവു പ്രകാരം വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് മുദ്ര വച്ച കവറിൽ ഹാജരാക്കുവാനും, പ്രവേശന പരീക്ഷാ കമ്മീഷണർ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുവാനും കോടതി ആവശ്യപ്പെട്ടു. തുടർന്ന് സിലബസ് കമ്മിറ്റിയുടെ അഭിപ്രായം ആവശ്യപ്പെട്ടു. സിലബസ് കമ്മിറ്റിയുടെ തീരുമാനം കോടതി അംഗീകരിക്കുകയും ചെയ്തു.

(എഫ്) പ്രവേശന പരീക്ഷയുടെ ചോദ്യങ്ങളിലും ഉത്തര സൂചികകളിലും മേലിൽ തെറ്റുകൾ സംഭവിക്കാതിരിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിദഗ്ദ്ധകമ്മിറ്റികൾ ഉണ്ടാക്കി അവയുടെ സേവനം പൂർണ്ണമായി വിനിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ചോദ്യങ്ങളിലെ തെറ്റ് ഒഴിവാക്കുന്നതിനുവേണ്ടി ഒരു ചോദ്യബാങ്ക് രൂപീകരിക്കുന്നതിനായിട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ചോദ്യങ്ങളും ഉത്തര സൂചികയും പരിശോധിച്ച് അപാകതകൾ ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## കമ്പ്യൂട്ടർ ഉൽപാദനരംഗം ശക്തിപ്പെടുത്താൻ കെൽട്രോണിന്റെ പുതിയ പദ്ധതി

28 (*118) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി.ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. വി.കെ.ചന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടർ ഉൽപാദനരംഗം ശക്തിപ്പെടുത്താനും കുറഞ്ഞവിലയ്ക്കു വീടുകളിൽ കമ്പ്യൂട്ടർ നല്കാനുള്ള കെൽട്രോണിന്റെ പുതിയ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വീടുകൾതോറും കമ്പ്യൂട്ടർ നല്കുന്ന പദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കമ്പ്യൂട്ടർ ഉൽപാദന മേഖലയിൽ പ്രാവീണ്യം നേടിയ പ്രൊഫഷണലുകളുടെ സേവനം ഇപ്പോൾ ലഭ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കെൽട്രോണിന്റെ മേൽനോട്ടത്തിൽ പൂർണ്ണതോതിലുള്ള സോഫ്റ്റ്വെയർ വികസനകേന്ദ്രം ആരംഭിക്കാനും ഹാർഡ്‌വെയർ രംഗത്ത് കസ്റ്റമർ സർവീസ് സൗകര്യങ്ങൾ ഏർപ്പെടുത്താനും ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കെൽട്രോണിന്റെ മേൽനോട്ടത്തിലുള്ള കമ്പ്യൂട്ടർ ഉൽപ്പാദന വിപണന പദ്ധതിയുടെ പൂർത്തീകരണത്തോടെ എന്ത് ലാഭം പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ,ബി) കമ്പ്യൂട്ടർ ഉത്പാദനരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ പെന്റിയം 3 ഉം സെലിറോൺ പ്രോസസർ ഉപയോഗിച്ചുള്ള കമ്പ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ട്ടറുകളും അരൂർ കെൽട്രോൺ കൺട്രോൾസിൽ ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. ഇന്റർനെറ്റ് സംവിധാനമുള്ള കമ്പ്യൂട്ടർ വീടുകളിൽ നൽകുവാനുള്ള പദ്ധതി ആദ്യം എറണാകുളം സിറ്റിയിൽ ആരംഭിക്കും. അതിന്റെ വിപണന സർവീസ് കേന്ദ്രം എറണാകുളം വൈറ്റിലയിൽ തുടങ്ങാനാണ് പരിപാടി. പിന്നീട് മറ്റുള്ള സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കും. കൂടാതെ കമ്പ്യൂട്ടർ ഉപഭോക്താവിന് കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള പരിജ്ഞാനം എറണാകുളത്തുള്ള ട്രെയിനിംഗ് സെന്ററിൽ നിന്നുതന്നെ ലഭ്യമാക്കാൻ പരിപാടിയുണ്ട്.

(സി) കമ്പ്യൂട്ടർ ഉൽപാദന മേഖലയിൽ പ്രാവീണ്യമുള്ള എൻജിനീയർമാർ കെൽട്രോണിലുണ്ട്. എൻജിനീയറിംഗ് സോഫ്റ്റ്‌വെയർ സർവ്വീസിംഗ് എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള എൻജിനീയർമാരും കെൽട്രോണിലുണ്ട്. കൂടാതെ പ്രാവീണ്യമുള്ള എൻജിനീയർമാരെ ആവശ്യമുള്ള മുറയ്ക്കു നിയമിക്കാൻ നടപടി എടുക്കും.

(ഡി) കെൽട്രോണിന്റെ മേൽനോട്ടത്തിൽ പൂർണ്ണതോതിലുള്ള സോഫ്റ്റ്‌വെയർ വികസനകേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്. അതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്തു വരികയാണ്. ഇതിനുവേണ്ടിയുള്ള ഒരു ജനറൽ മാനേജരെ (ഐ.റ്റി) നിയമിക്കുവാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഹാർഡ്‌വെയർ രംഗത്ത് കസ്റ്റമർ സർവീസ് സൗകര്യങ്ങൾ തിരുവനന്തപുരത്തും അരൂരിലും കൊച്ചിയിലും കോട്ടയത്തും കോഴിക്കോടും നിലവിലുണ്ട്. ഈ സൗകര്യങ്ങൾ വിപുലീകരിക്കാൻ പരിപാടിയുണ്ട്.

(ഇ) ഇപ്പോൾ വിഭാവനം ചെയ്ത ഈ പദ്ധതിപ്രകാരം ഏകദേശം 5 മുതൽ 10% വരെ ലാഭം പ്രതീക്ഷിക്കുന്നു.

## പ്ലസ് ടു കോഴ്സ് അനുവദിച്ച നടപടി

29 (* 119)ശ്രീ. കെ.നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്.തോമസ് :
ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. കെ.എം.മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകൾക്ക് പ്ലസ് ടു കോഴ്സ് അനുവദിച്ച നടപടി കോടതി അലക്ഷ്യമാണെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം വിധി ഉണ്ടാകാനിടയായ സാഹചര്യം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഹൈക്കോടതി വിധിപ്രകാരം സംസ്ഥാനത്തെ ഏതൊക്കെ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ ലഭിക്കാനിടയുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നല്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) :

(എ) കോടതി അലക്ഷ്യത്തിന് വഴിവയ്ക്കുന്നുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്ലസ് ടു കോഴ്സ് അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച രണ്ട് ഗവൺമെന്റ് ഉത്തരവുകൾ 1.7.2000-ൽ ബഹു : കേരള ഹൈക്കോടതി റദ്ദ് ചെയ്തതിനെത്തുടർന്ന്, ഗവൺമെന്റ് പതിനാലു ജില്ലകളിലും ജില്ലാതല കമ്മി റ്റികൾ, അതാതു ജില്ലാ പഞ്ചായത്തു പ്രസിഡന്റും ജില്ലാകളക്ടറും വിദ്യാ ഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും ഉൾപ്പെട്ടതായിരുന്ന കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റികൾ കോഴ്സിന് അപേക്ഷിച്ചിരുന്ന ഓരോ സ്കൂളും പരിശോധിച്ച് സമർപ്പിച്ച ശുപാർശകൾ പിന്നീട് സർക്കാർ വിശദമായി പഠിച്ചു. അതിനു ശേഷം 30.3.2000-ൽ പുറത്തിറക്കിയിരുന്ന ജി.ഒ.(എം.എസ്) 107/2000/പൊ.വി. നമ്പർ ഉത്തരവിൽ ഉണ്ടായിരുന്നതും ഹൈക്കോടതി സ്വമേധയാ നിർദ്ദേശിച്ച തുമായ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തികൊണ്ടാണ് യോഗ്യതയുള്ള സ്കൂളുകളെ തെരഞ്ഞെടുത്ത ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ ഇത്തവ ണയും നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരുന്നില്ലെന്നാണ് ബഹു : ഹൈ ക്കോടതി അഭിപ്രായപ്പെട്ടത്.

(സി,ഡി) പതിനഞ്ച് ഒ.പി.കളിന്മേലാണ് ഹൈക്കോടതി 24.11.2000-ൽ വിധി പ്രസ്താവിച്ചത്. ഇതിൽ ചില സ്കൂളുകൾക്ക് ഈ അദ്ധ്യയന വർഷമോ അടുത്ത അദ്ധ്യയനവർഷമോ പ്ലസ് ടു കോഴ്സ് അനുവദിക്കണമെന്ന് പറഞ്ഞി രുന്നു. ഹൈക്കോടതിയുടെ ചില പരാമർശങ്ങൾ ഒഴിവാക്കി കിട്ടുന്നതിനായി സർക്കാർ അപ്പീൽ നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

30 (* 120) ശ്രീ. ജോർജ് ജെ.മാത്യു :
ശ്രീ. കെ.എ.ചന്ദ്രൻ :
ശ്രീ. എ.കെ.മണി :
ശ്രീ. വി.ജെ.പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിരുന്നത്;

(ബി) 2000-2001 സ്കൂൾ വർഷത്തിൽ സ്കൂൾ അനുവദിച്ചുകൊണ്ട് ആദ്യം പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിക്കൊണ്ടും മാർഗ്ഗനിർദ്ദേശപ്രകാരം സ്കൂളുകൾ പുതുതായി അനുവദിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും 2000 ജൂലൈ 7-ന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ;

(സി) അതുപ്രകാരം 387 വിദ്യാലയങ്ങളിൽ അനുവദിച്ച പ്ലസ് ടു കോഴ്സ് ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളും കോടതി ഉത്തരവും ലംഘിച്ചു കൊണ്ടുള്ളതാണെന്ന് വീണ്ടും ഹൈക്കോടതി വിധിച്ചുവോ;

(ഡി) എങ്കിൽ ഇങ്ങനെ സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ.ജോസഫ്) :

(എ) മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് ഉള്ള ടക്കം ചെയ്യുന്നു.

(ബി) നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി,ഡി) 24.11.2000-ലെ ഹൈക്കോടതി വിധിയിൽ ഇപ്രകാരം ഒരു പരാമർശം ഉണ്ട്. ഈ പരാമർശം നീക്കിക്കിട്ടുന്നതിനായി അപ്പീൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

## (2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വ്യവസായങ്ങൾക്ക് നൽകിയ പുതിയ ലൈസൻസ്

1 (506)ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായങ്ങൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം തുടങ്ങിയെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പ് ലൈസൻസ് നൽകുന്നില്ല.

(ബി) ബാധകമല്ല.

### അംഗൻവാടി ജീവനക്കാരുടെ അലവൻസ്

2 (507)ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഇപ്പോൾ ലഭിച്ചുവരുന്ന അലവൻസ് (വേതനം) എത്രയാണെന്ന് വെളിപ്പെടുത്താമോ;

I. അംഗൻവാടി വർക്കർ

1. നോൺമെട്രിക്കുലേറ്റ്
2. നോൺമെട്രിക്കുലേറ്റ് (5 വർഷം സേവനം പൂർത്തിയാക്കിയവർ)
3. നോൺമെട്രിക്കുലേറ്റ് (10 വർഷം സേവനം പൂർത്തിയാക്കിയവർ)
4. മെട്രിക്കുലേറ്റ്
5. മെട്രിക്കുലേറ്റ് (5 വർഷം സേവനം പൂർത്തിയാക്കിയവർ)
6. മെട്രിക്കുലേറ്റ് (10 വർഷം സേവനം പൂർത്തിയാക്കിയവർ)

II. ഹെൽപ്പർ

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ സംഖ്യയിൽ വരുത്തിയ വർദ്ധനവ് എന്നു മുതലാണ് നൽകി തുടങ്ങിയത് എന്നു വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സംഖ്യ വർദ്ധിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചു എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഇപ്പോൾ ലഭിച്ചുവരുന്ന വേതനം താഴെപ്പറയും പ്രകാരമാണ്.

| കേന്ദ്രവിഹിതം | സംസ്ഥാനവിഹിതം | ആകെ |
|---|---|---|
| 438 | 200 | 638 |
| 469 | 200 | 669 |
| 500 | 200 | 700 |
| 500 | 200 | 700 |
| 531 | 200 | 731 |
| 563 | 200 | 763 |
| 260 | 200 | 460 |

(ബി) കേന്ദ്രസർക്കാർ അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർക്ക് നൽകിവന്നിരുന്ന ഓണറേറിയത്തിൽ വർക്കർക്ക് 25% ഉം ഹെൽപ്പർക്ക് 30% ഉം 16-5-97 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.ഇതിന് പുറമെ സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതമായി നൽകിക്കൊണ്ടിരുന്ന 100 രൂപ 200 രൂപയായി 1-4-97 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി നൽകുന്ന തുകയിൽ 100 രൂപയുടെ വർദ്ധനവ് അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

3 (508) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.എ. ചന്ദ്രൻ :
പ്രൊഫസർ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എന്തു തുക കടപ്പത്രം വഴി സമാഹരിച്ചു;

(ബി) അവ എതെല്ലാം എന്നും എന്ത് തുക വീതമാണ് സമാഹരിച്ചത് എന്നും അറിയിക്കുമോ;

(സി) ഇതിൽ എതു തുക വീതം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകി;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ തുക ലഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ;

(ഇ) അവ ഓരോന്നും എന്തു തുകവീതം ലാഭമുണ്ടാക്കി?

ഉത്തരം

(എ,ബി) കടപ്പത്രം വഴി 180 കോടി രൂപ സമാഹരിച്ചു.

(സി) (ഇതുവരെ ഏകദേശം 260 കോടിയോളം രൂപയുടെ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 24 കമ്പനികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്) ഏകദേശം 136 കോടി രൂപ കമ്പനികൾക്കു നൽകി. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി.ഇ) ധനസഹായം ലഭിച്ച കമ്പനികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി പെർഫോർമൻസ് ആഡിറ്റുകൾ 'റിയാബ്' (പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ്) നടത്തിവരുന്നു. ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുവാൻ കുറച്ചുസമയം കൂടി വേണ്ടിവരും.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കമ്പോളപഠനം

4 (511) ശ്രീ. എ. അലിഹസ്സൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സർക്കാർതലത്തിൽ കമ്പോളപഠനം നടത്താൻ വ്യവസായ വകുപ്പിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഇതിനുവേണ്ടി സ്വന്തമായി സംവിധാനം ഇല്ലെങ്കിൽ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പല പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഉല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാൻ കഴിയാതെ വരുന്നതുകൊണ്ടാണ് നഷ്ടം സംഭവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വ്യാവസായിക ഉല്പ്പന്നങ്ങൾ യഥാസമയം വിപണനം ചെയ്യുന്നതിന് സർക്കാർതലത്തിൽ ഒരു സ്ഥിരം സംവിധാനം കൊണ്ടുവരുമോ;

(ഇ) ഇക്കാര്യത്തിൽ മറ്റ് ഏജൻസികളെ ചുമതലപ്പെടുത്താനുള്ള സംവിധാനം വേണ്ടെന്നുവയ്ക്കുമോ?

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഓരോ സ്ഥാപനത്തിനും പ്രത്യേകം വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഉല്പന്നങ്ങളുടെ വിദേശവിപണി കണ്ടെത്തുന്നതിനായി കമ്പോളപഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാർ തലത്തിൽ കമ്പോളപഠനം നടത്താനുള്ള നിർദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കേരള ഇൻഡസ്ട്രിയൽ പ്രോഡക്റ്റ്സ് ട്രേഡിങ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ കേരളാ സിറാമിക്സിന്റെ ഉല്പ്പന്നങ്ങൾ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന്റെ എംപോറിയം വഴിയും വിപണനം ചെയ്യുന്നു. വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി എല്ലാ മേഖലകൾക്കും പ്രത്യേക സെക്ടറിൽ കമ്മിറ്റികളും രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്.

(സി) ഇല്ല. ഇപ്രകാരം റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി, ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

### "ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി പൂട്ടിയ സംഭവം"

5 (513) ശ്രീ. ആന്റണി രാജു:
ഡോക്ടർ കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി ഇടക്കാലത്ത് പൂട്ടുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ടൈറ്റാനിയം മലിനീകരണ പ്രശ്നം പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) കോസ്റ്റൽ അപ്ലിഫ്റ്റ് അതോറിറ്റി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ആവശ്യങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) ടൈറ്റാനിയം ഫാക്ടറിയിൽ ഇനി ഒരു പ്രതിസന്ധി സൃഷ്ടിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 28/10/2000-ന് കോസ്റ്റൽ അപ്ലിഫ്റ്റ് അസോസിയേഷന്റെ നേതൃത്വത്തിൽ ഒരു വലിയ സംഘം ആളുകൾ കമ്പനി കോമ്പൗണ്ടിൽ അതിക്രമിച്ചു കടന്ന് പാഴ്ജലം കടലിലേക്കൊഴുകിപ്പോകുന്ന പൈപ്പുകളും ട്രഞ്ചുകളും നശിപ്പിക്കുകയും അവ കോൺക്രീറ്റിട്ടടയ്ക്കുകയും ചെയ്തു. ഇതിനെ

ത്തുടർന്ന് ഉത്പാദനം നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യത്തിലാണ് ഫാക്ടറി 14/11/2000 മുതൽ 2/12/2000 വരെ പൂട്ടിയിടേണ്ടി വന്നത്.

(ബി) ടൈറ്റാനിയത്തിലെ ജലമലിനീകരണ നിവാരണത്തിനുവേണ്ടി ആസിഡ് റിക്കവറി പ്ലാന്റ്, കോപ്പറാസ് റിക്കവറി പ്ലാന്റ്, ന്യൂട്രലൈസേഷൻ പ്ലാന്റ് എന്നീ പദ്ധതികളടങ്ങിയ ഒരു പ്രോജക്ട് നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(സി) ടി.ടി.പി.യിൽ നിയമനങ്ങൾ നടത്തുമ്പോൾ അവിദഗ്ധ തൊഴിലാളികളുടെ 25% തസ്തികകൾ തൊഴിൽപരമായി ബാധിച്ചിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കു മാത്രമായി ലഭ്യമാക്കുക, പൊല്യൂഷൻ കൺട്രോൾ പ്ലാന്റുകളുടെ പണി ഉടൻ തുടങ്ങുക, ലൊക്കാലിറ്റിയിൽ ഒരു ആശുപത്രി നിർമ്മിച്ചു നൽകുക, രണ്ടുകോടി രൂപയുടെ ക്ഷേമപദ്ധതികൾ ഉടനെ നടപ്പിൽ വരുത്തുക എന്നീ ആവശ്യങ്ങളാണ് കോസ്റ്റൽ അപ്ലിഫ്റ്റ് അസോസിയേഷൻ ഉന്നയിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

1. നിയമനങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്ന പ്രാതിനിധ്യത്തിൽ അപാകതയുണ്ടോ എന്ന് പരിശോധിക്കുവാൻ ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ ഏകാംഗ കമ്മീഷനായി നിയമിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

2. തീരദേശവാസികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി രണ്ടു കോടി രൂപയുടെ ചെക്ക് 26/10/2000-ന് ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റി ക്ഷേമ പദ്ധതികൾക്ക് അന്തിമ രൂപം നൽകിവരുന്നു.

3. തീരദേശവാസികൾക്കായി 30 ലക്ഷം രൂപ മുടക്കി നിർമ്മിക്കാനുദ്ദേശിക്കുന്ന ആശുപത്രിക്കുവേണ്ടി കോസ്റ്റൽ അപ്ലിഫ്റ്റ് അസോസിയേഷൻ സ്ഥലം കൈമാറ്റം ചെയ്യാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. സ്ഥലം ലഭിച്ചു കഴിഞ്ഞാൽ ഏറെ താമസിയാതെ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

4. ടൈറ്റാനിയത്തിലെ ജലമലിനീകരണ നിവാരണത്തിനായി 108 കോടി രൂപ മുടക്കി ആസിഡ് റിക്കവറി പ്ളാന്റ്, കോപ്പറാസ് റിക്കവറി പ്ളാന്റ്, ന്യൂട്രലൈസേഷൻ പ്ളാന്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) കൂടുതൽ വിവേകപൂർണ്ണമായ സമീപനം കോസ്റ്റൽ അപ്ലിഫ്റ്റ് അസോസിയേഷന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഇക്കാര്യത്തിൽ പ്രതിസന്ധി ഒഴിവാകുമെന്ന് കരുതുന്നു.

## പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി

6 (514) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

പ്രൊഫസർ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂലധന നിക്ഷേപകാര്യത്തിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യത്തിലും സംസ്ഥാനം എന്തെല്ലാം പ്രോൽസാഹനങ്ങൾ സൗജന്യങ്ങളും നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അയൽ സംസ്ഥാനങ്ങൾ ഈ കാര്യങ്ങളിൽ എന്തെല്ലാം പ്രോൽസാഹനങ്ങളും സൗജന്യങ്ങളും നൽകുന്നുണ്ട് എന്നറിയാമോ;

(സി) അതിനേക്കാൾ കൂടുതൽ സൗജന്യങ്ങളും പ്രോൽസാഹനങ്ങളും നമ്മുടെ ഗവൺമെന്റ് പുതിയ വ്യവസായങ്ങൾക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) വ്യവസായികൾക്ക് മൂലധനം നിക്ഷേപിക്കുന്നതിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും വേണ്ടി പദ്ധതികൾ കണ്ടെത്തുക, അതിനാവശ്യമായ സ്ഥലം എടുക്കുക, അടിസ്ഥാന ഘടക സൗകര്യങ്ങൾ നല്കുക, വ്യവസായസംരംഭകർക്ക് ആവശ്യമായ സൗകര്യങ്ങൾ നല്കുക എന്നിവയാണ് കിൻഫ്രായുടെ ഉദ്ദേശ്യലക്ഷ്യം. കേരളത്തിന്റെ വിവിധ ജില്ലകളിലായി പതിമൂന്നോളം പാർക്കുകൾ കിൻഫ്ര ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ ടെക്നോപാർക്ക് തിരുവനന്തപുരത്ത് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. മൂലധനനിക്ഷേപത്തിന് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനസർക്കാരും കെ.എസ്.ഐ.ഡി.സിയും നൽകിവരുന്ന പ്രോൽസാഹനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട് +

(ബി) അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.*

(സി) വേണ്ടത്ര സൗജന്യങ്ങളും പ്രോൽസാഹനങ്ങളും ഇപ്പോൾ തന്നെ നൽകിവരുന്നു.

**അടിസ്ഥാന സൗകര്യ നിക്ഷേപനിധി**

7 (516) <u>ശ്രീ. കെ.സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാനസൗകര്യ നിക്ഷേപനിധിയിലേക്ക് ഇതിനോടകം ആകെ എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിധിയിൽനിന്നും ഏതെല്ലാം വ്യവസായ സംരംഭങ്ങൾക്ക് എത്ര രൂപ വീതം സാമ്പത്തികസഹായം നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം വ്യവസായ സംരംഭകരുടെ അപേക്ഷകൾ സഹായത്തിനായി ഇനിയും പരിഗണനയിൽ ഉണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 507.06 കോടി രൂപ

(ബി,സി) അടിസ്ഥാനസൗകര്യനിക്ഷേപ നിധിയിലേക്ക് സ്വരൂപിച്ച് തുക വ്യവസായങ്ങൾക്കായി വിനിയോഗിക്കുവാനല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. മറിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലസേ

---

+ അനുബന്ധം- IV & IV (a)

LIBRARY ARCHIVES Kerala Legislative Assembly

ചനം, വൈദ്യുതി, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകൾക്കു വേണ്ടി യാണ്.

### ഡബ്ളിയു.ടി. ഒ. ക്ക് വേണ്ടി ടാസ്ക് ഫോഴ്സ്

8 (517) ശ്രീ.കെ.സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ഡോ.എം.എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ താരിഫ് നിർണ്ണയിക്കുന്ന തിനുളള അംഗരാഷ്ട്രങ്ങളുടെ മന്ത്രിതല സമ്മേളനത്തിൽ പങ്കെടുക്കുന്ന കേന്ദ്രമന്ത്രിമാർക്ക് വേണ്ട വിവരങ്ങൾ നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ചെയർമാൻ ആരാണ്;

(സി) ഈ ടാസ്ക് ഫോഴ്സ് എത്ര തവണ സമ്മേളിച്ചു;

(ഡി) സംസ്ഥാനത്തിന്റെ കാർഷിക വസ്തുക്കളുടേയും വ്യാവസാ യിക ഉല്പന്നങ്ങളുടെയും വിലയിടിയാതെ സൂക്ഷിക്കത്തക്കവണ്ണം സംസ്ഥാ നത്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് എന്തുതോതിൽ തീരുവ ചുമത്തണ മെന്ന് ഈ സമിതി ആലോചിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുസംബന്ധിച്ച് സമിതിയുടെ തീരുമാനമെന്താണ്;

(എഫ്) ഈ വിവരങ്ങൾ എന്നാണ് കേന്ദ്ര ഗവൺമെന്റിനെ അറിയി ച്ചത്;

(ജി) കേന്ദ്രവുമായി ഇതേപ്പറ്റി ചർച്ചചെയ്തുവോ? ഇല്ലെങ്കിൽ കാര ണമെന്ത്?

#### ഉത്തരം

(എ) ഉണ്ട്. ഇൻഡ്യ, അന്താരാഷ്ട്ര വ്യാപാര സംഘടനയുടെ അംഗരാ ജ്യമായതിനെ തുടർന്ന് നടപ്പാക്കേണ്ടി വന്ന പരിഷ്ക്കാരങ്ങളുടെ ഭാഗമായ പുതിയ ഇറക്കുമതി നയംമൂലം ഇനിയും വരാൻ സാദ്ധ്യതയുള്ള വ്യാപാരരം ഗത്തെ പരിഷ്ക്കാരങ്ങളും അത് കേരളത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുമെന്ന് മുൻകൂട്ടി പഠിക്കുവാനും സ്ഥിതിവിശേഷങ്ങൾ നേരിടുവാൻ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ചീഫ് സെക്രട്ടറി അദ്ധ്യ ക്ഷനായും, വിവിധ വകുപ്പു മേധാവികൾ അംഗങ്ങളായും ലോക വ്യാപാര സംഘടനയുടെ ടാസ്ക്ഫോഴ്സിന് സംസ്ഥാനസർക്കാർ രൂപം നൽകിയത്.

കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുവാൻ സാദ്ധ്യതയുള്ള മേഖ ലകളായ കൃഷി, സേവനം, തുണിവ്യവസായ ഉൽപ്പന്നം നിക്ഷേപം, ഭൗതിക സ്വത്ത്, ഇലക്ട്രോണിക്സ് എന്നീ മേഖലകളെക്കുറിച്ച് വിശദമായി പഠിപ്പിക്കു ന്നതിന് പ്രസ്തുത മേഖലകളിലെ കഴിവു വർദ്ധിപ്പിക്കുന്നതിനും വേണ്ടി ടി സെക്ടറുകൾക്ക് പ്രത്യേകം സെക്ടറൽ കമ്മിറ്റികൾക്കും രൂപം കൊടുത്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടാസ്ക് ഫോഴ്സ് കമ്മിറ്റിയുടെ ചെയർമാൻ ചീഫ് സെക്രട്ടറിയാണ്. സെക്ടറൽ കമ്മിറ്റികളുടെ ചെയർമാൻമാർ അതാതു വകുപ്പ് മേധാവികളാണ്.

(സി) ഈ ടാസ്ക് ഫോഴ്സ് ഇതുവരെയും സമ്മേളിച്ചില്ല. പ്രധാനവകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉപസമിതിയായ സെക്ടറൽ കമ്മിറ്റികൾ മീറ്റിംഗുകൾ കൂടി ടാസ്ക് ഫോഴ്സ് പൊതുവായി കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾക്കു രൂപം നൽകിവരുന്നു. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭിച്ച ശേഷം ടാസ്ക് ഫോഴ്സ് സമ്മേളിക്കുന്നതാണ്.

(ഡി) ഈ വിഷയം വിവിധ സെക്ടറൽ കമ്മിറ്റികൾ ചർച്ചചെയ്തുവരുന്നു.

ചോദ്യം (സി), (ഡി) ഇവയുടെ ഉത്തരം കാണുക. കൃഷിവകുപ്പിന്റെ കീഴിൽവരുന്ന കമ്മിറ്റിയുടെ തീരുമാനപ്രകാരം കാർഷിക വിളകളുടെ വില ഇടിയാതെ നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് 28.4.2000-ൽ കേരള കൃഷി വകുപ്പുമന്ത്രി കത്തയയ്ക്കുകയുണ്ടായി. കൂടാതെ ഇവർ തമ്മിൽ ഇതേപ്പറ്റി ചർച്ച നടത്തുകയുണ്ടായി.

### ചെറുകിട വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷൻ

9 (518) <u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> :

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> :

<u>ശ്രീ. പി.കെ.കെ. ബാവ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഓരോ വർഷവും എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ എത്ര യൂണിറ്റുകൾ പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്നു;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും വ്യവസായശാലകൾ ഗവൺമെന്റ് ഉടമസ്ഥതയിൽ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(ഡി) പ്രസ്തുത കാലയളവിൽ സ്വകാര്യ മേഖലയിൽ എത്ര വൻകിട വ്യവസായശാലകൾ പുതുതായി പ്രവർത്തനം ആരംഭിച്ചു;

(ഇ) ഈ കാലയളവിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഉള്ള എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

(എഫ്) ഓരോന്നും അടച്ചുപൂട്ടാനുള്ള കാരണമെന്ത്;

(ജി) ഈ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30.11.2000 വരെ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം ഇപ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 21. 5. 96 - 31. 3. 97 | - | 15,793 |
| 1997-98 | - | 19,547 |
| 1998-99 | - | 19,736 |
| 1999-2000 | - | 20,006 |
| 30. 11. 2000 വരെ | - | 13,488 |

(ബി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(സി) ഇല്ല.

(ഡി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള വൻകിട വ്യവസായ ശാലകളുടെ ലിസ്റ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.+

(ഇ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള വ്യവസായ ശാലകളിൽ 28 എണ്ണം പൂട്ടിയിട്ടുണ്ട്. പൊതുമേഖലയിൽ ഒന്നും അടച്ചുപൂട്ടിയിട്ടില്ല. മറ്റുള്ളവയുടെ വിവരം ശേഖരിച്ചു വരുന്നു.

(എഫ്,ജി) മുകളിൽ പറഞ്ഞ 28 വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്.+ മറ്റുള്ളവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

### ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ കേന്ദ്രം എന്ന പദ്ധതി

10 (519) <u>ശ്രീ. കെ.പി. സതീശ് ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ കേന്ദ്രം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കേന്ദ്രങ്ങളിൽ വ്യവസായം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ആരംഭിച്ചിട്ടില്ലെങ്കിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിൽ മാത്രം ഈ പദ്ധതി പ്രകാരം എന്തെല്ലാം വ്യവസായ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ഇ) എങ്കിൽ ഏതെല്ലാം വ്യവസായ കേന്ദ്രങ്ങൾ എവിടെയെല്ലാം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതുവഴി ജില്ലയിൽ എത്രപേർക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്;

(ജി) വിശദവിവരം വെളിപ്പെടുത്താമോ?

---

+ അനുബന്ധം - V & V (a)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിനൊന്ന് നിയോജകമണ്ഡലങ്ങളിൽ വ്യവസായ കേന്ദ്രങ്ങളുടെ അടിസ്ഥാന വികസനപ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടങ്ങളിലാണ്.

(ബി) അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി വ്യവസായികൾക്ക് ഭൂമി അനുവദിച്ചതിനുശേഷം മാത്രമേ വ്യവസായങ്ങൾ ആരംഭിക്കുകയുള്ളൂ.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി,ഇ) ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ കേന്ദ്രം എന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല.

(എഫ്,ജി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ

11 (520) ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ എന്തു തുക നിക്ഷേപിച്ചു;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്തു തുക വീതമാണ് നിക്ഷേപിച്ചത്;

(സി) ഈ സ്ഥാപനങ്ങളിൽ ഏതെല്ലാം നഷ്ടത്തിൽ നടക്കുന്നു;

(ഡി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഇവയോരോന്നും വരുത്തിവച്ച നഷ്ടം എത്ര വീതമാണ്;

(ഇ) ഈ ഗവൺമെന്റ് നിക്ഷേപം നടത്തിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെല്ലാം ലാഭത്തിൽ നടക്കുന്നു;

(എഫ്) ഈ ഗവൺമെന്റിന്റെ കാലത്ത് അവയോരോന്നിൽ നിന്നും ലഭിച്ച ലാഭമെത്ര വീതമായിരുന്നു?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

വനിതാ വ്യവസായ യൂണിറ്റുകൾ

12 (522) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊത്തം വനിതാ യൂണിറ്റുകൾ എത്ര; അവയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗവൺമെന്റിൽ നിന്നും നൽകിവരുന്ന സഹായങ്ങളും, അവയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുള്ള മൊത്തം തുകയും എത്ര?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തം 39244 വനിതാ വ്യവസായ യൂണിറ്റുകൾ വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. തിരുവനന്തപുരം | - | 651 |
| 2. കൊല്ലം | - | 508 |
| 3. പത്തനംതിട്ട | - | 403 |
| 4. ആലപ്പുഴ | - | 526 |
| 5. കോട്ടയം | - | 593 |
| 6. ഇടുക്കി | - | 223 |
| 7. എറണാകുളം | - | 748 |
| 8. തൃശൂർ | - | 610 |
| 9. പാലക്കാട് | - | 376 |
| 10. മലപ്പുറം | - | 288 |
| 11. കോഴിക്കോട് | - | 340 |
| 12. വയനാട് | - | 190 |
| 13. കണ്ണൂർ | - | 263 |
| 14. കാസർഗോഡ് | - | 196 |
| ആകെ | | 5915 |

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ്, കെട്ടിട വാടക ഗ്രാന്റ്, മെഷിനറി ഗ്രാന്റ്, മാനേജീരിയൽ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ഗവൺമെന്റ് സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. സാങ്കേതിക പരിശീലനം ആവശ്യമായ വനിതാ വ്യവസായ സംരംഭകർക്കും വനിതാ വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കും 500 രൂപ സ്റ്റൈപ്പന്റോടുകൂടി 6 മാസത്തെ പരിശീലനം നൽകാനും പദ്ധതിയുണ്ട്. ഉല്പന്നങ്ങളുടെ വിപണനത്തിനു സഹായമായി സാധാരണ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വനിതാ വ്യവസായ സംരംഭകർക്കും ബാധകമാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങളെ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അതിന്റെ ആനുകൂല്യം നൽകുന്നുണ്ട്. 1990-91 സാമ്പത്തിക വർഷം മുതൽ 1997-98 സാമ്പത്തിക വർഷം വരെ വനിതാ വ്യവസായ പദ്ധതിക്കു വേണ്ടി ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | | ചെലവ് |
|---|---|---|
| 1990-91 | - | 74 ലക്ഷം |
| 1991-92 | - | 75.10 ലക്ഷം |
| 1992-93 | - | 103 ലക്ഷം |
| 1993-94 | - | 120 ലക്ഷം |
| 1994-95 | - | 146 ലക്ഷം |

| | | |
|---|---|---|
| 1995-96 | - | 143 ലക്ഷം |
| 1996-97 | - | 150 ലക്ഷം |
| 1997-98 | - | 25 ലക്ഷം |

1997-98 സാമ്പത്തിക വർഷത്തിൽ വനിതാ വ്യവസായ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അതിനുശേഷം ടി പദ്ധതിക്ക് വ്യവസായ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നില്ല.

### പൂട്ടിയ വ്യവസായങ്ങൾ

13 (524) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വ്യവസായങ്ങൾ പൂട്ടിയിട്ടുണ്ട്;

(ബി) അതിനുള്ള കാരണമെന്താണ്;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും വ്യവസായങ്ങൾ ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിനു പുറത്തേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ;

(ഡി) അവ സംസ്ഥാനത്തു നിന്നും മാറ്റുവാനുള്ള കാരണം എന്താണ്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ വൻകിട-ഇടത്തരം മേഖലയിൽ (കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ) 28 വ്യവസായങ്ങൾ പൂട്ടിയിട്ടുണ്ട്. 31.10.2000 ത്തിലെ കണക്കനുസരിച്ച് സമരം, ലോക്കൗട്ട്, ലേ-ഓഫ് എന്നീ കാരണങ്ങളാൽ നിലവിൽ 35 വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 1088 സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നും തന്നെ അടച്ചു പൂട്ടിയിട്ടില്ല.

(ബി) നഷ്ടം, സാമ്പത്തികബുദ്ധിമുട്ട്, തൊഴിൽപ്രശ്നങ്ങൾ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട്, ഒരേ സ്വഭാവമുള്ള യൂണിറ്റുകളുടെ കിടമത്സരം എന്നീ കാരണങ്ങളിലാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പൂട്ടിയിട്ടുള്ളത്.

(സി) ഉണ്ട്. മാസ്കംപസ്റ്റബിൾ പാക്ക് ലിമിറ്റഡ്, പാലക്കാട്.

(ഡി) അഗ്നിബാധ കാരണം കമ്പനി അടച്ചുപൂട്ടിയതുമൂലമാണ് അതിന്റെ ഉടമസ്ഥർ ആന്ധ്രാപ്രദേശിൽ പുതിയശാല ആരംഭിച്ചത്.

### "കെ.എം.എം.എൽ. ന്റെ വികസന പദ്ധതി"

14 (525) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം. എൽ. ന്റെ 782 കോടി രൂപയുടെ വികസന പദ്ധതിക്ക് അംഗീകാരം വൈകുന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി അംഗീകാരത്തിനായി മുഖ്യമന്ത്രിക്ക് സമർപ്പിക്കപ്പെട്ടിട്ട് എത്ര നാളുകളായി;

(സി) ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന്റെ വികസന പ്രക്രിയയിലേക്കാവശ്യമായ ഈ പദ്ധതിയുടെ കാലതാമസം എന്തുകൊണ്ടാണുണ്ടാകുന്നത്;

(ഡി) നമ്മുടെ വിപണി ഈ പദ്ധതിയുടെ കാലതാമസംമൂലം വിദേശ കമ്പനികൾ പിടിച്ചടക്കിക്കൊണ്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) വികസന പദ്ധതികൾക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഈ പദ്ധതികളുടെ ടെൻഡർ വിളിക്കാനുള്ള നടപടിക്രമങ്ങളെപ്പറ്റി ചർച്ചകൾ നടന്നുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കും.

(ഡി) ടൈറ്റാനിയം ഉൽപ്പാദന രംഗത്തു പ്രവർത്തിക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളായ കേരള മിനറൽസ് ആന്റ് മെറ്റൽസിന്റെയും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെയും ഉൽപ്പന്നങ്ങൾക്ക് ഒട്ടും തന്നെ വിപണി നഷ്ടമായിട്ടില്ല.

### ട്രക്ക് നിർമ്മാണശാല സ്ഥാപിക്കുന്നതു സംബന്ധിച്ച നടപടി

15 (526) <u>ശ്രീമതി രാധാരാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എസ്.എ. ആസ്ഥാനമാക്കിയുള്ള ഒരു എൻ.ആർ.ഐ. സ്ഥാപനം 1200 കോടി രൂപയുടെ മുതൽ മുടക്കിൽ ഒരു ട്രക്ക് നിർമ്മാണശാല മുൻ മലബാർ പ്രദേശത്ത് സ്ഥാപിക്കുന്നതിനായി മുന്നോട്ടു വന്നിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. യുമായി എന്തെല്ലാം ചർച്ച നടത്തി;

(സി) ട്രക്ക് നിർമ്മാണശാല സ്ഥാപിക്കുന്നതു സംബന്ധിച്ച നടപടി ഏതു നിലയിലിരിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1999 സെപ്റ്റംബറിലായിരുന്നു വന്നത്.

(ബി) പ്രാഥമിക ചർച്ചകൾക്കു ശേഷം അമേരിക്കയിലെ 'എംറ്റാം ഇന്റർനാഷണൽ ഇൻകോർപ്പറേറ്റഡ്' എന്ന കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ശ്രീ. ഉമ്മൻ സ്കറിയ മലബാറിൽ ഒരു ഓട്ടോമൊബൈൽ

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റ് തുടങ്ങുവാനായി കെ.എസ്.ഐ.ഡി.സി. യുമായി ധാരണാപത്രം ഒപ്പിടുകയുണ്ടായി. അതിന്റെ മുതൽ മുടക്ക് ഏകദേശം 77 മില്യൻ ഡോളറാണ്.

(സി) മഹാരാഷ്ട്ര, ഡൽഹി സംസ്ഥാനങ്ങളിലേക്ക് ബസ്, ട്രക്ക് എന്നിവ നൽകുന്നതിനുള്ള ടെൻഡർ ലഭിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ പദ്ധതിയുടെ നടപടികൾ കമ്പനി ആരംഭിച്ചത്. എന്നാൽ പ്രസ്തുത സംസ്ഥാനങ്ങൾ അവരുടെ പരിപാടികളിൽ മാറ്റം വരുത്തിയതിനാൽ കമ്പനിക്ക് ഇത്തരം വാഹനങ്ങളുടെ നിർമ്മാണം ആവശ്യമില്ലാതെ വരികയും കേരളത്തിലെ പദ്ധതിയിൽ നിന്നും പിൻമാറുകയും ചെയ്തു.

### പെട്രോകെമിക്കൽ കോംപ്ളക്സ് സ്ഥാപിക്കുവാൻ ധാരണാപത്രം

16 (527) <u>ശ്രീമതി രാധാരാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് 7000 കോടി രൂപ മുതൽമുടക്കിൽ ഒരു പെട്രോകെമിക്കൽ കോംപ്ളക്സ് സ്ഥാപിക്കുവാൻ ശ്രീ കൃഷ്ണാ പെട്രോകെമിക്കൽസുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിരുന്നുവോ; എങ്കിൽ എന്ന്;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ഈ പദ്ധതി ഇതുവരെ നടക്കാതിരിക്കുവാൻ കാരണമെന്താണ്;

(ഡി) ഒമാൻ ആസ്ഥാനമായുള്ള പെട്രോകെം കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ളക്സ് ആരംഭിക്കുന്നതിന് ധാരണാപത്രം ഒപ്പ്വയ്ക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്ത്;

(ഇ) കാസർഗോഡ് പെട്രോകെമിക്കൽ കോംപ്ളക്സ് ആരംഭിക്കുന്നതിന് ചണ്ടാരിയാസുമായി ചർച്ചകൾ നടത്തിയിരുന്നുവോ;

(എഫ്) എങ്കിൽ ഈ പെട്രോകെമിക്കൽ വ്യവസായം സംസ്ഥാനത്ത് ആരംഭിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒപ്പുവച്ചിരുന്നു. 17/2/97- ൽ

(ബി) മതിയായ പുരോഗതി ഇല്ലാത്തതിനാൽ ശ്രീകൃഷ്ണാ പെട്രോകെമിക്കൽസുമായി കെ.എസ്.ഐ.ഡി.സി. ഒപ്പുവച്ചിരുന്ന ധാരണാപത്രം പിന്നീട് റദ്ദാക്കുകയുണ്ടായി. അനുയോജ്യമായ ഒരു പ്രൊമോട്ടറെ കണ്ടെത്തുവാനുള്ള കെ.എസ്.ഐ.ഡി.സി.യുടെ ശ്രമം ഇതേവരെ ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

(സി) ഉത്തരം '(ബി)' ശ്രദ്ധിച്ചാലും

(ഡി) ഒമാൻ ആസ്ഥാനമായുള്ള 'ടെക്കോദേവ്' (പെട്രോകെം) എന്ന കമ്പനി പ്രാരംഭദശയിൽ ഈ പദ്ധതിയിൽ തല്പരരായിരുന്നുവെങ്കിലും പിന്നീട് ഈ സംരംഭത്തിൽ നിന്നും പിൻമാറി.

(ഇ) പ്രാരംഭ ചർച്ചകൾ നടത്തിയിരുന്നു.

(എഫ്) 'ടെക്കോദേവ്' നെ പ്പോലെ ചന്ദേരിയായും പ്രാരംഭദശയിൽ ഈ പദ്ധതിയിൽ തല്പരരായിരുന്നുവെങ്കിലും പിന്നീട് പിൻമാറുകയാണ് ഉണ്ടായത്. അതിന്റെ യഥാർത്ഥ കാരണം അറിയില്ല. എങ്കിലും പദ്ധതിക്കുവേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിവരുന്ന വലിയ മുതൽമുടക്കും, ലോകത്താകമാനം പ്രത്യേകിച്ച് തെക്ക് കിഴക്കൻ ഏഷ്യയിൽ അന്ന് ഉണ്ടായിരുന്ന സാമ്പത്തിക മാന്ദ്യവുമാണ് അതിനുള്ള കാരണങ്ങളെന്ന് കരുതപ്പെടുന്നു.

## കശുവണ്ടി വ്യവസായ വികസനം

17 (528) ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ വികസനത്തിനായി ഈ വർഷം എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും, ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വീതമാണ് ചെലവാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) അവയുടെ പുരോഗതി വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കശുവണ്ടി വ്യവസായ വികസനത്തിന്റെ ഭാഗമായി ഈ സാമ്പത്തികവർഷം 30.11.2000 വരെ 5.25 കോടി രൂപയ്ക്കുള്ള നവീകരണ പ്രവർത്തന ജോലികൾക്കുള്ള ഓർഡർ നൽകിക്കഴിഞ്ഞു. 3 കോടി രൂപ ഇതിനകം ചെലവാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പാക്കിയത്.

1. ഫാക്ടറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ 34 ഫാക്ടറികളിൽ കമ്പ്യൂട്ടറൈസ്ഡ് വെയിംഗ് സിസ്റ്റം സ്ഥാപിച്ചു.

2. തോട്ടണ്ടി പ്രോസസിംഗിൽ, നിലനിന്നുവന്ന 'കരിച്ചുവറുത്ത് തല്ലി' എടുക്കുന്നതിനു പകരം കട്ട് ചെയ്യുന്നതിനുള്ള കട്ടിംഗ് സംവിധാന മെഷീനും, ആധുനിക രീതിയിലുള്ള ഇലക്ട്രിക് ബോർമ്മ, ഹോട്ട് എയർ ബോർമ്മ എന്നിവയും ഇതിനകം സ്ഥാപിച്ചു.

3. ടിൻ ഫില്ലിംഗിന് പകരം ആധുനിക രീതിയിലുള്ള എം.വി.പി. സിസ്റ്റം നടപ്പിലാക്കി;

4. ജലദൗർലഭ്യം പരിഹരിക്കുന്നതിന് ബോർലൈൻ, ട്യൂബ് വെൽ ഇവ സ്ഥാപിച്ചു;

5. ഫാക്ടറികളിൽ തൊഴിലാളികൾ ഇരുന്നു ജോലി ചെയ്യുന്ന ഷെഡ്ഡിൽ ഫാനുകൾ സ്ഥാപിച്ചു;

6. ഫാക്ടറികളിൽ ഓലഷെഡ്ഡുകൾ മാറ്റി പെർമനന്റ് ഷീറ്റ് റൂഫ് ആക്കി.

7. ആധുനിക ടോയിലറ്റുകൾ സ്ഥാപിച്ചു. കാപ്പെക്സിനു ഈ വർഷം മാർജിൻ മണി ലോണായി സർക്കാർ അനുവദിച്ച 1.69 കോടി രൂപ, കാപ്പെക്സ്, തോട്ടണ്ടി വാങ്ങിയ ഇനത്തിലുള്ള കുടിശ്ശിക തീർക്കുവാനും തൊഴിലാളികൾക്ക് കൂലി നൽകുവാനും വിനിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കശുവണ്ടി വ്യവസായ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

### കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾ

18 (529) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വികസന കോർപ്പറേഷൻ വക ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഈ വർഷം നവംബർ 30 വരെ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇനിയും ഈ വർഷം എത്ര തൊഴിൽ ദിനങ്ങൾ കൂടി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 34 കശുവണ്ടി ഫാക്ടറികളിലായി ഈ വർഷം നവംബർ 30 വരെ 170 മുതൽ 185 വരെ ദിവസത്തെ ജോലി നൽകിയിട്ടുണ്ട്.

(ബി) ഈ വർഷം ഇനിയും (ഡിസംബർ 31 വരെ) കുറഞ്ഞത് 20 ദിവസം കൂടി ജോലി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ 34-ാം നമ്പർ ചെങ്ങമനാട് ഫാക്ടറിയിൽ 13.12.2000 തീയതി 200 ദിവസത്തെ ജോലി പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നും ജോലി നടന്നുവരികയാണ്.

### കക്കാ വ്യവസായം

19 (530) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിലെ മുഹമ്മ കക്കാ വ്യവസായ സഹകരണ സംഘത്തിന്റെ പെരുംതുരുത്ത് ഡിപ്പോയിൽ കറുത്ത കക്കയ്ക്ക് വേർതിരിവ് കൂടാതെയും ചാരമംഗലം ഡിപ്പോയിൽ കറുത്ത കക്കകളുടെ വലുപ്പ ചെറുപ്പമനുസരിച്ച് വേർതിരിവോടെ വില നിശ്ചയിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ന്യായവിരുദ്ധ-പക്ഷപാതം അവസാനിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നിർദ്ദേശം കൊടുത്തുവോ;

(ബി) ഇക്കാരണത്താൽ സംഘാംഗങ്ങളായ തൊഴിലാളികൾ കൊടുത്ത കറുത്തകക്ക ചാരമംഗലം ഡിപ്പോയിൽ സംഘം അധികാരികൾ അളക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

### മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ്

20 (531)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് പൾപ്പ് ഫൈബർ ഡിവിഷനുകൾ, ഗ്രാസിം ഇൻഡസ്ട്രീസ് എന്ന കമ്പനിയിൽ നിന്നും വേർപെടുത്താൻ നീക്കം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(സി) കമ്പനി തുറപ്പിക്കാൻ എന്തെല്ലാം നടപടികൾ ആണ് ഇതിനകം സർക്കാർ സ്വീകരിച്ചത്;

(ഡി) കമ്പനി അടച്ചുപൂട്ടുന്നത് തടയാൻ എന്ത് നടപടി കൈക്കൊള്ളാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

#### ഉത്തരം

(എ, ബി) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് പൾപ്പ് ഫൈബർ ഡിവിഷനുകൾ, ഗ്രാസിം ഇൻഡസ്ട്രീസ് എന്ന കമ്പനിയിൽ നിന്നും വേർപെടുത്തുന്നതിനുള്ള അനുമതിയ്ക്കായി കമ്പനി മാനേജ്മെന്റ് മദ്ധ്യപ്രദേശ് ഹൈക്കോടതിയുടെ ഇൻഡോർ ബഞ്ച് മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ സർക്കാർ കക്ഷി ചേരുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(സി, ഡി) കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ പലവട്ടം മാനേജുമെന്റുമായി ചർച്ചകൾ നടത്തി. എന്നാൽ അസംസ്കൃത വസ്തുക്കളെ സംബന്ധിച്ച് മാനേജുമെന്റ് കൈക്കൊണ്ട അയവില്ലാത്ത നിലപാട്മൂലം പ്രസ്തുത ചർച്ചകളിൽ ഫാക്ടറി തുറക്കാനുള്ള തീരുമാനം ഉണ്ടായില്ല. മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിന്റെ പൾപ്പ് ഡിവിഷനും ഫൈബർ ഡിവിഷനും അടച്ചുപൂട്ടുന്നതിന് അനുവാദത്തിനായി മാനേജ്മെന്റ് ഐ.ഡി. ആക്ടിന്റെ സെക്ഷൻ 25 അനുസരിച്ച് 23-8-1999-ൽ സർക്കാരിന് അപേക്ഷ നൽകി. മാനേജ്മെന്റിന്റെയും തൊഴിലാളി പ്രതിനിധികളുടെയും വാദം കേട്ട ശേഷം തൊഴിൽവകുപ്പു സെക്രട്ടറി മാനേജ്മെന്റിന്റെ അപേക്ഷ നിരസിച്ചു. ഈ ഉത്തരവിനെതിരെ മാനേജ്മെന്റ് 6-11-1999 ൽ റിവ്യൂ പെറ്റീഷൻ സമർപ്പിച്ചു. മാനേജ്മെന്റിന്റെയും തൊഴിലാളികളുടേയും വാദം കേട്ടശേഷം തൊഴിൽവകുപ്പ് സെക്രട്ടറി റിവ്യൂ പെറ്റിഷൻ നിരസിക്കുകയും തർക്ക സംഗതി കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി അഡ്ജൂഡിക്കേഷനായി വിടുകയും ചെയ്തു.

### പമ്പ റബ്ബേഴ്സിന്റെ പ്രവർത്തനം

21 (533)ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ അരുവപ്പുലത്തുള്ള 'പമ്പ റബ്ബേഴ്സ്' എന്ന സ്ഥാപനം നിലനിൽപ്പിനായി ബുദ്ധിമുട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റബ്ബർ മാർക്കറ്റിലെ ഏറ്റക്കുറച്ചിലിൽ വന്ന സാമ്പത്തിക നഷ്ടംമൂലം ഈ സ്ഥാപനം പ്രതിസന്ധിയിലെത്തിയ കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(സി) വളരെയധികം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നല്കുന്ന ഈ സ്ഥാപനം നില നിർത്താനായി സർക്കാർ എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നല്കാനോ സ്ഥാപനത്തിൽ സർക്കാർ ഷെയർ എടുക്കാനോ ഉള്ള നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഈ സ്ഥാപനത്തെ 30/11/2000-ൽ പീഢിത വ്യവസായമായി (സിക്ക് യൂണിറ്റ്) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) കോന്നി എസ്.ബി.റ്റി. ശാഖ വഴിയും സർക്കാരിന്റെ പീഢിത വ്യവസായ ഫണ്ടും കെ.എസ്.ഐ.ഡി.സി. വഴി ഷെയർക്യാപ്പിറ്റലും ലഭ്യമാക്കി സ്ഥാപനം ലാഭകരമായി പ്രവർത്തിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**വ്യവസായം തുടങ്ങുന്നതിനു വേണ്ടിയുള്ള ഇന്റർവ്യൂ**

22 (534) <u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്ക് വ്യവസായകേന്ദ്രത്തിൽ നിന്നും 1998-99, 1999-2000 കാലയളവിലും, നവംബർ 2000 വരെയും എത്രപേർക്ക് വ്യവസായം തുടങ്ങുന്നതിനു വേണ്ടിയുള്ള ഇന്റർവ്യൂ നടത്തി അനുമതി നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം ബാങ്ക് വഴിയാണ് ഇവർക്ക് ധനസഹായം നൽകിയത്; എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ കേന്ദ്രം തെരഞ്ഞെടുത്ത എത്രപേർക്ക് ബാങ്കുകൾ ധനസഹായം നൽകിയിട്ടില്ല എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ ബാങ്കുകൾക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയമം ഉണ്ടോ; ഇതനുസരിച്ച് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) വ്യവസായകേന്ദ്രം തെരഞ്ഞെടുക്കുന്നവർക്ക് കൃത്യമായും ധനസഹായം നൽകാൻ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെടുമങ്ങാട് താലൂക്ക് വ്യവസായകേന്ദ്രത്തിൽ നിന്നും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 1998-99 വർഷത്തിൽ 593 പേർക്കും 1999-2000-ൽ 544 പേർക്കും, 2000-2001 വർഷത്തിൽ ഇതുവരെയായി 486 പേർക്കും വ്യവസായം, സർവീസ്, ബിസിനസ് എന്നീ മേഖലകളിൽ സ്വയം



LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ തുടങ്ങുന്നതിനായി ഇന്റർവ്യൂ നടത്തി അനുമതി നൽകിയിട്ടുണ്ട്.

(ബി) നെടുമങ്ങാട് താലൂക്കിന്റെ കീഴിലുള്ള 35 ബാങ്കുകളിൽ നിന്നായി 1998-99 വർഷത്തിൽ 285 പേർക്ക് 1,45,76,211 രൂപയും 1999-2000 വർഷത്തിൽ 138 പേർക്ക് 71,33,328 രൂപയും 2000-2001 വർഷത്തിൽ 13 പേർക്ക് 7,57,500 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. ബാങ്കുകളുടെ പേരും ഓരോ ബാങ്കും വിതരണം ചെയ്ത തുക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ടാസ്ക്ഫോഴ്സ് കമ്മിറ്റി തെരഞ്ഞെടുത്തതിൽ 1998-99 വർഷത്തിൽ 308 പേർക്കും 1999-2000-ൽ 406 പേർക്കും ധനസഹായം നൽകിയിട്ടില്ല. 2000-2001 വർഷത്തിലെ ധനസഹായത്തിന്റെ വിവരം 2001 മാർച്ച് 31-ാം തീയതിയോടുകൂടിയേ കൃത്യമായി ലഭിക്കുകയുള്ളൂ.

(ഡി) ടാസ്ക് ഫോഴ്സ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന എല്ലാ അപേക്ഷകരേയും ബാങ്ക് പരിഗണിക്കേണ്ടതില്ല. ഓരോ ബാങ്ക് ബ്രാഞ്ചിനും നൽകിയിട്ടുള്ള ലക്ഷ്യം മാത്രം ബാങ്ക് പരിഗണിച്ചാൽ മതിയാകുന്നതാണ്. പി.എം.ആർ.വൈ. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാലും വായ്പ സഹായം നൽകുന്നത് ബാങ്കുകൾ മുഖേന ആയതിനാലും ബാങ്കുകൾക്ക് എതിരായ പരാതികളിൻമേൽ സംസ്ഥാന സർക്കാരിന് നേരിട്ട് നടപടി സ്വീകരിക്കുന്നതിന് സാദ്ധ്യമല്ല. എന്നാൽ എന്തെങ്കിലും പരാതി ഉണ്ടാകുന്നപക്ഷം അവ ജില്ലാതല/സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടേയും റിസർവ് ബാങ്കിന്റെയും കേന്ദ്രഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ഇ) പരമാവധി അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിന് ബാങ്കുകളുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

### "ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സിന്" സഹായം

23 (537) <u>ശ്രീ. പി. വിശ്വൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വകുപ്പ്, കായിക പ്രതിഭ പി.ടി.ഉഷയുടെ നേതൃത്വത്തിലുള്ള "ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സിന്" എന്തെല്ലാം സഹായം നല്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

#### ഉത്തരം

(എ) ഇതിനായി 30 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് കിൻഫ്രായെ നോഡൽ ഏജൻസി ആക്കാനുള്ള ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് വരുന്നതേയുള്ളൂ.

---

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## റൂറൽ വിമൻസ് ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ

24 (540) <u>ശ്രീമതി രാധാരാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ വിമൻസ് ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ കീഴിൽ എത്ര സഹകരണ യൂണിറ്റുകൾ ആരംഭിച്ചു; അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു;

(ബി) അവയിൽ ഓരോന്നിന്റെയും കഴിഞ്ഞ നാലുവർഷത്തെ വിറ്റുവരവെത്രയെന്ന് വിശദമാക്കാമോ;

(സി) ഓരോ സഹകരണ യൂണിറ്റിലെയും തൊഴിലാളികളുടെ ശരാശരി പ്രതിമാസ വേതനം എത്രയാണ്;

(ഡി) ഈ യൂണിറ്റുകളിലെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടോ;

(ഇ) അപ്പെക്സ് ബോഡി ഒരു വർഷം എത്രരൂപയുടെ ക്രയവിക്രയം നടത്താറുണ്ട്; എത്ര ലാഭമുണ്ടാക്കാറുണ്ട്;

(എഫ്) ഏതൊക്കെ സ്ഥാപനങ്ങളുമായാണ് വ്യാപാരബന്ധമുള്ളത്;

(ജി) സഹകരണ യൂണിറ്റുകളിൽ നിന്നല്ലാതെ പുറമെനിന്ന് ഏതെങ്കിലും ഉപകരണങ്ങൾ എപ്പോഴെങ്കിലും വാങ്ങി വിപണനം നടത്തിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഐ) അപ്പെക്സ് ബോഡിയിൽ എത്ര ജീവനക്കാരുണ്ട്; എം.ഡി. ഉൾപ്പെടെ ഓരോരുത്തരുടെയും പ്രതിമാസവേതനം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ജെ) ഓരോ സഹകരണ യൂണിറ്റിനും പ്രവർത്തനശേഷിക്ക് അനുബന്ധിച്ച് ഓർഡർ നൽകി ഓരോ തൊഴിലാളിയ്ക്കും മിനിമം കൂലി ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റൂറൽ വിമൻസ് ഇലക്ട്രോണിക്സ് ഇൻസഡ്ട്രിയൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ കീഴിൽ 18 സഹകരണ യൂണിറ്റുകൾ ആരംഭിച്ചു. അവയിൽ 6 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സഹകരണസംഘങ്ങൾ നേരിട്ട് വില്പന നടത്താറില്ല. ഫെഡറേഷൻ സൊസൈറ്റികൾക്ക് അസംസ്കൃത സാധനങ്ങൾ നൽകുകയും അവ സൊസൈറ്റികൾ അസംബിൾ ചെയ്ത് ഫെഡറേഷനിൽ നൽകുകയും അതിന് ഫെഡറേഷൻ കൺവർഷൻ ചാർജ് നൽകുകയും ചെയ്യുന്നു. നാലു വർഷത്തെ കൺവർഷൻ ചാർജ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു+

(സി) പ്രൈമറി സഹകരണ സംഘങ്ങളിൽ പ്രതിമാസ വേതനമല്ല നൽകുന്നത്. ചെയ്യുന്ന ജോലിക്കനുസരണമായ (പീസ്റ്റേറ്റ് സംവിധാനത്തിൽ) കൺവർഷൻ ചാർജാണ് നൽകിവരുന്നത്. സംഘത്തിലെ സൂപ്പർവൈസർമാർക്ക് പ്രതിമാസ അലവൻസായി 1600/-രൂപ നൽകിവരുന്നു.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.

(ഇ) കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക് താഴെ കൊടുക്കുന്നു.

| വർഷം | ഉല്പാദനം | വിപണനം | ലാഭം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1997-98 | 127.84 | 98.62 | 4.47 |
| 1998-99 | 93.23 | 70.80 | 1.79 |
| 1999-2000 | 105.57 | 41.89 | കണക്കാക്കിയിട്ടില്ല |

(എഫ്) 1. കെൽട്രോൺ

2. അനെർട്ട്
3. വിദ്യാഭ്യാസ ഡയറക്ടറേറ്റ്
4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
5. പമ്പാ ഇലക്ട്രോണിക്സ്
6. സി.എം.എസ്. കംപ്യൂട്ടേഴ്സ്
7. മെഗാലക്സ് ഇലക്ട്രോണിക് കൺട്രോൾസ്
8. പഞ്ചായത്തും മുനിസിപ്പാലിറ്റിയും

(ജി) ഉണ്ട്.

(എച്ച്) ഫെഡറേഷൻ നിർമ്മിക്കാത്ത ഉല്പന്നങ്ങൾക്കുള്ള ഓർഡർ ലഭിച്ചതിനാൽ പുറമെ നിന്ന് വാങ്ങി വിപണനം നടത്തി.

(ഐ) അപ്പെക്സ് ബോഡിയിൽ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ 29 ജീവനക്കാരുണ്ട്. അവരുടെ പ്രതിമാസ വേതനം താഴെ ചേർത്തിരിക്കുന്നു.

| തസ്തിക | പ്രതിമാസ ശമ്പളം (രൂപ) |
|---|---|
| മാനേജിംഗ് ഡയറക്ടർ | 18,300 |
| ഡെപ്യൂട്ടി ഡയറക്ടർ | 11,940 |
| എൻജിനീയർ (വർക്സ്) | 4,814 |
| എൻജിനീയർ (പർച്ചേസ്) | 4,476 |
| അക്കൗണ്ടന്റ് | 4,159 |
| സൂപ്പർവൈസർ | 3,659 |
| ടെക്നീഷ്യൻ | 3,459 |
| ടൈപ്പിസ്റ്റ് | 3,334 |
| ഡ്രൈവർ | 3,334 |
| ഹെൽപ്പർ | 3,304 |
| സെക്യൂരിറ്റി ഗാർഡ് | 3,069 |
| സ്വീപ്പർ | 2,909 |

(ജെ) ഫെഡറേഷന് സ്ഥിരമായ വർക്ക് ഓർഡർ ലഭിക്കുന്നില്ല. അതിനാൽ മിനിമം കൂലി ഉറപ്പാക്കുവാൻ നിർവാഹമില്ല. എന്നാൽ മറ്റു കമ്പനിക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ നിന്ന് കൂടുതൽ ഓർഡർ വാങ്ങി അതനുസരിച്ചുള്ള കൺവർഷൻ ചാർജ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിക്കാൻ നടപടി

25 (541) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലരാമപുരത്തെ അടഞ്ഞുകിടക്കുന്ന തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും വേഗം ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

#### ഉത്തരം

(എ,ബി) തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ തുടർന്നുള്ള പ്രവർത്തനത്തെ ഉദ്ദേശിച്ചാകാണ്ട് ഒരു പുനരുജ്ജീവന പദ്ധതി സംസ്ഥാന സർക്കാരിന്റെയും കിർഫ് ബോർഡിന്റെയും സാമ്പത്തിക സഹായത്തോടെ ഈ സ്ഥാപനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഇക്കാര്യത്തിൽ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

### മീനടം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം സംബന്ധിച്ച പരാതി

25 (541) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മീനടം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പരാതിയെന്നും എപ്പോൾ കിട്ടിയെന്നും, പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

(സി) ഈ പരാതിയിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

#### ഉത്തരം

(എ,ബി) ഉണ്ട്. ശ്രീ സിബി തോമസ്, എന്ന വ്യക്തിയുടെ 12.2.1999-ലെ പരാതി ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. പരാതിക്കാരൻ പ്രസ്തുത മില്ലിൽ 25,000/- രൂപയുടെ ഷെയർ എടുത്ത് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടും ജോലി ലഭിച്ചില്ല എന്നതാണ് പരാതി.

(സി) പരാതിയിൻമേൽ ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കൈത്തറി രംഗത്തെ പ്രതിസന്ധികൾ

27 (548) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്തെ നിലവിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് ഒരു റിപ്പോർട്ട് വ്യവസായ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് വിശദമാക്കാമോ;

(ഡി) കൈത്തറി രംഗത്തെ ഗുരുതരമായ പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് അടിയന്തിരമായി എന്തൊക്കെ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ കൈത്തറി വ്യവസായത്തിന്റെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ടു സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി,സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്

(ഡി,ഇ) പ്രൈമറി സംഘങ്ങൾക്കും അപ്പെക്സ് സംഘങ്ങൾക്കും കൊടുത്തു തീർക്കുവാനുണ്ടായിരുന്ന റിബേറ്റ്, ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുകയ്ക്ക് പുറമെ ഫണ്ട് കൂടുതലായി നൽകി 1995-96 വർഷത്തിനു ശേഷം ആകെ 34.39 കോടി രൂപ വിതരണം ചെയ്ത് 1997-98 വരെയുണ്ടായിരുന്ന കുടിശ്ശിക തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ പൂർണ്ണമായും കൊടുത്തു തീർത്തു. ബാക്കിയുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്. ഇതുകൂടാതെ എം.ഡി.എ. ഇനത്തിൽ 38.79 കോടി രൂപ വിതരണം ചെയ്തു. പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുംവിധം അവയുടെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഹാന്റെക്സ്, ഹാൻവീവ് തുടങ്ങിയ സംഘങ്ങൾ വഴി ദേശീയ അന്തർദേശീയ വിപണികൾ പിടിച്ചെടുക്കാൻ പര്യാപ്തമായ തുണിത്തരങ്ങൾ നിർമ്മിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായി ഇൻഷ്വറൻസ്, ആരോഗ്യപരിപാലനം എന്നിവയ്ക്കാവശ്യമായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

## കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് തുക

28 (549) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾക്ക് യഥാസമയം റിബേറ്റുതുക സർക്കാർ നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്; ഇപ്പോൾ എത്ര വർഷത്തെ കുടിശ്ശിക ഉണ്ട്; പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ സാധിക്കും;

(സി) ഹാന്റെക്സ് പ്രൈമറി സംഘങ്ങളിൽ നിന്നും വാങ്ങുന്ന ഉല്പന്നങ്ങളുടെ വില യഥാസമയം പ്രസ്തുത സംഘങ്ങൾക്ക് നൽകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണ്; എത്ര രൂപ ഈ ഇനത്തിൽ കുടിശ്ശികയുണ്ട്;

(ഡി) പ്രസ്തുത തുക അടിയന്തിരമായി നൽകുന്നതിന് ആവശ്യമായ നിർദ്ദേശം ഹാന്റക്സിൽ നൽകുമോ; വിശദമാക്കുമോ;

(ഇ) പ്രൈമറി കൈത്തറിസംഘങ്ങളിൽ "ഷെയർ പാർട്ടിസിപ്പേഷൻ" സർക്കാർ നടത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(എഫ്) അർഹതപ്പെട്ട സംഘങ്ങളെ ഇതിൽ നിന്നും ഒഴിവാക്കി മറ്റുപരിഗണനകൾവച്ച് "ഷെയർ പാർട്ടിസിപ്പേഷൻ" നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കി അർഹതയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ,ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് റിബേറ്റ് നൽകുന്നുണ്ട്. 1995-96 വർഷത്തിനുശേഷം ആകെ 34.39 കോടി രൂപ ഈയിനത്തിൽ വിതരണം ചെയ്ത് 1997-98 വരെയുണ്ടായിരുന്ന കുടിശ്ശിക തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്.

(സി) ഉണ്ട്. ഹാന്റെക്സിന്റെ സാമ്പത്തിക പരാധീനതയാണ് കുടിശ്ശികയ്ക്ക് കാരണം. ഈ ഇനത്തിൽ 19,07,11,778/- രൂപ കുടിശ്ശികയുണ്ട്.

(ഡി) കുടിശ്ശിക നല്കുന്നതിന് ഉതകുംവിധം ഹാന്റെക്സിന്റെ സാമ്പത്തിക കഴിവ് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) സംഘത്തിന്റെ നിയമാവലിയിൽ സർക്കാർ ഓഹരിപങ്കാളിയാണെന്നുള്ള വ്യവസ്ഥ ഉണ്ടായിരിക്കുകയും 25 തറികളും 25 അംഗങ്ങളും സംഘത്തിൽ ഉണ്ടാവുകയും രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള ഒരു പെയ്ഡ് സെക്രട്ടറിയും ഉള്ള സംഘങ്ങൾക്ക് സർക്കാർ ഷെയർ പാർട്ടിസിപ്പേഷൻ നല്കുന്നു. പ്രാഥമിക സഹകരണസംഘങ്ങളിൽ സംഘാംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ നാല് ഇരട്ടിയും കളക്ടീവ് വീവിംഗ് സെന്ററോടു കൂടിയതും എൻ.സി.ഡി.സി. വർക്ക്ഷെഡ് പണികഴിപ്പിച്ചിട്ടുള്ളതുമായ സംഘങ്ങൾക്ക്, സംഘാംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ ആറ് ഇരട്ടിയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സംഘമാണെങ്കിൽ സംഘാംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ പത്ത് ഇരട്ടിയും സർക്കാർ ഓഹരി പങ്കാളിത്തത്തിന് അർഹത ഉണ്ടായിരിക്കും.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിലെ ഫാക്ടറി ടൈപ്പ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ടി സഹായം വിതരണം ചെയ്യുന്നതിൽ മുൻഗണന നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സീനിയർ സിറ്റിസൺസിന് ആനുകൂല്യങ്ങൾ

29 (552)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സീനിയർ സിറ്റിസൺസിനു വേണ്ടി സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധമായി പ്രസ്തുത വിഭാഗത്തിൽ നിന്നും സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ,ബി) ഉണ്ട്. വൃദ്ധജനങ്ങളുടെ പരിപാലനം, പുനരധിവാസം, സംരക്ഷണം എന്നിവ ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ല ഒഴിച്ച് മറ്റെല്ലാ ജില്ലകളിലും വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതിലെ ഓരോ അന്തേവാസികൾക്ക് പ്രതിമാസം ഭക്ഷണത്തിനായി 250/- രൂപയും വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്ക് പ്രതിവർഷം 200/- രൂപയും നൽകിവരുന്നു. ഈ സർക്കാർ സ്ഥാപനങ്ങൾ കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്നതും സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നവയുമായ വൃദ്ധസദനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 100/- രൂപ നിരക്കിൽ സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകിവരുന്നു. ഇതു കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിരാശ്രയരായ വൃദ്ധജനങ്ങൾക്ക് പ്രതിമാസം 110 രൂപ നിരക്കിൽ പെൻഷനും നൽകിവരുന്നു.

(സി,ഡി) ഉണ്ട്. കേരളാ സ്റ്റേറ്റ് സീനിയർ സിറ്റിസൺസ് ഫോറം വടശ്ശേരിക്കര, ചിറ്റാർ കേരള സീനിയർ സിറ്റിസൺസ് ഫോറം, കാവിൽമൂല, കണ്ണൂർ എന്നിവരിൽ നിന്നും വിവിധ ആവശ്യങ്ങൾ അനുവദിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനും അപേക്ഷിച്ചു കൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഈ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ച് മറുപടി നൽകിയിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ആവശ്യങ്ങളിൻമേൽ/ആനുകൂല്യങ്ങളിൻമേൽ നടപടി കൈക്കൊള്ളുന്നതിന് നിവേദനത്തിന്റെ പകർപ്പുകൾ അതാത് വകുപ്പുകൾക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവ കൂടാതെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വൃദ്ധജനങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ഒരു "നിധി" രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു.

## "വികലാംഗരുടെ ക്ഷേമത്തിന് പദ്ധതികൾ"

30 (554)ശ്രീ. എ. കണാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലായി എത്ര ശതമാനം വികലാംഗർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ അന്ധർ, മൂകർ, ബധിരർ, അംഗവൈകല്യം സംഭവിച്ചവർ, മന്ദബുദ്ധികൾ എന്നിവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) വികലാംഗക്ഷേമത്തിനുവേണ്ടി കേന്ദ്ര ഏജൻസികളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) വികലാംഗരുടെ ക്ഷേമത്തിനായി സർക്കാർ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിദ്യാഭ്യാസമേഖലയിൽ : വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തൊഴിൽ പരിശീലനത്തിന് സ്റ്റൈപ്പന്റ്, ഡിഗ്രി കോഴ്സിനു വരെ 3% സംവരണം, പ്രൊഫഷണൽ കോഴ്സുകൾക്ക് സീറ്റു സംവരണം, സംയോജിത വിദ്യാഭ്യാസ പദ്ധതി, അന്ധവിദ്യാർത്ഥികൾക്ക് റീഡിംഗ് അലവൻസ്, മന്ദബുദ്ധികളായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ശ്രവണ വൈകല്യമുള്ളവർക്കു വേണ്ടി പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ.

തൊഴിൽ വകുപ്പ് : സർക്കാർ സർവീസിലെ ക്ളാസ്സ് III, IV തസ്തികകളിൽ 3% സംവരണം, 1-1-97 മുതൽ 14-8-98 വരെ താൽക്കാലിക സർവീസിലുണ്ടായിരുന്ന വികലാംഗർക്ക് സ്ഥിരനിയമനം, അന്ധർ/അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ ഈ വിഭാഗത്തിൽപ്പെടുന്ന അഭിഭാഷകർക്ക് പ്രാക്ടീസ് ചെയ്യാൻ 2500 രൂപ സഹായധനം, വായനാസഹായിയെ നിയമിക്കുവാൻ 1000 രൂപ വീതം 5 വർഷത്തേക്ക് ധനസഹായം മുതലായവ നൽകി വരുന്നു.

വികലാംഗർക്കായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ സ്പെഷ്യൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ, പ്രവർത്തിക്കുന്നു. കൺവേയൻസ് അലവൻസ്, തൊഴിൽ നികുതി ഇളവുകൾ മുതലായവയും വികലാംഗർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ആരോഗ്യ വകുപ്പ് : സംസ്ഥാനത്തെ 3 മെഡിക്കൽ കോളേജുകളിലും 4 ജില്ലാ ആശുപത്രികളിലും വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളുണ്ട്. സന്നദ്ധ സംഘടനകൾ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുകയും സഹായ ഉപകരണങ്ങളുടെ വിതരണത്തിന് ക്യാമ്പുകൾ നടത്തുകയും ചെയ്തു വരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പ് : ട്രാൻസ്പോർട്ട്/പ്രൈവറ്റ് ബസുകളിൽ വികലാംഗർക്ക് യാത്രാസൗജന്യം ലഭ്യമാണ്.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന : വികലാംഗർക്ക് വിവിധതരം സഹായ ഉപകരണങ്ങൾ നൽകി വരുന്നതു കൂടാതെ, സ്വയംതൊഴിലിനു വേണ്ട വായ്പകൾ സൗകര്യപ്പെടുത്തുക, 2000 രൂപ സബ്സിഡി നൽകുക മുതലായ സേവനങ്ങൾ ചെയ്തു വരുന്നു. സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി അമ്പൂരിൽ ആരംഭിച്ചു കഴിഞ്ഞു.

പെൻഷൻ : പ്രതിമാസം 110 രൂപ നിരക്കിൽ താഴ്ന്ന വരുമാനക്കാരായ വികലാംഗർക്ക് പെൻഷൻ നൽകിവരുന്നു.

ചികിത്സാ സഹായം : 12,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർക്ക് ചികിത്സയ്ക്ക് 5000 രൂപ വരെ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നു.

അവാർഡ് : മികച്ച സേവനത്തിന് വികലാംഗർക്കും വികലാംഗസംഘടനകൾക്കും അവാർഡ് നൽകിവരുന്നു.

ഇതിനെല്ലാം പുറമേ കേന്ദ്രവികലാംഗ (തുല്യ അവസര, അവകാശ സംരക്ഷണ, പൂർണ്ണപങ്കാളിത്ത) നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിനായി ഒരു സ്റ്റേറ്റ് കമ്മീഷണറുടെ കീഴിൽ കമ്മീഷണറേറ്റ് പ്രവർത്തിക്കുന്നു.

(ബി) സംസ്ഥാനത്തെ വികലാംഗരെ സംബന്ധിച്ച കൃത്യമായ സ്ഥിതിവിവരകണക്ക് ഇപ്പോൾ ലഭ്യമല്ല (2000-ലെ സെൻസസിൽ ഈ വിഷയം കൂടി കണക്കിലെടുക്കുവാൻ നടപടി സ്വീകരിച്ചു വരികയാണ്). മേൽ സാഹചര്യത്തിൽ ആനുകൂല്യം ലഭിച്ചിട്ടുള്ള വികലാംഗരുടെ ശതമാനം കൃത്യമായി കണക്കാക്കുവാൻ നിർവ്വാഹമില്ല.

(സി,ഡി) ഉണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 4 നും 16 നും ഇടയ്ക്ക് പ്രായമുള്ള വികലാംഗരായ കുട്ടികൾക്കുവേണ്ടി കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ബാലവികലാംഗ സദനങ്ങൾ, 18 മുതൽ 30 വയസ്സുവരെയുള്ളവരുടെ തൊഴിൽ പരിശീലനത്തിനു വേണ്ടി തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ വികലാംഗ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, തിരുവനന്തപുരത്തും എറണാകുളത്തും വനിതാ വികലാംഗസദനങ്ങൾ, കോഴിക്കോട് ഒരു പുരുഷവികലാംഗസദനം, തിരുവനന്തപുരത്തും കോഴിക്കോടും മന്ദബുദ്ധികളായ കുട്ടികൾക്കുള്ള സ്ഥാപനങ്ങൾ, മലപ്പുറത്ത് ഒരു കസ്റ്റോഡിയൽ കെയർ ഹോം മുതലായവ പ്രവർത്തിക്കുന്നു.

അന്ധർക്കും ബധിരർക്കും മാത്രമായി സർക്കാർ തലത്തിൽ 36 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

ശ്രവണവൈകല്യമുള്ള കുട്ടികൾക്കുവേണ്ടി തിരുവനന്തപുരത്ത് നിഷ് എന്ന സ്ഥാപനവും ഉണ്ട്.

വികലാംഗക്ഷേമത്തിനും പുനരധിവാസത്തിനും പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന ഒരു കേന്ദ്ര പദ്ധതി നിലവിലുണ്ട്.

(ഇ) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ ചാനലൈസിംഗ് ഏജൻസിയായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനെ നിയമിച്ചിട്ടുണ്ട്. ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് ഇതുവരെ 52.53 ലക്ഷം രൂപ 87 വികലാംഗർക്ക് സ്വയം തൊഴിൽ

പദ്ധതികൾ നടപ്പാക്കുന്നതിനും വേണ്ടി അനുവദിച്ചു കഴിഞ്ഞു. കൂടാതെ എൻ.എച്ച്.എഫ്.ഡി.സി.യിൽ അഡീഷണൽ ചാനലൈസിംഗ് ഏജൻസികളായി സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ ഏജൻസികളെ കൂടി 4-11-2000-ലെ ജി.ഒ. (ആർ.റ്റി) 340/2000/സാക്ഷേ വ. നമ്പർ പ്രകാരം ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

### വനിതാ കമ്മിഷന്റെ പ്രവർത്തന പുരോഗതി

31 (555)ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി:
ശ്രീ. കെ. നാരായണ കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് മദ്യദുരന്തം ഉണ്ടാകാനിടയുണ്ടെന്ന് വനിതാ കമ്മീഷൻ സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാലിക പ്രാധാന്യമുള്ള സ്ത്രീപീഡന കേസുകളിൽ വനിതാ കമ്മീഷൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല. വ്യാജമദ്യത്തിന്റെ അമിത പ്രചാരത്തിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ട് ഒരു ശുപാർശ നൽകിയിട്ടുണ്ട്.

(ഡി) 30-11-2000 വരെ വനിതാ കമ്മിഷനിൽ ലഭിച്ച 30544 കേസുകളിലും കമ്മീഷൻ ആക്ട് അനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലിക പ്രാധാന്യമുള്ളതായ താഴെപറയുന്ന കേസുകളിൽ കമ്മിഷൻ നിയമപരമായ അന്വേഷണം നടത്തുകയും ആവശ്യമെന്നു തോന്നിയ കേസുകളിൽ സർക്കാരിലേക്ക് ശുപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്;

1. വിതുര കേസ്

2. കോഴിക്കോട് ഐസ്ക്രീംപാർലർ കേസ്

3. പന്തളം കേസ്

4. പി.ഇ. ഉഷ കേസ്

5. ഉള്ളൂർ പ്രശാന്ത് നഗറിൽ മത്സ്യ തൊഴിലാളി സ്ത്രീയെ പീഡിപ്പിച്ച കേസ്

6. കാട്ടാക്കട സ്വദേശി അശ്വതി എന്ന കുട്ടിയുടെ കേസ്

7. അട്ടപ്പാടി ട്രൈബൽ ഹോസ്റ്റലിലെ പീഡനക്കേസ്

8. അട്ടപ്പാടി ബലാൽസംഗ കേസ്

LIBRARY ARCHIVES Kerala Legislative Assembly

9. കടയ്ക്കൽ നിവാസിയായ പെൺകുട്ടിയെ പീഡിപ്പിച്ച കേസ്

10. ചിറയിൻകീഴ് ബലാൽസംഗ കേസ്

11. ബധിരമൂക സ്കൂളിലെ വിദ്യാർത്ഥികളെ പീഡിപ്പിച്ച കേസ്

12. സൂര്യനെല്ലി കേസ്

മേൽ പറഞ്ഞിട്ടുള്ള സംഭവങ്ങളിൻമേൽ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലെ അന്വേഷണ പുരോഗതി കമ്മീഷൻ മോണിറ്റർ ചെയ്യുന്നുമുണ്ട്.

### ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ

32 (556)<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികൾ ഏതെല്ലാം; കെട്ടിടമില്ലാത്തവ ഏതെല്ലാം;

(ബി) സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം പണി തുടങ്ങാൻ സർക്കാർ അടിയന്തിരനടപടി സ്വീകരിക്കുമോ;

(സി) അംഗൻവാടി വർക്കർമാരെ സ്ഥിരപ്പെടുത്തുന്നതിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിലും ബ്ളോക്കിലുമായി എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) രണ്ട് വർഷം സർവ്വീസുള്ള പ്രസ്തുത ബ്ളോക്കിലെ എല്ലാ ജീവനക്കാരേയും സ്ഥിരപ്പെടുത്താൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) അംഗൻവാടി കെട്ടിട നിർമ്മാണം ഗ്രാമപ്പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തു നൽകിയിട്ടുള്ളതിനാൽ ഗ്രാമപ്പഞ്ചായത്ത് വഴിയാണ് കെട്ടിട നിർമ്മാണം നടത്തുന്നത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) രണ്ട് വർഷക്കാലം സേവനമുള്ള ആലത്തൂർ ബ്ളോക്കിലെ എല്ലാ താൽക്കാലിക അംഗൻവാടി ജീവനക്കാരേയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

### പ്രൊട്ടക്റ്റഡ് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമന അംഗീകാരം

33 (565)<u>ശ്രീ. പി.കെ.കെ.ബാവ</u> :

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ അദ്ധ്യാപകരുടെ നിയമന അംഗീകാരം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് അതത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം കേസുകൾ ഉത്തരവ് ലഭിക്കുന്നതിന് ഗവൺമെന്റിലേക്ക് അയച്ച് കാലതാമസം വരുത്തുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്.

### ഡി.ഡി.ഇ. ഓഫീസും ഡി.ഇ.ഒ. ഓഫീസും കോർപ്പറേഷൻ കെട്ടിടത്തിലേക്ക് മാറ്റിയ നടപടി

34 (566)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഡി.ഡി.ഇ. ഓഫീസും ഡി.ഇ.ഒ.ഓഫീസും കോഴിക്കോട് കോർപ്പറേഷൻ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിനെതിരെ വിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാരന്റെ പേരു വിവരം വെളിപ്പെടുത്തുമോ;

(സി) പൊതു താല്പര്യം മുൻനിർത്തി പുറപ്പെടുവിക്കുന്ന ഉത്തരവിനെതിരെ പ്രസ്തുത വകുപ്പിലെ ജീവനക്കാരൻ കോടതിയെ സമീപിച്ചത് അച്ചടക്കലംഘനമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഹേമന്ത് കുമാർ, യു.ഡി. ക്ളാർക്ക്, വിദ്യാഭ്യാസ ഉപഡയറക്ടർ, ഓഫീസ്, കോഴിക്കോട്.

(സി,ഡി) പരിശോധിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കാൻ നടപടി സ്വീകരിച്ച ശേഷം ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

### ഹിന്ദി അദ്ധ്യാപകരുടെ നിയമനം

35 (567)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ ഹിന്ദി അദ്ധ്യാപകരുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് എപ്പോൾ നിലവിൽവന്നു എന്നും ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചുവെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും അവയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം ഹൈസ്കൂൾ ഹിന്ദി അദ്ധ്യാപകരായിരുന്ന എത്രപേരെ ഹയർ സെക്കന്ററി സ്കൂളുകളിലും പ്ളസ് ടു സ്കൂളുകളിലും നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത റാങ്ക് ലിസ്റ്റ് 2.9.2000-ൽ നിലവിൽവന്നു. ഈ ലിസ്റ്റിൽ നിന്നും ഇതുവരെ 110 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 28.1.2000-ൽ 110 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു. അതിൽ നിയമനം നടത്തിക്കഴിഞ്ഞു. 5.8.2000-ൽ 75 ഒഴിവുകൾ കൂടി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം ഹൈസ്ക്കൂൾ ഹിന്ദി അദ്ധ്യാപകരെ ഹയർ സെക്കന്ററി അദ്ധ്യാപകരായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിട്ടില്ല.

### പത്തനംതിട്ട ജില്ലയിലെ കുമ്മണ്ണൂർ ജെ.ബി.വി. എൽ.പി. സ്കൂൾ ഏറ്റെടുക്കാൻ നടപടി

36 (568)ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്മണ്ണൂർ ജെ.ബി.വി.എൽ.പി സ്കൂൾ ഇപ്പോൾ ഏത് മാനേജ്മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്;

(ബി) ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്കൂൾ ഏറ്റെടുക്കാൻ അടിയന്തിരനടപടി കൈക്കൊള്ളാമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ കുമ്മണ്ണൂർ ജെ.ബി.വി.എൽ.പി. സ്കൂളിന് ഇപ്പോൾ മാനേജർ ഇല്ല.

(ബി) ഉണ്ട്.

(സി) പരിശോധിച്ചു വരുന്നു.

### മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. (മലയാളം) നിയമനം

37 (569)ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ ഇതിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) ഈ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ ഇപ്രകാരം ജോലി ചെയ്യുന്നു എന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തിരനടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 32 ഒഴിവുകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) നിയമനത്തിനുള്ള 32 പേരുടെ ലിസ്റ്റ് 11.12.2000-ൽ പി.എസ്.സി. യിൽ നിന്ന് ലഭ്യമായി. അവർക്കുള്ള നിയമന ഉത്തരവ് തയ്യാറായിട്ടുണ്ട്.

(ഡി) ഇല്ല; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആരും ജോലി ചെയ്യുന്നില്ല.

(ഇ) നടപടി കൈക്കൊണ്ടിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ എൽ.പി.-യു.പി. സ്കൂൾ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

38 (570) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എൽ.പി.-യു.പി. സ്കൂൾ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു എന്നറിയിക്കാമോ;

(സി) ലിസ്റ്റ് നിലവിലുള്ളപ്പോൾ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 100.

(ബി) ഉണ്ട്. 2470 പേരെ നിയമിച്ചു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### ശിവഗിരി എസ്.എൻ.എൽ.പി. സ്കൂൾ

39 (578) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) ശിവഗിരി എസ്.എൻ.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് അഞ്ചാം ക്ലാസ് അനുവദിക്കാനും തുടർന്നുള്ള വർഷങ്ങളിൽ ഉയർന്ന ക്ലാസ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തല്ക്കാലം പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) പുതിയ സ്കൂളുകൾ തുടങ്ങുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും നയപരമായ തീരുമാനമൊന്നും ഇപ്പോൾ സർക്കാർ കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ശിവഗിരി എസ്.എൻ.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല.

### സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം

40 (580) ശ്രീ. പി. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമന വ്യവസ്ഥകൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ എന്നാണ് നിർത്തലാക്കിയത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കെ. ഇ. ആറിൽ സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനം സംബന്ധിച്ച് വ്യവസ്ഥയുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കായിക, കലാ അധ്യാപകരെ സ്കൂളിൽ നിയമിക്കണമെന്ന് സർക്കാരിന് പദ്ധതിയുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ഇ. ആറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിയമിക്കുന്നവരുടെ നിയമനം അംഗീകരിക്കേണ്ടതില്ലെന്ന് 22.8.89-ലെ സ.ഉ. (എം.എസ്) നം.154/89/പൊ.വി.പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പദ്ധതിയൊന്നും ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

### തിരുവനന്തപുരം ബാർട്ടൻഹിൽ ഹൈസ്കൂൾ

41 (581)ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ബാർട്ടൻഹിൽ ഹൈസ്കൂൾ നിർത്തലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഈ വിദ്യാലയം നിറുത്തരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് രക്ഷാകർത്താക്കൾ നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നല്ല രീതിയിൽ പ്രവർത്തിക്കുന്ന എൽ.പി. സ്കൂളും ഹൈസ്കൂളും തുടർന്നും ഇവിടെത്തന്നെ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി.സി) ഉണ്ട്, നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു.

### ഓപ്പൺ സ്കൂൾ സംവിധാനത്തിനെതിരെ പ്രക്ഷോഭം

42 (595) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂൾ സംവിധാനത്തിനെതിരെ സംസ്ഥാനത്തെ പ്രമുഖ വിദ്യാർത്ഥി സംഘടനകൾ പ്രക്ഷോഭം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഘടനാ നേതാക്കളുമായി ഈ കാര്യം ചർച്ച ചെയ്തിട്ടുണ്ടോ;

(സി) ഓപ്പൺ സ്കൂൾ സമ്പ്രദായം ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഔപചാരികമായ ചർച്ചകൾ നടന്നിട്ടില്ല.

(സി) ഓപ്പൺ സ്കൂൾ സമ്പ്രദായം ഇന്നു നടന്നുകൊണ്ടിരിക്കുന്ന ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയില്ല.

### 'ഓപ്പൺ സ്കൂളുകളിൽ നൽകേണ്ട ഫീസ്'

43 (596)ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂളുകളിൽ പഠിക്കുന്നവർ നൽകേണ്ട രജിസ്ട്രേഷൻ ഫീസ് എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ അദ്ധ്യായന വർഷാരംഭത്തിൽ ഈ ഫീസ് എത്രയായിരിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(സി) ഈ ഫീസ് വർദ്ധിപ്പിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി) ഓപ്പൺ സ്കൂളിൽ രജിസ്ട്രേഷൻ ഫീസ് ഇല്ല. കോഴ്സ് ഫീസാണുള്ളത്. ഇത് കോമേഴ്സ്, ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകൾക്ക് ആയിരം രൂപയും സയൻസ് ഗ്രൂപ്പിന് ലാബ് ഫീസ് ഉൾപ്പെടെ രണ്ടായിരം രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തിലുള്ള ഫീസിനേക്കാൾ ഇപ്പോൾ ഫീസ് കുറവാണ്.

## തുടർ വിദ്യാഭ്യാസ പരിപാടി

44 (645) പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർ വിദ്യാഭ്യാസ പരിപാടി പ്രകാരമുള്ള തുല്യതാ പരിപാടി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി കൂടുതലായി വ്യാപിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 2.10.2000-ൽ ഇപ്രകാരമൊരു തുല്യതാ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുകയുണ്ടായി.

(ബി) ഔപചാരിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിട്ടില്ലാത്തവരെയും അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം പോകുന്നവരെയും മുഖ്യധാരയിൽ എത്തിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

(സി) ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ നവ സാക്ഷരരെയും നാലാംക്ലാസ് പരീക്ഷയ്ക്കിരുത്തുവാനും തുടർന്ന് 7-ാം ക്ലാസ്സ്, പത്താം ക്ലാസ്സ് എന്നിവയ്ക്കു തുല്യമായ പരീക്ഷകൾ നടത്തുവാനും സംസ്ഥാന സാക്ഷരതാ മിഷൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## നെടുമ്പാശ്ശേരി എയർപോർട്ട് റോഡ്

45 (660)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് നാഷണൽഹൈവേ ലിങ്ക് റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് കേരള വികസന വിചാരവേദി പ്രസിഡന്റ് സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡ് എവിടം മുതൽ എവിടെ വരെയാണ്; ഇതിന്റെ നീളമെത്രയാണ്; ഉക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് അനുയോജ്യമായ ഈ എൻ.എച്ച്. ലിങ്ക് റോഡ് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നതിനായി കേന്ദ്രസർക്കാരിനയയ്ക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി,സി) ദേശീയപാത 47-ലെ അത്താണിയിൽ ആരംഭിച്ച് ദേശീയപാത 17-ലെ കോട്ടപ്പുറത്ത് എത്തുന്ന റോഡിന് 23.8 കി.മീ. നീളമുണ്ടാകും. 3733 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിശോധനയിലാണ്.

## ശിവഗിരി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

46 (662)ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല ടൗണിലെ റെയിൽവേസ്റ്റേഷൻ, ജവഹർ ജംഗ്ഷൻ ഉൾപ്പെടെയുള്ള ടൗണിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡുകളിൽ എത്രയുംവേഗം അറ്റകുറ്റപ്പണികൾ നടത്താമെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഉറപ്പ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ശിവഗിരി ഉത്സവംകൂടി കണക്കിലെടുത്ത് ഈ ഭാഗങ്ങളിലെ അറ്റകുറ്റപ്പണികൾ എത്രയുംവേഗം ചെയ്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ടാറിന്റെ അപര്യാപ്തതമൂലം കഴിഞ്ഞ മഴയ്ക്ക് മുമ്പ് ടാർ ഉപയോഗിക്കാതെ മെറ്റൽ പാച്ച് വർക്ക് ചെയ്തിരുന്നു. അറ്റകുറ്റപ്പണികൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ ഭാഗത്തെ അറ്റകുറ്റപ്പണികൾ ശിവഗിരി ഉത്സവത്തിന് മുമ്പ് ചെയ്തു തീർക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## പേരൂർച്ചാൽ പാലത്തിന്റെ പണി

47 (664)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ പേരൂർച്ചാൽ പാലത്തിന്റെ പണി നിർത്തിവച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് അടിയന്തിരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പണി റീടെണ്ടർ ചെയ്യാൻ നിർദ്ദേശം നൽകുമോ;

(സി) ഇക്കാര്യത്തിൽ കോടതിയുടെ സ്റ്റേ നിലവിലുണ്ടോ; എങ്കിൽ സ്റ്റേ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ പണി യഥാസമയത്തു കരാറുകാരൻ ചെയ്യാത്തതുകൊണ്ട് കരാറുകാരന്റെ ബാദ്ധ്യതയിൽ ബാക്കി പണികൾ ടെണ്ടർ ചെയ്തു. ഈ നടപടി കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്

(ബി) സ്റ്റേ ഓർഡർ ഒഴിവാക്കി കിട്ടുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. സ്റ്റേ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## എരിഞ്ഞിലംകോട് പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കാൻ നടപടി

48(665)ശ്രീ.എം.നാരായണൻ(ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മാനടുക്ക-ബന്ധടുക്ക-കോളിച്ചാൽ റോഡിൽ എരിഞ്ഞിലംകോട് പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. 95 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) 1995- ൽ പ്രസ്തുത പാലത്തിന് 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് പുതുക്കിയ എസ്റ്റിമേറ്റ് തുക 95 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

### തൃക്കരിപ്പൂർ ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

49 (669)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ പയ്യന്നൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തൃക്കരിപ്പൂർ ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെങ്ങൂർ-പുളിങ്ങോം റോഡിനെ കർണ്ണാടക സംസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഭാഗ മണ്ഡലത്തിലെ പാലം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ ബൈപാസ് മേജർ ഡിസ്ട്രിക്ട് റോഡാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ബി) റോഡ് പുനരുദ്ധാരണത്തിനും പാലം പണിയ്ക്കുമുള്ള നിർദ്ദേശം പരിശോധനയിലാണ്.

### സുൽത്താൻ ബത്തേരി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

50 (671)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരിയിലെ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി എന്നു വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സുൽത്താൻ ബത്തേരിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 110 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ ആർക്കിടെക്ചുറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിന് ചീഫ് ആർക്കിടെക്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 3,28,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

### സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ്

51 (672)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സുൽത്താൻ ബത്തേരിയിൽ സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പ്രവൃത്തിക്ക് ബജറ്റിൽ എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്നും എന്തു തുകയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഉപ്പാടി വില്ലേജിലെ കടമാൻ ചിറ എന്ന സ്ഥലത്ത് സർക്കാർ കൈവശം ഉണ്ട്.

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ 1,06,000 രൂപ വകയിരുത്തിയിട്ടുണ്ട്. റഫ് കോസ്റ്റ് എസ്റ്റിമേറ്റ് 37.00 ലക്ഷം രൂപയാണ്.

(സി) ഭൂമി ഏറ്റെടുക്കേണ്ട ആവശ്യം ഇല്ല. സർക്കാർ ഭൂമി കൈവശം ഉണ്ട്.

## മേജർ ജില്ലാ റോഡുകൾ

52(673)ശ്രീ.എം.നാരായണൻ(ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി ഏതെങ്കിലും റോഡുകൾ മേജർ ജില്ലാ റോഡുകൾ ആയി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഹോസ്ദുർഗ്ഗ്-പാണത്തൂർ സംസ്ഥാന ഹൈവേയുമായി ബന്ധിപ്പിക്കുന്നതും കേരള കർണ്ണാടക സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്നതുമായ പാണത്തൂർ-കല്ലുപ്പള്ളി, കൊന്നക്കാട്-വെള്ളരിക്കുണ്ട്, നീലേശ്വരം-കോട്ടപ്പുറം-എരിഞ്ഞിക്കിൽ എന്നീ റോഡുകൾ ഇതിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27 റോഡുകളെ മേജർ ജില്ലാ റോഡുകളാക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

## കുണ്ടറ ഇ.എസ്.ഐ. ചന്ദനത്തോപ്പ്-പെരിനാട് റോഡിന്റെ എസ്റ്റിമേറ്റ് തുക

53 (677)ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ കുണ്ടറ ഇ.എസ്.ഐ ചന്ദനത്തോപ്പ്-പെരിനാട് റോഡിന്റെ എസ്റ്റിമേറ്റ് തുക എത്ര; ഈ റോഡിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇടിയക്കടവ്-പേഴുംതുരുത്ത് റോഡിന്റെ എസ്റ്റിമേറ്റ് തുക എത്ര; ഇത് റിവൈസ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര; ഇതിന്റെ പണി ആരംഭിച്ചതെന്നാണ്; എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) താന്നിമുക്ക്-റെയിൽവേ സ്റ്റേഷൻ റോഡിന്റെ വർക്ക് പൂർത്തീകരിച്ച തീയതി വെളിപ്പെടുത്തുമോ; എത്ര തുക ഇതിനു ചെലവഴിച്ചു;

(ഡി) പട്ടംതുരുത്ത് പേഴുംകടവ് റോഡിന്റെ എത്ര കി.മീ. പണിയാണ് ഇപ്പോൾ നടക്കുന്നത്; ഈ റോഡിന്റെ എസ്റ്റിമേറ്റ് എത്ര; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കും;

(ഇ) കാരുത്തക്കടവ്-റെയിൽവേ സ്റ്റേഷൻ റോഡിന്റെ എസ്റ്റിമേറ്റ് തുക എത്ര; ഈ വർക്ക് എന്നു തുടങ്ങി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 32 ലക്ഷം രൂപ- പ്രസ്തുത റോഡിന്റെ ചിപ്പിംഗ് കാർപ്പറ്റിന്റെ പണി മാത്രമേ ഇനി ബാക്കിയുള്ളു. താമസിയാതെ പൂർത്തിയാക്കുന്നതാണ്.

(ബി) 88.50 ലക്ഷം രൂപ റിവൈസ് ചെയ്ത തുക 110.54 ലക്ഷം രൂപ 5.12.98-ൽ എഗ്രിമെന്റ് അനുസരിച്ച് 3.6.2000 ലാണ് തീരേണ്ടത് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. പണി എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

(സി) 31.3.99, 2,95,619 രൂപ.

(ഡി) 4.52 കി.മീ പണി ഇപ്പോൾ നടന്നുവരുന്നു. 'ബി' യിൽ സൂചിപ്പിച്ചിട്ടുള്ള റോഡും പട്ടംതുരുത്ത് പേഴുംകടവ് റോഡും ഒന്നുതന്നെ ആയതിനാൽ വിശദാംശങ്ങൾ 'ബി'യിൽ കാണാവുന്നതാണ്

(ഇ) 21.50 ലക്ഷം രൂപ 11.11.98-ൽ പണി തുടങ്ങി 28.2.2000-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെട്ടിരിക്കുന്നു. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 81,19,256.

## പത്തനംതിട്ട ജില്ലയിലെ നിർദ്ദിഷ്ട ബൈപാസ് നിർമ്മാണം

54 (693)<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ നിർദ്ദിഷ്ട ബൈപാസ് നിർമ്മാണം സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷംതന്നെ ഇതിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ,ബി) പ്രസ്തുത റിംഗ് റോഡ് നാലു റീച്ചുകളായിട്ടാണ് പ്രൊപ്പോസ് ചെയ്തിരുന്നത്. അതിൽ ഒന്നാമത്തെ റീച്ചായ ബി1 ബി1 (തിരുവല്ല-കുമ്പഴറോഡിൽ കി.മീ. 29/400 നും കൈപ്പട്ടൂർ-പത്തനംതിട്ട റോഡിൽ കി.മീ. 5/600) റീച്ചിന്റെ പണി 11/97-ൽ തീർന്നു രണ്ടാമത്തെ റീച്ചായ (എ1, എ1) കൈപ്പട്ടൂർ-പത്തനംതിട്ട റോഡിൽ കി.മീ. 5/600 ന് ഇടയ്ക്കുള്ള റീച്ചിന്റെ പണി പുരോഗതിയിലാണ്. മൂന്നാമത്തെ റീച്ചിന് (ഡി1,ഡി1) ഭരണാനുമതി നൽകിയിട്ടുണ്ട്. നാലാമത്തെ റീച്ചായ സി1,സി1 ന്റെ പണികൾക്കായിട്ടുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണികൾ ആരംഭിക്കുന്നതാണ്.

### കൂത്താട്ടുകുളം-അഞ്ചൽപ്പെട്ടി-പിറവം റോഡ്

55 (698) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളം, അഞ്ചൽപ്പെട്ടി-പിറവം റോഡിലെ വളവുകൾ നിവർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓണക്കൂർ മുതൽ പിറവം വരെയുള്ള റോഡിലെ വളവുകളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വളവുകൾ നിവർത്തുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഓണക്കൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ എന്നത്തേക്ക് പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുക്കും?

ഉത്തരം

(എ) വളവുകൾ നിവർത്തുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അപ്രോച്ച് റോഡിന്റെ മെറ്റലിംഗ് പണികൾ നടന്നുവരുന്നു. പണികളെല്ലാം പൂർത്തിയാക്കി താമസിയാതെ ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതാണ്.

### റിയൽ എസ്റ്റേറ്റിന്റെ തീറാധാരങ്ങൾ

56(706) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും റിയൽ എസ്റ്റേറ്റിന്റെ എത്ര തീറാധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ബിനാമി ഏർപ്പാടിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ,ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

*21.12.2000-ത്തിലെ താഴെ കാണുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.*

504, 505, 509, 510, 512, 515, 521, 523, 532, 535, 536, 538, 539, 542, 544, 545, 547, 549, 550, 551, 553, 557, മുതൽ 564 വരെ, 571 മുതൽ 577 വരെ, 579, 582 മുതൽ 594 വരെ, 597, 598 മുതൽ 644 വരെ, 646 മുതൽ 659 വരെ, 661, 663, 666, 667, 668, 670, 674, 675, 676, 678, മുതൽ 692 വരെ, 694 മുതൽ 697 വരെ, 699 മുതൽ 705 വരെ.

*(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)*

**[9.30 A.M.]**

<u>മി.സ്പീക്കർ</u> : ഓർഡർ, ഓർഡർ. ഇന്ന് അടിയന്തിര പ്രമേയത്തെ സംബന്ധിച്ച് രണ്ട് നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലമുള്ള ട്രഷറി ട്രാൻസാക്ഷന്റെ സ്തംഭനാവസ്ഥയെ സംബന്ധിച്ച് ശ്രീ. കെ.എം. മാണിയുടേത് ഒന്ന്. രണ്ടാമത്തേത് ശ്രീ.കെ.സി.ജോസഫ് നൽകിയിട്ടുള്ള സ്നേക്ക് പാർക്കിനെ സംബന്ധിച്ചുള്ളതാണ്. ഇതിൽ സാമ്പത്തികത്തിന്റെ കാര്യത്തിൽ ഞാൻ പരിശോധിച്ചപ്പോൾ ഈ സഭയിൽ പലപ്പോഴും ഉണ്ടായിട്ടുള്ള, ഉന്നയിക്കപ്പെട്ടിട്ടുള്ള ഒരു പ്രശ്നമാണത്. ഞാൻ അതിന്റെ സാങ്കേതികമായ കാര്യമാണ് പറയുന്നത് വിഷയമല്ല. നിയമസഭയിൽ ഒരു വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ, അന്ന് അടിയന്തിര പ്രമേയത്തിനും അതുപോലുള്ള കാര്യങ്ങൾക്കും പ്രസക്തിയുണ്ടോ എന്ന വിഷയം സമയമില്ലെങ്കിൽപ്പോലും ഞാനത് പരിശോധിച്ചപ്പോൾ 1970-72 മുതൽ ഇതേ സമാന സ്വഭാവത്തിലുള്ള കാര്യങ്ങൾ, ഈ കാലത്ത് വന്നോ എന്ന് എനിക്കറിയില്ല. വന്നിട്ടുണ്ട്. ഇതിനു മുൻകാലത്തും വന്നിട്ടുണ്ട്. ഒട്ടേറെ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. റൂളിംഗുകളിൽ ഒന്ന് ഞാൻ വായിക്കാം. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ വേണ്ടിമാത്രം. 1972-ലെ റൂളിംഗാണിത്. "It is the convention of this House that on days when Financial Business is on the agenda, Adjournment Motions and Call Attention notices are not ordinarly taken up, for the reason that there would be ample opportunities to discuss these matters which are sought to be raised by means of them". എന്നു തുടങ്ങുന്നതാണ് ആ റൂളിംഗ്. അങ്ങനെ ഓരോ സ്പീക്കർമാരുടേയും റൂളിംഗുകളുണ്ട്. നമ്മുടെ സഭയിലുമുണ്ട്. സാമ്പത്തികമാണ് വിഷയം. സാമ്പത്തികമാണ് നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്നലെ ചർച്ച ചെയ്തു, ഇന്ന് ചർച്ച ചെയ്യുന്നു. ഞാൻ പഴയ റൂളിംഗുകൾ ആവർത്തിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെ ഒരു സംഗതിയുണ്ട്. സാധാരണ അടിയന്തിര പ്രമേയം അവതരിപ്പിക്കുന്ന കാര്യത്തിൽ ഈ സഭയുടെ ചരിത്രം പരിശോധിച്ചാൽ ഏറ്റവും ലിബറലായിട്ട് അനുവദിച്ചിട്ടുള്ള ഒരു സന്ദർഭമാണ്. അത് ആർക്കും നിഷേധിക്കാൻ പറ്റില്ല. ഞാൻ ഒരു അവകാശവാദത്തിലേയ്ക്ക് കടക്കുന്നില്ല. അതാണ് അതിന്റെ ഒരുവശം. പക്ഷേ ഞാൻ അത് മെൻഷൻ ചെയ്യാതെ പോകുന്നില്ല. മെൻഷൻ ചെയ്തു. അത് കൊണ്ടുവന്നതിന്റെ ഗൗരവം വച്ച് മെൻഷൻ ചെയ്തു. അല്ലെങ്കിൽ മെൻഷൻ ചെയ്യാതെ തന്നെ പോകാമായിരുന്നു. സ്നേക്ക് പാർക്കിന്റെ വിഷയം ഞാൻ പറഞ്ഞല്ലോ. ഇത് വന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇന്നലെ ആ



LIBRARY ARCHIVES Kerala Legislative Assembly

വിഷയം ഇവിടെ വന്നു. ശ്രീ.കെ.സി. ജോസഫ് പറഞ്ഞല്ലോ....... അതിന് സമയവും സന്ദർഭവുമുണ്ട്. ശ്രീ. കെ.സി.ജോസഫാണ് ആദ്യമായിട്ട് ഒരു സബ്മിഷൻ എനിക്ക് തരുന്നത്. അന്നേ ദിവസം തന്നെ വൈകുന്നേരം ശ്രീ.എം. വി.ഗോവിന്ദൻ മാസ്റ്റർ ഒരു സബ്മിഷൻ തന്നു. രണ്ടു ദിവസം മുമ്പാണ്. അപ്പോൾ ഞാൻ ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്ററോട് പറഞ്ഞു. ശ്രീ.കെ.സി. ജോസഫിന്റെ സബ്മിഷനുണ്ട്. ഞാൻ കൊടുക്കുകയാണ്. ഇല്ല, പറ്റില്ല, എന്റെ കോൺസ്റ്റിറ്റുവൻസിയിലേതാണ് എന്നുപറഞ്ഞു.... അതിന് സമയവും സന്ദർഭവും ഉണ്ട്. അത് വേറെ കാര്യം. ഇന്നലെ ഇവിടെ ഉന്നയിക്കപ്പെട്ടു. ഉന്നയിച്ചതിന് മന്ത്രി മറുപടി പറഞ്ഞു. എന്നാലും ചെയർ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. അതിൽ പരാമർശിക്കാത്തതായിട്ട് എന്തെങ്കിലും പോയിന്റ്സ് ഉണ്ടെങ്കിൽ അദ്ദേഹത്തിന് പരാമർശിക്കാനുള്ള അവസരം കൊടുക്കാം... സഹകരിക്കുക. എല്ലാം ചെയ്യാം. ചർച്ചയുടെ കാര്യമുണ്ടോ ശ്രീ.ജി. കാർത്തികേയൻ?

<u>ശ്രീ.ജി.കാർത്തികേയൻ</u> : സർ, അങ്ങയുടെ റൂളിംഗിനെയൊന്നും ചോദ്യം ചെയ്യുന്നില്ല. ഒരുപാട് പുതിയ തുടക്കങ്ങൾ ഉണ്ടാക്കിയിട്ടുള്ള സഭയാണിത്. 1972-ലെ റൂളിംഗുകൾ അങ്ങ് ക്വോട്ട് ചെയ്തു. അന്ന് ആ റൂളിംഗ് നടത്തിയ സ്ഥലത്തുള്ള സാമ്പത്തികമായ അവസ്ഥയാണോ ഇന്ന് കേരളത്തിൽ? സാമ്പത്തികമായി കേരളം ഇന്ന് ഒരു കത്തുന്ന പുരയായി മാറിയിരിക്കുകയാണ്. ഇന്നലെ ചർച്ച ചെയ്തുവെങ്കിലും ഇന്ന് ചർച്ച വരുന്നുവെങ്കിൽ പോലും സ്പെസിഫിക്കായിട്ട് സാമ്പത്തികമേഖല നേരിടുന്ന വൻ ഭീഷണിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള...

<u>മി.സ്പീക്കർ</u> : ഇത് ചർച്ച മാത്രമല്ല, ഇന്നലേയും ഇന്നും ഉള്ളത് വെറും ചർച്ച മാത്രമല്ല. വോട്ടിംഗ് വരെയുണ്ട്. സർക്കാരിനെ പ്രതിക്കൂട്ടിലാക്കാനും വോട്ട് ചെയ്ത് പരാജയപ്പെടുത്താനുള്ള അവസരംവരെയുണ്ട്. പാർലമെന്റിൽപ്പോലും ഇല്ലാത്തതാണ്.

<u>ശ്രീ.ജി.കാർത്തികേയൻ</u> : കേരളത്തിന്റെ ട്രഷറി ട്രാൻസാക്ഷൻ കംപ്ളീറ്റ് നിന്നിരിക്കുകയാണ്. ഇതിലേറെ എന്തെങ്കിലും ഗുരുതരാവസ്ഥ ഉണ്ടായിട്ടുണ്ടോ? കംപ്ളീറ്റ് സ്തംഭിച്ചിരിക്കുകയാണ്. ട്രഷറിയിൽ രണ്ട് ഡോറുകൾ തുറന്നുവച്ചിരിക്കുന്നുവെന്നേയുള്ളു.

<u>മി.സ്പീക്കർ</u> : ശ്രീ.ജി.കാർത്തികേയൻ, അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. പക്ഷേ അതിന് ആംപിൾ ഓപ്പർച്ച്യൂണിറ്റീസ് ഉണ്ടെന്നു മാത്രമല്ല നിങ്ങൾക്കത് പ്രസ് ചെയ്യാനും വോട്ട് ചെയ്ത് പരാജയപ്പെടുത്താനുമുള്ള അവസരം വരെ ഇന്ന് സഭയിലുണ്ട്.

<u>ശ്രീ.ജി.കാർത്തികേയൻ</u> : സർ, ഈ വിഷയത്തിന്റെ ഗൗരവം....

<u>മി.സ്പീക്കർ</u> : അതുകൊണ്ടാണ് ഞാൻ ഒരു ആർഗ്യുമെന്റ് നേടുകയോ ഒന്നുമല്ല.

<u>ശ്രീ.ജി.കാർത്തികേയൻ</u> : സർ, പറശ്ശിനിക്കടവിലേത്...

<u>മി.സ്പീക്കർ</u> : അത് ഞാൻ പറഞ്ഞല്ലോ. അതിനോട് ഞാൻ പ്രതികരിച്ചല്ലോ.

<u>ശ്രീ.കെ.എം.മാണി</u> : സർ, ഇങ്ങനെ ഒരു വിഷയത്തെ വളരെ സാങ്കേതികമായി ചിന്തിക്കരുത്. എനിക്ക് ഒരു അഭ്യർത്ഥനയുള്ളത്. ഞങ്ങൾ അങ്ങയുടെ റൂളിംഗിനെ മാനിക്കുന്നു. പക്ഷേ ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ട്രഷറി സ്തംഭിച്ചിരിക്കുന്നു. ഇത് അടിയന്തിര പ്രമേയം എന്നുള്ള നിലയിൽ ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. അതുകൊണ്ട് അങ്ങ് ദയവായിട്ട് അത് അനുവദിക്കണം.

മി.സ്പീക്കർ : ഞാൻ പറയാം. അതിന്റെ സാങ്കേതികമായ വശം.... അങ്ങ് ഉന്നയിച്ച കാര്യം തന്നെയാണെങ്കിലും ഇന്നലെ വന്നു. ഇന്നലെ സഭ പിരിഞ്ഞതിനുശേഷം അസാധാരണമായിട്ടുള്ള ട്രഷറി പൂട്ടലോ മറ്റോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഉന്നയിക്കാൻ ഇന്ന് അവസരമുണ്ട്. ഞാൻ പറയുന്നത്, ചെയറിന്റെ ജോലി എന്താണ്? അവസരം നൽകുക എന്നതാണ്. ചെയറിന്റെ ജോലി അവസരം നൽകുക എന്നതാണ്. അതിനെ തടയാൻ ആർക്കും ഒരു അവകാശവുമില്ല. ഈ കാര്യത്തിൽ ഞാൻ വളരെ വളരെ തറപ്പിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. അവസരം നൽകും. അവസരമുണ്ട്. അതുമാത്രമേയുള്ളൂ. ഇനി റൂൾ 62.

# II. ശ്രദ്ധക്ഷണിക്കൽ

## (1) വിശ്വകർമ്മ സമുദായത്തിന്റെ ഉന്നമനത്തിനായി സ്വീകരിക്കേണ്ട നടപടികൾ

ശ്രീ.എം.മുരളി : സർ, കേരളത്തിലെ ജനസംഖ്യയുടെ 12 ശതമാനം വരുന്ന പരമ്പരാഗത കൈത്തൊഴിലാളികളായ വിശ്വകർമ്മജരുടെ ജീവൽപ്രധാനങ്ങളായ ആവശ്യങ്ങളിലേയ്ക്കാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. അഖില കേരള വിശ്വകർമ്മ മഹാസഭയുടെ നേതൃത്വത്തിൽ ഈ ജനവിഭാഗം ഇന്ന് ഒരു സമരപാതയിലാണ്. 5 മാസങ്ങൾക്കുമുമ്പ് അവർ പതിനായിരങ്ങളെ അണിനിരത്തിക്കൊണ്ട് ഒരു സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയുണ്ടായി. ഏതാനും ദിവസങ്ങൾക്കുമുമ്പ് കേരളത്തിലെ കളക്ടറേറ്റുകളിലേയ്ക്ക് ആയിരക്കണക്കിന് വിശ്വകർമ്മജർ മാർച്ച് നടത്തുകയുണ്ടായി. അവർ ഏറ്റവും പ്രധാനമായി ഉന്നയിക്കുന്ന ഒരു ആവശ്യം വിവിധ വിഭാഗങ്ങളിൽപ്പെട്ട വിശ്വകർമ്മജരെ പരമ്പരാഗത കൈത്തൊഴിലാളികളായി അംഗീകരിക്കണം എന്നുള്ള ആവശ്യമാണ്. അത് കാലാകാലങ്ങളിലായി വിശ്വകർമ്മ സമുദായം മുന്നോട്ടു വച്ചിരിക്കുന്ന ആവശ്യമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലൊന്നും അത് സ്വീകരിക്കപ്പെട്ടില്ല. ഇന്ന് ഈ ആവശ്യത്തിന് കൂടുതൽ പ്രസക്തിയുണ്ട്. ഇപ്പോഴത്തെ പ്രസക്തി എന്തെന്ന് ചോദിച്ചാൽ ക്രീമിലെയർ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചപ്പോൾ ആ കമ്മിഷൻ നടത്തിയ പഠനത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ടിൽ വിശ്വകർമ്മ സമുദായത്തിൽപ്പെട്ട ഉപവിഭാഗങ്ങളായ പരമ്പരാഗത കൈത്തൊഴിലാളികളായ ബ്ളാക്ക്സ്മിത്ത്, ഗോൾഡ് സ്മിത്ത്, കാർപെന്റർ, മേസൺ, ബ്രോൺസ് സ്മിത്ത്, കോപ്പർ സ്മിത്ത്.... (ആ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽത്തന്നെ പറയുകയാണ്) തുടങ്ങിയ വിഭാഗങ്ങളെ മേൽത്തട്ടിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുകയാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. നേരത്തെ ഞാൻ സൂചിപ്പിച്ച വിഭാഗങ്ങളെ മേൽത്തട്ടിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ നിഗ

LIBRARY ARCHIVES Kerala Legislative Assembly

മനം ഈ വിഭാഗങ്ങളിൽ മേൽത്തട്ടില്ല എന്നുള്ളതാണ്. ഈ കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് സർക്കാർ ഈ വിഭാഗങ്ങളിൽ മേൽത്തട്ടില്ല എന്നുള്ള ഔദ്യോഗികമായ ഉത്തരവും നമ്മുടെ സംസ്ഥാനത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ 43 ലക്ഷത്തോളം വരുന്ന വിശ്വകർമ്മജർ സാമുദായികാടിസ്ഥാനത്തിൽ പരിശോധിച്ചാൽ 5-ാം സ്ഥാനത്തു നിൽക്കുന്ന സമുദായമാണ്. നരേന്ദ്രൻ കമ്മീഷന്റെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇവർ മേൽത്തട്ടില്ലാത്ത ഒരു വിഭാഗമെന്ന നിലയിൽ ഇവരുടെ നിലനിൽപ് ഉറപ്പുവരുത്തുവാൻ കാലാകാലങ്ങളായി ഇവർ ആവശ്യപ്പെടുന്ന ഏറ്റവും സുപ്രധാനമായ ഒരു കാര്യം അവരെ പരമ്പരാഗത കൈത്തൊഴിലാളികളായി അംഗീകരിക്കണമെന്നുള്ളതാണ്. എത്രയുംവേഗം അത് ഗവൺമെന്റ് അംഗീകരിക്കുകയും അവരുടെ പരമ്പരാഗതമായ തൊഴിലുകൾ നിലനിർത്തുവാനും സംരക്ഷിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ ഞാൻ സമർപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് 60 വയസ്സുകഴിഞ്ഞ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിയിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലകളിലുമുള്ള ജനവിഭാഗങ്ങളെ ഈ ക്ഷേമനിധിയുടെയും പെൻഷന്റെയും പരിധിയിൽ നമ്മുടെ സംസ്ഥാനം ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയാണ് ഒരു പക്ഷേ ഏറ്റവും വിപുലമായ അംഗസംഖ്യയുള്ള ക്ഷേമനിധി. പക്ഷേ, നിർഭാഗ്യവശാൽ വിശ്വകർമ്മജർ പ്രധാനമായും ഉൾക്കൊള്ളുന്ന ആർട്ടിസാൻസ് വിഭാഗത്തിൽപ്പെട്ട സ്വർണ്ണപ്പണിക്കാർ, ചെമ്പുപണിക്കാർ തുടങ്ങിയ വിഭാഗങ്ങളെ നമ്മുടെ സംസ്ഥാനത്തുള്ള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ അപാകത കൂടെ പരിഹരിക്കാൻ കൈത്തൊഴിലുകാരായ കരകൗശലക്കാരായ, ചെമ്പുപണിക്കാരും സ്വർണ്ണപ്പണിക്കാരും ഉൾപ്പെടുന്ന വിശ്വകർമ്മ വിഭാഗത്തിനുവേണ്ടി ഒരു പ്രത്യേക ആർട്ടിസാൻസ് ക്ഷേമനിധി കേരളത്തിൽ രൂപീകരിക്കുവാനുള്ള നടപടിയ്ക്ക് അങ്ങയുടെ കാലഘട്ടത്തിൽ തുടക്കം കുറിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് മേൽത്തട്ടിൽ നിന്ന് ഇവരെ ഒഴിവാക്കിയ സാഹചര്യത്തിൽ പരമ്പരാഗതമായ കൈത്തൊഴിലുകളിലും കരകൗശലത്തിലും ഏർപ്പെട്ട് കുടുംബജീവിതം നടത്തുന്ന, ഉപജീവനം നടത്തുന്ന ഇവരെ, നരേന്ദ്രൻ കമ്മീഷന്റെ നിഗമനത്തിൽ തന്നെ ഇവരുടെ ജീവിത സായാഹ്നത്തിൽ ഇവർക്ക് സംരക്ഷണം കൊടുക്കുവാൻ, ഇത്തരത്തിലുള്ള ഒരു പ്രത്യേക ആർട്ടിസാൻസ് ക്ഷേമനിധിയും പെൻഷൻ പദ്ധതിയും നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തുവാൻ അങ്ങയുടെ ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ വിശ്വകർമ്മജർക്കു ലഭിക്കുന്ന സംവരണാനുകൂല്യം ഇവർക്ക് തികച്ചും ഫലപ്രദമല്ല. 42 ലക്ഷത്തോളം വരുന്ന കേരളത്തിലെ ജനസംഖ്യയിൽ 12 ശതമാനത്തോളം വരുന്ന, കേരളത്തിലെ അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ 5-ാമത് വരുന്ന വിശ്വകർമ്മജർക്ക് 3 ശതമാനം സംവരണം മാത്രമാണ് ഇപ്പോൾ ഉള്ളത്. അതും അവർക്ക് പ്രയോജനപ്പെടുന്നില്ല. 20, 70, 100 എന്നതാണ് പി.എസ്.സി. നിയമനത്തിൽ അവർക്കുള്ള റൊട്ടേഷൻ. 20 ഒഴിവുകൾ ഉണ്ടെങ്കിൽമാത്രമേ വിശ്വകർമ്മജർക്ക് ഒരു തസ്തികയിൽ നിയമനം ലഭിക്കൂ. നമ്മുടെ സംസ്ഥാനത്ത് മിക്ക തസ്തികകൾക്കും 20 ഒഴിവുകൾ കാണുകയില്ല. അതുകൊണ്ട് പലപ്പോഴും വിശ്വകർമ്മജർ പി.എസ്.സി. നിയമനങ്ങളിൽ അവഗണിക്കപ്പെടുകയാണ്. ഈ റൊട്ടേഷൻ വ്യവസ്ഥ അങ്ങും ഗവൺമെന്റും പരിശോധിച്ചുകൊണ്ട് പുനഃക്രമീകരിക്ക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്ന് അഭ്യർത്ഥിക്കുന്നു. വിശ്വകർമ്മജരുടെയും, വിശ്വകർമ്മമഹാസഭയുടെയും ഈ ആവശ്യം ഞാൻ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിക്കുന്നു. സ്വകാര്യ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിശ്വകർമ്മജരായ വിദ്യാർത്ഥികൾ പുറംതള്ളപ്പെടുന്നു എന്ന ആക്ഷേപം പരിശോധിക്കുകയും വിദ്യാർത്ഥി പ്രവേശനത്തിൽ ഇവർക്ക് പ്രത്യേക സംരക്ഷണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുകയും ചെയ്യണം. നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് എല്ലാ സമുദായങ്ങൾക്കും കാലാകാലങ്ങളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാറുണ്ട്. വിശ്വകർമ്മസമുദായത്തിനു മാത്രം ഒന്നുരണ്ടു സ്കൂളുകൾ മാത്രമാണ് ഇതിനകം അനുവദിച്ചിട്ടുള്ളത്. അവർക്ക് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടു വയ്ക്കുന്നു. മരപ്പണി, കൊത്തുപണി വാർപ്പു പണി, സ്വർണ്ണപ്പണി തുടങ്ങിയ ദൈവീകമായ കരവിരുതിന്റെ പ്രതീകങ്ങളായ പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിശ്വകർമ്മവിഭാഗങ്ങളെ പാരമ്പര്യ കൈത്തൊഴിൽ ചെയ്യുന്ന വിഭാഗങ്ങളായി അംഗീകരിച്ചുകൊണ്ട് അവർക്ക് ആർട്ടിസാൻസ് ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് അവരുടെ പാരമ്പര്യ തൊഴിൽ നിലനിർത്താൻ വേണ്ട നടപടി ഗവൺമെന്റ് അടിയന്തിരമായും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ.ഇ.കെ.നായനാർ) : സ്പീക്കർ സർ, വിശ്വകർമ്മജർക്ക് ഇപ്പോൾത്തന്നെ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്ന് ആനുകൂല്യങ്ങൾ കൈപ്പറ്റാവുന്നതാണ്. വിവിധ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള നിശ്ചിത ശതമാനം ഒഴിവുകൾ അതതു വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് നിയമനങ്ങളിൽ റൊട്ടേഷൻ വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുള്ളത്. കാലാകാലങ്ങളിൽ സർക്കാർ നിയോഗിച്ചിട്ടുള്ള കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനത്തിനു ശേഷമാണ് റിസർവേഷൻ സംബന്ധിച്ച തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള റൊട്ടേഷൻ വ്യവസ്ഥകൾ ഇപ്പോൾ പുനഃക്രമീകരിക്കേണ്ട ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല. സ്വകാര്യ കോളേജുകളിലെ പ്രവേശനത്തിന് ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന വിശ്വകർമ്മ സമുദായത്തിന് അർഹമായ സംവരണം നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകുന്നുണ്ട്. ആയതിനാൽ നിലവിലുള്ള സംവരണത്തിൽ മാറ്റം വരുത്തേണ്ട കാര്യം സർക്കാരിന്റെ പരിഗണനയിൽ എത്തിയിട്ടില്ല. സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമായി പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ.എം.മുരളി : ഞാൻ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞത്, കൈത്തൊഴിലാളികളുടെയും വിദഗ്ദ്ധ തൊഴിലാളികളുടെയും ക്ഷേമനിധിയിൽ അവർക്ക് അംഗങ്ങളാകാമെന്നാണ്. ആ ക്ഷേമനിധിയിൽ വിശ്വകർമ്മ സമുദായത്തിൽ അംഗങ്ങളായ വിവിധ തൊഴിൽ വിഭാഗങ്ങളെ പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടാണ് പ്രത്യേക ആർട്ടിസാൻസ് ക്ഷേമനിധി വേണമെന്ന ആവശ്യം വിശ്വകർമ്മ മഹാസഭയും ഞാനും ഇപ്പോൾ ഈ സഭയിൽ ഉന്നയിച്ചത്. തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകാൻ അവർക്കിപ്പോൾ നിയമപരമായി പറ്റുകയില്ല. അതുകൊണ്ട് അത് പരിഗണിച്ചുകൊണ്ട് ഒരു പ്രത്യേക ക്ഷേമനിധിയുടെ കാര്യത്തെക്കുറിച്ച് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കുകയോ, പരിശോധിക്കുകയോ ചെയ്യണമെന്ന ആവശ്യം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ.ഇ.കെ.നായനാർ : സർക്കാരിന്റെ നയപരമായ തീരുമാനത്തിനു വിധേയമായി പരിശോധിക്കുന്നതാണ്.

## (2) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

*(അദ്ധ്യക്ഷവേദിയിൽ എം.മുരളി)*

ശ്രീ.എളമരം കരീം : സർ, സ്വകാര്യവൽക്കരണം ഇന്ത്യൻ സമ്പദ്ഘടനയിൽ സൃഷ്ടിക്കുന്ന ഗുരുതര പ്രതിസന്ധിയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുവാൻ വേണ്ടിയാണ് ഈ പ്രശ്നം ഞാൻ സഭയിൽ ഉന്നയിക്കുന്നത്. ഇന്ന് രാജ്യത്തെ ലക്ഷക്കണക്കിനു ബാങ്ക് ജീവനക്കാർ പണിമുടക്ക് സമരം നടത്തുകയാണ്. പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്നതിനുള്ള ഇന്ത്യ ഗവൺമെന്റ് തീരുമാനത്തിൽ പ്രതിഷേധിച്ചുകൊണ്ടാണ് ബാങ്ക് ജീവനക്കാർ പണിമുടക്ക് നടത്തുന്നത്. 1991 മുതൽ നമ്മുടെ രാജ്യത്ത് ആരംഭിച്ച പുത്തൻ സാമ്പത്തികനയം ഈ രാഷ്ട്രത്തിനു അഭിമാനമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ വൽക്കരണ നയത്തിലേയ്ക്ക് എത്തപ്പെട്ടിരിക്കുന്നു. സാമ്രാജ്യത്വ രാജ്യങ്ങളുടെയും ബഹുരാഷ്ട്ര കുത്തകകളുടെയും താൽപര്യത്തിനു വിധേയമായി നമ്മുടെ സമ്പദ്ഘടനയും നരസിംഹറാവു സർക്കാർ ആരംഭിച്ചിട്ടുള്ള ഉദാരവൽക്കരണ നയങ്ങൾ ഫലപ്രദമായി ഇന്ത്യയിൽ നടപ്പാക്കണമെങ്കിൽ നമ്മുടെ സ്വയംപര്യാപ്തതയ്ക്കും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും നെടുംതൂണായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം അനിവാര്യമാണ് എന്നാണ് ഈ നയങ്ങളുടെ പ്രയോക്താക്കളായ ഐ.എം.എഫ്.ഉം ലോകബാങ്കും ഇന്ത്യൻ ഭരണാധികാരികളെ ഉപദേശിച്ചുകൊണ്ടിരിക്കുന്നത്. ഇതനുസരിച്ചുള്ള സ്വകാര്യവൽക്കരണ നടപടികൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും കഴിഞ്ഞ കുറേ വർഷങ്ങളായി ഗവൺമെന്റ് ആരംഭിച്ചിരിക്കുകയാണ്. ഇപ്പോൾ അടുത്തകാലത്തായി ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുന്നതിനുവേണ്ടി ഒരു ഡിപ്പാർട്ടുമെന്റു തന്നെ ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ചു. Department of Disinvestment ഓരോ വർഷവും ബഡ്ജറ്റ് കമ്മി നികത്തുന്നതിനു പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള സർക്കാർ ഓഹരികളെ സ്വകാര്യ കുത്തകകൾക്ക്, വിദേശ കുത്തകകൾക്ക് ഉൾപ്പെടെ വിൽക്കുക എന്ന നയമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ വർഷം പതിനായിരം കോടി രൂപ ഓഹരി വിൽപനയിലൂടെ സംഭരിക്കുവാനാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി ലക്ഷ്യമിട്ടിരിക്കുന്നത്. നമ്മുടെ രാഷ്ട്രത്തിന്റെ അഭിമാനമായ എണ്ണപര്യവേഷണ രംഗത്തെ കമ്പനികൾ, ഇന്ത്യൻ എയർലൈൻസ്, എയർ ഇന്ത്യ ഉൾപ്പെടെയുള്ള വ്യോമ ഗതാഗത സ്ഥാപനങ്ങൾ, മാരുതി ഉദ്യോഗ് ലിമിറ്റഡ് പോലുള്ള വളരെ ലാഭം കൊയ്യുന്ന സ്ഥാപനങ്ങൾ ഇവയെല്ലാം സ്വകാര്യവൽക്കരണത്തിന്റെ പട്ടികയിൽപ്പെട്ടവയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച സ്ഥാപനങ്ങളാണ്. കഴിഞ്ഞ വർഷം എണ്ണപര്യവേഷണ രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ ഡിവിഡന്റായി നൽകിയത് 60 ശതമാനമാണ്. പതിനേഴായിരം കോടി രൂപയാണ് ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം ചേർന്ന് കഴിഞ്ഞ വർഷം ലാഭം നേടിയത്. ഇത്തര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം ഇന്ത്യയിൽ പടുത്തുയർത്തിയത് ഇന്ത്യൻ ജനതയുടെ നികുതി പണം ഉപയോഗിച്ചാണ്. ഇങ്ങനെ കെട്ടിപ്പൊക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയറുകൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വളരെ നഷ്ടം വരുത്തിയാണ് സ്വകാര്യ കുത്തകകൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കും ഗവൺമെന്റ് കയ്യൊഴിഞ്ഞത്. മാരുതിയുടെ ഷെയർ വാങ്ങാൻ താല്പര്യം പ്രകടിപ്പിച്ച് ഇന്ന് വന്നിരിക്കുന്നത് ഫോർഡ് മോട്ടോഴ്സ്, അമേരിക്കയിലെ ജനറൽ മോട്ടോഴ്സ് കോർപ്പറേഷൻ തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികളാണ്. എയർ ഇന്ത്യയുടെ ഷെയർ 40 ശതമാനം മാത്രം ഗവൺമെന്റിൽ നിലനിർത്തിക്കൊണ്ട് ബാക്കി സ്വകാര്യവൽക്കരണം എന്നുള്ള ആശയമാണ് ഗവൺമെന്റ് മുന്നോട്ടുവെച്ചിട്ടുള്ളത്. അതുപോലെ ഇന്ത്യൻ എയർ ലൈൻസിന്റേതും ബ്ളൂചിപ്പ് കമ്പനികൾ എന്നപേരിൽ അറിയപ്പെടുന്ന പൊതുമേഖലയിലെ മഹാനഗർ ടെലിഫോൺ നിഗം ലിമിറ്റഡ്(എം.ടി.എൻ.എൽ), വിദേശ് സഞ്ചാർ നിഗം ലിമിറ്റഡ്(വി.എസ്.എൻ.എൽ) ഇതുപോലുള്ളവയൊക്കെ സ്വകാര്യവൽക്കരിക്കുന്നതിനു അല്ലെങ്കിൽ ഓഹരികൾ വിൽക്കുവാൻ ഗവൺമെന്റ് തീരുമാനിക്കപ്പെട്ട പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്. ഈ രണ്ട് സ്ഥാപനങ്ങളിൽ ഇപ്പോഴുള്ള ഗവൺമെന്റ് ഷെയർ 51 ശതമാനത്തിൽ കൂടുതലാണ്. അതു രണ്ടും 26 ശതമാനമാക്കി ചുരുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ബാക്കിയുള്ള ഷെയറുകൾ ഗവൺമെന്റ് വിൽപന നടത്താൻ പോവുകയാണ്. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ഇൻഡോ ബർമ്മ പെട്രോളിയം തുടങ്ങിയിട്ടുള്ള എണ്ണ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട കമ്പനികളുടെ ഷെയറും 26 ശതമാനമായി നിലനിർത്തി ബാക്കിയുള്ളത് വിറ്റഴിക്കുവാൻ ഗവൺമെന്റ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബാങ്കുകളിൽ ഇതിനെക്കാൾ ഗുരുതരമായ നിലയിലാണ് ഗവൺമെന്റ് നടപടി വരാൻ പോകുന്നത്. 1969-ലാണ് 14 വൻകിട ബാങ്കുകൾ അന്നത്തെ ഗവൺമെന്റ് ദേശസാൽക്കരിച്ചത്. അതുപോലെ 1980-ൽ ബാക്കി 6 പ്രധാനപ്പെട്ട ബാങ്കുകൾകൂടി ദേശസാൽക്കരിച്ചു. ഇതിനു പുറമേ 1996-ൽ രൂപീകരിക്കപ്പെട്ട ഗ്രാമീണ ബാങ്കുകൾ, നോൺ ബാങ്കിംഗ് സ്ഥാപനങ്ങളായ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ പൊതുമേഖലാസ്ഥാപനങ്ങളിലാണ് ഇന്ത്യയുടെ 80 ശതമാനം വരുന്ന ധനകാര്യ ഇടപാടുകൾ നടന്നത്. ഈ പൊതുമേഖലാ ബാങ്കുകളിലെ ഗവൺമെന്റ് ഷെയർ 33 ശതമാനം മാത്രം നിലനിർത്തി ബാക്കിയുള്ളത് വിറ്റഴിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള നിയമനിർമ്മാണത്തിനു ബി.ജെ.പി. സർക്കാർ സന്നദ്ധമായിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ വരുമ്പോൾ തീർച്ചയായും ഇന്ന് പൊതുമേഖലയിലുള്ള ബാങ്കുകൾ മുഴുവൻ സ്വകാര്യ കുത്തക മുതലാളിമാരുടെ കൈകളിലേയ്ക്ക് പോകും എന്ന കാര്യത്തിൽ സംശയമില്ല. 1950-കളിലും 1960-കളിലും നമ്മുടെ രാജ്യത്ത് ഭക്ഷ്യം, എണ്ണ, വൈദ്യുതി, ഉരുക്ക് തുടങ്ങിയവയുടെ ഉല്പാദന മേഖലകളിൽ അഭിമാനകരമായ നേട്ടം രാജ്യത്തിനു കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. രണ്ട് നൂറ്റാണ്ട് കാലത്തെ കൊളോണിയൽ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട ഭാരതം വ്യാവസായിക കാർഷിക മേഖലയിൽ ഇന്ന് നേടിയിട്ടുള്ള എല്ലാ നേട്ടങ്ങളുടെയും നിദാനം ജനങ്ങളുടെ സമ്പത്ത് ബാങ്കുകളിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും നിക്ഷേപിച്ച് നാം നേടിയിട്ടുള്ള വികസന നയത്തിന്റെ ഭാഗമാണ്. ബാങ്കുകൾ പൊതുമേഖലയിൽ വന്നതിനുശേഷം അഭിമാനകരമായ വളർച്ച കൈവരിച്ചിട്ടുണ്ട്. 1969-ൽ ഇന്ത്യയിൽ ആകെ ഉണ്ടായിരുന്ന ബാങ്ക് ബ്രാഞ്ചുകൾ 8,262 ആയിരുന്നുവെങ്കിൽ 1999-ൽ 45,698 ആണ്. ജീവനക്കാരുടെ എണ്ണം 2,20,000-ൽ നിന്ന് 9,65,720 ആയി

ഉയർന്ന് നിക്ഷേപം 4665 കോടിരൂപയിൽനിന്നും 7,31,000 കോടി രൂപയായി ഉയർന്നു. വായ്പകൾ 3607 കോടി രൂപയിൽ നിന്നും 69,000 കോടി രൂപയായി ഉയർന്നു. മാത്രമല്ല, മൊത്തം വായ്പയുടെ 40 ശതമാനം പ്രയോറിറ്റി സെക്ടറിനു ആയിരിക്കണമെന്ന നിബന്ധന വന്നതോടുകൂടി കാർഷിക മേഖലയ്ക്കും സ്വയം തൊഴിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ തുടങ്ങിയവയ്ക്കുമെല്ലാം വലിയ മുൻഗണന നല്കപ്പെട്ടു. ഇതെല്ലാം നമ്മുടെ രാജ്യത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് വലിയ ആശ്വാസമായിരുന്നു. പൊതുമേഖല ബാങ്കുകളുടെ നിക്ഷേപത്തിന്റെ കാര്യത്തിലും വായ്പയുടെ കാര്യത്തിലും ലാഭം ഉണ്ടാക്കുന്നതിനു ഒരു വലിയ കുതിച്ചുചാട്ടം നടത്തി. ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ മോശമാണെന്ന് ചിത്രീകരിക്കുന്ന ഒരു പ്രവണത വന്നിട്ടുണ്ട്. എന്നാൽ ഇന്ത്യാരാജ്യത്തെ കഴിഞ്ഞ ഏതാനും വർഷങ്ങളായി സ്ഥിതി പരിശോധിച്ചാൽ സ്വകാര്യ ബാങ്കുകൾ പലതും തകരുകയാണ്. അതെല്ലാംതന്നെ പൊതുമേഖലാ ബാങ്കുകൾ ഏറ്റെടുക്കുവാൻ നിർബന്ധിതരാവുകയും ചെയ്യുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. 17 സ്വകാര്യ ബാങ്കുകൾ ഇതുപോലെ പൊതുമേഖലാ ബാങ്കുകൾക്ക് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. അതിന്റെ പേരുകൾ ഞാൻ വായിക്കുന്നില്ല. മാത്രമല്ല, ഇന്ന് ഗവൺമെന്റ് പൊതുമേഖലാ ബാങ്കുകളിൽ 33 ശതമാനം മാത്രം ഓഹരി നിലനിർത്തി ബാക്കി വിൽപന നടത്തുമ്പോൾ ഈ ബാങ്കുകൾ എല്ലാംതന്നെ സ്വകാര്യകുത്തകകളുടെ നിയന്ത്രണത്തിലെത്തും ബാങ്കുകളുടെ ചെയർമാൻമാർ അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടർ നിർദ്ദേശിക്കുന്ന ആളുകൾക്കായിരിക്കും എന്ന് ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും 15 അംഗ ഡയറക്ടർ ബോർഡിൽ 10 പേരും സ്വകാര്യ മേഖലയിൽ ഉള്ളവരായിരിക്കണം എന്ന വ്യവസ്ഥ ചെയ്തതോടുകൂടി സ്വകാര്യവൽക്കരിക്കപ്പെടുന്ന ബാങ്കുകളുടെ ഭരണ നിയന്ത്രണം പൂർണ്ണമായി ഡയറക്ടർബോർഡിൽ നിക്ഷിപ്തമാകും വഴി സ്വകാര്യ കുത്തകകൾക്ക് അവരുടെ ഇംഗിതം പൂർണ്ണമായി നടപ്പാക്കുവാൻ സാധിക്കും എന്നതാണ് വരാൻ പോകുന്ന ആപത്ത്. ഈ ബാങ്കുകളിലെ നിക്ഷേപത്തിന്റെ ഗണ്യമായ പങ്ക് സ്വന്തം വ്യവസായ സാമ്രാജ്യത്തിലേയ്ക്ക് തിരിച്ചുവിടുമ്പോൾ നമ്മുടെ രാഷ്ട്രത്തിന്റെ പഞ്ചവൽസര പദ്ധതികൾ വഴി നിർമ്മാണ പ്രവർത്തനങ്ങൾക്കും പുതിയ ആവശ്യങ്ങൾക്കും വിനിയോഗിക്കുവാൻ ഫണ്ട് കണ്ടെത്താൻ ഗവൺമെന്റ് പ്രയാസപ്പെടും. ഇതു രാഷ്ട്രത്തിന്റെ ഭാവി വികസനത്തെയും നിക്ഷേപത്തിലുള്ള ആവശ്യകതയെയും ഗുരുതരമായി ബാധിക്കും. എന്നുമാത്രമല്ല ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള ജനങ്ങളുടെ നിക്ഷേപത്തിന്റെ ഭദ്രതയും തകരും. സ്വകാര്യമേഖലയിലേയ്ക്ക് തിരിച്ചു വിടപ്പെടുന്ന ഫണ്ട് എങ്ങനെ വിനിയോഗിക്കപ്പെടും എന്നതിനു നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുൻപിൽ ഉണ്ട്. ഇപ്പോൾ തന്നെ പൊതുമേഖലാ ബാങ്കുകളിലെ കിട്ടാക്കടം 58,000 കോടി രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ കിട്ടാക്കടം വരുത്തിവച്ചവരുടെ ഒരു ലിസ്റ്റ് പാർലമെന്റിൽ ആവശ്യപ്പെട്ടപ്പോൾ അതു പ്രസിദ്ധീകരിക്കുവാൻ പോലും കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. ഗവൺമെന്റിനു കൂടുതൽ ബാധ്യത കിട്ടാക്കടം വരുത്തിവെച്ച കുത്തകമുതലാളിമാരോടാണ്. രാജ്യത്തെ ജനങ്ങളോടല്ല. കിട്ടാക്കടം വരുത്തിവച്ചവരിൽ കൂടുതലും വൻകിട കുത്തക കുടുംബങ്ങളാണ്. ഏതെങ്കിലും സ്ഥാപനം സാമ്പത്തികമായി തകർന്നുപോയതിനാൽ കടം തിരിച്ചടയ്ക്കുവാൻ കഴിയാതെ വന്നത് ഒരു ചെറിയ ഭാഗം മാത്രമാണ്. ബാക്കിയുള്ളവരെല്ലാം സ്ഥാപനത്തെ തകർത്ത് പണം തട്ടിയെടുത്തവരാണ്. ഈ വിധത്തിൽ നമ്മുടെ രാഷ്ട്രത്തെ സമ്പദ്ഘടനയുടെ മാന്ദ്യത്തിലേയ്ക്കും കാർഷിക മേഖലയിലേയ്ക്ക് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

മായ ഫണ്ട് കിട്ടാത്ത അവസ്ഥയിലേയ്ക്കും നയിക്കുകയാണ്. ബാങ്കിംഗ് രംഗത്ത് വരുന്ന പരിഷ്കാര നടപടികൾ, 1991-ലെ ഗവൺമെന്റ് നിയോഗിച്ച നരസിംഹം കമ്മിറ്റിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പിന്നീടു വന്ന വർമ്മ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ഘടനാപരമായ പരിഷ്കാരം എന്ന പേരിൽ ബാങ്ക് സ്വകാര്യവല്ക്കരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിച്ചത്. ഇതുപോലുള്ള ഗുരുതരമായ നടപടിയാണ് വൈദ്യുതി മേഖലയിൽ നടക്കുവാൻ പോകുന്നത്. 'വൈദ്യുതിബിൽ 2000' എന്ന പേരിൽ ഗവൺമെന്റ് ഒരു പുതിയ നിയമനിർമ്മാണത്തിനു സന്നദ്ധമാകുന്നു. പാർലമെന്റിൽ ഈ ബില്ല് അവതരിപ്പിച്ച ദിവസം ആറു ലക്ഷത്തോളം വൈദ്യുതിബോർഡ് ജീവനക്കാർ പണിമുടക്കി. 1991-ൽ ആവിഷ്കരിക്കപ്പെട്ട പവർ പോളിസിയുടെ ഫലമായി വിദേശനിക്ഷേപം ആകർഷിക്കുന്നതിനു വേണ്ടി ഊർജ്ജമേഖലയിൽ ഉദാരവല്ക്കരണ നയം നടപ്പിലാക്കുവാൻ വേണ്ടി തീരുമാനിച്ചു. ഈ ലക്ഷ്യം നടപ്പിലാക്കുന്നതിനുവേണ്ടി 1910-ലെ ഇലക്ട്രിസിറ്റി ആക്ടും 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ടും ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചിരിക്കുകയാണ്. 100 ശതമാനം വിദേശ നിക്ഷേപം ഇന്ത്യയിലേയ്ക്ക് ആകർഷിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഇങ്ങനെ വന്നാലുള്ള അനുഭവം എന്താണ്? മഹാരാഷ്ട്രയിലെ ഭോപാൽ പവർ കോർപ്പറേഷൻ സ്ഥാപിച്ച എൻറോണിന്റെ ഇന്നത്തെ പവർ വാങ്ങുന്ന മഹാരാഷ്ട്ര സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒരു അനുഭവം തന്നെ വ്യക്തമാക്കുന്നുണ്ട്. നാലുരൂപയാണ് ഒരു യൂണിറ്റ് വൈദ്യുതിക്ക് വില നിശ്ചയിച്ചിരിക്കുന്നത്. സർ, ഒരു വർഷംകൊണ്ട് മഹാരാഷ്ട്രാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുണ്ടായിട്ടുള്ള നഷ്ടം 1700 കോടി രൂപയാണ്. ഈ നിലയിൽ പോയാൽ ഇലക്ട്രിസിറ്റി ബോർഡ് മാത്രമല്ല, മഹാരാഷ്ട്രാ സംസ്ഥാന സർക്കാർ തന്നെ പാപ്പരാകാൻ സാദ്ധ്യതയുണ്ടെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പറയുന്നത്. ഈ വിധത്തിലുള്ള സ്വകാര്യവല്ക്കരണം വൈദ്യുതി മേഖല, ഇൻഷ്വറൻസ് മേഖല, ബാങ്കിംഗ് മേഖല, പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എന്നിവ വഴി നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ മുഴുവൻ തകർത്ത് ബഹുരാഷ്ട്ര കുത്തകകൾക്കും സാമ്രാജ്യത്തിനും സമ്പദ്ഘടനയെ കയ്യടക്കാനുമുള്ള വഴി വെട്ടിത്തുറക്കുകയാണ്. ഇതു രാജ്യത്തിന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന വിധത്തിലുള്ളതാണ്. നമ്മുടെ രാജ്യത്തിന്റെ നിലവിലുള്ള സ്വയംപര്യാപ്തമായ, ഭദ്രമായ, സാമ്പത്തിക മേഖലയെ തകർക്കുന്ന രാജ്യദ്രോഹപരമായ ഈ നയത്തിനെതിരായി ഇന്ന് ബാങ്ക് ജീവനക്കാരും ഇന്ത്യയിലെ മറ്റു തൊഴിലാളി വിഭാഗങ്ങളാകെയും ഉയർത്തുന്ന പ്രതിഷേധ ശബ്ദം ശ്രദ്ധിക്കാൻ പോലും സന്നദ്ധമാകാതെ കേന്ദ്രഗവൺമെന്റ് മുന്നോട്ടു പോകുന്ന ഈ പ്രശ്നം ഗൗരവമായി കേന്ദ്രത്തിനു മുന്നിൽ കൊണ്ടുവരാനാവശ്യമായ നടപടി കൈക്കൊള്ളാൻ സന്നദ്ധമാകണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

*(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

**[10 AM]**

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവല്ക്കരിക്കാൻ കേന്ദ്ര ഗവൺമെന്റ് നയപരമായി തീരുമാനിക്കുകയും സ്വകാര്യവല്ക്കരണം ത്വരിതപ്പെടുത്താൻ ഒരു പ്രത്യേക വകുപ്പുതന്നെ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള ശുപാർശകൾ നടത്താൻ ഒരു ഡിസ് ഇൻവെസ്റ്റ്മെന്റ് കമ്മീഷനെ നിയമിച്ചിരി



LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ദേശസാൽക്കരണത്തിനുശേഷം ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ അഭൂതപൂർവ്വമായ വളർച്ചയാണ് കാഴ്ചവച്ചത്. 1969-ൽ ഇന്ത്യയിൽ 65,000 പേർക്ക് ഒരു ബാങ്ക് ശാഖ എന്ന നിരക്ക് 1999 ആയപ്പോൾ 15,000 പേർക്ക് ഒരു ബാങ്ക് ശാഖ എന്ന തോതിൽ വികസിച്ചു. ദേശസാൽക്കരണത്തിനു മുമ്പുണ്ടായിരുന്ന മൊത്തം 8321 ബാങ്ക് ശാഖകളിൽ കേവലം 23 ശതമാനം ശാഖകൾ മാത്രമാണ് ഗ്രാമീണമേഖലയിൽ പ്രവർത്തിപ്പിച്ചിരിക്കുന്നത്. 1997-ൽ ഇന്ത്യയിൽ മൊത്തം ബാങ്കുകളുടെ ശാഖകളുടെ എണ്ണം 64,116 ആയി ഉയർന്നു. ഇതിൽ 50 ശതമാനം ബാങ്കുകളും പ്രവർത്തിക്കുന്നത് ഗ്രാമീണ മേഖലയിലാണ്. ഇന്ന് ശാഖകളുടെ എണ്ണം 66,000 ആയി ഉയർന്നിട്ടുണ്ട്. ഏകദേശം 12 ലക്ഷം പേർ ഇവിടെ നേരിട്ട് തൊഴിൽ ചെയ്യുന്നു. 1969-ൽ മൊത്തം ബാങ്ക് വായ്പയിൽ കൃഷി, ചെറുകിട വ്യവസായം ഉൾപ്പെടെ മുൻഗണനാ മേഖലകൾ, റോഡ്, ഗതാഗതം മുതലായവയ്ക്ക് ലഭിച്ചത് കേവലം 18 ശതമാനം മാത്രമായിരുന്നു. 1998-ൽ മൊത്തം ബാങ്ക് വായ്പയുടെ 40 ശതമാനമായിട്ട് ഉയരുകയുണ്ടായി. 1999 മാർച്ചിൽ നൽകിയ മൊത്തം വായ്പയിൽ നാൽപത്തിമൂന്നര ശതമാനവും കാർഷിക, ചെറുകിട വ്യവസായമേഖലകളുൾപ്പെടെ മുൻഗണനാ മേഖലകൾക്കാണ്. ഇതിൽ തന്നെ 40,970 കോടി രൂപ കൃഷിക്കും 42,674 കോടി രൂപ ചെറുകിട വ്യവസായങ്ങൾക്കും 24,438 കോടി രൂപ ചെറുകിട, ഗതാഗത സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങിയവയ്ക്കുമാണ് നൽകിവരുന്നത്. 1998-ലെ കണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ ബാങ്കുകൾ 7,61,678 കോടി രൂപ നിക്ഷേപമായി സ്വീകരിക്കുകയും 3,78,394 കോടി രൂപ വായ്പയായി നൽകുകയും ചെയ്തിട്ടുണ്ട്. പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലമായി ബാങ്ക് നിക്ഷേപത്തിൽ പൊതുമേഖലാ ബാങ്കുകളുടെ വിഹിതം 1998-99-ൽ 83 ശതമാനമായിരുന്നത് 1999-2000-ൽ 81.9 ശതമാനമായി കുറഞ്ഞു. സ്വകാര്യ ബാങ്കുകളുടെ നിക്ഷേപ വിഹിതം 17 ശതമാനത്തിൽ നിന്ന് 18.1 ശതമാനമായി ഉയർന്നു. മറുഭാഗത്ത് മ്യൂച്ചൽ ഫണ്ടുകൾക്കും മറ്റും നൽകിയ സാഹചര്യം ഉപയോഗിച്ച് അവർ സമാഹരിച്ച തുക 1998-99നും 1999-2000നും ഇടക്ക് 18.516 കോടി രൂപയായി ഉയർന്നപ്പോൾ പൊതുമേഖലാ ബാങ്കുകളുടെ നിക്ഷേപ വർദ്ധനയുടെ നിരക്ക് പത്തു ശതമാനമായി ഉയരുകയാണ് ചെയ്തത്. അതായത് 17,540 കോടി രൂപ. ഇതു പൊതുമേഖലാ സ്ഥാപനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന നടപടിമൂലം വൻതോതിൽ ജീവനക്കാരെ പിരിച്ചുവിടേണ്ടതായി വരുന്നു. ഇന്ത്യയിലെ 27 പൊതുമേഖലാ ബാങ്കുകളിലെ 67 ശതമാനം സർക്കാർ ഓഹരി ഉടമാവകാശം വിൽക്കുന്നതിനുള്ള നീക്കത്തിലൂടെ ഇന്ത്യയിൽ പൊതുമേഖലാ ബാങ്കിംഗ് തകർച്ചയെ നേരിടേണ്ടി വരും. കേരളത്തിലെ മോഡേൺ ബ്രഡ് കമ്പനിയിൽ സ്വകാര്യവൽക്കരണം നടത്തിക്കഴിഞ്ഞു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ലാറ്റക്സ്, ഫാക്ട് തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനെക്കുറിച്ച് ആലോചന നടക്കുന്നതായി അറിയുന്നു. കേന്ദ്ര ഗവൺമെന്റിന്റെ 'വൈദ്യുതി ബിൽ 2000' ഇലക്ട്രിസിറ്റി ബോർഡുകളെ ഇല്ലാതാക്കി, ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷനുകൾ അനിവാര്യമാക്കുകയും വൈദ്യുതി വ്യവസായത്തെ സ്വകാര്യവൽക്കരിച്ച് സാധാരണക്കാരന് അസഹനീയമാംവിധം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. ഇലക്ട്രിസിറ്റി ബോർഡ് പൊതുമേഖലയിൽ നിലനിൽക്കേണ്ടത് സ്റ്റേറ്റിന്റെ സുരക്ഷയ്ക്കും ഗ്രാമീണമേഖലയുടെയും ദരിദ്രജനവിഭാഗങ്ങളുടെയും സേവനത്തിന് അത്യന്താപേക്ഷിതവുമാണ്. അതുകൊണ്ടുതന്നെ വൈദ്യുതിയുടെ ഉൽപ്പാദനവും

LIBRARY ARCHIVES Kerala Legislative Assembly

വിതരണവും സ്വകാര്യമേഖലയെ ഏല്പിക്കണമെന്നതിനോട് നമുക്ക് യോജിക്കാൻ നിവൃത്തിയില്ല. ഈ ബില്ലിനോടുള്ള എതിർപ്പ് കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലിരിക്കുന്ന സംവിധാനത്തിനകത്തു നിന്നുകൊണ്ടുതന്നെ ഘടനാപരമായ ചില പരിഷ്ക്കാരങ്ങൾ വരുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്ത് വൈദ്യുതിമേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതു കാണിക്കുന്നത് സംസ്ഥാന സർക്കാരുകളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന സ്വകാര്യവൽക്കരണത്തിൽ കൂടിയല്ലാതെ തന്നെ വൈദ്യുതി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുമെന്നാണ്. വികസ്വര രാജ്യമായ ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുവാനുള്ള നീക്കം രാജ്യത്തിന്റെ സമ്പദ്ഘടനയേയും വികസനത്തേയും ഏറെ പ്രതികൂലമായി ബാധിക്കും. അതിനാൽ ഈ തീരുമാനത്തിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനുവേണ്ടി ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. ഇന്ന് ബാങ്ക് ജീവനക്കാർ പണിമുടക്കുകയാണ്.

<u>മി.സ്പീക്കർ</u> : ഓർഡർ, ഓർഡർ...........

## III. ചരമോപചാരം

**പി.പി. ഉമ്മർകോയ, കെ.കെ. ബാലകൃഷ്ണൻ, പി.പി. കൃഷ്ണൻ, വി.എസ്. ചന്ദ്രശേഖരൻപിള്ള, കെ.പി. രാമൻ, മീനാക്ഷി എൻ. മേനോൻ, എസ്. അബ്ദുൽ മജീദ് (വക്കം മജീദ്), ഇ.കെ. പിള്ള, ഡോ. സി.എം. കുട്ടി, ടി.എ. പരമൻ, ജി. എ. ലോപ്പസ്, പി.ആർ. ശിവൻ, പി. കുഞ്ഞൻ, സി. ശങ്കർ, ഡോ. പി.കെ. സുകുമാരൻ, എം.എം. തോമസ്, സി.കെ. രാജൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്**

കൊച്ചി നിയമസഭയിലും തിരുവിതാംകൂർ-കൊച്ചി നിയമസഭയിലും കേരള നിയമസഭയിലും അംഗങ്ങളായിരുന്ന പി.പി.ഉമ്മർകോയ, കെ.കെ. ബാലകൃഷ്ണൻ, പി.പി.കൃഷ്ണൻ, വി.എസ്. ചന്ദ്രശേഖരൻ പിള്ള, കെ.പി. രാമൻ, മീനാക്ഷി എൻ. മേനോൻ, എസ്.അബ്ദുൾമജീദ് (വക്കം മജീദ്), ഇ.കെ. പിള്ള, ഡോ.സി.എം.കുട്ടി, ടി.എ.പരമൻ, ജി.എ. ലോപ്പസ്, പി.ആർ.ശിവൻ, പി.കുഞ്ഞൻ, സി.ശങ്കർ, ഡോ.പി.കെ സുകുമാരൻ, എം.എം.തോമസ്, സി.കെ.രാജൻ, എന്നിവർ അടുത്തിടെ നിര്യാതരായി. ഗാന്ധിയൻ സിദ്ധാന്തത്തിൽ നിന്ന് വ്യതിചലിക്കാതെ രാഷ്ട്രീയപ്രവർത്തനം നടത്തിയ ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു മുൻ മന്ത്രി കൂടിയായ പി.പി. ഉമ്മർകോയ. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ധനതത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം നേടിയശേഷം 1946-ൽ അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ അംഗമായി. സംഘടനയുടെ യുവജനവിഭാഗം നേതാവായും കോൺഗ്രസ് ജില്ലാ കമ്മിറ്റി പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചു. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിലേയ്ക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ഒന്നാം കേരള നിയമസഭയിൽ മഞ്ചേരി നിയോജകമണ്ഡലത്തെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധീകരിച്ച ഉമ്മർകോയ കോൺഗ്രസ് പാർലമെന്ററി പാർട്ടി ഉപനേതാവായി പ്രവർത്തിച്ചു. പ്രസ്തുത കാലയളവിൽ കെ.പി.സി.സി. വൈസ്പ്രസിഡന്റ് എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു. 1960-ൽ വീണ്ടും അദ്ദേഹം മഞ്ചേരിയിൽ നിന്നും വിജയം വരിച്ചു. പട്ടംതാണുപിള്ള മന്ത്രിസഭയിൽ വിദ്യാഭ്യാസവകുപ്പുമന്ത്രി ആയിരുന്ന ഉമ്മർകോയ തുടർന്നു വന്ന ശങ്കർ മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണം, ഫിഷറീസ്, വൈദ്യുതി, പൊതുമരാമത്ത്, സ്പോർട്സ്, യുവജനക്ഷേമം എന്നീ വകുപ്പുകളുടെയും ചുമതല വഹിച്ചു. സജീവരാഷ്ട്രീയത്തിൽ നിന്നും വിരമിച്ചശേഷവും ഗാന്ധിമാർഗ്ഗത്തിൽ അധിഷ്ഠിതമായ പ്രവർത്തനത്തിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. 1965 മുതൽ ആറുവർഷക്കാലം അദ്ദേഹം കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ അംഗമായിരുന്നു. ഉജ്ജ്വലവാഗ്മിയായിരുന്ന ഉമ്മർകോയ മനുഷ്യസ്നേഹത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും വക്താവായി പ്രസംഗവേദികളിൽ നിറഞ്ഞുനിന്നു. കേരള നിയമസഭയുടെ നാല്പതാം വാർഷികത്തോടനുബന്ധിച്ചുള്ള ഉപഹാര സമർപ്പണത്തിനായി അദ്ദേഹത്തിന്റെ വസതി സന്ദർശിച്ച സന്ദർഭത്തിലെ വികാരനിർഭരമായ കൂടിക്കാഴ്ച കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. കറപുരളാത്ത പൊതുജീവിതത്തിന്റെയും വിദ്യാഭ്യാസരംഗത്തു നൽകിയ വിലപ്പെട്ട സംഭാവനകളുടേയും പേരിൽ ഉമ്മർകോയ എന്നും സ്മരിക്കപ്പെടുമെന്ന കാര്യം നിസ്തർക്കമാണ്.

കോൺഗ്രസ് നേതാവും മുൻമന്ത്രിയുമായിരുന്ന കെ.കെ.ബാലകൃഷ്ണൻ വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയ പ്രവർത്തനത്തിലേയ്ക്ക് കടന്നുവന്നത്. 15 വർഷക്കാലം ഭാരതീയ അധഃകൃതവർഗ്ഗ ലീഗ് സെക്രട്ടറിയുടേയും 4 വർഷക്കാലം പ്രസിഡന്റിന്റെയും പദവികൾ അദ്ദേഹം വഹിച്ചു. കെ.പി.സി.സി. ജനറൽ സെക്രട്ടറി, എ.ഐ.സി.സി. അംഗം എന്നീ ചുമതലകളും അദ്ദേഹം വഹിച്ചു. 1954-ൽ ഇരിങ്ങാലക്കുടയിൽ നിന്ന് കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം 6 നിയമസഭകളിൽ അദ്ദേഹം അംഗമായിരുന്നു. 1960 ൽ ചാലക്കുടി നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട കെ.കെ. ബാലകൃഷ്ണൻ 1970,1977, 1980 എന്നീ വർഷങ്ങളിൽ ചേലക്കരനിന്നും 1982-ൽ തൃത്താലനിന്നുമാണ് വിജയം വരിച്ചത്. 9-ാം കേരള നിയമസഭയിൽ വൈക്കം നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. 1977-ൽ ഹരിജനക്ഷേമം, ജലസേചനം എന്നീ വകുപ്പുകളുടേയും 1982-ൽ ഗതാഗതവകുപ്പിന്റെയും മന്ത്രിയെന്ന നിലയിൽ അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. അധഃസ്ഥിത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു. അനവധി ട്രേഡ് യൂണിയൻ സംഘടനകളുടെ നേതാവായിരുന്ന കെ.കെ. ബാലകൃഷ്ണൻ സഹകരണ പ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. ഐ.എൻ.ടി.യു.സി. യുടെ ഓർഗനൈസിംഗ് സെക്രട്ടറിയായിരുന്നു. കെ.കെ.ബാലകൃഷ്ണന്റെ നിര്യാണം ജനാധിപത്യശക്തികൾക്കും അധഃസ്ഥിത പിന്നോക്ക വിഭാഗങ്ങൾക്കും വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

മുൻ നിയമസഭാംഗവും സി.പി.എം. നേതാവുമായ പി.പി.കൃഷ്ണൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ട്രേഡ് യൂണിയൻ പ്രസ്ഥാനവും കെട്ടിപ്പടുക്കുന്നതിൽ ത്യാഗോജ്ജ്വലമായ നേതൃത്വം നൽകി. അരനൂറ്റാണ്ടിലേറെ കാലത്തെ പൊതുപ്രവർത്തന പാരമ്പര്യം അദ്ദേഹത്തിനുണ്ടായിരുന്നു. നന്നെ ചെറുപ്പത്തിൽ ജോലിതേടി മൈസൂറിലെത്തിയ പി.പി.കൃഷ്ണൻ അവിടെവച്ച് സ്വദേശി

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനത്തിൽ ആകൃഷ്ടനാവുകയും അതിലൂടെ രാഷ്ട്രീയരംഗത്തേയ്ക്ക് കടന്നുവരികയും ചെയ്തു. 1956-ൽ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാലക്കാട് ജില്ലാ കമ്മിറ്റിയിൽ അംഗമായി. 1969-ലും 1977-ലും സി.പി.എം. ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 1965-ൽ സംസ്ഥാനകമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പി.പി.കൃഷ്ണൻ അതേവർഷം ജയിൽ വാസമനുഭവിക്കെയാണ് തെരഞ്ഞെടുപ്പിൽ ഒറ്റപ്പാലത്തുനിന്നും വിജയിച്ചത്. 1967-70, 1970-77 കാലയളവിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തെ അദ്ദേഹം നിയമസഭയിൽ പ്രതിനിധീകരിച്ചു. ഷൊർണ്ണൂർ നഗരസഭയുടെ ആദ്യത്തെ ചെയർമാനായിരുന്നു അദ്ദേഹം. അതിനുമുമ്പ് ഷൊർണ്ണൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. ഷൊർണ്ണൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ട്രേഡ് യൂണിയൻ സംഘാടകനായ കൃഷ്ണൻ സി.ഐ.ടി.യു. പാലക്കാട് ജില്ലാ പ്രസിഡന്റായും സതേൺ റെയിൽവേ ലേബർ യൂണിയന്റെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയായും മെറ്റൽ ലേബർ യൂണിയൻ, മാച്ച് വർക്കേഴ്സ് യൂണിയൻ, കെ.എ. സമാജം എംപ്ലോയീസ് യൂണിയൻ എന്നിവയുടെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. അതിക്രൂരമായ പോലീസ് മർദ്ദനത്തിനും ഭീകരമായ ജയിൽ വാസത്തിനും പലവട്ടം പി.പി.കൃഷ്ണൻ വിധേയനായിട്ടുണ്ട്. 'ഇന്ത്യൻ റെയിൽവേ ഇന്ത്യാക്കാർക്ക്' എന്ന മുദ്രാവാക്യമുയർത്തി 1946-ൽ നടന്ന പൊതുപണിമുടക്കിന് നേതൃത്വം നൽകിയതിന് അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചപ്പോൾ പി.പി.കൃഷ്ണൻ ഒളിവിൽപോയി. അടുത്ത കൊല്ലം അറസ്റ്റുചെയ്യപ്പെട്ടു. വെല്ലൂർ, മദ്രാസ്, കടലൂർ ജയിലുകളിൽ രണ്ടു വർഷക്കാലം ജയിൽവാസമനുഭവിച്ചു. ക്രൂരമായ മർദ്ദനങ്ങളേറ്റുവാങ്ങി. പി.പി. കൃഷ്ണന്റെ നിര്യാണംമൂലം മികവുറ്റ ഒരു ട്രേഡ് യൂണിയൻ നേതാവിനെയും സർവ്വസമ്മതനായ ഒരു സഹകാരിയേയും ത്യാഗധനനായ ഒരു പൊതുപ്രവർത്തകനെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തുകൊണ്ടാണ് വി.എസ്.ചന്ദ്രശേഖരൻപിള്ള രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്നത്. പ്രശസ്തമായ നിലയിൽ നിയമബിരുദം സമ്പാദിച്ചശേഷം അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ നിലയുറപ്പിച്ചു. 1952-ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ റാന്നി മണ്ഡലം സെക്രട്ടറി, കോഴഞ്ചേരി താലൂക്ക് സെക്രട്ടറി, പത്തനംതിട്ട ജില്ലാ സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം എന്നീ പദവികളിൽ അദ്ദേഹം പ്രവർത്തിച്ചു. 1980-ൽ കോന്നി നിയോജകമണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലെത്തിയ ചന്ദ്രശേഖരൻ പിള്ള 1982-ലും അതേ മണ്ഡലത്തിൽ നിന്നും വിജയിച്ചു. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്ന അദ്ദേഹം സി.ഐ.ടി.യു. പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന സെക്രട്ടറി, സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി, അഖിലേന്ത്യാ ജനറൽ കൗൺസിൽ അംഗം, പ്ലാന്റേഷൻ വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. കക്കിഡാം തൊഴിലാളി സമരത്തിൽ പങ്കെടുത്തതിന് ഒന്നരമാസം, തെന്മല സമരവുമായി ബന്ധപ്പെട്ട് രണ്ടാഴ്ചയും ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. അതിക്രൂരമായ പോലീസ് മർദ്ദനത്തിന് പലവട്ടം വിധേയനായിട്ടുണ്ട്. അടിയന്തിരാവസ്ഥയുടെ നാളുകളിൽ ഒളിവിൽ കഴിഞ്ഞ് രാഷ്ട്രീയപ്രവർത്തനം നടത്തി. മൂലൂർ സ്മാരക കമ്മിറ്റിയുടെ സ്ഥാപക പ്രസിഡന്റായിരുന്ന ചന്ദ്രശേഖരൻ പിള്ള സാംസ്ക്കാരിക മേഖലയിലും പ്രശംസനീയമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. വർഷങ്ങളോളം ആറന്മുള ജലോൽസവത്തിൽ മേലുക്കര പള്ളിയോട

ത്തിലെ അമരക്കാരനും പാട്ടുകാരനുമായിരുന്നു. അച്ചടക്കമുള്ള രാഷ്ട്രീയ പ്രവർത്തകൻ, മികവുറ്റ നിയമസഭാസാമാജികൻ, പ്രഗത്ഭനായ അഭിഭാഷകൻ, ശക്തനായ ട്രേഡ് യൂണിയൻ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള വി.എസ്.ചന്ദ്രശേഖരൻപിള്ളയുടെ നിര്യാണം പുരോഗമന പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണ്.

മുൻ പബ്ളിക് സർവ്വീസ് അംഗവും മുൻ എം.എൽ.എ.യുമായ കെ.പി. രാമൻ, 1970-ൽ മഞ്ചേരി ദ്വയാംഗ നിയോജകമണ്ഡലത്തിൽ നിന്നാണ് ആദ്യമായി കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് 1977,1980,1982 എന്നീ വർഷങ്ങളിൽ കുന്നമംഗലം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചുകൊണ്ട് അദ്ദേഹം നിയമസഭയിൽ അംഗമായി. നിയമസഭാംഗമെന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചത്. നല്ലൊരു സംഘാടകനും വാഗ്മിയുമായിരുന്ന രാമൻ മാസ്റ്റർ 1994-ൽ പബ്ളിക് സർവ്വീസ് കമ്മിഷൻ അംഗമായി ചുമതലയേറ്റു. ചെറുപ്പം മുതൽതന്നെ മുസ്ലീം ലീഗിന്റെ പ്രവർത്തകനായി തീർന്ന അദ്ദേഹം മുസ്ലീം ലീഗ് സെക്രട്ടേറിയറ്റ് അംഗം, കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് ഖാദി ബോർഡ് വൈസ്ചെയർമാൻ, വേങ്ങര പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഏതുസ്ഥാനം വഹിക്കുമ്പോഴും 100% ജനകീയ നേതാവായി അറിയപ്പെടാനാണ് രാമൻ മാസ്റ്റർ ഇഷ്ടപ്പെട്ടത്. സാധാരണ പ്രവർത്തകർക്കൊപ്പം നിൽക്കാൻ അദ്ദേഹം എപ്പോഴും താല്പര്യം കാണിച്ചു. അധഃസ്ഥിത ജനവിഭാഗങ്ങൾക്കുവേണ്ടി ജീവിതകാലം മുഴുവൻ പ്രവർത്തിച്ച രാമൻമാസ്റ്ററുടെ നിര്യാണം നമ്മുടെ പൊതുജീവിതത്തിൽ വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

വിദ്യാഭ്യാസ-സാമൂഹ്യ പ്രവർത്തകയും മുൻ എം.എൽ.എ.യുമായിരുന്ന മീനാക്ഷി എൻ. മേനോൻ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട വനിതാ പ്രതിനിധിയായിരുന്നു. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി അവിശ്രമം പരിശ്രമിച്ച സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകയായിരുന്നു ആ മഹതി. അദ്ധ്യാപനരംഗത്തും അവർ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. എറണാകുളം വിമൻസ് അസോസിയേഷൻ പ്രസിഡന്റ്, സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശകസമിതിയംഗം, എറണാകുളം റെസ്ക്യൂഹോം കമ്മിറ്റി ചെയർപേഴ്സൺ എന്നീ നിലകളിലും അവർ പ്രവർത്തിച്ചിട്ടുണ്ട്. പ്രമുഖയായ ഒരു വനിതാ പ്രവർത്തകയെയാണ് മീനാക്ഷി എൻ.മേനോന്റെ നിര്യാണംമൂലം നഷ്ടമായിരിക്കുന്നത്.

സ്വാതന്ത്ര്യസമര സേനാനിയും മുൻ എം.എൽ.എ.യുമായ എസ്.അബ്ദുൾ മജീദ് രാഷ്ട്രീയരംഗത്ത് വക്കം മജീദ് എന്ന അപരനാമധേയത്തിൽ ആണ് അറിയപ്പെട്ടിരുന്നത്. 1948-ൽ അദ്ദേഹം തിരുവിതാംകൂർ-കൊച്ചി നിയമസഭയിലേയ്ക്ക് ആറ്റിങ്ങലിൽ നിന്ന് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ക്വിറ്റ് ഇന്ത്യാ സമരകാലത്തും അതിനുശേഷവും ജയിൽ വാസമനുഭവിച്ചിട്ടുള്ള ഇദ്ദേഹത്തിന് കേന്ദ്രസർക്കാരിൽ നിന്നും താമ്രപത്രം ലഭിച്ചിട്ടുണ്ട്. കയർത്തൊഴിലാളികളുടെ ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. വക്കം മൗലവി ഫൗണ്ടേഷൻ സ്ഥാപകാംഗവുമായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുകൊണ്ട് രാഷ്ട്രീയരംഗത്ത് പ്രവേശിച്ച ഇ.കെ.പിള്ള ദേശീയ പാരമ്പര്യത്തിന്റെ മൂല്യങ്ങളും പാരമ്പര്യങ്ങളും ഉയർത്തിപ്പിടിച്ച നേതാവായിരുന്നു. തിരുവിതാംകൂർ വിദ്യാർത്ഥി കോൺഗ്രസ്സി

LIBRARY ARCHIVES Kerala Legislative Assembly

ന്റെയും പിന്നീട് വിദ്യാർത്ഥി ഫെഡറേഷന്റെയും പ്രവർത്തകനായി മാറിയ അദ്ദേഹം 1952-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം സ്വീകരിച്ചു. സി.പി.ഐ.യിൽ വിവിധ ഉത്തരവാദിത്തങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. പാർട്ടി കുന്നത്തൂർ താലൂക്ക് കമ്മിറ്റി സെക്രട്ടറി, കൊല്ലം ജില്ലാ കമ്മിറ്റിയംഗം, സംസ്ഥാന കൗൺസിൽ അംഗം, സംസ്ഥാന നിർവ്വാഹകസമിതിയംഗം എന്നീ പദവികളിൽ അദ്ദേഹം പ്രവർത്തിച്ചു. കർഷക പ്രസ്ഥാനത്തിന്റെ മുന്നണി നേതാക്കളിലൊരാളായിരുന്ന അദ്ദേഹം കർഷകസംഘത്തിന്റെ കുന്നത്തൂർ താലൂക്ക് സെക്രട്ടറി, കൊല്ലം ജില്ലാ സെക്രട്ടറി, സംസ്ഥാന കമ്മിറ്റിയംഗം എന്നിവയ്ക്കു പുറമേ, കേരള കർഷകസംഘം ജനറൽ സെക്രട്ടറി, അഖിലേന്ത്യാ കിസാൻസഭ ദേശീയ നിർവ്വാഹകസമിതിയംഗം എന്നീ നിലകളിലും പ്രവർത്തിച്ചു. 1996 മുതൽ കേരഫെഡ് ചെയർമാനായിരുന്നു അദ്ദേഹം. കർഷകപ്രസ്ഥാനത്തിനും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾക്കും ഇ.കെ. പിള്ളയുടെ നിര്യാണം കനത്ത നഷ്ടമാണ്.

വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ പ്രവർത്തനമാരംഭിച്ച ഡോ. സി.എം.കുട്ടി മുസ്ലീം വിദ്യാർത്ഥി ഫെഡറേഷൻ സ്ഥാപകനേതാക്കളിൽ ഒരാളും ആദ്യകാല മുസ്ലീം ലീഗ് നേതാക്കളിൽ പ്രമുഖനുമായിരുന്നു. 1962-ൽ താനൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം നിയമസഭയിലേയ്ക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടത്. 1967-ൽ കുറ്റിപ്പുറം നിയോജകമണ്ഡലത്തിൽ നിന്ന് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ഡോ.കുട്ടി കേരള സ്റ്റേറ്റ് മുസ്ലിം ലീഗ് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗമായിരുന്നു. ചന്ദ്രിക ദിനപത്രത്തിന്റെ സബ് എഡിറ്റർ എന്ന നിലയിൽ പത്രപ്രവർത്തന രംഗത്ത് പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ആതുരശുശ്രൂഷാരംഗത്തും ശ്രദ്ധപതിപ്പിച്ചിരുന്നു. ഡോ.സി.എം.കുട്ടിയുടെ നിര്യാണത്തോടെ ന്യൂനപക്ഷ താൽപര്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തിയ ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

ആർ.എസ്.പി. നേതാവായിരുന്ന ടി.എ. പരമൻ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു, 1948-ൽ അദ്ദേഹം എം.എൻ.റോയിയുടെ റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. പിന്നീട് മദ്രാസ് കോർപ്പറേഷനിലും ഏജീസ് ഓഫീസിലും ഉദ്യോഗസ്ഥനായി. കുറച്ചു കാലം അദ്ദേഹം ആകാശവാണിയിൽ ന്യൂസ് സബ്എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. 1956-ൽ ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ച അദ്ദേഹം ജുഡീഷ്യൽ മജിസ്ട്രേറ്റ്പദവി രാജിവച്ചാണ് രാഷ്ട്രീയത്തിലേക്ക് വന്നത്. 1970-ലും 1977-ലും ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേരള പുലയർ മഹാസഭ മുൻ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്ന ടി.എ.പരമൻ, ഹരിജനോദ്ധാരണത്തിനായി അക്ഷീണം പ്രയത്നിച്ചു. അദ്ധ്യാപകൻ, ന്യായാധിപൻ, രാഷ്ട്രീയപ്രവർത്തകൻ എന്നീ വ്യത്യസ്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ബഹുമുഖപ്രതിഭയെയാണ് ടി.എ. പരമന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

പ്രശസ്ത അഭിഭാഷകനും മുൻ എം.എൽ.എ.യുമായ ജി.എ. ലോപ്പസ് കോൺഗ്രസ് പ്രവർത്തകനായി രാഷ്ട്രീയ ജീവിതം ആരംഭിച്ചു. നെയ്യാറ്റിൻകര ബാറിലെ പ്രഗത്ഭനായ അഭിഭാഷകനായിരുന്നു അദ്ദേഹം. 1947-ൽ തിരുവിതാംകൂർ ജനപ്രതിനിധി സഭയിലും 1948 മുതൽ 1951 വരെ തിരുവിതാംകൂർ, തിരു-കൊച്ചി നിയമസഭകളിലും അംഗമായിരുന്ന അദ്ദേഹം നെയ്യാറ്റിൻകര മണ്ഡലത്തെയാണ് പ്രതിനിധീകരിച്ചിരുന്നത്. ജി.എ. ലോപ്പസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മരണത്തോടെ തലമുതിർന്ന ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

ഉജ്ജ്വലനായ വാഗ്മിയും അറിയപ്പെടുന്ന കലാ സാംസ്കാരിക പ്രവർത്തകനും ട്രേഡ് യൂണിയൻ നേതാവുമായിരുന്നു മുൻ എം.എൽ.എ. പി. ആർ. ശിവൻ, 1977-ലും 1980-ലും പെരുമ്പാവൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് അദ്ദേഹം നിയമസഭാംഗമായി. വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രവർത്തനത്തിലൂടെയാണ് പി.ആർ.ശിവൻ പൊതുപ്രവർത്തനരംഗത്ത് പ്രവേശിക്കുന്നത്. 1955-ൽ അദ്ദേഹം കമ്മ്യൂണിസ്റ്റ്പാർട്ടി അംഗമായി. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയെ പ്രതിനിധീകരിച്ചാണ് അദ്ദേഹം നിയമസഭയിലെത്തിയത്. നിയമസഭയിലെ സജീവപ്രവർത്തനത്തിലൂടെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പൊതുജനമദ്ധ്യത്തിൽ കൊണ്ടുവരുന്നതിൽ അദ്ദേഹം എപ്പോഴും ശ്രദ്ധപതിപ്പിച്ചിരുന്നു. നിരവധി ട്രേഡ് യൂണിയനുകളുടെ ഭാരവാഹിയായി പ്രവർത്തിച്ചിട്ടുണ്ട്. ട്രാവൻകൂർ റയോൺസ് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി കുന്നത്തുനാട് താലൂക്ക് മോട്ടോർ തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി, സി.ഐ.ടി.യു. വിന്റെ കുന്നത്തുനാട് താലൂക്ക് കമ്മിറ്റി സെക്രട്ടറി ബീഡിത്തൊഴിലാളി യൂണിയൻ, ഇഷ്ടികത്തൊഴിലാളി യൂണിയൻ എന്നിവയുടെ പ്രസിഡന്റ് തുടങ്ങിയ വിവിധ ചുമതലകൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. മലയാള നാടകവേദിക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ മികച്ച കലാകാരൻ കൂടിയായിരുന്നു പി.ആർ.ശിവൻ. തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് കനത്ത നഷ്ടമാണ് പി.ആറിന്റെ നിര്യാണം മൂലമുണ്ടായിരിക്കുന്നത്.

മുൻകേരള നിയമസഭാംഗവും ആദ്യകാല കമ്മ്യൂണിസ്റ്റു നേതാവുമായിരുന്നു പി.കുഞ്ഞൻ, ഒരു മുൻ സൈനികനായിരുന്ന കുഞ്ഞൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ആകൃഷ്ടനാകുകയും 1949-ൽ പാർട്ടിയിൽ അംഗത്വം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം ഹരിജനങ്ങളുടേയും മറ്റു പിന്നോക്ക വിഭാഗക്കാരുടെയും ഉന്നമനത്തിനായി അക്ഷീണം പ്രയത്നിച്ചു. അതോടൊപ്പം തന്നെ അദ്ദേഹം കർഷകപ്രസ്ഥാനത്തിലും ട്രേഡ്യൂണിയൻ രംഗത്തും സജീവമായി പ്രവർത്തിക്കുകയും ചെയ്തു, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് പലപ്രാവശ്യം ജയിൽവാസം അനുഭവിക്കേണ്ടിവന്നു. പതിനഞ്ചുമാസക്കാലം ഒളിവിൽ കഴിഞ്ഞുകൊണ്ട് രാഷ്ട്രീയപ്രവർത്തനം നടത്തി. 1967-ലും 1970-ലും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. രണ്ടുപ്രാവശ്യം ലോകസഭാംഗവുമായിട്ടുണ്ട്. കർഷകത്തൊഴിലാളി യൂണിയൻ, ജില്ലാകമ്മിറ്റി അംഗമായും സി.ഐ.ടി.യു. പാലക്കാട് ജില്ലാ ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിച്ചു. സി.പി.എം. പാലക്കാട്, ജില്ലാ കമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. പി.കുഞ്ഞന്റെ നിര്യാണം പുരോഗമന പ്രസ്ഥാനങ്ങൾക്കും അധഃസ്ഥിതവിഭാഗങ്ങൾക്കും കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

തിരു-കൊച്ചി നിയമസഭാംഗമായിരുന്ന സി.ശങ്കർ പ്രമുഖനായ സ്വാതന്ത്ര്യസമര സേനാനിയും ട്രേഡ് യൂണിയൻ നേതാവുമായിരുന്നു. 1952-ലെ തിരു-കൊച്ചി നിയമസഭയിൽ നാഗർകോവിൽ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. അവിഭക്ത കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കന്യാകുമാരി ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന് കേന്ദ്രസർക്കാരിന്റെ താമ്രപത്രം ലഭിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ കെട്ടിപ്പടുക്കുന്നതിൽ സി.ശങ്കർ പ്രമുഖ പങ്ക് വഹിച്ചു. ശങ്കറിന്റെ നിര്യാണംമൂലം തലമു

തിർന്ന ഒരു നേതാവിനെയും ഒരു മികച്ച സംഘാടകനേയും നമുക്ക് നഷ്ടമായിരിക്കുന്നു.

ആദ്യകാല കമ്മ്യൂണിസ്റ്റു നേതാവും പ്രമുഖ വാഗ്മിയുമായിരുന്ന ഡോ. പി.കെ.സുകുമാരൻ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തകനായി രാഷ്ട്രീയ പ്രവർത്തനമാരംഭിച്ചു. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത അദ്ദേഹം പുരോഗമന ആശയങ്ങളിൽ ആകൃഷ്ടനാകുകയും 1948-ൽ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ അംഗമാവുകയും ചെയ്തു. രാഷ്ട്രീയ പ്രവർത്തനത്തിന് കൂടുതൽ സമയം കണ്ടെത്താനുമായി ഡോക്ടറെന്ന നിലയിലുള്ള തന്റെ ഔദ്യോഗികവൃത്തിക്ക് വിരാമമിടാൻ അദ്ദേഹം നിർബന്ധിതനായി. മദ്ധ്യതിരുവിതാംകൂർ മേഖലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് അദ്ദേഹം വഹിച്ചത്. 1954-തൃക്കടവൂർ ദ്വയാംഗ മണ്ഡലത്തിൽ നിന്ന് വിജയിച്ചു അദ്ദേഹം തിരു-കൊച്ചി നിയമസഭയിൽ അംഗമായി. കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ ഭിന്നിപ്പിനെ തുടർന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിലയുറപ്പിച്ച ഡോ. സുകുമാരൻ, ഒരു മികച്ച സംഘാടകനും പ്രഗത്ഭനായ വാഗ്മിയുമായിരുന്നു. 1967-ൽ നടന്ന തെരഞ്ഞെടുപ്പിൽ കുണ്ടറ നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി അദ്ദേഹം കേരള നിയമസഭയിലെത്തി. അടുത്ത കാലത്തായി തിരക്കേറിയ രാഷ്ട്രീയ ജീവിതത്തിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നുവെങ്കിലും നാടിന്റെ പൊതുവായ പ്രശ്നങ്ങളിൽ ഇടപെടാനും അവയ്ക്ക് പരിഹാരം കാണാനുമുള്ള ശ്രമങ്ങളിൽ സഹകരിക്കാനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കു വേണ്ടി ഡോ പി.കെ. സുകുമാരൻ വിലപ്പെട്ട സംഭാവനകളാണ് നൽകിയിട്ടുള്ളത്. അദ്ദേഹത്തിന്റെ നിര്യാണം ഒരു കനത്ത നഷ്ടമാണ്.

നിയമവിദ്യാർത്ഥിയായി ബെൽഗാമിൽ കഴിയുമ്പോൾ ഗോവ വിമോചന പ്രസ്ഥാനത്തിൽ അണിചേർന്നുകൊണ്ടാണ് എം.എം. തോമസ് രാഷ്ട്രീയ പ്രവർത്തനമാരംഭിച്ചത്. ആദ്യം മൈസൂർ ഹൈക്കോടതിയിലും തുടർന്ന് മദ്രാസ് ഹൈക്കോടതിയിലും അഭിഭാഷകവൃത്തിയിലേർപ്പെട്ട അദ്ദേഹം 1959-ൽ സുപ്രീംകോടതിയിൽ എൻറോൾ ചെയ്തു. 1960 മുതൽ അദ്ദേഹം കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. 1967-ൽ കർഷകത്തൊഴിലാളി പാർട്ടി സ്ഥാനാർത്ഥിയായി കരിമണ്ണൂർ നിയോജകമണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. അടിയന്തിരാവസ്ഥക്കാലത്ത് 'മിസ' തടവുകാരനായി വിയ്യൂർ സെൻട്രൽ ജയിലിൽ അടയ്ക്കപ്പെട്ടു. ജനതാദൾ വൈസ് പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി ജനറൽ എന്നീ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. കുടിയേറ്റ കർഷകരുടെ അനവധി സമരങ്ങൾക്ക് നേതൃത്വം വഹിച്ചിട്ടുണ്ട്. എം.എം. തോമസിന്റെ നിര്യാണത്തോടെ കർഷകപ്രസ്ഥാനത്തിന്റെ ഉന്നതനായ ഒരു നേതാവിനെയും പ്രശസ്തനായ ഒരഭിഭാഷകനെയുമാണ് നഷ്ടമായിരിക്കുന്നത്.

കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ സ്റ്റുഡന്റ്സ് ഫെഡറേഷനിലൂടെയാണ് സി.കെ. രാജൻ പൊതുപ്രവർത്തനരംഗത്തേയ്ക്ക് കടന്നുവന്നത്. പഠനാനന്തരം അഭിഭാഷകവൃത്തിയിലേർപ്പെട്ടുവെങ്കിലും രാഷ്ട്രീയ പ്രവർത്തന രംഗത്ത് ഉറച്ചു നിൽക്കുകയായിരുന്നു. യുവജന ഫെഡറേഷന്റെ മുഖ്യ സംഘാടകരിലൊരാളായി മാറിയ അദ്ദേഹം ഫെഡറേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പാർട്ടിയിലുണ്ടായ ഭിന്നിപ്പിനെ തുടർന്ന് അദ്ദേഹം സി.പി.ഐ പക്ഷത്ത് നിലയുറപ്പിച്ചു. സി.പി.ഐ. മണ്ഡലം കമ്മിറ്റിയംഗം,



LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കൗൺസിൽ അംഗം, കിസാൻസഭ ജില്ലാ നിർവാഹക സമിതിയംഗം എന്നീ ചുമതലകളിൽ പ്രവർത്തിച്ചു. 1967-ൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വേളൂക്കര പഞ്ചായത്ത് പ്രസിഡന്റ്, മോട്ടോർ തൊഴിലാളി യൂണിയൻ പ്രസിഡന്റ് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അനാരോഗ്യംമൂലം കുറച്ചുനാളായി അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. രാജന്റെ നിര്യാണം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്. പരേതരോടുള്ള ആദരസൂചകമായി നമുക്ക് അല്പനേരം മൗനം ആചരിക്കാം.

*(സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)*

# IV. സബ്മിഷൻ

## (1) പറശ്ശിനിക്കടവ് പാമ്പു വളർത്തൽ കേന്ദ്രത്തിനെതിരെയുള്ള നടപടി

ശ്രീ. കെ.സി. ജോസഫ് : സർ, ജീവജാലങ്ങളിൽ ഏറ്റവും ക്രൂരതയുള്ള ജീവികളിലൊന്ന് മനുഷ്യനാണെന്നാണ് കഴിഞ്ഞകാല സംഭവങ്ങൾ തെളിയിച്ചിരിക്കുന്നത്. രാഷ്ട്രീയമായ പകപോക്കലിനുവേണ്ടി അമ്പതിലേറെ മിണ്ടാപ്രാണികളെ ബലികൊടുത്ത വേദനാജനകമായ സംഭവമായതുകൊണ്ടാണ് ഞങ്ങൾ ഈ വിഷയം ഒരു അടിയന്തിര പ്രമേയമായി അവതരിപ്പിക്കാൻ തയ്യാറായത്. അങ്ങ് അതിന് അനുവാദം നല്കിയില്ല. ഞാൻ ഈ വിഷയം ആദ്യം ഒരു സബ്മിഷനായി അവതരിപ്പിച്ചിരുന്നു. അങ്ങ് അന്നു പറഞ്ഞു, ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററുടെ മണ്ഡലത്തിലാണ് പറശ്ശിനിക്കടവ്. അതുകൊണ്ട് സബ്മിഷൻ അദ്ദേഹത്തിന് കൊടുത്തുവെന്ന്. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ ഈ സഭയിൽ വാചാലമായി സംസാരിച്ചു. അദ്ദേഹത്തിന്റെ വാദകോലാഹലങ്ങൾ മുഴുവൻ എന്തുകൊണ്ട് ഈ സ്നേക്ക് പാർക്ക് അടച്ചുപൂട്ടാൻ അദ്ദേഹം ഊന്നൽ കൊടുത്തത് എന്നതിനെക്കുറിച്ചാണ്. സ്വന്തം മണ്ഡലത്തിൽ ഏതാണ്ട് ആയിരത്തിലേറെ ആളുകൾ എന്നും സന്ദർശിക്കുന്ന വിദ്യാഭ്യാസപരമായി പ്രാധാന്യമുള്ള ഒരു ഗവേഷണ സ്ഥാപനം അടച്ചു പൂട്ടാൻ അവിടത്തെ എം.എൽ.എ. തന്നെ തയ്യാറായ ഒരു സാഹചര്യം വളരെ നിർഭാഗ്യകരമാണ്. അദ്ദേഹത്തിന്റെ വാചാലമായ സംസാരത്തിൽ പറശ്ശിനിക്കടവിലെ മൃഗങ്ങളെപ്പറ്റി ഒരു വാക്കും പറഞ്ഞിട്ടില്ല. കാരണം അവിടെ കൊല ചെയ്യപ്പെട്ട അമ്പതിലേറെ വരുന്ന മൃഗങ്ങൾക്ക് തളിപ്പറമ്പിൽ വോട്ടവകാശം ഇല്ല. നിങ്ങളുടെ എല്ലാം കണ്ണ് ഇപ്പോൾ വോട്ട് ബാങ്കിലും മണി ബാങ്കിലുമാണല്ലോ? മൃഗങ്ങൾക്ക് വോട്ടവകാശമില്ല. അവയുടെ പേരിൽ കള്ളവോട്ട് ചെയ്യാൻ പറ്റില്ല. പിന്നെ എന്തിനു പറയണം. ഈ സംഭവങ്ങൾ മനഃസാക്ഷിയെ നടുക്കിയ സംഭവങ്ങളാണ്. ഇവിടെ എല്ലാ വാർത്താമാധ്യമങ്ങളിലും കഴിഞ്ഞ രണ്ടാഴ്ചക്കാലമായി വാരികകളിലുമെല്ലാം മുഖചിത്രം പറശ്ശിനിക്കടവ് സംഭവങ്ങളാണ്. മാതൃഭൂമിയിൽ 'ലജ്ജിക്കൂ', മലയാള മനോരമ, 'പാമ്പു വളർത്തൽ കേന്ദ്രത്തിൽ രാഷ്ട്രീയം', എല്ലാ വാരികകളിലും ഈ വാർത്ത ഉണ്ട്. അവിടെ എന്താണ് നടന്നത്? അവിടെ ഡിസംബർ

LIBRARY ARCHIVES Kerala Legislative Assembly

10-ാം തീയതി ഞായറാഴ്ച പുലർച്ചേ അഞ്ചു മണിയോടു കൂടി മുന്നൂറോളം വരുന്ന ആംഡ് ഫോഴ്സും റാപ്പിഡ് ആക്ഷൻ ഫോഴ്സും പാർക്ക് വളഞ്ഞു. മൃഗങ്ങളെയും പാമ്പുകളേയുമെല്ലാം കൊണ്ടുപോകാനുള്ള സന്നാഹങ്ങളോടെ എത്തിയ വനം വകുപ്പു ഉദ്യോഗസ്ഥന്മാർ പാർക്ക് കാവൽക്കാരായ കൃഷ്ണനൻ, എൻ. രാഘവൻ എന്നിവരെ കസ്റ്റഡിയിലെടുത്തു. കണ്ണൂരാകെ കത്തിയെരിയുമ്പോൾ, തലശ്ശേരിയിൽ കൊലപാതകം അഴിഞ്ഞാടുമ്പോൾ അങ്ങ് പറഞ്ഞു എം.എൽ.എ. മാരെപ്പോലും വേട്ടയാടിയപ്പോൾ അവിടെ പോലീസില്ല എന്ന്. അവിടെ സംരക്ഷിക്കാൻ പോലീസില്ല. പക്ഷേ പറശ്ശിനിക്കടവ് പാമ്പുവളർത്തൽ കേന്ദ്രത്തിലേയ്ക്ക് പാവപ്പെട്ട പാമ്പിനെ പിടിക്കാൻ രണ്ട് ഡിവൈ.എസ്.പി.മാർ, എട്ട് എസ്.ഐ.മാർ, നാല് സി.ഐ.മാർ. പാവം നീർക്കോലിയെ പിടിക്കാൻ വേണ്ടി. ഈ സംഭവങ്ങൾ എങ്ങനെയുണ്ടായി? കേരളത്തിൽ മനഃസാക്ഷിയുള്ള എല്ലാവരും ഈ സംഭവത്തെ അപലപിച്ചില്ലേ? നിങ്ങളുടെ പേട്രൺ സെയിന്റായ ജസ്റ്റീസ് കൃഷ്ണയ്യർ, അദ്ദേഹം പറഞ്ഞു, മൃഗങ്ങളോടുള്ള ക്രൂരത ഭരണഘടനാവിരുദ്ധമാണ് എന്ന്.

സർ, ഹൃദയശൂന്യതയും അഹങ്കാരവും കൊണ്ട് ചാക്കിനകത്ത് കൂട്ടിക്കെട്ടി ഞെക്കി നിറച്ച് ഈ പാമ്പുകളെ കഷ്ടപ്പെടുത്തുന്നത് ഈശ്വരൻ പൊറുക്കുകയില്ല. ശ്രീ. വി. രാമകൃഷ്ണൻ മൃഗങ്ങളുടെ അരക്ഷിതാവസ്ഥയെക്കുറിച്ച് പറഞ്ഞു. ശ്രീ. പൈശാചൻ നിങ്ങൾ ആദ്യം മൃഗങ്ങളോട് പെരുമാറാൻ പഠിക്കൂ എന്നു പറഞ്ഞു. സാംസ്കാരിക കേരളത്തിലെ മനസ്സാക്ഷിയുള്ളവരെല്ലാപേരും വളരെ വേദനിച്ചു, ദുഃഖിച്ചു. പക്ഷെ നിങ്ങൾ അവിടെ അഴിഞ്ഞാടുകയായിരുന്നു. ഇവിടെ മാനവീയം കൊണ്ടാടുമ്പോൾ മനുഷ്യത്വം മരവിച്ചുപോയ ഒരു പാർട്ടിയായി നിങ്ങൾ മാറിയതിൽ ഞാൻ ദുഃഖിക്കുന്നു. ഇവിടെ ശ്രീ. എം.വി. രാഘവനോടുള്ള കുടിപ്പക തീർക്കാൻ വേണ്ടി നിങ്ങൾ ക്രൂരമായ മാർഗ്ഗമാണ് സ്വീകരിച്ചത്. ആ പാമ്പു വളർത്തൽ കേന്ദ്രം പിടിച്ചെടുക്കാനുള്ള വ്യഗ്രതയിൽ വനം വകുപ്പിന്റെ വന്യമൃഗ സംരക്ഷണ വിഭാഗം പൈശാചികവും ക്രൂരവുമായ മാർഗ്ഗങ്ങൾ സ്വീകരിച്ചു. സർ, വെളുപ്പാൻ കാലത്ത് നിങ്ങൾ അവിടെ എന്തിനാണ് പോയത്? ഞായറാഴ്ച രാവിലെയാണ് സംഭവത്തിന്റെ തുടക്കം. ഒരു കോടതിവിധിപോലും പൊതു അവധി ദിവസമായ ഞായറാഴ്ച നടത്താൻ പാടില്ലയെന്ന് നിയമം നിലവിലുണ്ട്. അതെല്ലാം കാറ്റിൽപ്പറത്തി, ആ കോടതി വിധിയെ കാറ്റിൽപ്പറത്തിക്കൊണ്ട് ഞായറാഴ്ച വെളുപ്പാൻ കാലത്ത് പോയി ഈ സന്നാഹം ആവശ്യമുണ്ടായിരുന്നോ? കാറ്റു കടക്കാത്ത ചാക്കിൽ നാല്പതോളം മുതലക്കുഞ്ഞുങ്ങളെ കെട്ടി പൊതിഞ്ഞു വച്ചു. 12 മണിക്കൂർ കഴിഞ്ഞപ്പോൾ 18 എണ്ണം ചത്തു. ചീഞ്ഞ ഗന്ധം പരക്കെ വ്യാപിച്ചു. കന്യാസ്ത്രീ കൊക്കും, വുഡ് ഔളും, വർണ്ണ കൊറ്റിയും മൂർഖൻ പാമ്പും എല്ലാം ദാരുണമായി കൊല ചെയ്യപ്പെട്ടു. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. സി.കെ. നാണു ആണ് വനം വകുപ്പുമന്ത്രി. എനിക്ക് അദ്ദേഹത്തെ 40 കൊല്ലം കോണ്ടേ അറിയാം. പരമസാത്വികനായ, ഗാന്ധിയനായ ശ്രീ. സി.കെ. നാണു ഈ വകുപ്പിന്റെ ചുമതല നിർവഹിക്കുമ്പോൾ ഇങ്ങനെയുള്ള സംഭവമുണ്ടായതിൽ നമുക്കെല്ലാം ദുഃഖവും വേദനയുമുണ്ട്. ആരാണ് ഇതിന് ഉത്തരവാദി? മന്ത്രി സംഭവമറിഞ്ഞില്ല എന്നു പറഞ്ഞു. പറശ്ശിനിക്കടവ് പാമ്പ് വളർത്തൽ കേന്ദ്രം കണ്ടുകെട്ടിയതിനെപ്പറ്റിയുള്ള സംഭവവികാസങ്ങളെപ്പറ്റി തനിക്കൊന്നും അറിയില്ലെന്ന് അദ്ദേഹം അറിയിച്ചു. ശ്രീ. ടി. കെ. രാമകൃഷ്ണനായിരുന്നു ആക്ടിംഗ് ചീഫ് മിനിസ്റ്റർ. അദ്ദേഹം ഒന്നുമറിഞ്ഞില്ലേ രാമ നാരായണാ എന്നു പറഞ്ഞു. വനം വകുപ്പിന്റെ പ്രിൻസിപ്പൽ സി.സി.എഫ്. ശ്രീ. ആശാരി, അദ്ദേഹവും പറഞ്ഞു ഞാൻ അറിഞ്ഞില്ല, കണ്ണൂ

രിലെ ജില്ലാ കളക്ടർ പറഞ്ഞു ഞാൻ അറിഞ്ഞില്ല. പിന്നെ എങ്ങനെ സംഭവമുണ്ടായി? ഈ സംഭവങ്ങൾ ആരറിഞ്ഞു. ഈ സംഭവത്തിന് ആരാണ് ഉത്തരവാദി? ദയവായി വനം വകുപ്പുമന്ത്രി ഈ സംഭവത്തിനാരാണ് ഉത്തരവാദിയെന്ന് ഈ സഭയോട് പറയണം. ഈ സംഭവങ്ങൾ എങ്ങനെയുണ്ടായി. സമീപകാല ചരിത്രത്തിൽ ഇതുപോലൊരു ക്രൂരമായ സംഭവം അരങ്ങേറിയിട്ടുണ്ടോ? 1993-ൽ, അതുകഴിഞ്ഞ് ഫെബ്രുവരി മാസം 10-ാം തീയതി ഒരു സംഘം സി.പി.ഐ.(എം) അക്രമികൾ ഈ കേന്ദ്രം ആക്രമിച്ചു പാമ്പിനെ ചുട്ടുകരിച്ചു ................................ (ബഹളം) ............................ അക്രമം കാണിക്കുന്നതായ സി.പി.ഐ.(എം)കാർ, 1993-ൽ പാമ്പിനെ ചുട്ടുകരിച്ച അക്രമസംഭവമുണ്ടായെങ്കിൽ രണ്ടായിരാമാണ്ടായപ്പോൾ ഈ സംഭവവുമുണ്ടായി. ആരാണ് ഇതിന് ഉത്തരവാദി? ഇതിന്റെ സൂത്രധാരൻമാർ ആരൊക്കെയാണ്? Shri. V.K. Sinha, Chief Conservator of Forest, Wildlife and Chief Wildlife Warden, Dr. Mehar Zingh, Conservator of Forest (Wildlife), Olavakkodu. വൈൽഡ് ലൈഫ് ഫോറസ്റ്റിനുള്ള ജോലി Wildlife destruction ആണോ? മന്ത്രി ഒരു കാര്യം ചെയ്യണം- ദയവായി ഈ ഡെസിഗ്നേഷൻ മാറ്റണം. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ എന്നുവേണ്ട സി.സി.എഫ്.വൈൽഡ് ലൈഫ് (ഡിസ്ട്രക്ഷൻ) എന്നാക്കണം. ഇവർക്ക് ആ പേര് ചേരും. വേലി തന്നെ വിളവു തിന്നുന്നതു പോലെയല്ലേ? ഇവിടെ പറയുന്നത്. സെൻട്രൽ സൂ അതോറിറ്റി പറഞ്ഞിട്ടാണെന്നാണ്. സെൻട്രൽ സൂ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ശ്രീ. പി.ആർ. സിംഗ് അയച്ച കത്താണ്, അദ്ദേഹം ശ്രീ. എം.വി. രാഘവനയച്ച കത്താണ് അതിൽ പറയുന്നത് Dated 23.6.2000, Your request cannot be considered in view of the fact that the matter is now before the Kerala High Court and therefore sub judice. കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയം സബ്ജുഡീസാണെന്നാണ് സെൻട്രൽ സൂ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി പറയുന്നത്. രായ്ക്ക് രാമാനം എല്ലാ മര്യാദയും കാറ്റിൽപ്പറത്തിക്കൊണ്ട് ആ പാർക്ക് കയ്യേറി. ഇവിടെ പറയുന്നത് പറശ്ശിനിക്കടവ് പാർക്കിന് അംഗീകാരമില്ലെന്നാണ്. ഞാൻ ചോദിക്കുന്നു കേരളത്തിലെ തട്ടേക്കാട് വൈൽഡ് ലൈഫിന്റെ കീഴിൽ ഒരു പാർക്കുണ്ട്. അതിന് അംഗീകാരമുണ്ടോ? മലമ്പുഴയിലെ പാമ്പുവളർത്തൽ കേന്ദ്രത്തിന് അംഗീകാരമുണ്ടോ? കേരളത്തിൽ മൂന്നോ നാലോ പാമ്പുവളർത്തൽ കേന്ദ്രങ്ങളുണ്ട്. ഒന്നിനും അംഗീകാരമില്ല. എന്തിനേറെ തിരുവനന്തപുരത്തേയും തൃശ്ശൂരിലേയും സൂവിന് പോലും അംഗീകാരം കിട്ടിയിട്ടില്ല. അങ്ങനെയുള്ളപ്പോൾ എന്തിനാണ് തെരഞ്ഞുപിടിച്ച് അവിടേയ്ക്ക് പോയത്? ഇന്നത്തെ പത്രത്തിൽ പറയുന്നത് സ്നേക്ക് പാർക്കിലെ ഉദ്യോഗസ്ഥന്മാരെ പ്രോസിക്യൂട്ട് ചെയ്യുവാൻ കേന്ദ്രത്തിൽ നിന്നും റിപ്പോർട്ട്. പറശ്ശിനിക്കടവ് പാമ്പ് വളർത്തൽ കേന്ദ്രം പിടിച്ചെടുത്ത് മൃഗങ്ങളെ ആക്രമിച്ച വനം വകുപ്പുദ്യോഗസ്ഥന്മാരെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് കേന്ദ്രഗവൺമെന്റ്. എത്ര ഉന്നത ഉദ്യോഗസ്ഥന്മാരായാലും ശിക്ഷയിൽ നിന്നും ഒഴിവാക്കാൻ പാടില്ലയെന്ന് കേന്ദ്ര അനിമൽ വെൽഫെയർബോർഡ് ഓഫീസർ ശ്രീ. ടി. കുരുവിള ഈപ്പൻ കേന്ദ്ര സാമൂഹ്യ മന്ത്രിക്കയച്ച റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവിടത്തെ പാമ്പു വളർത്തൽ കേന്ദ്രം കണ്ണൂരിലെ പ്രസിദ്ധമായ ഒരു സ്ഥാപനമാണ്. ശ്രീ. ടി.കെ. ബാലന്റെ മണ്ഡലത്തിൽ പാപ്പിനിശ്ശേരി വിഷവൈദ്യകേന്ദ്രമുണ്ട്. ആ കേന്ദ്രം നടത്തുന്നത് ഈ പാമ്പുവളർത്തൽ കേന്ദ്രത്തിന്റെ പിന്തുണയോടുകൂടിയാണ്. പാപ്പിനിശ്ശേരി കേന്ദ്രത്തിൽ പാമ്പുകടിയേറ്റ ഒരു രോഗി 3,000 രൂപ മുടക്കിയാൽ ചികിത്സ കിട്ടും, ഇതേ ചികിത്സ കിട്ടാൻ വേറെ ഏതെങ്കിലും ആശുപത്രിയിൽ പോയാൽ 30,000 രൂപ വരെ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി ചികിത്സിക്കുന്ന ഒരു സ്ഥാപനം, ഉത്തര മലബാറിലെ ആളുകൾക്ക് പാമ്പുകടിയേറ്റാൽ ആശ്വാസം നല്കുന്ന സ്ഥാപനമാണ്. ആയിരക്കണക്കിനാളുകൾ അവിടെ പോകുന്നു. 1980-ൽ ഈ സ്ഥാപനമാരംഭിക്കാൻ ഗ്രാന്റ് കൊടുത്തത് മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാരാണ്. ശ്രീ. എം.വി. രാഘവന്റെ പാർക്കിന് 50,000 രൂപ ക്യാബിനറ്റ് അനുവദിച്ചു. അതുമാത്രമല്ല പറശ്ശിനിക്കടവിൽ സ്ഥലവും കൊടുത്തു. അന്ന് ശ്രീ. എം.വി. രാഘവൻ അവരുടെ മാനസപുത്രനായിരുന്നു, അദ്ദേഹം മഹാനായിരുന്നു, ഇപ്പോൾ എം.വി. രാഘവൻ അസ്പൃഷ്ടനായപ്പോൾ ഇതേ പാർക്കിന് അംഗീകാരം നിഷേധിക്കുന്നു. ഇത് സമീപ ചരിത്രത്തിലുണ്ടാകാത്ത ഏറ്റവും ക്രൂരമായ സംഭവമാണ്. ഈ സംഭവത്തിന് ആരാണ് ഉത്തരവാദി? വൈൽഡ് ലൈഫ് സി.സി.എഫ്.മാരുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കണം. നാളെയെങ്കിലും ഇത്തരം സംഭവങ്ങൾ കേരളത്തിലുണ്ടാകാത്ത തരത്തിൽ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർ സ്വീകരിച്ച നടപടിയുമായി ബന്ധപ്പെട്ട് ചില മൃഗങ്ങൾ മരണപ്പെട്ടു എന്നത് അങ്ങേയറ്റം ഖേദകരമായ വസ്തുതയാണ്. ബഹുമാനപ്പെട്ട എം.വി. രാഘവനും എം.കെ. പ്രസാദും ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. ആ കേസിന്റെ വിധികൾ പരിശോധിച്ചു. കോടതിവിധികൾക്കു ശേഷം വനംവകുപ്പും ഇതു സംബന്ധിച്ച് വളരെ വിശദമായി പരിശോധിച്ചു. ഇവിടെ ചില സുഹൃത്തുക്കൾ സംസാരിച്ചപ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇത് രാഷ്ട്രീയമായി എടുത്തു അല്ലെങ്കിൽ ഒരു ശത്രുവിന്റെ സ്ഥാപനത്തെ തകർക്കാൻ നടത്തിയ ശ്രമമെന്നുള്ള രീതിയിൽ വിശദീകരിക്കുകയുണ്ടായി. ഇത് രാഷ്ട്രീയമായി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നുള്ള ധാരണയിലായിരിക്കാം അപ്പുറത്തുനിന്നും സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ സമീപനമെന്ന് എനിക്ക് തോന്നുന്നു. അതിൽ വിജയിക്കുമെന്ന് നിങ്ങൾക്ക് ധാരണയുണ്ടെങ്കിൽ അത് തെറ്റാണ്. ബഹുമാനപ്പെട്ട എം.വി. രാഘവന്റെ നേതൃത്വത്തിലുള്ള സൊസൈറ്റിക്ക് പാമ്പിനെ ആയാലും മറ്റ് മൃഗങ്ങളെയായാലും കൈവശം വയ്ക്കാൻ അവകാശമുണ്ടോയെന്നുള്ളതാണ് ഇവിടെ പ്രധാനപ്പെട്ട ചോദ്യം. ഇവിടെ കുറെ മൃഗശാലകൾ അംഗീകാരമില്ലെന്ന് ശ്രീ.കെ.സി. ജോസഫ് പറയുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള മൃഗശാലകൾക്ക് അംഗീകാരമില്ലെന്നുള്ളത് ശരിയോ തെറ്റോ എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കെ.സി. ജോസഫ് പറയാൻ കാരണമെന്താണ്? അപ്പോൾ മൃഗങ്ങളെ കയ്യിൽ വയ്ക്കാൻ നിയമപരമായ അംഗീകാരം വേണം. നിയമപരമായ അധികാരമില്ലാതെ മൃഗങ്ങളെ കയ്യിൽ വയ്ക്കാൻ സംസ്ഥാന ഗവൺമെന്റിനു പോലും അധികാരമില്ലെന്ന് ബഹുമാനപ്പെട്ട കെ.സി. ജോസഫ് പറയാൻ കാരണം ഇതിന് നിശ്ചയമായും നിയമപരമായ അംഗീകാരം വേണമെന്നുള്ളതുകൊണ്ടാണ്. ബഹുമാനപ്പെട്ട കെ.സി. ജോസഫ് വളരെ സമർത്ഥമായി കാര്യങ്ങൾ പറയാൻ ശ്രമിക്കുന്ന ആളാണ്. .................. ബഹളം ............................ ബഹളം ..................... ബഹുമാനപ്പെട്ട കെ.സി. ജോസഫും മറ്റ് സുഹൃത്തുക്കളും സംസാരിക്കുന്നത് വളരെ ശാന്തമായി ഞാൻ കേട്ടിരുന്നു. ഞാൻ പറയുന്നതും കേൾക്കാൻ സാവകാശം ഉണ്ടാകണം. ഞാൻ എവിടെയെങ്കിലും തെറ്റ് പറയുന്നുവെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അതിനെ സംബന്ധിച്ച് വിശദീകരിക്കാം. ഇവിടെ പാമ്പു വളർത്തൽ കേന്ദ്രത്തിൽ നടന്നത് ബഹുമാനപ്പെട്ട എം.വി. രാഘവനോടുള്ള രാഷ്ട്രീയ പ്രശ്ന

LIBRARY ARCHIVES Kerala Legislative Assembly

മല്ല. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് എതിരായി പ്രവർത്തിക്കുന്ന രാഷ്ട്രീയനേതാക്കൾ ഉണ്ടാകാം, രാഷ്ട്രീയ സംഘടനകൾ ഉണ്ടാകാം. അതുപോലെ ഐക്യജനാധിപത്യമുന്നണിക്ക് എതിരായി പ്രവർത്തിക്കുന്ന ആളുകളും സംഘടനകളും ഉണ്ടാകാം. ഇവിടത്തെ പ്രശ്നം ഒരു പാമ്പു വളർത്തൽ കേന്ദ്രത്തെ സംബന്ധിച്ചുള്ളതാണ്. ഒരു പാമ്പു വളർത്തൽ കേന്ദ്രം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട ചില നിയമങ്ങളുണ്ട്. ആ നിയമങ്ങൾ ഇന്നയിന്ന ഘട്ടങ്ങളിലായി ശ്രീ. എം.വി. രാഘവന്റെ നേതൃത്വത്തിലുള്ള സൊസൈറ്റി പാലിച്ചിട്ടില്ലെന്ന് ഞാനിന്നലെ വളരെ വിശദമായി പ്രതിപാദിക്കുകയുണ്ടായി. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന് വിരോധമുണ്ടായിരുന്നുവെങ്കിൽ അധികാരത്തിൽ വന്നയുടനെ അധികാരം ഉപയോഗിച്ച് ബഹുമാനപ്പെട്ട എം.വി. രാഘവന്റെ നേതൃത്വത്തിലുള്ള പറശ്ശിനിക്കടവിലെ സ്നേക്ക് പാർക്കിനെ കയ്യിലെടുക്കാമായിരുന്നല്ലോ? 1996-നു ശേഷം ശ്രീ. എം.വി. രാഘവന്റെ നേതൃത്വത്തിലുള്ള ആ സ്നേക്ക് പാർക്ക് തീയിട്ടതായി ഞാനറിയുന്നു. അതിനുശേഷം കുറെ കൊല്ലങ്ങളായി ആ സ്നേക്ക് പാർക്കിന് അംഗീകാരം തേടാൻ അവസാനഘട്ടംവരെ അദ്ദേഹത്തിനു അവസരം കൊടുത്തു. അതിനു അംഗീകാരം നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചോ? നമ്മൾ വെറുതെ പറഞ്ഞിട്ടു ഫലമില്ല. നമ്മൾ കൽക്കട്ടയിൽ പോയപ്പോൾ .......... ബഹളം ....... ബഹളം.......

ശ്രീ. കെ. സുധാകരൻ : സർ, പറശ്ശിനിക്കടവിലെ സ്നേക്ക് പാർക്കിനു പൊസഷൻ സർട്ടിഫിക്കറ്റ് കൊടുക്കേണ്ട അതോറിറ്റി ആരാണ്?

ശ്രീ. സി.കെ. നാണു : വൈൽഡ് ലൈഫ് വാർഡനാണ് പൊസഷൻ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടത്.

ശ്രീ. കെ. സുധാകരൻ : മൂന്നു വർഷമായി പൊസഷൻ സർട്ടിഫിക്കറ്റിന് അപ്ളൈ ചെയ്തിട്ട് കൊടുക്കാത്തതുകൊണ്ടാണ് സെൻട്രൽ അതോറിറ്റിക്കു മുമ്പിൽ രേഖകൾ ഹാജരാക്കാൻ കഴിയാതെവന്നത്. അതാണ് സ്നേക്ക് പാർക്കിന്റെ ദുരവസ്ഥയ്ക്ക് കാരണം.

ശ്രീ. സി. കെ. നാണു : ഞാൻ ബഹുമാനപ്പെട്ട കെ. സുധാകാരന്റെ വാദങ്ങളെ രണ്ട് തരത്തിൽ സമീപിച്ചുകൊണ്ട് ചോദിക്കുകയാണ്. ഒന്ന്, കഴിഞ്ഞ രണ്ടുകൊല്ലമായി ശ്രീ. എം.വി. രാഘവന്റെ കൈവശമുള്ള പാമ്പിനോ മറ്റ് മൃഗങ്ങളുടെയോ അംഗീകാരത്തിനുവേണ്ടി സംസ്ഥാന വൈൽഡ് ലൈഫ് വാർഡനെ സമീപിച്ചുവെന്നുളളത് എനിക്കറിയില്ല. വനം വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ഞാൻ പറയുന്നു അദ്ദേഹം അതിനുവേണ്ടി പോയിട്ടില്ല. മറ്റൊരു കാര്യം, എനിക്കൊരു തോക്ക് വാങ്ങിക്കണമെന്ന് ആഗ്രഹമുണ്ട്. അതിനായി ലൈസൻസിനുവേണ്ടി ചോദിക്കുമ്പോൾ ആ അതോറിറ്റി ലൈസൻസ് തരാതിരുന്നാൽ എനിക്ക് തോക്ക് കൈവശം വയ്ക്കാമോ? .................ബഹളം................ബഹളം....................ബഹളം................. നിങ്ങൾ വാദത്തിനുവേണ്ടി ഇങ്ങനെ പറയരുത്. നമ്മൾ ഈയടുത്തകാലങ്ങളിലെ പത്രങ്ങളിൽ ഇതു സംബന്ധിച്ച് പലതും കാണാറുണ്ട്. രണ്ടുമൂന്ന് ചെറുപ്പക്കാർ ചേർന്ന് മലമ്പാമ്പിനെ പിടിക്കുന്നു, അതിന്റെ ചിത്രം പത്രങ്ങളിൽ വരുന്നു. അവരിൽ ആർക്കെങ്കിലും താൽപര്യമുണ്ടെങ്കിൽ ആ പാമ്പിനെ വീട്ടിൽ കൊണ്ടുപോയി കൈവശം വയ്ക്കാൻ സാധിക്കുമോ? മലമ്പാമ്പിനെ പിടിച്ചിട്ട് അടുത്തുള്ള ഫോറസ്റ്റ് ആഫീസിലോ അല്ലെങ്കിൽ 24 മണിക്കൂറിനുള്ളിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ അറിയിക്കണം. അതാണ് ഇവിടത്തെ നിയമം. അത്തരത്തിലൊരു നിയമം നമ്മുടെ നാട്ടിൽ നിലനിൽക്കുമ്പോൾ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എം.വി. രാഘവനല്ല ആർക്കായാലും പാമ്പിനെയോ മറ്റ് മൃഗങ്ങളെയോ കൈവശം വയ്ക്കാൻ അവകാശമുണ്ടോ? ഇക്കാര്യം നിങ്ങൾക്ക് എല്ലാ പേർക്കും അറിയാവുന്നതാണല്ലോ ............ ബഹളം..............ബഹളം.................... ശ്രീ. എം.വി. രാഘവൻ പറയാത്ത ന്യായങ്ങൾ ബഹുമാനപ്പെട്ട ശ്രീ. ജോസഫ് മുന്നോട്ടു വച്ചു. അവസാനവും ശ്രീ. രാഘവന്റെ അപേക്ഷ നിലനിൽക്കുന്നു വെന്ന് 1993-ൽ തുടങ്ങിയ ചില കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. രാഘവൻ പറ ഞ്ഞിട്ടില്ല. (ബഹളം.................)

<u>മി. സ്പീക്കർ</u> : പ്ലീസ്...................പ്ലീസ്.....

<u>ശ്രീ. സി.കെ. നാണു</u> : ഞാൻ ഒന്ന് പറയട്ടെ. നിയമപ്രകാരം ശ്രീ. രാഘ വന് പാമ്പുകളെ കൈവശം വയ്ക്കാൻ അധികാരമില്ല. അധികാരം നേടാൻ സെൻട്രൽ സൂ അതോറിറ്റിയും സംസ്ഥാന വൈൽഡ് ലൈഫ് ഡിപ്പാർട്ടു മെന്റും അനുവദിച്ചിട്ടും അത് നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല. അത് എന്തുകൊണ്ട് സാധിച്ചില്ല? അതൊന്നും ഞാൻ വിശദമായി ചർച്ച ചെയ്യു ന്നില്ല. അത് സാധിക്കാതിരുന്നാൽ അത് തിരിച്ചെടുക്കേണ്ടത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണ്. അത് തിരിച്ചെടുക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ശ്രമം നടത്തി. ഈ സംസ്ഥാനത്ത് ഒരു വർഷം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പത്ത് മുപ്പതിനായിരം സംഘടിതമായ ശ്രമങ്ങൾ നടത്തുന്നു ണ്ട്. പല വനങ്ങളിലും ആനയെ കൊന്ന് കൊമ്പ് എടുക്കുന്നുണ്ട്. ആനയുടെ നഖം എടുക്കുന്നു. മൃഗങ്ങളെ വേട്ടയാടുന്നു. ആ മൃഗങ്ങളെ വേട്ടയാടുന്ന അവസരത്തിൽ അതിനെ നേരിടാൻ അതിന്റെ ചുമതല ഇവിടുത്തെ വനം വകുപ്പിനാണ്. അതിന് അംഗങ്ങൾ പോരെങ്കിൽ ചില സമയത്ത് പോലീസിന്റെ സഹായം തേടുന്നു. ഈ വർഷം ഇത്തരത്തിലുള്ള പത്ത് മുപ്പത് നടപടികൾ ഫേലീസ് ചെയ്യുന്നുണ്ട്. മന്ത്രി എന്നുള്ള നിലയിൽ ഞാനും അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട ശ്രീ. ആന്റണിയും അതുപോലെ മറ്റ് മന്ത്രിമാരും ഉണ്ടായിരുന്ന അവസരത്തിലും വനംവകുപ്പ് മന്ത്രിമാർ ഉണ്ടാ യിരുന്ന അവസരത്തിലും അവരോട് ചോദിച്ച് അവരടക്കം ഇരുന്ന് ചർച്ച ചെയ്ത് ഒരു കൊല്ലം വനം വകുപ്പ് നടത്തുന്ന നടപടികൾ ആ രൂപത്തിൽ ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. (ബഹളം..............) ഞാൻ പറഞ്ഞത് പറശ്ശിനിക്കടവ് പ്രശ്നമാണ്. ശ്രീ. എം.വി. രാഘവൻ എന്നുള്ള രാഷ്ട്രീയ നേതാവിനോട് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുള്ള സമീപനമല്ല. പറശ്ശി നിക്കടവിലെ പ്രശ്നം, വനം, വന്യജീവി സംരക്ഷണ നിയമം ലംഘിച്ച് മൃഗ ങ്ങളെ കയ്യിലെടുക്കാൻ പോയതാണ്. ഞാൻ ഇതു പറയുന്നത് കോടതിയിൽ പരാമർശിക്കപ്പെട്ട പ്രശ്നമാണ്. ആ മൃഗങ്ങളുടെ മരണത്തിന് ഇടയാക്കിയ സംഭവങ്ങളിലേയ്ക്ക് നയിക്കേണ്ടത് കോടതിയിലാണ്. അത് സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിന് അഭിപ്രായം ഉണ്ട്. എനിക്ക് അഭിപ്രായം ഉണ്ട്. ആ പ്രശ്ന ങ്ങളൊന്നും ഞാൻ വിശദമായി ഇവിടെ പറയുന്നില്ല. പക്ഷേ ലാഘവബുദ്ധി യോടുകൂടി വനംവകുപ്പ് ഇത് കൈകാര്യം ചെയ്തുവെന്ന് ഞാൻ പറയുന്നില്ല. കേരളത്തിലെ വനം വകുപ്പിൽ ഇന്ത്യയ്ക്ക് മാതൃകയാകാൻ സാധിക്കുന്ന പ്രഗ ത്ഭരായ ഉദ്യോഗസ്ഥന്മാർ വെറ്ററിനറി ഡിപ്പാർട്ടുമെന്റിൽ ഉണ്ട്. പത്രത്തിൽ നമ്മൾ കണ്ടിരിക്കും. വയനാട്ടിൽ കാലിൽ വെടിയേറ്റ ഒരു കാട്ടാന ഒരു ഭാഗത്ത് വന്നപ്പോൾ അതിനെ രക്ഷിക്കാൻ മറ്റൊരു നാട്ടാനയുടെ കാലിന്റെ മറ വിലിരുന്ന് ഏത് നിമിഷവും ജീവൻ അപകടം വരുന്ന രൂപത്തിൽ വന്യമൃഗ ങ്ങളെ രക്ഷിക്കാൻ ശ്രമിച്ച ഡോക്ടർമാർ ആണ് കേരളത്തിലെ വനം വകു പ്പിൽ ഉള്ളത്. ഞാൻ ഇത് പറയുന്നത്, ഡോ. ജേക്കബ് ചീരൻ, ഡോ. ജോർജ്,

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ഈശ്വരൻ, ഡോ. അരുൺ സക്കറിയ തുടങ്ങി കേരളത്തിലെ പ്രമുഖരായ നാല് വെറ്റിനറി ഡോക്ടർമാർ, അവരുടെ നിയന്ത്രണത്തിലാണ് ഈ കാര്യങ്ങൾ നടന്നത്, സ്നേക്ക് പാർക്കിൽ പോയി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്ത ഓരോ ഘട്ടത്തിലും അവിടെ ഒരു ഏറ്റുമുട്ടലിന്റെ പ്രശ്നം ഉണ്ടായിട്ടില്ല. പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലെ അധികൃതർ ആരും തന്നെ വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ഏറ്റുമുട്ടിയിട്ടില്ല. വളരെ സൗഹൃദത്തോടു കൂടി രാവിലെ ആറ് മണി മുതൽ രണ്ടര മണി വരെ വനം വകുപ്പിലെ ഉദ്യോഗസ്ഥന്മാർ നിയമപരമായി അവർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തു. അതിനു ശേഷം ഉണ്ടായ ചില സംഭവങ്ങൾ കോടതിയുടെ മുമ്പാകെ വന്നു. അതുകൊണ്ടാണ് ഞാൻ ആ ഭാഗത്തേയ്ക്ക് കടക്കാത്തത്. അതേയവസരത്തിൽ വനം വകുപ്പ് ലാഘവബുദ്ധിയോടുകൂടി ഈ പ്രശ്നം കൈകാര്യം ചെയ്തുവെന്ന് പറയുന്നത് ശരിയല്ല. പാമ്പിനെ പിടിച്ചാൽ അതിനെ എങ്ങനെ അധിവസിപ്പിക്കണം, മുതലയെ പിടിച്ചാൽ എങ്ങനെ അധിവസിപ്പിക്കണം എന്നതിനെ സംബന്ധിച്ച് എല്ലാമുള്ള ഡീറ്റെയിൽഡ് പ്ലാൻ സെൻട്രൽ സൂ അതോറിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ചു. ഇവിടെ ഉണ്ടായ പ്രശ്നം കാരണം ചില ജീവികൾക്ക് മരണം ഉണ്ടായി. ഞാൻ പറഞ്ഞത് ഈ വിശദീകരണത്തിന് ശേഷം ഒരു ക്രൂരനായി മാറി ഞാൻ രാഷ്ട്രീയത്തിനു വേണ്ടി കളിക്കുകയല്ല. വസ്തുതകൾ പറയുന്നയവസരത്തിൽ ഞാൻ ശ്രീ. രാഘവനെ സപ്പോർട്ട് ചെയ്ത് സംസാരിക്കേണ്ട ഒരാൾ അല്ലല്ലോ. എനിക്ക് അതിന്റെ ആവശ്യമില്ല. ഞാൻ ഇവിടെ പറയുന്ന പ്രശ്നങ്ങളിൽ ഏതെങ്കിലും ഒന്ന് തെറ്റിയെന്ന് പറയാമോ? അവിടെ പോയത് ഗുണ്ടകളെ കൂട്ടിയാണോ? അവിടെ പോയത് അക്രമികളെ കൂട്ടിയാണോ? ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ഇന്ത്യയിലെ പ്രഗത്ഭരായ ഡോക്ടർമാരാണുള്ളത്. വനം വകുപ്പിനെ സംബന്ധിച്ച് ഏത് സാഹചര്യത്തിലായാലും വനം വകുപ്പിന്റെ ഭാഗത്തു നിന്നും 100 ശതമാനവും സത്യസന്ധമായും തയ്യാറെടുപ്പോടും കൂടിയാണ് കാര്യങ്ങൾ ചെയ്തതെങ്കിലും ഈ ജീവികൾ മരണമടയാൻ ഇടയായ സാഹചര്യത്തിൽ വനംവകുപ്പാണ് മറ്റ് ഏത് ഘടകത്തെക്കാളും ഗൗരവമായി കൈകാര്യം ചെയ്തത്. കാരണം ഈ സംസ്ഥാനത്തിലെ ഒരു വന്യജീവിയും പരിചരണം ലഭിക്കാതെ മരണമടയരുത് എന്നുള്ളതിന്റെ ആഗ്രഹത്തിൽ അങ്ങേയറ്റം പരിശ്രമിക്കുന്ന ഒരു വിഭാഗമാണ് വനം വകുപ്പ്. വന്യജീവികൾ മരിച്ചതിനെ സംബന്ധിച്ച് മറ്റ് ആരെക്കാളും ഉത്കണ്ഠ ഉള്ളത് ഞങ്ങൾക്കാണ്. അത് കേരളത്തിൽ മാത്രമല്ല, സെൻട്രൽ സൂ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചതാണ്. ഇത്തരം നടപടികളുടെ ഫലമായി ഇന്ത്യയിൽ ഇനിയും അനധികൃതമായി മൃഗങ്ങളെ കയ്യിലെടുക്കുന്നുണ്ടാകും. ഈ നടപടികൾ സ്വീകരിക്കുന്നയവസരത്തിൽ ഇത് ഉണ്ടാകരുത്. കോടതി വിധി, വനം വകുപ്പിലെ പരിശോധന ഇതെല്ലാം നടക്കുന്നതോടുകൂടി ഇതിൽ വല്ല തകരാറുകളും ഉണ്ടായിട്ടുണ്ടെങ്കിൽ ആ തകരാറുകൾ പരിശോധിച്ച് വേണ്ടത് ചെയ്യാം. അതേസമയം അപ്പുറത്തുള്ളവർ പറയുന്നത് ശരിയാണെന്ന് നൂറുശതമാനം പോലും പറയാൻ സാധിക്കില്ല എന്നു ബഹുമാനപ്പെട്ട ശ്രീ. ജോസഫിനോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. (ബഹളം..............)

<u>മി. സ്പീക്കർ</u> : പ്ലീസ് ........... പ്ലീസ്............. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കഴിഞ്ഞോ?

<u>ശ്രീ. സി.കെ. നാണു</u> : അതുപോലെ ഒരു കാര്യം കൂടി ശ്രീ. ജോസഫിനോട് പറയാം. തിരുവനന്തപുരം മൃഗശാലയ്ക്ക് 31.5.2000 വരെ അംഗീകാര

LIBRARY ARCHIVES Kerala Legislative Assembly

മുണ്ട്. അതുപോലെ തൃശ്ശൂർ മൃഗശാലയ്ക്കുള്ള സ്ഥലം പോരാത്തതു കൊണ്ട് വനം വകുപ്പും മൃഗശാല അതോറിറ്റിയുമായി ബന്ധപ്പെട്ട് ഒരു 200 ഏക്കർ സ്ഥലത്തേക്ക് തൃശ്ശൂരിലെ മൃഗശാല മാറ്റാൻ വേണ്ടിയുള്ള ശ്രമത്തിലാണ് സ്റ്റേറ്റ് സൂ അതോറിറ്റി. അതുപോലെ കേരളത്തിൽ ഇന്ന് വനം വകുപ്പുമായി ബന്ധപ്പെട്ട് പലതും ഉണ്ട്. സെൻട്രൽ സൂ അതോറിറ്റി പറയുന്നത് വനം വകുപ്പിന്റെ കൈവശമുള്ള ഈ പാർക്കിന് വേണ്ടപോലെ സൗകര്യമില്ലയെന്ന് പറഞ്ഞാൽ ഒരു റസ്ക്യൂ ഷെൽറ്റർ എന്ന നിലയ്ക്ക് പാമ്പിനെ പിടിച്ചാൽ റെസ്ക്യൂ ഷെൽറ്ററിലേയ്ക്ക് ഇടാം. ആളുകളെ കാണാൻ അനുവദിക്കാതിരുന്നാൽ മതി. അല്ലാതെ കണ്ട് ശത്രുതാപരമായി ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടില്ല. ഈ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല എന്ന് ഞാൻ പറയുന്നു.

## അറിയിപ്പ്

മി. സ്പീക്കർ : ഓർഡർ.......... ഓർഡർ............

സിംഗപ്പൂർ പാർലമെന്റ് അംഗമായ ശ്രീ. തോമസ് തോമസ് നമ്മുടെ സഭാ നടപടികൾ വീക്ഷിക്കുന്നതിനായി ഇവിടെ വിശിഷ്ടാതിഥികളുടെ ഗ്യാലറിയിൽ സന്നിഹിതരായിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ ശ്രീമതിയും വന്നിട്ടുണ്ട്. രണ്ടുപേരെയും നിയമസഭയ്ക്കുവേണ്ടി ഞാൻ സ്വാഗതം ചെയ്യുന്നു. ശ്രീ. തോമസ് തോമസ് ഒരു മലയാളിയാണ് എന്ന കാര്യം കൂടി ഞാൻ അറിയിച്ചുകൊള്ളുന്നു.

## (2) നാവായിക്കുളം പഞ്ചായത്തിൽ കൂനൻചാലിൽ പട്ടികജാതി കോളനിയിൽ 9.12.2000 ത്തിൽ നടന്ന സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം

[11. A.M.]

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിൽ അഞ്ചാം വാർഡിൽ കൂനൻചാലിൽ എന്നു പറയപ്പെടുന്ന ഹരിജൻ കോളനിയിൽ സ്ഥിരതാമസക്കാരും പട്ടികജാതിക്കാരുമായ മുപ്പതോളം കുടുംബാംഗങ്ങൾ ഒപ്പിട്ട ഒരു പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റു ബന്ധപ്പെട്ടവർക്കും ഈ മാസം 13-ാം തീയതി ഞാൻ നല്കിയിരുന്നു. പരാതിയിൽ പറയുന്ന കാര്യം വളരെ ഗൗരവമുള്ളതായതുകൊണ്ടാണ് ഒരു സബ്മിഷനിലൂടെ ഈ പ്രശ്നത്തിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഈ പട്ടികജാതി കോളനിയിൽ നാല് കുടുംബങ്ങൾ ഒഴികെ മറ്റെല്ലാ കുടുംബങ്ങളും ഇടതുപക്ഷ അനുഭാവികളാണ്. ഈ മാസം 10-ാം തീയതി രാത്രിയിൽ ഉദ്ദേശം 10 മണിക്ക് ഹംസ, അലി, നിസാർ, അസീൻ, ഷറഫുദ്ദീൻ എന്നിവരും മറ്റ് അമ്പതോളം പേരും സ്ഥലത്തെ എൽ.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ (പണ്ടവർ പി.ഡി.പി.ക്കാരായിരുന്നു.) വടിവാൾ, കഠാര, വെട്ടുകത്തി, കോടാലി തുടങ്ങിയ മാരകായുധങ്ങളുമായി കോളനിയിൽ അതിക്രമിച്ചു കടന്നുകയറി ഉറങ്ങിക്കിടന്നവരേയും, മറ്റുള്ളവരേയും സ്ത്രീ പുരുഷ ഭേദമന്യേ മർദ്ദിച്ച് അവശരാക്കുകയും, വീടുകളും വീട്ടുപകരണങ്ങളും തല്ലിത്തകർക്കുകയും, വീടുകളിൽ സൂക്ഷിച്ചിരുന്ന നാലായിരത്തോളം രൂപ കവർന്നെടുക്കുകയും, മൃഗങ്ങളെ വരെ പൈശാചികമായി മർദ്ദിച്ച് അവശരാക്കുകയും അങ്ങനെ സ്ഥലത്ത് ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഈ മാസം 9-ാം തീയതി കോളനിയിലെ താമസക്കാരനായ നാണുവിന്റെ 17 വയസ്സു പ്രായമുള്ള അമ്പിളി എന്ന പെൺകുട്ടി കശു



LIBRARY ARCHIVES Kerala Legislative Assembly

വണ്ടി ഫാക്ടറിയിൽ നിന്ന് ജോലി കഴിഞ്ഞ് മടങ്ങി വരവേ വൈകിട്ട് 6 മണിക്ക് മുക്കുകട ജംഗ്ഷനിൽ വച്ച് സ്ഥലത്തെ ടാക്സി ഡ്രൈവർമാരായ യൂസഫ്, ഷാജൻ എന്നിവർ ചേർന്ന് പെൺകുട്ടിയെ ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ചീത്ത പറയുകയും കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തതാണ് ഈ സംഭവത്തിനു കാരണമായിത്തീർന്നത്. അടുത്ത ദിവസം പെൺകുട്ടിയുടെ സഹോദരൻ അതിനെ ചോദ്യം ചെയ്തതിനാണ് മുന്നോക്കർ എന്നു പറയപ്പെടുന്ന ഈ സാമൂഹ്യവിരുദ്ധർ ഈ പട്ടികജാതിക്കാരെ ഉന്മൂലനാശം ചെയ്യും എന്ന് ആക്രോശിച്ചുകൊണ്ട് ഇങ്ങനെയൊരു അക്രമം അഴിച്ചു വിട്ടത്. അവരുടെ അക്രമത്തിന് ഇരയായ ആറു പേർ വെട്ടും കുത്തു മേറ്റ് ആശുപത്രിയിലായി, അവർ ഇപ്പോഴും ചികിത്സയിലാണ്. കൂടാതെ ജനകീയാസൂത്രണ പദ്ധതിയിൻ പ്രകാരം ലഭിച്ച അവരുടെ വീടുകൾ എല്ലാം തകർക്കപ്പെട്ടിരിക്കുകയാണ്. വീടിനുള്ളിൽ ഉണ്ടായിരുന്ന അരി ഉൾപ്പെടെയുള്ള എല്ലാ വീട്ടുപകരണങ്ങളും, സാധനങ്ങളും കോളനിയിലുള്ള രണ്ടു, മൂന്നു കിണറുകളിൽ വാരി എറിഞ്ഞിരിക്കുകയാണ്. ഒരു യുദ്ധഭൂമിയിൽ ചെന്നാൽ കാണുന്ന ഒരവസ്ഥയാണ് ആ കോളനിയിൽ ചെന്നാൽ കാണാൻ കഴിയുക. 1980 മുതൽ ഒരു പിര്യേഡ് ഒഴിച്ചാൽ ഞാൻ ആ സ്ഥലത്ത് എം. എൽ.എ. ആയി ഉണ്ടായിരുന്നു. വളരെ ശാന്തമായി സമാധാനമായി കഴിഞ്ഞുകൂടുന്ന ആ പട്ടിണിപ്പാവങ്ങളോട് ഇത്ര ക്രൂരത കാണിക്കാൻ കാരണമെന്തെന്ന് അറിയില്ല. ജാതീയമായ പീഢനമാണ്, അവരെ ജാതീയമായി പീഢിപ്പിക്കുക എന്നുള്ള ഉദ്ദേശം മാത്രമായിരുന്നു ഈ അക്രമത്തിന്റെ പിന്നിൽ ഉണ്ടായിരുന്ന ആ ഗൂഢോദ്ദേശം. ഒരു മുന്നോക്കക്കാരന്റെ വീട് തീ കത്തിച്ചിട്ട്, അത് അവർ തന്നെ കത്തിച്ചിട്ട് ഹരിജനങ്ങളാണ് അപ്രകാരം ചെയ്തത് എന്ന് പ്രചരിപ്പിക്കുന്നു എന്ന് ഈ കോളനി നിവാസികൾ എന്നെ കണ്ടപ്പോൾ പരാതി പറയുകയുണ്ടായി. ഈ അക്രമം നടത്തിയ മുന്നോക്കജാതിയിൽപ്പെട്ടവരും സാമൂഹ്യവിരുദ്ധരുമായ പ്രതികളെ 1980-ലെ കേന്ദ്ര പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമമനുസരിച്ച് കേസെടുത്ത് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാൻ സത്വര നടപടി സ്വീകരിക്കണം. വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നന്നാക്കുന്നതിന് സാമ്പത്തിക സഹായം നല്കണം. വെട്ടും കുത്തും മൂലം മുറിവേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് ചികിത്സാ സഹായം നല്കണം. ആ പ്രദേശത്ത് ഒരു സമാധാനാന്തരീക്ഷം സൃഷ്ടിക്കുവാൻ, സമാധാനപരമായി ജനങ്ങൾക്ക് ജീവിക്കുവാൻ ഒരു സർവ്വകക്ഷി യോഗം എത്രയും പെട്ടെന്ന് വിളിക്കുവാൻ വേണ്ട നിർദ്ദേശവും നല്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം നാവായിക്കുളം കൂനംചാലിലെ പട്ടികജാതി കോളനിയിൽ 10.12.2000 ന് രാത്രിയിൽ ഏതാനും പേർ കടന്നു കയറി ചില വീടുകളിലെ ഗൃഹോപകരണങ്ങളും മറ്റും നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ക്രൈം 223/2000-ാം നമ്പരായി കല്ലമ്പലം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. പ്രതികളിലൊരാളായ സുബൈറിനെ അറസ്റ്റു ചെയ്തിട്ടുമുണ്ട്. മറ്റ് പ്രതികളെക്കൂടി അറസ്റ്റു ചെയ്ത് നടപടി ത്വരിതപ്പെടുത്താൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## (3) നിലമേൽ കോളേജ് വിദ്യാർത്ഥി നിഷാദിനെ യൂണിവേഴ്സിറ്റി കോളേജിൽ വച്ച് മർദ്ദിച്ച സംഭവം

ശ്രീ. ബി. വിജയകുമാർ : സർ, കണ്ണൂരിൽ മൃഗങ്ങളോടാണെങ്കിൽ തിരുവനന്തപുരത്ത് മനുഷ്യരോടാണ്. എന്റെ സബ്മിഷൻ നിലമേൽ എൻ.എസ്.എസ്. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയും, കെ.എസ്.യു. നേതാവുമായ എ. നിഷാദ് കോളേജ് യൂണിയൻ ചുമതലപ്പെടുത്തിയതനുസരിച്ച്, എസ്.എഫ്.ഐ.ക്കാരായ യൂണിയൻ ചെയർമാൻ രാജേഷ്, മാഗസീൻ എഡിറ്റർ ആശിഷ്, കൗൺസിലർ ജയൻ എന്നിവരോടൊപ്പം യൂണിയൻ ഉദ്ഘാടനത്തിന് അതിഥികളെ ക്ഷണിക്കാൻ യൂണിവേഴ്സിറ്റി കോളേജിൽ എത്തിയപ്പോൾ അവിടെ വച്ച് എസ്.എഫ്.ഐ.ക്കാർ ക്രൂരമായി മർദ്ദിക്കുകയും, ഷർട്ട് ഊരിമാറ്റിയതിനു ശേഷം മേശമേൽ കിടത്തി കഠാരകൊണ്ട് നിഷാദിനെ ശരീരം കീറിമുറിച്ച് എസ്.എഫ്.ഐ. എന്ന് മുദ്രകുത്തുകയും ചെയ്തു. കന്റോൺമെന്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ അറസ്റ്റ് ചെയ്ത 8 പേരിൽ നാലുപേർ വ്യാജമേൽവിലാസം നല്കി. ഇന്നലെ കോടതിയിൽ നടത്തിയ ഐഡന്റിഫിക്കേഷൻ പരേഡിൽ 3 പ്രതികളെ നിഷാദ് തിരിച്ചറിഞ്ഞു. തിരിച്ചറിഞ്ഞ പ്രതികൾ എസ്.എഫ്.ഐ.ക്കാരുടെ സഹായത്തോടുകൂടി കോടതിയുടെ ജനൽവഴി പുറത്തു ചാടി പോയി. കോടതിയിൽ പോലും ഇതാണ് സംഭവം. പ്രതികളെ എസ്.എഫ്.ഐ.യിൽ നിന്ന് പുറത്താക്കി എന്ന് 18.12.2000-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സഭയിൽ മറുപടി തന്നതിൽ ഉണ്ട്. എസ്.എഫ്.ഐക്കാരുടെ സഹായത്തോടുകൂടിയാണ് ഇന്നലെ കോടതിയിൽ നിന്നും മതിൽചാടി പോയത് എന്നു മാത്രമല്ല, ഐഡന്റിഫിക്കേഷൻ പരേഡിൽ പങ്കെടുത്ത പ്രതികളെ തിരിച്ചറിഞ്ഞാൽ കൊല്ലുമെന്ന് നിഷാദിനെ എസ്.എഫ്.ഐ.ക്കാർ ഇന്നും ഭീഷണിപ്പെടുത്തുന്നു. പ്രതികൾക്കെതിരായി കൊലക്കുറ്റത്തിന് കേസ് എടുക്കണം. ഇത് നിസ്സാര സംഭവമല്ല. തലസ്ഥാന നഗരത്തിന്റെ ഹൃദയഭാഗത്ത് നടന്ന സംഭവമാണ്. ഇന്നലെ ഇവിടെ പറഞ്ഞു കണ്ണൂരിൽ മാർക്സിസ്റ്റ് ഗ്രാമം, ബി.ജെ.പി. ഗ്രാമം ഒക്കെയുണ്ടാക്കുന്നു. അതിന്റെ തുടക്കം യൂണിവേഴ്സിറ്റി കോളേജിലും, എം.ജി. കോളേജിലും ആയിരുന്നു. യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ. ഗ്രാമം, എം.ജി. കോളേജിൽ എ.ബി.വി.പി. ഗ്രാമം. അവിടെ മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കാൻ സ്വാതന്ത്ര്യമില്ല. അതിന്റെ ചുവടാണ് കണ്ണൂരിൽ മാർക്സിസ്റ്റ് ഗ്രാമവും ബി.ജെ.പി. ഗ്രാമവും. ഇങ്ങനെ പോയാൽ ഓരോ പ്രദേശത്ത് ഓരോ പാർട്ടി ആധിപത്യം സ്ഥാപിച്ചാൽ, മറ്റുള്ളവരെ പ്രവർത്തിക്കാൻ അനുവദിക്കില്ല എന്ന കീഴ്വഴക്കം ഉണ്ടായാൽ ജനാധിപത്യത്തിന് എന്താണ് സ്ഥാനം? അതുകൊണ്ട് പ്രതികൾക്കെതിരായി കൊലക്കുറ്റത്തിന് കേസ് എടുക്കണം. പരുമല കോളേജിൽ കൊല്ലപ്പെട്ട വിദ്യാർത്ഥികളുടെ കേസിൽ ഉണ്ടായ അനുഭവം, കോടതിയിൽ എന്താണ് പറഞ്ഞത് എന്ന് അറിയാമല്ലോ, ആ കേസ് എങ്ങനെ പോയി എന്ന് മുഖ്യമന്ത്രിക്കറിയാം. ആ കേസിൽ ഉണ്ടായ അനുഭവം ഈ നിഷാദിന്റെ കേസിൽ പാടില്ല. അവരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ് എടുക്കണം എന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കൊല്ലം നിലമേൽ എൻ.എസ്.എസ്. കോളേജിലെ വിദ്യാർത്ഥി നിഷാദിനെ 10.11.2000 ത്തിന് യൂണിവേഴ്സിറ്റി കോളേജിലെ ഏതാനും വിദ്യാർത്ഥികൾ ദേഹോപദ്രവമേല്പിച്ചതായി ആക്ഷേപം ലഭിച്ചു. ഇതു സംബന്ധിച്ച് തിരുവനന്തപുരം, കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 203/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് അന്വേഷണം നടത്തി വരികയാണ്. അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയ 8 പ്രതികളെ റിമാന്റു ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെക്കൂടി തിരിച്ചറിഞ്ഞ്, അറസ്റ്റു ചെയ്ത് നടപടി ത്വരിതപ്പെടുത്താൻ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നല്കിയിരിക്കുകയാണ്.

## (4) ബാങ്ക് ജീവനക്കാരുടെ പണിമുടക്ക്

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, അഖിലേന്ത്യാ വ്യാപകമായി ബാങ്ക് ജീവനക്കാർ ഇന്ന് പണിമുടക്കുകയാണ്. 1969-ൽ രാജ്യത്തിന്റെ നന്മയ്ക്കും ശ്രേയസ്സിനും വേണ്ടി 14 ബാങ്കുകൾ ദേശസാൽക്കരിച്ചുകൊണ്ട് തീരുമാനം എടുത്തു എങ്കിൽ ഇന്നത്തെ ബി.ജെ.പി. ഗവൺമെന്റ് ബാങ്കുകളെ വീണ്ടും സ്വകാര്യവല്ക്കരിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമത്തിലാണ്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണവും നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ അഖിലേന്ത്യാ വ്യാപകമായി ഇന്ന് ബാങ്ക് ജീവനക്കാർ നടത്തുന്ന പണിമുടക്കിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും, സ്വകാര്യവല്ക്കരിക്കാനുള്ള ഈ തീരുമാനത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് പിന്മാറണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 1969-ലാണ് ഇന്ത്യയിൽ പ്രവർത്തിച്ച 14 ബാങ്കുകൾ ആദ്യമായി ദേശസാൽക്കരിക്കപ്പെട്ടത്. അന്ന് ഞാനും ലോക്സഭയിൽ ഉണ്ടായിരുന്നു. തുടർന്ന് പലപ്പോഴായി വിവിധ ബാങ്കുകൾ ദേശസാൽക്കരിച്ചു. ദേശസാൽക്കരിക്കുന്നതിനു മുമ്പ് ഇന്ത്യയുടെ ബാങ്കിംഗ് മേഖല സ്വകാര്യ ബാങ്കുകളുടെ പരിപൂർണ്ണ നേതൃത്വത്തിലായിരുന്നു. ഇന്ത്യൻ ജനതയിൽ നിന്ന് ബാങ്കുകൾ ശേഖരിക്കുന്ന ആയിരക്കണക്കിന് കോടി രൂപയുടെ സമ്പാദ്യം രാജ്യത്തിന്റെ പൊതുവായ വികസനത്തിന്, പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി ചെലവഴിക്കുക എന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടിയാണ് ഇന്ത്യയിലെ ബാങ്കുകൾ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ ദേശസാൽക്കരിക്കപ്പെട്ടത്. ഞങ്ങളൊക്കെ അന്ന് പിന്തുണ നല്കിയതും ആയിരുന്നു. ദേശസാൽക്കരണത്തിനു ശേഷം ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾക്ക് അഭൂതപൂർവ്വമായ വളർച്ചയാണ് ഉണ്ടായത്. 1969-ൽ ഇന്ത്യയിൽ 65,000 പേർക്ക് ഒരു ബാങ്ക് ശാഖയെന്ന നിരക്ക് 1999 ആയപ്പോഴേക്കും 15,000 പേർക്ക് ഒരു ബാങ്കുശാഖ എന്ന തോതിൽ വികസിക്കുകയുണ്ടായി. ദേശസാൽക്കരണത്തിനു മുമ്പുണ്ടായിരുന്ന മൊത്തം 8321 ബാങ്കുശാഖകളിൽ കേവലം 23% ശാഖകൾ മാത്രമാണ് ഗ്രാമീണ മേഖലയിൽ പ്രവർത്തിച്ചിരുന്നത്., എന്നാൽ 1997 ൽ ഇന്ത്യയിലെ മൊത്തം ബാങ്കുശാഖകളുടെ എണ്ണം 64,116 ആയി ഉയർന്നു. ഇതിൽ 50% ബാങ്കുശാഖകളും പ്രവർത്തിക്കുന്നത് ഗ്രാമീണ മേഖലയിലാണ്. ഇന്ന് ഈ ശാഖകളുടെ എണ്ണം 66,000 ആയി ഉയർന്നിട്ടുണ്ട്. ഏകദേശം 12 ലക്ഷം പേർ ഇവിടെ നേരിട്ട് തൊഴിൽ ചെയ്യുകയാണ്. ഇപ്പോൾ ദേശസാൽകൃത ബാങ്കുകളിലെ മൊത്തം നിക്ഷേപത്തിന്റെ 51% കേന്ദ്രസർക്കാരിന്റേതാണ്. ഇത് 33% ആയി കുറവു ചെയ്ത് സ്വകാര്യവൽക്കരിക്കുന്നതിനെതിരായിട്ടാണ് ബാങ്ക് ജീവനക്കാർ ഡിസംബർ 21-ന്, ഇന്ന് അഖിലേന്ത്യാവ്യാപകമായി പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്. ഒരു വികസര രാഷ്ട്രമായ ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ സ്വകാര്യവ

LIBRARY ARCHIVES Kerala Legislative Assembly

ല്ക്കരിക്കാനുള്ള നീക്കം രാജ്യത്തിന്റെ സമ്പദ്ഘടനയേയും വികസനത്തേയും ഏറെ പ്രതികൂലമായി ബാധിക്കും. ദേശസാൽകൃത ബാങ്കുകൾ സ്വകാര്യവല്ക്കരിക്കുന്നതിനെതിരായി 21.12.2000 ത്തിന് അഖിലേന്ത്യാ വ്യാപകമായി ബാങ്ക് ജീവനക്കാർ നടത്തുന്ന പണിമുടക്കിന് ആധാരമായ സ്വകാര്യവല്ക്കരണ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്ന് അഭ്യർത്ഥിക്കുകയാണ് ഞാൻ ചെയ്യുന്നത്.

മി. സ്പീക്കർ : ശ്രീ തിരുവഞ്ചൂരിന്റെ സബ്മിഷനുള്ള മറുപടി കിട്ടിയിട്ടില്ല. ശ്രീ. തിരുവഞ്ചൂരും, ശ്രീ. എഴുകോൺ നാരായണനും എഴുതി തന്നത് ഞാൻ മുഖ്യമന്ത്രിക്ക് കൊടുത്തു. ഇന്നു രാവിലെ മറുപടി കിട്ടിയിട്ടില്ല.

(ബഹളം................. ബഹളം..............)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : വളരെ പ്രധാനപ്പെട്ട വിഷയമാണ്. അടൂരിൽ ഒരു വ്യാപാരസ്ഥാപനത്തിനു നേരെ നടന്ന ആക്രമണത്തിന്റെ കാര്യമാണ്. ഇന്നലത്തന്നെ ഞാൻ ആവശ്യപ്പെട്ട കാര്യമാണ്.

മി. സ്പീക്കർ : നിങ്ങൾ ഒരു അടിയന്തിര പ്രമേയം ആയിട്ട് ഉന്നയിക്കാത്തതെന്താ?

(ബഹളം................. ബഹളം..............)

ഉള്ള വസ്തുത ഞാൻ പറഞ്ഞല്ലോ, ഒരു വഴക്കു വേണ്ട.

(ബഹളം................. ബഹളം..............)

കാര്യം മനസ്സിലായി, ഇന്നു രാവിലെ തന്നതാണ് നോട്ടീസ്. ഇന്നു രാവിലെ എന്നു പറഞ്ഞാൽ എട്ടു മണിക്കു ശേഷം, അതിനു ശേഷം മുഖ്യമന്ത്രിക്കു കൊടുത്തു. മറുപടി പറയണമെന്ന് ഇൻസിസ്റ്റ് ചെയ്യാൻ പറ്റില്ല. നേരേമറിച്ച് അടിയന്തിര പ്രമേയത്തിനാണെങ്കിൽ മറുപടി കിട്ടും. അങ്ങനെയൊന്നും പറയാൻ പാടില്ല

(ബഹളം................. ബഹളം..............)

(സബ്മിഷൻ അവതരിപ്പിക്കാൻ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയ്ക്കു പുറത്തു നിരാഹാര സത്യാഗ്രഹമനുഷ്ഠിക്കുന്ന പ്രതിപക്ഷ എം.എൽ.എ.മാരോടൊപ്പം സഭാനടപടികൾ തീരുന്നതുവരെ സത്യാഗ്രഹമനുഷ്ഠിക്കാൻ പോകുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ട് സഭയ്ക്കു പുറത്തു പോവുകയും സത്യാഗ്രമനുഷ്ഠിക്കുകയും ചെയ്തു.)

## V. നിയമസഭാനടപടി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### ഉദാരവല്ക്കരണം മൂലം സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രതിസന്ധി

കൃഷിവകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, വ്യാപാര ഉദാരവല്ക്കരണ കരാറുകളുടെ അടിസ്ഥാനത്തിൽ 1991 മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന വിവേചനരഹിതമായ ഇറക്കുമതി നയം

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കാർഷികമേഖലയെ തകർച്ചയിലേയ്ക്ക് നയിച്ചിരിക്കുന്നു. 40 ലക്ഷത്തോളം കേരളീയ കുടുംബങ്ങളുടെ ജീവിത ആശ്രയമായ നാളീകേര കൃഷിയെയാണ് ഈ നയം ഏറ്റവും പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. ഇന്ത്യയുടെ റബ്ബർ ഉല്പാദനത്തിന്റെ 94 ശതമാനത്തിലധികം ഉല്പാദിപ്പിക്കുന്നത് നമ്മുടെ നാട്ടിലെ 10 ലക്ഷത്തിലേറെ വരുന്ന റബ്ബർ കർഷകരാണ്. ഈ മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങളുണ്ട്. റബ്ബറിന്റെയും റബ്ബറുല്പന്നങ്ങളുടേയും ഇറക്കുമതിയെ തുടർന്ന് റബ്ബർ വിലയിൽ ഗണ്യമായ കുറവുണ്ടായി. ഇത് നമ്മുടെ കാർഷിക സമ്പദ്‌വ്യവസ്ഥയെ പിടിച്ചു കുലുക്കി. ഇന്ത്യൻ-ശ്രീലങ്കൻ വ്യാപാര കരാറിന്റെ ഫലമായി കുറഞ്ഞ ഇറക്കുമതി തീരുവ നല്കി വൻതോതിൽ ശ്രീലങ്കൻ തേയില ഇന്ത്യയിലെത്തിച്ചേരുന്നു. ഇതിന്റെ ഫലമായി തേയില തോട്ടങ്ങളും വ്യവസായങ്ങളും കടുത്ത പ്രതിസന്ധി നേരിടുകയാണ്. കാർഷിക പ്രാധാന്യമുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ ഈ പ്രഹരങ്ങളുടെ കടുത്ത ആഘാതം താങ്ങേണ്ടി വന്നത് കേരളത്തിനാണ്. നമ്മുടെ നാളികേര കർഷകർ ഈ ദുരന്തത്തിന്റെ ഇരകളായിരിക്കുന്നു. 100 നാളികേരത്തിന്റെ വില 700 രൂപയിൽ നിന്നും 200 രൂപയായി താഴ്ന്നു. കൊപ്രയുടെ വില ക്വിന്റലിന് 4434 രൂപയായിരുന്നത് 2000 രൂപയായി കുറഞ്ഞു. ഇതിനനുസൃതമായി വെളിച്ചെണ്ണ വിപണിയും തകർച്ചയെ നേരിടുകയാണ്. കിലോയ്ക്ക് 60 രൂപയിലധികം ഉയർന്ന ആർ.എസ്.എസ്. ഗ്രേഡ് 4 റബ്ബറിന്റെ വില ഇപ്പോൾ 29 രൂപയായി താഴ്ന്നു. കാപ്പി, കുരുമുളക്, കൊക്കോ, തേയില, അടയ്ക്ക, മഞ്ഞൾ തുടങ്ങി കേരളം വൻതോതിൽ ഉല്പാദിപ്പിക്കുന്ന എല്ലാ കാർഷിക വിളകളുടേയും ഗതി ഇതുതന്നെ. മണ്ണു പൊന്നാക്കി കേരളത്തേയും രാജ്യത്തേയും കാർഷിക അഭിവൃദ്ധിയിലേയ്ക്ക് നയിക്കുന്ന അദ്ധ്വാനശീലരായ നമ്മുടെ കർഷകർ ആഗോളവല്ക്കരണം വരുത്തിയ ദുരിതഭാരം ചുമക്കേണ്ടി വന്നിരിക്കുന്നു. പുത്തൻ സാമ്പത്തിക നയത്തിന്റേയും വ്യാപാര ഉദാരവല്ക്കരണത്തിന്റേയും ഭാഗമായി സാമ്പത്തിക തകർച്ച നേരിടുന്ന കേരളീയ കർഷകരെ സംരക്ഷിക്കാൻ കേരള സർക്കാർ അർപ്പണബോധത്തോടെ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. റബ്ബറിന് കിലോയ്ക്ക് കമ്പോള വിലയേക്കാൾ 50 പൈസ അധികം നല്കിയും 50 പൈസ കൈകാര്യ ചെലവ് നല്കിയും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, റബ്കോ, വെയർഹൗസിംഗ് കോർപ്പറേഷൻ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവ വഴി കർഷകരിൽ നിന്നും റബ്ബർ ശേഖരിച്ച് സംഭരിച്ചു വയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആഗോള ടെണ്ടർ വിളിച്ച് 15,000 ടൺ റബ്ബർ കയറ്റുമതി ചെയ്യുവാൻ റബ്കോയ്ക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നല്കി. ഇതുമൂലമുണ്ടാകുന്ന നഷ്ടം നികത്താനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുത്തു. കേരളത്തിലെ റബ്ബർ കർഷകനെ സഹായിക്കാൻ കൈക്കൊണ്ട ധീരമായ ഈ നടപടിയുടെ ഭാഗമായി 10,460 ടൺ റബ്ബർ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി കയറ്റുമതി ചെയ്യുവാൻ കഴിഞ്ഞു. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം 25,000 ടൺ ക്രംബ് റബ്ബറും, 25,000 ടൺ ഷീറ്റ് റബ്ബറും ഇതേ വ്യവസ്ഥയിൽ കയറ്റി അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. റബ്ബർ പാർക്കിന് പുറമേ സഹകരണ മേഖലയിൽ അഞ്ച് റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റുകൾ റബ്കോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നാളികേര കർഷകരെ തകർച്ചയിൽ നിന്നും കരകയറ്റുവാൻ വിവിധ നടപടികൾ കൈക്കൊണ്ടു. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച താങ്ങുവിലയുടെ അടിസ്ഥാനത്തിൽ നാഫെഡ് മുഖാന്തിരം 73,000 ടൺ കൊപ്ര ശേഖരിക്കുവാൻ കഴിഞ്ഞു. ഉയർന്ന വില നല്കി പച്ചത്തേങ്ങ സംഭരിക്കുവാൻ സഹകരണസം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഘങ്ങളെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് പല സഹകരണ സംഘങ്ങളും സംഭരണം ആരംഭിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങുവിലയ്ക്ക് അനുസൃതമായി വില നല്കി കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് നല്കാനുള്ള ഒരു പദ്ധതിക്കും രൂപം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രതിദിനം 25,000 നാളികേരം വീതം സംസ്കരിക്കാനുള്ള 60 യൂണിറ്റുകൾ നിലവിൽ വരും. ഇതിനു പുറമേ സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പ്രതിദിനം 50,000 നാളികേരം വീതം കൊപ്രയാക്കാനുള്ള 3 സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. ഉദ്ദേശം 19 ലക്ഷത്തോളം നാളികേരം പ്രതിദിനം ഇതുമൂലം സംസ്കരിച്ചെടുക്കുവാൻ കഴിയും. ഈ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡിയായി 6 കോടി രൂപ നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് നാളികേരത്തിന് ന്യായവില ഉറപ്പാക്കാൻ കഴിയും. പച്ചത്തേങ്ങ കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് സംസ്കരിക്കുകയെന്ന ആശയത്തിന് രൂപം നല്കുകയും അത് താങ്ങുവില പ്രഖ്യാപനവുമായി ബന്ധപ്പെട്ട ഏജൻസികളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തത് ആദ്യമായി കേരളമാണ്. 18 കോടി രൂപയുടെ ഒരു വൈവിധ്യവല്ക്കരണ പദ്ധതി കേരഫെഡ് കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ നടപ്പിലാക്കാൻ തീരുമാനിച്ചു കഴിഞ്ഞു. കേരഫെഡ്, ഹോർട്ടികോർപ്പ് തുടങ്ങിയവ വ്യാപകമായി ഇളനീർ വിറ്റഴിക്കാനുള്ള നടപടികൾ ആരംഭിച്ചു. നാളികേര വികസന ബോർഡും, കേരഫെഡും സംയുക്തമായി ഇളനീർ ടെട്രാ പാക്കുകളിൽ വിതരണം ചെയ്യുവാൻ കഴിയുന്ന ഒരു പ്രോജക്ടിന് രൂപം നല്കിക്കഴിഞ്ഞു. ഇതിനോടൊപ്പം തേങ്ങാവെള്ളം വിനാഗിരിയായി മാറ്റുന്നതിനും വ്യവസ്ഥയുണ്ട്. കാപ്പിയുടെ വിലയിടിവുമൂലം വിഷമിക്കുന്ന കാപ്പി കർഷകരെ സഹായിക്കുന്നതിന് ഗവൺമെന്റ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ദക്ഷിണേന്ത്യൻ കാപ്പി കർഷകരുടെ സംഘടനകളുടെ യോഗം വിളിച്ചു ചേർത്തു അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്തു. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കോഫി ബോർഡുമായി ബന്ധപ്പെട്ട് രണ്ട് സുപ്രധാന തീരുമാനങ്ങൾ ബോർഡിനെക്കൊണ്ട് നടപ്പിലാക്കാൻ ശ്രമങ്ങൾ നടത്തി. അതിൽ ഏറ്റവും പ്രധാനം കിലോയ്ക്ക് 90 രൂപ വില ലഭിക്കുന്നതുവരെ കർഷകരിൽ നിന്നും മൊത്തം ഉല്പാദനത്തിന്റെ 20 ശതമാനം ശേഖരിക്കുന്ന കോഫി റിറ്റൻഷൻ സ്കീമാണ്. കോഫി ബോർഡ് ഈ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. കോഫി ബോർഡിൽ നിന്നും എടുത്ത വായ്പകൾ പുനഃക്രമീകരിച്ച് ദീർഘകാല വായ്പകളാക്കുകയും പുനർവായ്പ നല്കുകയും ചെയ്യാമെന്ന് കോഫി ബോർഡ് സമ്മതിച്ചിട്ടുണ്ട്. കുരുമുളക് കൃഷിയെ ഇത്തരമൊരു ആഘാതത്തിൽ നിന്നും സംരക്ഷിക്കാനുള്ള മുൻകരുതലുകൾ ഗവൺമെന്റ് ഇപ്പോൾത്തന്നെ കൈക്കൊണ്ടിട്ടുണ്ട്. 212 കോടിയുടെ ഒരു കുരുമുളകു വികസന പരിപാടി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. വെള്ളക്കുരുമുളക് ഉല്പാദിപ്പിക്കുന്ന രണ്ട് ഫാക്ടറികൾ ആരംഭിക്കുന്നതാണ്. അരി മുഖ്യാഹാരമാക്കിയ കേരളീയരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൂടി പ്രസ്താവിക്കുന്നത് പ്രസക്തമാണ്. 11 നെൽക്കൃഷി വികസന ഏജൻസികൾ രൂപീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുവാൻ 25 കോടി രൂപ ചെലവിടുകയും ചെയ്തു. ഇപ്പോൾ നല്കിവരുന്ന 350 രൂപയുടെ ഉല്പാദന ബോണസിനുപരിയായി ഹെക്ടറിന് 750 രൂപയുടെ പ്രൊഡക്ഷൻ ഇൻസെന്റീവ് നല്കുന്നതാണ് നെല്ല് വിലയിടിയുന്നത് തടയുവാൻ താങ്ങുവില നൽകി നെല്ല് സംഭരണം

നടത്തിവരുന്നു. ഈ നെല്ല് സംസ്കരിക്കുവാൻ ഗവൺമെന്റുടമയിൽ 3 റൈസ് മില്ലുകളുടെ നിർ മ്മാണം അന്തിമഘട്ടത്തിലാണ്. ഈ വർഷം നെൽക്കൃഷി വികസനത്തിന് 24 കോടി രൂപ ചെലവിടും. കേരളത്തിന്റെ നെൽക്കൃഷി വികസനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വലിയ തുക ഈ പ്രവർത്തനത്തിന് മാറ്റി വച്ചിട്ടുള്ളത്. കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക വ്യാപാര നയങ്ങൾ മൂലം കെടുതി അനുഭവിക്കുന്ന കേരളീയ കർഷകരെ സംരക്ഷിക്കുവാൻ കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ച് ഏറ്റവും ജാഗ്രതയോടെ നിരന്തരമായി നിരവധി തവണ കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി കാര്യത്തിൽ കുറ്റകരമായ സമീപനമാണ് കേന്ദ്രം കൈക്കൊണ്ടിട്ടുള്ളത്. പാർലമെന്റിന്റെ ഭക്ഷ്യ വിതരണവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി നമുക്കാവശ്യമുള്ളതിന്റെ ഇരട്ടിയിലധികം ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്തതായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി പൂർണ്ണമായി നിരോധിക്കുകയോ തീരുവ 300 ശതമാനമായി വർദ്ധിപ്പിക്കുകയോ എന്ന തീരുമാനത്തിൽ കുറഞ്ഞ ഒന്നും നമ്മുടെ പ്രശ്നത്തിന് പരിഹാരമാവില്ല. ഇതോടൊപ്പം തന്നെ മിൽ കൊപ്രയ്ക്ക് ക്വിന്റലിന് 4600 രൂപ താങ്ങുവില നിശ്ചയിച്ച് നാഫെഡു വഴി സംഭരിക്കുകും ഇതിനോടൊപ്പം ഈ വിലയ്ക്കനുസൃതമായി കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുകയും വേണം. റബ്ബറിനെ സംബന്ധിച്ചും അടിയന്തിരമായി നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊള്ളേണ്ടതുണ്ട്. ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചതുപോലെ റബ്ബർ ഒരു കാർഷികവിളയായി പ്രഖ്യാപിക്കുകയും ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിച്ച് സംഭരിക്കുകയും വേണം. റബ്ബറിനോടൊപ്പം തേയിലയും കാപ്പിയും കാർഷികവിളയായി പ്രഖ്യാപിച്ച് 100 ശതമാനം ഇറക്കുമതി ചുങ്കം തീരുവ ചുമത്തണം. സംസ്കരിച്ച് കാർഷികോല്പന്നങ്ങൾക്ക് 150 ശതമാനം ഇറക്കുമതി ചുങ്കം ചുമത്തണം. ഗാട്ട് കരാറിനുള്ളിൽ തന്നെ പരമാവധി ഇറക്കുമതി തീരുവമേൽ പറഞ്ഞ പ്രകാരം വർദ്ധിപ്പിക്കുവാൻ വ്യവസ്ഥയുള്ളപ്പോൾ കേന്ദ്ര ഗവൺമെന്റ് ഇത്തരമൊരു നടപടിക്ക് മുതിരാത്തത് കേരളത്തിലെ കർഷകലക്ഷങ്ങളോട് കാട്ടുന്ന കടുത്ത അനീതിയാണ്. ഇൻഡോ-അമേരിക്കൻ കരാറനുസരിച്ച് 2001 ഏപ്രിൽ 1 മുതൽ വീണ്ടും 700 ലധികം കാർഷികോല്പന്നങ്ങൾ ഇന്ത്യയിലേയ്ക്ക് സ്വതന്ത്രമായി കുറഞ്ഞ തീരുവയിൽ ഇറക്കുമതി ചെയ്യുവാൻ കഴിയും. നമ്മുടെ സാമ്പത്തികവ്യവസ്ഥയെ തകർത്ത് തരിപ്പണമാക്കുവാൻ ഇടയാക്കുന്ന ഈ കരാറിൽ നിന്നും പിന്മാറുവാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. കേരളത്തിന് സമാനമായ കാർഷിക കാലാവസ്ഥയും കാർഷിക വിളകളുമുള്ള ശ്രീലങ്കയുമായി ഉണ്ടാക്കിയിട്ടുള്ള കരാർ 2003-ൽ പൂർണ്ണമായി നിലവിൽ വരുന്നതാണ്. ഈ കരാർ കേരളത്തിലെ കാർഷികമേഖലയുടെ തകർച്ചയ്ക്കിടയാക്കുമെന്നതുകൊണ്ട് ഈ കരാറിന്റെ വ്യവസ്ഥകൾ പുനഃപരിശോധിക്കുവാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകണം. കാർഷിക സമ്പദ്‌വ്യവസ്ഥയെ പ്രധാനമായും ആശ്രയിക്കുന്ന നമ്മുടെ സംസ്ഥാനം വൈവിധ്യമാർന്ന നിരവധി കാർഷിക വിളകളുടെ നാടാണ്. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന കാർഷിക വിരുദ്ധ നയങ്ങളുടേയും ആഗോളവൽക്കരണത്തിന്റേയും കനത്ത ആഘാതം അനുഭവിക്കേണ്ടി വരുന്നത് നമ്മളാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിന് പ്രത്യേക കാർഷിക ധനസഹായം ലഭ്യമാക്കുക എന്നത് നമ്മുടെ ന്യായമായ അവകാശമാണ്. 200 കോടി രൂപയുടെ ധനസഹായം കേരളം അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly

മായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങൾ കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുക എന്നത് സമസ്ത കേരളീയരുടെയും കർത്തവ്യമാണ്. ഈ കൂട്ടായ്മയിൽ ഒരു തരത്തിലുള്ള വിഭാഗീയതയ്ക്കും പ്രസക്തിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ വിനാശകരമായ നടപടികൾക്കെതിരെ ഒറ്റക്കെട്ടായി ശബ്ദമുയർത്തുവാൻ നമ്മൾ ഒന്നിച്ച് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. പുത്തൻ സാമ്പത്തികനയത്തിന് രൂപം നല്കിയവർ അതിന്റെ ഫലമായി കേരളീയരും കേരളത്തിന്റെ കാർഷികമേഖലയും ഇന്ന് അഭിമുഖീകരിക്കുന്ന തകർച്ചയും ദുരിതങ്ങളും മനസ്സിലാക്കി പ്രസ്തുത നയം തിരുത്തുന്നതിന് ആത്മാർത്ഥമായ പുനഃപരിശോധന നടത്തണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

## VI. ക്രമപ്രശ്നം

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇവിടെ റൂൾ 300 ൽ പറയുന്നത്, A statement may be made by a Minister on a matter of public importance..... ഇവിടെ അങ്ങ് അനുവദിച്ചു അദ്ദേഹം പറഞ്ഞു, ഞാൻ അതിന്റെ മെറിറ്റിലേയ്ക്ക് ഒന്നും പോകുന്നില്ല. പക്ഷേ നിയമസഭയിലുള്ള ഒരു കീഴ്‌വഴക്കം അദ്ദേഹം ഒരു സ്റ്റേറ്റ്മെന്റ് വായിച്ചു, അവസാനം മുഴുവൻ കേന്ദ്രത്തോടുള്ള ഡിമാന്റ്സാണ്. ഈ സഭയിൽ ഈ വിഷയം വന്നു, അടിയന്തിരപ്രമേയമായിട്ട് വന്നു, മന്ത്രിയുടെ മറുപടി വന്നു, മന്ത്രി കുറെ കാര്യങ്ങൾ പറഞ്ഞു, അതിനെ തുടർന്നാണ് പത്ത് എം.എൽ.എ.മാർ നിയമസഭാകവാടത്തിൽ സത്യാഗ്രഹം ഇരിക്കുന്നത്. സർ, ഇവിടെ കേന്ദ്രത്തോട് ചെയ്യേണ്ട കുറേ ഡിമാന്റ്സ് അത് റൂൾ 300 പ്രകാരം ചെയറിനെ തെറ്റിദ്ധരിപ്പിച്ച് സഭയിൽ അവതരിപ്പിച്ചത് ശരിയായില്ല. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണം, ഞങ്ങളൊക്കെ അതിനുവേണ്ടി നില്ക്കുന്നവരാണ്. കേന്ദ്രം അനുവദിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഒന്നിച്ചു പറയാം, ഞങ്ങൾക്ക് വിരോധമില്ല, പക്ഷെ ഇവിടെ നടത്തിയ സ്റ്റേറ്റ്മെന്റ് എന്തിനുവേണ്ടി നടത്തിയത് എന്ന് മന്ത്രിക്കുപോലും നിശ്ചയമുണ്ടെന്ന് തോന്നുന്നില്ല. ഒരു ഡിമാന്റിന്റെ ചർച്ചയിൽ ആ ഡിമാന്റിന് മറുപടി പറയുമ്പോൾ പറയേണ്ട കാര്യങ്ങൾ അത് റൂൾ 300 പ്രകാരം കൊണ്ടുവന്ന് അവതരിപ്പിച്ചത് ശരിയായില്ല. ഇത് ഈ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടുള്ള സംഗതിയാണ്, അങ്ങ് ഈ കാര്യത്തിൽ ശ്രദ്ധിക്കണം.

മി. സ്പീക്കർ : അത് പറയാം ചട്ടങ്ങൾക്ക് അനുസരിച്ചാണോ എന്നു പറയാം.

ശ്രീ. പി.പി. തങ്കച്ചൻ: സർ, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ റൂൾ 300-ൽ പറഞ്ഞിട്ടുള്ളത് ഇതുപോലുള്ള സന്ദർഭങ്ങളിൽ ഇതുപോലുള്ള പ്രസ്താവനകൾ നടത്താൻ വേണ്ടിയുള്ളതല്ല, വളരെ അടിയന്തിര പ്രാധാന്യമുള്ള ഒരു പൊതുവിഷയത്തെ സംബന്ധിച്ച് മറ്റു നിലകളിൽ അത് നിയമസഭയെ അറിയിക്കാൻ മാർഗ്ഗം ഇല്ലാതെവരുമ്പോൾ റൂൾ 300 അതൊരു എക്സപ്ഷണൽ കേസാണ്. അതിനുവേണ്ടി ഉപയോഗിക്കാൻ വേണ്ടിയാണ് റൂളിൽ പറഞ്ഞിട്ടുള്ളത്. നിർഭാഗ്യമെന്നു പറയട്ടെ, ആ റൂൾ മുഴുവൻ വയലേറ്റ് ചെയ്ത് ദുരുപയോഗപ്പെടുത്തിക്കൊണ്ട് ആറേഴ് പേജുള്ള ഒരു ഡിമാന്റ് ഡിസ്കഷന് അവസാനം മറുപടി പറയേണ്ടത് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ, ഇനി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യ



LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ കേന്ദ്രഗവൺമെന്റിൽ പോയി സമരം ചെയ്യേണ്ട കാര്യങ്ങൾ ആദ്യമായി ട്ടാണ് സഭയുടെ ചരിത്രത്തിൽ ഇതുപോലുള്ള ഒരു ദുരുപയോഗം ഈ റൂളിനെ സംബന്ധിച്ച് വന്നിട്ടുള്ളത്. അത് അങ്ങ് കർശനമായി നിയന്ത്രിക്കേണ്ട താണ്. ഞങ്ങൾക്ക് അതിന്റെ കോപ്പി മുൻകൂട്ടി കിട്ടുന്ന പതിവില്ല, അല്ലെങ്കിൽ അപ്പോൾത്തന്നെ എതിർക്കുമായിരുന്നു. എന്റെ അഭിപ്രായത്തിൽ ഇത് രേഖ യിൽ ഉണ്ടാകാൻ പാടില്ല, അനുവദിക്കാൻ പാടില്ല, അനുവദിച്ചതുതന്നെ തെറ്റായി എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

<u>മി. സ്പീക്കർ</u> : ഇത് സഭയിലെ ഒരു മന്ത്രിക്ക് ലഭിക്കുന്ന പ്രത്യേകതര ത്തിലുള്ള ഒരു പ്രിവിലേജ് ആണ്. അംഗങ്ങൾക്ക് ഇല്ല, അതിന് വേറെ റൂൾ ഉണ്ട്. അതാണ് റൂൾ 300. ആ 300 ൽ പറയുന്നത്, A statement may be made by a Minister on a matter of public importance with the consent of the Speaker,...... ഇത്രയേയുള്ളൂ, അത് സിമ്പിൾ ആണ്. അതിൽ ഡിബേറ്റ് പാടില്ല. ക്വസ്റ്റ്യനും പാടില്ല. സ്പീക്കർ നോക്കേണ്ട ചുമതല മാത്രമേയുള്ളൂ. ചെയർ നോക്കേണ്ടത് ഇതുമാത്രമാണ്, അദ്ദേഹം എനിക്ക് എഴുതിത്തന്നു, എഴുതി തന്നിട്ട് രണ്ടു ദിവസം ആയി, അതിന്റെ മാറ്റർ വന്നു, ഇതാണ് വിഷയം, സഭയിൽ വന്നു എന്നുള്ളത് ശരിയാണ്, കുറേ ഭാഗം ഇവിടെ ചർച്ച ചെയ്തു എന്നുള്ളത് ശരിയാണ്. ഒരു തനിയാവർത്തനം എന്നുള്ള നിലയി ലല്ല ചെയർ അതിനെ കണ്ടത്, അതിൽ അദ്ദേഹം പല കാര്യങ്ങളും പറഞ്ഞിട്ടു ണ്ട്. കേന്ദ്രത്തോടും പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. ചെയ്ത കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, അങ്ങനെ പല കാര്യങ്ങളും ചേർന്നിട്ടുള്ള സ്വല്പം 'ലെങ്തിയായി' എന്നു വേണമെങ്കിൽ പറയാം, അല്ലാതെ പൊതു പ്രാധാന്യമുള്ള ഒരു സ്റ്റേറ്റുമെന്റ് തന്നെയാണ്, അത് ചട്ടപ്രകാരം തന്നെയാണ്. യാതൊരു ക്രമപ്രശ്നവും നിലനില്ക്കുന്നതല്ല.

## VII. സബ്മിഷൻ (തുടർച്ച)

### (5) ഇടുക്കി ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടത് സംബന്ധിച്ച്

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, ഇടുക്കി ജില്ലയുടെ മല യോരമേഖലയിൽ പത്തു ലക്ഷത്തിലധികം വരുന്ന ജനങ്ങളെ ബാധിക്കുന്ന സുപ്രധാനമായ ഒരു പ്രശ്മാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരു ന്നത്. ഇടുക്കി ജില്ലാ പഞ്ചായക്ക് രൂപീകരിച്ച രവീന്ദ്രനാഥ് ടാഗോർ അക്കാ ഡമി ഓഫ് ആർട്സ്, സയൻസ് ആന്റ് മാനേജ്മെന്റ് എന്ന ചാരിറ്റബിൾ സൊസൈറ്റി ഇടുക്കിയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ജില്ലാ പഞ്ചായത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ തയ്യാറാകുന്നത്. ചികിത്സാരംഗത്ത് പൊതുവേയും വിദഗ്ദ്ധ ചികിത്സാ രംഗത്ത് പ്രത്യേകിച്ചും പിന്നോക്കം നിൽക്കുന്ന മലയോര മേഖലയിലെ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ജില്ലാ പഞ്ചായത്ത് വളരെ ശ്രമകരമായ ഈ ഉദ്യമത്തിന് ഒരുങ്ങിയത്. പ്രകൃതിക്ഷോഭങ്ങളും റോഡപകടങ്ങളും നിര ന്തരമായി ഉണ്ടാകുന്ന ഇടുക്കി ജില്ലയിൽ യഥാസമയം വിദഗ്ദ്ധ ചികിത്സ ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കാതെ മരണമടയുന്നവരുടെ സംഖ്യ വളരെയേറെയാണ്. ഇടുക്കി ജില്ലയുടെ ഉൾപ്രദേശങ്ങളിൽ നിന്നും 7 മണിക്കൂറിലധികം യാത്ര ചെയ്താൽ മാത്രമേ വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് കോട്ടയത്തോ എറണാകുളത്തോ എത്തിച്ചേരാൻ കഴിയുകയുള്ളു. ബന്ധപ്പെട്ട സർക്കാരിന്റെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിലേ മെഡിക്കൽ കോളേജിനുള്ള അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളു. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിനുവേണ്ടി ആഗസ്റ്റ് 14-ാം തീയതി അപേക്ഷ നൽകിയിരുന്നതാണ്. അനുഭാവപൂർവ്വം ഈ പ്രശ്നം പരിഗണിക്കുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഉറപ്പു നൽകിയിരുന്നു. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ കഴിയാത്തതുമൂലം നവമ്പർ 23-ാം തീയതി നിലവിലുള്ള അപേക്ഷ നിരസിക്കപ്പെട്ടെങ്കിലും സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അടുത്ത ആഗസ്റ്റ് മാസത്തിൽ അപേക്ഷ പരിഗണിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. ഇടുക്കിയിലെ കുടിയേറ്റ കർഷകരും തോട്ടം തൊഴിലാളികളും ഈ സർക്കാരിനെ അധികാരത്തിലെത്തിയ്ക്കുന്നതിനു വേണ്ടി നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള ജനങ്ങളാണ്. ഈ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷ സ്വീകരിച്ചപ്പോൾ ജില്ലാ ആശുപത്രിയുടെ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്യുന്നതിന് ഇടുക്കിയിൽ വന്നപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പ്രതീക്ഷാനിർഭരമായ മറുപടിയാണ് പറഞ്ഞിട്ടുള്ളത്. ഇടുക്കിയിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ സർക്കാരിന്റെ തീരുമാനത്തെ ഉറ്റുനോക്കുന്നത്. ഇക്കാര്യത്തിൽ ഏറ്റവും വേഗം അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ബഹുമാനപ്പെട്ട സുലൈമാൻ റാവുത്തർ അദ്ദേഹത്തോട് എനിക്ക് വളരെക്കാലത്തെ ബന്ധവും അടുപ്പവും ഉണ്ട്. അദ്ദേഹം ഇടുക്കിയിലെ ജനങ്ങളോട് കാണിക്കുന്ന സ്നേഹവാത്സല്യങ്ങൾക്ക് സന്തോഷം. പക്ഷേ അവിടെ ഞാൻ ഇപ്പോൾ ഒരു പ്രതിയാണ് എന്റെ ഒരു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് കിട്ടിയാൽ എല്ലാം നടക്കും എന്നുള്ള മട്ടിലാണ്. അതിൽ ഒരുപാട് കടമ്പകൾ കടക്കാനുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കണം എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇടുക്കി ജില്ലയിൽ രവീന്ദ്രനാഥ് ടാഗോർ അക്കാഡമി ഓഫ് ആർട്സ്, സയൻസ് ആന്റ് മാനേജ്മെന്റ് തുടങ്ങാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആഗസ്റ്റ് 14-ാം തീയതി സർക്കാരിന് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുമ്പ് സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. ആ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. അക്കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഉടൻ തന്നെ അനുവദിക്കാൻ നിർവാഹം ഇല്ലായെന്ന് ഖേദപൂർവ്വം അറിയിക്കുന്നു.

### (6) കാപ്പിക്കും കുരുമുളകിനും താങ്ങുവില നിശ്ചയിക്കണമെന്ന ആവശ്യം

ശ്രീ.കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, കാർഷിക ഉൽപ്പന്നങ്ങളുടെ ക്രമാതീതമായ വില തകർച്ചകാരണം വയനാട്ടിലെ ചെറുകിട കാപ്പി, കുരുമുളക്, തേയില കൃഷിക്കാർ പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കാപ്പിയുടെ വില ഒരു കിലോഗ്രാമിന് 130/- രൂപയായി ഉയർന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ 26 രൂപയായി കുറഞ്ഞിരിക്കുകയാണ്. കുരുമുളകിന് കിലോഗ്രാമിന് 240 രൂപ വിലയുണ്ടായിരുന്നു. അത് 100 രൂപ ആയി കുറഞ്ഞിരിക്കുന്നു. ചെറുകിട തേയിലകൃഷിക്കാർക്ക് പച്ച കൊളുന്തിന് കിലോഗ്രാമിന് 18 രൂപ കിട്ടിയിടത്തിപ്പോൾ 4 രൂപയാണ് കിട്ടുന്നത്. ഒരു കിലോ കാപ്പിയുടെ ഉൽപ്പാദന ചെലവ് 35 രൂപ വരും. ഒരു കിലോഗ്രാം കാപ്പിപ്പൊടി ഉണ്ടാക്കുന്നതിന് ശരാശരി ഒന്നര കിലോഗ്രാം കാപ്പിക്കുരു വേണം. 26 രൂപ കിലോഗ്രാമിന് കാപ്പിക്കുരിവിന് വില വരുമ്പോൾ ഒന്നര കിലോ ഗ്രാമിന് 39 രൂപയ്ക്ക് ഒരു കിലോ കാപ്പിപ്പൊടി ഉണ്ടാക്കാൻ കഴിയും. 39 രൂപ വരുന്ന കാപ്പിക്കുരു പൊടിച്ച് ഇൻസ്റ്റന്റ് കാപ്പിയാക്കി നെസ്ലേ കമ്പനി വിൽക്കുന്നത് കിലോഗ്രാമിന് 1120 രൂപയ്ക്കാണ്. എന്റെ കയ്യിലിരിക്കുന്ന ഈ കവർ 25 ഗ്രാമിന്റെ കാപ്പിപ്പൊടിയാണ്. അതിന് 28 രൂപയാണ്. ഒരു കിലോ ഗ്രാമിന് 1120 രൂപയ്ക്കാണ് നെസ്കഫേ വിൽക്കുന്നത്. 39 രൂപയുടെ കാപ്പിക്ക് അതുപോലെതന്നെയാണ്. സർ, കിലോഗ്രാമിന് 30% ചിക്കറി ചേർന്ന കാപ്പിപ്പൊടി ബ്രൂക്ക്ബോണ്ട് കമ്പനി വിൽക്കുന്നത് കിലോഗ്രാമിന് 650 രൂപയ്ക്കാണ്. ഉൽപ്പാദകരേയും ഉപഭോക്താക്കളേയും വൻകിടകുത്തക കമ്പനികൾ ഒരുപോലെ കൊള്ളയടിക്കുമ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ കാഴ്ചക്കാരെപ്പോലെ നോക്കി നിൽക്കുകയാണ്. കൃഷിക്കാരെ രക്ഷിക്കുന്നതിനുള്ള യാതൊരു നടപടികളും രണ്ടു ഗവൺമെന്റുകളും സ്വീകരിക്കാൻ തയ്യാറല്ല. എന്ന് മാത്രമല്ല അന്യോന്യം കുറ്റം പറഞ്ഞ് കർഷകരെ അങ്ങോട്ടും ഇങ്ങോട്ടും ഇട്ട് വട്ടുതട്ടുകയാണ്. കാപ്പി, കുരുമുളക് എന്നീ കാർഷികോൽപ്പന്നങ്ങൾ താങ്ങുവില പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റ് ഇതുവരെ പരിഗണിക്കാൻപോലും തയ്യാറായിട്ടില്ല. ഇനിയും ഈ കാർഷിക ഉൽപ്പന്നങ്ങൾക്ക് വില ഇടിയാനാണ് സാദ്ധ്യത. ആന്ധ്രായിലെ പരുത്തി, പുകയില കൃഷിക്കാർക്കൊപ്പം കർണ്ണാടകയിലെ നിലക്കടല കൃഷിക്കാരും ആത്മഹത്യചെയ്തതുപോലെ വയനാട്ടിലെ കാപ്പി, കുരുമുളക്, തേയില കൃഷിക്കാർ ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയാണ് ഇനി വരാൻ പോകുന്നത്. അതുകൊണ്ട് ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിക്കാൻ തയ്യാറല്ലായെങ്കിൽ കാപ്പി, കുരുമുളക് തേയില എന്നീ കാർഷികോൽപ്പന്നങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ച് മാർക്കറ്റിൽ ഇടപെട്ട് ഇവ സംഭരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുപോലെ തന്നെ കാപ്പിയുടെ പർച്ചേസ് ടാക്സ് പൂർണ്ണമായും പിൻവലിക്കണം. കാപ്പി കൃഷിക്കാരുടെ കാർഷിക കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കണം. കോമ്പൗണ്ട് ടാക്സ് പൂർണ്ണമായും നിർത്തലാക്കണം. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ സ്വീകരിക്കണം.

കൃഷിവകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, വയനാട്ടിൽ കാപ്പി കർഷകരുടെ ഒരു സമ്മേളനം വിളിച്ചു ചേർത്തിരുന്നു. ഞാൻ അവിടെ പോയിരുന്നു. അദ്ദേഹത്തെ അവിടെ കണ്ടില്ല. ഇവിടെ ദക്ഷിണേന്ത്യയിലെ കാപ്പികൃഷിക്കാരുടെ സമ്മേളനത്തിൽ തമിഴ്നാട്ടിൽ നിന്നുള്ള എം.പി. വന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് ശ്രീ. വർഗ്ഗീസ് വൈദ്യർ എം.എൽ.എ.അവിടെ ഉണ്ടായിരുന്നു. കർഷക അസോസിയേഷൻ നേതാക്കന്മാർ എല്ലാപേരും ഉണ്ടായിരുന്നു. അവിടെ നടന്ന ചർച്ചകൾക്കു ശേഷം ഗവൺമെന്റ് അവരുടെ ഒരു യോഗം വിളിച്ചു ചേർത്തു. ഗവൺമെന്റ് വിളിച്ചുചേർത്ത യോഗത്തിൽ ഇവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ചചെയ്തു. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ പ്രധാനമായിട്ടും ചെയ്യേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേകിച്ച് വാണിജ്യ വകുപ്പിന്റെ കീഴിലാണ് ഇപ്പോൾ കാപ്പി. അത് കൃഷി വകുപ്പിന്റെ കീഴിൽ കൊണ്ടുവന്നാൽ മാത്രമേ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഇതിന് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുവാൻ കഴിയുകയുള്ളൂ. അത് വേണമെന്നാണ് കേരള ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. അതിന് മിനിമം വില നിശ്ചയിച്ച് കോഫി എടുക്കണം എന്നുള്ളതാണ്. മറ്റൊന്ന് ഇവർക്ക് വായ്പയുണ്ട്. കോഫി ബോർഡിന്റെ കാലത്ത് ബോർഡിൽ നിന്നും വാങ്ങിയ വായ്പ, ആ വായ്പ എഴുതിത്തള്ളണമെന്നാണ് കേരള ഗവൺമെന്റിന്റെ അഭിപ്രായം. അതും കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. കോഫി ബോർഡിനെ അറിയിച്ചിട്ടുണ്ട്. ബോർഡ് അത് പുനർ വായ്പാ സംവിധാനമായി മാറ്റണമെന്നാണ് പറഞ്ഞിട്ടുള്ളത്. വായ്പ എഴുതി തള്ളണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആവശ്യം. വീണ്ടും ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് കാപ്പി സംഭരിക്കുന്നതിനും ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ആത്മാർത്ഥമായ ശ്രമം നടത്തുന്നതാണ്.

## (7) കൃഷി ആവശ്യത്തിനായി അനുവദിച്ചിട്ടുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന നടപടി നിർത്തിവയ്ക്കണമെന്ന ആവശ്യം

<u>ശ്രീ. വി.ബാലറാം</u> : സർ, കേരളത്തിലെ ചെറുകിട കൃഷിക്കാരെ സംബന്ധിച്ചാണെനിക്ക് പറയാനുള്ളത്. ഏറ്റവുമധികം ബുദ്ധിമുട്ടുന്ന കേരളത്തിലെ നാളികേര-നെൽക്കൃഷിക്കാരെ സംബന്ധിച്ചിടത്തോളം 1995 മുതൽ നടപ്പാക്കി വന്നിരുന്നതാണ് ഈ വൈദ്യുതി സൗജന്യം. ഇപ്പോൾ ഒരു ഹെക്ടർ വരെയുള്ള ചെറുകിട കർഷകർക്ക് അതായത് തെങ്ങുകൃഷിക്കാർക്കും നെൽകൃഷിക്കാർക്കും വൈദ്യുതിബിൽ തുക കർഷകർ നേരിട്ടടയ്ക്കുകയും പ്രസ്തുത തുക തിരിച്ച് കർഷകന് നൽകുകയും ചെയ്യുന്ന സംവിധാനമായിരുന്നു ആദ്യം ഉണ്ടായിരുന്നത്. അത് കഴിഞ്ഞ് പിന്നീട് കർഷകരുടെ വൈദ്യുതി ചാർജ്ജ് കൃഷി ഡിപ്പാർട്ടുമെന്റ് തന്നെ കൃഷിഭവൻ മുഖേന നേരിട്ടടയ്ക്കുന്ന രീതി നടപ്പിലാക്കി. എന്നാൽ ഇപ്പോൾ കർഷകർ ജലസേചനാവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് കൃഷി വകുപ്പ് വൈദ്യുതി ബോർഡിൽ അടയ്ക്കാത്തതിനാൽ വൈദ്യുതി ബോർഡ് 7 മുതൽ 11 മാസം വരെയുള്ള കുടിശ്ശിക ഒന്നിച്ചടയ്ക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കർഷകർക്ക് നോട്ടീസ് അയച്ചിരിക്കുകയാണ്. അതുമാത്രമല്ല ആ കുടിശ്ശിക അടച്ചില്ലെങ്കിൽ വൈദ്യുതി ഡിസ്കണക്ട് ചെയ്യുമെന്ന് നോട്ടീസ് കൊടുത്തിരിക്കുകയാണ്. പല പാവപ്പെട്ട കൃഷിക്കാരുടേയും, 7 മുതൽ 11 മാസം വരെയുള്ള കുടിശ്ശിക ഒരുമിച്ച് അടയ്ക്കാൻ കഴിയാത്ത കർഷകരുടെ വൈദ്യുതി കട്ട് ചെയ്തിരിക്കുകയാണ്. ഇലക്ട്രിസിറ്റി ഓഫീസിൽ അന്വേഷിച്ചപ്പോൾ പറയുന്നത് കൃഷി ഡിപ്പാർട്ടുമെന്റ് വൈദ്യുതി ബോർഡിന് കൊടുക്കാനുള്ള കുടിശ്ശിക ഇതുവരെ കൊടുത്തിട്ടില്ല എന്നാണ്. ഇതുമൂലം കടുത്ത ആശങ്കയിലും അപരിഹാര്യമായ നഷ്ടബോധത്തിലുമാണ് നമ്മുടെ ചെറുകിട കർഷകർ. അതിനാൽ കർഷകർക്ക് നൽകിയിട്ടുള്ള ഈ സൗജന്യം നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് അടിയന്തിരമായി നടപടി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നിർദ്ദേശം കൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി <u>(കൃഷ്ണൻ കണിയാംപറമ്പിൽ)</u> : സർ, 1.8.1995 മുതൽ നെൽക്കൃഷിക്കും 19.1997 മുതൽ രണ്ടു ഹെക്ടർ വരെയുള്ള കേരകൃഷിക്കും വൈദ്യുതി സൗജന്യമാണ്. ഈ സൗജന്യം ലഭിക്കണമെങ്കിൽ അതിന് അർഹരായിട്ടുള്ളവർ കൃഷി ഭവനുകളിൽ അപേക്ഷിക്കണം. അങ്ങനെ അപേക്ഷിച്ചിട്ടുള്ളവർക്കാണ് സൗജന്യം. അങ്ങനെ അപേക്ഷിച്ചിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരന്റെയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന പ്രശ്നമില്ല. അങ്ങനെ കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിച്ചതും വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസിൽ അവരുടെ പട്ടികയിൽ പേരുള്ളതുമായ ഒരു കൃഷിക്കാരനും വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടതില്ല. അവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന പ്രശ്നമില്ല. എന്നാൽ രണ്ടു ഹെക്ടർ വരെയുള്ള കേരകൃഷിക്കാർക്ക് വൈദ്യുതി സൗജന്യം ആണ്. നെൽകൃഷിക്ക് സൗജന്യമാണെന്ന പ്രഖ്യാപനം കേട്ട് അതിന്റെ പരിധിയിൽ വരുന്നവർ ആരായാലും കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കാതെ പോയിട്ടുണ്ടെങ്കിൽ അവർ അടയ്ക്കേണ്ടി വരും. അങ്ങനെയുള്ളവർക്ക് അപേക്ഷ കൊടുക്കാൻ വേണ്ടി ഈ ഡിസംബർ 30 വരെ കാലാവധി കൊടുത്തിട്ടുണ്ട്. ഈ ഡിസംബർ 30-നുള്ളിൽ അപേക്ഷിക്കാത്ത കൃഷിക്കാർ അപേക്ഷിക്കണം. അപേക്ഷിക്കുന്നവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന പ്രശ്നമില്ല. അതേക്കുറിച്ച് വൈദ്യുതി മന്ത്രിയുമായി വിശദമായി ചർച്ചചെയ്തിട്ടുള്ളതാണ്.

### (8) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. തമ്പാനൂർ രവി : കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി. ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ബാലറാം പറഞ്ഞതിന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ മറുപടി പറഞ്ഞു. അവിടെ എന്താ സ്ഥിതിയെന്നറിയാമോ? അവിടെ നടക്കുന്ന ധൂർത്ത്, അഴിമതി, സ്വജനപക്ഷപാതം, ആവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങിക്കൂട്ടൽ, ഉദ്ഘാടന മാമാങ്കം, പരസ്യം എന്നീ ഇനങ്ങളിൽ എത്ര കോടിയാണ് ചെലവഴിക്കുന്നത്. ഒന്നും വേണ്ടായെന്ന് പറയുന്നില്ല. ശ്രീ. ശർമ്മയെപ്പോലുള്ള ഒരു മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഇതന്വേഷിക്കേണ്ട ബാദ്ധ്യത മന്ത്രിക്കുണ്ട്. ഒരുദാഹരണം ഞാൻ പറയാം. ഒക്ടോബർ മാസത്തിലെ റവന്യൂ വരുമാനം 152 കോടി രൂപയാണ്. ചെലവ് വൈദ്യുതി വാങ്ങിയ ഇനത്തിൽ കായംകുളം കേന്ദ്രവിഹിതം 99 കോടി രൂപ. ബ്രഹ്മപുരം കോഴിക്കോട് നിലയത്തിന് ഡിസ്കാൽ വാങ്ങിയത് 23 കോടി രൂപ. എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 34 കോടി രൂപ. സർവീസിംഗ് 75 കോടി രൂപ. റിപ്പയർ ആന്റ് മെയിന്റനൻസ് 18 കോടി രൂപ, ഇതു കൂടാതെ ചെങ്കുളം-പന്നിയാർ-പള്ളിവാസൽ പദ്ധതിയുടെ നവീകരണത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങിയ വകയിൽ 40 കോടി രൂപ. നമ്മൾ കസ്റ്റംസ് തീരുവ കൊടുക്കേണ്ടി വന്നു. ഒക്ടോബറിലെ വരുമാനം എല്ലാംകൂടി 152 കോടി രൂപയും ചെലവ് 289 കോടി രൂപയുമാണ്. അതിന്റെ അർത്ഥം ഒരു മാസം, ഒക്ടോബറിൽ മാത്രം 140 കോടി രൂപയുടെ നഷ്ടം വരുത്തി. നവംബറിലെ കണക്ക് എന്റെ കയ്യിലില്ല. നവംബർ എടുത്താൽ അത് 200 കോടി കഴിയും. ഓരോ മാസവും 200 കോടിയുടെ നഷ്ടം ബോർഡിന് ഉണ്ടാകുന്നു. മറ്റൊരു കണക്ക്, സർക്കാരിൽ നിന്നും പിരിഞ്ഞു കിട്ടേണ്ട തുക, വ്യവസായ വകുപ്പിൽ നിന്നും കിട്ടേണ്ട 292 കോടി രൂപ. ഒക്ടോബർ 31 വരെ, എച്ച്.റ്റി. ഗവൺമെന്റ് കൺസ്യൂമേഴ്സ്, സ്ക്കൂളുകൾ ഹോസ്റ്റലുകൾ ഉൾപ്പെടെ 15 കോടി രൂപ എച്ച്.റ്റി., ഇ.എച്ച്.റ്റി., പി.എസ്.സി.യുടേത് ഉൾപ്പെടെ 235 കോടി രൂപ ടൂറിസം 5.6 കോടി രൂപ, കൃഷി വകുപ്പ് 5.1 കോടി രൂപ. മൂന്ന് ശതമാനം ആർ.ആർ. വേണം. അതായത് റിട്ടേൺ ആന്റ് റവന്യൂ 1300 കോടി രൂപ. സർ, ഇത് 1852 കോടി രൂപ ഗവൺമെന്റ് വകുപ്പുകളിൽ നിന്നുമാത്രം പിരിഞ്ഞു കിട്ടാനുണ്ട്. പ്രതിമാസം 150 കോടിരൂപയാണ് നഷ്ടം. എന്റെ അഭിപ്രായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഈ വലിയ പൊതുമേഖലാ സ്ഥാപനം നഷ്ടത്തിലാണ് പോകുന്നത്. ഈ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി അറിയാനുള്ള ബാദ്ധ്യത സഭയ്ക്കുണ്ട്, ജനങ്ങൾക്കുണ്ട്. അതുകൊണ്ട് ഈ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എന്റെ സബ്മിഷൻ.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ) : സർ, ഈ വർഷത്തെ വൈദ്യുതി ബോർഡിന്റെ ബഡ്ജറ്റ് ഈ സഭയിൽവച്ച് അംഗീകാരം വാങ്ങിച്ചുകൊടുത്തതാണ്. വൈദ്യുത ബോർഡിന്റെ ബഡ്ജറ്റ് എല്ലാവർഷവും നമ്മുടെ സഭയിൽ വച്ച് അംഗീകാരം വാങ്ങിച്ചാണ് കൊടുക്കുന്നത്. സഭയിൽ ഈ പ്രശ്നം വരുന്നുണ്ട്. അങ്ങ് ശ്രദ്ധിച്ചാൽ മനസ്സിലാകും. ബോർഡ് മനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം ഒരു ഗുരുതരാവസ്ഥയും വൈദ്യുത ബോർഡ് ഇന്ന് അഭിമുഖീകരിക്കുന്നില്ല. മാത്രമല്ല കേരളത്തിന്റെ ചരിത്രത്തിൽ ഊർജ്ജരംഗത്ത് ഏറ്റവും അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച ഒരു കാലഘട്ടമാണ് ഇത് എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പരിഹസിച്ചുകൊണ്ട് പറയുകയുണ്ടായി. ഉദ്ഘാടനം, മമാങ്കം, പരസ്യം എന്നൊക്കെ. സർ, വൈദ്യുതി ഇല്ലാതെ ഇരുട്ടിൽ ഉദ്ഘാടനത്തിന്റെ കാലഘട്ടം മുമ്പ് ഉണ്ടായിരുന്നില്ല. പവർ കട്ടുള്ളപ്പോൾ 'കട്ട്' ഉദ്ഘാടനം ഇല്ലല്ലോ! ലോഡ് ഷെഡ്ഡിംഗ് ഉള്ളപ്പോൾ 'ലോഡ് ഷെഡിംഗിനെന്താ' ഉദ്ഘാടനം ഫീസ് ഊരലോ? അങ്ങനെ ഇല്ലല്ലോ? അങ്ങനെ പറഞ്ഞിട്ട് കാര്യമില്ല. ഇന്ത്യാ ഗവൺമെന്റിന്റെ പ്ലാനിംഗ് കമ്മിഷൻ തന്നെ പറയുന്നത് ഇന്ത്യയിലെ ഊർജ്ജവികസന രംഗത്ത് ഏറ്റവും മെച്ചപ്പെട്ട പെർഫോമൻസ് ഈ പദ്ധതിക്കാലത്ത് കേരളത്തിന്റേതാണെന്നാണ്. സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും കമ്മിഷന്റെ ചർച്ചയിൽ പങ്കെടുക്കാൻ പോയ സന്ദർഭത്തിലും കേരളത്തെക്കുറിച്ച് ഇപ്രകാരം പറയുകയുണ്ടായി. നിങ്ങൾ ആ കാര്യങ്ങൾ മനസ്സിലാക്കുക. അഭിപ്രായവ്യത്യാസങ്ങൾ നമുക്ക് ചർച്ചചെയ്യുകയോ വിശദീകരിക്കുകയോ ക്ലാരിഫൈചെയ്തു നടപ്പാക്കുകയോ ചെയ്യാം. ഊർജ്ജരംഗത്ത് നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടത്തെ കുറച്ചുകാണരുത്. പുതുതായിട്ടുള്ള ഒരു പരസ്യത്തിന്റെ സിസ്റ്റമോ പുതുതായിട്ടുള്ള ഒരു നടപടിക്രമമോ കേരളത്തിലില്ല. കഴിഞ്ഞ പത്തു വർഷക്കാലമായി തുടർന്നു വരുന്ന ഒരു സിസ്റ്റം ബോർഡ് തുടരുന്നു എന്നുമാത്രം. ഇന്ത്യയിൽ ഈ പദ്ധതിക്കാലത്ത് ഉൽപ്പാദന രംഗത്ത് ഊർജ്ജമേഖലയിൽ നിന്നും വരുന്നത് 15% ആണ്. കേരളത്തിൽ അത് 72% ആണ്. ഇന്ത്യയിലെ ഊർജ്ജോൽപ്പാദനം ഈ പദ്ധതിക്കാലത്ത് 15% ആയിരിക്കുമ്പോൾ കേരളത്തിൽ അത് 72% ആയി പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത് ഇലക്ട്രിസിറ്റി ബോർഡിന്റെ കാര്യക്ഷമതകൊണ്ടുമാത്രമാണ്. കാര്യക്ഷമതയുള്ള ബോർഡാണ്. അങ്ങ് പറഞ്ഞിട്ടുള്ള ഒരു കാര്യം ശരിയാണ്. അതായത് കായംകുളം എൻ.റ്റി.പി.സി.യിൽ നിന്നുള്ള വൈദ്യുതി എടുത്തപ്പോൾ കൂടുതൽ വില കൊടുക്കേണ്ടി വന്നു. അതു ശരിയാണ്. 1995 ഒക്ടോബർ മാസത്തിലെ പവർ പർച്ചേസ് എഗ്രിമെന്റ് അനുസരിച്ച് നമ്മൾ കായംകുളം എൻ.റ്റി.പി.സി.യിൽ നിന്നുള്ള വൈദ്യുതിവാങ്ങൽ കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ വൈദ്യുതി എടുക്കുന്നുണ്ട്. അതിപ്പോൾ എൻ.റ്റി.പി.സി.യുടെ കുറ്റമല്ല. അന്നത്തെ കരാറിന്റെ കുഴപ്പമല്ല. ബോർഡിന്റെ കുഴപ്പമല്ല. നാഫ്തയ്ക്ക് ലോകത്ത് ഏറ്റവും കൂടുതൽ വില കൂടിയ കാലഘട്ടം ആയിരുന്നു. അന്ന് എഗ്രിമെന്റ് വയ്ക്കുമ്പോൾ നാഫ്തയുടെ ഉൽപ്പാദനത്തെ അടിസ്ഥാനമാക്കിക്കൊണ്ട് വൈദ്യുതിയുടെ ചാർജ്ജ് കണക്കാക്കിയത് രണ്ടു രൂപ

LIBRARY ARCHIVES Kerala Legislative Assembly

യെന്നാണ്. ഇപ്പോൾ ലോകമാർക്കറ്റിൽ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി നാഫ്തയുടെ വില ഭയങ്കരമായിട്ട് കൂടിയിരിക്കുകയാണ്. ഒരു ടണ്ണിന് 3,000/- രൂപ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 20,000/- രൂപയായി കൂടിയിരിക്കുകയാണ്. നാഫ്തയുടെ വില വർദ്ധനവനുസരിച്ച് വൈദ്യുതി യുടെ ചാർജ്ജ് കൂടുകയാണ്. നാലു രൂപ അമ്പത് പൈസയ്ക്കാണ് നമ്മൾ എടുക്കുന്നത് നമ്മൾ എടുക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് കൊടുക്കു ന്നത് 1.87 രൂപയ്ക്കാണ്, ഒരു യൂണിറ്റിൽ തന്നെ രണ്ടുമൂന്ന് രൂപയുടെ വ്യത്യാസം വരുന്നുണ്ട്. അത് സ്വാഭാവികമായും അങ്ങ് സൂചിപ്പിച്ചതുപോലു ള്ള.......... അങ്ങ് ഒക്ടോബറിലെ കണക്ക് തേടി എടുത്തു. സെപ്തംബറിലെ എന്താ പറയാത്തത്? നവംബറിലെ എന്തുകൊണ്ടാണ് പറയാതിരുന്നത്? ചില പ്രത്യേക മാസങ്ങളിൽ കൂടുതൽ പ്രോജക്ടിനു വേണ്ടി പണം ഇൻവെസ്റ്റ് ചെയ്യുമ്പോൾ അത് ചെലവായിട്ട് കണക്കാക്കി എല്ലാ മാസത്തേയും ശരാശരി വരവും കൂടുതൽ ചെലവ് വരുന്ന മാസത്തെ ചെലവും കൂടി കണക്കാക്കി ക്കൊണ്ട് കമ്മി ഇപ്രകാരം എന്നുള്ള ഉട്ടോപ്യൻ അർത്ഥശാസ്ത്രത്തിൽ പ്രവേ ശിക്കാതെ-അങ്ങ് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒരു യൂണിയന്റെ നേതാവ് അല്ലേ? അപ്പോൾ കുറേക്കൂടി യാഥാർത്ഥ്യബോധത്തോടുകൂടി പ്രശ്നങ്ങൾ കാണേണ്ടതായിട്ടില്ലേ? കൂടുതൽ വിലയ്ക്ക് വൈദ്യുതി കൊടുക്കുന്നു എന്നതും ശരിയാണ്. ലോഡ് ഷെഡിംഗ് ഇല്ലാത്ത നിലയിലും ഉൽപ്പാദന രംഗത്തും പ്രസരണരംഗത്തും വിതരണരംഗത്തും ഇന്ത്യയിലെ ഏറ്റവും മെച്ച പ്പെട്ട ഊർജ്ജ വികസന പദ്ധതി ഈ കാലയളവിൽ നടപ്പാക്കാൻ കഴി ഞ്ഞതിന്റെ ഫലമായി കൂടുതൽ മൂലധനം മുടക്കേണ്ടിവന്നിട്ടുണ്ട്. കൂടുതൽ പണം മുടക്കേണ്ടി വന്നിട്ടുണ്ട്. അത് സത്യമാണ്. ഒരു കാര്യം, സാമൂഹ്യമായ നേട്ടം കാണാതെ ഇരിക്കരുത്. ബാഹ്യമായ നേട്ടം കാണാതെയിരിക്കരുത്. വ്യവസായങ്ങൾക്ക് 100 ശതമാനം പവർക്കട്ട് ഏർപ്പെടുത്തിയിരുന്നപ്പോൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ കണക്കനുസരിച്ച് ഒരു മാസം 500 കോടി രൂപയുടെ ഉൽപ്പാദന നഷ്ടം ഈ കേരളത്തിൽ സംഭവിച്ചിട്ടുണ്ട്. ഒരു വർഷം 6000 കോടി രൂപയുടെ ഉൽപ്പാദന നഷ്ടം വൈദ്യുതികട്ടിന്റെ പേരിൽ ഈ സംസ്ഥാനത്ത് ഉണ്ടായിരുന്ന സ്ഥാനത്ത് ഒരു നയാപൈസയുടെ ഉൽപ്പാദന നഷ്ടം വൈദ്യുതിയില്ലാത്തതിന്റെ പേരിൽ ഈ കേരളത്തിലില്ല. സാമൂഹ്യ മായി ഉൽപാദനരംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടം കുറച്ചു കാണാൻ ശ്രമിക്കരു ത്. നിങ്ങൾ കേരളത്തിലെ ജനങ്ങളെ ഈ കാര്യം പറഞ്ഞ് വിഡ്ഢികളാക്കാൻ ശ്രമിക്കരുത്. ഈ സംസ്ഥാനത്ത് കൈവരിച്ച നേട്ടത്തെ സമൂഹ മദ്ധ്യത്തിൽ കുറച്ചുകാണിക്കാനുള്ള ബോധപൂർവ്വമായ പ്രചാരവേലയിൽ നിന്നും അങ്ങ് പിന്തിരിയണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : വളരെ സമയമെടുക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങ ളെല്ലാം ഇവിടെ കൊണ്ടുവന്ന് ബുദ്ധിമുട്ടുണ്ടാക്കരുത്. ഇനി അടുത്തവിഷയം അങ്ങനെയാണ്. ശ്രീ.എം.വി. ജയരാജൻ, സബ്മിഷൻ ഒരു മിനിറ്റിൽ പറ യണം. അല്ലാതെ നിവൃത്തിയില്ല. അങ്ങനെയല്ലെങ്കിൽ ബാക്കിയുള്ളത് ഒക്കെ ഒഴിവാക്കും.

## (9) കേന്ദ്ര വൈദ്യുതി നയം കേരളത്തിൽ ഉണ്ടാക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ

ശ്രീ. എം.വി. ജയരാജൻ : സർ, അങ്ങ് പറഞ്ഞതുപോലെ കാളിംഗ് അറ്റൻഷനായിട്ട് അവതരിപ്പിക്കേണ്ടതാണ്. എന്തു ചെയ്യാം. ചുരുങ്ങിയ ദിവസ

LIBRARY ARCHIVES Kerala Legislative Assembly

മായിപ്പോയി. കേരളത്തിലെ വൈദ്യുതിമേഖലയിലുള്ള ഉൽപ്പാദന, പ്രസരണ, വിതരണ രംഗങ്ങളിലെ മുഴുവൻ നേട്ടങ്ങളെയും തകർക്കുംവിധത്തിലാണ് കേന്ദ്ര ഗവൺമെന്റും വൈദ്യുതി നയമായി അംഗീകരിച്ച് നടപ്പാക്കാൻ പോകുന്നത്. അത് ഗൗരവമായ പ്രശ്നമായി ഈ സഭയുടേയും സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1991 മുതൽ നമ്മുടെ രാജ്യത്ത് നടപ്പാക്കിവരുന്ന സ്വകാര്യവൽക്കരണ നയങ്ങൾക്ക് അനുസൃതമായി വൈദ്യുതി മേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്ര ഗവൺമെന്റിന്റെ പരിഷ്ക്കാരങ്ങൾ നമ്മുടെ സംസ്ഥാനത്തേയും രാജ്യത്തേയും പ്രതികൂലമായി ബാധിക്കുന്ന വിധത്തിലാണ് ഇന്ന് സംസ്ഥാന ഗവൺമെന്റ് ഇതിനകം പ്രതികരിച്ചു കഴിഞ്ഞിരിക്കുന്നത്. സാമ്രാജ്യത്വ ശക്തികളുടെ കുറുപ്പടികൾ അനുസരിച്ച് നമ്മുടെ ആഭ്യന്തര നിയമങ്ങൾ പലതും തിരുത്തി എഴുതുകയാണ്. ഒടുവിലത്തെ ഒരുദാഹരണമാണ് വൈദ്യുതി മേഖലയിൽ നടപ്പാക്കുന്ന ഈ നയം. അതിനു വേണ്ടിയുള്ള, നിയമനിർമ്മാണത്തിനുവേണ്ടിയുള്ള നീക്കങ്ങൾ. സമയമില്ലാത്തതുകൊണ്ടു ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇപ്പോഴത്തെ സ്ഥിതി, ആന്ധ്രയിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 7 രൂപ 3 പൈസയാണ്. മഹാരാഷ്ട്രയിൽ എന്റോണിന് കീഴടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് യഥാർത്ഥത്തിൽ എന്റോൺ സാമ്പത്തിക സാങ്കേതിക സഹായമുള്ള വൈദ്യുതി പദ്ധതി വരാതിരുന്നത് നന്നായിയെന്ന് തോന്നുകയാണ്. ഒരു യൂണിറ്റ് വൈദ്യുതിക്ക് 7 രൂപ 30 പൈസയാണ് മഹാരാഷ്ട്രയിൽ ജനങ്ങളാകെ വിഷമിക്കുകയാണ്. ഇപ്പോൾ ഈ നിർദ്ദിഷ്ട നയത്തിൽ, നിയമത്തിൽ വൈദ്യുതി ഗ്രാമീണ മേഖലയിൽ ഇനി ഒരിക്കലും ഒക്കില്ല. വൈദ്യുതി വിതരണത്തിന്റേയും ഉൽപ്പാദനത്തിന്റെയും പ്രസരണത്തിന്റേയുമെല്ലാം അവകാശവും നഷ്ടപ്പെടുകയാണ്. അതൊക്കെ സ്വകാര്യവൽക്കരിക്കുകയാണ്. ഇവിടെ ലാഭകേന്ദ്രങ്ങളാണല്ലോ. ഇവിടെ വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിന് വിധേയമായിട്ട് നമ്മളാണെങ്കിൽപോലും അതൊക്കെ തകർക്കുകയാണ്. 20 യൂണിറ്റുവരെയുള്ള വൈദ്യുതി കേരളത്തിൽ സൗജന്യമാണ്. അങ്ങനെ ഇന്ത്യയുടെ കണക്കുപ്രകാരം, അവരുടെ റിപ്പോർട്ടുപ്രകാരം കർണ്ണാടകത്തിൽ 10 യൂണിറ്റിന് 26 രൂപ 50 പൈസയാണ്. 20 യൂണിറ്റുവരെ 43 രൂപയാണ്. ഇത് രണ്ടും നമ്മുടെ സംസ്ഥാനത്ത് സൗജന്യമാണ്. 50 യൂണിറ്റുവരെ കർണ്ണാടകത്തിൽ 108 രൂപയാണ്. ഇവിടെ 42 രൂപ 90 പൈസയാണ്. ഈ സംസ്ഥാനം ആർജ്ജിച്ച നേട്ടങ്ങൾ പൂർണ്ണമായി തകർക്കുകയാണ്. കാർഷികമേഖലയിൽ നമ്മൾ ഒരുപാട് സൗജന്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. അതൊക്കെ ഇല്ലാതാകും, എസ്.സി./എസ്.റ്റി വിഭാഗത്തിന് നമ്മൾ ഒരുപാട് സൗജന്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. അതൊക്കെ ഇല്ലാതാകും, ഇന്ത്യ-പാകിസ്ഥാൻ യുദ്ധകാലത്ത് എണ്ണ ഇങ്ങോട്ട് കൊണ്ടുവരുന്നത് തടസ്സപ്പെടുത്തുന്ന ഒരു നിലയുണ്ടായിരുന്നു. ഏതാണ്ട് അതുപോലെയാണ് ഫലത്തിൽ ഈ കേന്ദ്രനയത്തിന്റെ ഭാഗമായി ഉണ്ടാകാൻ പോകുന്നത്. കഴിഞ്ഞ മേയ് മാസത്തിൽ തൊഴിലാളികൾ, കൃഷിക്കാർ, മറ്റ് അധ്വാനിക്കുന്നവരാകെ ഈ പ്രശ്നംകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉജ്ജ്വലമായ പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടിരുന്നു. ഇനിയും അതിശക്തമായ സമരവുമായി മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. ഇനി ഫെബ്രുവരിയിൽ പണിമുടക്ക് നടത്താൻ പോകുകയാണ്. അതിശക്തമായി കേരളാഗവൺമെന്റ് പ്രതികരിച്ചിട്ടുണ്ട്. ജനങ്ങളെയാകെ അണിനിരത്തി ഈ കേരളത്തിലെ പ്രശ്നങ്ങൾ അവതരിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ) : സർ, നിശ്ചയമായും ഇലക്ട്രിസിറ്റി ബോർഡുകൾ ഇല്ലാതാക്കുന്നതും ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷനുകൾ അനിവാര്യമാക്കുകയും വൈദ്യുതവ്യവസായം സ്വകാര്യവൽക്കരിക്കപ്പെടുകയും സാധാരണക്കാർക്ക് താങ്ങാനാകാത്ത അസഹനീയമായ വിധത്തിലുള്ള വൈദ്യുതിചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ഇടവരുത്തുന്നതുമാണ് നിർദ്ദിഷ്ട വൈദ്യുതിബിൽ-2000. സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകളിലെ പ്രവർത്തനം പരിഷ്കരിക്കപ്പെടുകയും മെച്ചപ്പെടുത്തുകയും വേണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ അത് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന രീതിയിലുള്ള മാർഗ്ഗത്തിലൂടെയാകണമെന്നില്ല. ഇതിന് പ്രായോഗികമായ മാർഗ്ഗങ്ങളുണ്ട്. നമ്മുടെ അനുഭവം അതാണ്. ബോർഡ് പൊതുമേഖലയിൽ നിലനിർത്തേണ്ടത് സ്റ്റേറ്റിന്റെ സുരക്ഷിതത്വത്തിനും നമ്മുടെ ഗ്രാമീണ മേഖലയുടേയും ദരിദ്ര ജനവിഭാഗങ്ങളുടേയും സേവനത്തിന് അത്യന്താപേക്ഷിതമാണ്. വൈദ്യുതിയുടെ ഉൽപ്പാദനവും പ്രസരണവും വിതരണവും പൂർണ്ണമായും സ്വകാര്യമേഖലയിൽ ഏൽപ്പിക്കുന്ന ഫിലോസഫിയോട് കേരളാഗവൺമെന്റിന് യോജിപ്പില്ല. അതുകൊണ്ടുതന്നെ ഈ ബില്ലിനോടുള്ള എതിർപ്പ് നമ്മൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 26-2-2000-ന് കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി വൈദ്യുതിബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാൻ വിളിച്ച വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ തന്നെ ഈ ബില്ലിനോടുള്ള ശക്തമായ എതിർപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 12-4-2000-ത്തിന് കേന്ദ്ര സർക്കാരിന് രേഖാമൂലം തന്നെ കേരള മന്ത്രിസഭയുടെ എതിർപ്പ് അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ കാരണങ്ങളാലാണ് നമ്മൾ ഈ ബില്ലിനെ എതിർക്കുന്നത്. ഒന്ന്, ജനങ്ങളുടെ ദൈനംദിന സാമൂഹ്യ ജീവിതത്തിന് അടിസ്ഥാനസൗകര്യം, ഒരു മേഖലയ്ക്ക് സുപ്രധാനമായ വൈദ്യുതിയെ സ്വകാര്യമേഖലയുടെ നിയന്ത്രണത്തിൽ വിടുന്നത് അഭികാമ്യമായിരിക്കില്ല. വൈദ്യുതി വ്യവസായം സ്വകാര്യവൽക്കരിക്കുന്നത് ദേശീയ സുരക്ഷിതത്വത്തിനുതന്നെ ഭീഷണിയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യാ-പാകിസ്ഥാൻ യുദ്ധകാലത്ത് ഇന്ത്യയ്ക്ക് ബഹുരാഷ്ട്ര കുത്തകകൾ എണ്ണ വിതരണം നിർത്തിവച്ച അനുഭവം നമുക്കുണ്ട്. അതുപോലെതന്നെ വൈദ്യുതിവിതരണവും തടസ്സപ്പെടുത്തുന്ന സാഹചര്യം ഉണ്ടായിക്കൂടാ. വൈദ്യുതിയുടെ വിലയാകട്ടെ, വമ്പിച്ച രീതിയിൽ വർദ്ധിക്കുന്നതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് വൈദ്യുതിചാർജ്ജ് വർദ്ധിപ്പിക്കാൻ വഴിവയ്ക്കുകയും ചെയ്യും. സബ്സിഡികളും ക്രോസ് സബ്സിഡികളും നിർത്തലാക്കുന്നതുമൂലം ഗ്രാമീണ ജനതയേയും ദരിദ്ര കർഷക ജനവിഭാഗങ്ങളേയും പ്രതികൂലമായി ബാധിക്കും. ഇത് രാജ്യത്തിന്റെ ക്രയശേഷിയെത്തന്നെ പ്രതികൂലമായി ബാധിക്കും. ഭരണഘടനാപരമായും കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. സംസ്ഥാനങ്ങളിലെ അധികാരം കൂടുതലായി കേന്ദ്രത്തിലേയ്ക്ക് മാറ്റപ്പെടുന്ന നിലയുണ്ടാകും. ഇത് കടൽത്തത്വങ്ങളുടെ ലംഘനമാണ്. കേന്ദ്ര സംസ്ഥാന ബന്ധങ്ങളുടെ കെട്ടുറപ്പിനെ ദോഷകരമായി ബാധിക്കുന്നതാണ് ഈ നീക്കം. റെഗുലേറ്ററി സിസ്റ്റം ആപൽക്കരമായ ഒന്നായി നാം ഇതിനെ കണക്കാക്കുന്നു, പല സംസ്ഥാനങ്ങളും ഇലക്ട്രിസിറ്റി അതോറിറ്റിയും സംസ്ഥാന സർക്കാരും ബോർഡും ഇലക്ട്രിസിറ്റി ഇൻസ്പെക്ടറേറ്റും എല്ലാം യോജിച്ച് കൈയാളുന്ന അധികാരങ്ങൾ ഒരു റെഗുലേറ്ററി അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരുന്നത് നിലവിലുള്ള സംവിധാനത്തെക്കാൾ അപകടകരമാണ്. ജനങ്ങളോട് ബാധ്യതയില്ലാത്ത ഒരൊറ്റ റെഗുലേറ്ററി അതോറിറ്റിയുടെ നിയന്ത്രണത്തിലേക്ക് ഈ മേഖലയെ കൊണ്ടുവരുന്നത് സാമൂഹ്യമായ

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യന്റെ ജീവിതപ്രശ്നങ്ങളെ നിരാകരിക്കുന്ന പ്രവണത ശക്തിപ്പെടുത്താനേ ഇടനൽകൂ. അതുപോലെ ജനറേഷൻ ട്രാൻസ്മിഷൻ എന്നീ തലങ്ങളിൽ എല്ലാം സ്വകാര്യമേഖലയ്ക്ക് വിടുന്നത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിനെതന്നെ ഭീഷണിയായി, അപകടകരമായി ബാധിക്കും എന്നുള്ളതുകൊണ്ട് ഈ ബില്ലിനോടുള്ള ശക്തമായ എതിർപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും അതിനായി കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഒരുമിക്കുകയും ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : ഇന്ന് പ്രധാനപ്പെട്ട രണ്ട് ബില്ലുകൾ പാസ്സാക്കാനുള്ള ദിവസമാണ്. ഓരോരുത്തരും അവരവരുടെ സമയം എടുക്കുകയാണ്. പത്തും പതിനഞ്ചും മിനിറ്റൊക്കെ.

## (10) കുന്നത്തുനാട് മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : സർ, കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഒട്ടേറെ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകൾ പണിതിട്ടുണ്ട്. ആ വാർഡുകളിലൊന്നും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ട് ഏറേയേറെ ആശുപത്രികളിൽ ഈ ശോച്യാവസ്ഥ നിലനിൽക്കുകയാണ്. കുന്നത്തുനാട് മണ്ഡലത്തിൽ തന്നെ 4 ആശുപത്രികളിൽ ലോക്കൽ ഫണ്ട് ഉപയോഗിച്ചും എം.പി. ഫണ്ട് ഉപയോഗിച്ചുമൊക്കെ ചെയ്ത കെട്ടിടങ്ങളുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ അനുവദിച്ച് ആ നടപടി പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ.വി.സി. കബീർ) : സർ, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കുമരപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സ നടത്തുന്നുണ്ട്. തിരുവാണിയൂർ, മുഴുവന്നൂർ പൂതൃക്ക എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഓരോ മെഡിക്കൽ ഓഫീസർ മാത്രമേ നിലവിലുള്ളൂ. തിരുവാണിയൂർ 10 കിടക്കകളും മുഴുവന്നൂരിലും പൂതൃക്കയിലും 12 കിടക്കകൾ വീതമുണ്ട്. മൂന്നു സ്റ്റാഫ് നഴ്സുമാരും കുറഞ്ഞത് 2 മെഡിക്കൽ ഓഫീസർമാരും ഉണ്ടെങ്കിലേ രോഗികളെ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയൂ. മുഴുവന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യങ്ങൾ നിലവിലുള്ള മാനദണ്ഡമനുസരിച്ച്, സാമ്പത്തിക പ്രയാസങ്ങൾ അനുസരിച്ച് പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ അവിടെ രോഗികളെ കിടത്തി ചികിത്സ ആരംഭിക്കാൻ നിർവാഹമില്ല എന്ന് അറിയിക്കുന്നു.

## (11) എം.ജി. യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച ബി.എസ്.സി. നഴ്സിംഗ് കോഴ്സ് വിദ്യാർത്ഥികൾക്ക് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പരിശീലനത്തിന് അനുമതി നൽകാത്തതു സംബന്ധിച്ച ബുദ്ധിമുട്ടുകൾ

ശ്രീ. ടി.എം. ജേക്കബ് : ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളുടെ വളരെ ഗുരുതരമായ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും

ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഗവൺമെന്റ് അനുമതിപ്രകാരം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി 1994-ലാണ് സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ നഴ്സിംഗ് കോഴ്സ് ആരംഭിച്ചത്. ക്ലിനിക്കൽ ട്രെയിനിംഗിന് എല്ലാവിധ സൗകര്യവുമുള്ള ഒരു ഹോസ്പിറ്റൽ ലഭിക്കാത്തതുമൂലം കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം കിട്ടിയിരുന്നില്ല. ചില പ്രൈവറ്റ് ആശുപത്രികളായിരുന്നു ക്ലിനിക്കൽ ട്രെയിനിംഗിന് ഉപയോഗിച്ചുവന്നത്. രണ്ടുവർഷം മുമ്പ് തൃശ്ശൂർ മെഡിക്കൽ കോളേജ് അനുവദിച്ചുകിട്ടുകയും കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. അങ്ങനെ ആദ്യത്തെ രണ്ടു ബാച്ചുകൾ കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം മാത്രമായി പുറത്തിറങ്ങി. ഈ ബുദ്ധിമുട്ടുകാരണം ഇവർ നാലു വർഷത്തെ കോഴ്സ് 6 വർഷം കൊണ്ടാണ് പൂർത്തിയാക്കിയത്. സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ ബി.എസ്.സി നഴ്സിംഗ് പ്രവേശനത്തിന് മെറിറ്റ് മാത്രമാണ് മാനദണ്ഡം. എല്ലാ വിദ്യാർത്ഥികളും 70 ശതമാനത്തിനു മുകളിൽ മാർക്കുള്ളവരാണ്. കോഴ്സു തുടങ്ങി 6 വർഷങ്ങൾക്കുശേഷം കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരത്തിനുവേണ്ട ഏറ്റവും വലിയ നിബന്ധന ഏറ്റവും അടുത്തുള്ള ഒരു ട്രെയിനിംഗ് ഹോസ്പിറ്റലാണ്. അതിനുവേണ്ട ശ്രമങ്ങൾ തുടർന്നു വരുന്നുണ്ടായിരുന്നു. ഇപ്പോൾ ട്രെയിനിംഗിന് ഒരു ഹോസ്പിറ്റൽ ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം, കോട്ടയം മെഡിക്കൽ കോളേജിൽ ഇതിനുള്ള എല്ലാ സൗകര്യങ്ങളും ഇപ്പോഴുണ്ട്. അവിടെ പഠിക്കുന്ന മറ്റ് റെഗുലർ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത നിലയിൽ ഈ വിദ്യാർത്ഥികളെക്കൂടി ഹോസ്പിറ്റലിൽ പരിശീലനം ചെയ്യാൻ അനുവദിക്കുകയാണെങ്കിൽ രോഗികൾക്കും സ്റ്റാഫിനും വളരെ പ്രയോജനകരമായിരിക്കും. സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ വിദ്യാർത്ഥികളുടെ പരിശീലനത്തിന് അനുവാദം കൊടുത്താൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. കോട്ടയം മെഡിക്കൽ കോളേജിലും അതിന് തൊട്ടടുത്ത് പ്രവർത്തിക്കുന്ന കുട്ടികളുടെ ആശുപത്രികളിലും ഇതിനുള്ള സൗകര്യമുണ്ട്. 1997-ൽ കേരള ഹൈക്കോടതിയിൽ ജസ്റ്റിസ് ജെ.ബി. കോശിയുടെ സിംഗിൾ ബഞ്ചിൽ ഇതു സംബന്ധിച്ച് ഒരു വിധിയുണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഈ കുട്ടികളെ പഠിക്കാൻ വേണ്ടി സെലക്ട് ചെയ്തശേഷം അവരെ ബുദ്ധിമുട്ടിലാക്കുന്നത് ശരിയല്ല. വളരെ ഗൗരവമുള്ള വിഷയമായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ.വി.സി. കബീർ) : സർ, ഇത് വളരെ ഗൗരവമുള്ള കാര്യം തന്നെയാണ്. ഇതിന്റെ ഔദ്യോഗികമായ വെർഷൻ ഞാൻ പറയാം. കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി 1994-ൽ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സ് ആരംഭിച്ചു. കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരവും ഇതിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സ് കഴിഞ്ഞുവരുന്ന വിദ്യാർത്ഥികൾക്ക് കോട്ടയം മെഡിക്കൽ കോളേജിൽ പരിശീലനം നൽകുന്നത് സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ടു വരുത്താതെയും മെഡിക്കൽ കോളേജിലെ റെഗുലർ വിദ്യാർത്ഥികൾക്ക് തടസ്സമുണ്ടാകാതെയുമിരിക്കത്തക്ക രീതിയിലായിരിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് ബഹുമാനപ്പെട്ട കോടതി ഉത്തരവു നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പല നിവേദനങ്ങളും ബഹുമാനപ്പെട്ട ടി.എം. ജേക്കബ് അടക്കമുള്ള ആളുകളിൽ നിന്നും എനിക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതീവ ഗൗരവമായി ഇത് പരിഗണിക്കുന്നുണ്ട്. ജനുവരിയിൽത്തന്നെ ഇതിനെക്കുറിച്ച് ചർച്ചകൾ നടത്തി പ്രശ്നം പരിഹരിക്കുന്നതാണ്.

### (12) ട്രാവൻകൂർ റയോൺസിന് കെ.എസ്.ഐ.ഡി.സി. വായ്പ

ശ്രീ.പി.പി. തങ്കച്ചൻ: സർ, വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പെരുമ്പാവൂരിലെ റയോൺസ് കമ്പനിക്ക് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും വായ്പയായി കൊടുക്കാൻ നിശ്ചയിച്ച അഞ്ചേമുക്കാൽ കോടി രൂപ ജാമ്യനടപടികൾ പൂർത്തിയാക്കി പെട്ടെന്ന് ലഭ്യമാക്കുന്നതിനും, അതിന് കാലതാമസം വന്നാൽ കുറെ സംഖ്യ അഡ്വാൻസായി കൊടുക്കാനും വ്യവസായ വകുപ്പ് അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. സുശീലാ ഗോപാലൻ) : കെ.എസ്.ഐ.ഡി.സി. 6 കോടി രൂപ നേരത്തെ നൽകിയിരുന്നു. ഇപ്പോൾ അഞ്ചേമുക്കാൽ കോടി രൂപ കൊടുക്കുന്നതിന് ഗ്യാരന്റി കൊടുക്കാൻ തീരുമാനിച്ചു കഴിഞ്ഞു. ഗവൺമെന്റ് അതിവേഗത്തിൽ പണം ലഭ്യമാക്കുന്നതാണ്.

### (13) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം മുതലായവയുടെ കുടിശ്ശിക നൽകണമെന്ന ആവശ്യം

ശ്രീ.എ. കണാരൻ : സമൂഹത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ഗുണഭോക്താക്കളുടെ പ്രശ്നമാണ് ഞാനിവിടെ പറയുന്നത്. ഇത്തരം പദ്ധതികളിലായി ആകെ 5,78,789 പേർക്കാണ് ആനുകൂല്യം ലഭ്യമായിട്ടുള്ളത്. 3,04,577 കർഷകത്തൊഴിലാളികൾക്കാണ് പെൻഷൻ ആനുകൂല്യം ലഭിക്കുന്നത്. കണ്ണിന് കാഴ്ചയില്ലാത്തവർ, ചെവി കേൾക്കാത്തവർ, സംസാരശേഷി നഷ്ടപ്പെട്ടവർ, കൈയ്ക്കും കാലിനും, ശരീരത്തിനും തളർച്ചയുള്ളവർ, വികലാംഗർ, എന്നിങ്ങനെ 98,965 പേരുണ്ട്. ഇവർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. ആരുമാരും ഇല്ലാത്തവരും ആലംബഹീനരുമായ 51,955 പേർക്ക് അഗതി പെൻഷൻ ലഭിക്കുന്നുണ്ട്. ക്ഷയം, കുഷ്ഠം, ക്യാൻസർ, തുടങ്ങിയ മാറാരോഗം ബാധിച്ച 2,400 പേർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. സമൂഹത്തിലെ ദുർബലരിൽ ദുർബലരായവർക്ക് അത്താണിയായി മാറാൻ സംസ്ഥാന ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു നേരത്തെ ചായ കുടിക്കുവാനോ ഒരു കുപ്പി മരുന്നു വാങ്ങുവാനോ ആണ് ഈ പാവങ്ങൾ ഈ പണം ഉപയോഗിക്കുന്നത്. ഇവരുടെ ജീവിതത്തിന്റെ പ്രതീക്ഷതന്നെ ഈ പെൻഷൻ ലഭിക്കുന്നതുകൊണ്ടാണ് നിലനിൽക്കുന്നത്. എന്നാൽ തുച്ഛമായ തുക കൃത്യമായി ഈ പാവങ്ങൾക്ക് ലഭിക്കുന്നില്ലായെന്നത് കഷ്ടമാണ്. എല്ലാ വിഭാഗം ആളുകൾക്കും മാസംതോറും പെൻഷൻ കൃത്യമായി കിട്ടുമ്പോൾ ഇവർക്ക് അത് ലഭിക്കുന്നില്ല. പാവപ്പെട്ടവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടികളെടുക്കണമെന്ന് ഗവൺമെന്റിനോട് അപേക്ഷിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) : സർ, കർഷകത്തൊഴിലാളി പെൻഷൻ 30.4.2000 വരെ കുടിശ്ശിക തീർത്ത് വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ 37.2 കോടി രൂപ വകയിരു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിരുന്നു. ഇതുകൂടാതെ അഡീഷണൽ ഓതറൈസേഷൻ വഴി 10.4 കോടി രൂപ കൂടി അനുവദിച്ചു. കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിന് ഇക്കൊല്ലം ഇതുവരെ മൊത്തം 47.6 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിശ്ശിക മുഴുവൻ ഈ മാസത്തോടുകൂടി കൊടുക്കുകയാണെങ്കിൽ 40.65 കോടി രൂപ വേണ്ടിവരും. തൊഴിലില്ലായ്മ വേതനം 1999 നവംബർ മാസംവരെ കുടിശ്ശിക തീർത്തു നൽകിയിട്ടുണ്ട്. ഇതു നൽകുന്നതിന് 59.88 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അഗതിപെൻഷൻ വിതരണം ചെയ്യുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് അത് വിതരണം ചെയ്യുന്നത്. സാമൂഹ്യ ക്ഷേമപദ്ധതികളനുസരിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പെൻഷനുകളുടെ കുടിശ്ശിക നൽകുന്നതിനായി 50.13 കോടി രൂപകൂടി അഡീഷണൽ ആയി ഓതറൈസ് ചെയ്യേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് എല്ലാ പെൻഷനുകളുടേയും കുടിശ്ശിക ഈ സാമ്പത്തിക വർഷത്തിൽ തന്നെ തീർത്തു നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തുവരികയാണ്. മാസംതോറും കർഷകതൊഴിലാളി പെൻഷൻ പോലെയുള്ള ഡെസ്റ്റിറ്റ്യൂട്ട് പെൻഷനുകൾ കൊടുക്കുന്ന കാര്യം ആലോചിക്കണം. അതു ചെയ്യണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. കുടിശ്ശിക മുഴുവനും കൊടുത്തുതീർക്കും. യാതൊരു സംശയവുമില്ല. 18 മാസത്തെ കുടിശ്ശികയോടുകൂടിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കർഷകത്തൊഴിലാളി പെൻഷൻ 30.4.2000-ത്തിനു ശേഷമുള്ളത് കൊടുക്കാനുണ്ട്. അത് 70 രൂപയിൽ നിന്ന് 120 രൂപയാക്കിയിട്ടുണ്ട്. 31.3.-നു മുമ്പ് അതായത് നടപ്പ് സാമ്പത്തിക വർഷം കഴിയുന്നതിനു മുമ്പ് സോഷ്യൽ വെൽഫെയർ വകുപ്പിൽ നിന്ന് എല്ലാ പെൻഷനുകളും കൊടുത്തുതീർക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുമെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു.

## (14) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലെ ടോയ്‌ലറ്റുകളുടെ ശോച്യാവസ്ഥ

ശ്രീമതി. ആർ. ലതാദേവി : നമ്മുടെ സംസ്ഥാനത്തെ സ്ത്രീകളടക്കമുള്ള ബസ് യാത്രക്കാർ, പ്രത്യേകിച്ച് ദീർഘദൂര ബസ് യാത്രക്കാർ, നേരിടുന്ന പ്രധാന പ്രതിസന്ധിയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലെ ടോയിലറ്റുകളുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. ദുർഗ്ഗന്ധം കാരണം അതിന്റെ അടുത്തോട്ട് പോകാൻ പോലും ആളുകൾക്ക് സാധിക്കുന്നില്ല. വിശേഷിച്ച് നമ്മുടെ തലസ്ഥാനത്തെ ബസ്സ്റ്റാന്റായ തിരുവനന്തപുരം സെൻട്രൽ ബസ്സ്റ്റാന്റിലെ റ്റോയിലറ്റിന് കതകില്ല. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ തുടങ്ങിയ പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡുകളിലെ ടോയിലറ്റുകൾക്കും കതകില്ല. അകത്തു കയറിയാൽ ലൈറ്റില്ല. വെള്ളമില്ല. മാലിന്യം കൂമ്പാരമായിട്ട് കിടക്കുകയാണ്. ഒരു ബക്കറ്റില്ല. മഗ്ഗില്ല. ദീർഘദൂര യാത്രക്കാർക്ക് പ്രാഥമികമായ ആവശ്യം നിർവഹിക്കുന്നതിനുള്ള യാതൊരു സൗകര്യവുമില്ല. ചില സ്ഥലങ്ങളിൽ പൈസ വാങ്ങുന്നുണ്ട്. പൈസ വാങ്ങുകയല്ലാതെ ശുചീകരണ പ്രവർത്തനങ്ങൾ യാതൊന്നും നടത്തുന്നില്ല. സ്ത്രീകളുടെ കൈയിൽ നിന്ന് കൂടുതൽ പൈസ വാങ്ങിക്കുകയും, പുരുഷൻമാരുടെ കൈയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് പൈസ വാങ്ങിക്കുകയും ചെയ്യുന്നുണ്ട്. എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് പ്രത്യേകിച്ച് സ്ത്രീകളടക്കമുള്ള ദീർഘദൂരയാത്രക്കാർക്ക് ഇത് ഉപയോഗിച്ചാൽ മാറാവ്യാധികളുണ്ടാകും. അതുകൊണ്ട് അടിയന്തിരമായും ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ഇത്തരം ആക്ഷേപങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടുദിവസം മുമ്പ് കെ.എസ്.ആർ.ടി.സി. എം.ഡി.യും ഞാനും തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽപ്പോയി ഇതു പരിശോധിച്ചു. കെ.എസ്.ആർ.ടി.സി. യുടെ ബസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ടോയിലറ്റുകൾ വൃത്തിയായും വെടിപ്പായും മാലിന്യരഹിതമായും സൂക്ഷിക്കുന്നതിന് പേ ആന്റ് യൂസ് സംവിധാനമാക്കി പ്രവർത്തിപ്പിക്കുന്നതിനു ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനു ആവശ്യമായ നിർദ്ദേശം നൽകുന്നതിനും അറ്റകുറ്റപ്പണികൾ അപ്പപ്പോൾ തീർക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതു കൂടുതൽ കാര്യക്ഷമമാക്കി നടത്താൻ ഉടൻതന്നെ ആവശ്യപ്പെടും.

## (15) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ സബ് ഡിപ്പോയായി ഉയർത്തേണ്ടത് സംബന്ധിച്ച്

ശ്രീ. പി.കെ. കുമാരൻ : സർ, പന്തളത്തെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ സബ് ഡിപ്പോയായി ഉയർത്തി അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണമെന്നുള്ളതാണ് ഞാൻ വിനീതമായി ആവശ്യപ്പെടുന്നത്, ഈ ആവശ്യം ഇവിടെ അഞ്ചാമത്തെ തവണയാണ് ഉന്നയിക്കുന്നത്. ബഹുമാന്യരായ മന്ത്രിമാർ ഈ കാര്യം സജീവമായി പരിഗണിക്കുമെന്ന് പറഞ്ഞതാണ്. 1983-ലാണ് പന്തളത്ത് കെ.എസ്.ആർ.ടി.സി.യുടെ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചത്. അന്ന് 17 ഷെഡ്യൂളുകളോടുകൂടി പ്രവർത്തനം ആരംഭിച്ചതാണ്. പന്തളം പഞ്ചായത്തിൽ നിന്നാണ് അന്ന് അതിന് ആവശ്യമായ വസ്തുവും കെട്ടിടവും കൊടുത്തത്. ഞാൻ അന്ന് അവിടത്തെ പന്തളം പഞ്ചായത്ത് അംഗമായിരുന്നു. ഗവൺമെന്റാണ് ഇതെല്ലാം ചെയ്തുതന്നത്. പിന്നീട് ഇതുവരെ ഈ കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ല. അവിടത്തെ സ്ഥിതി വളരെ ശോചനീയമാണ്. അതു സബ് ഡിപ്പോയായി ഉയർത്തണം. എ.റ്റി.ഒ.യെ നിയമിച്ച് അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും യാത്രാക്ലേശം പരിഹരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, കെ.എസ്.ആർ.ടി.സി.യുടെ പന്തളം ഓപ്പറേറ്റിംഗ് സെന്റർ 14.9.1983-ൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ ഇവിടെനിന്നും 13 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. സബ് ഡിപ്പോയായി പ്രവർത്തിക്കുന്നതിനുവേണ്ടി 25-നു മേൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതുണ്ട്. കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിനുവേണ്ടിയുള്ള ഗ്യാരേജും മറ്റു സൗകര്യങ്ങളൊന്നും ഇപ്പോൾ അവിടെ ലഭ്യമല്ല. കൂടുതൽ ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുന്നതിനുള്ള ഗ്യാരേജും മറ്റു അനുബന്ധ സൗകര്യങ്ങളും പ്രാദേശികമായി ലഭ്യമാക്കുകയും കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും

ചെയ്യുന്ന മുറയ്ക്ക് പന്തളം ഓപ്പറേറ്റിംഗ് സെന്റർ ഒരു സബ് ഡിപ്പോയായി ഉയർത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

### (16) നെയ്യാർ ജലസേചന സംഭരണിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ

ശ്രീ. എൻ. സുന്ദരേശൻ നാടാർ : സർ, നെയ്യാർ ജലസേചന സംഭരണിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം എന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നെയ്യാർ ജലസേചന സംഭരണിയിലെ വെള്ളം മാത്രമാണ് പാറശ്ശാല, കാരോട്, കുളത്തൂർ, ചെങ്കൽ, കൊല്ലയിൽ, തിരുപ്പുറം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലുള്ളവർ കുടിക്കാനും കൃഷിക്കും ഉപയോഗിക്കുന്നത്. വളരെ വർഷങ്ങളായി ജലസേചനത്തിനു ഉപയോഗിച്ചുവരുന്ന കൊല്ലങ്കോട്, അരുമാനൂർ, ചെങ്കൽ, മരിയാപുരം തുടങ്ങിയ കനാലുകളുടെ അറ്റകുറ്റപണികൾ മുടങ്ങിയിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷത്തെ റീവാംപിംഗ് സ്കീമിൽപ്പെടുത്തി അറ്റകുറ്റപ്പണികൾക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. 1999-2000-ൽ തന്നെ പണികൾ മുഴുവൻ ചെയ്തു വെള്ളം എത്തിക്കുമെന്ന് കനാൽ കമ്മിറ്റികൾക്ക് ഉറപ്പു നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ അറ്റുകുറ്റ പണികൾ ആരംഭിച്ചിട്ടില്ല. എന്നു മാത്രമല്ല, അതിലേക്ക് നീക്കിവച്ചിട്ടുള്ള ഫണ്ട് ലാപ്സാകുവാൻ പോകുന്നതായി അറിയുന്നു. ആയതിനാൽ ഫണ്ട് ലാപ്സാകാതെ മുഴുവൻ അറ്റുകുറ്റ പണികളും അടിയന്തിരമായി ചെയ്ത് ജലക്ഷാമം പരിഹരിക്കണമെന്ന് വിനയപൂർവ്വം ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണ പിള്ള) : സർ, വളരെ പഴക്കംചെന്ന പദ്ധതികളാണ് അദ്ദേഹം ഇവിടെ പറഞ്ഞിട്ടുള്ളത്. ആ പദ്ധതികളുടെ പുനരുദ്ധാരണമാണ് ഉദ്ദേശിക്കുന്നത്. റീവാംപിംഗ് ആന്റ് കൺസോളിഡേഷൻ പദ്ധതിയിൽപ്പെടുത്തി പണിചെയ്യാനാണ് ഇതു ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ 10 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുവേണ്ടി 9-ാം പദ്ധതിയിലുള്ള 50 കോടി രൂപയുടെ ഭരണാനുമതിയിൽ നെയ്യാർ ജലസേചന പദ്ധതിയും ഉൾപ്പെടുന്നുണ്ട്. നെയ്യാർ ജലസേചന പദ്ധതിയുടെ സ്കീം റിപ്പോർട്ട് സംബന്ധിച്ച ഭരണാനുമതി ലഭിച്ചത് 590 ലക്ഷം രൂപയ്ക്കുള്ള പണികൾക്കാണ്. 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഉദ്ദേശിച്ച പണികൾ ചെയ്തുതീർത്തു. ഇതിനായി 313 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ശേഷിക്കുന്ന 3-ാം വർഷം ആക്ഷൻ പ്ലാൻ അനുസരിച്ചുള്ളതാണ് ഇനി ചെയ്തു തീർക്കേണ്ടത്. 2000-2001 വർഷത്തേയ്ക്കുള്ള ആക്ഷൻ പ്ലാൻ സർക്കാർ പരിശോധിച്ചു വരുകയാണ്. ഫണ്ട് ഒന്നും തന്നെ ലാപ്സാകുകയില്ല. ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഈ സാമ്പത്തിക വർഷം ഉദ്ദേശിച്ച പണികൾ ചെയ്തു തീർക്കുന്നതാണ്.

### (17) തോട്ടംതൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, തോട്ടങ്ങളിൽ ജോലിചെയ്യുന്ന രണ്ട് ലക്ഷത്തിൽപ്പരം തൊഴിലാളികൾ കടുത്ത ബുദ്ധിമുട്ടുകൾ നേരിടുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിനെത്തുടർന്ന്, വിദേശരാജ്യങ്ങളിൽ നിന്നും തേയില അടക്കമുള്ള കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിനെ തുടർന്ന് തേയില, റബ്ബർ, കാപ്പി തുടങ്ങിയ വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയിലാണ്. കേരളം ഉൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിലുള്ള 10 ലക്ഷം തോട്ടം തൊഴിലാളികൾ കേന്ദ്രത്തിന്റെ ആ നയം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡിസംബർ മാസം 11-ാം തീയതി സൂചനാ പണിമുടക്ക് നടത്തുകയുണ്ടായി. വ്യാവസായിക പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കുവാൻ തൊഴിലാളികൾ സഹകരിക്കുവാൻ തയ്യാറാണ്. എന്നാൽ ഈ വ്യവസായ പ്രതിസന്ധിയെ തുടർന്ന് തോട്ടം തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു എന്നുള്ള വസ്തുത വർദ്ധിച്ചുവരുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പി.എൽ.സി.യിൽ ഉണ്ടായ ഒത്തുതീർപ്പനുസരിച്ച് ശമ്പളംപോലും ഇതുവരെ തൊഴിലാളികൾക്ക് കൊടുക്കാത്ത മാനേജുമെന്റുകളുടെ ലിസ്റ്റുണ്ട്. പീരുമേട് ടീ കമ്പനിയും കോടമല വാഗമൺ ഉടമകളും ഇതിൽ ഉൾപ്പെടുന്നു. മാസം തോറും തൊഴിലാളികളുടെ വേതനം കൊടുക്കണമെന്ന തൊഴിൽ നിയമം പോലും ഉടമകൾ നടപ്പാക്കുന്നില്ല. പ്രസവവേതനം കൃത്യമായി കൊടുക്കുന്നില്ല. തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും ഉടലെടുക്കുന്ന പ്രോവിഡന്റ് ഫണ്ട് പോലും അടയ്ക്കുന്നില്ല. തൊഴിലാളികളിൽ നിന്നും പ്രീമിയം തുക ഈടാക്കുന്നുണ്ടെങ്കിലും അതു എൽ.ഐ.സി. ഓഫീസിൽ അടയ്ക്കാത്തതുകൊണ്ട് പോളിസി ലാപ്സായിക്കൊണ്ടിരിക്കുകയാണ്. ഈ വക കാര്യങ്ങൾ വളരെ ഗൗരവമായിത്തന്നെ തൊഴിൽ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടതാണ്. പീരുമേട് ടീ കമ്പനിയുടെ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടെങ്കിലും പ്രശ്നത്തിനു പരിഹാരമുണ്ടായില്ല. നിയമം അനുസരിച്ച് എല്ലാ കമ്പനികളിലും നവംബർ മാസം 30-ാം തീയതിക്കകം ബോണസ് പ്രഖ്യാപിക്കേണ്ടതാണ്. പല ഉടമകളും തൊഴിലാളികൾക്ക് ബോണസ് നൽകാതെ സർക്കാരിനോട് കൂടുതൽ സമയം ചോദിച്ചു അപേക്ഷ നൽകിയിരിക്കുകയാണ്. ഇത്തരം അപേക്ഷകൾ തൊഴിൽ വകുപ്പു സെക്രട്ടറി ഉടൻതന്നെ നിരാകരിക്കേണ്ടതാണ്. തൊഴിലാളികൾക്ക് ലഭിക്കേണ്ട ന്യായവും നിയമപരവുമായ അവകാശങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണണം. നിസ്സഹായരായി നോക്കി നിൽക്കാതെ ഈ പ്രശ്നത്തിൽ ഇടപെട്ട് പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ.വി.പി. രാമകൃഷ്ണ പിള്ള) : സർ, കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്തതിനെ തുടർന്ന് തേയില, റബ്ബർ, കാപ്പി എന്നീ വ്യാവസായിക മേഖലകളിൽ പ്രതിസന്ധിയാണ്. കേന്ദ്രസർക്കാരിന്റെ ഇറക്കുമതിനയം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളം ഉൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിലെ തോട്ടം തൊഴിലാളികൾ 11.12.2000-ത്തിനു സൂചന പണിമുടക്ക് നടത്തിയിരുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ആത്മാർത്ഥമായി സഹകരിക്കുവാൻ സന്നദ്ധമാണെന്ന് ലേബർ യൂണിയൻ പ്രതിനിധികൾ തൊഴിലാളികൾക്കുവേണ്ടി കേരളാ പ്ലാന്റേഷൻ കമ്മിറ്റിക്ക് ഉറപ്പുനൽകിയിട്ടുണ്ട്. എന്നാൽ ഈ മേഖലയിലുണ്ടായ പ്രതിസന്ധിയെ തുടർന്ന് തോട്ടം തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു എന്നുള്ള വസ്തുത വർദ്ധിച്ചുവരുകയാണ് എന്ന ബഹുമാനപ്പെട്ട മെമ്പറുടെ പരാമർശം ശരിയല്ല. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ വേതന വർദ്ധനവ് സംബന്ധിച്ച ദീർഘകാല കരാർ 6.3.2000-ത്തിനു ഒപ്പുവയ്ക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഈ കരാറിലെ വ്യവസ്ഥ അനുസരിച്ച് തൊഴിലാളികൾക്ക് ലഭിക്കേണ്ട വേതന കുടിശ്ശിക നൽകുന്നതിനുള്ള നടപടി ടാറ്റാ ടീ, കമ്പനി, ഹാരിസൺ മലയാളം

1185/2010.

LIBRARY ARCHIVES Kerala Legislative Assembly

പ്ലാന്റേഷൻ തുടങ്ങിയ പ്രമുഖ കമ്പനികൾ ഇതിനകം തന്നെ സ്വീകരിച്ചുകഴിഞ്ഞു. ചില കമ്പനികൾക്ക് പ്രതിസന്ധി കാരണം ഉടൻതന്നെ നൽകുവാൻ കഴിയില്ല കുറച്ചുകൂടി സമയം ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ ആവശ്യങ്ങൾ അംഗീകരിക്കുവാൻ തൊഴിലാളി യൂണിയൻ പ്രതിനിധികളായ പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗങ്ങൾ തയ്യാറായിട്ടില്ല. ഇതിനെത്തുടർന്ന് കുടിശ്ശിക വേതനം വിതരണം ചെയ്യാൻ പറ്റാത്ത സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പീരുമേട് ടീ കമ്പനിയിലേയും കോട്ടമല വാഗമണിലേയും തൊഴിലാളികൾക്ക് പുതുക്കിയ വേതനം നൽകിയിട്ടില്ല എന്ന പരാതിയെത്തുടർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ആധികാരികമായി ചർച്ചചെയ്യുകയും നിയമലംഘനം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

### (18) ഇരിക്കൂർ മണ്ഡലത്തിലെ നച്യാട് - മണിക്കടവ് കാഞ്ഞിരക്കൊല്ലി റോഡിന്റെ നിർമ്മാണം

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള നച്യാട്-മണിക്കടവ്, കാഞ്ഞിരക്കൊല്ലി റോഡ് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽപ്പെടുത്തി ആ റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന പി.ഡബ്ല്യൂ.ഡി ശുപാർശ ചെയ്തതായി മനസ്സിലാക്കുന്നു. മലയോരമേഖലയെ സംബന്ധിച്ചിടത്തോളം സ്ട്രിംഗ് ഹൈവേയും മറ്റു പ്രധാനപ്പെട്ട പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന ഈ സുപ്രധാനമായ റോഡ് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനു നബാർഡിന്റെ സാമ്പത്തിക സഹായത്തിനുവേണ്ടി വർക്ക് ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, ആർ.ഐ.ഡി.എഫ്. സ്കീമിൽപ്പെടുത്തി സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രോജക്ട് റിപ്പോർട്ടിന് 'നബാർഡി'ന്റെ സാമ്പത്തിക സഹായം നൽകുന്നതാണ്. 'നബാർഡി'ൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്ന മുറയ്ക്ക് പണി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (19) ചിങ്ങവനത്ത് പൂട്ടിക്കിടക്കുന്ന ടെസിൽ കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, കോട്ടയം ജില്ലയിലെ ടെസിൽ കമ്പനി അടച്ചുപൂട്ടിയിട്ട് ഒന്നര വർഷം ഇപ്പോൾ കഴിഞ്ഞു. ട്രാവൻകൂർ റയോൺസ് ഫാക്ടറിക്കു വേണ്ടി കെ.എസ്.ഐ.ഡി.സി. കൊടുക്കേണ്ട അഞ്ചേമുക്കാൽ കോടി രൂപ കൊടുക്കാൻ താമസിക്കുന്നതുകൊണ്ടാണ് അടച്ചുപൂട്ടിയത്. കമ്പനി അടച്ചുപൂട്ടിയിട്ട് ഒന്നര വർഷമായി. ഗവൺമെന്റു പറഞ്ഞാൽ അഞ്ചേമുക്കാൽകോടി രൂപ കൊടുക്കാമെന്ന് കെ.എസ്.ഐ.ഡി.സി., എം.എൽ.എ.മാർ പങ്കെടുത്ത കോൺഫറൻസിൽ വച്ച് പറഞ്ഞതാണ്. അങ്ങനെ പറഞ്ഞിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നര വർഷമായി പൂട്ടിക്കിടക്കുന്ന പ്രസ്തുത കമ്പനിക്ക് ഇതുവരെ രൂപ കൊടുത്തില്ല. 800 തൊഴിലാളി കുടുംബങ്ങളാണ് പട്ടിണിയിലുള്ളത്. പട്ടിണി മരണത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. വളരെ ഗുരുതരമായൊരു മാനുഷിക പ്രശ്നമെന്നുള്ള നിലയിൽ ഈ ഫാക്ടറി തുറപ്പിക്കാനായി ഗവൺമെന്റ് കണ്ണുതുറക്കണം. കൊടുക്കാമെന്നു പറഞ്ഞ രൂപ കൊടുക്കണം. ഇനിയും ഇതു വച്ചു താമസിപ്പിക്കരുത്. വർഷം ഒന്നര കഴിഞ്ഞു. ഗവൺമെന്റ് ഈ കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. സുശീലാ ഗോപാലൻ) : സർ, ചിങ്ങവനത്തെ ടെസിൽ കമ്പനി 15.5.99 മുതൽ അടഞ്ഞു കിടക്കുകയാണ്. 7/99 കമ്പനി ലോക്കൗട്ട് ചെയ്യുകയുണ്ടായി. കമ്പനി തുറക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായവകുപ്പുമന്ത്രിയുടേയും വൈദ്യുതി വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ പല പ്രാവശ്യം ചർച്ചകൾ നടത്തുകയുണ്ടായി. 1998-ൽ ടെസിൽ കമ്പനി 5 കോടി രൂപയുടെ ഷെയർ പാർട്ടിസിപ്പേഷനുവേണ്ടി കെ.എസ്.ഐ.ഡി.സി.യെ സമീപിക്കുകയുണ്ടായി. എന്നാൽ കമ്പനി ഹൈഡൽ പ്രോജക്ടിനുവേണ്ടി സ്വരൂപിച്ച 5388 ലക്ഷം രൂപയും 1667 ലക്ഷം രൂപയും മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ച സാഹചര്യത്തിൽ കെ.എസ്.ഐ.ഡി.സി. തുക അനുവദിച്ചില്ല. കമ്പനി ഒരു മാസം 80 ലക്ഷത്തോളം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് കമ്പനി മാനേജ്മെന്റ് അറിയിച്ചതിനെ കണക്കിലെടുത്ത് കമ്പനി നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അന്വേഷിച്ച് പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനായി തൊഴിലാളി യൂണിയൻ പ്രതിനിധികൾ, മാനേജ്മെന്റ് പ്രതിനിധികൾ, ഗവൺമെന്റ് പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിക്കാൻ 22.6.99-ൽ കൂടിയ ഉന്നതതലയോഗം തീരുമാനിച്ചു. കമ്മിറ്റി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി ശുപാർശ ചെയ്യുകയുണ്ടായി. കമ്പനിയുടെ 60 ലക്ഷം രൂപയുടെ വൈദ്യുതി കുടിശ്ശികയുടെ 50 ശതമാനം ഉല്ലുങ്കൽ പദ്ധതിയിൽ നിന്നും ഈടാക്കുക, വൈദ്യുതി ചാർജ്ജിന്റെ എല്ലാ പിഴ പലിശയും എഴുതിത്തള്ളി പകരം സധാരണ പലിശ ഈടാക്കുക, കമ്പനിക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുക, കമ്പനിയെ പഴയ വൈദ്യുതിചാർജ്ജ് അടയ്ക്കുന്നതിന് അനുവദിക്കുക, പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും കമ്പനി തുറന്നു പ്രവർത്തിക്കാൻ തയ്യാറാണെങ്കിൽ വൈദ്യുതിചാർജ്ജ് നിരക്കിൽ കുറവു നൽകുന്ന പ്രശ്നം വൈദ്യുതിബോർഡിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നതാണെന്ന് സർക്കാർ കമ്പനിയെ അറിയിച്ചിരുന്നു. ഈ വിഷയത്തിൽ വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2.1.2000-ത്തിന് ഒരു യോഗം വിളിക്കുകയുണ്ടായി. കമ്പനി തുറന്നുപ്രവർത്തിക്കുന്നതിനായി, ഉല്ലുങ്കൽ പദ്ധതി പൂർത്തീകരിക്കുന്നതിനുമായി അഞ്ചു കോടി രൂപ ഓഹരി മൂലധനമായി സർക്കാർ അനുവദിക്കണമെന്ന് ടെസിൽ സി.എം.ഡി. ആവശ്യപ്പെട്ടു. കമ്പനിക്ക് മുമ്പ് അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ഐ.ഡി.ബി.ഐ കൂടി ഉൾപ്പെട്ടിട്ടുള്ള ധനകാര്യസ്ഥാപനങ്ങൾക്ക് തൃപ്തികരമായ മറുപടി കമ്പനി നൽകിയിട്ടില്ല എന്നതു കൂടാതെ കമ്പനിക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലേയ്ക്ക് തവണ വ്യവസ്ഥകൾ അനുവദിച്ചുവെങ്കിൽ കമ്പനി കുടിശ്ശിക വരുത്തിയതായും ചൂണ്ടിക്കാണിക്കപ്പെട്ടു. ഉല്ലുങ്കൽ പദ്ധതി പൂർത്തീകരിക്കുന്നതിന് വസ്തുനിഷ്ഠമായ പഠനം ആവശ്യമാണെന്നും തീരുമാനിച്ചു. 17.7.2000-ൽ വ്യവസായ വകുപ്പുമന്ത്രി വീണ്ടും ഒരു യോഗം വിളിച്ചു കൂട്ടുകയുണ്ടായി. വിശദമായ ചർച്ചകൾക്കു

ശേഷം ഐ.ഡി.ബി.ഐ, കെ.എസ്.ഐ.ഡി.സി, കാനറാ ബാങ്ക് എന്നിവയുടെ പ്രതിനിധികളും കമ്പനിയും സംയുക്തമായി സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ വയബിലിറ്റിയെക്കുറിച്ച് പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഐ.ഡി.സി. അഞ്ചു കോടി രൂപ നൽകുന്ന കാര്യം പരിഗണിക്കുമെന്നും വൈദ്യുതി നിരക്കിൽ ഉള്ള കുടിശ്ശിക സംബന്ധിച്ച് കമ്പനി പ്രതിനിധികളും വൈദ്യുതിബോർഡ് പ്രതിനിധികളും സംയുക്തമായി ചർച്ചചെയ്ത് പ്രശ്നം തീർക്കാമെന്നും തീരുമാനിച്ചു. ഇതിനിടയ്ക്ക് കമ്പനിയുടെ ബാധ്യത ബാങ്കുകളുടെ എൻ.പി.എ.യിൽ ഉൾപ്പെടുത്താതിരുന്നതിനാൽ പുതിയ ഫണ്ട് നൽകാൻ കഴിയില്ലെന്ന് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും അറിയിച്ചു. വൈദ്യുതി ബോർഡിന് കമ്പനി വരുത്തിയിട്ടുള്ള കുടിശ്ശിക 17 കോടി രൂപയാണ്. അതിൽ വളരെ തുച്ഛമായ തുക മാത്രമേ കമ്പനി അടച്ചിട്ടുള്ളൂ. ഉല്ലുങ്കൽ പദ്ധതി പ്രാവർത്തികമായാൽ കുടിശ്ശിക അടയ്ക്കാമെന്ന കമ്പനിയുടെ നിലപാടിനോട് ബോർഡ് മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ യോജിച്ചില്ല. കുടിശ്ശികയുടെ ഒരു ഭാഗമെങ്കിലും അടച്ചുതീർക്കണമെന്ന നിലപാട് ബോർഡിനുണ്ട്. കമ്പനി അതിന്റെ കണക്കുകൾ പൂർത്തിയാക്കിയതു സംബന്ധിച്ച റിപ്പോർട്ടും വൈദ്യുതിബോർഡ് ഉല്ലുങ്കൽ പദ്ധതി സംബന്ധിച്ച പ്രവർത്തനറിപ്പോർട്ടും ലഭിച്ചശേഷം ബാങ്കിന്റെയും ധനകാര്യസ്ഥാപനങ്ങളുടേയും സംയുക്തമായ യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കാര്യത്തിലുള്ള ബുദ്ധിമുട്ട് എന്നു പറയുന്നത്, പറയുന്നതൊന്നും ചെയ്യുന്നത് മാനേജ്മെന്റല്ല എന്നുള്ളതാണ്. ചെയ്യുന്ന കാര്യത്തിലാണെങ്കിൽ, കൊടുക്കുന്ന പണമെല്ലാം ഡൈവർട്ട് ചെയ്തുപോകുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. അതിനു പരിഹാരമുണ്ടാക്കാനാണ് പരിശ്രമിക്കുന്നത്. പല കാര്യങ്ങളും ഗവൺമെന്റ് യോഗം വിളിച്ചുകൂട്ടി നിരവധി പ്രാവശ്യം ചർച്ചചെയ്തതാണ്. കെ.എസ്.ഐ.ഡി.സി.യും മറ്റു ധനകാര്യസ്ഥാപനങ്ങളുടക്കം മുൻകൈ എടുത്താൽ മാത്രമേ പദ്ധതി പൂർത്തിയാക്കാൻ കഴിയൂ. അതിനാണ് യോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ തീരുമാനിക്കാൻ ശ്രമിക്കുന്നത്. റയോൺസ് കമ്പനിക്ക് കൊടുക്കുന്നതുപോലെ ലളിതമായൊരു പ്രക്രിയയല്ല ഈ സ്ഥാപനത്തിനു കൊടുക്കുന്നത്. റയോൺസ് കമ്പനി മിക്കവാറും ഗവൺമെന്റിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാണ്.

## (20) അംഗൻവാടി ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നടപ്പാക്കുന്നതു സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കേരളത്തിലെ നാൽപ്പതിനായിരത്തിലധികം വരുന്ന അംഗൻവാടി ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നൽകണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നാട്ടിൻപുറങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടേയും ആരോഗ്യസംരക്ഷണത്തിലൂടെ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് തുച്ഛമായ വേതനം പറ്റി പണിയെടുക്കുന്നവരാണ് അംഗൻവാടി ജീവനക്കാർ. 100 ശതമാനം സ്ത്രീകളാണ് അംഗൻവാടി ജീവനക്കാരായി പണിയെടുക്കുന്നത്. ഇവരുടെ പ്രവർത്തനം അംഗീകരിച്ചുകൊണ്ട് നമ്മുടെ സർക്കാർ ഓണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് അനുവദിച്ചുനൽകിയതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ വീണ്ടും 100 രൂപയുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇതുവരെ നടപ്പിലാക്കാത്തതിൽ തുച്ഛവരുമാനക്കാരായ ഇവർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ട്. അത് അനുവദിച്ചു നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന്, ഇവരിൽ 25 ശതമാനം പേരെ സൂപ്പർവൈസർമാരായി നിയമിക്കാനായി ഇപ്പോൾ തീരുമാനമായിട്ടുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിലവിലുള്ള പി.എസ്.സി.റാങ്ക്ലിസ്റ്റിൽ നിന്നും ഉള്ളവരെ പോസ്റ്റ് ചെയ്യണം. 25 ശതമാനം അംഗൻവാടി സൂപ്പർവൈസർമാരായി അംഗൻവാടി ജീവനക്കാരെയും പോസ്റ്റ് ചെയ്യണം. അവിഹിതവും അനധികൃതവുമായി കരാറടിസ്ഥാനത്തിൽ ജോലിക്ക് കയറിയവരാണ് ഇപ്പോഴും സൂപ്പർവൈസർമാരായി തുടരുന്നത്. അർഹരായവരെ മാത്രം പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും അംഗൻവാടി ജീവനക്കാരിൽ നിന്നും നിയമിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, അംഗൻവാടി ജീവനക്കാർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 100 രൂപ നൽകുകയുണ്ടായി. അതുകൂടാതെ വീണ്ടും 100 രൂപ കൂടി കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അത് കഴിയുന്നത്ര വേഗം നടപ്പാക്കാനുള്ള നടപടികളാണ് ഗവൺമെന്റ് എടുത്തുവരുന്നത്. അതിവേഗത്തിൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.എസ്.സി. റാങ്കുലിസ്റ്റിൽ നിന്നും 278 പേരെ നിയമിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടി അദ്ധ്യാപകർക്ക് 25 ശതമാനം റിസർവേഷനുണ്ട്. ആ റിസർവേഷൻ പി.എസ്.സി. ടെസ്റ്റ് നടത്തി, ആളുകളെ തെരഞ്ഞെടുത്തുവെങ്കിൽ മാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ. അവർക്കുള്ള 25 ശതമാനം റിസർവേഷൻ മാറ്റിവച്ചിട്ടുണ്ട്. അതിൽ യാതൊരു കുറവും വരികയില്ല. പി.എസ്.സി. അതിനുള്ള നടപടിക്രമങ്ങൾ എടുത്ത് വേഗത്തിൽ ലിസ്റ്റ് തരണമെന്ന് പി.എസ്.സി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് അതിവേഗത്തിൽ ചെയ്യുന്നതാണ്.

## (21) മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, 20 മാസത്തിലധികമായി മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി അടഞ്ഞു കിടക്കുകയാണ്. 3600 തൊഴിലാളികൾ നേരിട്ടും അനുബന്ധമായി പതിനായിരത്തോളം തൊഴിലാളികളും ജോലിയെടുത്തുവന്ന ഒരു സ്ഥാപനമാണ്. പൾപ്പ് ഇറക്കുമതിയാണ് പ്രധാനപ്പെട്ട പ്രശ്നമെന്ന് പറഞ്ഞുകേൾക്കുന്നു. അതിൽ വസ്തുതയുണ്ടോ എന്നുള്ളത് വ്യക്തമാക്കണം. കേന്ദ്രഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള, നരസിംഹറാവു ഗവൺമെന്റ് കൊണ്ടുവന്ന ഉദാരവൽക്കരണത്തിന്റെ ഭാഗമായാണ് ഇതു സംഭവിക്കുന്നത്. പ്രസ്തുത കമ്പനി തുറന്നു പ്രവർത്തിപ്പിക്കാനുള്ള സത്വര നടപടി എടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, മാവൂർ ഗ്രാസിം കമ്പനിയുടെ പൾപ്പ് ഡിവിഷനും സ്റ്റേപ്പിൾ ഫൈബർ ഡിവിഷനും അടച്ചുപൂട്ടുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് ഗ്രാസിം മാനേജ്മെന്റ് 23.8.1999-ന് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ 25-ഒ വകുപ്പുപ്രകാരം സർക്കാർ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, അന്തരീക്ഷ മലിനീകരണ പ്രശ്നങ്ങൾ, തൊഴിലാളികളുടെ ശമ്പള വർദ്ധനവിനായുള്ള സമ്മർദ്ദം. വൈദ്യുതി നിരക്കിലുണ്ടായ വർദ്ധനവ്, കമ്പനിയുടെ സാമ്പത്തിക നഷ്ടം എന്നിവയാണ് അടച്ചുപൂട്ടലിനുള്ള കാരണങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

മാനേജുമെന്റ് പറഞ്ഞത്. മാനേജുമെന്റിന്റെയും ട്രേഡ് യൂണിയൻ പ്രതിനിധി കളുടേയും വാദം കേട്ടതിനുശേഷം 16.10.1999-ന് 23084/93/99 തൊഴിൽ നമ്പർ ഉത്തരവുപ്രകാരം മേൽപ്പറഞ്ഞ അപേക്ഷ നിരസിച്ചു. ഈ ഉത്തരവിനെതിരെ കമ്പനി മാനേജുമെന്റ് 6.11.1999-ന് റിവ്യൂ പെറ്റീഷൻ സർക്കാരിന് സമർപ്പിച്ചു. റിവ്യൂ പെറ്റീഷനിൽ മാനേജുമെന്റിന്റെയും തൊഴിലാളികളുടേയും വാദം കേട്ട തിനുശേഷം തൊഴിൽ വകുപ്പുസെക്രട്ടറിയുടെ 2.8.2000-ലെ 29131/83/99/ തൊഴിൽ നമ്പർ നടപടിക്രമം പ്രകാരം റിവ്യൂ പെറ്റീഷൻ നിരസിക്കുകയും തർക്കസംഗതി കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണന യ്ക്കായി അഡ്ജൂഡിക്കേഷനായി വിടുകയും ചെയ്തു. ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാനായി മാനേജുമെന്റിന്റെ പ്രതിനിധികളുമായി ഗവൺമെന്റ് പലപ്രാവശ്യം ചർച്ച നടത്തുകയുണ്ടായി. ഫാക്ടറി പ്രവർത്തിപ്പിക്കുന്നതി നുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തി വ്യവസായ വകുപ്പു സെക്രട്ടറി തല വനായി ഒരു കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ബന്ധപ്പെട്ട വകുപ്പു കളുടെ ഉദ്യോഗസ്ഥർ, ഗ്രാസിം മാനേജുമെന്റ് പ്രതിനിധികൾ എന്നിവരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും ധനകാര്യ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരും ചേർന്ന് ചർച്ച നടത്തിയിട്ടും മാനേജുമെന്റ് മാവൂർ യൂണിറ്റിനെ കമ്പനിയിൽ നിന്നും വിടർത്താൻ കമ്പനി നിയമം 381, 384 എന്നീ വകുപ്പുകൾ അനുസരിച്ച് നടപടികൾ എടുത്തുകൊണ്ടിരിക്കുന്നതായി മനസ്സി ലാക്കുന്നു. മധ്യപ്രദേശ് ഹൈക്കോടതിയുടെ ഇൻഡോർ ബെഞ്ചിലുള്ള ഈ കേസിൽ കേരള സർക്കാരും കക്ഷി ചേരാൻ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികളുടെ തുടർന്നുള്ള ജോലി ഉറപ്പുവരുത്താൻ നിയമപരമായ എല്ലാ നടപടികളും സർക്കാർ എടുത്തിട്ടുണ്ട്. കമ്പനി തുറന്നു പ്രവർത്തിക്കു ന്നതോടുകൂടി മാത്രമേ ബന്ധപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരി ഹാരം കാണാൻ കഴിയുകയുള്ളൂ. ഇതിന് സാധ്യമായതെല്ലാം ചെയ്യുന്നതാണ്. അടിയന്തിരമായിതന്നെ ഇൻഡോർ കോടതിയിൽ ഇടപെട്ട് ബൈഫർക്കേ ഷനെ എതിർക്കാനും ഈ കമ്പനി തുറന്നു പ്രവർത്തിപ്പിക്കാനും സമ്മർദ്ദം ചെലുത്തുന്നതാണ്.

## VIII. ഉത്തരത്തിൽ തിരുത്ത്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, പത്താം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 16.7.1998-ലെ നക്ഷത്രചിഹ്നമി ടാത്ത 1871-ാം നമ്പർ ചോദ്യത്തിന് 'സി' വിഭാഗത്തിന് നൽകിയിരിക്കുന്ന ഉത്തരത്തിൽ പിശക്* കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം ഞാൻ മേശ പ്പുറത്തുവയ്ക്കുന്നു.

IX – Papers Laid on the Table

I. Chief Minister (Shri E.K. Nayanar) : Sir, I lay on the Table :

* അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

1. G.O.(Rt.)No.4348/2000/Home dated 3rd November, 2000 (S.R.O. No.1027/2000, 1028/2000, 1029/2000, 1030/2000, 1031/2000 and 1032/2000).

2. G.O.(Rt.)No.4349/2000/Home. dated 3rd November,2000 )S.R.O. No. 1025/2000).

II. Minister for Irrigation & Labour (Shri. V.P. Ramakrishna Pillai) on behalf of the Minister for Education and Works, Sir I lay on the Table :

Annual Report of Kerala State Construction Corporation Limited for the year 1997-98 together with statement showing the reasons for delay in submitting the same.

III. Minister for Agriculture (Shri. Krishnan Kaniyamparambil) : Sir, I lay on the Table :

Annual Accounts and Audit Report of Kerala Agricultural University for the year 1997-98 together with statement showing the reasons for delay in submitting the same.

IV. Minister for Health & Sports (Shri. V.C. Kabeer) on behalf of the Minister for Forests and Transport. Sir, I lay on the Table :

1. G.O. (P) No.62/2000/F&WLD. dated 10th October, 2000 (S.R.O. No.1063/2000).

2. Annual Report of Kerala Forest Development Corporation Limited for the year 1998 together with statement showing the reasons for delay in submitting the same.

V. Minister for Local Self Government Department (Shri.Paloli Muhammedkutty) : Sir, I lay on the Table :

1. Erratum Notification G.O. (Rt.) No. 3645/99/LSGD. dated 1st December,1999 together with statement showing the reasons for delay submitting the same.

2. G.O. (P) No.293/2000/LSGD. dated 20th October, 2000 (S.R.O No.972/2000).

3. G.O. (P) No.271/2000/LSGD. dated 26th September, 2000 (S.R.O No.887/2000).

4. G.O. (P) No.272/2000/LSGD. dated 26th September, 2000 (S.R.O No.888/2000).

5. G.O. (P) No.276/2000/LSGD. dated 29th September, 2000 (S.R.O No.895/2000).

6. G.O. (Ms) No.221/99/LSGD. dated 29th November, 1999 (S.R.O No. 979/99) together with statement showing the reasons for delay submitting the same.

VI Minister for Irrigation and Labour (Shri. V.P. Ramakrishna Pillai) Sir, I lay on the Table :

LIBRARY ARCHIVES Kerala Legislative Assembly

1. G.O. (Ms) No.95/2000/LBR. dated 5th October, 2000 (S.R.O No. 954/2000).
2. Annual Accounts of Kerala Water Authority for the year 1997-98 together with statement showing the reasons for delay in submitting the same.
3. Audit Report Administration Report of the Kerala Labour Welfare Fund Board for the year 1998-99 together with statement showing the reasons for delay in submitting the same.

VII Minister for Agriculture (Shri. Krishnan Kaniyamparambil) on behalf of the Minister for Electricity and Co-operation Sir, I lay on the Table :

1. G.O. (P) No.136/2000/Co-op. dated 25th October, 2000 (S.R.O No. 1017/2000).
2. G.O. (P) No.148/2000/Co-op. dated 15th November, 2000 (S.R.O No. 1068/2000).

VIII Minister for Finance (Shri. T.Sivadasa Menon) : Sir, I lay on the Table :

1. G.O. (P) No.153/2000/TD. dated 20th October, 2000 (S.R.O No. 1009/2000).
2. G.O. (P) No. 155/2000/TD. dated 21th October, 2000 (S.R.O No. 1010/2000).
3. G.O. (P) No. 164/2000/TD. dated 15th November, 2000 (S.R.O No. 1069/2000).
4. G.O. (P) No. 162/2000/TD. dated 10th November, 2000 (S.R.O No. 1071/2000).
5. The Consolidated Report of Local Fund Audit Department for the year 1999-2000.

IX. Minister for Industries and Social Welfare (Smt. Suseela Gopalan) : Sir, I lay on the Table :

1. Annual Report Accounts of the Travancore Sugars and Chemicals Limited for the Year 1999-2000.
2. Annual Report and Accounts of Handicrafts Development Corporation of Kerala Limited for the Year 1992-93 together with statement showing the reasons for delay in submitting the same.

## X. വ്യക്തിപരമായ വിശദീകരണം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇന്നലെ നിയമസഭയിൽ ഉപധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ടുള്ള എന്റെ പ്രസംഗത്തിൽ മണിച്ചന്റെ

LIBRARY ARCHIVES Kerala Legislative Assembly

മക്കൾ തന്നെ മാമൻ എന്നു വിളിക്കുന്നുവെന്ന് ആനന്ദൻ സമ്മതിച്ചു എന്ന് ഇന്നത്തെ മലയാള മനോരമ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. ടി.എം. ജേക്കബ് ആണ് മണിച്ചന്റെ മക്കൾ തന്നെ മാമൻ എന്നാണ് വിളിക്കുക എന്നുപറഞ്ഞത്. എന്നിട്ട് എന്റെ പ്രസംഗത്തിൽ അത് തിരുകി കയറ്റി മണിച്ചനും ഞാനും അടുപ്പക്കാരാണെന്നു വരുത്തി രാഷ്ട്രീയ മുതലെടുപ്പു നടത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ് മലയാള മനോരമ ചെയ്തിരിക്കുന്നത്. എന്റെ പ്രസംഗത്തിൽ ഞാനങ്ങനെ പറഞ്ഞിട്ടില്ല. പറയാത്ത കാര്യം പറഞ്ഞു എന്നാണ് പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അത് കറക്ട് ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞു എന്നാണ് പറയുന്നത്. ശ്രീ. ആനത്തലവട്ടം ആനന്ദനെ ഇപ്പോൾ മാമൻ എന്നാണോ മാമിയെന്നാണോ വിളിക്കുന്നതെന്ന് എനിക്കറിയില്ല. എന്റെ പ്രസംഗത്തിലൊന്നും ഞാനങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ കാര്യം ഇവിടെ രേഖയിലുണ്ട്.

<u>മി.സ്പീക്കർ</u> : രണ്ടുപേരും കറക്ടു ചെയ്തു... ബഹളം... അതിനിവിടെ പ്രിവിലേജ് ഉണ്ടല്ലോ.

# XI. ക്രമപ്രശ്നം

## ആക്ഷൻടേക്കൺ റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച്

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, ലെജിസ്ലേച്ചറിനെ ബാധിക്കുന്ന ഏറ്റവും ഗൗരവമായ ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ലെജിസ്ലേച്ചറിന്റെ പ്രവർത്തനങ്ങൾ ഇഫക്ടീവായി മുന്നോട്ടു കൊണ്ടുപോകുന്നതിന് എക്സിക്യൂട്ടീവ് സഹകരിക്കുന്നില്ല. ആർബിട്രറിയായിട്ടുള്ള നിലപാട്, ലെജിസ്ലേച്ചറിനോടുള്ള എക്സിക്യൂട്ടീവിന്റെ അക്കൗണ്ടബിലിറ്റി നമ്മുടെ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ? വേണ്ടത്ര പാലിക്കുന്നില്ല എക്സിക്യൂട്ടീവ് ഗൗരവമായി ഈ വിഷയങ്ങൾ എടുക്കുന്നില്ല. എന്നുള്ളതാണ് എനിക്ക് ഈ സഭയിൽ പറയാനുള്ളത്. നിയമസഭാ കമ്മിറ്റികൾ പ്രത്യേകിച്ചും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി ഈ മൂന്നു കമ്മിറ്റികളും കോൺസ്റ്റിറ്റ്യൂഷണൽ ബോഡീസാണ്. നിയമസഭ ഇലക്ടു ചെയ്തിട്ടാണ് അതിലെ മെമ്പർമാരെ തെരഞ്ഞെടുക്കുന്നത്. ആ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾപോലും എക്സിക്യൂട്ടീവിന്റെ നിസ്സഹകരണം കാരണം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. അഞ്ചും പത്തും വർഷക്കാലത്തെ ആഡിറ്റ് എൻക്വയറി പെൻഡിംഗിലാണ്. പി.എ.സി., പി.യു.സി., എസ്റ്റിമേറ്റ്സ് കമ്മിറ്റി എന്നീ കമ്മിറ്റികൾ റിപ്പോർട്ട് നൽകിക്കഴിഞ്ഞാൽ ബിസിനസ് റൂൾ അനുസരിച്ച് മൂന്നു മാസത്തിനകം ആ റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകണമെന്നുള്ളതാണ്. മൂന്നുമാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകണമെന്ന് ബിസിനസ് റൂളിൽ പറഞ്ഞിട്ടും 1982-84 മുതൽ പി.എ.സി. സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ ഉണ്ടായിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

അത് വളരെ ഗുരുതരമായ വിഷയമാണ്. അങ്ങനെ ആക്ഷൻ ടേക്കൺ ഇല്ലെങ്കിൽ ഈ കമ്മിറ്റി റിപ്പോർട്ട് നൽകുന്നതിൽ എന്താണ് അർത്ഥമുള്ളത്? അതു ചെയ്യേണ്ടതാരാണ്? എക്സിക്യൂട്ടീവാണ് അതുചെയ്യേണ്ടത്. എക്സിക്യൂട്ടീവ് അത് നിർവ്വഹിക്കുന്നില്ല. 1982-84, 1984-86 എന്നീ വർഷങ്ങളിലായി 31 റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ വന്നിട്ടില്ല. ടാക്സ്സ് ഡിപ്പാർട്ടുമെന്റിൽ മാത്രമായി 20 റിപ്പോർട്ടുകളാണുള്ളത്. 1987-89-ൽ പി.എ.സി. സമർപ്പിച്ചിട്ടുള്ള 47 റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ ഉണ്ടായിട്ടില്ല. ജനറൽ എഡ്യൂക്കേഷൻ 33, ടാക്സസ്-6, ഇറിഗേഷൻ-10. 1989-91-ൽ പി.എ.സി. കമ്മിറ്റി നൽകിയിട്ടുള്ള റിപ്പോർട്ടിൽ 52 എണ്ണത്തിൽ ആക്ഷൻ ടേക്കൺ നടന്നിട്ടില്ല. ജനറൽ എഡ്യൂക്കേഷൻ

12, ടാക്സസ്-11, വ്യവസായ വകുപ്പ്-7 അതുപോലെതന്നെ 1991-93-ൽ 83 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതിൽ ആക്ഷൻ ടേക്കൺ നൽകിയിട്ടില്ല-അത് ഇറിഗേഷൻ-42, ടാക്സസ്സ് ഡിപ്പാർട്ടുമെന്റ്-20 1993-95-ലെ റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ പെന്റിംഗ്-96, ഫൈനാൻസ്-7, ഇറിഗേഷൻ-65, ടാക്സ്സ്-17, 1995-96-ൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ 54 എണ്ണം നൽകിയിട്ടില്ല. 1996-98-ൽ 131 റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ നൽകിയിട്ടില്ല. 1998-2000 കറന്റ് ഇയറിൽ 311. മൂന്നു മാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ചിരിക്കണമെന്ന് പറഞ്ഞിട്ടും 20 വർഷം 15 വർഷമൊക്കെയായിട്ടും റിപ്പോർട്ടുകൾ നൽകുന്നില്ലെന്നു പറഞ്ഞാൽ എവിടേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ലെജിസ്ലേച്ചറിന് മുമ്പിലുള്ള അധികാരങ്ങൾ, അതിനുള്ള ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ ഇതിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാവുകയല്ലേ ചെയ്യുക. ഇത്തരം വിഷയങ്ങൾ മുമ്പിൽ വന്നപ്പോൾ പാർലമെന്റ് തന്നെ മുൻകൈ എടുത്തു കൊണ്ട് ശക്തർ കമ്മിറ്റി എന്നു പറഞ്ഞ് ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിക്കുയുണ്ടായി. ആ ഹൈലെവൽ കമ്മിറ്റി വന്നതിനുശേഷം ഈ വിഷയങ്ങൾ ലഘൂരിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് സ്റ്റേറ്റിനോട് ആവശ്യപ്പെട്ടു. ഹൈലെവൽ കമ്മിറ്റി റിപ്പോർട്ട് നമ്മുടെ സ്റ്റേറ്റ് അംഗീകരിച്ചതാണ്. സ്റ്റേറ്റ് അംഗീകരിച്ചതിനുശേഷവും ഒരു പുരോഗതിയും എക്സിക്യൂട്ടീവിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. ഗവൺമെന്റ് സെക്രട്ടേറിയറ്റ് പോസിറ്റീവായി അതിനോട് റെസ്പോണ്ട് ചെയ്യുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ലെജിസ്ലേച്ചറിനോടുള്ള അക്കൗണ്ടബിലിറ്റി പാലിക്കാത്ത സ്ഥിതിവിശേഷം വന്നു ചേരുന്നത് വളരെ ഗൗരവമായി കണക്കിലെടുക്കണം. നിയമസഭാ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ സ്തംഭനാവസ്ഥിലേയ്ക്കു വരുമെന്നു മാത്രം ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങ് ഈ വിഷയത്തിൽ അടിയന്തിരമായി നടപടിയെടുക്കണം. അങ്ങ് ഇടപെടേണ്ട സമയമായിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

## XII. റൂളിംഗ്

മി.സ്പീക്കർ : ശ്രീ. സത്യൻമൊകേരി ഇവിടെ ഉന്നയിച്ച വിഷയം കമ്മിറ്റികളെ സംബന്ധിച്ച്, നിയമസഭയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. അതു ചെയർ മനസ്സിലാക്കുന്നു. അതിവിടെ ഉന്നയിച്ചതിനു അദ്ദേഹത്തോടു നന്ദി പറയുന്നു. നമ്മുടെ നിയമസഭാ കമ്മിറ്റികൾ, സബ്ജക്ട് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കളെ സംബന്ധിച്ചുള്ള റിവ്യൂ തന്നെ ഇവിടെ നടത്തുകയുണ്ടായി. മറ്റു കമ്മിറ്റികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഒരു വിലയിരുത്തൽ ആവശ്യമാണെന്നാണ് ചെയർ കരുതുന്നത്. നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനമെന്നു പറയുന്നത് നിയമസഭയുടെ പ്രവർത്തനമാണ്. കമ്മിറ്റികളെന്നു പറയുന്നത്, അതിന്റെയൊരു എക്സ്റ്റൻഡ് ഫോം ഓഫ് ആക്ടിവിറ്റിയാണ്. സഭ ചേരാതിരിക്കുമ്പോൾ നടത്തുന്ന പ്രവർത്തനമാണ്. ആ ഗൗരവത്തിൽ തന്നെയാണ് നാം കാണുന്നത്. അതു മാത്രമല്ല നിയമസഭാ കമ്മിറ്റികളിൽ നിക്ഷിപ്തമായിട്ടുള്ള ഒട്ടേറെ അധികാരങ്ങളുണ്ട്. അത് ആ കമ്മിറ്റികൾ തന്നെ കൈയാളുന്ന അധികാരങ്ങളാണ്, ആ കമ്മിറ്റികളുടെ തന്നെ അധികാരങ്ങളാണ്. പക്ഷേ ആ കമ്മിറ്റികൾ എത്ര കണ്ട് അതിൽ ബോധവാന്മാരാണ് എന്ന കാര്യത്തിൽ സംശയമുണ്ട്. നിയമസഭാ കമ്മിറ്റികൾ ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രസക്തമായിട്ടുള്ള പ്രശ്നം അതിന്റെ ഡീറ്റെയിൽസിലേയ്ക്ക് ഞാൻ പോകുന്നില്ല.നിയമസഭയ്ക്കാവശ്യമായിട്ടുള്ള വിവരങ്ങൾ യഥാസമയത്ത് സർക്കാർ നൽകുന്നുണ്ടോ എന്നുള്ളതാണ്. നൽകുന്നില്ല എന്നുള്ളതാണല്ലോ പ്രധാനം. ഒട്ടേറെ കാര്യങ്ങൾ ഇവിടെ ഉന്നയിച്ചു. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചാൽ അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് മൂന്നു മാസത്തിനുള്ളിൽ ചട്ട പ്രകാരം നൽകണം. നൽകുന്നില്ല എന്നുള്ളതാണ് വളരെ പ്രസക്തം. മൂന്നു വർഷമായിട്ട് നൽകുന്നില്ല. അതു ഗുരുതരമായ വീഴ്ച തന്നെയാണ്. പക്ഷേ ആ വീഴ്ചയെക്കുറിച്ച് പറയുമ്പോൾ, മൂന്നു മാസത്തിനുള്ളിൽ ബന്ധപ്പെട്ട കമ്മിറ്റിക്ക് റിപ്പോർട്ട് നൽകിയില്ലെങ്കിൽ, നൽകാത്തതിനെ സംബന്ധിച്ച് വീണ്ടും ആ കമ്മിറ്റി തന്നെ ബന്ധപ്പെട്ടവരെ സമൺ ചെയ്യണം. അങ്ങനെ സമൺ ചെയ്യുന്നുണ്ടോ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമസഭാ കമ്മിറ്റികൾക്കും പി.എ.സി.ക്കും വരാറുണ്ട്. ഉദ്യോഗസ്ഥന്മാരെ സമൺ ചെയ്യാറുമുണ്ട്. ഇപ്പോൾ ആവശ്യമായിട്ടുള്ളത്, മിനിസ്റ്റേഴ്സ്, അവരുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെ ഇടയ്ക്കു വിളിച്ചു കൂട്ടി ഇങ്ങനെ റിപ്പോർട്ട് തന്നിട്ടുണ്ട്, അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അന്വേഷിച്ചാൽ അതിനു കുറച്ചു വേഗത കൂടും. പലപ്പോഴും ഉദ്യോഗസ്ഥന്മാരെ വിളിച്ചാൽ, പലരും കാലങ്ങൾ കഴിഞ്ഞാണ് വരുന്നത്. അപ്പോൾ അവരുടെ റെസ്പോൺസിബിലിറ്റി അവിടെ കുറയുകയാണ്. വളരെ ലൈറ്റായിട്ടു മാത്രമേ അവർ പ്രതികരിക്കുകയുള്ളൂ. മന്ത്രിമാരെ പറഞ്ഞാൽ കൃഷ്ണൻ കണിയാംപറമ്പിലിനു ഇഷ്ടപ്പെടില്ല. അതു പറഞ്ഞാൽ പിന്നെ വേറൊരു അർത്ഥത്തിലെടുക്കും. അതാണ് ഇവിടത്തെ കുഴപ്പം.

<u>മി.സ്പീക്കർ</u> : ആദ്യം കമ്മിറ്റികളുടെയും സഭയുടേയും കാര്യമെടുക്കാം. മന്ത്രിമാരുടെ കാര്യം രണ്ടാമത് എടുക്കാം. മൂന്നു മാസം കഴിഞ്ഞാൽ റിപ്പോർട്ടുകൾ ലഭിക്കാതെയിരുന്നാലുള്ള തുടർ നടപടി കമ്മിറ്റികൾ സ്വീകരിക്കുന്നുണ്ടോ? സ്വീകരിക്കണം. കമ്മിറ്റികളിൽ നിക്ഷിപ്തമായിട്ടുള്ള ഈ അധികാരം വിവേചനാപൂർവ്വം ഉപയോഗിക്കാൻ കമ്മിറ്റികൾ തയ്യാറാകണം. എന്നിട്ടും തരുന്നില്ലെങ്കിൽ ആ തരാത്ത ഉദ്യോഗസ്ഥൻ, ഏതായാലും ആ ഉദ്യോഗസ്ഥന്റെ മേൽ നിയമസഭയുടെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കാൻ പ്രിവിലേജ് കമ്മിറ്റിക്കും, ഈ സഭയ്ക്കും അധികാരമുണ്ട്. അങ്ങനെ ഒരു കേസ് വരട്ടെ, അങ്ങനെയൊരു കേസ് വന്നു കഴിഞ്ഞാൽ പ്രിവിലേജ് കമ്മിറ്റിക്കും സഭയും നടപടി സ്വീകരിച്ചു കഴിഞ്ഞാൽ, അതിന് വഴങ്ങാത്ത ആരെങ്കിലുമുണ്ടാകുമെന്ന് ചെയർ കരുതുന്നില്ല. ആ രൂപത്തിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നാണ് ഈ സന്ദർഭത്തിൽ പറയാൻ ചെയർ ആഗ്രഹിക്കുന്നത്.

## XIII. നിയമനിർമ്മാണകാര്യം

മി.സ്പീക്കർ : നിയമനിർമ്മാണമെന്നു പറയുമ്പോൾ അപ്രോപ്രിയേഷനാണ്. അപ്രോപ്രിയേഷൻ ചട്ടപ്രകാരം 12.30 മുതൽ 1.30 വരെയാണ്. 12.30 കഴിഞ്ഞുകൊണ്ട് അതിനുവേണ്ടി റൂൾ ഒന്നും വേവ് ചെയ്യേണ്ടതില്ല എന്ന് അറിയിക്കുന്നു. 60 മിനിട്ടാണ് ആകെയുള്ളത്. അതിൽ 10 മിനിട്ട് മന്ത്രിയുടെ മറുപടിക്കും 50 മിനിട്ട് ചർച്ചയ്ക്കുള്ളതുമാണെന്ന കാര്യവും അറിയിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അങ്ങേയ്ക്ക് 2000-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കാം.

### 2000-ത്തിലെ കേരള ധനവിനിയോഗ(4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവകുപ്പുമന്ത്രി (ശിവദാസമേനോൻ) : സർ, 2000-ത്തിലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.*

മി.സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശിവദാസമേനോൻ) : സർ, 2000-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ : ഇനി ചർച്ച ആരംഭിക്കാം, ശ്രീ. കെ.എം. മാണി.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എം.മുരളി)

ശ്രീ. കെ.എം. മാണി : സർ, വാസ്തവം പറഞ്ഞാൽ നിയമസഭ പാസ്സാക്കുന്നതിനുവേണ്ടി, ധനാഭ്യർത്ഥനകൾ കൊണ്ടുവരുന്നു. അങ്ങനെ കൊണ്ടുവരുന്ന ധനാഭ്യർത്ഥനകൾ ഞങ്ങൾ പാസ്സാക്കിത്തരുന്നു. പാസ്സാക്കിത്തരുന്ന ധനാഭ്യർത്ഥനകൾ അതിനനുസരിച്ച് പണം നിങ്ങൾ ചെലവു ചെയ്യണം. അതാണ് പ്രധാനപ്പെട്ട ഒരു കാര്യം. ധന വിനിയോഗത്തെ സംബന്ധിച്ച് ഞങ്ങൾ പാസ്സാക്കിത്തരുന്ന തുകകൾ ആ ഉദ്ദേശിക്കുന്ന കാര്യങ്ങൾക്ക് വേണ്ടി ഉദ്ദേശിക്കുന്ന നിലയിൽ ചെലവു ചെയ്യുന്നുണ്ടോ, അതിനു കൊടുക്കുന്നുണ്ടോ, ഇനി കൊടുക്കാനുള്ള ശേഷിയുണ്ടോ അതൊക്കെ ഞങ്ങൾക്ക് അറിയാനുള്ള അവകാശമുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വിവിധ രംഗങ്ങളിൽ പണം ആവശ്യമുണ്ട്. പക്ഷേ അത് കൊടുക്കുന്നില്ല. നിയമസഭയിൽ ഡിമാന്റുകൾ പാസ്സാക്കിക്കൊണ്ടുപോകുന്നു. ഞങ്ങൾ അത്ഭുതത്തോടുകൂടി നിൽക്കുകയാണ്. വളരെ വ്യസനകരമായ ചിത്രമാണ്. പണമില്ല ഒരു കാര്യത്തിനും പണം കൊടുക്കുന്നില്ല. ട്രഷറി വാസ്തവത്തിൽ ക്ലോസ്

---

* അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നു. കെട്ടിടം തുറന്നു വച്ചിട്ടുണ്ട്. രാവിലെ 10 മണിക്ക് തുറക്കുന്നു, ശമ്പളത്തിനല്ലാതെ ബാക്കി യാതൊരു കാര്യവും അവിടെ നടക്കുന്നില്ല. അതിലേയ്ക്കു പിന്നീട് ഞാൻ വരാം. ഈ ഗവൺമെന്റിന്റെ ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം സംഭ്രമജനകമാണ് കാര്യങ്ങൾ. സ്ഫോടനാത്മകമാണ് കേരളാ സ്റ്റേറ്റിന്റെ ഇന്നത്തെ ധനസ്ഥിതിയും നമ്മുടെ കടവും. നമ്മുടെ റവന്യൂ കമ്മിയും ഓവർ ഡ്രാഫ്റ്റും വെയ്സ് ആന്റ് മീൻസും അങ്ങനെ മൂന്നു നാലു കാര്യങ്ങൾ എടുത്തു കഴിയുമ്പോൾ ഗവൺമെന്റിന്റെ ഇന്നത്തെ ധനസ്ഥിതി എങ്ങനെയുണ്ടെന്നു കാണാൻ ഒരു ബുദ്ധിമുട്ടുമില്ല. 2000-2001 ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന റവന്യൂ കമ്മി ഈ കഴിഞ്ഞ മാർച്ചു മാസം 31-ാം തീയതി 2481 കോടി രൂപയായിരുന്നു. അതുപോലെ തന്നെ അതിന്റെ അടിസ്ഥാനത്തിൽ അടുത്ത മാർച്ചു മാസത്തിൽ റവന്യൂ കമ്മി, 2001 മാർച്ചു മാസം 31-ാം തീയതിയിൽ 1551 കോടി രൂപയായിരിക്കുമെന്ന് കണക്കാക്കുകയുണ്ടായി. ഇന്നലെ നിയമസഭയിൽ വളരെ പ്രധാനപ്പെട്ട പല ഉത്തരങ്ങളും കിട്ടുകയുണ്ടായി. ഇന്നലെ നിയമസഭയിൽ കിട്ടിയ ഉത്തരവിന്റെയടിസ്ഥാനത്തിൽ നോക്കുമ്പോൾ കാണുന്ന ചിത്രമെന്നു പറയുന്നത്, കഴിഞ്ഞ മാർച്ചു മാസം 31-ാം തീയതിയിലെ റവന്യൂ കമ്മി ആക്ചൽസ്, ഇന്നലെ നിയമസഭയിൽ തന്ന ഉത്തരമാണ്, അൺസ്റ്റാർഡ് ചോദ്യം 347 ഡേറ്റ് 20.12.2000-ൽ 3624 കോടി രൂപയായിരിക്കുന്നു. 2481 കോടി രൂപ എന്ന് നിയമസഭ വിഭാവന ചെയ്ത റവന്യൂ കമ്മി കഴിഞ്ഞ മാർച്ചു മാസം 31-ാം തീയതി 3624 കോടി രൂപയായി ഉയർന്നപ്പോൾ, ഇതൊരു ചെറിയ മാറ്റമല്ല, ഇതു വമ്പിച്ച ഉയർച്ചയാണ്. അടുത്ത മാർച്ചു മാസം 31-ലേയ്ക്കു വരുമ്പോൾ ഈ 3624 കോടി രൂപ എന്നുള്ളത് 5000 കോടി രൂപയോളം റവന്യൂ കമ്മി ഉയരുന്ന ഭയാനകമായ ഒരു ചിത്രമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ കാണുന്നത്. 20.12.2000-ലെ 349-ാം നമ്പർ ക്വസ്റ്റ്യൻ അതുപോലെ ക്വസ്റ്റ്യൻ നമ്പർ 356-നും ഈ രണ്ടു ചോദ്യങ്ങളുടെയും ഉത്തരത്തിൽ നമ്മുടെ കടബാദ്ധ്യതയെ സംബന്ധിച്ചുള്ള യഥാർത്ഥ ചിത്രം പുറത്തു വന്നിട്ടുണ്ട്. അതിൽ പറയുന്നത് 1996 മാർച്ച് 31-ാം തീയതി യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്നും പോകുന്ന വേളയിൽ പതിനായിരം കോടി രൂപ കടമുണ്ടായിരുന്നത് 2001 മാർച്ച് 31-ൽ ഈ ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത് ഇരുപത്തിമൂന്നായിരത്തി ആറ് കോടി രൂപ എന്നാണ്. എങ്ങനെയാണ് ഇങ്ങനെ വരുന്നത്? ഡബിൾ അല്ല അതിലും മുകളിലേയ്ക്കാണ്. അപ്പോൾ അഞ്ചുവർഷക്കാലം കൊണ്ട് പതിനായിരമായിരുന്ന കടം ഇരുപത്തിമൂന്നായിരത്തി ആറ് കോടിയിലേയ്ക്ക് ഉയരുന്നുവെങ്കിൽ ഇതൊരു സംഭവബഹുലമായ കാര്യമാണ്. അടുത്തത് വെയ്സ് ആന്റ് മീൻസ്, വെയ്സ് ആന്റ് മീൻസിനെ സംബന്ധിച്ചിടത്തോളം ഒരു ലിമിറ്റുണ്ട്. നമുക്ക് പണമില്ലാതെ വരുമ്പോൾ വെയ്സ് ആന്റ് മീൻസ് അവയിൽ ചെയ്യാം. അവയിൽ ചെയ്യുമ്പോൾ ധനസ്ഥിതി മോശമായി വരുന്നുവെന്നുള്ളതാണ് 2000-2001 342-ാം നമ്പർ ക്വസ്റ്റ്യനിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. അത് മേശപ്പുറത്തു വച്ചതാണ്. ആ ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത് വെയ്സ് ആന്റ് മീൻസ് 2000-2001 നവംബർ വരെ 57 തവണ അവയിൽ ചെയ്തിട്ടുണ്ടെന്നാണ്. അപ്പോൾ ഇത് ആരോഗ്യകരമായ ഒരു സ്ഥിതിവിശേഷമല്ല. 1373 കോടി രൂപ 57 തവണ ആയി വെയ്സ് ആന്റ് മീൻസ് അഡ്വാൻസായി കഴിഞ്ഞ നവംബർ വരെ അവയിൽ ചെയ്തിരിക്കുന്നു. ഈ മാസം 31 ആകുമ്പോഴുള്ള അവസ്ഥ എന്തായിരിക്കും? ഈ മാസം 31 ആകുമ്പോൾ ഓവർഡ്രാഫ്റ്റ് ആയിരിക്കും. എന്നാൽ 342-ാം നമ്പർ ചോദ്യത്തിന് കിട്ടിയ ഉത്തരം വ്യക്തമാക്കുന്നത് നമ്മുടെ സ്റ്റേറ്റ് ഈ വർഷം 13 തവണ

LIBRARY ARCHIVES Kerala Legislative Assembly

ഓവർഡ്രാഫ്റ്റ് എടുത്തിരിക്കുന്നു എന്നാണ് 1588 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് എടുത്തിരിക്കുന്നുവെന്ന് കാണുകയാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം റവന്യൂ കമ്മിയുടെ ചിത്രം വെയ്സ് ആന്റ് മീൻസിന്റെ ചിത്രം, ഓവർ ഡ്രാഫ്റ്റിന്റെ ചിത്രം ഇതൊക്കെ വച്ചു ഈ ഗവൺമെന്റ് ഒന്നുമില്ലാത്ത സ്ഥിതിയിലേക്ക് എത്തിയിരിക്കുന്നുവെന്നാണ് കാണാൻ സാധിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട ശിവദാസമേനോൻ നമ്മുടെ നിയമസഭയിൽ പറഞ്ഞതെന്താണ്? ട്രഷറിയിൽ ഒരു കുഴപ്പവും ഇല്ല. ഞാൻ ശ്രീ. ശിവദാസമേനോട് ചോദിക്കുന്നു നിങ്ങൾക്ക് ഇത് നിഷേധിക്കാൻ കഴിയുമോ? ട്രഷറി ഡയറക്ടർ ഇറക്കിയിരിക്കുന്ന ഒരു ഓർഡറാണ് ഇ.1. 13328/2000 dt. 18.12.2000- ഗവൺമെന്റ് ഒരു ലെറ്റർ ട്രഷറി ഡയറക്ടർക്ക് അയച്ചു. ലെറ്റർ നമ്പർ 92741/എസ്.എസ്.1/2000 ഫിൻ, ഡേറ്റ് 16.12.2000 ഈ ലെറ്റർ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി സീക്രട്ട് സെക്ഷനിൽ കൂടി അയച്ചതാണ്. ഇതിനകത്ത് എന്താണ് ഇത്ര സീക്രസിയുള്ളത്. എസ്.എസ്.1സീക്രട്ട് സെക്ഷനിൽക്കൂടി പ്രിൻസിപ്പൽ സെക്രട്ടറി ട്രഷറി ഡയറക്ടർക്ക് ലെറ്റർ അയച്ചതിന്റെയടിസ്ഥാനത്തിൽ ട്രഷറി ഡയറക്ടർ ഇ. 1.13328-ആയിട്ടിറക്കുന്ന നിർദ്ദേശം എന്താണ് സർ, All payments of non-salary items of Government Departments, Quasi Government Departments and other institutions shall be made only after 23.12.2000 എന്നാണ്. ശമ്പളം ഒഴിച്ചുള്ള നോൺ സാലറി ഐറ്റംസിനെ സംബന്ധിച്ചിടത്തോളം 23-ാം തീയതി കഴിഞ്ഞ് കൊടുത്താൽ മതി എന്നാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ സ്ഫോടനാത്മകമായ രീതിയിൽ ശ്രീ. കെ.എം. മാണി പറഞ്ഞതുകൊണ്ടാണ് ഞാൻ ഇപ്പോൾ പറയുന്നത്. ഇല്ലെങ്കിൽ അവസാനമേ പറയുകയുള്ളായിരുന്നു. ശ്രീ. കെ.എം. മാണി ഇവിടെ പറഞ്ഞതുപോലുള്ള 12 കത്ത് ഞാൻ വായിച്ചു തരാം. 12 ഓർഡർ എന്റെ കൈയ്യിലുണ്ട്. ഞാൻ വായിക്കാം.

ശ്രീ. കെ.എം. മാണി : അങ്ങ് വേറെ കഥ പറഞ്ഞു പോകരുത്. പ്രതിപക്ഷം പറയുന്ന ഓരോ പോയിന്റും കുറിച്ചുവച്ച് ഓരോ പോയിന്റിനും മറുപടി പറയണം. ഇന്നലെ പറഞ്ഞതുപോലെ ബ്ലാങ്കായി മറുപടി പറഞ്ഞു പോയാൽ പോരാ, ഞങ്ങൾ ചോദിക്കുന്ന ഓരോ പോയിന്റിനും മറുപടി പറയണം. ഇന്നലെ മന്ത്രി പറഞ്ഞത് ട്രഷറിക്ക് കുഴപ്പമില്ല എന്നാണ്. ഞാൻ പറയുന്നു ട്രഷറിയിൽ കുഴപ്പമുണ്ടായിരിക്കുന്നു. അങ്ങേയ്ക്ക് ഇത് നിഷേധിക്കാൻ കഴിയുമോ? അതിനുപകരം പണ്ട് നടന്നിട്ടുണ്ട് എന്നുപറഞ്ഞാൽ പറ്റുകയില്ല. പണ്ട് നടന്നിട്ടുണ്ടെങ്കിൽ അന്ന് ചോദിക്കണം. ഇപ്പോൾ ഇവിടെ വന്നിരിക്കുന്നത് എന്താണ്? നോൺ സാലറി ഐറ്റംസ് എന്നുപറഞ്ഞാൽ പി.എഫ് പെയ്മെന്റ് അരിയർ പെയ്മെന്റ്, റ്റി.എ. പെയ്മെന്റ് ഇതൊന്നും കിട്ടുകയില്ല. ഏറ്റവും സംഭവജനകമായിട്ടുള്ളത് 3-ാമത്തേതാണ്. withdrawals from TP Accounts will also be permitted only if the account holder certifies to the effect that withdrawal is for purposes of salary and wages alone and by inscribing the words "salaries and wages only'' ഇതെന്തൊരു കഷ്ടമാണ്. പബ്ലിക് അക്കൗണ്ട് ഫണ്ട് ഏതാണെന്ന് അറിയാമോ? ട്രഷറി അക്കൗണ്ട് ഫണ്ട് എന്നുപറയുന്നതിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ഇട്ടിരിക്കുന്ന 700 കോടിയിലധികം രൂപയുണ്ട്, ഇതിൽ പബ്ലിക് സെക്ടർ ഇൻഡസ്ട്രീസ് ഇട്ടിരിക്കുന്ന പണം, വ്യവസായശാലകൾ ഇട്ടിരിക്കുന്ന പണം, കോർപ്പറേഷൻസ് ഇട്ടിരിക്കുന്ന പണം, ബോർഡ് ഇട്ടിരിക്കുന്ന പണം, ഹോസ്പിറ്റൽ

LIBRARY ARCHIVES Kerala Legislative Assembly

ഡെവലപ്പ്മെന്റ് കമ്മിറ്റീസ് ഇട്ടിരിക്കുന്ന പണം, ഗ്രാമപഞ്ചായത്ത് ഇട്ടിരിക്കുന്ന പണം, ബ്ലോക്ക് പഞ്ചായത്ത് ഇട്ടിരിക്കുന്ന പണം, ഡിസ്ട്രിക്റ്റ് പഞ്ചാത്ത് ഇട്ടിരിക്കുന്ന പണം, ഇതെല്ലാംപെടും. ട്രഷറി പെയ്മെന്റിനെ സംബന്ധിച്ചിടത്തോളം ഇത് കൊടുക്കാൻ പറ്റുകയില്ല. സാലറിക്കാണെന്ന് മുദ്രവച്ച് ഒപ്പിട്ടു വരുന്നതുമാത്രം സാലറിക്ക് കൊടുക്കുക എന്നുപറഞ്ഞാൽ ഇവിടുത്തെ ട്രഷറി സ്തംഭനമല്ലേ എന്ന് ശ്രീ. ശിവദാസമേനോൻ പറയണം. അപ്പോൾ ഈ ക്ലാസ്സിന് 23-ാം തീയതി വരെ എന്നില്ല. ആ ക്ലാസ്സ് 23-ാം തീയതി കഴിഞ്ഞ് ഒറ്റദിവസം സ്തംഭനമുണ്ടായാലും മോശമാണ്. 23-ാം തീയതി കഴിഞ്ഞും ആപ്ളിക്കബിളായിട്ടുള്ള 3-ാമത്തെ ക്ലാസ്സ് ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ, ട്രഷറി സ്തംഭിച്ചിരിക്കുന്നു. അതിന്റെ അർത്ഥം ശമ്പളം മാത്രം കൊടുക്കും ബാക്കിയൊന്നും ഇല്ല എന്നാണ്. അതുകൊണ്ട് അങ്ങ് എത്ര നീതീകരിച്ചാലും ട്രഷറിയുടെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ഇതാണ് എനിക്ക് അതിനെപ്പറ്റി പറയുവാനുള്ളത്. മറ്റൊന്ന് കോൺട്രാക്റ്റേഴ്സ് ബിൽ. കോൺട്രാക്റ്റർമാർക്ക് രൂപ പാസ്സാക്കി തന്നാൽ മാത്രം പോരാ ആ രൂപ ഇവിടെ പാസ്സാക്കിത്തരുന്ന ഡിമാന്റ്സ്, ആ ഡിമാന്റ്സ് അനുസരിച്ചുള്ള തുകകൾ നിങ്ങൾ വിനിയോഗിക്കണം. അല്ലെങ്കിൽ തുക ചോദിക്കണ്ട. എനിക്ക് എന്റേതായ കണക്കില്ല ഞാൻ മുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. അതുകൊണ്ട് ഞാൻ നിങ്ങളുടെ ഫിഗർ മാത്രമേ പറയുന്നുള്ളു. 20.12.2000-ത്തിലെ ചോദ്യത്തിൽ തന്നിരിക്കുന്നത് 787 കോടി രൂപ കോൺട്രാക്റ്റർമാർക്ക് കുടിശ്ശിക കൊടുക്കാൻ ഉണ്ടെന്നാണ്. ഇവിടെ കരാറുകാരുടെ കുടിശ്ശികയുടെ കാര്യത്തിൽ ചീഫ്സെക്രട്ടറി ഹൈക്കോടതിയിൽ നേരിട്ട് ഹാജരാകണം എന്നാണ്. പത്ര റിപ്പോർട്ടാണ്. കരാറുകാരുടെ കുടിശ്ശിക കൊടുക്കണമെന്ന് ഹൈക്കോടതി പറഞ്ഞിട്ട് ഹൈക്കോടതിയുടെ നിർദ്ദേശം പോലും കേൾക്കാൻ തയ്യാറാകാതെ ഹൈക്കോടതി contempt of proceedings എടുക്കുന്നു. ചീഫ് സെക്രട്ടറിയോട് ഹൈക്കോടതിയിൽ ഹാജരാകുവാൻ പറയുന്നത് നമ്മുടെ സംസ്ഥാനത്തിന് ഗുണകരമാണോ. കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ യോഗം കൂടി കരാറുകാർ ജോലി നിർത്തി. ഓൾ കേരള ഗവൺമെന്റ് കോൺട്രാക്റ്റേഴ്സ് അസോസിയേഷന്റെ ആഹ്വാനമനുസരിച്ച് പൊതുമരാമത്ത് വകുപ്പിലും ഇറിഗേഷൻ വകുപ്പിലും കരാറുകാർ പണി നിർത്തിവച്ചു. ഇത് സ്തംഭനമാണ്. ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത 348-ാം നമ്പർ ചോദ്യത്തിന് കിട്ടിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് കർഷകതൊഴിലാളി പെൻഷൻ കുടിശ്ശിക 46 കോടി രൂപ. 1.12.2000-ലെ കണക്ക് അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല. 30.9.2000 വരെയുള്ള കണക്കുകൾ പറയുകയാണ് 787 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. 1.12.2000-ത്തിൽ ഡിസംബർ ഒന്നാം തീയതിയിലെ വിവരം താഴെചേർക്കുന്നു. കർഷകത്തൊഴിലാളി പെൻഷൻ 46 കോടി രൂപ, തൊഴിലില്ലായ്മ വേതനം 59 കോടി രൂപ, അഗതി പെൻഷൻ 3 കോടി രൂപ, വികലാംഗ പെൻഷൻ ഒരു കോടി രൂപ. നിയമസഭ ഡിമാന്റ് പാസ്സാക്കി തന്നിട്ട് കാര്യമെന്താണ്? അതുമുഴുവൻ കഴിഞ്ഞ മെയിൻ ബഡ്ജറ്റിൽ തുക പാസ്സാക്കി തന്നിട്ട് ഇതിനാവശ്യമായ പൈസ അവർക്ക് കൊടുക്കാതെ വളരെ വളരെ സാമ്പത്തികമായ നീർച്ചുഴിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം തകർന്നിരിക്കുകയാണ്. ഞങ്ങളാണ് അവിടെ ഇരിക്കുന്നതെങ്കിൽ നിങ്ങളുടെ സർവ്വീസ് ഓർഗനൈസേഷൻ ഞങ്ങളെ അവിടെ ഇരുത്തുമോ? ഒന്നര വർഷമായി ഡി.എ. കൊടുത്തിട്ട്. ഞങ്ങൾ പാസ്സാക്കിക്കൊടുക്കാഞ്ഞിട്ടാണോ? എന്റെ ആർഗുമെന്റ്സ് മുഴുവൻ ഇന്നലത്തെ ചോദ്യത്തെ ബെയ്സ് ചെയ്തുകൊണ്ടാണ്. ക്ഷാമബത്താ കുടിശ്ശി

LIBRARY ARCHIVES Kerala Legislative Assembly

കയെ സംബന്ധിച്ച് 20.12.2000-ത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.363 അനുസരിച്ച് ഡി.എ. ഇനത്തിൽ 1.7.1999-ൽ 5%, 1.1.2000-ൽ 1%, 1.7.2000-ൽ 3%, ആകെ ബേസിക് പേയുടെ 9% കുടിശ്ശിക കണക്കാക്കിയിരിക്കുന്നു. ഡി.എ. കുടിശ്ശികയിനത്തിൽ 324 കോടി രൂപ കൊടുക്കണം. എനിക്കുള്ള അഭിപ്രായ വ്യത്യാസം എന്താണെന്ന് അറിയാമോ? കഴിഞ്ഞ മാർച്ച് മാസം 22-ം തീയതി യിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2731-ൽ ഒരു ഫിഗർ ഉണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 905 കോടി രൂപ ഡി.എ.യ്ക്കുവേണ്ടി ഞങ്ങൾ പാസ്സാക്കി കൊടുത്തിട്ടുണ്ട്. 1.7.1999-ലെ 5%-ഉം 1.1.2000-ലെ 1%-ഉം നിങ്ങൾ കൊടുത്തില്ല. 905 കോടി രൂപ ഡി.എ.യ്ക്കുവേണ്ടി പാസ്സാക്കിക്കൊടു ത്തിട്ട് കഴിഞ്ഞ വർഷം രണ്ട് ഡി.എ. ഡ്യൂ ആയത് കൊടുക്കാത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഇരിക്കുന്നത്. ഈ വർഷം 2000-2001-ലെ ബഡ്ജ റ്റിലും ഡി.എ. യ്ക്കുള്ള പ്രൊവിഷൻ ഉണ്ട്. 1.7.2000-ൽ ഡ്യൂ ആയ ഡി.എ. കൊടുത്തിട്ടില്ല. ഇവിടെ പശ്ചാത്തല സൗകര്യ വികസനത്തിനുവേണ്ടി 507 കോടി രൂപയുടെ ഒരു ബിൽ പാസ്സാക്കിയിട്ട് ഒരു വർഷമായി. ഇത് പബ്ലിക് അക്കൗണ്ടിൽ ഇടരുത്. അങ്ങനെ ഇടുകയാണെങ്കിൽ ഇത് അനുദിന ഭരണ ത്തിനുവേണ്ടി എടുത്ത് ഉപയോഗിക്കുമെന്ന് അന്ന് ഞാൻ പറയുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട ശിവദാസമേനോൻ ഒരു മുട്ടാപ്പോക്ക് ഉത്തരം പറയുക യുണ്ടായി. 507 കോടി രൂപ പശ്ചാത്തല സൗകര്യവികസത്തിനുവേണ്ടി ആണെന്നു പറഞ്ഞ് ജനങ്ങളിൽനിന്ന് കടമെടുത്തു. ആ കടമെടുത്ത സംഖ്യ എന്തിനുവേണ്ടി വിനിയോഗിച്ചു? ഈ തുകയിൽ നിന്ന് വായ്പ ലഭിക്കാൻ എത്ര സ്ഥാപനങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട് എന്ന ഇന്നലത്തെ നക്ഷത്രചി ഹ്നമിടാത്ത 368-ാം നമ്പർ ചോദ്യത്തിന് അപേക്ഷ ഒന്നും തന്നിട്ടില്ല എന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്. അതേ ചോദ്യത്തിന്റെ ഉപചോദ്യം (ഇ)-യിൽ ഒരു സ്ഥാപനത്തിനും ഇതേവരെ വായ്പ അനുവദിച്ചിട്ടില്ല എന്നാണ് ഉത്തരം. എത്രയോ വലിയ മഹത്തായ കാര്യമായി ഒരു വർഷം മുമ്പ് ഈ നിയമസഭ യിൽ ഒരു നിയമംകൊണ്ടുവന്ന് പാസ്സാക്കി അതിന്റെ അടിസ്ഥാനത്തിൽ കടപ ത്രമെടുത്ത് 507 കോടി രൂപ സംഭരിച്ചിട്ട് ഒരു പൈസ പോലും പശ്ചാത്തല സൗകര്യ വികസനത്തിനുവേണ്ടി കൊടുക്കാത്ത ഒരു ഗവൺമെന്റ് പ്രതിക്കൂട്ടി ലല്ലേ? വാസ്തവത്തിൽ നിങ്ങൾ വളരെ തെറ്റാണ് ചെയ്തത്. അതുപോലെ റിവൈറ്റലൈസേഷൻ ഫണ്ട്. പൊതുമേഖലസ്ഥാപനങ്ങളുടെ പുനരുദ്ധാരണ ത്തിനുവേണ്ടി 150 കോടി രൂപ കൂടി ശേഖരിക്കുമെന്ന് ശ്രീമതി സുശീലാഗോ പാലന്റെ ഒരു പ്രസ്താവന 19.10.2000-ലെ മനോരമ പത്രത്തിൽ അച്ചടിച്ചുവ ന്നു. ഇതിനുവേണ്ടി അടുത്ത മാസമാണ് ബോണ്ട് പുറപ്പെടുവിക്കുക. ഇതേ ആവശ്യത്തിനുവേണ്ടി ഏതാനും മാസംമുമ്പ് സമാഹരിച്ച 180 കോടി രൂപയിൽ 110 കോടി രൂപയോളം വിവിധ സ്ഥാപനങ്ങൾക്ക് കൊടുത്തു കഴിഞ്ഞു. അത് സാംഗ്ഷൻ ചെയ്തു. എന്നാൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള ഈ തുക വ്യവ സായാവശ്യങ്ങൾക്ക് വിട്ടുകിട്ടാൻ ബുദ്ധിമുട്ട് ഉണ്ടെന്ന് അവർ പറഞ്ഞു. ഈ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഈ പണം വകമാറ്റി മറ്റ് ആവ ശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു. നിങ്ങളുടെ മന്ത്രിസഭയിലെ വ്യവസായവകു പ്പുമന്ത്രി 180 കോടി രൂപ വകമാറ്റി മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു വെന്ന് പറയുന്നു. നിങ്ങൾ ഈ കാശ് ദുർവിനിയോഗം ചെയ്തു. ഇതിന് നിങ്ങൾ മറുപടി പറഞ്ഞേതീരൂ. ബഹുമാനപ്പെട്ട ആര്യാടൻ, ഞാൻ മൂക്കത്ത് കയ്യുംവച്ചുകൊണ്ട് ഇരിക്കുകയാണ്... ഈ ഗവൺമെന്റ് 17-ാം നമ്പർ ഓർഡി നൻസ് ഇറക്കിയിരിക്കുന്നു. ഇതിന് കോർപ്പസ് ഫണ്ട് 500 കോടി രൂപയായി ഉയർത്താൻ, നിയമസഭ ഇന്ന് പിരിയുന്നതുകൊണ്ട് അതിന് കൂട്ടുനിൽക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയാത്തതിൽ വലിയ സന്തോഷമുണ്ട്. അല്ലെങ്കിൽ ഓർഡിനൻസ് നമ്പർ 17 ഇവിടെ പാസ്സാക്കും. റീപ്ലേയിസിംഗ് ബിൽ ഇവിടെ കൊണ്ടുവരും. 500 കോടി രൂപ കോർപ്പസാക്കി മാറ്റുന്നു. ബഹുമാനപ്പെട്ട സുശീലാ ഗോപാലൻ പറയുന്നു 180 കോടി രൂപയിൽ എനിക്ക് ഒന്നും തന്നില്ലായെന്ന്. കാശ് വകമാറ്റി ചെലവഴിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ട്രഷറിയിൽ അത് കിടക്കുന്നു വെന്ന് പറഞ്ഞിട്ട്, 500 കോടി രൂപയായി ഉയർത്തി, ജനങ്ങളുടെ കാശ് എടുത്ത് ദുർവിനിയോഗം ചെയ്യാൻവേണ്ടി വരുന്നു. ഈ നടപടികൾ വളരെ തെറ്റാണ്. കേരളത്തിലെ ജനങ്ങളോട് ഉത്തരവാദിത്വം പുലർത്തണം. നിങ്ങൾ കേരളത്തിലെ ധനസ്ഥിതി എന്തിന് മറച്ചുവയ്ക്കുന്നു. എന്തുകൊണ്ട് നിങ്ങൾക്ക് തുറന്നു പറഞ്ഞുകൂടായെന്ന് ഞാൻ ചോദിക്കുകയാണ്. കെൽട്രോണിൽ 625 ജീവനക്കാർ വ്യാഴാഴ്ച പിരിയും 10.10.2000-ത്തിലെ ഗോൾഡൻ ഷേക്ക്ഹാന്റ് പത്ര വാർത്തയാണ് ഇത്. ഞാൻ വലിയ ട്രേഡ് യൂണിയൻ നേതാവൊന്നുമല്ല. പാവപ്പെട്ടവരെ പിരിച്ചുവിട്ടിട്ട് ആ ഗോൾഡൻ ഷേക്ക്ഹാന്റിന്റെ പദ്ധതിപ്രകാരമുള്ള പണമെടുത്ത് ചെലവഴിച്ചവരാണ് നിങ്ങൾ. പാവപ്പെട്ട് കുടുംബങ്ങൾ അനാഥമായി. അവർ സമരവുമായി നിൽക്കുകയാണ്. 19.12.2000-ലെ 324-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയും 325-ാം നമ്പർ അൺസ്റ്റാർഡ് ക്വസ്റ്റ്യന്റെ മറുപടിയും നോക്കുക. സഹകരണ ബാങ്കിൽനിന്നും നബാർഡ് എതിർത്തിട്ടും സർക്കാവെന്റ് ചെയ്തു പോയിയെന്ന് പറഞ്ഞിരിക്കുന്നു. പക്ഷേ ഇന്നും ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പണം 599.68 കോടി രൂപയും പ്രൈമറി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പണം 299.18 കോടി രൂപയും ഉൾപ്പെടെ 898.68 കോടി രൂപ ട്രഷറിയിൽ കിടപ്പുണ്ട്. ചിലപ്പോൾ ധനകാര്യ മന്ത്രി ബഹുമാനപ്പെട്ട ശിവദാസമേനോന്റെ ഒരു പ്രസ്താവന ഇപ്പോൾ വരും. എന്താ ട്രഷറി ഡെപ്പോസിറ്റ്, അങ്ങനെ ചെയ്യാറുള്ളതല്ലേ എന്നൊക്കെ. പക്ഷേ ട്രഷറി പബ്ലിക് അക്കൗണ്ടസ് മരവിപ്പിച്ചിരിക്കുന്നു. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പണം, വ്യവസായ സ്ഥാപനങ്ങളുടെ പണം ട്രഷറിയിൽ കിടക്കുന്നത് പിൻവലിക്കാൻ പാടില്ല. only for wages എന്നു പറഞ്ഞു കൊണ്ട് നിങ്ങൾ പബ്ലിക് അക്കൗണ്ട്സ് മരവിപ്പിച്ചിരിക്കുന്നു. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ കിടക്കുന്നത് കൃഷിക്കാരുടെ പണമാണ്. നബാർഡ് തരുന്ന പണമാണ്. നബാർഡ് കാർഷിക വികസനത്തിനുവേണ്ടി, കൃഷിക്കാർക്കു കൊടുക്കാൻ വേണ്ടി തരുന്ന പണം എടുത്ത് നിങ്ങളുടെ നിത്യനിദാനച്ചെലവുകൾക്കു വേണ്ടി ഉപയോഗിക്കുന്നുവെങ്കിൽ അത് വളരെ കഷ്ടമാണ്. സാമ്പത്തിക നില മെച്ചപ്പെടുത്താൻ ബഹുമാനപ്പെട്ട ശിവദാസമേനോൻ ഒരു കുറുക്കു വഴി കണ്ടു പിടിച്ചിരിക്കുന്നു. ഞാൻ എട്ടു ബഡ്ജറ്റുകൾ അവതരിപ്പിച്ച ആളാണ്. എനിക്ക് ആ കുറുക്കുവഴികൾ മനസ്സിലായിരുന്നില്ല. വരുന്ന കൊല്ലത്തേയും വരുന്നതിന്റെ അടുത്ത കൊല്ലത്തേയ്ക്കും വിൽപ്പന നികുതി അഡ്വാൻസ് ആയി തരാൻ വ്യാപാരികളുടെ കോൺഫറൻസ് വിളിച്ചു കൂട്ടിക്കൊണ്ട് ആവശ്യപ്പെട്ടിരിക്കുന്നു. ഗവൺമെന്റുമായി വളരെ അടുപ്പമുള്ള പ്രിയ സുഹൃത്തുക്കളെ, അടുത്ത കൊല്ലവും അതിന്റെ അടുത്ത കൊല്ലവും കൊടുക്കേണ്ട വിൽപ്പന നികുതി അഡ്വാൻസായി തരണമെന്നു പറയുന്ന ഗതികേടിലേക്ക് നമ്മുടെ സംസ്ഥാനം കടന്നില്ലേ? ഈ ക്രിസ്തുമസിനു ശമ്പളം കൊടുക്കുന്നതിനു വേണ്ടി നിങ്ങൾ ഡൽഹിയിൽ പോയി. ഞങ്ങൾ ഡൽഹിയിൽ പോയി പ്ലാൻ അഡ്വാൻസ് മേടിക്കും. പക്ഷേ, ക്രസ്തുമസ്സിന് ശമ്പളം കൊടുക്കുന്നതിനു വേണ്ടി ഡൽഹിയിൽ ഭിക്ഷാപാത്രവുമായി പോകുന്ന ഒരു സംസ്ഥാനമാണ് കേരളം. അതിനിപ്പോൾ മുൻകൂർ ജാമ്യമെടുത്തു. ഇൻഡ്യയിലെ പല സ്റ്റേറ്റുകളും അങ്ങനെയാണ് എന്നൊക്കെ പറഞ്ഞ് മുൻകൂർ ജാമ്യ



LIBRARY ARCHIVES Kerala Legislative Assembly

മെടുത്താൽ ഒന്നും ശരിയാവുകയില്ല. കേരള ഗവൺമെന്റിന്റെ ധനസ്ഥിതിയെ സംബന്ധിച്ചുള്ള ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നതു ശരിയല്ല. ഒരു മന്ത്രിയുടെ ഓഫീസിലെ ഫോൺ പോലും വിച്ഛേദിക്കപ്പെട്ടുവെന്ന് പറഞ്ഞാൽ, വ്യക്തിയുടെ കാര്യത്തിലെങ്കിൽ മനസ്സിലാക്കാം. ഒരാൾ ടെലഫോൺ കുടിശ്ശിക കൊടുത്തില്ലെങ്കിൽ വിച്ഛേദിക്കാം. ആ നിലയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തിന്റെ ധനസ്ഥിതി തകർന്ന് തരിപ്പണമായിരിക്കുന്നു. അതിന്റെ അർത്ഥം ഈ നിയമസഭയിൽ പാസ്സാക്കി കൊടുക്കുന്ന കാര്യങ്ങൾ... അപ്രോപ്രിയേഷൻ അക്കൗണ്ട്സ്.

<u>മി.ചെയർമാൻ</u> : അങ്ങ് ആവശ്യപ്പെട്ട സമയം കഴിഞ്ഞു.

<u>ശ്രീ. കെ.എം. മാണി</u> : ഈ ഒരു വാചകം വായിച്ച് കൊണ്ട് അവസാനിപ്പിക്കാം. Out of the provision of 5815 lakhs obtained through Supplementary Demands for Grants for July 1999 and March 2000 towards payment of pending bills due to contractors, 171 lakhs remain unutilised and reasons for which have not been intimated. ഇവിടത്തെ രൂപ മേടിച്ചു കൊണ്ട് പോകും. ഇപ്പോഴത്തെ പരിപാടി അതാണ്, ആ രൂപ എന്തിനുവേണ്ടി മേടിച്ചുവോ ആ കാര്യങ്ങൾക്ക് കൊടുക്കുകയില്ല. അപ്രോപ്രിയേഷൻ അക്കൗണ്ടിലുള്ള എത്രയോ സംഭവങ്ങൾ. ഇവിടന്ന് മേടിച്ച് കൊണ്ടുപോയി ട്രഷറിയിൽ കൊണ്ടിടും. ആ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയില്ല. ഈ നിലയിലേക്ക്... യാതൊരു ഡിസിപ്ലിനും ഇല്ല. നിങ്ങളുടെ ധൂർത്ത് പറയണോ? വേണ്ട ഞാൻ ധൂർത്തിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ ഈ നിലയിൽ സാമ്പത്തിക രംഗത്തെ തികഞ്ഞ അച്ചടക്കമില്ലായ്മ, ഭരണരംഗത്തെ ധൂർത്ത് വരുമാനം കുറയുന്നു, ധനാഗമ മാർഗ്ഗങ്ങൾ അടയുന്നു. ചെലവ് വർദ്ധിക്കുന്നു. റവന്യൂ കമ്മി പിടികിട്ടാത്ത നിലയിലേയ്ക്ക് ഉയരുന്നു. ഓവർഡ്രാഫ്റ്റും വേയിസ് ആന്റ് മീൻസും അതിൽ അകപ്പെട്ടു പോവുകയാണ്. ഓവർഡ്രാഫ്റ്റിൽ അത്രയേറെ റിലേറ്റീവ് ആണ്. ഈ നിലയിലേക്ക് നമ്മുടെ സംസ്ഥാനത്തെ കടക്കെണിയിൽ കൊണ്ട് അകപ്പെടുത്തി. ഓവർഡ്രാഫ്റ്റിന്റെ പത്മവ്യൂഹത്തിനകത്താണ് ഇപ്പോൾ നമ്മുടെ സംസ്ഥാനം നിൽക്കുന്നത്. ദൈവത്തെയോർത്ത് ഒരു കാര്യം പറയാം, നിങ്ങൾക്ക് ഭരിക്കാൻ കഴിയില്ലെങ്കിൽ നിങ്ങൾ മാറണം. ഏതായാലും കാലാവധി അവസാനിച്ചു. രണ്ടു മാസം കൂടിയുണ്ടല്ലോ. മാറ്റും. ഈ ധനകാര്യമന്ത്രി ഇരിക്കുന്ന കസേരയിൽ ഇനി ആർക്കും ഇരിക്കാൻ പറ്റുകയില്ല. കാരണം ഈ കൊണ്ടു വന്നിരിക്കുന്ന കടം മുഴുവനും നമ്മുടെ സംസ്ഥാനത്താണ്. ഈ തെരഞ്ഞെടുപ്പു കഴിഞ്ഞ് ഒരു ഗവൺമെന്റ് വരുമ്പോൾ ആ ഗവൺമെന്റിന് എങ്ങനെ ഇവിടെ സുഗമമായി ഭരിക്കാൻ കഴിയും? നിങ്ങൾ ഉണ്ടാക്കി വച്ചിരിക്കുന്ന കടബാദ്ധ്യത, നിങ്ങൾ ഉണ്ടാക്കി വച്ചിരിക്കുന്ന റവന്യൂ കമ്മി, ഇതിന്റെ ഫലമായിട്ട് ഏതെങ്കിലും ഒരു ഗവൺമെന്റിന് ഭാവിയിൽ ഭരിക്കാൻ കഴിയുമോ? ഇല്ല. ആ നിലയിലേക്ക് നമ്മുടെ സാമ്പത്തിക അടിത്തറ മുഴുവനും തകർത്ത് സംസ്ഥാനത്തെ കടക്കെണിയിലാക്കി സംഭ്രമജനകമായ സ്ഥിതിവിശേഷത്തിലേയ്ക്ക് സാമ്പത്തികരംഗത്തെ കൊണ്ട് എത്തിച്ചത് ധനകാര്യ രംഗത്തെ കെടുകാര്യസ്ഥതയാണ് നിങ്ങൾ ഇന്നലെ ശുഭാപ്തിവിശ്വാസം പ്രകടിപ്പിച്ചു. ഞങ്ങളുടെ സാമ്പത്തികനില ഭദ്രം. അറേബ്യൻ കഥകൾ പോലെയാണ്. ട്രഷറി പൂട്ടപ്പെട്ടിരിക്കുന്നു. ഈ റസ്ട്രിക്ഷൻ മാറ്റണം. ട്രഷറി പബ്ലിക് പേയ്മെന്റ്സിൽ കിടക്കുന്ന പണം പിൻവലിക്കാൻ പാടില്ല, അഗതി പെൻഷന് പണം പിൻവലിക്കാൻ പാടില്ല. മന്ത്രി പറയുകയാണ് പിൻവലിക്കാൻ പാടില്ലയെന്ന്. ആക്ഷേപകരമായ നിങ്ങളുടെ ഈ ഉത്തരവ് പിൻവലിക്കണം. ബഹു

LIBRARY ARCHIVES Kerala Legislative Assembly

മാനപ്പെട്ട മുഖ്യമന്ത്രി ഇത് അറിഞ്ഞില്ലെങ്കിൽ മുഖ്യമന്ത്രിയോട് ഞാൻ പറയട്ടെ. അങ്ങ് അറിഞ്ഞാൽ തീർച്ചയായും ഇത് അനുവദിക്കുകയില്ല എന്ന് എനിക്കറിയാം. ശ്രീ. ശിവദാസമേനോൻ ചെയ്തിരിക്കുന്ന വിക്രിയകൾ വാസ്തവത്തിൽ പറഞ്ഞാൽ ഭരണ രംഗത്ത് ഇരുന്നു കൊണ്ട് കാട്ടുന്ന കെടുകാര്യസ്ഥത നമ്മുടെ സംസ്ഥാനത്തെ നീർക്കയത്തിലേയ്ക്ക് കൊണ്ടു പോയിരിക്കുന്നു. ആ നിലയ്ക്ക് യാതൊരു ഡിസിപ്ലിനും പാലിക്കാതെ ഇവിടെ പാസ്സാക്കുന്ന ഡിമാന്റുകൾ അനുസരിച്ച് പണം ചെലവഴിക്കാതെ ഭരണ സ്തംഭനം ഉണ്ടാക്കിയിരിക്കുന്ന ഈ ഗവൺമെന്റിന്റെ ഈ ധനവിനിയോഗത്തിനുവേണ്ടിയുള്ള ബില്ലിനെ ഞാൻ എതിർക്കുകയാണ്. വാസ്തവത്തിൽ പറഞ്ഞാൽ നിങ്ങൾ നല്ലതുപോലെ ചെലവഴിക്കണം. പാസ്സാക്കി തന്നത് ദുർവിനിയോഗം ചെയ്യാൻ പാടില്ല. ഞാൻ പറയുന്നത് ഉപദേശമാണ്. ശ്രീ. ശിവദാസമേനോൻ എന്റെ മിത്രമാണ്. എനിക്ക് ശ്രീ. ശിവദാസമേനോട് ആദരവുണ്ട്. ശിവദാസമേനോന്റെ ഒരു കഴിവ് ഞാൻ പറഞ്ഞാൽ അതിന് നേരെ ഉത്തരം പറയുകയില്ല. ഇങ്ങനെ കൊണ്ടു നടന്ന് കുറെ കഥകളൊക്കെ പറഞ്ഞ് അവസാനം കൊണ്ടങ്ങ് ആക്കും. വളരെ കഴിവാണ്. ഇന്നലത്തെ പ്രസംഗം കേട്ടാൽ, 10 കൊല്ലം മുമ്പുള്ള പ്രസ്താവനകൾ. മാർക്സിസ്റ്റുകാരും സി.പി.ഐ കാരും തമ്മിൽ മാർക്സിസ്റ്റു പാർട്ടിയ്ക്കകത്ത്, അല്ലെങ്കിൽ കേരളാ കോൺഗ്രസ്സുകൾക്കകത്ത് എവിടെയൊക്കെ എന്തെല്ലാം പരസ്പര വിരുദ്ധമായ പ്രസ്താവനകൾ ഉണ്ടോ അതെല്ലാംകൊണ്ടു വന്ന് വായിച്ച് കേൾപ്പിച്ച്...ഇന്നലത്തെ മറുപടി ഒന്നാന്തരം. സർ, ഇങ്ങനെയല്ല മറുപടി പറയേണ്ടത്. പെർട്ടിനന്റ് ആയിട്ടുള്ള മറുപടി കൊടുക്കണം. ഇവിടെ ഉന്നയിക്കപ്പെടുന്ന ഓരോ കാര്യങ്ങളെക്കുറിച്ചും പെർട്ടിനന്റായിട്ടുള്ള മറുപടികൾ കൊടുത്തുകൊണ്ട് ഈ ഗവൺമെന്റ് ക്ലാരിഫൈ ചെയ്യണം. അതാണ് സുതാര്യത എന്ന് പറയുന്നത്. ആ സുതാര്യത നിങ്ങൾ പാലിക്കാതെ മറുപടി പറയാൻ പോലും കഴിയാതെ ഒഴിഞ്ഞുമാറുന്നു. പണ്ട് റസ്ട്രിക്ഷൻ ഉണ്ടായിരുന്നു. ഇക്കോണമി വേണം. പണ്ട് ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ചിലപ്പോൾ ഉണ്ടായേക്കാം. സർ. സി.പി. രാമസ്വാമിയുടെയും പട്ടംതാണുപിള്ളയുടേയും ഗവൺമെന്റ് മുതലുള്ള ഫയലുകൾ ശ്രീ. ശിവദാസമേനോന്റെ കയ്യിൽ ഉണ്ടല്ലോ. അത് നിങ്ങൾക്ക് എടുക്കാം. ചിലപ്പോൾ കണ്ടെന്ന് വരും.

അവിടെയല്ല പ്രശ്നം. ഇന്നത്തെ നമ്മുടെ സാമ്പത്തിക സ്ഥിതി. In the totality, ശ്രീ. ശിവദാസമേനോന് എന്റെ ആർഗുമെന്റിനെ ഒരൊറ്റ പോയിന്റു കൊണ്ട് നേരിടാൻ ഒക്കുകയില്ല. In every respect, in the totality of the situation, നിങ്ങൾ കേരളത്തിന്റെ ധനസ്ഥിതി തന്നെ തകർത്തിരിക്കുന്നു. അതുകൊണ്ട് ഞാൻ ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ.എ. കണാരൻ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. മാണിയുടെ പ്രസംഗം കേട്ടപ്പോൾ ഈ ഗവൺമെന്റിന്റെ പ്രശസ്തി ഉയർന്നു കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി കാര്യമായ വിമർശനം ഉന്നയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പഴയ ധനകാര്യ മന്ത്രിയായിരുന്നതുകൊണ്ട് കുറെ ചോദ്യങ്ങളും കുറെ കണക്കുകളുമായി ഒരു കസർത്താണ് അദ്ദേഹം ഇവിടെ കളിച്ചിരുന്നത്. അഭിനയിക്കാൻ അദ്ദേഹം മിടുക്കനാണ്. കണക്കിന്റെ കസർത്ത് ഇവിടെ കൊണ്ടു വന്നു. അതുകൊണ്ട് തന്നെ ഈ ഗവൺമെന്റിന്റെ ഏറ്റവും മെച്ചപ്പെട്ട ഭരണമാണ് എന്നുള്ളതാണ് ഇതിന്റെ അർത്ഥം. പ്രതിപക്ഷം ഇവിടെ കളിച്ചു കൊണ്ടിരിക്കുന്നത് ഈ നിയമസഭയിൽ പരിഹാസ്യമായിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളോട് യാതൊരു ഉത്തരവാദിത്വവുമില്ലാതെ എന്തെല്ലാമാണ് ഇവിടെ കാട്ടിക്കൊണ്ടിരിക്കുന്നത്? ഒരു നിയമസഭ എന്നു പറയുന്നതിന്റെ മഹത്വം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളെയെല്ലാം ഇവിടെ തെരഞ്ഞെടുക്കപ്പെട്ട് അയച്ചിട്ടുള്ളത് നിയമനിർമ്മാണം നടത്തുക, ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടിയുള്ള സംവിധാനം ഉണ്ടാക്കുക ഇതിനെല്ലാം വേണ്ടിയാണ്. അതെല്ലാം പരിഹാസ്യ മാക്കി തീർക്കുകയാണ്. ചിലയവസരത്തിൽ കവല ചട്ടമ്പികളെപോലും നാണിപ്പിക്കുന്ന വിധത്തിലാണ് ഇവിടെ കളിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ എപ്പോഴും നോക്കിക്കൊണ്ടിരിക്കുന്നത് സന്ദർശക ഗ്യാലറിയിലാണ്. ആരെ ങ്കിലും കാണുന്നുണ്ടോ കാണുന്നുണ്ടോ എന്ന്. മാന്യതയില്ലാത്ത നടപടികളു മായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ശ്രീ. നായനാർ ഇവിടെ ചില വിഷ യങ്ങൾ അവതരിപ്പിച്ചപ്പോൾ കോരിത്തരിപ്പിച്ച സംഭവം ഉണ്ടായി. ഈ നിയമ സഭ സുഗമമായി മുന്നോട്ടു പോയിക്കഴിഞ്ഞാൽ ഈ ഗവൺമെന്റ് ചെയ്തി ട്ടുള്ള ജനോപകാരപ്രദമായ പ്രശ്നങ്ങൾ ഓരോന്നായി നിരത്തി വയ്ക്കു മ്പോൾ നിങ്ങൾ ഈ ജനങ്ങളിൽ നിന്നും ഒറ്റപ്പെടേണ്ടി വരും. അത് മനസ്സിലാ ക്ക്. നിങ്ങളുടെ സൂത്രം തരക്കേടില്ല. നിങ്ങൾ വിവരമുള്ള ആളുകളാണ്. പക്ഷേ ഈ തക്കിടിയൊന്നും ഇവിടെ നടക്കുമെന്ന് മനസ്സിലാക്കണ്ട. ഈ തക്കിടി അങ്ങ് മനസ്സിൽ വച്ചിരുന്നാൽ മതി. ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കാൻ വേണ്ടി. ഈ രാജ്യത്തെ ജനങ്ങളാകെ കഷ്ടപ്പെട്ട് ബുദ്ധിമുട്ടിക്കൊണ്ടിരിക്കു മ്പോൾ അതിനു കാരണക്കാർ എൽ.ഡി.എഫ്. ഗവൺമെന്റാണോ? കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയമല്ലേ? ഇറക്കുമതിനയമല്ലേ? ആ സാമ്പത്തി കനയത്തിന് എതിരായി ഒന്നായിചേർന്ന് പോരാടുന്നതിനു ബദലായി നിങ്ങൾ കഴിഞ്ഞ പ്രാവശ്യം ചെയ്ത തെറ്റിനെ മറച്ചു പിടിക്കാൻവേണ്ടി ഈ കസർത്ത് ഇവിടെ കാണിക്കണോ? ഈ കസർത്ത് കാണിക്കേണ്ട ആവശ്യം ഉണ്ടോ? പറ ഞ്ഞാൽ പോരേ, തെറ്റായിപ്പോയി എന്ന്. ഞങ്ങൾ ഉദാരവൽക്കരണവും, ആഗോള വൽക്കരണവും, സ്വകാര്യവൽക്കരണവും, എല്ലാംകൂടി ചേർന്ന് ഈ രാജ്യത്തിന്റെ മാറ്റത്തിനുവേണ്ടി സഹായകരമായി തീരും എന്ന് വിചാരിച്ചിട്ട് പറഞ്ഞുപോയതാണ്. ഇത് അനുഭവത്തിൽകൂടി വന്നപ്പോൾ പിശകായിപ്പോയി എന്നു പറഞ്ഞാൽ പോരെ? പറഞ്ഞാൽ നമുക്ക് മാറ്റിക്കൂടെ? എന്തെല്ലാമാണ് ഇവിടെ കാട്ടുന്നത്, എന്തെല്ലാമാണ് ഇവിടെ കാണിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു 2,70,000 പേർക്ക് തൊഴിൽ നൽകി എന്ന്, ആവേശമല്ലേ? ഈ രാജ്യത്തെ തൊഴിലി ല്ലാത്ത 2,70,000 പേർക്ക് തൊഴിൽ നൽകി എന്നുപറയുന്നത് ആവേശമല്ലേ?

(ബഹളം.... ബഹളം...)

അര നൂറ്റാണ്ട് ഉൽപ്പാദിപ്പിച്ചതിന്റെ പകുതി ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പി ച്ചില്ലേ? നമുക്ക് അതിൽ അഭിമാനപ്പെട്ടുകൂടെ? അരനൂറ്റാണ്ടുകാലം ഇവിടെ ഉൽപ്പാദിപ്പിച്ചതിനേക്കാളും നേർ പകുതി 876 മെഗാവാട്ട് വൈദ്യുതി ഇവിടെ ഉൽപ്പാദിപ്പിച്ചില്ലേ? അതു നമുക്ക് അഭിമാനമല്ലേ? നമ്മുടെ കേരളത്തിന് അഭി മാനമല്ലേ? ഈ രാജ്യത്തെ കൃഷിക്കാരെ സഹായിക്കാൻ പലിശ ഇല്ലാതെ, ബോണ്ട് ഇല്ലാതെ ജാമ്യം ഇല്ലാതെ അവർക്ക് കടംകൊടുക്കാം എന്നു പറ യുന്ന പ്രഖ്യാപനം സന്തോഷകരമല്ലേ? ഇതിനെപ്പറ്റി എന്താ ഇവർ പറയാ ത്തത്? 4,17,000 പേർക്ക് ഇവിടെ നാലരക്കൊല്ലം കൊണ്ട് വീടുണ്ടാക്കികൊടു ത്തു. പാമ്പിന് മാളം, പക്ഷിക്ക് ആകാശം, മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ലാത്ത ഈ രാജ്യത്ത് വിഷപ്പനി പിടിച്ചു കഴിഞ്ഞാൽ കിടന്നുറ ങ്ങാൻ, കഴിവില്ലാത്ത ഈ രാജ്യത്തിലെ പാവപ്പെട്ടവന് 4,17,000 പേർക്ക് നാലര

LIBRARY ARCHIVES Kerala Legislative Assembly

ക്കൊല്ലം കൊണ്ട് വീടുണ്ടാക്കികൊടുത്തത് നല്ലതല്ലേ? കോൺഗ്രസോ, കമ്മ്യൂണിസ്റ്റോ, നായരോ, ഈഴവനോ മുസ്ലീമോ, ക്രിസ്ത്യാനിയോ എന്നുനോക്കാതെ നാനാ പാർട്ടിയിൽപ്പെട്ട ഈ രാജ്യത്തിലെ കിടപ്പാടമില്ലാത്ത പാവപ്പെട്ടവന് കൊടുത്തത് നല്ലതല്ലേ? ജനകീയാസൂത്രണപരിപാടിപ്രകാരം നാലു ലക്ഷം പേർക്കു കക്കൂസ് നിർമ്മിച്ചു കൊടുത്തു. കുറേ കുറ്റം ഇരിക്കട്ടെ, കുറേ തെറ്റും, കുറേ ശരിയും. തെറ്റിനെക്കാൾ വലിയ ശരി. നാലു ലക്ഷം പേർക്ക് കക്കൂസ് ഉണ്ടാക്കിക്കൊടുത്തു. അതിനെ നിങ്ങൾക്ക് അനുകൂലിച്ചുകൂടെ? എന്നിട്ട് ശ്രീ.ആന്റണി വടകര വച്ച് പ്രസംഗിക്കുകയാണ്, ഈ ജനകീയാസൂത്രണ പരിപാടിയിൽ അഴിമതി ഉണ്ട് എന്ന്. ഞാൻ ശ്രീ.ആന്റണിയോട് ചോദിക്കുകയാണ് കക്കൂസിൽ എന്താണ് അഴിമതി? വേണ്ടാത്തത് സംസാരിക്കരുത്, നമുക്ക് നിയമസഭാ മെമ്പർമാരുടെ ഉത്തരവാദിത്വം, പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം ഇവിടെയുണ്ട് അദ്ദേഹത്തിന് അത് കാണുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഈ കാട്ടുജാതിക്കാർക്ക് വീട് ഉണ്ടാക്കിക്കൊടുത്തില്ലേ? ഞാൻ പറയുന്നത് ഈ രാജ്യത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇനിയും ഉണ്ടാകണം. പല വിഷയങ്ങൾ നമുക്ക് ഉന്നയിക്കാനുണ്ട്, തുന്നൽ ടീച്ചർമാരുണ്ട് റിട്ടയർമെന്റ് വേക്കൻസിയിൽ ചേർന്ന പാവപ്പെട്ട സ്ത്രീകൾ, വിവാഹം കഴിച്ചവർ വിവാഹം കഴിക്കാത്തവർ. നാലും അഞ്ചും കൊല്ലമായി ഈ സ്കൂളിൽ ജോലിചെയ്തിട്ട് അവർക്ക് ഒന്നും കിട്ടിയിട്ടില്ല. അവർക്ക് അംഗീകാരം കിട്ടിയിട്ടില്ല. ശമ്പളം കിട്ടിയിട്ടില്ല. ഞാൻ അറിഞ്ഞിട്ടുള്ളത് ഈ മന്ത്രിസഭയുടെ മുന്നിലേയ്ക്ക് ആ ഫയൽ വരുന്നുണ്ടെന്നാണ്. ഈ പാവപ്പെട്ടവർക്ക് കൊടുക്കണ്ടേ? ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടി നിങ്ങളുടെ ഒരൊറ്റ ശബ്ദവും കേട്ടില്ലല്ലോ? ഇവിടെ പലരും കമ്പളിപ്പിച്ചുകൊണ്ടിരിക്കുകയാണ്, പച്ചനുണകൾ തട്ടിവിട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഒന്നും ശരിയല്ല. ഇന്നലെ ശ്രീ.കെ. സുധാകരൻ ഇവിടെ പ്രസംഗിച്ചു, എല്ലാത്തിലും കമ്മ്യൂണിസ്റ്റുകാർ ഉണ്ട് എന്ന്. എനിക്ക് രോമാഞ്ചമുണ്ടായി, ശരിയാണ് എല്ലാത്തിലും കമ്മ്യൂണിസ്റ്റുകാരുണ്ട്. കമ്മ്യൂണിസ്റ്റുകാർ ഒരു പ്രത്യേക സ്വഭാവം ഉള്ളവരാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള തർക്കത്തിൽ കമ്മ്യൂണിസ്റ്റുകാർ ഇല്ലാത്തവന്റെ കൂടെയാണ്. റൗഡിസവും, ന്യായവും, അന്യായവും തമ്മിലുള്ള തർക്കത്തിൽ കമ്മ്യൂണിസ്റ്റുകാരൻ അന്യായത്തിന് എതിരായി ന്യായത്തിന്റെ കൂടെയാണ്. ന്യായവും അന്യായവും കൂടി തർക്കിച്ചാൽ കമ്മ്യൂണിസ്റ്റുകാരൻ ന്യായത്തിന്റെകൂടെയാണ്. ഈ രാജ്യത്തിലെ സാധാരണ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുകാർ. കമ്മ്യൂണിസ്റ്റുകാരൻ പക്ഷപാതിയാണ്. കണ്ണൂർ ജില്ലയിലെ കവലച്ചട്ടമ്പികളെപ്പോലെ അവിടത്തെ ജനങ്ങളെ ദ്രോഹിച്ചുകൊണ്ടിരിക്കുന്ന ആർ.എസ്.എസ്. കാപാലിക സംഘത്തിനെതിരായി കമ്മ്യൂണിസ്റ്റുകാരൻ ജീവൻ കൊടുത്ത് പോരാടും. ഇത് കമ്മ്യൂണിസ്റ്റുകാരുടെ പാരമ്പര്യമാണ്. എന്നിട്ട് നാണക്കേട് സംസാരിക്കുകയാണ്. തലശ്ശേരിയിൽ മുസ്ലീം വിഭാഗത്തിനെതിരായി ആർ.എസ്.എസുകാർ കലാപം നടത്തിയപ്പോൾ ആ കലാപത്തിന് എതിരായി അവിടെ ആദ്യം ഓടിച്ചെന്നത് കമ്മ്യൂണിസ്റ്റുകാരൻ സഖാവ് അഴീക്കോടനാണ്. ആ കവലച്ചട്ടമ്പികളുടെ മുമ്പിൽ നിവർത്തി പിടിച്ച കത്തിയുടെ മുമ്പിൽ നെഞ്ചുയർത്തി പിടിച്ചുകൊണ്ട് ആ തെമ്മാടിക്കൂട്ടത്തെ എതിർക്കാൻ വേണ്ടി അവിടെചെന്നത് കമ്മ്യൂണിസ്റ്റുകാരാണ്. അവിടത്തെ പുന്നൂർ എന്നുപറയുന്ന പ്രദേശത്ത് മുസ്ലീം ജനവിഭാഗങ്ങൾക്ക് അഭയം നൽകിയത് കമ്മ്യൂണിസ്റ്റുകാരാണ്. കമ്മ്യൂണിസ്റ്റുകാരൻ എവിടെയെല്ലാം നീതിയെ ചവിട്ടി മെതിക്കുന്നുണ്ടോ അവിടെയെല്ലാം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ചരിത്രം അത് നേർവഴിക്ക് കൊണ്ടുവരുന്നു. ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി നിർണ്ണായകമായ പങ്ക് വഹിച്ചത് കമ്മ്യൂണിസ്റ്റുകാരാണ്. ഈ ചരിത്രത്തിൽ യാഥാർത്ഥ്യങ്ങളെല്ലാം പറഞ്ഞുനടക്കുന്നില്ല, 1920-ൽ അഹമ്മദാബാദിൽ ചേർന്ന ആദ്യത്തെ കോൺഗ്രസ് സമ്മേളനത്തിൽ പൂർണ്ണ സ്വാതന്ത്ര്യ പ്രമേയം അവതരിപ്പിച്ചത് ഒരു കമ്മ്യൂണിസ്റ്റുകാരനാണ് ശ്രീ. തങ്കച്ചാ. അത് മഹാത്മാഗാന്ധിജി ആഫ്രിക്കയിൽ നിന്ന് ഇവിടെ വരുന്നതിനുമുമ്പേയാണ്. ഈ രാജ്യത്ത് ബ്രിട്ടീഷ് രാജ്ഞിക്കെതിരായി കലാപം നടത്തിയത് കമ്മ്യൂണിസ്റ്റുകാരാണ്. ബ്രിട്ടീഷ് രാജ്ഞിയെ ഇവിടുന്ന് കെട്ടുകെട്ടിക്കണം. ബ്രിട്ടീഷ് രാജ്ഞിയുടെ ഭരണം ഇന്ത്യയിൽ അവസാനിപ്പിക്കണം എന്നുപറഞ്ഞുകൊണ്ട് കലാപം നടത്തിയതിന്റെ ഫലമായി അന്ന് കോൺകോർ ഗൂഢാലോചന കേസ്, പെഷവാർഗൂഢാലോചനാകേസ്, മീറത്ത്ഗൂഢാലോചന കേസ് എന്നിങ്ങനെ മൂന്ന് ഗൂഢാലോചനാകേസുകളിൽ പ്രതികളായി ശിക്ഷയ്ക്ക് വിധേയമായത് കമ്മ്യൂണിസ്റ്റുകാരാണ്. മഹാത്മാഗാന്ധി വരുന്നതിനുമുമ്പേ രാജ്യത്തിലെ സ്വാതന്ത്ര്യസമരത്തിനുവേണ്ടി പോരാടിയത് കമ്മ്യൂണിസ്റ്റുകാരാണ്. പക്ഷേ ആ് ചരിത്രങ്ങളെ ദുർവ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. ആ ചരിത്രവസ്തുതകൾ ഈ രാജ്യത്ത് പറയുന്നില്ല. കമ്മ്യൂണിസ്റ്റുകാരൻ പോരാടിയിട്ടുണ്ട്. ഈ രാജ്യത്തെ ഓരോ പ്രശ്നങ്ങളിലും നമ്പൂതിരി ജന്മിമാർക്കെതിരായി തെക്കേ മലബാറിലെ മുസ്ലീം കക്ഷിക്കാർ ഒന്നായിചേർന്ന് സമരം നടത്തിയപ്പോൾ ബ്രിട്ടീഷ് സമ്രാജ്യത്വം കൂടി ചേർന്ന് അതൊരു മാപ്പിള കലാപമായി ചിത്രീകരിച്ചപ്പോൾ അത് മാപ്പിളകലാപമല്ല കൃഷിക്കാരൻ ജന്മിമാർക്കെതിരായിട്ടുള്ള കലാപമാണ് എന്നുപറഞ്ഞുകൊണ്ടു ആ കലാപത്തെ കർഷക കലാപമായി ചിത്രീകരിച്ചത് കമ്മ്യൂണിസ്റ്റുകാരനായ സഖാവ് ഇ.എം. എസ്.ആണ്. ഈ രാജ്യത്ത് കമ്മ്യൂണിസ്റ്റുകാരൻ വഹിച്ച നിർണ്ണായകമായ പങ്ക് കമ്മ്യൂണിസ്റ്റുകാരുടെ പക്ഷത്തുണ്ട്. കമ്മ്യൂണിസ്റ്റുകാർ എല്ലായിടത്തും ഉണ്ട്. നെയ്യാറ്റിൻകരയിലെ വിശാലമായ നെൽപ്പാടത്ത് അവിടെ അയിത്തവും അന്ധവിശ്വാസങ്ങളും നടമാടിയപ്പോൾ, അവിടെ അയിത്തം ഉണ്ടായപ്പോൾ വിശാലമായ നെൽപ്പാടത്തുനിന്ന് പുലയന് അയിത്തമാണെങ്കിൽ പുലയനുണ്ടാക്കിയ നെല്ലിലും അയിത്തമാണ് എന്നും അതുകൊണ്ട് ഈ നെൽപ്പാടങ്ങളിൽ നെല്ലു മുളയ്ക്കില്ല, പുല്ല് മുളയ്ക്കും എന്നും പ്രഖ്യാപിച്ചത് ശ്രീ. അയ്യങ്കാളിയും കമ്മ്യൂണിസ്റ്റുകാരുമാണ്. മനസ്സിലായില്ലേ? നിങ്ങൾ ഇന്നലെ പ്രസംഗിക്കുമ്പോൾ എനിക്ക് രോമാഞ്ചമുണ്ടായി. എന്റെ പാർട്ടി കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പക്ഷം ചേർന്നു എന്നുപറഞ്ഞപ്പോൾ എനിക്ക് രോമാഞ്ചമുണ്ടായി. ഈ രാജ്യത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ താൽപര്യങ്ങൾക്കുവേണ്ടി അടരാടിയത്, പോരാടിയത് കമ്മ്യൂണിസ്റ്റുകാരാണ്.

'പാളയിൽ കഞ്ഞികുടിപ്പിക്കും
തമ്പ്രാനെന്നു വിളിപ്പിക്കും'

എന്ന് നിരണം ബേബിയുടെ നേതൃത്വത്തിൽ കുറുവടിപ്പട ഉണ്ടാക്കി ഈ രാജ്യത്തിലെ പാവപ്പെട്ടവനെതിരായി ആഞ്ഞടിക്കാൻ വേണ്ടി പുറപ്പെട്ടപ്പോൾ

'പാളയിൽ കഞ്ഞികുടിക്കില്ല
തമ്പ്രാനെന്നു വിളിക്കില്ല'

എന്നു പ്രഖ്യാപിച്ചത് കമ്മ്യൂണിസ്റ്റുകാരാണ്. മനസ്സിലായോ? ഈ രാജ്യത്ത് എല്ലാവിധ പ്രശ്നങ്ങളും ഉണ്ട്. ഇന്നലെ ശ്രീ.സുധാകരൻ ഒന്നും പറഞ്ഞില്ല, അല്ലെങ്കിൽ ശ്രീ.കെ.സുധാകരനോട് ചോദിക്കട്ടെ, കണ്ണൂർ ജില്ലയിലെ വലിയ വലിയ കാര്യങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കയാണല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

പൊതുപ്രവർത്തകനായിട്ടുള്ള ഒരാൾ, കണ്ണൂർ ജില്ലയിലെ പാർട്ടിസെക്രട്ടറിയായിട്ടുള്ള സഖാവ് ജയരാജൻ, അദ്ദേഹം പാർട്ടിയുടെ സെക്രട്ടറിയാണ്, 56% വോട്ട് കിട്ടിയ ഏറ്റവും വലിയ ഒരു പാർട്ടിയുടെ സെക്രട്ടറിയാണ്. അദ്ദേഹത്തെ ഒരു പൊതുയോഗത്തിൽ പോയി മടങ്ങിവരുമ്പോൾ പതിയിരുന്ന് ഗുണ്ടകൾ കൂടിച്ചേർന്ന് ബോംബെറിഞ്ഞത് മര്യാദയാണോ, മര്യാദകേടാണോ? പറയൂ. ഒരു കലാപം ഉള്ള സ്ഥലത്ത് പൊതു പ്രർത്തകന്മാർ ഒന്നായിചേർന്ന് അവിടെചെന്നുകഴിഞ്ഞാൽ, അവിടെ ചെല്ലണ്ടേ?

അവിടെ കലാപം ഇല്ലായ്മ ചെയ്യാൻവേണ്ടി എല്ലാ ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സമാധാനാന്തരീക്ഷം ഉണ്ടാക്കാൻ വേണ്ടി അവിടെ ചെല്ലുന്നവർക്കെതിരായി ഇടവഴിയിൽ പതിയിരുന്ന് ആളെ ഭീഷണിപ്പെടുത്തുന്നതും, ബോംബ് എറിഞ്ഞു കൊല്ലുന്നതും മര്യാദയാണോ? സുധാകരൻ മിണ്ടിയില്ല, ഞാൻ വിചാരിച്ചു. സുധാകരൻ ഇതിനെപ്പറ്റി വല്ലതും പറയുമെന്ന് രണ്ടു മൂന്ന് എം.എൽ.എ.മാരെ ഇതിന് അയച്ചതാണ്. അവർ വരുമ്പോൾ യാതൊന്നുമില്ല, ഒരു മരണവീട്ടിൽ പോയി മടങ്ങിവരുമ്പോൾ ബോംബാക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. സമാധാനം എന്നുപറഞ്ഞാൽ പോരാ, കണ്ണൂരിൽ സമാധാനം ഉണ്ടാക്കണമെങ്കിൽ തെറ്റ് ഏത്, ശരി ഏത് എന്ന് നിർണ്ണയിക്കപ്പെടണം. അതിനുവേണ്ടി പാർട്ടിക്കാർ ത്രാണിയും തന്റേടവും പ്രകടിപ്പിക്കണം. അതിനുള്ള ആർജ്ജവം പ്രകടിപ്പിക്കണം. മനസ്സിലായില്ലേ, കണ്ണൂരിൽ മുഖ്യമന്ത്രി സമാധാനയോഗം വിളിച്ചുകൂട്ടിയോ? കണ്ണൂരിൽ മുഖ്യമന്ത്രി സമാധാനയോഗം വിളിച്ചു കൂട്ടുന്നില്ല എന്നൊക്കെ പറഞ്ഞു. അവിടത്തെ പാർട്ടിക്കാർ തെറ്റേത് ശരിയേത് എന്ന് നിർണ്ണയിക്കപ്പെടണം, തെറ്റു തിരുത്തി ശരിയുടെ ഭാഗത്തുചേരണം, അങ്ങനെ വന്നുകൊണ്ടിരിക്കുന്നുണ്ട്. ശ്രീ. കുഞ്ഞാലിക്കുട്ടി പണ്ട് പാണക്കാട് ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ നാദാപുരത്തേക്കുപോയ ഒരു ജാഥയിൽ വിളിച്ച ഒരു മുദ്രാവാക്യം ആർക്കും ആർക്കും വിളിക്കാൻ പറ്റാത്ത ഒരു മുദ്രാവാക്യമാണ്. സഖാവ് നായനാരെ നായെ, നായെ, എന്നു പറഞ്ഞുകൊണ്ടാണ് മുദ്രാവാക്യം വിളിച്ചത്. മുദ്രാവാക്യം വിളിച്ചതിന്റെ ഫലമായി നായനാരോട് സ്നേഹമുള്ളവരും മുസ്ലീം ലീഗിൽപ്പെട്ടവരും അങ്ങനെ വിളിക്കാൻ പാടില്ലായെന്നും വിളിക്കാമെന്നും പറഞ്ഞ് തർക്കമുണ്ടായി. മുസ്ലീം ലീഗിൽപ്പെട്ടവർതന്നെ. എന്നിട്ട് പിറ്റേദിവസം നാദാപുരത്ത് യോഗം ചേർന്നപ്പോൾ ഏകകണ്ഠമായി തീരുമാനിച്ചു, ആ ജാഥയിൽ വിളിച്ച മുദ്രാവാക്യം തെറ്റാണെന്ന്. ഞങ്ങൾ പറഞ്ഞു ജാഥയിൽ വിളിച്ച മുദ്രാവാക്യം തെറ്റോ ശരിയോ എന്ന് തീരുമാനിക്കണമെന്ന്. ബി.ജെ.പി.യും അതുപോലെതന്നെ, കോൺഗ്രസ് (ഐ)യും, മുസ്ലീം ലീഗും, സി.പി.ഐ.യും, സി.പി.ഐ. (എം)ഉം, ജനതാദളും എല്ലാ പാർട്ടിക്കാരും ഒന്നായിപ്പറഞ്ഞു, ആ ജാഥയിൽ വിളിച്ച് മുദ്രാവാക്യം ഒരു പാർട്ടിയും വിളിക്കാൻ പാടില്ലാത്ത മുദ്രാവാക്യം ആണെന്ന്. പിറ്റേ ദിവസം ആ ജാഥയിൽ വിളിച്ച മുദ്രാവാക്യം മുസ്ലീം സംസ്ക്കാരത്തിന് ചേർന്നതല്ലായെന്ന് കുഞ്ഞാലിക്കുട്ടിയുടെ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ടായി, ഞാൻ കുഞ്ഞാലിക്കുട്ടിക്ക് അഭിനന്ദനം, അഭിനന്ദനം എന്നു പറഞ്ഞ് ഒരു കത്ത് അയച്ചു, കുഞ്ഞാലിക്കുട്ടി പറയുകയാണ്, ആ ജാഥയിൽ പങ്കെടുക്കാൻ ട്രക്കറിലും കാറിലും വന്ന ഒരു കൂട്ടം മുസ്ലീം തീവ്രവാദികളായിട്ടുള്ള ആളുകളാണ് ആ മുദ്രാവാക്യം വിളിച്ചതെന്ന്, അവരെ മുസ്ലീം ലീഗിൽനിന്ന് പുറത്താക്കുമെന്ന് പറഞ്ഞു, ഈ ചുണ പ്രകടിപ്പിക്കാൻ തയ്യാറുണ്ടോ എന്നാണ് എന്റെ ചോദ്യം. ഈ ചുണ പ്രകടിപ്പിക്കാൻ മടിച്ച് ഇന്നലെ വാചാലമായി ആരോ പറഞ്ഞു നാദാപുരം ഈ രാജ്യത്തിലെ സമാധാനത്തിന്റെ പുണ്യഭൂമിയാണ്, തെമ്മാടിക്കൂട്ടങ്ങളെ എതിർക്കാൻവേണ്ടി ആണത്തത്തോടു

കൂടി പോരാടുന്നതിന്റെ അഹങ്കാരമാണ്. നാദാപുരത്ത് സമാധാനകമ്മിറ്റി യോഗത്തിൽ പറഞ്ഞു പള്ളിയൊന്നും കല്ല് എറിയാൻ പാടില്ലായെന്ന്, എന്നിട്ട് റൗഡി സംഘത്തിന്റെ സങ്കേതമായി മുസ്ലീം ലീഗിന്റെ നേതൃത്വത്തിൽ പള്ളിയിൽ കല്ല് എറിയാൻ നിങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ്. കോൺഗ്രസ് പാർട്ടി അവിടെ കലാപം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. അവർ കലാപം ഉണ്ടാക്കാൻവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് തടയാൻവേണ്ടി സംവിധാനം ഉണ്ടാക്കണം. ഞാൻ അവസാനിപ്പിക്കുന്നു. നാല് തെങ്ങുള്ള ആൾ പതിനായിരം തേങ്ങ പറിച്ചെടുക്കുന്നുണ്ട്. കോൺഗ്രസ് പാർട്ടിയുടെ നിലപാട് എന്ത്? നാല് തെങ്ങുള്ളവർ പതിനായിരം തേങ്ങ പറിച്ചെടുക്കുന്നുണ്ട്, അവിടത്തെ പാവപ്പെട്ട മുസ്ലീം ജനവിഭാഗങ്ങളെ ആർ.എസ്.എസും കൂട്ടരും ചേർന്ന് പുറത്തിറങ്ങാൻ പാടില്ലായെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി ആയിരമായിട്ട് അവിടെചെന്ന് ഈ നാളികേരം കട്ടുകൊണ്ടുപോയിക്കൊണ്ടിരിക്കുന്ന ഈ തെമ്മാടിക്കൂട്ടങ്ങളെ അടിച്ചമർത്താൻ തയ്യാറുണ്ടോ? ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ കൊലയോട് ഞങ്ങൾ അനുകൂലിക്കുന്നില്ല. നിരപരാധികളെ കൊലയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്നു. ആർക്കും വഴിനടക്കാൻ സാധിക്കുന്നില്ല. ബസ്സിൽ സഞ്ചരിക്കാൻ സാധിക്കുന്നില്ല. ബസ്സിൽ സഞ്ചരിക്കുന്ന ആളുകളെ ഇറക്കിവിട്ട് അവരെ വെട്ടിക്കൊലപ്പെടുത്തുന്നു. പത്തുമുപ്പത്തിയഞ്ചു പേരെ വെട്ടി എന്നുപറയുന്നത് ശരിയാണോ, പത്തും മുപ്പത്തിയഞ്ചും വെട്ടുവെട്ടിയാണ് കൊലപ്പെടുത്തുന്നത്. ഇത് ഭീകരമായ ക്രൂര വിനോദമാണ്. ആർ.എസ്.എസ്. എന്നു പറയുന്ന ഈ തെമ്മാടിക്കൂട്ടം പ്രമാണിമാരുടെ കുറെ പണം മേടിച്ച് പരസ്യമായി കവലച്ചട്ടമ്പികളെപ്പോലെ കാണുന്ന ആളുകളെ ആക്രമിച്ചുപോകുന്ന ഒരു വിഭാഗമാണ്. നിങ്ങൾ അത് മനസ്സിലാക്കണം എന്നേ പറയുന്നുള്ളൂ. നിങ്ങൾ ഇല്ലെങ്കിൽ ഞങ്ങൾ എതിർക്കും. നിങ്ങൾ അവർക്ക് അനുകൂലമായിട്ടാണ് നിൽക്കുന്നത്. ഈ തെമ്മാടിക്കൂട്ടങ്ങളെ എതിർത്തുവന്നവരാണ് ഈ കമ്മ്യൂണിസ്റ്റ് പാർട്ടി. ഈ ഇടതുപക്ഷ പ്രസ്ഥാനം വളർന്നുവന്നത് അതിന്റെ ഫലമായിട്ടാണ്. നിശ്ചയമായും അടുത്ത തെരഞ്ഞെടുപ്പുവന്നുകഴിഞ്ഞാൽ ഇവിടെ കോരിത്തരിപ്പിക്കും വിധം വമ്പിച്ച മുന്നേറ്റത്തോടെ ഇവിടെ ഇടതുപക്ഷപ്രസ്ഥാനം വളർന്നുവരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. വികാരപരമായി പറഞ്ഞുപോയി, ക്ഷമിക്കണം. ഈ കൊള്ളരുതായ്മ കാണുമ്പോൾ അസഹനീയമായി തോന്നിയപ്പോൾ ഞാൻ പറഞ്ഞുപോയതാണ്. അവിടെ പോയി ഇരിക്കേണ്ട ആവശ്യം എന്തുണ്ട്? ചീപ്പ് പോപ്പുലാരിറ്റിക്ക് വേണ്ടി എന്തും കാട്ടണമോ, നിങ്ങൾ ഇങ്ങനെ കുറെ കാട്ടിക്കഴിഞ്ഞാൽ ജനങ്ങൾ മുഴുവൻ നിങ്ങൾക്കുവേണ്ടി ജയ് വിളിക്കാൻ തയ്യാറാകുമെന്നാണോ നിങ്ങൾ ധരിക്കുന്നത്. നിങ്ങൾ സമരാഭാസമാണ് ചെയ്യുന്നത്, ഇത് മോശപ്പെട്ട ഏർപ്പാടാണ്. ഒരിക്കൽ സഖാവ് ലെനിൻ പറഞ്ഞത് ഞാൻ വായിച്ചിട്ടുണ്ട്. ബൂർഷ്വാ അവന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി വരുമ്പോൾ പാർലമെന്ററി ജനാധിപത്യത്തെ കശാപ്പുചെയ്യുന്നു എന്ന് സഖാവ് വളരെക്കാലം മുമ്പ് പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക്, ഇവിടത്തെ ബൂർഷ്വാപാർട്ടികൾക്ക് പാർലമെന്ററി ജനാധിപത്യം ഇപ്പോൾ പിടിക്കുന്നില്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ അപ്പോസ്തലന്മാരായിട്ട് നിങ്ങൾ ഒരു കാലത്ത് നടന്നു, എന്നിട്ട് ഇപ്പോൾ പാർലമെന്ററി ജനാധിപത്യത്തെ കശാപ്പുചെയ്യാൻ, ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുകയാണ്. ഇതിനെപ്പറ്റി പരിശോധിക്കണം എന്നു പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി.സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. ആർ.ലതാദേവി : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തികനയങ്ങളുടെ ചട്ടക്കൂട്ടിനകത്തു നിന്നുകൊണ്ടുവേണം സംസ്ഥാന ഗവൺമെന്റുകൾ പ്രവർത്തിക്കേണ്ടത്. കേന്ദ്രനയങ്ങൾ, എല്ലാ സംസ്ഥാന ഗവൺമെന്റുകളേയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ആക്കിയിരിക്കുകയാണ്. ജീവനക്കാർക്ക് ശമ്പളം പോലും കൊടുക്കാനാകാതെ പല സംസ്ഥാന സർക്കാരുകളും ഇപ്പോൾ വിഷമിക്കുകയാണ്. ഇറക്കുമതി നയവും തലതിരിഞ്ഞ നികുതിയിനവും ഉൽപ്പാദനമേഖലകളെ വളരെ ഗുരുതരമായിട്ട് ബാധിച്ചിരിക്കുകയാണ്. അതിന്റെ കൂട്ടത്തിലാണ് 'ഇടിവെട്ടിയവനെ പാമ്പ് കടിച്ചു' എന്നു പറയുന്നപോലെ 11-ാം ധനകാര്യകമ്മീഷൻ കേന്ദ്രവിഹിതം പങ്കുവയ്ക്കുന്ന മാനദണ്ഡം മാറ്റുകയും അതുവഴി കേരളത്തിന്റെ വാർഷികവിഹിതത്തിൽ അറുന്നൂറ് കോടിയിൽപ്പരം രൂപയുടെ കുറവ് വരുത്തുകയും ചെയ്തത്. ഇങ്ങനെയൊക്കെയാണെങ്കിൽ പോലും, വളരെ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എങ്കിൽപ്പോലും വിഭവസമാഹരണത്തിലും സാമ്പത്തിക മാനേജ്മെന്റിന്റെയും കാര്യത്തിൽ ഒന്നിലധികം തവണ കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അംഗീകാരവും പ്രശംസയും പിടിച്ചുപറ്റുവാൻ കേരള സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതിന് നേതൃത്വം കൊടുക്കാൻ ഈ ഗവൺമെന്റിൽ ധനകാര്യമന്ത്രി ആയിട്ടുള്ള സഖാവ് ശിവദാസമേനോന് സാധിച്ചിട്ടുണ്ട് എന്നുള്ളത് പ്രത്യേകം പരാമർശം അർഹിക്കുന്ന വിഷയമാണ്. 8-ാം പദ്ധതി അടങ്കലിന്റെ മൂന്ന് ഇരട്ടിയായിട്ട് ഒമ്പതാം പദ്ധതി അടങ്കൽ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഇവിടെ ഇത്തിരിമുമ്പ് വലിയ സാമ്പത്തിക വിശാരദൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന മാണിസാറിനെപ്പോലുള്ള ആളുകൾ വാചാലമായിട്ട് പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം മന്ത്രിയായിരുന്ന അവസരത്തിൽ ഈ കേരള സംസ്ഥാനം എത്രപ്രാവശ്യമാണ് ട്രഷറി അടച്ചുപൂട്ടിയതിന്റെ ഫലമായിട്ട് കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന അവസരത്തിൽ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കും എന്നുള്ളതുകൊണ്ട് ഞാൻ ആ വശങ്ങളിലേയ്ക്ക് കടക്കുന്നില്ല.

സർ, ഈ ധനവിനിയോഗം തന്നെ ലോകായുക്തയുടെ പ്രവർത്തനം സുസജ്ജമാക്കുന്നതിന് വേണ്ടിയാണ്. മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയിട്ടുള്ള ജസ്റ്റീസ് മോഹൻകുമാർ കമ്മീഷന്റെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നതിനുവേണ്ടിയാണ്........ പ്രതിപക്ഷത്തിരിക്കുന്ന ചില ആളുകൾക്കെങ്കിലും അതിൽ വല്ലാത്ത അസ്വാസ്ഥ്യം അനുഭവപ്പെടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ പ്രസന്റു ചെയ്ത് കഴിഞ്ഞിരിക്കുകയാണ്. അതുമാതിരി തന്നെ അഡീഷണൽ കോർട്ട് രൂപീകരിക്കണം. അത് ദീർഘനാളായിട്ട് കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പുകൽപ്പിക്കുന്നതിനു വേണ്ടിയിട്ടാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അധികം തുക കണ്ടെത്തുകയും അത് വിനിയോഗിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റിന് പ്രതിക്കൂട്ടിൽ നിർത്തി വർത്തമാനം പറയുന്ന ഒരു പ്രതിപക്ഷത്തെക്കുറിച്ച് ഞാൻ എന്തു പറയണം. അതുമാതിരി തന്നെ പ്രാഥമിക സ്കൂളുകളുടെ, എലിമെന്ററി സ്ക്കൂളുകളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, തുക ഇപ്പോൾ അനുവദിച്ചിരിക്കുകയാണ്. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക്.......... സത്യം പറയുന്ന അവസരത്തിൽ 'ഉള്ളതു പറഞ്ഞാൽ തുള്ളലുവരും' എന്ന ഒരു നാടൻചൊല്ലുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള അസ്വാസ്ഥ്യങ്ങൾ ആണ് കണ്ടുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു



LIBRARY ARCHIVES Kerala Legislative Assembly

നിന്നുണ്ടായികൊണ്ടിരിക്കുന്ന തെറ്റായ നയങ്ങളുടെയും, പരിപാടികളുടെയും, നടപടികളുടെയും ഭാഗമായിട്ട് ഈ രാജ്യത്ത് ഉണ്ടായിട്ടുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധികളെ വെല്ലുവിളിച്ചുകൊണ്ട് പൂട്ടികിടക്കുന്ന പ്രൈവറ്റ് ഫാക്ടറികളടക്കം എസ്റ്റേറ്റുകളടക്കം അവിടങ്ങളിലെ തൊഴിലാളികൾക്ക് തൊഴിലില്ലാത്ത സാഹചര്യത്തിൽ അവർക്ക് ജീവിക്കുന്നതിനുവേണ്ടി അവർക്ക് ജീവനോപാധി കൊടുക്കുന്നതിന് വേണ്ടിയിട്ട് ഈ ധനവിനിയോഗത്തിന് തുക ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇത് മാത്രമല്ല, ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തിയാക്കുവാൻ പോകുന്ന സാഹചര്യത്തിൽ 1996-ൽ ഈ കേരളത്തിലെ ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ ഓരോന്നോരോന്നായിട്ട് പൂർത്തീകരണത്തിൽ എത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് പ്രധാനം. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിക്ക് ഇടിയിലും....... ഇന്നലെ ഇവിടത്തെ പ്രസംഗം കേട്ടുകൊണ്ടിരുന്ന അവസരത്തിൽ ഇവിടെ ചാരായത്തെക്കുറിച്ച് ചില ആളുകൾ പ്രസംഗിക്കുന്നതുകേട്ടാൽ തോന്നും അപ്പുറത്തിരിക്കുന്ന ആളുകളെല്ലാം അതിനതീതർ ആയിട്ടുള്ള ആളുകളാണെന്ന്. ഇപ്പുറത്തിരിക്കുന്ന ആളുകൾ കുടിയന്മാരുടെ ആളുകൾ. അവിടെ കുടിക്ക് അതീതരായിട്ടുള്ള ആളുകൾ. ബഹുമാനപ്പെട്ട പ്രതിപക്ഷത്തിലെ വിശേഷിച്ച് കോൺഗ്രസ്സിന്റെ നേതാക്കന്മാർ, മുൻനിര നേതാക്കന്മാർ ആരും ഇല്ല. അവർ ഇവിടെ വരുന്ന അവസരത്തിൽ അവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്ന അവസരത്തിൽ പ്രതിപക്ഷനേതാവടക്കമുള്ള ആളുകൾ തിരിഞ്ഞുനോക്കി. സ്വന്തം പാർട്ടി എം.എൽ.എ.മാരുടെ മുഖം ഒന്ന് കാണണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഞാനൊരു സാധാരണ നിയമസഭാംഗമാണ്. ഒരു വനിതാ നിയമസഭാംഗമാണ്... എന്നാൽ മാധ്യമങ്ങളിൽ കൂടിയായാലും അല്ലാതെ പറഞ്ഞറിഞ്ഞ് ആയാലും അബ്കാരി രംഗവുമായി ബന്ധമുള്ള രണ്ട് നിയമസഭാ സാമാജികരെയാണ് എനിക്കറിയാവുന്നത്. ഒന്ന് ബഹുമാനപ്പെട്ട കോന്നി നിയമസഭാംഗം അടൂർപ്രകാശ്. മറ്റൊന്ന് ശ്രീമാൻ അച്യുതൻ. തെറ്റാണെങ്കിൽ തിരുത്തണം. ഈ രണ്ടു നിയമസഭാസാമാജികരും ഈ രംഗവുമായിട്ട് ബന്ധപ്പെട്ടവരാണെന്നുള്ളതുകൊണ്ടുതന്നെ ചാരായ നിരോധനത്തിന്റെ പേരിൽ പുകമറ സൃഷ്ടിക്കുന്ന തരത്തിൽ ഉള്ള വർത്തമാനം പറയുന്നത് ശരിയല്ല. ഇന്നലെ ശ്രീമാൻ ബാലറാം വിശേഷിപ്പിക്കുകയുണ്ടായി. മറ്റൊരു ബഹുമാനപ്പെട്ട അംഗത്തെ ഹരിശ്ചന്ദ്രൻ എന്ന്. ഹരിശ്ചന്ദ്രന്റെ അമ്മാവന്മാർ എന്ന് അവകാശപ്പെടുന്ന കോൺഗ്രസിന്റെ നേതാക്കളോട് ഞാൻ ആവശ്യപ്പെടുന്നു. ഈ എം.എൽ.എ.മാർക്ക് എതിരായിട്ട് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ നിങ്ങൾ തയ്യാറാണോ? അതിനെക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അംഗം പ്രകോപിപ്പിച്ചുകൊണ്ട് ഒരു കാര്യം കൂടി ഞാൻ ഈ അവസരത്തിൽ അറിയിക്കാം. മെഡിക്കൽ കോളേജിൽ ചാരായ നിരോധനവുമായി ബന്ധപ്പെട്ട ആ ട്രാജഡി നടന്ന അവസരത്തിൽ ഞാൻ പോയി. ഞാനവിടെചെന്ന അവസരത്തിൽ .......... (ബഹളം) ............ കാശിന്റെ കാര്യം നിങ്ങൾക്ക് അറിയാം. മിസ്റ്റർ അടൂർ പ്രകാശ് ഞാൻ ചാരായവുമായി ബന്ധപ്പെട്ട കാര്യം പറയുകയാണ്. എനിക്ക് സംസാരിക്കണം. എനിക്ക് പ്രസംഗിക്കണം. ഞാൻ മെഡിക്കൽ കോളേജിൽ ചെന്ന അവസരത്തിൽ അവിടെ അജയകുമാർ എന്ന് പറയുന്ന ആൾ സംയമനത്തോടു കൂടി കേട്ടിരിക്കുവാൻ കോൺഗ്രസ് മെമ്പർമാർ തയ്യാറാകണം. യു.ഡി.എഫ്.ന്റെ മെമ്പർമാർ തയ്യാറാകണം. ഞാൻ മെഡിക്കൽ കോളേജിൽ ചെന്ന അവസരത്തിൽ 20 വയസ്സ് പ്രായമുള്ള ചെറുപ്പക്കാരൻ അജയകുമാർ ചാരായം കുടിച്ച് അവശനായിട്ട് അവിടെ കിടക്കുന്നു. ഞാൻ ചോദിച്ചു. അജയകുമാർ എവിടെ നിന്നാണ് വ്യാജമദ്യം കഴിച്ചത്. ഞാൻ ആരു

LIBRARY ARCHIVES Kerala Legislative Assembly

ടെയും പേര് പറയുന്നില്ല സാർ. ആ ചെറുപ്പക്കാരൻ എന്നോട് പറഞ്ഞു. അടൂർ ഉള്ള 'യമുന' ബാറിൽ നിന്നാണെന്ന്. ഞാൻ കോൺഗ്രസിന്റെ നേതാക്കന്മാരോട് അഭ്യർത്ഥിക്കുകയാണ്. ഈ ബാർ ആരുടേതാണ്? നിങ്ങൾ ഒന്ന് അന്വേഷിക്കണം. ഇങ്ങേയറ്റം കെ.പി.സി.സി.യുടെ നേതാക്കന്മാർ അവരെങ്കിലും ഈ മദ്യവ്യാപാര രംഗത്തു നിന്നും പിന്മാറണമെന്ന് സ്വന്തം പാർട്ടിയിലുള്ള നേതാക്കന്മാരോട് പറയണം. കെ.പി.സി.സി.ക്ക് സാധിക്കുമോ. ആത്മാർത്ഥത എന്ന ഒന്ന് നിങ്ങൾക്കുണ്ടെങ്കിൽ ഇതിന്റെ പേരിൽ നിങ്ങൾ നടത്തുന്ന പ്രസ്താവനകളിൽ എന്തെങ്കിലും സത്യസന്ധത ഉണ്ടെങ്കിൽ നിങ്ങളുടെ പാർട്ടി തീരുമാനമെടുക്കണം. എനിക്ക് വ്യക്തമായിട്ടും അറിയാം. ചാരായത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അതിനെ നിയന്ത്രിക്കുന്നതിന് വേണ്ടിയിട്ട്, ഈ ദുശ്ശീലം ആളുകളിൽ ഇല്ലാതാക്കുന്നതിനുവേണ്ടി എല്ലാപേരും ചേർന്നുള്ള വളരെ വിശാലമായിട്ടുള്ള ബോധവൽക്കരണ നടപടികൾ ഉണ്ടായെങ്കിലേ മതിയാകൂ എന്നുള്ളത് ഇനിയെങ്കിലും നിങ്ങൾ ഓർക്കണം. രാഷ്ട്രീയമായിട്ട് എതിർപ്പ് ഉണ്ടെങ്കിൽ നിങ്ങൾക്ക് വേറെ പറയാമല്ലോ. ഉള്ളതു പറയുന്ന അവസരത്തിൽ എന്തിന് ചാടണം. അതിന്റെ ഒന്നും കാര്യമില്ല. അത് കണ്ടാരും വിരളുകയില്ല. കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ചാരായ ദുരന്തത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ ഉണ്ടാകുന്നതിനുവേണ്ടിയുള്ള കൂട്ടായ പരിശ്രമങ്ങൾ നടത്തുന്നതിന് പ്രതിപക്ഷവും മുന്നോട്ടുവരണമെന്ന് ഞാൻ ഈ അവസരത്തിൽ അവരോട് അഭ്യർത്ഥിക്കുകയാണ്. പുത്തൻ സാമ്പത്തിക നയങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അതിന്റെ ഭ്രൂണാവസ്ഥയിൽ ഈ പുത്തൻ സാമ്പത്തികനയം കിടന്ന അവസരത്തിൽ ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ, ജനാധിപത്യ പ്രസ്ഥാനങ്ങൾ, കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ കോൺഗ്രസ്സുകാരോട് പറഞ്ഞതാണ്, ഇതപകടമാണ്, ഇത് നമ്മുടെ രാജ്യത്തിന് ദോഷകരമാണ്, ഈ പുത്തൻ സാമ്പത്തികനയങ്ങൾ മഹാഭാരതത്തിലെ യദുകുലം നശിപ്പിച്ച യദുകുലത്തിലെ വംശനാശം ഉണ്ടാക്കിയ ശ്രീകൃഷ്ണന്റെ കുലം നശിപ്പിച്ച ഇരുമ്പുലക്കയ്ക്ക് സമാനമാണ്, അത് ഈ രാജ്യത്തിന്റെയും ജനങ്ങളുടെയും സർവ്വനാശത്തിന് ഇടയാകും എന്നുള്ള മുന്നറിയിപ്പ് നൽകിയത് പ്രതിപക്ഷമാണ്. എന്നാൽ ഇപ്പോൾ എന്ത് സംഭവിച്ചു? പുത്തൻ സാമ്പത്തികനയം എന്ന് പറയുന്ന ഇരുമ്പുലക്ക അത് രാജ്യത്തിലെ ജനങ്ങളുടെ സർവ്വനാശം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കോൺഗ്രസ്സിന്റെ കുഞ്ഞാണ് പുത്തുൻ സാമ്പത്തികനയം. വികൃതമായിട്ടുള്ള കോൺഗ്രസ്സിന്റെ കുഞ്ഞ്. അതിന്റെ പൈശാചികഭാവങ്ങൾ ഒന്നൊന്നായിട്ട് പുറത്തെടുത്തുകൊണ്ട് കൈകാലിട്ടിളക്കി കളിക്കുന്നതിന്റെ ഫലമായിട്ട് നമ്മുടെ ഭാരതത്തിൽ കോടാനുകോടി വരുന്ന ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കാർഷികരംഗത്ത് ആകെ അസ്വസ്ഥതയാണ്. ആ പുത്തൻ സാമ്പത്തികനയത്തിന്റെ വക്താക്കൾതന്നെ തങ്ങളുടെ കുഞ്ഞിനെ നോക്കി അത് ഈ സമൂഹത്തിൽ വിതച്ചുകൊണ്ടിരിക്കുന്ന വിപത്തുകൾ നോക്കി ഇതിന്റെ ഉത്തരവാദി മറ്റാരോയെന്നുള്ള തരത്തിലുള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ സാമ്പത്തികനയം ബി.ജെ.പി. മുന്നോട്ടു കൊണ്ടുപോകുന്ന അവസരത്തിൽ കോൺഗ്രസ്സുകാർ ഇപ്പോഴും ആ സാമ്പത്തികനയത്തെ തള്ളിപ്പറയുന്നതിന് തയ്യാറാകുന്നില്ല. ഒരു കാര്യം കൂടി, ഈ സാമ്പത്തിക നയം ബി.ജെ.പി.കൊണ്ടുപോകുന്ന അവസരത്തിൽ കോൺഗ്രസ്സുകാർ ഈ സാമ്പത്തിക നയത്തെ തള്ളിപ്പറയുന്നതിന് തയ്യാറാകുന്നില്ല. കേരളത്തിലെ കോൺഗ്രസ്സിനോടൊപ്പം നിൽക്കുന്ന ചില കക്ഷിനേതാക്കന്മാർ ഇവിടെയിരുന്ന് മതേതര പ്രസംഗങ്ങൾ നടത്തുകയും ബി.ജെ.പി.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിൽ ഒരു ബർത്ത് കിട്ടുമെങ്കിൽ തരപ്പെടുത്താം എന്നുള്ള തരത്തിൽ മുന്നോട്ടു പോകുകയും ചെയ്യുന്നു. അതോടൊപ്പംതന്നെ കോൺഗ്രസ് എന്നു പറയുന്ന പാർട്ടി, പശ്ചിമബംഗാൾ എത്ര എം.എൽ.എ.മാർ കോൺഗ്രസ് എന്നുപറയുന്ന പാർട്ടിക്ക് നിയമസഭയിലുണ്ട്? ആ എം.എൽ.എ.മാരെ ഉപയോഗിച്ചുകൊണ്ട്, ശ്രീമതി സോണിയാഗാന്ധി നിശ്ചയിച്ച കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർത്ഥിയായ ഒരു രാജ്യസഭാംഗത്തെ നിങ്ങൾക്ക് വിജയിപ്പിക്കാൻ സാധിക്കുമായിരുന്നോ? കഴിഞ്ഞ രാജ്യസഭാ തെരഞ്ഞെടുപ്പിൽ ജയിച്ചോ? വിജയിപ്പിച്ചോ? എൻ.ഡി.എ.യുടെ ഒരു പ്രതിനിധിയെ, തൃണമൂൽ കോൺഗ്രസിന്റെ ഒരു പ്രതിനിധിയെ കോൺഗ്രസ്സിലെ അംഗങ്ങൾ രാജ്യസഭയിലേക്ക് തെരഞ്ഞെടുത്തയച്ച അടൽബിഹാരി വാജ്പേയിയുടെ നയങ്ങൾക്ക് കൈപൊക്കി അതിനെ അനുകൂലിക്കുന്നതിനുവേണ്ടി അവസരം ഉപയോഗപ്പെടുത്തി. നടപടി സ്വീകരിച്ചോ? എന്തു നടപടി സ്വീകരിച്ചു? ഗുരുദാസ് ഗുപ്ത എന്നുപറയുന്ന പ്രശസ്ത പാർലമെന്റേറിയനെ പശ്ചിമബംഗാളിൽ പരാജയപ്പെടുത്തുന്നതിനുവേണ്ടി കോൺഗ്രസ്സുകാർ ബി.ജെ.പി.യുടെ സഖ്യകക്ഷിയായ തൃണമൂൽ കോൺഗ്രസ്സിനുവേണ്ടി വോട്ടു ചെയ്യുകയും അവിടെ കെട്ടിവച്ച തുകപോലും നഷ്ടപ്പെടുകയും ചെയ്തു. കോൺഗ്രസ്സിന്റെ നേതാക്കന്മാർ നടപടിയെടുത്തോ? അതുപോലെതന്നെ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ, ഇവിടെ ഓരോരുത്തർ പ്രസംഗം നടത്തുന്നത് കേട്ടുകേട്ട് സഹിക്കാൻ വയ്യാതെയാണ് ഞാൻ പറയുന്നത്. ആലപ്പുഴയിലെ ചാരുമൂട് എന്നുപറയുന്ന ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖാവ് സുജാത വിജയിച്ച ഡിവിഷൻ. കോൺഗ്രസ്സുകാർ അറിയണം. സാറും അറിയണം. ആ ജില്ലാ പഞ്ചായത്ത് ഡിവിഷനിലെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 24 വോട്ടിനാണ് സുജാത വിജയിച്ചത്. നിങ്ങൾ ഇലക്ഷൻ കേസ് കൊടുത്തു. ഈ തെരഞ്ഞെടുപ്പിൽ അതേ ചാരുംമൂട് ഡിവിഷനിൽ കൈപ്പത്തി അടയാളത്തിൽ സ്ഥാനാർത്ഥി ഇല്ല. കോൺഗ്രസ്സിന് നോമിനേഷൻ കൊടുക്കാൻ ഒരാൾ ഇല്ലായിരുന്നു. താമരയുടെ സ്ഥാനാർത്ഥിയെ, ബി.ജെ.പി.യുടെ സ്ഥാനാർത്ഥിയെ പരസ്യമായി പിന്താങ്ങുന്ന നിലപാടാണ് സ്വീകരിച്ചത്. അതുപോലെ വേളൂർ പഞ്ചായത്തിൽ, കേരളത്തിലെ നിരവധി പഞ്ചായത്തുകൾ പരസ്യമായി ഒരേ ബാനറിൽ കോൺഗ്രസ് സഹായിക്കുന്ന ബി.ജെ.പി. സ്ഥാനാർത്ഥിക്ക് താമര അടയാളത്തിലും ബി.ജെ.പി. സഹായിക്കുന്ന കോൺഗ്രസ് സ്ഥാനാർത്ഥിക്ക് കൈപ്പത്തി അടയാളത്തിലും വോട്ട് നൽകു എന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള കോൺഗ്രസ്സിന്റേയും ബി.ജെ.പി.യുടേയും സംയുക്തമായിട്ടുള്ള അഭ്യർത്ഥനകൾ, അത് ശ്രീ. അടൂർപ്രകാശ് കണ്ടുകാണുകയില്ല. അദ്ദേഹത്തിന് വേറെ തിരക്കുണ്ടായിരുന്നുകാണും. ഇത്തരത്തിൽ ബി.ജെ.പി.യോട് ചേർന്നുകൊണ്ട് എൽ.ഡി.എഫിനെ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ പരാജയപ്പെടുത്തുന്നതിനുവേണ്ടി സ്വന്തം ഊർജ്ജവും ശക്തിയും വിനിയോഗിക്കുന്നതിനു പകരം ഇനിയെങ്കിലും തിരിച്ചറിവുണ്ടായി രാജ്യനന്മയ്ക്കുവേണ്ടി, ജനക്ഷേമത്തിനുള്ള പാതയിലേക്ക് കോൺഗ്രസ്സും ഐക്യജനാധിപത്യമുന്നണിയും വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങൾ സമയത്തിന്റെ പരിമിതി പ്രത്യേകം മനസ്സിലാക്കണം. അര മിനിറ്റ്, ഒരു മിനിറ്റൊക്കെയാണ് സമയം. ഇത് എല്ലാവർക്കും ബാധകമാണ്. എല്ലാം നോക്കിയിട്ടാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. ഇന്നലത്തെപ്പോലെ നീട്ടിക്കൊണ്ടുപോകാൻ ആകില്ല. ശ്രീ. മോൻസ് ജോസഫ്.

ശ്രീ. മോൻസ് ജോസഫ് : സർ, എല്ലാവരും കൂടുതൽ പറയുന്നതുകൊണ്ട് എനിക്കും കൂടുതൽ സമയം വേണം. ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് നാലര വർഷക്കാലത്തെ പ്രവർത്തന പരിപാടികൾക്ക് നേതൃത്വം നൽകിയപ്പോൾ കേരളത്തിൽ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക്, നിരവധി കാര്യങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞ ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ കാര്യക്ഷമതയോടുകൂടി, സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് കേരളത്തെ മുന്നോട്ടു നയിക്കാൻ, അതോടൊപ്പം വികസന പ്രവർത്തനങ്ങൾ സജീവമാക്കി മാറ്റാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും പ്രസക്തമായിട്ടുള്ളത്. അത്രയും കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്ന് നമ്മൾ സൂചിപ്പിക്കുന്നത് ഇന്ത്യയൊട്ടാകെ നിലനിൽക്കുന്ന സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ടാണ്. നമ്മുടെ രാജ്യത്ത് ഒരിക്കലും താങ്ങാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ച കോൺഗ്രസിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ സാമ്പത്തിക നയങ്ങൾ, ആ സാമ്പത്തിക നയങ്ങളുടെ ഭാഗമായി നമ്മുടെ രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഈ പ്രതിസന്ധിയുടെ മുന്നിൽ ഭയാശങ്കയോടെ നിൽക്കുന്ന സന്ദർഭത്തിൽ കേരളം പോലുള്ള സംസ്ഥാനം പിടിച്ചുനിന്നുവെന്നു പറയുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മറ്റ് സംസ്ഥാനങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലേക്ക് പോയതിന്റെ മുഖ്യകാരണം ഈ സാമ്പത്തികനയം തന്നെയാണെന്ന് രാജ്യത്തുള്ള ആളുകൾ മാത്രമല്ല ലോകത്താകമാനമുള്ള ലോകരാഷ്ട്രങ്ങൾ വിലയിരുത്തിക്കൊണ്ട് ഈ സാമ്പത്തികനയം നടപ്പാക്കിയ രാജ്യങ്ങൾ പട്ടിണിയിലേക്കാണ് വന്നിരിക്കുന്നുവെന്നും സാമ്പത്തികരംഗത്ത് മുന്നോട്ടുപോകാൻ കഴിയില്ല എന്നുമുള്ള ചിത്രം വിലയിരുത്തുമ്പോൾ കേരളത്തിന് പിടിച്ചു നിൽക്കാൻ കഴിഞ്ഞുവെന്ന് പറയുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി കാര്യക്ഷമതയോടുകൂടി, ആത്മാർത്ഥതയോടുകൂടി ജനക്ഷേമകരമായി പ്രവർത്തിക്കാനും സാമ്പത്തിക രംഗത്തെ അച്ചടക്കം പാലിച്ചുകൊണ്ട് പ്രവർത്തിക്കാനും തയ്യാറായി എന്നതുകൊണ്ടാണ്. ഇവിടെ യു.ഡി.എഫിന്റെ ഭാഗത്തുനിന്നും പ്രസംഗിച്ച നേതാക്കന്മാരുടെ ഏറ്റവും വലിയ സങ്കടം ട്രഷറി ഒരു ദിവസംപോലും പൂട്ടിയില്ല എന്നുള്ളതാണ്. അവർക്ക് അത് ഏറ്റവും വിഷമമുണ്ടാക്കും എന്നുള്ളതിൽ സംശയമില്ല. കാരണം നാലരവർഷക്കാലം യു.ഡി.എഫ്. ഭരിച്ചപ്പോൾ 11 പ്രാവശ്യം ട്രഷറി പൂട്ടി എന്നുള്ള അനുഭവമാണുള്ളത്. 11 പ്രാവശ്യം ട്രഷറി പൂട്ടി. ഒരു പ്രാവശ്യമെങ്കിലും ഒന്നുപൂട്ടിക്കാണുക എന്നുള്ളത് അവരുടെ ഏറ്റവും വലിയ ആഗ്രഹമായി മാറിയിരിക്കുകയാണ്. നാലര വർഷക്കാലം കാത്തിരുന്നു. ഇതുവരെ ട്രഷറി പൂട്ടാതെ മുന്നോട്ടുപോകാൻ കഴിഞ്ഞു എന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കാര്യമാണ് എന്നുള്ളതിൽ സംശയമില്ല. ഇവിടെ സാമ്പത്തിക പ്രതിസന്ധിയുണ്ടായി. ബുദ്ധിമുട്ടുകൾ ഉണ്ടായതിന്റെ കാരണം എന്താണ്? കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാൻ ഒരു സ്റ്റേറ്റ് തയ്യാറായാൽ, ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് സ്റ്റേറ്റിനുണ്ടായാൽ പ്രതിസന്ധികൾ സ്വാഭാവികമാണ്. ഇവിടെ ബുദ്ധിമുട്ടുകളെക്കുറിച്ച് പറഞ്ഞു. എന്താണ് ബുദ്ധിമുട്ട്? ജനങ്ങൾക്കുവേണ്ടിയുള്ള ബുദ്ധിമുട്ടുകളാണ്. ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണ് കേരളത്തിൽ ഭരിക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ പാവപ്പെട്ട ആളുകൾക്കുവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ് പൊതുവിതരണ മേഖല. യു.ഡി.എഫിന്റെ സമീപനം എന്തായിരുന്നു? പൊതുവിതരണ മേഖലയിൽ റേഷൻ സംവിധാനം അട്ടിമറിക്കുന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി നിന്നുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ റേഷൻ അരിക്ക് വിലകൂട്ടിയ സാഹചര്യമുണ്ടായതെങ്കിൽ റേഷനരിക്ക് കേന്ദ്ര ഗവൺമെന്റ് വിലകൂട്ടിയപ്പോഴും കേരളത്തിൽ വിലകൂട്ടാതെ നിയന്ത്രിച്ചുകൊണ്ട് കൊടുക്കാനുള്ള നടപടി എന്നുപറയുമ്പോൾ കേരളത്തിലെ ഗവൺമെന്റ് അതിനുവേണ്ടി സബ്സിഡിയായി ആവശ്യമുള്ള തുക മാറ്റിക്കൊടുക്കുകയാണ്. പാവപ്പെട്ടവരെ ബാധിക്കുന്ന വിഷയമാണ് സാമ്പത്തികം. നിങ്ങൾ പറയുന്നത് അല്ല എന്നാണ്. ഇവിടത്തെ പാവപ്പെട്ടവരെ ബാധിക്കുന്ന വിഷയങ്ങളിൽ ഈ ഗവൺമെന്റ് ആത്മാർത്ഥത കാണിച്ചതുകൊണ്ടുള്ള ഞെരുക്കമാണിവിടെയുള്ളത്. ആ ഞെരുക്കത്തിൽ പ്രതിസന്ധിയില്ല. സഹായിച്ചുകൊണ്ടുതന്നെ മുന്നോട്ടു പോകുന്നു. ഇവിടത്തെ പാവപ്പെട്ടവർക്ക് ആവശ്യമുള്ള മാവേലി സ്റ്റോറുകൾ, നിങ്ങൾ 30 എണ്ണം അടച്ചുപൂട്ടി. ഞങ്ങൾ അതു തുറന്നു. 30 മാവേലിസ്റ്റോറുകൾ തുറന്നു പ്രവർത്തിയ്ക്കാൻ കാശുവേണ്ടേ? 30 മാവേലിസ്റ്റോറുകൾ തുറന്നു എന്നു മാത്രമാണോ? കേരളത്തിൽ മുഴുവൻ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നു പറഞ്ഞാൽ കേരളത്തിലെ പട്ടിണിപ്പാവങ്ങൾ സ്വാഗതം ചെയ്യും. ഞെരുക്കം, ബുദ്ധിമുട്ടുകൾ എന്നെല്ലാം നിങ്ങൾ പറയുമ്പോഴും സാധാരണക്കാരായ ജനങ്ങൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തുമ്പോഴും ജനങ്ങൾ ഗവൺമെന്റിനുവേണ്ടി നിൽക്കും എന്നുള്ളതിൽ സംശയമില്ല. അതുപോലെ തന്നെ ഇവിടെ പാവപ്പെട്ടവർക്ക് വീടു വച്ചുകൊടുക്കുന്ന കാര്യം, യു.ഡി.എഫ്. ഗവൺമെന്റ് എത്ര വീടുവച്ചു കൊടുത്തു? യു.ഡി.എഫ്. ഗവൺമെന്റ് 5 വർഷം ഭരിച്ചപ്പോൾ 9000 വീടുകൾ നിർമ്മിച്ചുനൽകി എങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റ് നാലര വർഷക്കാലം കൊണ്ട് 3 ലക്ഷത്തോളം വീടുകൾ പൂർത്തിയാക്കി. ഇതിനു കാശു വേണ്ടേ? സാമ്പത്തികബുദ്ധിമുട്ടുകൾ ഗവൺമെന്റ് തരണം ചെയ്യും. വിദ്യാഭ്യാസമേഖലയിൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേരളത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ വേണ്ടി, പ്ലസ് ടു സംവിധാനം നടപ്പാക്കാൻവേണ്ടി കേരളത്തിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ട്. ആ സാമ്പത്തിക ബാധ്യതയിലേക്ക് വരുമ്പോൾ 75000 കുട്ടികൾക്ക്, കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരം കൂടുതലായിട്ട് ഉണ്ടാകുകയാണ്. പ്രീഡിഗ്രിക്ക് ഉണ്ടായിരുന്നതിനെക്കാൾ കൂടുതൽ പഠനസൗകര്യം ഇവിടെ ലഭ്യമാക്കുകയാണ്. ഇവിടത്തെ സാധാരണക്കാരായ കുട്ടികൾക്കുവേണ്ടി നടപ്പാക്കുന്ന കാര്യങ്ങൾ, 28 ലക്ഷത്തോളം കുട്ടികൾക്ക് 5 കിലോ അരി വീതം 3 പ്രാവശ്യമായിട്ട് കൊടുക്കുന്നു. ഓണത്തിനും, ക്രിസ്തുമസിനും റംസാനുമായി കൊടുക്കുന്നു. കോടിക്കണക്കിന് രൂപ അതിനു വേണ്ടിവരും. ഈ ക്രിസ്തുമസിനും കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിരിക്കുന്നു. എത്രയോ സന്തോഷകരമായ കാര്യങ്ങൾ. ഇത്തരം കാര്യങ്ങൾ നടപ്പാക്കാൻ കഴിയുന്നതിന് സ്വാഭാവികമായിട്ട് ബുദ്ധിമുട്ട് വരികയാണ്. അതുപോലെ എസ്.സി./എസ്.റ്റി. വിഭാഗത്തിന് സംരക്ഷണം കൊടുക്കുന്ന കാര്യത്തിൽ ഏറ്റവും കൂടുതൽ ആത്മാർത്ഥത കാണിച്ചത് ഈ ഗവൺമെന്റ് അല്ലേ? അർഹതപ്പെട്ട ആനുകൂല്യം കൊടുക്കാൻ കഴിയുന്ന നിലയിലേക്ക് കാര്യക്ഷമതയോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടു വന്ന് എത്രയോ ആനുകൂല്യങ്ങളാണ് കൊടുക്കുന്നത്. കാർഷിക മേഖലയിൽ വളരെ ഗുരുതരമായ പ്രതിസന്ധി നേരിടുന്നു. ഇവിടെ നടക്കുന്ന സമരം ഡൽഹിയിലായിരുന്നു വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ആരുടെ കുഴപ്പം കൊണ്ടാണ്? ഇവിടെ എ.സി.യിലാണ് സമരം നടക്കുന്നത് എന്നുള്ളത് മറ്റൊരു കാര്യമാണ്. ഞങ്ങൾ വിദ്യാർത്ഥി നേതാക്കൾ എട്ടു ദിവസം സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാര സത്യാഗ്രഹം നടത്തിയിട്ടുണ്ട്. ചുട്ടുപ്പൊള്ളുന്ന വെയിലത്ത് ഞങ്ങൾ സമരപന്തൽ നിർത്തി. അത്തരത്തിലുള്ള സമരമാണ് നടത്തിയിരുന്നത്. ഇന്ന് നമ്മുടെ സഹോദരങ്ങൾ ബുദ്ധിമുട്ടുകളൊന്നും ഇല്ലാതെ സുഖമായ എ.സി സൗകര്യങ്ങളോടെ സമരം നടത്തിയിരുന്നത്. ഡൽഹിയിലാണ് ഈ സമരം നടത്തിയിരുന്നതെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ ചെറുക്കാനുള്ള സമരമാക്കി മാറ്റാൻ കഴിയുമായിരുന്നു. അതിൽ സഹകരിക്കാൻ തയ്യാറാകാതെ രാഷ്ട്രീയ പ്രേരിതമായി നിൽക്കുമ്പോൾ കേരളത്തിലെ കാർഷികമേഖലയെ ദാരുണമായ സാഹചര്യത്തിൽ നിന്ന് മെച്ചപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ഒറ്റക്കെട്ടായി പ്രതികരിക്കുവാൻ മുന്നോട്ടു വരണമെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ കർഷകർക്കു വേണ്ട കാര്യങ്ങൾ പരമാവധി ചെയ്യാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. കേരളത്തിലെ കാർഷികമേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയുടെ ഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയ നയങ്ങളുടെ ദുരന്തമാണെങ്കിൽപ്പോലും സംസ്ഥാന ഗവൺമെന്റ് കൂടുതൽ ഉണർവോടുകൂടി സജീവമായി നിന്നുകൊണ്ട് കൃഷിക്കാരെ സഹായിക്കാൻ മുന്നോട്ടു വരണമെന്നുള്ള ആവശ്യംകൂടി ഞാൻ ഉന്നയിക്കുകയാണ്. കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള കാശ് എത്രയുംവേഗം കൊടുക്കാനുള്ള നടപടിയുണ്ടാകണം. യു.ഡി.എഫ്. ഗവൺമെന്റ് 400 കോടി രൂപയോളം കുടിശ്ശിക ഉണ്ടാക്കിവച്ചിട്ടാണ് ഇറങ്ങിപ്പോയത്. ഒരു കാര്യവും ചെയ്യാൻ കഴിയാത്ത അവസ്ഥയായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നേതൃത്വം കൊടുത്തുകൊണ്ട് വികസന പ്രവർത്തനരംഗം തളരാതെ മുന്നോട്ടുപോകാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. ഈ പ്രതിസന്ധികളൊക്കെ തരണം ചെയ്യുന്നതിന് ആവശ്യമായ തുക കൊടുത്തു തീർക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനവിനിയോഗ ബിൽ ഇതുപോലെ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്ന, ആത്മാർത്ഥതയുള്ള ഒരു ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ശക്തി പകരുവാൻ ആവശ്യമാണെന്നുള്ളതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ ചുരുക്കുന്നു.

<u>ശ്രീ. പി.പി.സുലൈമാൻ റാവുത്തർ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ താൽപര്യങ്ങൾ പരിരക്ഷിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ വികസന പുരോഗതിയിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. മൂന്നു ലക്ഷത്തോളം വീടുകൾ വച്ചുകൊടുക്കുവാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. സമൂഹത്തിലെ ഏറ്റവും ദുർബല ജനവിഭാഗങ്ങൾക്ക്, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകൾക്ക് ഇതുമൂലം പ്രയോജനം ലഭിച്ചിട്ടുണ്ട്. ഒരു കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് ഈ സംസ്ഥാനത്തെ ലക്ഷംവീടുകളുടെ പ്രശ്നമാണ്. ഞാൻ തന്നെ ഈ നിയമസഭയിൽ ഒന്നിലേറെ തവണ ഉന്നയിച്ചിട്ടുള്ളതാണ്. ഈ ലക്ഷം വീടുകൾ ഇന്ന് ഉപയോഗശൂന്യമായ അവസ്ഥയിലാണ്. പലതും നിലംപതിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയേറെ ഭവനനിർമ്മാണ രംഗത്ത് വിപ്ലവകരമായ മുന്നേറ്റം സൃഷ്ടിക്കുവാൻ കഴിഞ്ഞ സാഹചര്യത്തിലും ഈ കാര്യത്തിൽ നമുക്ക് ശ്രദ്ധ പതിപ്പിക്കുവാൻ കഴിയാതെപോയത് നിർഭാഗ്യകരമാണ്. ഈ ലക്ഷം വീടുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇനിയെങ്കിലും അവശേഷിക്കുന്ന കാലയളവിലെങ്കിലും ഒരു പാക്കേജ് പദ്ധതി പോലെ ഉണ്ടാക്കിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ലക്ഷംവീടു കളും പുനരുദ്ധരിക്കാനുള്ള ഒരു നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

അതുപോലെ അംഗൻവാടി ജീവനക്കാരുടെ പ്രശ്നം. ഇന്ന് വളരെ തുച്ഛമായ വേതനംപറ്റിക്കൊണ്ട് തൊഴിലെടുക്കുന്ന ഒരു വിഭാഗമാണ് കേരള ത്തിലെ അംഗൻവാടി ജീവനക്കാർ. അവരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യ ത്തിൽ ആശാസ്യമായ നടപടികളുണ്ടായിട്ടില്ല. ഇന്ന് 200 രൂപയ്ക്ക് താഴെ മാത്രമാണ് അവർക്ക് വേതനമായി നൽകാൻ കഴിയുന്നത്. ഈ കാര്യത്തിലും ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കു ന്നു. വിഭവസമാഹരണത്തിൽ നാം കൈവയ്ക്കേണ്ട ചില മേഖലകൾ കൂടി യില്ലേ എന്ന് ഗൗരവമായി നാം പരിശോധിക്കണം. മൂന്നാറിലെ കണ്ണൻദേവൻ ആയിരക്കണക്കിന് ഏക്കർ ഭൂമി അനധികൃതമായി ഇപ്പോഴും കൈവശം വച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ റീസർവ്വേ പൂർത്തിയാക്കി ബാക്കിഭൂമി പിടി ച്ചെടുക്കാനുള്ള നടപടിയുണ്ടാക്കണം. അതുപോലെ ഇടുക്കിജില്ലയിൽതന്നെ യുള്ള തോട്ടങ്ങളിൽ സർവ്വേ ചെയ്യപ്പെടാത്ത ആയിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. അതുപോലെ കുത്തകപാട്ടം വർദ്ധിപ്പിക്കേണ്ട പ്രശ്നമുണ്ട്. വാസ്തവത്തിൽ വിഭവസമാഹരണത്തിനുള്ള ഒട്ടേറെ വഴികൾ തുറന്നു കിട ക്കുമ്പോഴാണ് ആ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുവാൻ കഴിയാതെ ലക്ഷംവീടു നിവാസികൾക്കുൾപ്പെടെ ആശ്വാസമരുളുവാൻ കഴിയാതെ പോയ തെന്ന ദുഃഖകരമായ സത്യംകൂടി ഈ ഗവൺമെന്റ് പരിഗണിക്കണം. ആ കാര്യത്തിൽ അനുഭാവപൂർവ്വമായ അനുകൂലമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു.

<u>ശ്രീ. കെ.ടി.കുഞ്ഞഹമ്മദ്</u> : ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. മുൻ ധനകാര്യവകുപ്പുമന്ത്രി ബഹുമാനപ്പെട്ട കെ.എം. മാണി ഇവിടെ പ്രസംഗിച്ചപ്പോൾ ഈ സംസ്ഥാന ഗവൺമെന്റ് ഒരു കട ക്കെണിയിൽപ്പെട്ടിരിക്കുകയാണ്. കമ്മി വർദ്ധിച്ചിരിക്കുന്നു, ചെലവുകൾ വർദ്ധിക്കുന്നു എന്നൊക്കെ പറയുകയുണ്ടായി. പുതിയ എന്തോ ഒരു കണ്ടുപി ടുത്തം ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ചെലവുണ്ടാകും, കമ്മിയു ണ്ടാകും. അതൊരു പുതിയ അനുഭവമായി കാണുന്നത് ശരിയല്ല. അതുപോ ലെതന്നെ ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഈ കസേരയിൽ വരാൻപോകുന്ന ധനകാര്യവകുപ്പുമന്ത്രിക്ക് ഇരിക്കാൻ പറ്റാത്തവിധം മോശമായിരിക്കുന്നുവെന്ന് പറഞ്ഞു. ഇവിടെ ഈ കസേരയിൽ ഭാവിയിൽ വന്നിരിക്കാം എന്ന പ്രതീക്ഷ മുൻധനകാര്യവകുപ്പുമന്ത്രിക്ക് വേണ്ടെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹി ക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റു തന്നെ വീണ്ടും അധി കാരത്തിൽവരും. അതുകൊണ്ട് കസേര സ്വപ്നം കണ്ടു കഴിയേണ്ട എന്നാണ് എനിക്ക് അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പ ത്തിക കാർഷികനയം ഈ രാജ്യത്തെ പാപ്പരത്വത്തിലേയ്ക്ക് കൊണ്ടുപോകും എന്ന് ഉത്തമബോദ്ധ്യമായിട്ടുണ്ട്. അതു മറച്ചുവയ്ക്കാനുള്ള ടിപ്പണിയാണ് ഈ ഗവൺമെന്റിന്റെ കുറ്റപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ നയം. ഉൽപ്പന്ന ങ്ങളുടെ വില കുറഞ്ഞ് കുറഞ്ഞ് 2-ാം ലോകമഹായുദ്ധത്തിനു ശേഷമുള്ള പട്ടിണിയിലേയ്ക്കാണ് ഈ രാജ്യം ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നത് മനസ്സിലാക്കി ഒന്നിച്ചുനിന്ന് കേന്ദ്ര നയത്തിനെതിരായി പോരാടാനുള്ള യാതൊരു ശ്രമവും നടത്താതെ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന രീതി യിലുള്ള ദുഷ്പ്രചരണങ്ങളാണ് ഇന്ന് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ സാമ്പത്തികനയം. ഇറക്കുമതി നയം അതാണ് ഈ രാജ്യത്തെ പാപ്പരാക്കിയത്. അത് നിലവിലുണ്ടായിട്ടുപോലും ഈ ഗവൺമെന്റ് കേരളത്തിൽ പിടിച്ചുനിന്നു. ഒരു ദിവസം പോലും ട്രഷറി പൂട്ടിയില്ല. ട്രഷറിക്ക് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് മുൻ ഗവൺമെന്റിന്റെ കാലത്തും ഡിസംബർ മാസങ്ങളിൽ ട്രഷറിക്ക് നിയന്ത്രണങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ശമ്പളം കൊടുക്കാൻപോലും പണമില്ലാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് ഒട്ടനവധി കാര്യങ്ങൾ ഇവിടെ ചെയ്തിട്ടുണ്ട്. ഭാവിയിൽ തിരിച്ചുവരാൻ തക്കവണ്ണം ഈ ഗവൺമെന്റ് ജനങ്ങളുടെ മുൻപിൽ വച്ചിട്ടുള്ള പരിപാടികൾ ഒന്നൊന്നായി നടപ്പിലാക്കി മുന്നോട്ടുപോവുകയാണ്. അതിന്റെ ഫലമായി കടമുണ്ടാകും. അതു നികത്താനും സാധിക്കും. കാരണം ജനങ്ങൾക്കുവേണ്ടി കടമെടുത്തുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റികൊണ്ട് മുന്നോട്ടുപോകാൻതന്നെയാണ് ഈ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുള്ളത്. അതിനെതിരായി അപ്പുറത്തിരിക്കുന്ന ആളുകൾ നിഷേധാത്മകമായ നയം തുടർന്നുകൊണ്ട്പോവുകയാണ്. ഈ സംസ്ഥാനത്തിന്റെ കഴിഞ്ഞ നാലര വർഷത്തെ ഭരണം സംസ്ഥാനത്ത് നിയമ സമാധാനം പാലിക്കുന്നതിനു സാധിച്ചിട്ടുണ്ട്. വെടിവെയ്പ്പില്ലാത്ത, വർഗ്ഗീയലഹളയില്ലാത്ത ഒരു ഭരണകൂടം ഈ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നാലര വർഷത്തെ ഭരണം തങ്കലിപികളാൽ ചരിത്രകാരൻമാർ രേഖപ്പെടുത്തുമെന്ന് തീർച്ചയാണ്. ഇവിടെ സമാധാനഭംഗമുണ്ടാകുമ്പോൾ അതിനെ നേരിടാൻ സമാധാനപരമായ ജനജീവിതം ഉറപ്പുവരുത്താൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഒരിക്കൽക്കൂടി ഈ ധനവിനിയോഗബില്ലിനെ പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ.ടി. നാണുമാസ്റ്റർ</u> : സർ, ഞാൻ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. യാഥാർത്ഥ്യം കാണാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. ശ്രീ.കെ.എം.മാണി ഇവിടെ എട്ടുകൊല്ലം ധനകാര്യമന്ത്രിയായിരുന്നു. ട്രഷറി എത്രപ്രാവശ്യം അടച്ചുപൂട്ടിയെന്നുള്ളത് അദ്ദേഹം എന്തിനാണ് മറച്ചുവയ്ക്കുന്നത്. 12 പ്രാവശ്യം അടച്ചുപൂട്ടിയില്ലേ? എന്തായാലും അദ്ദേഹം ഒരുകാര്യം സമ്മതിച്ചു പദ്ധതി അഡ്വാൻസ് വാങ്ങുവാൻ ഡൽഹിയിൽ പോയിട്ടുണ്ടെന്ന്. പദ്ധതി അഡ്വാൻസ് വാങ്ങി എങ്ങനെയാണ് ചെലവഴിച്ചത്? പഞ്ചവൽസര പദ്ധതിയുടെ പിറ്റേവർഷത്തേയ്ക്കുള്ള തുക അഡ്വാൻസായി വാങ്ങുക അതു വകമാറി ചെലവ് ചെയ്യുക അതല്ലേ നടന്നത്? അതു സമ്മതിച്ചല്ലോ? യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് പ്രതിസന്ധികളിലൂടെ പതറാതെയാണ് മുന്നോട്ടുപോകുന്നത്. ഇവരുടെ കാലം പോലെ ആയിരുന്നുവെങ്കിൽ ട്രഷറി പൊളിച്ചു കളയണം. അതല്ലേ പ്രതിസന്ധി? ആ പ്രതിസന്ധികളിൽ ആത്മാർത്ഥമായ സംയമനത്തോടുകൂടി, യാഥാർത്ഥ്യ ബോധത്തോടുകൂടി, തികഞ്ഞ സാമ്പത്തിക അച്ചടക്കത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതുകൊണ്ടല്ലേ നമുക്ക് പിടിച്ച് നിൽക്കുവാൻ കഴിയുന്നത്. പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ ഇന്നലെ പ്രതിപക്ഷം ഇവിടെ സൂചിപ്പിച്ചു, നിങ്ങൾ അധികാരം ഒഴിയുമ്പോൾ 1996-ൽ ഇത്ര കോടി മിച്ചം ഉണ്ടായിരുന്നു എന്നു പറഞ്ഞു. ശരിയായിരുന്നു. പക്ഷേ നിങ്ങൾ കൊടുക്കുവാനുള്ളത് കൊടുത്തോ? കർഷകത്തൊഴിലാളി പെൻഷൻ 18 മാസത്തെ കുടിശ്ശിക വരുത്തിവച്ചില്ലേ; മറ്റ് പെൻഷൻകാർക്കും ആവോളം കുടിശ്ശിക നിങ്ങൾ വരുത്തിവച്ചില്ലേ? തൊഴിലില്ലായ്മ വേതനം നിങ്ങൾ കുടിശ്ശിക വരുത്തിവച്ചില്ലേ? അതുപോലുള്ള എത്രയെത്ര സാമൂഹ്യക്ഷേമവികസന പദ്ധതികളിൽ നിങ്ങൾ കുടിശ്ശിക വരുത്തി.



LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് നിങ്ങൾ പറയുന്നു, 350 കോടിരൂപ ഞങ്ങൾ മിച്ചം ഉണ്ടാക്കിയെന്ന്. കോൺട്രാക്ടർമാർക്ക് എത്ര രൂപ കൊടുക്കുവാൻ ഉണ്ടായിരുന്നു? അത് നിങ്ങൾ കണക്കിലെടുക്കുന്നില്ല. ഞാൻ പറയുന്നു ഈ ചെപ്പടിവിദ്യ അഴിച്ചു വിട്ടുകൊണ്ട് ഈ ഗവൺമെന്റിനെ കരിതേയ്ക്കുവാൻ നിങ്ങൾക്ക് സാധ്യമല്ല. ജനങ്ങൾ ഇതു കാണുന്നുണ്ട്. ഇവിടത്തെ പ്രതിസന്ധി നിങ്ങൾ ഉൾക്കൊള്ളു കയില്ലായിരിക്കാം. പക്ഷേ ജനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. എന്താണ് പ്രതിസന്ധി? പുത്തൻ സാമ്പത്തികനയത്തിന്റെ ഫലമായി ഇൻഡ്യയിലെ മുഴു വൻ സംസ്ഥാനങ്ങളും പറയുന്നു, നമ്മൾ അതിനേക്കാളൊക്കെ താഴെയാണ്. കാരണം ഒരു കൺസ്യൂമർ സ്റ്റേറ്റ് കൂടിയാണ് നമ്മുടേത്. നമ്മുടെ നാണ്യവിള ഉൽപ്പന്നങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. അതേ അവസരത്തിൽ മുമ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളിൽ വളരെ വളരെ കൂടുതൽ തുക ചെലവ് ചെയ്യു കയാണ് ഇപ്പോൾ. ഉദാഹരണമായി പലരും ഇവിടെ സൂചിപ്പിച്ചു. കർഷക തൊഴിലാളികൾക്കും പട്ടികജാതി തൊഴിലാളികൾക്കും വീടുവയ്ക്കുവാൻ നിങ്ങളുടെ കാലത്ത് 10,000 രൂപ കൊടുത്തിരുന്നുവെങ്കിൽ ഇപ്പോൾ 35,000 രൂപയാണ് കൊടുക്കുന്നത്. ഭൂമി വാങ്ങുവാൻ 1,00,000 രൂപവരെയാണ് ഇപ്പോൾ കൊടുക്കുന്നത്. നിങ്ങളുടെ ഭരണകാലത്ത് ആ സ്കീം ഉണ്ടായിരുന്നില്ല. ഉണ്ടാ യിരുന്നുവെങ്കിൽ 10,000 രൂപയ്ക്ക് അപ്പുറം കൊടുത്തിട്ടില്ല. ഇങ്ങനെയുള്ള ഓരോ വിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി പ്രതിസന്ധി നിലനിൽക്കെത്തന്നെ പ്രയോജനകരമായ വിധത്തിലുള്ള പദ്ധതികൾക്കാണ് തുക ചെലവഴിച്ചു കൊണ്ടിരുന്നത്. ജനകീയാസൂത്രണവും വികസന പ്രവർത്തനവുമായി നമ്മൾ മുന്നോട്ടുപോകുന്നു. ഈ സാഹചര്യത്തിലും തികഞ്ഞ സാമ്പത്തിക അച്ചടക്ക ത്തോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നിങ്ങൾ ഇവിടെ രണ്ട് മന്ത്രിമാരുടെ ഫോൺ ബില്ല് കട്ടുചെയ്തതിനെ സംബന്ധിച്ച് പറ ഞ്ഞല്ലോ? കട്ട് ചെയ്യണം. അതുപോലും സഹിക്കുവാൻ ഇവിടത്തെ മന്ത്രിമാർ ഒരുക്കമാണ്. അതു എന്തുകൊണ്ടാണ്? ഈ സാമ്പത്തിക സ്ഥിതി കണക്കിലെ ടുത്ത് ചെലവ് ചുരുക്കുവാൻ തയ്യാറായിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോ ട്ടുപോകുന്നത്. അതാണ് ഈ ഗവൺമെന്റിന്റെ നയം. അതു നിങ്ങൾ മനസ്സി ലാക്കണം. നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾ നടത്തിയിട്ടുള്ള ധൂർത്ത്, സ്വജ നപക്ഷപാതം അതുപോലുള്ള നടപടികൾ ഒന്നുംതന്നെ ഇല്ലാതെ ഈ ഗവൺമെന്റ് സംസ്ഥാനത്തിലെ ജനങ്ങളുടെ ഉത്തമ താൽപര്യം കണക്കിലെടു ത്തുകൊണ്ട് മുന്നോട്ടുപോകുന്നു. ഈ ഗവൺമെന്റിന്റെ തികഞ്ഞ അച്ചടക്ക ത്തോടുകൂടിയുള്ള സാമ്പത്തിക സമീപനത്തെ ഒരിക്കൽകൂടി അംഗീകരിച്ചു കൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുകയാണ്. പിന്താങ്ങുന്നതിൽ എനിക്ക് വ്യക്തമായ കാരണ ങ്ങളുണ്ട്. അതു ഞാൻ വിശദീകരിക്കുന്നതിന് മുമ്പ്, ഈ ബില്ലിന്റെ ചർച്ചയ്ക്ക് തുടക്കം കുറിച്ച് ബഹുമാനപ്പെട്ട കെ.എം. മാണി ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം ഉന്നയിച്ച ആക്ഷേപങ്ങളിൽ പ്രധാനം ഈ ഗവൺമെന്റ് ഓവർഡ്രാഫ്റ്റ് വരുത്തി ഈ ഗവൺമെന്റിന്റെ കടബാദ്ധ്യത ഇങ്ങനെ കുറെ കാര്യങ്ങൾ പറഞ്ഞു അദ്ദേഹത്തിന്റെ പ്രസംഗത്തിലെ മുഖ്യവിഷയം കടബാ ധ്യത ഉണ്ടായി, ഓവർഡ്രാഫ്റ്റ് വരുത്തി എന്നതാണ്. ഞാൻ അദ്ദേഹത്തോട് വിനയപൂർവ്വം ചോദിക്കട്ടെ, അങ്ങ് 1991-96 കാലയളവിൽ ധനകാര്യമന്ത്രി ആയിരുന്നല്ലോ ആ സമയം 11 പ്രാവശ്യം ട്രഷറി അടച്ചുപൂട്ടിയില്ലേ? 11 പ്രാവശ്യം ട്രഷറി അടച്ചുപൂട്ടിയിട്ട്, ഈ ഗവൺമെന്റിന്റെ നാലരവർഷക്കാല ത്തിനിടയിൽ ഒരു പ്രാവശ്യം ട്രഷറി അടച്ചുപൂട്ടേണ്ട ഗതികേടിലേയ്ക്ക് കേരള

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി എത്തിയോ? എത്തിയില്ല എന്നുള്ളത് അദ്ദേഹം അംഗീകരിക്കുന്നതിനുള്ള സാമാന്യമര്യാദ വേണ്ടേ? 11 പ്രാവശ്യം ട്രഷറി അടച്ചുപൂട്ടി എന്നുമാത്രമല്ല, ട്രഷറി അടച്ചുപൂട്ടുന്നതിനുള്ള സാധാരണ നടപടിക്രമം പണം ഇല്ലെങ്കിൽ ഓവർഡ്രാഫ്റ്റ് വരും, അതിന്റെ പരിധി കഴിഞ്ഞാൽ അടച്ചുപൂട്ടും. അതും കഴിഞ്ഞ് സാലറിപോലും കൊടുക്കുവാൻ കഴിയില്ല എന്ന് 1993-94 കാലയളവിൽ നിങ്ങളുടെ ഭരണകാലത്ത് രണ്ട് പ്രാവശ്യം നിർദ്ദേശം കൊടുത്തു. സാലറിപോലും കൊടുക്കുവാൻ പാടില്ല എന്ന നിർദ്ദേശം ഈ ഗവൺമെന്റിന്റെ കാലയളവിൽ ഒരിക്കൽ പോലും വന്നിട്ടില്ല. യു.ഡി.എഫ്. ഭരണകാലത്ത് രണ്ട് പ്രാവശ്യം കേരളത്തിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളംപോലും കൊടുക്കുവാൻ പാടില്ല എന്ന നിർദ്ദേശം കിട്ടിയ ഒരു ഗവൺമെന്റിന്റെ ധനകാര്യമന്ത്രിയാണ് ഇവിടെ ഒരു ഉളുപ്പും ഇല്ലാതെ ഈ ഗവൺമെന്റിന്റെ സാമ്പത്തികപ്രതിസന്ധിയുടെ കഥ ഘോരഘോരം പ്രസംഗിക്കുന്നത്. എനിക്ക് ഇതു കേട്ടപ്പോൾ തോന്നിയത്, രണ്ട് കാലിലും മന്തുള്ള ഒരാൾ ഒരു കാലിൽ മന്തുള്ളവരെ നോക്കി മന്താ മന്താ എന്നുവിളിക്കുന്ന ഒരു ചിത്രമാണ്. അങ്ങനെ പ്രസംഗിക്കണമെങ്കിൽ അസാധാരണമായ തൊലിക്കട്ടി വേണം. രണ്ട് കാലിൽ മന്തുള്ളവൻ ഒരു കാലിൽമാത്രം മന്തുള്ളവരെ നോക്കി മന്താ മന്താ എന്നു വിളിക്കണമെങ്കിൽ അസാധാരണ തൊലിക്കട്ടിവേണം. അതുകൊണ്ട് ഇവിടെ സാമ്പത്തികപ്രതിസന്ധി ഇല്ലെന്ന് ഞാൻ പറയുന്നില്ല. സാമ്പത്തിക പ്രതിസന്ധിയുണ്ട്. കേരളത്തിൽ മാത്രമാണോ അത്? അതു തന്നെ വേണമെങ്കിൽ സാർവ്വദേശീയം എന്നു പറയാം. സാർവ്വദേശീയമൊന്നും അല്ല. പക്ഷേ ഈ ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധിയെ അതിജീവിച്ചുകൊണ്ട് കഴിഞ്ഞ നാലരവർഷക്കാലം ചെയ്ത കാര്യങ്ങൾ ചെയ്തില്ല എന്നുപറയാൻ നിങ്ങൾക്ക് ആവില്ല എന്നതുകൊണ്ടാണ് ഞാൻ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു എന്നു പറഞ്ഞത്. 1991-96 കാലയളവിൽ കാർഷികമേഖലയിലെ വളർച്ച എത്രയായിരുന്നു? അന്ന് 0.8 ശതമാനം. ഇപ്പോൾ കൃഷിയെക്കുറിച്ച് ആണല്ലോ ഇവിടെ കലാപം നടത്തുന്നത്. പ്രശ്നം ഉണ്ട്. കാർഷികമേഖലയിൽ പ്രതിസന്ധിയുണ്ട്. ഉൽപ്പാദന വളർച്ച ഇല്ലാത്തതുകൊണ്ടല്ല. കഴിഞ്ഞ കാലയളവിൽ 0.8 ശതമാനം ആയിരുന്നുവെങ്കിൽ ഇപ്പോൾ 5.6 ശതമാനമായി കാർഷിക മേഖലയിൽ വളർച്ച നേടുവാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞു എന്നത് അഭിമാനകരമാണ്. പക്ഷേ പ്രശ്നം ഇല്ലേ? പ്രശ്നം ഉണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണം നായനാർ സർക്കാരാണോ? അതിനു ബഹുമാനപ്പെട്ട പത്ത് സുഹൃത്തുക്കളെ അപ്പുറത്ത് കിടത്തി പരിഹരിക്കുവാൻ കഴിയുന്ന വിഷയമാണോ അത്? കാർഷികമേഖലയിലുണ്ടായ വിലത്തകർച്ചയ്ക്ക് ഉത്തരവാദികൾ ആരെന്ന് കണ്ടെത്തി അതിന് എതിരായി കക്ഷിരാഷ്ട്രീയം മറന്ന് സ്റ്റേറ്റിന്റെ താൽപര്യം സംരക്ഷിക്കുവാൻവേണ്ടി ഒന്നിക്കുന്നതിനു പകരം നിങ്ങൾക്ക് സങ്കുചിതമായ രാഷ്ട്രീയ താൽപര്യമാണുള്ളത്. അതാണ് പത്ത് സഹോദരന്മാരെ അപ്പുറത്ത് കിടത്തിയിരിക്കുന്നതിന് അർത്ഥം. 0.8 ശതമാനത്തിൽനിന്ന് 5.6 ശതമാനമായി കാർഷിക വളർച്ച വർദ്ധിച്ചു. വ്യാവസായികരംഗത്തെ സ്ഥിതി എന്താണ്? വ്യാവസായികരംഗത്ത് 1991-96 കാലയളവിൽ കേരളത്തിന്റെ വളർച്ച മൈനസ് ആണ്. അതു അംഗീകരിക്കുവാൻ കഴിയുമോ? ഇപ്പോൾ 7.2 ശതമാനം വളർച്ച വ്യാവസായികരംഗത്ത് വന്നു. എങ്ങനെയാണ് വളർച്ചയിലേക്ക് വന്നത്? നിങ്ങൾ കടം എന്നുപറയുമ്പോൾ ഞങ്ങൾ പണം എങ്ങനെ ചെലവഴിച്ചു എന്നാണ് നോക്കേണ്ടത്. നിങ്ങൾ പണത്തിന്റെ വിനിയോഗത്തെക്കുറിച്ചാണ് വിമർശിക്കേണ്ടത്. 7.2 ശത

LIBRARY ARCHIVES Kerala Legislative Assembly

മാനം വളർച്ചയിലേക്ക് വ്യവസായമേഖലയെ കേരളത്തിൽ ഉയർത്താൻ കഴിഞ്ഞത് അഭിമാനകരമല്ലെന്ന് പറയുവാൻ കഴിയുമോ? ഇന്ന് ദേശീയ സ്ഥിതി എന്താണ്? ദേശീയരംഗത്തെ സ്ഥിതി, ഈ രാജ്യത്ത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ ഇന്നുവരെ നാം വളർത്തിയെടുത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റു തുലയ്ക്കുകയാണ്. 1998-99-ൽ മാത്രം 6,500 കോടി രൂപയുടെ ഓഹരിയാണ് വിറ്റു തുലച്ചത്. കേരളത്തിൽ ഏതെങ്കിലും ഒരു സ്ഥാപനം ഇതുപോലെ വിറ്റോ? നിങ്ങൾ disinvestment തീരുമാനിച്ചല്ലോ; പത്തോളം പ്രധാനപ്പെട്ട സ്ഥാപനങ്ങളടക്കം 538 കോടി രൂപ വിനിയോഗിച്ചുകൊണ്ട് ആ സ്ഥാപനങ്ങൾ ഒന്നൊന്നായി പുനരുദ്ധരിക്കുകയാണ്. 6500 കോടി രൂപ ഒരു വർഷം മാത്രം കേന്ദ്രം നഷ്ടപ്പെടുത്തിയപ്പോൾ ഇവിടെ വ്യവസായരംഗത്ത് 538 കോടിരൂപ നാലര വർഷക്കാലം വിനിയോഗിച്ചു എന്നുള്ളത് അഭിമാനകരമാണ്. സാമ്പത്തികരംഗത്ത് ഈ കാരണത്താലാണ് കുറച്ച് കടം വന്നിട്ടുള്ളത്. ഞങ്ങൾക്ക് അതിൽ ന്യായമായ കാരണങ്ങളുണ്ട്. ഈ പണം എങ്ങനെ വിനിയോഗിച്ചു എന്നാണ് നോക്കേണ്ടത്. ചില മേഖലകളെ സെക്ടർവൈസ് ചെയ്യുവാൻകൂടി ആലോചിക്കുകയാണ്. നിങ്ങൾ കഴിഞ്ഞ കാലത്ത് കശുവണ്ടി മേഖലയിൽ എത്രകോടിരൂപയാണ് വിനിയോഗിച്ചത്? എനിക്ക് പിന്നാലെ ശ്രീ. ആര്യാടൻ മുഹമ്മദ് പ്രസംഗിക്കുന്നുണ്ടല്ലോ അദ്ദേഹം പറയട്ടെ, കശുവണ്ടിത്തൊഴിലാളികൾക്ക് എത്രകോടി രൂപ 1991-96 കാലഘട്ടത്തിൽ കൊടുത്തു എന്ന്. ഞങ്ങൾക്ക് പറയുവാൻ കഴിയും നാലര വർഷക്കാലം 143 കോടിരൂപ കാഷ്യൂ കോർപ്പറേഷനും 27 കോടി രൂപ കാപ്പക്സിനും കൊടുക്കുവാൻ കഴിഞ്ഞുവെന്ന്. ഇന്നലെ നമ്മൾ പാസ്സാക്കിയ സപ്ലിമെന്ററി ഡിമാന്റിൽ 13 കോടി രൂപ കാപ്പക്സിനു കൊടുക്കാൻ നീക്കിവച്ചിട്ടുണ്ട്. ഏതാണ് ഈ പണം എന്ന് അറിയാമോ? നിങ്ങളുടെ കാലത്ത് വരുത്തിവെച്ച കടം. ഇപ്പോഴത്തെ കടമല്ല. നിങ്ങളുടെ കാലത്ത് വരുത്തിവച്ച കടമാണ്. 13 കോടി രൂപ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് കൊടുക്കുവാനുള്ളതാണ് ഈ ഗവൺമെന്റ് ഇപ്പോൾ സപ്ലിമെന്ററി ഡിമാന്റിൽ വെച്ചത്. അത്തരത്തിൽ കശുവണ്ടിമേഖലയിൽ മാത്രം ഇത്രയും പണം ചെലവാക്കികഴിഞ്ഞു. കൈത്തറിരംഗത്ത് 1991-96 കാലയളവിൽ നിങ്ങൾ വിനിയോഗിച്ചത്, 98.29 കോടി രൂപ. ഞങ്ങൾ നാലരവർഷം കൊണ്ട്, 199.50 കോടി രൂപ ചെലവാക്കി. കൈത്തറിമേഖയിൽ ഇത്തരത്തിൽ വിനിയോഗിച്ചത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? അല്ലെങ്കിൽ അതിനു ശ്രീ. ആര്യാടൻ മുഹമ്മദ് പിന്നാലെ മറുപടി പറയട്ടെ? കയർമേഖലയിൽ 1991-96 കാലയളവിൽ നിങ്ങൾ വിനിയോഗിച്ചത് 68.68 കോടി രൂപയാണ്. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത്, ഈ വർഷം മാർച്ച് ആകുമ്പോൾ 157.42 കോടി രൂപയാണ് കയർ രംഗത്ത് വിനിയോഗിക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉത്തമമായ താൽപ്പര്യം സംരക്ഷിക്കാൻ, ആറും ഏഴും തൊട്ട് 12 ദിവസം വരെ തൊഴിൽ കൊടുത്ത്, കശുവണ്ടിത്തൊഴിലാളികളെ പട്ടിണിക്കിട്ട നിങ്ങൾക്ക് ഇന്ന് 200 ദിവസവും അവർക്ക് തൊഴിൽ കിട്ടുമ്പോൾ, ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തെ തകർത്തു എന്ന് നെഞ്ചത്ത് കൈവച്ച് പറയാൻ കഴിയുമോ? കഴിയുകയില്ല. കശുവണ്ടിമേഖല എടുത്തുനോക്കൂ. ആ മേഖല ഉണർവ്വിന്റെതാണ്, പുനരുദ്ധാരണത്തിന്റേതാണ്. കാർഷികമേഖലയിൽ ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചകൊണ്ടാണ് പ്രശ്നമെങ്കിൽ ഉൽപ്പാദനരംഗത്ത് വളർച്ചയുണ്ടായി എന്ന് ഏതു കമ്മ്യൂണിസ്റ്റ് വിരുദ്ധരും, ഇടതുപക്ഷ വിരുദ്ധനും തലകുലുക്കി സമ്മതിക്കേണ്ടിവരും. വൈദ്യുതി രംഗം എടുത്തുനോക്കൂ. ബഹുമാനപ്പെട്ട കാർത്തികേയൻ അവിടെ ഇരിപ്പുണ്ടല്ലോ? ശ്രീ. ആര്യാടൻ മുഹമ്മദിന് കണക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊടുക്കൂ. വൈദ്യുതി രംഗത്ത് 1991-96 കാലയളവിൽ നിങ്ങൾ എത്ര രൂപ വിനിയോഗിച്ചു? ഞങ്ങൾ നാലരവർഷത്തിനിടയിൽ നാലായിരം കോടി രൂപ വൈദ്യുതിരംഗത്ത് വിനിയോഗിച്ചു. നാലായിരം കോടി രൂപ ഉൽപ്പാദനരംഗത്തും പ്രസരണ രംഗത്തും വിതരണ രംഗത്തും വിനിയോഗിക്കുകവഴിയാണ് എണ്ണൂറ്റി ചില്വാനം മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചത്. അല്ലാതെ വെറുതെയല്ല. കോടിക്കണക്കിന് രൂപ രാജ്യത്തിന്റെ വികസനരംഗത്ത് വിനിയോഗിച്ചുകൊണ്ട് ശോഭനമായൊരു കേരളത്തെ പടുത്തുയർത്താൻ ഉള്ള രാഷ്ട്രീയമായ ഇച്ഛാശക്തിയാണ് കേരളത്തിൽ നാലര വർഷമായി ഇടതുമുന്നണി സ്വീകരിച്ചത്. മറിച്ച്, നിങ്ങൾ നാനാമേഖലയെയും തച്ചുതകർത്ത് തരിപ്പണമാക്കി. മാത്രമല്ല, നിങ്ങൾ ഖജനാവ് കയ്യിട്ട് വാരി, കൊള്ളയടിച്ച്, അഴിമതി പങ്കു വയ്ക്കുന്ന കാര്യത്തിൽ പരസ്പരം ആരോപണം നടത്തി, കേരളത്തിന്റെയാകെയുള്ള മേഖലകളെ നാശത്തിലേയ്ക്ക് ആക്കിയവരാണ് ഇവിടെ വന്ന് പ്രസംഗം സംഘടിപ്പിക്കുന്നത്. കണ്ണടച്ച് ഇരുട്ടാക്കി, ഇരുട്ടു കൊണ്ട് ഓട്ടയടച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാമെന്ന് നിങ്ങൾ വ്യാമോഹിക്കുന്നു. കഴിഞ്ഞ പ്രാവശ്യം എത്ര മന്ത്രിമാരാണ് അഴിമതിയാരോപണത്തിന് വിധേയരായത്? മാത്രമല്ല, ചിലർ കുറ്റവാളികളാണെന്ന് കോടതി വിധിച്ചില്ലേ? ശ്രീ. ആർ.ബാലകൃഷ്ണപിള്ളയെ എത്ര പ്രാവശ്യമാണ് ശിക്ഷിച്ചത്? ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട സുഹൃത്തുക്കൾ പലരും കോടതി കയറിയിറങ്ങുകയാണ്. ഞാൻ ആരുടെയും പേര് പറയുന്നില്ല. ഇവിടെയെല്ലാവർക്കും പേരറിയാവുന്നതാണ്. ഈത്തരത്തിൽ, പൊതുമുതൽ കൊള്ളയടിച്ച്, അഴിമതി നടത്തിയതിന്റെ ഫലമായി കോടതി കയറിയിറങ്ങാൻ നിർബന്ധിതമായ ഒരു മുന്നണിയുടെ ആളുകൾ ഒരുളുപ്പുമില്ലാതെ ഇടതുപക്ഷജനാധിപത്യ മുന്നണിയെ ആക്ഷേപിക്കാൻ ധൈര്യം കാട്ടുമ്പോൾ നമിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. ഇന്നലെ ബഹുമാനപ്പെട്ട കാർത്തികേയൻ ഇവിടെ പറഞ്ഞതു കേട്ടു. ഇനി അദ്ദേഹത്തിന്റെ വ്യാഖ്യാനത്തോടുകൂടി മാർക്സിസത്തിനു പുതിയൊരു പതിപ്പ് ഇറക്കണം. എന്താണ് പറഞ്ഞത്? മാർക്സിസത്തിന്റെ മിച്ചമൂല്യത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പുതിയ തീസിസ് എന്താണ്? മാർക്സിസ്റ്റുകാർ ആരും ഇന്ന് ഒരു വ്യവസായവും ഒരു സ്ഥാപനവും തുടങ്ങരുത്. കാരണം, അതു മിച്ചമൂല്യം വരും. ലാഭം വരും. കാറൽമാർക്സ് പറഞ്ഞിരിക്കുന്നത് ലാഭം പാടില്ല എന്നാണ്. ബഹുമാനപ്പെട്ട കാർത്തികേയൻ, എങ്ങനെ കിട്ടി നിങ്ങൾക്ക് ഈ തത്വശാസ്ത്രം?

<u>ശ്രീ. ജി.കാർത്തികേയൻ</u> : കേട്ടതു മനസ്സിലാകാത്തതു കൊണ്ടാണ്.

<u>ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ</u> : അങ്ങനെയല്ലേ പറഞ്ഞത്? ഞാൻ കേട്ടത് അങ്ങനെയാണ്. ലാഭം ഉണ്ടാകും, ലാഭമുണ്ടാക്കാൻ പാടില്ല എന്നാണ് മാർക്സ് പറഞ്ഞിരിക്കുന്നത് എന്നാണ്. മിച്ചമൂല്യത്തിനെതിരാണ് കാറൽ മാർക്സ് എന്നും പറയുന്നു. ഈ തത്വശാസ്ത്രം എവിടെ നിന്നും കിട്ടി? ഏതെങ്കിലുമൊരു സ്ഥാപനമുണ്ടായാൽ ലാഭമുണ്ടാകും. അതെങ്ങനെ വിനിയോഗിക്കുന്നു എന്ന കാര്യത്തിൽ, പൊതുതാൽപ്പര്യമാണോ സംരക്ഷിക്കപ്പെടുന്നത്, വ്യക്തിതാൽപ്പര്യമാണോ സംരക്ഷിക്കപ്പെടുന്നത് എന്നതാണ് പ്രശ്നം. ഭാരതത്തിന്റെ ചരിത്രത്തിൽ അഞ്ചുകോടി രൂപയിൽ നിന്ന് തുടങ്ങി പതിനായിരക്കണക്കിന് കോടി രൂപയുടെ ആസ്തിയുള്ള ടാറ്റാ-ബിർളാ കമ്പനികളെ വളർത്തിയത് നിങ്ങളാണ്. ഞങ്ങളുടെ തത്വശാസ്ത്രം ടാറ്റാ-ബിർളമാരെ വളർത്തുന്നതിന് എതിരായ തത്വശാസ്ത്രമാണ്. ഞങ്ങൾ സോവിയേറ്റ് യൂണിയനെ അനുകൂലിച്ചവരാണ്, ഞങ്ങൾ ഇടതുപക്ഷ ചായ്വുള്ളവരാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്നൊക്കെ ശ്രീ. കാർത്തികേയൻ പ്രസംഗിച്ചു. സോവിയേറ്റ് യൂണിയൻ തകർന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പുരപ്പുറത്തു കയറി നിന്ന് പ്രസംഗിച്ചു, സോവിയേറ്റ് യൂണിയനിലടക്കം മാറ്റുമുണ്ട്, കേരളത്തിൽ മാത്രം മാർക്സിസ്റ്റുകാർ മാറില്ല എന്ന്. നിങ്ങൾ സന്തോഷിക്കുകയായിരുന്നു. അതിന്റെ ദുരന്തമാണ് ഞങ്ങളിന്ന് അനുഭവിക്കുന്നത്. ഇന്നലെ പ്രസംഗിച്ച ശ്രീ. സി.എഫ്.തോമസ് വേറൊരു തത്വശാസ്ത്രം പറഞ്ഞു. കേരളത്തിൽ ബി. ജെ.പി. വളരുന്നത്, മാർക്സിസ്റ്റുകാർ ചിലരെയൊക്കെ അടിക്കുന്നതുകൊണ്ടാ ണെന്നാണ്. ഉത്തർപ്രദേശിൽ ഏതു മാർക്സിസ്റ്റുകാർ അടിക്കാൻ പോയി ട്ടാണ് അവിടെ ബി.ജെ.പി. വളർന്നത്? ഗുജറാത്തിൽ ഏതു മാർക്സിസ്റ്റുകാർ തല്ലാൻ പോയിട്ടാണ് അവിടെ ബി.ജെ.പി. വളർന്നത്? ഗുജറാത്തിലും ഉത്തർപ്രദേശിലും മധ്യപ്രദേശിലും വടക്കേ ഇൻഡ്യയിലെല്ലാം ബി.ജെ.പി. വളർന്നത് മാർക്സിസ്റ്റുകാരുള്ളതുകൊണ്ടാണോ? അവിടെ മാർക്സിസ്റ്റുകാർ അടിക്കാൻ പോയതുകൊണ്ടാണോ? ശ്രീ. സി.എഫ്. തോമസിന്റെ പ്രസംഗം കേട്ടപ്പോൾ, 'കർത്താവേ ഇവർ പറയുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമേ' എന്നു പറയാനാണ് എനിക്ക് തോന്നിയത്. അവിടെ കന്യാസ്ത്രീകളെയും പുരോഹിതന്മാരെയുമടക്കം തകർക്കുകയാണ്, കലാപ ത്തിലേയ്ക്ക് വരികയാണ്. ഈ രാജ്യത്തുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് സാമാന്യബോധംപോലും ഇല്ലാതിരിക്കുകയാണ്. മതന്യൂനപക്ഷങ്ങൾ സ്വദേ ശികളായിക്കൊള്ളണമെന്നാണ് ശ്രീ. സുദർശൻ പറയുന്നത്. അങ്ങനെ പറയു മ്പോൾ വാലു മടക്കിച്ചുരുട്ടി, ബി.ജെ.പി.യുടെ പിന്നാലെ പോകാൻ തക്ക വണ്ണം മുട്ടുമടക്കുന്നവരാണ് ഇവിടെ വന്ന് ഇത്തരം നെറികേടിനെ ചോദ്യം ചെയ്യുന്ന കമ്മ്യൂണിസ്റ്റുകാരെ ഭീഷണിപ്പെടുത്തുന്നത്. എന്തിന്റെ പേരിലാണ്? അന്ധമായ മാർക്സിസ്റ്റു വിരോധം. ഈ രാജ്യം കടുത്ത സാമ്പത്തിക പ്രതിസ ന്ധിയെ നേരിടുകയാണ്. ഇൻഡ്യാ ഗവൺമെന്റ് തുടരുന്ന സാമ്പത്തിക നയ ത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഭാഗമായി രാജ്യം കടുത്ത സാമ്പ ത്തിക പ്രതിസന്ധിയെ നേരിടുമ്പോൾ അതിനെ അതിജീവിക്കാൻ എങ്ങനെ യാണ് കഴിയേണ്ടത് എന്ന രാഷ്ട്രീയമായ ഇച്ഛാശക്തിയാണ് ഭാരതത്തിലും കേരളത്തിലും പ്രവർത്തിക്കുന്ന രാഷ്ട്രീയപാർട്ടികൾക്ക് ഉണ്ടാകേണ്ടത്. ആ ഇച്ഛാശക്തിയിൽ ജനങ്ങളുടെ പ്രശ്നം തീർക്കാൻ കോൺഗ്രസിനു കഴി യുമോ? ആ ഇച്ഛാശക്തിയിൽ പൊതുതാൽപ്പര്യം സംരക്ഷിക്കാൻ കോൺഗ്ര സ്സിനു കഴിയുമോ? ഐക്യജനാധിപത്യ മുന്നണിയിലെ മതേതരത്വപാർട്ടികൾ എന്നു പറയുന്നവർക്ക് കഴിയുമോ? രാജ്യം ഇന്നു നേരിടുന്ന കടുത്ത സാമ്പ ത്തികപ്രതിസന്ധിക്ക് നടുവിൽ വർഗ്ഗീയവിപത്തിനെ രാജ്യം നേരിടുമ്പോൾ ആ വർഗ്ഗീയവിപത്തിനെതിരെ രാജ്യത്തിന്റെ പൊതുതാൽപ്പര്യം സംരക്ഷി ക്കാൻ ജനങ്ങളോടൊപ്പം നിൽക്കാൻ, ജനങ്ങളുടെ പ്രശ്നം തീർക്കാൻ കോൺഗ്രസ്സിനും കഴിയുമോ എന്നതാണ് ചോദ്യം. അതിനുപകരം വർഗ്ഗീയ തയ്ക്ക് വളം വയ്ക്കാൻ, എങ്ങനെയും രണ്ടു സീറ്റു കിട്ടാൻ, ബി.ജെ.പി.യു മായി കൂട്ടുകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാനുള്ള ഗൂഢാ ലോചന നടത്തിക്കൊണ്ട് ശ്രീ. ടി.എം.ജേക്കബ് സ്വപ്നം കാണുന്നതുപോലെ, കറുത്തതു കണ്ടാൽ കാക്ക മലർന്നു പറക്കുന്നു എന്നു പറയുന്ന തരത്തി ലേയ്ക്ക് പോകുന്നത് അന്ധമായ മാർക്സിസ്റ്റ് വിരോധത്തിന്റെ പ്രതികരണം മാത്രമാണ്. ഞങ്ങൾക്ക് ചില കാര്യത്തിൽ ഉറപ്പുണ്ട്. കഴിഞ്ഞ നാലര വർഷ ക്കാലമായി കേരളത്തിന്റെ നാനാമേഖലകളിലും കാർഷികമേഖലയിൽ ഉണർവ് നൽകാൻ, വ്യവസായരംഗത്ത് ഒരു കുതിച്ചുചാട്ടത്തിന് തുടക്കം കുറി ക്കാൻ, വൈദ്യുതിമേഖലയിൽ, പശ്ചാത്തല സൗകര്യരംഗത്ത്, വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഭ്യാസരംഗത്ത്, പൊതുമേഖലാരംഗത്ത്, വമ്പൻ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞത്, പ്രയോറിറ്റി ഏതിനു കൊടുക്കണമെന്ന് നിശ്ചയിക്കുന്ന ഫലപ്രദമായ ഒരു ധനകാര്യമാനേജ്മെന്റാണുള്ളത്. അതിന് തർക്കമുണ്ടോ? സാമ്പത്തിക പ്രതിസന്ധിക്ക് നടുവിലും കേരളത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിന് നേതൃത്വം കൊടുക്കുന്ന കേരളത്തിന്റെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ പ്രതിസന്ധിക്ക് നടുവിൽ മെച്ചപ്പെട്ട ധനകാര്യമാനേജ്മെന്റിനു നേതൃത്വം കൊടുക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ് വേണ്ടത്. അതിനുപകരം എന്തെങ്കിലുമൊക്കെ ഇല്ലാത്തതു പറഞ്ഞ്, ഇല്ലാത്ത ദുരന്തം സൃഷ്ടിച്ച് നുണ പ്രചാരവേലകൾ സംഘടിപ്പിച്ച്, ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാമെന്ന് കരുതുന്ന നിങ്ങൾക്ക് ചരിത്രം മാപ്പു നൽകുകയില്ല എന്നും ജനങ്ങൾ മാപ്പു നൽകുകയില്ലായെന്നുമാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് കേരളത്തിന്റെ പ്രശ്നങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി കാണുക. യാഥാർത്ഥ്യബോധത്തിന്റെ അടിത്തറയിൽ ജനങ്ങളെ സംഘടിപ്പിക്കാൻ, ശരിയായ ദിശാബോധത്തിലേയ്ക്ക് കേരളത്തെ നയിക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനു കഴിഞ്ഞ നാലര വർഷക്കാലമായി കഴിഞ്ഞുവെങ്കിൽ അതു തിരിച്ചറിയാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിയുമെന്നും ആവർത്തിച്ച പിന്തുണയോടുകൂടി കേരളം കഴിഞ്ഞ നാളുകളിൽ നേരിടുന്ന ഒരിക്കൽ എൽ.ഡി.എഫ്. എങ്കിൽ ഒരിക്കൽ യു.ഡി.എഫ്. എന്ന ദുരന്തത്തിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ കേരളത്തിലെ ജനത സന്നദ്ധമായിരിക്കുന്നു എന്ന് നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനകാര്യബില്ലിനെ പിന്താങ്ങുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുന്നു. ഭരണകക്ഷി അംഗങ്ങളെല്ലാം പ്രസംഗിക്കുന്നത് ഞാൻ രണ്ട് ദിവസംകൊണ്ട് കേട്ടു. കാര്യമായി അവർ പറഞ്ഞതൊക്കെ രാഷ്ട്രീയമാണ്. സാമ്പത്തിക കാര്യങ്ങളെക്കുറിച്ചോ സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചോ ഒന്നും അവർ പറഞ്ഞില്ല. ഏതായാലും മാർക്സിസ്റ്റു പാർട്ടിയിൽ നിന്ന് അവസാനമായി പ്രസംഗിച്ച ശ്രീമതി മേഴ്സിക്കുട്ടി അമ്മ ഒരു കാര്യം സമ്മതിച്ചു. ഞാൻ അവരെ വാസ്തവത്തിൽ അഭിനന്ദിക്കുകയാണ്. ഈ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്ന് അവർ ആവർത്തിച്ചാവർത്തിച്ച് സമ്മതിച്ചു. ഒരിക്കലും ഇനി എനിക്കുള്ള മറുപടി പറയുന്നതിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതു സമ്മതിക്കാൻ പോകുന്നില്ല. ശ്രീമതി മേഴ്സിക്കുട്ടി അമ്മയ്ക്ക് അറിയാവുന്ന കാര്യം പോലും നിങ്ങൾക്കറിയില്ലയെന്നതാണ് വസ്തുത. അതു മാത്രമാണോ? ഈ സർക്കാരിന്റെ ഏറ്റവും വലിയ സാമ്പത്തിക അധഃപതനത്തിന്റെ തെളിവായിരുന്നു ശ്രീമതി മേഴ്സിക്കുട്ടി അമ്മയുടെ പ്രസംഗം. ഈ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് അവർ ആവർത്തിച്ചു പറയുന്നു. അതു വളരെ ക്ലിയറാണ്. കുറേയൊക്കെ സത്യസന്ധമായി പറയണം. അവർ കുറച്ചു പറഞ്ഞു. അവർ പറഞ്ഞത് ശരിയാണ്. ഞാൻ പൂർണ്ണമായി അതിനെ അംഗീകരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട കെ.എം.മാണി ഒരു കാര്യം ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രിയുടെ ഒരു പ്രസ്താവനയെക്കുറിച്ചാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി കുറേ സ്ട്രെയിറ്റ് ഫോർവേഡാണ്. മാത്രമല്ല, ഏതെങ്കിലും രൂപത്തിൽ സംസ്ഥാനത്ത് വ്യവസായവൽക്കരണം നടത്തണമെന്നു അവർക്ക് താൽപ്പര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രാവശ്യം ഞാൻ ഓർക്കുന്നു. ഈ നിയമസഭയിൽ തന്നെ ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മയുടെ കാളിംഗ് അറ്റൻഷന് മറുപടി പറഞ്ഞപ്പോൾ മന്ത്രി പറഞ്ഞു പണം അവിടെ തരട്ടേയെന്ന്. അപ്പോൾ അവരെ തകർക്കുന്നത് ധനകാര്യ വകുപ്പു മന്ത്രിയാണെന്ന് അവർ പറയാതിരിക്കുമോ? ഇതു രണ്ടും രേഖയിൽ. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് ഞാൻ വിടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെയൊരു പ്രസംഗം ചെയ്തു. എനിക്ക് യാതൊരു സംശയവുമില്ല. എന്തു സാമ്പത്തികപ്രതിസന്ധിയുണ്ടെങ്കിലും ആ പ്രസംഗം ഒരു ഇരുപത്തിയഞ്ചു ലക്ഷം കോപ്പി പ്രിന്റ് ചെയ്യും. കാരണം തെരഞ്ഞെടുപ്പു വരികയാണല്ലോ. ഇങ്ങനെയല്ലേ പാർട്ടിക്ക് സഹായിക്കാൻ സാധിക്കൂ. അതിനുവേണ്ടി കാലേക്കൂട്ടി തയ്യാറാക്കിയ പ്രസംഗമാണത്. ഏതായാലും ഞാൻ അതും വിടുന്നു. ഞാൻ ഒരു കാര്യം പറയട്ടെ, ഇലക്ട്രിസിറ്റി യുടെ ഉത്പാദനം വർദ്ധിപ്പിച്ചത് ആരാണ്, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെ ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മയും പറഞ്ഞു തങ്ങളാണ് വർദ്ധിപ്പിച്ചതെന്ന്. വളരെ ശരിയാണ് അവരാണ് അത് ഉദ്ഘാടനം ചെയ്തത്. 180 മെഗാവാട്ടിന്റെ ലോവർ പെരിയാർ പദ്ധതി ഇവർ വന്ന് മൂന്നു മാസം കൊണ്ട് ഉദ്ഘാടനം ചെയ്തുവെന്നുപറഞ്ഞാൽ പിന്നെ ഉദ്ഘാടനമേ വേണ്ടിവന്നുള്ളു ബാക്കിയൊക്കെ ഞങ്ങൾ ചെയ്തു എന്നതാണ് സത്യം. അതുപോലെ ബ്രഹ്മപുരം പദ്ധതി ഞങ്ങളല്ലേ ചെയ്തത്? ഇവർ മൂന്നുനാലു മാസംകൊണ്ട് അത് ഉദ്ഘാടനം ചെയ്തോ? ഞങ്ങളല്ലേ ചെയ്തത്? ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഇതുപോലെ ചെയ്യാൻ സാധിക്കില്ല. കാരണം ഇവർ ഇവിടെ പ്രോജക്ട് ഒന്നും തുടങ്ങിയിട്ടില്ലായിരുന്നു. അപ്പോൾ പിന്നെ ഞങ്ങളെങ്ങനെ ഉദ്ഘാടനം ചെയ്യാൻ ഞങ്ങൾ പ്രോജക്ടുകൾ ഉണ്ടാക്കുക, അത് ഉദ്ഘാടനം ചെയ്യാൻ ഇവർ കയറിവരിക അതാണ് സ്ഥിതി. ഞാൻ അതും വിടുന്നു. ഞാൻ ഒരു കാര്യം പറയട്ടെ, ആ ഭാഗത്ത് കുറച്ചു ശക്തി ഇപ്പോൾ സി.പി.ഐക്ക് ആണ് ......... ബഹളം .............. ഏതായാലും അതൊക്കെ വലിയ മഹാൻമാരുള്ള പാർട്ടിയായിരുന്നു. എം. എൻ ഗോവിന്ദൻ നായരും ടി.വി. തോമസും അതുപോലെ തന്നെ സി. അച്യുതമേനോനുമൊക്കെ നയിച്ച ആ പാർട്ടി ഇപ്പോൾ ശ്രീമതി ആർ. ലതാദേവിയുടെ കൈയിലാണ്. അതിനേക്കുറിച്ച് വല്ലതും പറയണോ? ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല .............. ബഹളം .................. എനിക്ക് ഒരു കാര്യം മാത്രമാണ് പറയാനുള്ളത് . ഇവിടെ ശ്രീ. അടൂർ പ്രകാശിനെ ശ്രീമതി ആർ. ലതാദേവി പരാമർശിക്കുന്നതുകേട്ടു. അവരായതുകൊണ്ടു എനിക്കുകുഴപ്പമില്ല കാരണം ശ്രീ. അടൂർ പ്രകാശിന്റെ അച്ഛൻ ശ്രീ. കുഞ്ഞിരാമൻ ആരാണെന്നു പോലും അവർക്ക് അറിയാനുള്ള സാദ്ധ്യതയില്ലല്ലോ. അങ്ങ് ജനിക്കുന്നതിനു മുമ്പ് ഈ സംസ്ഥാനത്ത് സി.പി.ഐ. യെ വളർത്തിയ സി.പി.ഐ. യുടെ സജീവപ്രവർത്തകൻ നേതാവ് ശ്രീ. അടൂർ പ്രകാശിന്റെ അച്ഛൻ കുഞ്ഞിരാമനാണെന്നുള്ള കാര്യം നിങ്ങൾ ഓർക്കണം. അതുമാത്രമാണോ? സി.പി.ഐയുടെ പ്രതിനിധിയായി അദ്ദേഹം വന്നത് ഞാനോർക്കുന്നു. ............ ബഹളം ............ ആ കാര്യങ്ങളൊക്കെ ഞാൻ വിടുന്നു. ഞാൻ ഇതുപറയാനല്ല വന്നത്. ഈ സംസ്ഥാനത്ത് 145.83 കോടി രൂപയുടെ അപ്രോപ്രിയേഷൻ ബില്ലാണ് കൊണ്ടുവന്നത് ഈ 145 .83 കോടി രൂപയുടെ അപ്രോപ്രിയേഷൻ ബില്ലാണ് കൊണ്ടുവന്നത് . ഈ 145.83 കോടി രൂപയുടെ അപ്രോപ്രിയേഷൻ ബില്ലിൽ എന്തെങ്കിലും പിന്താങ്ങണമെന്ന് എനിക്കുണ്ടായിരുന്നു. പക്ഷേ, ഒരു നിവൃത്തിയുമില്ല. ആ ബിൽ മുഴുവൻ പരിശോധിച്ചാൽ ഒരു കാര്യം കാണാം . ഇവിടെ ജനങ്ങളെ ഏറ്റവും അധികം അലട്ടുന്ന ഒരു പ്രശ്നമാണ് കൃഷിക്കാ

LIBRARY ARCHIVES Kerala Legislative Assembly

രുടെ ഉത്പന്നങ്ങളുടെ വിലയിടിവ് പ്രശ്നം . അതിനാണ് നമ്മുടെ കൂടെയുള്ള 10 എം.എൽ.എ. മാർ അവിടെ നിരാഹാരം കിടക്കുന്നത്. ആ കൃഷിക്കാരെ സഹായിക്കാൻ ഒരു കാലണ ഈ അപ്രോപ്രിയേഷൻ ബില്ലിൽ നിങ്ങൾക്കു മാറ്റിവയ്ക്കാൻ സാധിച്ചോ? ഓണത്തിന് കൊടുത്ത പച്ചക്കറിയുടെ രൂപ കൊടുക്കാനാണ് ഈ 8 ലക്ഷം എന്നാണ് ഇതിൽ പറയുന്നത്. ഇവിടുത്തെ പ്രശ്നം അതല്ല. ഈ പാവപ്പെട്ട കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലുമൊരു ആനുകൂല്യം നല്കാൻ ഒരു കാലണ മാറ്റിവയ്ക്കാൻ ഈ സപ്ളിമെന്ററി ഡിമാന്റിൽ നിങ്ങൾക്ക് സാധിച്ചോ? ഞാൻ ചോദിക്കട്ടെ ഈ വില വർദ്ധനവ് ഇവിടെ താങ്ങാൻ കഴിയുന്നുണ്ടോ? വിലവർദ്ധനവ് ഇവിടെ താങ്ങാൻ കഴിയുന്നുണ്ടോ? വിലവർദ്ധനവ് സ്ഥിതിയെന്താണ്? ആ വിലവർദ്ധനവ് തടയാൻ ഒരു പൈസ ഈ സപ്ളിമെന്ററി ഗ്രാന്റിൽ നിങ്ങൾക്ക് മാറ്റിവയ്ക്കാൻ സാധിച്ചോ? ഇവിടെ കൊണ്ടുവന്ന സപ്ളിമെന്ററി ഗ്രാന്റിൽ ജനങ്ങളെ അലട്ടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു പൈസപോലും മാറ്റിവയ്ക്കാത്തതിനാൽ അതിന്റെ അപ്രോപ്രിയേഷനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഞാൻ ഒരു കാര്യം പറയട്ടെ, ഇനി ഇത് കൊടുത്തതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? ഈ സപ്ളിമെന്ററി ഗ്രാന്റിൽ ഇവിടെ നമ്മൾ അനുവദിച്ചു കൊടുത്ത 145.83 കോടി രൂപ ചെലവാക്കുമോ? ഞാൻ ഒരു കാര്യം ചോദിക്കട്ടെ ഇവിടെ നിങ്ങൾ കൊണ്ടുവന്ന സപ്ളിമെന്ററി ഗ്രാന്റ് ഒരോന്നും എടുത്തു നോക്കൂ അത് ഈ സംസ്ഥാനത്തിന് അപമാനമാണ്. 1998 -99 ലെ ഫിനാൻഷ്യൽ അക്കൗണ്ട് ഓഫ് കേരള ഗവൺമെന്റ് സി.എ.ജി തരുന്നത്, 1998-99 ലെ അപ്രോപ്രിയേഷൻ അക്കൗണ്ട്, അതുപോലെ 1999-2000 ലെ ഫിനാൻഷ്യൽ അക്കൗണ്ട്, 1999-2000 ലെ അപ്രോപ്രിയേഷൻ അക്കൗണ്ട് ഇവ നിങ്ങൾ എടുത്തു നോക്കൂ. എന്താണ് സ്ഥിതി? 1999-2000 ലെ സപ്ളിമെന്ററി ഗ്രാന്റ് നിങ്ങളിവിടെ കൊണ്ടുവന്നു പാസ്സാക്കുന്നു, ഒറിജിനൽ ഗ്രാന്റുപോലും ചെലവഴിക്കാൻ കഴിയാത്തവരല്ലേ ബഹുമാനപ്പെട്ട ശിവദാസ മേനോൻ അങ്ങയുടെ മന്ത്രിമാർ? ഒറിജിനൽ ഗ്രാന്റ് നിങ്ങൾ ചെലവാക്കിയോ? ഇവിടെ പബ്ളിക് വർക്സിന് മേജർ ഹെഡിൽ പണമില്ലല്ലോ. ഈ ലാപ്സാക്കിയ സംഖ്യ ആ കോൺട്രാക്ടർമാർക്ക് എങ്കിലും കൊടുത്താൽ കൊള്ളാമായിരുന്നുവെന്ന് കഴിഞ്ഞ കൊല്ലം സി.ഐ.ടി.യു. പറഞ്ഞു. ഇത് നാലു ദിവസം മുൻപ് നമ്മൾ അസംബ്ലിയിൽ വച്ച അപ്രോപ്രിയേഷൻ അക്കൗണ്ടാണ്. ഇതിലെ ഒറിജിനൽ ഡിമാന്റിൽ 336,54,97,000 രൂപ നമ്മൾ തുക പാസ്സാക്കിക്കൊടുത്തതാണ്. അതിന് രണ്ടാമത് 69,48,51,000 രൂപയ്ക്ക് സപ്ലിമെന്ററി കൊണ്ടുവന്നു. ടോട്ടൽ 406,03,47,000 രൂപ എത്രയാണ് നിങ്ങൾ ചെലവിട്ടത്? 347,17,07,083 രൂപ എത്രയാണ് ലാപ്സാക്കിയത്. 58,86,40,917 രൂപ. അങ്ങ് ആലോചിക്കണം, സപ്ളിമെന്ററി ഗ്രാന്റിന്റെ ആവശ്യമെന്താണ്? ഈ കടലാസും നിയമസഭയും എന്തിനുവേണ്ടി ചെലവഴിക്കണം? ഒറിജിനൽ ഗ്രാന്റുപോലും ചെലവഴിക്കാൻ നിങ്ങൾക്കു സാധിച്ചോ? അത് ആരുടെ കുഴപ്പമാണ്? ഒന്നുകിൽ പി.ഡബ്ള്യു.ഡി.യുടെ മന്ത്രിയുടെ അല്ലെങ്കിൽ പി.ഡബ്ള്യു.ഡി. മന്ത്രി പണം ചോദിച്ചിട്ട് ധനകാര്യവകുപ്പു മന്ത്രി നല്കാത്തതുകൊണ്ട്. രണ്ടിലൊന്നല്ലേ? അതുമാത്രമാണോ? ക്യാപ്പിറ്റൽ അക്കൗണ്ടിലെ ഒറിജിനൽ ഡിമാന്റ് 125,89,13,000 രൂപ. സപ്ളിമെന്ററി 147,34,05,000 രൂപ. രണ്ടും കൂടി 273,23,18,000 രൂപ. നിങ്ങൾ ചെലവിട്ടത് എത്രയാണ്? 241 കോടി രൂപ. എത്രയാണ് ലാപ്സാക്കിയത്? 31,51,00,000 രൂപ രണ്ടും കൂടി എത്രയാണ്? ഏകദേശം 89 കോടി രൂപ. 89 കോടി രൂപ നിങ്ങൾ ലാപ്സാക്കി. മാത്രമാണോ? ഓരോന്നിനും സമയമില്ലാത്തതുകൊണ്ടു ഞാൻ അധികം പറയുന്നില്ല. ഭയങ്കരമായ



LIBRARY ARCHIVES Kerala Legislative Assembly

വാദമാണല്ലോ കൃഷി വകുപ്പു മന്ത്രിയുടേത്? കൃഷിവകുപ്പുമന്ത്രിക്ക് 1999-2000 ലെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന ഒറിജിനൽ ഗ്രാന്റ് 380,39,45,000 രൂപ. സപ്ളിമെന്ററി ഗ്രാന്റ് എത്രയാണ്? 24,84,42,000 രൂപ. എത്രയാണ് ചെലവിട്ടത്? 359,28,55,318 രൂപ ഒറിജിനൽ ഗ്രാന്റിലെ പണം പോലും ചെലവിടാൻ കെല്പി ല്ലാത്ത, കഴിവില്ലാത്ത മന്ത്രിയാണ് ഈ മന്ത്രിയെന്നുള്ള കാര്യം മനസ്സിലാ ക്കണം. അങ്ങേയ്ക്കാണോ സപ്ളിമെന്ററി ഗ്രാന്റ് പാസ്സാക്കിത്തരുന്നത്? അങ്ങ് ലാപ്സാക്കിയത് എത്രയാണ്? 45,95,31,681 രൂപ മാർച്ച് 31 ന് അങ്ങ് ചെലവാ ക്കാൻ കഴിയാതെ സറണ്ടർചെയ്തത് എത്രയെന്ന് അറിയുമോ? 43,24,35,000 രൂപ എത്രയാണ് സപ്ളിമെന്ററി ഗ്രാന്റ് കൊണ്ടുവന്നത്? 24,84,42,000 രൂപ നിങ്ങൾക്ക് കഴിവില്ലാത്തതു കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല, അങ്ങയുടെ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് അങ്ങേയ്ക്ക് ചെലവാക്കാൻ സാധിക്കാത്തതിന്റെ ഫലമാണിത്. ഇത്രയും പണം നിങ്ങൾ ലാപ്സാക്കിയില്ലേ? ഇത്രയും പണം നിങ്ങൾ സറണ്ടർ ചെയ്തില്ലേ? എന്നിട്ട് എന്തു ഭരണത്തിന്റെ മെച്ചമാണ് നിങ്ങൾ ഇവിടെ പറയുന്നത്. ഇത് ഇക്കൊല്ലത്തെ കണക്കാണ്. കഴിഞ്ഞ കൊല്ലത്തെ സ്ഥിതി അറിയാമോ? കഴിഞ്ഞ കൊല്ലത്തെ സ്ഥിതി ഞാൻ പറ യാം. പബ്ളിക്-വർക്ക്സ് കഴിഞ്ഞ കൊല്ലത്തെ സി.എ.ജി. റിപ്പോർട്ടിന്റെ അപ്രോപ്രിയേഷൻ അക്കൗണ്ട്. 1998-99 ൽ എത്രയാണ്? 244,61,64,000 രൂപ യാണ് ഒറിജിനൽ ഗ്രാന്റ്; സപ്ളിമെന്ററി ഗ്രാന്റ്, 54,16,74,000 രൂപ. 277,90,28,599 രൂപ ചെലവു ചെയ്തു. ബാക്കി എത്രയാണ്? 20,88,09,401 രൂപ. ലാസ്റ്റ് ഇയറിലും ഇതുപോലെ ബാക്കി വച്ചിരിക്കുന്നു ക്യാപിറ്റൽ അക്കൗണ്ടിൽ. അതിലും നമ്മുടെ കൃഷി വകുപ്പുണ്ട്. അതിൽ വിദ്യാഭ്യാസത്തിന്റേത്, കഴിഞ്ഞ പ്രാവശ്യത്തെ കണക്കു ഞാൻ വായിക്കാം. 2276,83,75,000 രൂപ ഒറിജിനൽ ഗ്രാന്റ്. സപ്ളിമെന്ററി ഗ്രാന്റ് 20,69,75,000 രൂപ. നിങ്ങൾ ചെലവു ചെയ്തത് എത്രയാണെന്നറിയാമോ? 1994,50,78,000 രൂപ ഒറിജിനൽ ഗ്രാന്റുപോലും ചെല വാക്കാൻ കഴിയാത്ത മന്ത്രി, അതല്ലേ സത്യം. എത്ര രൂപയാണ് ലാപ്സാ ക്കിയത്? 303,02,72,007 രൂപ ഇതു സറണ്ടർ ചെയ്തത് മാർച്ച് 31-ാം തീയതി. എത്ര രൂപയാണ്? 135,72,98,000 രൂപ. എന്തിനാണ് ഇരിക്കുന്നത്? കോൺഗ്രസ് വിരോധം പറയാനാണോ? കോൺഗ്രസ്സിന്റെ സാമ്പത്തിക നയം തകർക്കുക യാണോ? നിങ്ങൾക്ക് ചെലവഴിക്കാൻ കഴിയാതെ വരുന്നത് കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടാണോ? ഞാൻ ചോദിക്കട്ടെ, ഇതിൽ എല്ലാ വകുപ്പും ഇങ്ങനെയാണ്. കൃഷി വകുപ്പുമന്ത്രിയുടേതു പറയാതിരി ക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ടു പറഞ്ഞതാണ്. വിരോധം കൊണ്ടല്ല. ഒരു കാര്യം കൂടി പറയട്ടെ കമ്മിയെപ്പറ്റി ഇവിടെ പറഞ്ഞു. 3600-ൽ ചില്വാനം കോടി രൂപയുടെ ഫൈനാൻഷ്യൽ അക്കൗണ്ട്. ആ ഫിനാൻഷ്യൽ അക്കൗണ്ടിലെ ഫിഗർ മാണി സാർ ഇവിടെ പറഞ്ഞു. നിങ്ങൾ എത്രയാണ് പ്രതീക്ഷിച്ചത്? നിങ്ങളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റല്ല ഞാൻ പറയുന്നത്. ശ്രീ.ശിവദാസമേനോൻ, അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. നിങ്ങൾ ഇതുവ രെയുള്ള വരുമാനത്തിന്റെയടിസ്ഥാനത്തിലാണോ റിവൈസ്ഡ് എസ്റ്റിമേറ്റു ണ്ടാക്കുന്നത്. ആ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിങ്ങൾ പറഞ്ഞത് എത്രയാണ്, 2481 കോടി രൂപ. അന്ന് അങ്ങു ബഡ്ജറ്റ് അവതരിപ്പിച്ച് പ്രസംഗിച്ചപ്പോൾ ഞാൻ പറഞ്ഞു, ഇതു 2500 കോടി രൂപയിൽ പോയി അവസാനിക്കുമെന്ന്. അന്നുവന്നത് 1951 കോടി രൂപയായിരുന്നു. അതാണ് 2481 കോടി രൂപ എന്ന് അങ്ങേയ്ക്കു സമ്മതിക്കേണ്ടിവന്നത്. 1951 കോടി രൂപ, അങ്ങ് റിവൈസ്ഡ് എസ്റ്റിമേറ്റുണ്ടാക്കുമ്പോൾ 2481 കോടി രൂപയായി. അന്നു ഞാൻ പ്രസംഗിച്ചു ഇത് 2500 കോടി രൂപയാകുമെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞാൻ ആദര

LIBRARY ARCHIVES Kerala Legislative Assembly

വോടുകൂടി പറയുന്നു, അദ്ദേഹം പറഞ്ഞു, ഇത് ആര്യാടന് അറിയില്ല. ആര്യാടന് വിവരമില്ല എന്ന്. എനിക്ക് വിവരമില്ലെന്നുള്ളത് സത്യമാണ്. ഈ റവന്യൂ കമ്മികുറയുന്ന ഒരു പരിപാടിയുണ്ട്. അതറിയാമോ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നും അയ്യായിരം കോടി രൂപ ചോദിച്ചിരിക്കുന്നു. അതു കിട്ടിയാൽ 2500 കോടി രൂപ മിച്ചം. അതുകൊണ്ടു റവന്യൂകമ്മി കുറയുമോ? അതു ക്യാപിറ്റൽ അക്കൗണ്ടിൽ അല്ലേ വരിക. ഞാൻ വിടുന്നു. ഏതായാലും ഇപ്പോൾ വന്നത് എത്രയാണ്? ഇവിടെ പ്രൊസീഡിംഗ്സ് ഉണ്ട്. അതിൽ നിന്നും മാറ്റിയിട്ടുണ്ടെങ്കിൽ ടേപ്പിലുണ്ട്. 3600 ചില്വാനം കോടി രൂപ. ഒരു കാര്യം ഞാൻ പറഞ്ഞു, ഈ 3600 കോടി രൂപ കഴിഞ്ഞ ആണ്ടിലത്തേതാണ്. ഇവിടെ ബഹുമാന്യനായ മാണി സാർ, അദ്ദേഹത്തിന് എന്നേക്കാൾ കൂടുതൽ ഈ കാര്യത്തെക്കുറിച്ചറിയാം . അദ്ദേഹം പറഞ്ഞു 4500 കോടി രൂപയായി ഈ മാർച്ചിൽ അവസാനിക്കുമെന്ന് 4500 കോടി രൂപയല്ല അയ്യായിരം കോടിരൂപയെങ്കിലുമാകും. അതിൽ യാതൊരു സംശയവും വേണ്ട. ബഹുമാന്യനായ അനിരുദ്ധൻ ഒരു കാര്യം കണ്ടെത്തി, അതിനെ പ്രശംസിച്ചുകൊണ്ട് ഇന്നലെ ധനകാര്യവകുപ്പുമന്ത്രി പ്രസംഗിക്കുന്നതും ഞാൻ കേട്ടു. എന്താണ് അതിനുള്ള കാര്യമെന്ന് അറിയാമോ? അതിനുള്ള കാരണം ജനകീയാസൂത്രണത്തിനുള്ള പണം മുഴുവൻ ഗ്രാന്റിലാണ് പോകുന്നത്. ആ ഗ്രാന്റിൽ പോകുമ്പോൾ ഇത് കൂടും ഞാൻ വാദത്തിനുവേണ്ടി സമ്മതിക്കുന്നു. ഒരു കാര്യം ഞാൻ ചോദിക്കട്ടെ 1045 കോടിരൂപയാണ് ജനകീയാസൂത്രണത്തിനുവേണ്ടി കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിൽ മാറ്റിവച്ചത്. 3600-ൽ ചില്വാനം കോടി രൂപ അതിന്റെ പേരിൽ കിടക്കുന്നു. 3600 ൽ ചില്വാനം കോടി രൂപ കിടന്നാൽ, 3654 കോടി രൂപയാണ് കമ്മിയായി കിടക്കുന്നത്. ഒരൊറ്റ കാര്യം നിങ്ങൾ ആലോചിക്കണം ആ 3654 കോടി രൂപ റവന്യൂ കമ്മി, ജനകീയാസൂത്രണത്തിനുവേണ്ടി മാറ്റി വച്ചത് 1045 കോടി രൂപ, അങ്ങ് പറയുന്നതെന്താണ്? ക്യാപിറ്റൽ അക്കൗണ്ടിലെ പണമുണ്ടെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. പ്ലാൻ അക്കൗണ്ടിലെ 70 ശതമാനവും ക്യാപിറ്റൽ അക്കൗണ്ടാണ്. അത് എനിക്കറിയാം, തിരിച്ചു കൊടുക്കേണ്ടതാണ്. 30 ശതമാനം മാത്രമേ ഗ്രാന്റ് പോർഷനുള്ളൂ. ഞാൻ സമ്മതിക്കുന്നു. എത്ര വരും അത്? 700 ൽ ചില്വാനം കോടി രൂപ വരും. അത് മൈനസ് ചെയ്താൽ 728 കോടി രൂപവരും. ആ 728 കോടി രൂപ 3624 കോടി രൂപയിൽ നിന്ന്, (അതായത് റവന്യൂ കമ്മിയിൽ നിന്ന്) മൈനസ് ചെയ്താൽ 2896 കോടി രൂപ കിട്ടും. ഈ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താണ്? 1987 മാർച്ച് മാസം ഖജനാവിന്റെ താക്കോൽ ഞങ്ങൾ ശ്രീ. വിശ്വനാഥമേനോനെ ഏല്പിക്കുമ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയെത്രയാണ്? 152 കോടി രൂപയാണ്. ആ 152 കോടി രൂപ നാലു കൊല്ലക്കാലം നിങ്ങൾ ഭരിച്ചോ? നിങ്ങൾ 1991-ൽ സ്ഥാനം ഒഴിയുമ്പോൾ കമ്മി എന്നു പറയുന്നത് എത്രയാണെന്നറിയാമോ? 1992-93-ലെ ബഡ്ജറ്റ് ഇൻ ബ്രീഫിലെ പേജ് 2 എടുത്തു നോക്കിയാൽ നിങ്ങൾക്ക് അത് കാണാൻ കഴിയും. 1990-91 ൽ നിങ്ങൾ അധികാരം ഒഴിയുമ്പോൾ 422 കോടി രൂപ. ഞങ്ങൾ അഞ്ചു കൊല്ലക്കാലം ഭരിച്ച് അധികാരം നിങ്ങളെ ഏല്പിക്കുമ്പോൾ ആ റവന്യൂ കമ്മി 402 കോടി രൂപയാണ്. ഞങ്ങൾ 20 കോടി രൂപ കുറച്ചു. ആ 402 കോടി രൂപയാണ് ഇന്ന് മൂവായിരം കോടി രൂപയായി നിങ്ങൾ ഉയർത്തിയതെന്ന കാര്യം മനസ്സിലാക്കണം. ശ്രീ അനുരുദ്ധൻ പറയുന്ന ജനകീയാസൂത്രണത്തിന്റെ എമൗണ്ട് ഞാൻ തട്ടുന്നു. തട്ടിക്കഴിച്ചിട്ടുള്ള സ്ഥിതി അത് എത്രയെന്ന് ഓർക്കണം. പ്ലാനിൽ ഇതുപോലെ കളിപ്പിക്കൽ ഉണ്ടായിട്ടുണ്ടോ? ആനുവൽ പ്ലാനിനെക്കുറിച്ചു ചില കാര്യങ്ങൾ അറിയാമോ? നമ്മുടെ ആനു

LIBRARY ARCHIVES Kerala Legislative Assembly

വൽ പ്ലാൻ 3535 കോടി രൂപയാണെന്നുപറഞ്ഞു. ചോദ്യോത്തരവും പ്ലാനുമൊക്കെയുണ്ടാക്കി നമുക്കൊക്കെ തന്നില്ലേ? സംഭവമെന്താണെന്നറിയാമോ? അതുകഴിഞ്ഞതിനുശേഷം ഡൽഹിയിൽ മുഖ്യമന്ത്രി പോയി. എന്ന്? 17-5-2000-ൽ അവിടെപോയി പ്ലാനിംഗ് കമ്മീഷനുമായി ഡിസ്കസ് ചെയ്തിട്ടുണ്ട് 3317 കോടി രൂപയായിട്ട് ചുരുക്കി. നമ്മുടെ പദ്ധതിയുടെ സ്ഥിതി ആലോചിച്ചു നോക്കൂ. ഈ 3317 കോടി രൂപ നിങ്ങൾക്ക് ചെലവാക്കാൻ സാധിക്കുമോ? ആ പ്ലാൻ തകരുകയാണ്. ഞാൻ ഒരൊറ്റ കാര്യം ഇവിടെ ക്വാട്ടു ചെയ്യുന്നു. സ്റ്റേറ്റ് ഫിസിക്കൽ സ്റ്റഡീസ് - കേരളാ റെപ്യൂട്ടേഷനുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക് ഫിനാൻസ് ആന്റ് പോളിസി, ന്യൂഡെൽഹി, അവർ സ്റ്റഡി ചെയ്തുണ്ടാക്കിയതാണ്. അതിൽ ഡി.കെ. ശ്രീവാസ്തവ, ചതോപദ്ധ്യായ, പ്രതാപ് രാജൻ തുടങ്ങിയ വലിയ ഇക്കോണമിസ്റ്റുകളാണ് ഉള്ളത്. അതിൽ ഒരു കാര്യം ഞാൻ പറയട്ടെ, ഞാൻ മുഴുവൻ ക്വാട്ട് ചെയ്യുന്നില്ല. നിങ്ങൾക്ക് ഡിസ്പ്യൂട്ട് ചെയ്യാൻ കഴിയില്ല. നിങ്ങളുടെ പ്ലാനിംഗ് ബോർഡുപോലും അംഗീകരിച്ചതാണ്. മുഖ്യമന്ത്രി ഒൻപതാം പദ്ധതിയക്കുറിച്ചു പറഞ്ഞല്ലോ വലിയ പദ്ധതി. ആ പദ്ധതി 1996-97 ലെ വിലനിലവാരം ബെയ്സ് ചെയ്താണ്. ആ വിലനിലവാരത്തിലാകണമെങ്കിൽ ഇരുപതിനായിരം കോടിയിൽപരം നിങ്ങൾ അതിനുവേണ്ടി ചെലവിടണം. ആദ്യത്തെ കൊല്ലം ഇവർ സ്റ്റഡി ചെയ്തിട്ടു പറഞ്ഞത് 2756 കോടി രൂപ, സെക്കണ്ട് ഇയർ 3317 കോടി രൂപ, തേഡ് ഇയർ 3344.6 കോടി രൂപ, ഫോർത്ത് ഇയർ, 4624.8 കോടി രൂപ, ഫിഫ്ത് ഇയർ 5419.53 കോടി രൂപ. അങ്ങനെ വരുമ്പോൾ ടോട്ടൽ വരുന്നത് എത്രയാണ് ഇരുപതിനായിരത്തി എൺപത്തിയൊന്നുകോടി രൂപയുടെ പ്ലാൻ ആണ് നിങ്ങൾ സമർപ്പിച്ചത്. ആ 1996-97 ലെ വില നിലവാരത്തിൽ. ബഹുമാനപ്പെട്ട നായനാരെ, അങ്ങ് പ്ലാനിംഗിന്റെ മന്ത്രിയല്ലേ 15,000 കോടി രൂപ ചെലവിടാൻ നിങ്ങൾക്ക് സാധിക്കുമോ? അതിന്റെ റേഷ്യോ എന്താണ്? The Plan Outlay has been determined at 96-97 prices applying a 7% Inflation rate to the Plan Outlay. ഏഴ് ശതമാനം ഇൻഫ്ളേഷൻ കണക്കാക്കി വരുമ്പോൾ ഇരുപതിനായിരത്തി എൺപത്തിയൊന്നുകോടി വരും. അതൊക്കെപറഞ്ഞാൽ എന്താണ് ചെയ്യേണ്ടതെന്നു അറിയാമോ? To estimate Year-wise Plan Outlay at Current Price, the plan outlay at 96-97 prices has been in the proportion 16 : 18,18 : 20,20 : 22,22 : 24. അങ്ങനെ വന്നാലെ നിങ്ങൾ പറയുന്ന പതിനാറായിരത്തി ഒരുനൂറു കോടി രൂപയുടെ പ്ലാൻ നടപ്പാകുക. ഇവിടെ അതിനുള്ള റിസോഴ്സസ് ഉണ്ടോ? പ്ളാനിനുവേണ്ടി ചെയ്യുന്നത് എന്താണ്? ഞങ്ങൾ വി.സി.ആർ (ബാലൻസ് ഫ്രം കറന്റ് റവന്യൂ) ഞങ്ങളുടെ കൈയിൽ അധികാരം ഏല്പിച്ചു. 300 കോടിയോളമല്ലേ വി.സി.ആർ ഉള്ളത്. ആ വി.സി.ആർ. ഇപ്പോൾ 800 കോടി മൈനസ് balance from current revenue ആ മൈനസിൽ നിന്നും ഈ സംസ്ഥാനത്തെ തകർത്തു. ഈ സംസ്ഥാന ഗവൺമെന്റിന്റെ ഒരൊറ്റകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ സംസ്ഥാന ഗവൺമെന്റ് മൈത്രീ ഭവന നിർമ്മാണ പദ്ധതി നിറുത്തി. എന്താണ് കാരണമെന്ന് അറിയാമോ? സർക്കാർ പണം കൊടുക്കാഞ്ഞിട്ട്. സർക്കാരിന് പണമില്ല. ശ്രീ കെ.എം. മാണി ഒരു കാര്യം പറഞ്ഞു. ഈ ഗവൺമെന്റ് ഓർഡിനൻസ് അവസാനിപ്പിക്കുകയാണ്. മന്ത്രി ശ്രീ വി.പി. രാമകൃഷ്ണപിള്ള ഒരു കാര്യം ആലോചിക്കണം ട്രേഡ്യൂണിയൻസിനെ കൊല്ലാൻ, നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികളെ കൊല്ലാൻ അങ്ങ് ഒരു ലേബർ അതോറിറ്റി ഉണ്ടാക്കിയിരിക്കുന്നു. ആ ലേബർ അതോറിറ്റി വെൽഫെയർ ഫണ്ടിൽ ആയിരത്തിലധികം കോടി ഉറുപ്പികയുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

വെൽഫെയർ ഫണ്ടിന്റെ പണം മുഴുവൻ കൺട്രോൾ ചെയ്യാൻ ഒരു ബോഡി. ആ ബോഡിയിൽ ഒരു നോൺ ഒഫീഷ്യൽസുണ്ടോ? there is no provision in the ordinance. അതിലുള്ള ഉദ്യോഗസ്ഥൻമാർ ലേബർ സെക്രട്ടറി ചെയർമാൻ. ആ ബോഡിന് ഡയറക്ഷൻ കൊടുക്കാൻ വന്ന ഓർഡിനൻസ് ചെയർമാൻ സെക്രട്ടറിയാണ്. സെക്രട്ടറിമാരൊന്നും മോശക്കാരല്ല. എനിക്ക് ഐ.എ. എസ്. കാരോട് പുച്ഛമില്ല. പല കാര്യങ്ങളിലും നമ്മളെക്കാൾ ഭേദമാണ്. എന്നാൽ തൊഴിലാളികളുടെ കാര്യം നോക്കാൻ ഐ.എ.എസ്. കാരേക്കൾ ഭേദം നോൺ ഒഫീഷ്യൽസാണ്. ട്രേഡ് യൂണിയൻ നേതാക്കന്മാരാണ്. അത് ഇടതുപക്ഷത്തിന് മനസ്സിലാകുകയില്ല. നിങ്ങൾ ഇപ്പോൾ ചാനലിന്റെ ലോകത്തിലല്ലേ? അതിന്റെ ഉദ്ദേശം പണം മുഴുവൻ സർക്കാരിന്റെ ഖജനാവിലേയ്ക്ക് കൊണ്ടുവരാനാണ്, വെയ്സ് ആന്റ് മീൻസ് ശരിപ്പെടുത്താൻ മാത്രം ഉണ്ടാക്കിയതാണ്, ഇത് ഒരിക്കലും ശരിയല്ല. ഇവിടെ സർക്കാരിന്റെ വലിയ മാനേജ്മെന്റ് പറഞ്ഞല്ലോ? ഈ കാര്യത്തിൽ ഈ സർക്കാരിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പേജ്. നമ്പർ 85 ഫിനാൻസ് അക്കൗണ്ട് എടുത്തു നോക്കൂ, സമയക്കുറവുകൊണ്ട് ഞാൻ അത് വായിക്കുന്നില്ല. 1998-99 ൽ ഗവൺമെന്റ് പ്രതീക്ഷിച്ചതിനേക്കാൾ 1499.67 കോടിരൂപ റവന്യൂ റസീപ്റ്റ്സ് കുറവാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറവാണ്. 1999-2000 ആണ്ട് 1908.45 കോടി കുറവ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയോട് ഒരപേക്ഷയുണ്ട്. ദയവു ചെയ്ത് ബി. ജെ.പി.ക്ക് അനുകൂലമായ സിറ്റുവേഷൻ ഈ സംസ്ഥാനത്തുണ്ടാക്കരുത്. കാർഷിക ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ 1996-വരെയുള്ള താരിഫ് റേറ്റ് അറിയാമോ? ഫുഡ് ഗ്രെയിനിന് 100 ശതമാനം കുക്ക്ഡ് ഫുഡ് 150 ശതമാനം എഡിബിൾ ഓയിൽ 300 ശതമാനം. പൊഖ്റാനിൽ ബോംബ് പൊട്ടിച്ചു, അമേരിക്ക വിലക്കേർപ്പെടുത്തി അമേരിക്കയ്ക്ക് പോയി ശ്രീ. വാജ്പേയി കീഴടങ്ങി എഗ്രിമെന്റുണ്ടാക്കിയതിനു ശേഷം ഇതു കുറച്ചു. ഞങ്ങളാണോ ഉത്തരവാദികൾ. ബി.ജെ.പി.യെ സഹായിക്കാൻ, ബി.ജെ.പി. കോൺഗ്രസിന്റെ നയമാണ് സ്വീകരിക്കുന്നതെന്ന് വരുത്തിതീർക്കാൻ 300 ശതമാനം തീരുവ ഞങ്ങൾ ഏർപ്പെടുത്തിയത് ഇല്ലാതാക്കി ബി.ജെ.പിയെ നന്നാക്കാൻ ബി.ജെ.പി.യുടെ മുഖം നന്നാക്കാനുള്ള പ്രചരണം അവർക്കൊക്കെ യോജിച്ചാലും അങ്ങേയ്ക്ക് യോജിക്കില്ല എന്നു മാത്രം മുഖ്യമന്ത്രിയോട് പറയട്ടെ. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ടു ഞാൻ നിറുത്തുകയാണ്. ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇന്നലെ ഇവിടെ പറഞ്ഞു ഒരു കോൺഗ്രസ്സ് നേതാവ് മണിച്ചന്റെ കുട്ടിക്ക് താലികൊടുത്തുവെന്ന്. മണിച്ചന്റെ കുട്ടിക്ക് താലി കൊടുത്തത് ആരാണെന്നറിയാമോ? ഞാൻ അന്വേഷിച്ചു; ശാശ്വതീകാനന്ദ സ്വാമി ആ ശാശ്വതീകാനന്ദ സ്വാമിയെ ഇപ്പോൾ ഈ മാർക്സിസ്റ്റുകാർ കോൺഗ്രസ്സ് നേതാവാക്കുകയാണോ? കോൺഗ്രസ്സ് വിരോധം നിങ്ങൾക്ക് കാണും. അത് മനസ്സിലാക്കാം. ശാശ്വതീകാനന്ദ സ്വാമിയെ വരെ കോൺഗ്രസ്സ് നേതാവാക്കി നിങ്ങൾ ചിത്രീകരിച്ചുവെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല. ഇവിടെ നിരാഹാരം കിടക്കുന്ന ആളുകൾ ഈ നിയമസഭയിൽ നമ്മളോടൊപ്പം ഇരിക്കേണ്ട ആളുകളാണ്. ഈ സംസ്ഥാന സർക്കാർ ഇവിടെ നികുതി ഏകീകരണം കൊണ്ടുവന്നു. ഞങ്ങൾ എതിർത്തു. reforms in India ചൈനയിലെ പീപ്പിൾസ് ഡെയ്‌ലി ഹിന്ദു 23.9.96-ൽ പറയുന്നത് ശ്രീ ടി.ശിവദാസമേനോൻ സമയം തന്നാൽ ഞാൻ വായിക്കാം. ന്യൂസ് ഫ്രം ചൈനാ അവിടെ ഡബ്ള്യൂ.റ്റി.ഒ.യിലേയ്ക്ക് കയറാനുള്ള അവരുടെ ശ്രമം അതിൽ കാണുന്നു, മാത്രമാണോ അവർ ഇപ്പോൾ ജർമ്മിനിയിലും, ജപ്പാനിലും, അമേരിക്കയിലും പോയി നിങ്ങൾ പറയുന്നതു പോലെ ടാക്സ് നിയമവും മറ്റുള്ള എല്ലാ നിയമങ്ങളും ഉണ്ടാകും. ഇത് പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് നരസിംഹറാവുവിന്റെ സാമ്പത്തികനയം ശരിയായിരുന്നു രാജ്യത്ത് പുരോഗതിയുണ്ടാക്കി രാജ്യത്തിന് ഏറ്റവും നല്ല പദ്ധതിയാണെന്നു പറയുന്നതാരാണ് പീപ്പിൾസ് ഡെയ്‌ലി. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഞങ്ങളും ഒരു ലൈനിലാണ്. നിങ്ങൾ അവിടെ ഒന്നുമല്ല. ഞങ്ങൾ രണ്ടു കൂട്ടരും ഒരേ നയമാണ് അനുവർത്തിക്കുന്നത്. കോൺഗ്രസ്സും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഒരു ലൈനാണ്. ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ ശക്തിയായി എതിർക്കുന്നു. ഈ സംസ്ഥാന ഖജനാവു പൊളിഞ്ഞു ഇനി ആർക്കും ഭരിക്കാൻ കഴിയാത്ത സ്ഥിതിയാണ്. നമ്മുടെ പ്ലാൻ തകർന്ന് തരിപ്പണമായി. കേരളം ഏറ്റവും തകർച്ചയിലാണ്. ശ്രീമതി മേഴ്സിക്കുട്ടിയമ്മ പറഞ്ഞതു പോലെ വലിയ സാമ്പത്തിക പ്രതിസന്ധി ഈ സംസ്ഥാനത്തുണ്ട്. അതുണ്ടായതിന്റെ പേരിൽ ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ധനകാര്യമന്ത്രി (ശ്രീ.ടി.ശിവദാസമേനോൻ) : സർ, ഇവിടെ ചർച്ചകളിൽ പങ്കെടുത്തുകൊണ്ടു ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും ബഹുമാനപ്പെട്ട കെ.എം.മാണിയും കുറെ പുകമറകൾ സൃഷ്ടിച്ച് യാഥാർത്ഥ്യങ്ങൾ മറയ്ക്കാൻ ശ്രമിക്കുകയുണ്ടായി. അവർ പറഞ്ഞത് ഞാൻ ക്ഷമയോടുകൂടി കേട്ടതുപോലെ അവരുടെ ഭാഗത്തുനിന്നും ക്ഷമയുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ആദ്യത്തെ കാര്യം ഇപ്പോൾ ബഹുമാനപ്പെട്ട മാണി പറഞ്ഞത് ഇതൊന്നും അനുവദിച്ച് തന്നിട്ട് കാര്യമില്ല. ട്രഷറി പൂട്ടിക്കിടക്കുകയാണ്. കേരളത്തിലെ സാമ്പത്തികമെല്ലാം തകർന്നിരിക്കുകയാണ്. ഇനി കാശ് അനുവദിച്ചുതന്നാലും ട്രഷറി വർക്ക് ചെയ്യുന്നില്ലല്ലോ എന്നാണ്. ഈ രീതിയിലാണ് ശ്രീ. കെ. എം. മാണിയുടെ വാസ്തവത്തിനെതിരായിട്ടുള്ള ക്രൂരമായ കടന്നാക്രമണം ഉണ്ടായത്. ഞാൻ യഥാർത്ഥ കാര്യം പറയുമ്പോൾ, കാര്യംവിട്ട് മറയ്ക്കുന്നു, വളച്ചൊടിക്കുന്നു എന്നൊക്കെ ബഹു. കെ.എം. മാണി പറയുമ്പോൾ എനിക്ക് വിഷമമുണ്ട്. ബഹു. കെ.എം മാണിയെപ്പോലെ കമ്മിയാണോ മിച്ചമാണോയെന്ന് സംശയമുണ്ടാക്കാൻ ലോകത്ത് മറ്റാർക്കും കഴിയുകയില്ല, മാത്രമല്ല ഈ രണ്ട് പ്രഗത്ഭൻമാർ വാദിച്ചിട്ടും കേസ് മോശമായാൽ പിന്നെ ജയിക്കുകയില്ല.

ഏത് പ്രഗത്ഭനായ ആൾ വാദിച്ചാലും സിവിൽ കേസ്സിൽ രേഖയില്ലെങ്കിൽ കേസ് തോറ്റുപോകും. മറ്റൊരാളെയും മിണ്ടാൻ സമ്മതിക്കാതെ ബഹു. കെ.എം. മാണിയെയും ആര്യാടൻ മുഹമ്മദിനെയും സമയംകൊടുത്ത് ആക്രമിക്കാൻ ഏല്പിച്ചിട്ടും പൊളിഞ്ഞ കേസാണ്. ട്രഷറി പൂട്ടിയിരിക്കുകയാണ്. മിക്ക കാലത്തും പൂട്ടുകയാണ്. അങ്ങനെ വികസനത്തിനും ഫണ്ട് റിലീസ് ചെയ്യുന്നില്ല എന്നുള്ളത് സത്യമാണെങ്കിൽ, കഴിഞ്ഞ വർഷം ഈ കാലഘട്ടത്തിൽ നവംബർ 30 വരെ 41% പ്ലാൻ എക്സ്പെന്റിച്ചർ ഉണ്ടായിരുന്നത് ഇക്കുറി ആനുവൽ പ്ലാൻ ഹൈക്ക് ഉണ്ടായിട്ടും 44% ചെലവഴിച്ചുകഴിഞ്ഞുവെന്നു പറഞ്ഞാൽ ഖജനാവിൽക്കൂടിയല്ലാതെ എവിടെനിന്നാണ് ഈ പൈസ പോയത്? ഖജനാവിൽനിന്നും യാതൊരു രീതിയിലുമുള്ള വികസനപ്രവർത്തനങ്ങൾക്കുള്ള അഡ്വാൻസും പോകുന്നില്ല എന്നുള്ള വാദം ഇതോടെ പൊളിഞ്ഞിരിക്കുകയാണ്. അടുത്തതായി എനിക്ക് പറയാനുള്ളത് ഓവർഡ്രാഫ്റ്റ് എടുക്കുന്നതിനെ സംബന്ധിച്ചാണ്. ഓവർഡ്രാഫ്റ്റ് വരും വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് വരും, സാമ്പത്തികസ്ഥിതി ഇങ്ങനെ വരുമ്പോൾ എല്ലാ സംസ്ഥാനങ്ങളിലും അവിടെയും ഇത് ഉണ്ടാകും. നിങ്ങളുടെ കാലത്തും ഉണ്ടായിരുന്നു. പക്ഷേ ഓവർ ഡ്രാഫ്റ്റ് പത്തു ദിവസമേ നിൽക്കാൻ പാടുള്ളൂ. പത്തുദിവസത്തിൽ അധികമായാൽ റിസർവ് ബാങ്ക് ഖജനാവ് പൂട്ടാൻ

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസാക്ഷൻസ് സ്തംഭിപ്പിച്ച് ഓർഡർ അയയ്ക്കും. ഞങ്ങളുടെ കാലത്ത് പല തവണ ഒ.ഡി. ഉണ്ടായിട്ടുണ്ട്. പക്ഷേ പത്തു ദിവസം കഴിയാൻ സമ്മതിച്ചിട്ടില്ല. അപ്പോഴേയ്ക്കും ഓവർ ഡ്രാഫ്റ്റ് റിക്കവർ ചെയ്യും. അങ്ങനെ റിക്കവർ ചെയ്യുന്നതു കൊണ്ടാണ് ഒരു ദിവസംപോലും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഖജനാവ് ട്രാൻസാക്ഷൻസ് മരവിപ്പിക്കാതിരുന്നത്. നിങ്ങളുടെ കാലത്ത് ഓവർ ഡ്രാഫ്റ്റ് ക്ലിയർ ചെയ്യാത്തതുകൊണ്ട് ഖജനാവ് സ്തംഭിപ്പിച്ച കാര്യം ഞാൻ വായിക്കാം. അവരുടെ ഫയലിൽനിന്നുതന്നെ വായിക്കാം, In the meantime, I would like to inform you that on 29-1-1993 and 30.1.1993 Treasuries could not transact the business as the RBI has directly instructed the agency banks not to allow any payments against Government accounts.

ഓവർഡ്രാഫ്റ്റ് ten days എക്സീഡ് ചെയ്തതുകൊണ്ട് ഗവൺമെന്റ് അക്കൗണ്ടിൽനിന്നു ഒരു പൈസയും കൊടുക്കാൻ പാടില്ലായെന്നും പറഞ്ഞ് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ രണ്ട് തവണ ക്ലോസ് ചെയ്തു. കഴിഞ്ഞ നാലര വർഷക്കാലത്തിനിടയിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഒരു ദിവസംപോലും കേരളത്തിലെ ഖജനാവിന്റെ പ്രവർത്തനം മരവിപ്പിക്കാനുള്ള കല്പന ഇറക്കിയിട്ടില്ല. പ്രവർത്തനം മരവിപ്പിക്കാനുള്ള ഉത്തരവ് രണ്ടു പ്രാവശ്യം ഇറക്കി. കേന്ദ്രത്തിലും കോൺഗ്രസ്സ് ഭരിക്കുന്നു, കേരളത്തിലും കോൺഗ്രസ്സ് ഭരിക്കുന്നു. ഇതിൽക്കൂടുതൽ അനുകൂലമായ ഒരു അവസ്ഥയുണ്ടോ? ഇവിടെ ബഹു. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ സെൻട്രൽ ക്യാബിനറ്റിൽ ശ്രീ.എ.കെ.ആന്റണി. ബഹുമാന്യനായ എ.കെ.ആന്റണി ഇവിടെ മുഖ്യമന്ത്രിയായിരുന്നപ്പോൾ ബഹുമാന്യനായ കെ.കരുണാകരൻ സെൻട്രൽ ക്യാബിനറ്റ് മിനിസ്റ്റർ. ഇത്രയും നല്ലൊരു കൊഹിഷൻ കിട്ടുമോ? ഒരേ പാർട്ടി കേന്ദ്രവും സംസ്ഥാനവും ഭരിച്ചിട്ടും രണ്ടുപ്രവശ്യം ഒ.ഡി. ക്ലിയറൻസ് കിട്ടാതെ ഖജനാവ് പൂട്ടിയവരാണ് നിങ്ങൾ. അതുപോലെ ഖജനാവ് റെസ്ട്രിക്ഷൻസ് പതിനൊന്നു തവണ നടത്തിയവരാണ് നിങ്ങൾ. ഞാൻ അതിന്റെ എല്ലാ ഓർഡറും എടുത്ത് വായിക്കാം. നിങ്ങൾ അത് അംഗീകരിക്കുന്നതുകൊണ്ട് ഞാൻ വായിച്ച് സമയം കളയുന്നില്ല. പിന്നെ ബഹുമാന്യനായ കെ.എം. മാണി പറഞ്ഞത്, ട്രഷറിയിൽ ഇപ്പോൾ ഒരു നിയന്ത്രണം ഉണ്ട്. നിയന്ത്രണ സമയത്ത് പേ മാത്രമേ കൊടുക്കാൻ പാടുള്ളൂ. ഇൻഡിവിഡ്വൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മാത്രമേ കൊടുക്കാൻ പാടുള്ളൂ. മറ്റ് പബ്ലിക് അക്കൗണ്ട്സ് മരവിപ്പിച്ചിരിക്കുകയാണ് എന്നൊക്കെ. ഇത് കേട്ടാൽതോന്നും അദ്ദേഹത്തിന്റെ കാലത്ത് ഇങ്ങനെ ഉണ്ടായിട്ടില്ല എന്ന്. ഡി.ഒ.നം. 23549/എസ്.എസ്.1/94/ ഫിൻ, തീയതി 2.4.1994-ലെ ഓർഡർ വായിക്കാം In view of the difficult ways and means position of the State, it has been decided to impose restrictions on treasury payments with effect from 4-4-1994 until further orders. Only the following 3 payments should be given .

1) Salaries and Allowances and Pension.

2) Court decrees

3) Individual Savings Bank Accounts.

ബാക്കിയൊന്നും കൊടുക്കാൻ പറഞ്ഞിട്ടില്ല. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇൻഡിവിഡ്വൽസിനു കൊടുക്കുകയില്ലെന്ന് ആരു പറഞ്ഞു?

ഇൻഡിവിഡ്വൽസിന്റെ ചെക്ക് ഇപ്പോൾ എഴുതിത്തന്നാൽ നാളെ രാവിലെ കാശ് തരാം. സേവിംഗസ് ബാങ്ക് അക്കൗണ്ടിൽ കൊടുക്കാതിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ പറ്റുകയില്ല. സേവിംഗ്സ് ബാങ്കിൽ നിന്നുള്ള വിത്ഡ്രോയലും സാല റിയും കോർട്ട് ഡിക്രിയും ഉണ്ടെങ്കിൽ ആ മൂന്നെണ്ണമേ കൊടുക്കാൻ പാടുള്ളൂ, ബാക്കിയൊന്നും കൊടുക്കാൻ പാടില്ല, you may give immediate directions to all Treasury officers എന്നു പറഞ്ഞ് കത്ത് അയച്ചവരാണ് നിങ്ങൾ. എന്നിട്ട് ഇങ്ങോട്ട് തിരിഞ്ഞുനിന്ന് നിങ്ങൾ ശമ്പളം മാത്രമല്ലേ കൊടുക്കുന്നത്; ഇൻഡി വിഡ്വൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മാത്രമല്ലേ കൊടുക്കുന്നത്; പബ്ലിക് അക്കൗണ്ട്സ് കൊടുക്കുന്നുണ്ടോ; നിങ്ങളെല്ലാം സ്തംഭിപ്പിച്ചില്ലേ; എന്നൊക്കെ ചോദിക്കുന്ന നിങ്ങൾക്ക് ഇതൊക്കെ ചെയ്ത് നൈപുണ്യം കാണിച്ചവരാണെ ന്നുള്ള മനോഭാവം ഉണ്ടാകണ്ടേ? ഞാൻ വലിയ സാമർത്ഥ്യമുള്ള ഫിസ്ക്കൽ മാനേജ്മെന്റിന്റെ ആളാണെന്ന് പറയുന്നില്ല, ഞാൻ ഒരു അവകാശവാദവും ഉന്നയിക്കുന്നില്ല. അതുപോലെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഭയപ്പെട്ട തുപോലെ അല്ലെങ്കിൽ എന്നെപ്പറ്റി തെറ്റിദ്ധരിച്ചതുപോലെ വളരെ റോസി ആയിട്ടുള്ള സാമ്പത്തികപൊസിഷനാണ് കേരളത്തിന്റേതെന്ന് പറയാനുള്ള വിവരക്കേടൊന്നും എനിക്കില്ല. കുറച്ച് വിവരമെങ്കിലും ഉണ്ടാകും. കേരള ത്തിൽ സാമ്പത്തികമായ ബുദ്ധിമുട്ടുണ്ട്. പക്ഷെ സംഭ്രമജനകമായ കേരള മെന്നും അഗ്നിപർവ്വതംപോലെ പൊട്ടാമെന്നുമുള്ള ബഹുമാനപ്പെട്ട കെ.എം.മാ ണിയുടെ താക്കീത്, അത് അർഹിക്കുന്ന അവജ്ഞയോടുകൂടി എന്നുപറയാൻ പറ്റുമോയെന്ന് എനിക്കറിയില്ല, തള്ളേണ്ടിവന്നതിൽ ഖേദമുണ്ട്. യാതൊരുവിധ ത്തിലുള്ള ഭീതിക്കോ ഭയാശങ്കയ്ക്കോ കാര്യമില്ല. It is part of the game. ഈ രീതിയിൽത്തന്നെയാണ് എല്ലാ സംസ്ഥാനങ്ങളിലും നടക്കുന്നത്. നിങ്ങൾ 12 പ്രാവശ്യം ഖജനാവ് പൂട്ടിയതിന്റെ രേഖകൾ എന്റെ കയ്യിൽ ഉണ്ട്. സമയക്കുറ വുകൊണ്ട് ഞാൻ വായിക്കുന്നില്ല. നിങ്ങൾ 12 പ്രാവശ്യം പൂട്ടി എന്നു മാത്രമല്ല ഒ.ഡി. ക്ലിയർ ചെയ്യാതെ ആർ. ബി.ഐ. പൂട്ടിച്ചു. അതുപോലെ ഒരു ദിവസം പോലും അങ്ങനെ ഉണ്ടായിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്..... (ബ ഹളം)....Sir, I am not speaking, if this is the attitude. ശ്രീ. ആര്യാടൻ പറയു മ്പോൾ ഞാൻ പറഞ്ഞോ? എന്തൊക്കെ അങ്ങ് പറഞ്ഞു. ഞാൻ ഒരു കാര്യ ത്തിലും ഇന്ററപ്റ്റ് ചെയ്തില്ലല്ലോ.

<u>മി. സ്പീക്കർ</u> : പ്ലീസ് ...... പ്ലീസ്.......

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : അതുകൊണ്ട് ഈ രീതിയിൽ വന്നിട്ടുണ്ട്. പിന്നെ ട്രഷറി പൂട്ടുന്നതിനെ സംബന്ധിച്ച്. ഇപ്പോൾ പൂട്ടിക്കിടക്കുകയാണെന്ന് പറഞ്ഞു. ഇവിടെ ട്രഷറി പൂട്ടുമ്പോഴൊക്കെ കൽപ്പന കൊടുക്കും. It is transparent. – ഇതിൽ ഒരു രഹസ്യവുമില്ല, regulate ചെയ്യാനേ പറഞ്ഞിട്ടുള്ളൂ. ട്രഷറി പൂട്ടിയിട്ടില്ല. ഗവൺമെന്റ് സാധാരണ (നിങ്ങളുടെ കാലത്തും ഇല്ല, ഞങ്ങളുടെ കാലത്തും ഇല്ല.) ഡയറക്ടായിട്ട് ട്രഷറിക്ക് ഓർഡർ കൊടുക്കുക യില്ല. ബഹു. മാണി ഇവിടെ തെറ്റിദ്ധരിക്കത്തക്ക രീതിയിൽ പറഞ്ഞു ഞങ്ങൾ എന്തോ വളഞ്ഞ വഴിക്ക് ഒരു ഓർഡർ കൊടുത്തുവെന്ന്. ഡയറക്ടർ ഓഫ് ട്രഷറീസിന് ഫിനാൻഷ്യൽ സെക്രട്ടറി തന്നെയാണ് എഴുതുന്നത്. അല്ലാതെ ഫൈനാൻസ് സെക്രട്ടറി നേരിട്ട് ഖജനാവിലേക്ക് കത്ത് എഴുതുന്നത് നിങ്ങ ളുടെ കാലത്ത് ഉണ്ടായിട്ടുണ്ടോയെന്ന് എനിക്കറിയില്ല, ഫയൽ നോക്കിയിട്ട് കാണാനില്ല. ഞങ്ങളുടെ കാലത്ത് ഇല്ല, ഉറപ്പ്. പിന്നെ എസ്.എസ്. എന്നുള്ളത് നിങ്ങളുടെ കാലത്തുള്ളത് ഞാൻ വായിച്ചല്ലോ. സീക്രട്ട് സെക്ഷൻ എന്നു പറ ഞ്ഞാൽ ട്രഷറിയെ സംബന്ധിച്ചുള്ള എല്ലാ അഫയേഴ്സും എസ്. എസ്.ൽ കൂടി പോകണം. That is the rule ആ നിലയ്ക്കേയുള്ളൂ. അല്ലാതെ സീക്രട്ട് ആയിട്ട് atomic secret പോലെ പോയതൊന്നുമല്ല. പിന്നെ എനിക്ക് പറ

LIBRARY ARCHIVES Kerala Legislative Assembly

യാനുള്ളത് ഇപ്പോഴത്തെ പൂട്ടൽ. അതിനെക്കുറിച്ച് എന്താണ് ഇത്രയും പറയുന്നതെന്നുവച്ചാൽ ബഹുമാനപ്പെട്ട മാണിക്ക് ഇതിൽ വലിയ ദുഃഖം ഉണ്ട്? എല്ലാവരും വിചാരിച്ചു. എല്ലാരും ചൊല്ലണ് നാട്ടാരും ചൊല്ലണ് എന്നു പറഞ്ഞതുപൊലെ എല്ലാവരും വിചാരിച്ചു. മാണി പ്രത്യേകിച്ചും വിചാരിച്ചു ക്രസ്തുമസും റംസാനും കൂടി ഒന്നിച്ചു വരുകയാണ്. നമ്മൾ കഴിഞ്ഞമാസം 9-ാം തീയതിയാണ് നവംബറിലെ ശമ്പളം കൊടുത്തത്. ക്രിസ്തുമസിന് മുമ്പു ശമ്പളം കൊടുക്കാമെന്ന ധാരണ അവർക്കില്ല. അതുകൊണ്ട് തന്നെ ആഹ്ലാദിച്ചിരിക്കുകയായിരുന്നു. പോരെങ്കിൽ പത്രത്തിലും വന്നു. മാതൃഭൂമി പത്രത്തിൽ ഒരു ന്യൂസ് വന്നു ക്രിസ്തുമസ്സിനു ശമ്പളം ഇല്ല. സാധാരണ പോലെ അല്ലല്ലോ? പൊളിഞ്ഞിരിക്കുകയല്ലേ? ഇക്കുറി അത് കൊടുക്കുകയില്ല എന്നാണ് വിചാരിച്ചത്. പക്ഷേ 15-ാം തീയതി ജി.ഒ ഇറക്കി. നേരത്തെ തന്നെ ഇറക്കി. ആ ശമ്പളം കൊടുക്കുന്ന സമയത്ത് മറ്റൊരു റിലീസും പാടില്ല എന്നുള്ളത് നമ്മുടെ ജി.ഒ യിൽ തന്നെ ഉണ്ടല്ലോ, സ്റ്റാന്റിംഗ് ഓർഡർ ഉണ്ട്. 1990-ലാണ് ആ ഓർഡർ കൊണ്ടുവന്നത്. 1996 വരെ അത് ക്യാൻസൽ ചെയ്തിട്ടില്ല. ആ order is still continuing. Salary disburse ചെയ്യുന്ന പിരീഡിൽ മറ്റുള്ള treasury payments regulate ചെയ്യും That is the standing order. അതല്ലാതെ ഇവിടെ എന്തോ സംഭവിച്ചിരിക്കുന്നു, ഇവിടെ ആകെ അപകടം ആണ്, ഇതാകെ പൊളിച്ചിലാണ് എന്ന് വരുത്തി തീർക്കണമെന്ന് ബഹുമാന്യനായ ശ്രീ. മാണിക്ക് തോന്നാൻ കാരണം എന്താണ്? അദ്ദേഹം എന്റെ സുഹൃത്താണ്. അദ്ദേഹം പറഞ്ഞല്ലോ എന്നോട് സ്നേഹം ഉണ്ടെന്ന്. സ്നേഹം എന്നു പറഞ്ഞാൽ two way traffic ആണ്. എനിക്ക് അങ്ങോട്ട് സ്നേഹം ഉള്ളതുകൊണ്ടാണല്ലോ ഇങ്ങോട്ടും സ്നേഹം തോന്നിയത്. അല്ലാതെ അറയ്ക്കലെ ബീവിയെ കെട്ടാൻ പാതി സമ്മതം അല്ലല്ലോ. ബീവി സമ്മതിച്ചിട്ടല്ലേ? ഞങ്ങൾ സ്നേഹത്തിലാണ്. പക്ഷേ ആ സ്നേഹത്തിലാണെങ്കിൽ പോലും നക്കി കൊല്ലുന്നതിനെക്കാൾ നല്ലത് ഞെക്കി കൊല്ലുന്നതാണ്. Brutus is an honourable man എന്നു പറഞ്ഞുകൊണ്ടാണ് മാർക്ക് ആന്റണി ജൂലിയസ് സീസറിൽ ബ്രൂട്ടസിനെ ആക്രമിച്ചത്. നിങ്ങൾക്ക് അറിയാമല്ലോ. ജൂലിയസ് സീസറിൽ മാർക്ക് ആന്റണിയുടെ സുപ്രസിദ്ധമായ അഡ്രസ് I offered thrice a kingly crown which is thrice rejected. Is it an ambition? Yet Brutus says, Cesar is ambitious, and Brutus is an honourable man. ഇങ്ങനെയാണ് ആന്റണി തുടങ്ങിയത്. അതുപോലെ ശ്രീ.മാണി പറഞ്ഞിരിക്കുന്നു ഇവിടെ എല്ലാം പൊളിഞ്ഞിരിക്കുന്നു, എല്ലാം കഷ്ടത്തിലാണ്, ശിവദാസമേനോൻ എന്റെ മിത്രമാണ് എന്നൊക്കെ. മാർക്ക് ആന്റണിയുടെ ഇടപാട് എന്റെയടുത്ത് വേണ്ട. Yet Brutus is an honourable man, -അത് ആവശ്യമില്ല. പിന്നെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ വളരെ റെലവന്റായി സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ നിന്ന് അപ്രോപ്രിയേഷൻ അക്കൗണ്ട്സും മറ്റുള്ള അക്കൗണ്ട്സുമൊക്കെ ക്വാട്ട് ചെയ്ത് കാര്യമാത്രപ്രസക്തമായ ചില സംശയങ്ങൾ ഉന്നയിച്ചു. ആ സംശയങ്ങൾ തീർത്തില്ലെങ്കിൽ അത് സംശയമായി കിടക്കും. പണ്ടുള്ള പ്രാക്ടീസ് എന്തായിരുന്നുവെന്ന് ചോദിച്ചാൽ പ്ലാന്റ് ഫണ്ട് ടി.പി. അക്കൗണ്ടിലേക്ക് മാറ്റും. മന്ത്രിമാരായിരുന്നതുകൊണ്ട് നിങ്ങൾക്കൊക്കെ അറിയാം. അത് മാറ്റികഴിഞ്ഞാൽ it is booked as Plan expenditure നേരെമറിച്ച് ഇക്കുറിയോ? ഇങ്ങനെ ടി.പി. അക്കൗണ്ടിലേക്ക് മാറ്റുന്നത് എ.ജി ഒബ്ജക്ട് ചെയ്തു. നിങ്ങളുടെ കാലത്ത് മാറ്റിയത് വളരെ സീരിയസായി ഒബ്ജക്ട് ചെയ്തു. അങ്ങനെ മാറ്റിയിട്ട് അത് plan expenditure ആയിട്ട് കാണിക്കുകയാണ്. എന്നിട്ട് പറയുകയാണ് ഞങ്ങൾ 150 ശതമാനം പ്ലാൻ ചെലവാക്കിയെന്ന്. ഇത് പണ്ട് ഞങ്ങ



LIBRARY ARCHIVES Kerala Legislative Assembly

ളുടെ കാലത്തും ചെയ്തിട്ടുണ്ട്. നിങ്ങളുടെ കാലത്തും ചെയ്തിട്ടുണ്ട്. പക്ഷെ ഇപ്പോൾ എന്താണ് ചെയ്യുന്നതെന്നു വച്ചാൽ this is being........... ഇത് ഞങ്ങൾ സമ്മതിക്കുന്നില്ല. അതിൽ ചെലവാക്കിയില്ലെങ്കിൽ സറണ്ടർ ചെയ്യണം. ചെല വാക്കാത്ത പൈസ ആവശ്യമുള്ള ഹെഡ്ഡിൽ ഞങ്ങൾ S.D.G.യിൽ കൂടി കൊണ്ട് വരുകയാണ്. അത് മനസ്സിലാക്കണം. It is total. അതിൽ യാതൊരു പ്രശ്നവുമില്ല. പിന്നെ മറ്റൊന്ന് നിങ്ങൾ വളരെ സീരിയസ്സായി പോയിന്റ് മറ ക്കുകയാണ്. കൃഷിവകുപ്പിനുള്ള ഫണ്ടിന്റെ 75 ശതമാനവും പഞ്ചായത്തി ലേക്ക് കൊടുത്തുകഴിഞ്ഞു. നിങ്ങളെപോലെ അല്ല. കൃഷിയിൽ അത്രയേ ചെലവാക്കാനുള്ളൂ. ആ പൈസ പഞ്ചായത്തിലേക്ക് സറണ്ടർ ചെയ്തുകഴി ഞ്ഞു. എല്ലാ അധികാരവും, വളരെ കുറച്ച് അധികാരമേ കൃഷ്ണനുള്ളൂ. അല്ലെങ്കിൽ കൃഷ്ണൻ പറയട്ടെ. കൃഷ്ണൻ കണിയാംപറമ്പിൽ അല്ല പ്രശ്നം. കൃഷിമാത്രമല്ല, വ്യവസായത്തിന്റെ എത്ര കായങ്ങൾ ത്രിതലപഞ്ചായത്തു കൾക്ക് പോയി. ഹൈസ്ക്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളും ത്രിതലപ ഞ്ചായത്തുകൾക്ക് മാറി. പിന്നെ ആശുപത്രിയുടെ കാര്യം. ശ്രീ. കബീർമാഷ് ഇവിടെ ഇരിപ്പുണ്ട്. മെഡിക്കൽ കോളേജ് ഒഴിച്ച് ബാക്കിയുള്ള സർവ്വ ആശുപ ത്രികളും ജില്ലാ പഞ്ചായത്തുകൾക്ക് മാറി.അതുപോലെതന്നെ മൈനർ ഇറിഗേ ഷൻ. എല്ലാവരും ഇഷ്ടം പോലെ അധികാരങ്ങൾ താഴോട്ട് മാറ്റി. അധികാര ത്തിൽ കെട്ടിപ്പിടിച്ച് ഇരിക്കാൻ 14 ആളുകളിൽ ഒരാളും തയ്യാറായില്ല എന്നു മാത്രമല്ല ഞങ്ങൾ കൂട്ടായി എടുത്ത തീരുമാനമാണ്. ആ പണമാണ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ചെലവാക്കിയത്. ബഡ്ജറ്റ് എസ്റ്റിമേറ്റിലെ എക്സ്പെന്റിച്ചർ മുഴുവൻ അതേമാതിരി ചെയ്യാൻ കഴിയില്ല. ചില ഫണ്ട് നമ്മൾ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കൊണ്ടുവരുന്നത് സെൻട്രലി സ്പോൺസേർഡ് സ്കീംസ് നമ്മൾ ആഗ്രഹിച്ചതുപോലെ ചിലപ്പോൾ നടന്നി ല്ലെന്ന് വരും. അങ്ങനെ വന്നാൽ അതിന്റെ ഫണ്ട്സ് ടി.പി. അക്കൗണ്ടി ലേയ്ക്കു മാറ്റി window dressing നടത്താതെ കള്ളത്തരം കാണിക്കാതെ അത് സറണ്ടർ ചെയ്യിപ്പിച്ച് എസ്.ഡി.ജി.യിൽ കൂടി ആവശ്യമുള്ള മേഖലയി ലേയ്ക്ക് ഞങ്ങൾ ചെലവഴിക്കുന്നു. അതിൽ എന്താണ് തെറ്റ്? ഇത് പറഞ്ഞങ്ങ് പുകപരത്തുകയാണ്.

(ബഹളം......... ബഹളം.............)

ഇതാണ് സത്യം പറഞ്ഞാൽ, വാദം പൊളിഞ്ഞാൽ കൊഞ്ഞനം കാട്ടുക എന്നുപറയുന്നത് . പൊളിഞ്ഞ് പാളീസ്സായപ്പോൾ കിടന്ന് പിടയുക യാണ് അതൊന്നും കാര്യമല്ല. ശ്രീ ആര്യാടന് അതൊന്നും അറിയാഞ്ഞിട്ടൊ ന്നുമല്ല. ഇത് ഞാൻ മനസ്സിലാക്കി മറുപടി പറയും അത്രയും മോശമാ ണൊ നെന്നാ ശ്രീ.ആര്യാടൻ വിചാരിച്ചത്. എന്നെപ്പറ്റി ശ്രീ ആര്യാടനുള്ള എസ്റ്റി മേറ്റ് താണതുകൊണ്ടാണ്. ശ്രീ ആര്യാടൻ ഇങ്ങനെ കണ്ണിൽ പൊടിയിടാം എന്നു വിചാരിച്ചു. നമ്മുടെ അടുത്തു നടക്കൂല്ല. അതെങ്കിലും പഠിക്കാതെ ഇവിടെ വരുമോ? നിങ്ങൾ അത് മനസ്സിലാക്കണം. അപ്പോൾ അത് കുറിക്കു കൊള്ളുമ്പോൾ പറയാൻ സമ്മതിക്കില്ല, ബഹളം ഉണ്ടാക്കും. When you have no case, as an advocate you are confusing the case.

C&AGയുടെ റിപ്പോർട്ട് വളരെ ശരിയാണ്. അതാണ് എസ്.ഡി. ജിയിലേയ്ക്ക് convert ചെയ്തു എന്നു പറഞ്ഞത്. ആ C&AG യ്ക്ക് അങ്ങനെ എഴുതേണ്ടി വന്നത് അവിടെ unspent balance ഉണ്ടായതുകൊ ണ്ടാണ്. അത് ഞങ്ങൾ ടി.പി. അക്കൗണ്ടിൽ വച്ച് അഡ്ജസ്റ്റ് ചെയ്യാതിരുന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ്. അത് മനസ്സിലാക്കാതെ എന്തെങ്കിലും പറയുന്നത് ശരിയല്ല. എന്നെക്കൊണ്ട് ഇനി കൂടുതൽ ആ കാര്യത്തെപ്പറ്റി പറയിക്കേണ്ട.

(ബഹളം............ബഹളം...............)

ശ്രീ. ടി.കെ. ഹംസ : ഈ ഭ്രാന്തിപ്പശു എപ്പഴാ കടിച്ചത്

ശ്രീ. ടി.ശിവദാസമേനോൻ : ഞങ്ങളൊന്നും ചെലവാക്കിയിട്ടില്ല എന്നാണ് പറയുന്നത് ഞാനൊന്നുചോദിക്കട്ടെ പറയുംപോൾ ലേശം ഒരു കരുണ വേണം. ഞാൻ പറയുന്നത് ഈ അസംബ്ലി കെട്ടിടത്തിന്റെ സ്ഥിതി എന്തായിരുന്നു. എത്ര കൊല്ലം ആളുകൾ മാറി ഭരിച്ചു? ബഹുമാന്യനായ സ്പീക്കറുടെ ഇനിഷ്യേറ്റീവ് കൊണ്ട് ഇത്രയും വേഗം ഇത് ഇവിടെ കഴിയാൻ അതിൽ.....................

ശ്രീ. ജി.കാർത്തികേയൻ : അങ്ങനെയാണെങ്കിൽ അതിന്റെ ഉദ്ഘാടനത്തിന് അങ്ങ് പങ്കെടുക്കാതിരുന്നതെന്തുകൊണ്ട്?

ശ്രീ. ടി.ശിവദാസമേനോൻ : Dont make me individualistic. അതെന്റെ കുടുംബത്തിന് സുക്കേടായി പോയിട്ടാണ്. തീരെ അസുഖമായിട്ട് എന്റെ മിസ്സിസ്സ്. അല്ലെങ്കിൽ തന്നെ സുഖമില്ല. സുഖമില്ലാതെ കിടക്കുമ്പോൾ ഞാൻ പോയതാണ്. ഞാൻ ബഹിഷ്കരിച്ചു എന്നുപറഞ്ഞാൽ സങ്കടമാണ്. ഞാൻ സ്പീക്കറോട് പറഞ്ഞിട്ടാണ് പോയത്. ഇവിടെ ഈ പ്രസ്റ്റീജിയസായിട്ടുള്ള കെട്ടിടം എത്ര കോടി ചെലവായി . അതുപോലെതന്നെ ഒന്നും ഇല്ലാതിരുന്ന ആ എം.എൽ.എ. ക്വാർട്ടേഴ്സിൽ എ. ക്ലാസ് ഫ്ളാറ്റ് വരുകയാണ്. അത് ഞങ്ങളുടെ ഇപ്പോഴത്തെ കാലാവധി കഴിയുന്നതിനുമുമ്പ് പൂർത്തീകരിച്ച് എം. എൽ.എ. മാരെ താമസിപ്പിച്ചേ ഞങ്ങളടങ്ങൂ. അതിന് വേറെ യാതൊരു സംശയവും വേണ്ട.

(ബഹളം............ബഹളം...........)

ഞാൻ പറഞ്ഞത് തൈക്കാട് ഗസ്റ്റ്ഹൗസിലൊക്കെ താമസിക്കുന്നവരെ മാറ്റും എന്നാണ് പറഞ്ഞത്. മൂന്നാമതായി ഒരു കാര്യം പറയാനുള്ളത് സെക്രട്ടേറിയറ്റ് അനക്സ്. സെക്രട്ടേറിയറ്റ് അനക്സ് എങ്ങനെയാ കിടന്നത്?

ശ്രീ കെ.എം.മാണി : 90% ഞങ്ങൾ തീർത്തതാണ്.

ശ്രീ. ടി.ശിവദാസമേനോൻ : സെക്രട്ടേറിയേറ്റ് അനക്സ് അല്ലേ? അവിടത്തെ ഫ്ളാറ്റ് 90% നിങ്ങൾ തീർത്തതാണ് അല്ലേ?

ശ്രീ. ടി.എം.ജേക്കബ്: തറക്കല്ലിട്ടതാ.

ശ്രീ ടി.ശിവദാസമേനോൻ : തറക്കല്ലിട്ടു, അത് ഗംഭീരമായി അത് നിങ്ങൾ പൂയംകുട്ടിക്കും ഇട്ടിട്ടുണ്ട്. അനുമതി കിട്ടാത്ത പൂയംകുട്ടിക്ക് തറക്കല്ലിട്ടു എന്നുപറഞ്ഞാൽ എവിടെയാ തറക്കല്ലിട്ടത്. എന്റെ മണ്ഡലത്തിൽ ഇന്റഗ്രൽ കോച്ച്ഫാക്ടറിക്ക് ശ്രീ ഡി.സഞ്ജീവയ്യ, റെയിൽവെ മന്ത്രി, കല്ലിട്ടതും ഇപ്പോഴും അവിടെയുണ്ട്. ആ കല്ല് വേറെ ചില ആവശ്യത്തിന് ആളുകൾ ഉപയോഗിക്കുന്നു. അത് പറമ്പിലാണ്. അത് നിങ്ങൾ കല്ലിട്ടു എങ്കിലും ആ കെട്ടിടം പണി കഴിഞ്ഞില്ലേ അതുപോലെ തന്നെയാണ് സെക്രട്ടറിയേറ്റ് അനക്സ്, 90% പണിയും കഴിഞ്ഞതാണ്. എന്തിനാ വാസ്തവ വിരുദ്ധമായിട്ട് പറയുന്നത്. ശ്രീ. മാണി ഇങ്ങോട്ടൊരു ഷിഫ്റ്റുണ്ടോ എന്ന് സംശയമുണ്ട്. ടെണ്ടർ കൊടുത്തതാണെന്ന് പറയുന്നു, എന്തിനാ ശ്രീ. മാണി ഇങ്ങനെയൊക്കെ കളിയാക്കുന്നത്. മിണ്ടാതിരുന്നാൽ വല്ല കുഴപ്പവുമുണ്ടോ? അതിന്റെ പണിയും കഴിഞ്ഞു. തിരുവനന്തപുരം പഴയ തിരുവനന്തപുരമാണോ? ശ്രീ. കാർത്തികേ

LIBRARY ARCHIVES Kerala Legislative Assembly

യനൊക്കെ നല്ലവിവരമുണ്ട് തിരുവനന്തപുരത്ത് അതിന്റെ മടിത്തട്ടിൽ വളർന്ന ആളാണ്. ഞാൻ ചോദിക്കട്ടേ. തിരുവനന്തപുരത്ത് വളരെ വലിയ വികസനങ്ങൾ ഈ മൂന്നു, നാലു കൊല്ലം കൊണ്ട് ഉണ്ടായിട്ടില്ലേ? ഇല്ല എന്നുപറയാൻ പറ്റുമോ? ഇല്ല എന്ന് എങ്ങനെയാ പറയുക ? തിരുവനന്തപുരത്തിന്റെ മുഖം നോക്കിയാൽ മാറ്റം ഇല്ലേ? ഇല്ല എന്ന് എങ്ങനെയാ പറയുക?

(ബഹളം.............. ബഹളം................)

ശ്രീ. ശിവദാസമേനോൻ : ഞാൻ ശ്രീ. ഡൊമിനിക് പ്രസന്റേഷനോട് ഒന്നും പറഞ്ഞിട്ടില്ല. മാപ്പാക്കണം. ഇത് ശരിയല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഞാൻ ഉള്ള കാര്യമാണ് പറയുന്നത്.

ശ്രീ. ടി.ശിവദാസമേനോൻ : ഉള്ള കാര്യങ്ങൾ പറയുന്നത് ഞാൻ സംസാരിക്കുമ്പോഴല്ല. you can take Speakers permission and speak, I will sit. Now I am in Possession of the House; അപ്പോൾ സീരിയസ്സായിട്ട് നമ്മൾ ആലോചിക്കണം. ഇവിടെതന്നെ എഡ്യൂക്കേഷനു വേണ്ടിയുള്ള ബഡ്ജറ്റ് പ്രൊവിഷൻ ആയ 300 കോടി രൂപ കമ്മി വന്നു അത് ഇവിടെ ചെലവായില്ല എന്നു പറഞ്ഞു. നിങ്ങൾക്ക് എല്ലാവർക്കുമറിയാം എഡ്യൂക്കേഷൻ ഏറ്റവും അധികം ജീവനക്കാർ ഉള്ള ഒരു ഡിപ്പാർട്ടുമെന്റാണ് ആ ഡിപ്പാർട്ടുമെന്റിലെ ശമ്പള പരിഷ്കരണത്തിനുവേണ്ടി നീക്കിവച്ചത് ആ വർഷം ചെലവായില്ല. അടുത്ത വർഷം ചെലവായി. ശമ്പള പരിഷ്കരണത്തിന് നീക്കിവച്ചത് അക്കൊല്ലം ചെലവായില്ല. അതിന്റെ ബിൽ എഴുതി ഫിക്സേഷൻ കഴിഞ്ഞുവരുമ്പോൾ അടുത്ത ഫിനാൻഷ്യൽ ഇയർ ആയി. അതുകൊണ്ടാണ് ഈ ഫിനാൻഷ്യൽ ഇയറിൽ അത് ചെലവാകാത്തത്. it is a real thing വിദ്യാഭ്യാസത്തിൽ ശംബള പരിഷ്കരണത്തിന് നീക്കി വച്ച പണം അക്കൊല്ലം ചെലവാക്കാൻ കഴിയാഞ്ഞാൽ അവിടെ സേവിംഗ്സ് ആയി കിടക്കും. അത് എടുത്ത് ഇങ്ങോട്ട് ചെലവാക്കിയാൽ, അതും ചെലവഴിച്ചില്ല എന്നു പറഞാൽ വളരെ സങ്കടകരമായിട്ടുള്ള സ്ഥിതിയാണ്. അതുപോലെ എനിക്കു പറയാനുള്ളത് മൈത്രീ സ്കീമിനെകുറിച്ചാണ്. മൈത്രീ സ്കീം മരിച്ചുകഴിഞ്ഞു അത് ഇല്ല എന്നൊരു വാക്ക് ഇവിടെ പറഞ്ഞു. കാശിന്റെ കാര്യം ഇപ്പോൾ പറഞ്ഞു തരാം, മൈത്രീ സ്കീം പൊളിഞ്ഞു എന്നു പറഞ്ഞു. ഞാൻ പറഞ്ഞുതരട്ടെ 30 കോടി രൂപ മൈത്രീ സ്കീമിലെ ബഡ്ജറ്ററി പ്രൊവിഷൻ. ഇപ്പോൾ നമ്മൾ 116 കോടി രൂപ ആ സ്കീമിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. മുപ്പതിനു പകരം 116 കോടി ഞാൻ ചോദിക്കട്ടെ 30 കോടിയാണ് എസ്റ്റിമേറ്റ്. 116 കോടിയാണ് ഉപയോഗിച്ചത്. 116 കോടിയിൽ കുറച്ചു പൈസാ കൊടുക്കാൻ ഉണ്ടാകും അത് കൊടുക്കും. ഹൗസിംഗ് ബോർഡ് പ്രൈവറ്റ് പ്രോപ്പർട്ടി ഒന്നുമല്ല. ഹൗസിംഗ് ബോർഡ് 116 കോടിയാണ് 30 കോടി എന്നുള്ളടത്ത് ചെലവഴിച്ചത്. അപ്പോൾ വീടുകളുടെ എണ്ണം കൂടി. അതിന്റെ ടേംസ് മാറ്റി. പാവപ്പെട്ടവർക്ക് കിടക്കാനിടമില്ലാത്തവർക്ക് വീടുണ്ടാക്കി. നിങ്ങൾക്ക് അത് എങ്ങനെ സഹിക്കും? സർക്കാർ ഖജനാവിൽ നിന്നു തന്നെയാണ് കൊടുത്തത്. ബഡ്ജറ്ററി എമൗണ്ട് ഒക്കെ അവിടെത്തന്നെയാണ്.അല്ലാതെ വേറെ എവിടുന്നാ കൊടുക്കുന്നത്? എന്റെ വീട്ടിൽ നിന്നൊന്നുമല്ല കൊടുത്തത്, സർക്കാർ ഖജനാവിൽ നിന്നു തന്നെയാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് എത്ര വലിയ കോടിയാണ് ഒന്നിച്ചുവന്നത്. നേരെ മറിച്ച് ഇൻഡ്യാ രാജ്യത്തു തന്നെ അഞ്ച് ആറു സംസ്ഥാനങ്ങളുടെ കാര്യം ഞാൻ ഇന്നലെ പറഞ്ഞു. മൂന്നും നാലും മാസത്തെ ശമ്പളം ബാക്കിയാണ്. രാജസ്ഥാൻ ഒരു ഉദാഹരണമാണ്. ഞാൻ പറയാം 40% പ്ലാൻ കട്ടാണ്. അവർ എം.ഒ.യു. ഒപ്പിട്ടു കൊടുത്തു. അല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

നിവൃത്തിയില്ല. അതുപോലെ ഡിയർനസ് അലവൻസ് ഫ്രീസ് ചെയ്തു. ജീവനക്കാരുടെ ബോണസ്സ് ഫ്രീസ് ചെയ്തു. ഞാൻ ഒരു കാര്യം കൂടി പറഞ്ഞു കൊണ്ട് അവസാനിപ്പിക്കുകയാണ്. ഞാൻ ശ്രീ.മാണിക്കു വഴങ്ങിയാൽ ഇവിടെ സംസാരിക്കുന്നവർക്കൊക്കെ വഴങ്ങേണ്ടിവരും. കാരണം ബഹുമാനപ്പെട്ട ആര്യാടനു പോലും വഴങ്ങിയില്ല, അതുവേണ്ട. I cannot discriminate. Discriminate ചെയ്യാൻ പറ്റില്ല. debt burden of Indian States ഇത് ഡിസംബർ 15 ലെ ബിസിനസ് ലൈനിൽ വന്ന രാജ്യസഭയിലെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻസ് 2426 മിനിസ്ട്രി ഓഫ് ഫിനാൻസിന്റേതാണ്. ഇതിൽ സ്റ്റേറ്റുകളുടെ കടം എസ്.ഡി.പി. യുടെ പേർസെന്റേജ്, State Domestic Product Gross Domestic product. ഇവിടുണ്ടാക്കുന്ന സമ്പത്ത് ഉത്പാദന പ്രക്രിയയുടെ എസ്.ഡി.പി യുടെ എത്ര ശതമാനം കടം വരും എന്നുള്ള ഒരു കണക്കിൽ കേരളം ഇരുപത്തിയഞ്ചു സംസ്ഥാനങ്ങളിൽ ഏഴാമതാണ്. മറ്റു പതിനെട്ടെണ്ണം നമ്മേക്കാൾ താഴെയാണ്, എന്നുള്ളതുകൊണ്ട് ഞാൻ കേമത്തരം പറയുന്നില്ല. ഞാൻ പറഞ്ഞില്ലേ കാട്ടാളരിൽ കാപ്പിരി, കാമദേവൻ, ആ രീതിയിൽ എടുത്താൽ മതി, പക്ഷേ ഞാൻ ഇവിടെ പറയുന്നു ആ കണക്ക് ഫിസ്ക്കൽ ഹെൽത്താണ്, ഇത് G.D.P. Vs State Borrowing അതിന്റെ റേഷ്യോയാണ്. അത് രണ്ടും രണ്ടല്ലേ അത് വളരെ ക്ലിയർ ആയിട്ടാണ് ഞാൻ അവതരിപ്പിക്കുന്നത്. അതിന്റെ പേർസെന്റേജ്. Kerala has only 28.16% of the S.D.P. എസ്.ഡി.പി.യുടെ ഇരുപത്തിയെട്ട് ശതമാനമേയുള്ളു കടം മറ്റേത് നാല്പത്തിയെട്ടു ശതമാനമുണ്ട്. അൻപത്തിയൊൻപതു ശതമാനമുണ്ട്. എഴുപത്തിയൊന്നു ശതമാനമുണ്ട്. അൻപതു ശതമാനമുണ്ട്. ഇരുപത്തിയൊൻപതു ശതമാനമുണ്ട്, മുപ്പതു ശതമാനമുണ്ട്. മുപ്പത്തിയഞ്ചു ശതമാനമുണ്ട്. ഞാൻ ഓരോ സ്റ്റേറ്റിന്റെയും വായിച്ച്, സമയം കളയുന്നില്ല. അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ഓഫ് രാജ്യസഭ, അതും പറഞ്ഞു, എനിക്ക് കിട്ടിയതെവിടെനിന്നാണെന്ന് പറഞ്ഞു തരാം. Business Line, December 15th, 2000 ഇത് സ്റ്റേറ്റിന്റെ authentic റിക്കാർഡാണ് അപ്പോൾ ഈ പതിനെട്ട് സ്റ്റേറ്റുകളിലേയും കടം നമ്മുടേതിനേക്കാളും വലുതാണ്. അത് എസ്.ടി.പി.യുടെ റേഷ്യോയിൽ വളരെ വലുതായി നില്ക്കുന്നു. ആ സംസ്ഥാനങ്ങളൊക്കെ പൊളിയാതെ സുഗമമായി നടക്കുന്നു. കേരളം മാത്രം പൊളിഞ്ഞിരിക്കുന്നു. ഇത് jealousy അല്ലെങ്കിൽ നമ്മൾ പൊളിയാത്തതിലുള്ള ദു:ഖത്തിന്റെ പ്രകടനം ആണ് അല്ലാതെന്താണ് സർ, പറയേണ്ടത്? അതുകൊണ്ട് ഇവിടെ വളരെ കേമം ആണെന്ന് ഞാൻ പറയുന്നില്ല. ഞങ്ങൾ ഇപ്പോൾ ചെലവ് ചുരുക്കി ധൂർത്ത് അവസാനിപ്പിച്ച് അനാവശ്യ ചെലവുകൾ റെസ്ട്രിക്ട് ചെയ്തുകൊണ്ട്, ചെലവ് നല്ലവണ്ണം കുറച്ചു കൊണ്ട് മാക്സിമം ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുകയാണ്. saved is a penny got ആ തത്വം ആ Frugal Maximum മുദ്രാവാക്യമായി പിടിച്ചുകൊണ്ട് നമ്മൾ ചെലവു ചുരുക്കിയാൽ ഒരു നയാപൈസാ പുതിയ റവന്യൂവിൽ കിട്ടിയെന്നാണ് അർത്ഥം. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ ഇതിവിടെ അവസാനിപ്പിക്കുന്നു. ഇതു മുഴുവൻ പൊളിച്ചിൽ ആണ് കഷ്ടമാണ്, വളരെ മോശമാണ്. ബഹുമാനപ്പെട്ട മാണിയുടെ പ്രസംഗത്തിലാണ് അത് വന്നത്. ആര്യാടൻ ചില ഒബ്ജക്ഷൻസാണ് പറഞ്ഞത്. മാണിയുടെ പ്രസംഗത്തിൽ ആകെ തകർന്ന് തരിപ്പണമായി എന്നാണ് പറഞ്ഞത്. Please don't repeat that കാരണം ഇല്ലാത്തത് പറഞ്ഞ് പരത്തരുത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ സേവിംഗ്സ് ബാങ്ക് 13% പലിശ നല്കുന്നുണ്ട്. ഏറ്റവും നല്ല നിരക്കിൽ സേവിംഗ്സ് ബാങ്കിൽ ഡെപ്പോസിറ്റ് വന്നുകൊണ്ടിരിക്കുന്നു. അത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതെയാക്കുക സംസ്ഥാനത്തിന്റെ ക്രെഡിബിലിറ്റി നശിപ്പിക്കുക വേൾഡ് ബാങ്കോ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കോ ഏതെങ്കിലും സെൻട്രൽ ഏജൻസിയോ ആരെങ്കിലും ഇവിടെ പണം തരാൻ ഉദ്ദേശിച്ചു എങ്കിൽ കിട്ടരുത്, അതിന് ഇവിടെ പൊളിഞ്ഞ കപ്പലാണ് കൊടുക്കേണ്ട എന്ന ആ ദുഷ്ടത മനസ്സിൽ വയ്ക്കരുത്. അതുകൊണ്ട് നിങ്ങൾക്ക് ഇപ്പോൾ എന്തും പറയാം കാരണമെന്താണെന്നുവച്ചാൽ ആരാണ് ശിവദാസമേനോൻ ഇരുന്ന കസേരയിൽ ഇനി ഇരിക്കാൻ പോകുന്നത് എന്ന്. നിങ്ങൾ ഇരിക്കുകയില്ല എന്നുള്ളത് ഉറപ്പാണ്. ഞങ്ങൾ തന്നെ ഇരിക്കും. ശിവദാസമേനോൻ ഇരിക്കുമോ ഇരിക്കുകയില്ലയോ എന്ന് എനിക്ക് പറയാൻ കഴിയില്ല. പക്ഷെ എൽ.ഡി.എഫിന്റെ മന്ത്രി തന്നെ ഇവിടെ ഇരിക്കും അല്ലെങ്കിൽ ഞങ്ങൾക്ക് നിങ്ങൾ പോയ രീതി മൈൻ വച്ച് തകർത്ത് വിത്ഡ്രാ ചെയ്യാമായിരുന്നു. ശത്രുസൈന്യം ആക്രമിക്കുംപോൾ മൈൻ വച്ച് എല്ലാം മുടിച്ച് പിന്നോട്ട്. നിങ്ങൾ പോയതുപോലെ ഞങ്ങൾക്ക് അതിന് നിവൃത്തിയില്ല. ഞങ്ങൾക്ക് അടുത്ത ഏപ്രിൽ ഒന്നാം തീയതിയ്ക്ക് ശേഷവും വരുന്ന കൊല്ലവും ഭരിക്കണം, അഞ്ചു കൊല്ലം കൂടി ഞങ്ങൾ തന്നെ ഭരിക്കും, നിങ്ങൾ ഭരിക്കുമെന്ന് ചെകിട് പൊട്ടനും കണ്ണ് പൊട്ടനും കൂടി പറയുകയില്ല You are discredited എന്തു ചെയ്യാനാണ്. നല്ല വ്യക്തികളാണ്. ഹൈഡ്രജൻ കത്തുന്ന സാധനമാണ്, ഓക്സിജൻ കത്താൻ സഹായിക്കുന്ന സാധനമാണ്, ഹൈഡ്രജനും ഓക്സിജനും ചേർന്ന കോമ്പൗണ്ടായ വെള്ളം, കെടുത്തും കത്തുകയില്ല. അതുപോലെ നിങ്ങൾ ഓരോരുത്തരും നന്നാകും, പക്ഷെ എല്ലാപേരും കൂടി ചേരുംപോൾ വെള്ളമായി തീരുന്നു. ക്രിയാത്മകമായ യാതൊന്നിനും കഴിയാത്ത തേജസും ഓജസും നശിച്ച് സർവസ്വവും നശിച്ച് നിരാശരായി അന്തം വിട്ടിരിക്കുന്ന കുറെ ആളുകൾ ഈ ഗവൺമെന്റിനെ പഴിചാരി ഇതിന്റെ ക്രെഡിബിലിറ്റി കളഞ്ഞുകൊണ്ട് കഴിയുകയാണ്. ഭാവിതലമുറ നിങ്ങൾക്ക് മാപ്പ് തരാത്ത രീതിയിൽ നിങ്ങൾ ഇരിക്കുകയാണ്, നിങ്ങൾ നശിപ്പിക്കുകയാണ്, ഇവിടെ വികസനം നടക്കരുത്. കേരളത്തിൽ വജനാവ് പൂട്ടിയെന്ന് പത്തു തവണ പറഞ്ഞു നടന്നാൽ നല്ല കാര്യം ആണോ? വജനാവ് എന്റേതല്ല മാണി, കേരളത്തിന്റേതാണ്. അതുകൊണ്ട് ഈ രീതിയിലുള്ള ആക്രമണം ഗുണം ചെയ്യുകയില്ല. നിങ്ങൾ വരില്ല ഞങ്ങൾക്കില്ലെങ്കിൽ പിന്നെ അത് പോകട്ടെ, ഞങ്ങൾക്ക് ഭരണം കിട്ടില്ല, അതുകൊണ്ട് എല്ലാം മുടിയട്ടെ, ആ ദ്രോഹബുദ്ധി നല്ലതല്ല. അതുകൊണ്ട് ഞാൻ പറയുന്നു യാതൊരു സംശയവുമില്ല. ഈ ബുദ്ധിമുട്ടുകൾ ഉണ്ട് Troubled Waters will subside, troubled foliage will be lulled to rest ഇതെല്ലാം കരയ്ക്കടുപ്പിക്കാൻ നമുക്ക് സാധിക്കും, അവിടുള്ളവരും നമ്മളെല്ലാം സഹകരിച്ചു മുന്നോട്ടുപോയാൽ ഐശ്വര്യ പൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കാൻ സാധിക്കും എന്നുള്ള ആത്മവിശ്വാസത്തോടുകൂടിയാണ് ഞങ്ങൾ വരുന്ന പൊതു തെരഞ്ഞെടുപ്പിലേക്ക് പോകുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജി.കാർത്തികേയൻ</u> : സർ, താങ്കൾ വളരെ സീനിയർ ആയിട്ടുള്ള ആളാണല്ലോ. ഈ മാസം 19-ാം തീയതി ബഹുമാനപ്പെട്ട പി.പി.തങ്കച്ചൻ ഈ നിയമസഭയിൽ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ കർഷകരുടെ ചില പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞു. നിയമസഭാചട്ടം 300 അനുസരിച്ച് അതിദീർഘമായ ഒരു സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇതുമായി ബന്ധപ്പെട്ട് അവതരിപ്പിച്ചു. സർ, ആക്രമണസ്വഭാവത്തിൽ നിന്നുകൊണ്ട് ഒരു ആക്രമണകാരിയെപ്പോലെ ധന

മന്ത്രി അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിക്കുകയും ചെയ്തു. ഇവിടെ റൂൾ 300 അനുസരിച്ചുള്ള ഈ സ്റ്റേറ്റ്മെന്റിലും അതിനുശേഷം നടന്ന ധനമന്ത്രിയുടെ ധനവിനിയോഗബില്ലിനെ വൈൻഡ്അപ്പ് ചെയ്ത അദ്ദേഹത്തിന്റെ പ്രസംഗത്തിലും ഞാൻ ചില കാര്യങ്ങൾ പ്രതീക്ഷിച്ചിരുന്നു. പകരം അനുകമ്പയ്ക്കപ്പുറമായി ആക്രമിക്കുന്ന ഒരു വ്യാഘ്രവാതത്തപ്പോലെയാണ് ധനമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗം ഇവിടെ അവസാനിപ്പിച്ചത്. അദ്ദേഹത്തിന്റെ ഒരു ശൈലിയാണ് അത്. അദ്ദേഹം മസെഡിൽക്കൂടി നടന്നുപോകുകയേയുള്ളൂ. സർ, ഇവിടെ പത്ത് എം.എൽ.എ.മാരും പിന്നെ ഒരാൾ അങ്ങനെ പതിനൊന്നുപേർ ഈ നിയമസഭാ കവാടത്തിൽ മൂന്നു ദിവസമായി നിരാഹാരസമരത്തിലായിരുന്നു. ആ സമരവുമായി ബന്ധപ്പെട്ട കേരളത്തിന്റെ ഒരു ജനകീയ പ്രശ്നം വന്നപ്പോൾ സ്വാഭാവികമായും അതുമായിട്ട് ഒരു ചർച്ചയ്ക്കുപോലും വിളിച്ചില്ല എന്തിന് നിങ്ങൾ കിടക്കുന്നു എന്നുപോലും ചോദിച്ചില്ല. രണ്ടു മൂന്നു കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് നിരാഹാരം കിടക്കുന്നത്. വർദ്ധിപ്പിച്ച നികുതിയെങ്കിലും ഒന്ന് പിൻവലിക്കുക, സർ ജനുവരിയിലെ നികുതി ഏകീകരണം മൂലം വർദ്ധിപ്പിച്ച നികുതികൾ-വെളിച്ചെണ്ണയ്ക്ക് നികുതി വർദ്ധിപ്പിച്ചു. കോഫിയ്ക്കു വർദ്ധിപ്പിച്ചു റബ്ബറിന് വർദ്ധിപ്പിച്ചു. രാസവളത്തിനും കീടനാശിനിക്കും വർദ്ധിപ്പിച്ചു. ഈ വർദ്ധിപ്പിച്ച നികുതികളെങ്കിലും പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറായില്ല. കേരളത്തിലെ കർഷകർക്ക് ലോണായിട്ട് കിട്ടേണ്ട പണം അതിനുവേണ്ടി വിനിയോഗിക്കുന്ന നമ്മുടെ നാട്ടിൻപുറങ്ങളിലെ പ്രാദേശിക സഹകരണബാങ്കുകളിലെ ആയിരം കോടി രൂപപോലും ധനമന്ത്രി പിടിച്ചു വച്ചിരിക്കുന്നു. അതുകൊണ്ട് കേരളത്തിലെ കർഷകർക്ക് ലോൺ പോലും കിട്ടുന്നില്ല. കാർഷികകടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിക്കാൻ അഭ്യർത്ഥിക്കുന്നു. ഇതിൽ ഏറ്റവും കുറഞ്ഞത് വർദ്ധിപ്പിച്ച നികുതിപോലും പിൻവലിക്കാൻ തയ്യാറാകാത്തതിലും ഇതിനെക്കുറിച്ച് ചർച്ച ചെയ്യാൻപോലും ഉള്ള സാമാന്യമര്യാദ പോലും കാണിക്കാത്തതിലും ഈ ഗവൺമെന്റിന്റെ കർഷകവിരുദ്ധനയങ്ങളിലും പ്രതിഷേധിച്ചുകൊണ്ട് തുടർന്നുനടക്കുന്ന വോട്ടെടുപ്പിലും ചർച്ചകളിലും ഞങ്ങൾ പങ്കെടുക്കുന്നില്ല. ഞങ്ങൾ സഭ വിട്ട് പുറത്തുപോകുന്നു.

*(ശ്രീ. ജി.കാർത്തികേയന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ശേഷിച്ച സഭാനടപടികൾ ബഹിഷ്ക്കരിച്ചു പുറത്തുപോയി)*

## XII. വ്യക്തിപരമായ വിശദീകരണം

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, എനിക്കൊരു പേഴ്സണൽ എക്സ്പ്ലനേഷനുണ്ട്. ബഹുമാനപ്പെട്ട സുധാകരൻ ഇന്നലെ പറഞ്ഞ ഒരു കാര്യം ഞാൻ അത് ഇന്ന് പത്രത്തിൽ വായിച്ചപ്പോഴാണ് അങ്ങനെ പറഞ്ഞു എന്നറിഞ്ഞത്. അതുകൊണ്ട് ഞാൻ ഇത് പറയാതിരുന്നാൽ രേഖയിൽ കിടക്കും. ആ ബാറ്ററി കമ്പനിയുടെകാര്യം പറഞ്ഞില്ല. ആ ബാറ്ററി കമ്പനി എന്റെ മകന്റെ....... എനിക്ക് രണ്ട് മരുമക്കളെയുള്ളൂ. രണ്ട് പേരും വക്കീൽ പണി എടുത്ത് ജീവിക്കുന്നവരാണ്. ബാറ്ററി കച്ചവടത്തിന് അവരില്ല. അത് പേഴ്സണൽ എക്സ്പ്ലനേഷൻ പോലെ പറയുകയാണ്. അങ്ങനെ ഒരു സംഭവമില്ല. അത് രേഖയിൽ കിടക്കരുതെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. ഇത് നിഷേധിക്കുന്നത് കൊണ്ടോ മറ്റോ അല്ല. അത്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുകൊണ്ട് വലിയ പൂച്ചകുട്ടിയുമില്ല. പക്ഷെ അത് രേഖയിൽ കിടക്കാൻ പാടില്ല. എന്റെ മരുമക്കൾ രണ്ടുപേരും വക്കീലന്മാരാണ്. അവർ വക്കീൽ പണിയാണ് എടുക്കുന്നത്. അതുകൊണ്ട് വേറൊരിടപാടും അവർക്കില്ല. ടാക്സ് നമ്മൾ കൂട്ടുകയല്ല ചെയ്തത് എല്ലാത്തിനും കുറയ്ക്കുകയാണ് ചെയ്തത്.

മി.സ്പീക്കർ : 2000-ത്തിലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കു എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബി: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.......... പ്രതികൂലിക്കുന്നവർ.............

2-ഉം 3-ഉം വകുപ്പുകൾ: ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ........ പ്രതികൂലിക്കുന്നവർ......

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ......പ്രതികൂലിക്കുന്നവർ.......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, 2000-ത്തിലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ.നാണു) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി.സ്പീക്കർ : 2000-ത്തിലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ....... പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ (ചർച്ച തുടർച്ച)

മി.സ്പീക്കർ : 4-ാം വകുപ്പുവരെ പാസ്സാക്കിക്കഴിഞ്ഞു. ഇനി 5-ാം വകുപ്പ്...........

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ശ്രീ. പാലോട് രവി നോട്ടീസ് നൽകിയിരുന്ന 217, ശ്രീ. ബി.വിജയകുമാറിന്റെ 224., ശ്രീമതി റോസമ്മ ചാക്കോയുടെ 232, ശ്രീ. തമ്പാനൂർ രവിയുടെ 241 എന്നീ നമ്പർ ഭേദഗതികൾ അവർ സഭയിൽ അവതരിപ്പിക്കാത്തതുകൊണ്ട് ആ ഭേദഗതികൾ ഞാൻ ഒഫിഷ്യൽ അമെന്റുമെന്റുകളായി അവതരിപ്പിക്കുന്നു.

വകുപ്പ് 5(2) (ബി) യിൽ കുട്ടികളുടെ പാർക്കുകൾ എന്നതിനു ശേഷം സ്പോർട്സ് പരിശീലനകേന്ദ്രങ്ങൾ എന്നു ചേർക്കുക.

വകുപ്പ് 5(2) (ബി) യിൽ നീന്തൽകുളങ്ങൾ എന്നതിനുശേഷം വാട്ടർ പോളോ; വള്ളംകളി എന്നിവയ്ക്കു വേണ്ട കുളങ്ങൾ എന്നു ചേർക്കുക.

വകുപ്പ് 5(2) (എഫ്) താഴെപ്പറയുംപ്രകാരം തിരുത്തി എഴുതുക.

(എഫ്) നിർണ്ണയിക്കപ്പെട്ടേക്കാവുന്ന വിധത്തിൽ സ്പോർട്സ് താരങ്ങൾക്കും കോച്ചുകൾക്കും റഫറിമാർക്കും ഇൻഷ്വറൻസും അപകട ഇൻഷ്വറൻസും ഏർപ്പെടുത്തുക.

വകുപ്പ് 5(2) (പി) യ്ക്കു പകരം താഴെപ്പറയുന്നത് ചേർക്കുക.

(പി) കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള ദേശീയ സ്പോർട്സ് ഫെഡറേഷന്റെ സംസ്ഥാന ഘടകം ഉൾപ്പെടെയുള്ള സ്പോർട്സ് സംഘടനകളുടെ അംഗീകാരത്തിനും പ്രവർത്തനങ്ങൾക്കുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.........പ്രതികൂലിക്കുന്നവർ........

ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ...........പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ............പ്രതികൂലിക്കുന്നവർ...........

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7-ാം വകുപ്പ്

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....................പ്രതികൂലിക്കുന്നവർ.............

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പ്

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..............പ്രതികൂലിക്കുന്നവർ.................

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കിയിരിക്കുന്നു.

9-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ഞാൻ എന്റെ 488-ാം നമ്പർ ഒഫിഷ്യൽ അമെന്റ്മെന്റ് അവതരിപ്പിക്കുന്നു. കൂടാതെ ശ്രീമതി റോസമ്മ ചാക്കോ നോട്ടീസ് നൽകിയിരുന്ന 267-ാം നമ്പർ ഭേദഗതി അവർ അവതരിപ്പിക്കാത്തതുകൊണ്ട് ഞാൻ എന്റെ ഒഫിഷ്യൽ ഭേദഗതിയായി പ്രസ്തുത ഭേദഗതിയും അവതരിപ്പിക്കുന്നു.

(488) 9-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നീ ശീർഷകത്തിൻ കീഴിൽ (ബി) ഖണ്ഡത്തിൽ (1)-ാം ഇനത്തിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ എന്നീ വാക്കുകൾക്കു പകരം കോളേജിലെ ഒരു കായികാദ്ധ്യാപകൻ എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

വകുപ്പ് 9(3) -ൽ എക്സ് ഓഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിൽ അവസാന ഇനമായി താഴെപറയുന്നത് ചേർക്കുക. (ഐ) പബ്ലിക് റിലേഷൻ വകുപ്പിലെ ബന്ധപ്പെട്ട ജില്ലാഓഫീസർ.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ................. പ്രതികൂലിക്കുന്നവർ.............

ഭേദഗതികൾ ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന് പ്രശ്നത്തെ അനുകൂലിക്കുന്നവർ................പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10 മുതൽ 15 വരെയുള്ള വകുപ്പുകൾ

10 മുതൽ 15 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ബാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ................പ്രതികൂലിക്കുന്നവർ........................

10 മുതൽ 15 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10 മുതൽ 15 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

16-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : സർ, എന്റെ 489-ാം നമ്പർ ഒഫീഷ്യൽ അമെന്റ്മെന്റ് ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(489) 16-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ (സി) ഖണ്ഡത്തിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായികാദ്ധ്യാപകനും എന്ന വാക്കുകൾക്കുപകരം രണ്ടു കായികാദ്ധ്യാപകർ അവരിൽ ഒരാൾ കോളേജിൽ നിന്നും മറ്റേയാൾ സ്കൂളിൽ നിന്നും ആയിരിക്കേണ്ടതാണ് എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ............ പ്രതികൂലിക്കുന്നവർ..........

ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..............പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 17-ാം വകുപ്പ്

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ.............പ്രതികൂലിക്കുന്നവർ..............

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 18-ാം വകുപ്പ്

ശ്രീ. പി.കെ.കുമാരൻ : സർ, ഞാൻ എന്റെ 346-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

(346) വകുപ്പ് 18(1)-ൽ എക്സ് ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ (ബി) ഉപഖണ്ഡം ഒഴിവാക്കുക.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി.കെ.കുമാരന്റെ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. വി.സി.കബീർ : ഇല്ല. സ്വീകരിക്കാൻ നിർവ്വാഹമില്ല.

മി.സ്പീക്കർ : മറ്റ് ഭേദഗതികൾ ഒന്നും ഓർഡറിലല്ല. ശ്രീ. പി.കെ.കുമാരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..................പ്രതികൂലിക്കുന്നവർ...........

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്- അനുകൂലിക്കുന്നവർ.......................പ്രതികൂലിക്കുന്നവർ..........................

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 19-ാം വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ..............പ്രതികൂലിക്കുന്നവർ..............

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

20-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : എന്റെ 490-ാം നമ്പർ ഒഫീഷ്യൽ അമെന്റ്മെന്റ് ഞാൻ മൂവ് ചെയ്യുന്നു.

(490) 20-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായികാദ്ധ്യാപകനും എന്ന വാക്കുകൾക്കു പകരം രണ്ടു കായികാദ്ധ്യാപകർ അവരിൽ ഒരാൾ കോളേജിൽ നിന്നും മറ്റേയാൾ സ്ക്കൂളിൽ നിന്നും ആയിരിക്കേണ്ടതാണ് എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം.വി.ജയരാജൻ : സർ, 367-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു. സംസാരിക്കുന്നില്ല.

(367) വകുപ്പ് 20(1) -ൽ എക്സ്ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ (ബി) ഇനം ഒഴിവാക്കേണ്ടതും ബാക്കിയുള്ളവ പുന:ക്രമീകരിക്കേണ്ടതുമാണ്.

ശ്രീ. ജി.സുധാകരൻ : സർ, 370-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(370) വകുപ്പ് 20(1)-ൽ എക്സ്ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർശകത്തിൻ കീഴിലെ (സി) ഇനം ഒഴിവാക്കേണ്ടതും ബാക്കിയുള്ളവ പുന:ക്രമീകരിക്കേണ്ടതുമാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, 373-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(373) വകുപ്പ് 20(1)-ൽ എക്സ് ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (ജി) ഇനം ഒഴിവാക്കേണ്ടതാണ്.

മി. സ്പീക്കർ : മറ്റ് ഭേദഗതികൾ ഒന്നും ഓർഡറിലല്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : സ്റ്റേറ്റ് കൗൺസിലിൽ ഡി.ജി.പി. എക്സ് ഓഫിഷ്യോ ആയിട്ട് വരുന്നുണ്ട്. അതുകൊണ്ടാണ് ഡി.വൈ.എസ്.പി.യെ അവിടെ വച്ചിട്ടുള്ളത്. വേറെ കുഴപ്പമൊന്നും ഇതിനകത്തില്ല. അതുകൊണ്ട് അത് പ്രസ് ചെയ്യരുത് എന്നാണ് എന്റെ അഭ്യർത്ഥന.

മി.സ്പീക്കർ : ബഹു. മന്ത്രി അവതരിപ്പിച്ച ഭേദഗതി ബില്ലിന്റെ ഭാഗമാക്കാണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ............പ്രതികൂലിക്കുന്നവർ................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി.ജയരാജൻ, ശ്രീ. ജി.സുധാകരൻ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ..................പ്രതികൂലിക്കുന്നവർ.................

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ.............പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

21 മുതൽ 23 വരെയുള്ള വകുപ്പുകൾ

21 മുതൽ 23 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ...........പ്രതികൂലിക്കുന്നവർ..........

21 മുതൽ 23 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

21 മുതൽ 23 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

24-ാം വകുപ്പ്

ശ്രീ. ജി. സുധാകരൻ : സർ, 402-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(402) വകുപ്പ് 24(1)-ൽ എക്സ്ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ ഇനം (ഡി) ഒഴിവാക്കേണ്ടതും ബാക്കിയുള്ളവ പുനഃക്രമീകരിക്കേണ്ടതുമാണ്.

ശ്രീ. എം.വി.ജയരാജൻ : സർ, 413-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു. മന്ത്രി അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്.

(413) വകുപ്പ് 24 (1)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻകീഴിൽ (ബി) ഇനത്തിൽ പ്രസിഡന്റുമാർ എന്നതിനുപകരം പ്രസിഡന്റുമാരോ, സെക്രട്ടറിമാരോ എന്ന് ചേർക്കേണ്ടതാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ഇപ്പോൾ ഉള്ളതിൽ മാറ്റമാവശ്യമില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി.സ്പീക്കർ : മറ്റ് ഭേദഗതികൾ ഓർഡറിലല്ല.

ശ്രീ. ജി.സുധാകരൻ, ശ്രീ. എം.വി.ജയരാജൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പിൻവലിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ...............പ്രതികൂലിക്കുന്നവർ................

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ...........പ്രതികൂലിക്കുന്നവർ................

LIBRARY ARCHIVES Kerala Legislative Assembly

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

25-ാം വകുപ്പ്

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ...............പ്രതികൂലിക്കുന്നവർ...............

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

25-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : സർ, 491-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

(491) 25-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്. അതായത് : -

25 എ ഗ്രാമ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ കർത്തവ്യങ്ങളും ചുമതലകളും : - ഗ്രാമ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ കർത്തവ്യങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ............പ്രതികൂലിക്കുന്നവർ..................

ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

25-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ എന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ................പ്രതികൂലിക്കുന്നവർ.............

25-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

26 മുതൽ 28 വരെയുള്ള വകുപ്പുകൾ

മി.സ്പീക്കർ : 26 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാണമെന്ന പ്രശ്നം സംബന്ധിച്ച്- അനുകൂലിക്കുന്നവർ.................പ്രതികൂലിക്കുന്നവർ.................

26 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

29-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ശ്രീ. ടി.എം.ജേക്കബ് നോട്ടീസ് നൽകിയിരുന്ന 426-ാം നമ്പർ ഭേദഗതി ഞാൻ ഒഫീഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് 29(1)-ൽ സ്പോർട്സ് കൗൺസിലും സ്പോർട്സ് താരങ്ങൾ തമ്മിലോ, സ്പോർട്സ് സംഘടനയും സ്പോർട്സും താരങ്ങൾ തമ്മിലോ എന്നിവയ്ക്കു പകരം സ്പോർട്സ് കൗൺസിലും സ്പോർട്സ് താരവും തമ്മിലോ സ്പോർട്സ് സംഘടനയും സ്പോർട്സ് താരവും തമ്മിലോ എന്ന് ചേർക്കുക.

മി.സ്പീക്കർ : ഒഫിഷ്യലായിട്ട്, അതിന് സമാനമായിട്ട് മൂവ് ചെയ്യുന്നു.

ശ്രീ. വി.സി.കബീർ : ശ്രീ. കെ.സി. വേണുഗോപാൽ നോട്ടീസ് നൽകിയിരുന്ന 428-ാം നമ്പർ ഭേദഗതിയും ഒഫീഷ്യലായിട്ട് ഞാൻ അവതരിപ്പിക്കുന്നു.

വകുപ്പ് 29(2)-ൽ സംഘടനയ്ക്കും കൗൺസിലിനും എന്നതിനുപകരം സ്പോർട്സ് സംഘടനയ്ക്കും സ്പോർട്സ് ക്ലബ്ബിനും സ്പോർട്സ് കൗൺസിലിനും എന്നു ചേർക്കുക.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതികളെ അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ........... പ്രതികൂലിക്കുന്നവർ...........

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ.............പ്രതികൂലിക്കുന്നവർ.................

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 30-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ശ്രീമതി ശോഭനാ ജോർജ്ജ് നോട്ടീസ് നൽകിയിരുന്ന 430-ാം നമ്പർ ഭേദഗതിയും ശ്രീ. ഇ.എം.അഗസ്തി നോട്ടീസ് നൽകിയിരുന്ന 437-ാം നമ്പർ ഭേദഗതിയും, ശ്രീ. പാലോട് രവി നോട്ടീസ് നൽകിയിരുന്ന 439-ാം നമ്പർ ഭേദഗതിയും ഒഫീഷ്യൽ അമെന്റ്മെന്റായി ഞാൻ അവതരിപ്പിക്കുന്നു.

വകുപ്പ് 30(2)-ൽ 'രൂപാർശയുമായി' എന്നതിനുശേഷം 'അപേക്ഷ കിട്ടിയ തീയതി മുതൽ' എന്ന് ചേർക്കുക.

വകുപ്പ് 30(6)-ൽ 'അപ്പലേറ്റ് ട്രിബ്യൂണലിൽ' എന്നതിനു ശേഷം നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള 'ഫീസ് സഹിതം' എന്ന് ചേർക്കുക.

വകുപ്പ് 30(8)-ൽ 'വിധേയമായും' എന്നതിനുശേഷം 'നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫീസ്' സഹിതം എന്ന് ചേർക്കുക.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ...........പ്രതികൂലിക്കുന്നവർ.....................

LIBRARY ARCHIVES Kerala Legislative Assembly

ബഹു. മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ചെയ്തപ്രകാരമുള്ള 30-ാം വകുപ്പു ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ..............പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

31-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ശ്രീ. ടി.എം.ജേക്കബ് നോട്ടീസ് നൽകിയിരുന്ന 444-ാം നമ്പർ ഭേദഗതി ഞാൻ ഒഫീഷ്യൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു.

വകുപ്പ് 31(3)-ൽ സ്പോർട്സ് താരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് എന്നതിനുപകരം ഏതെങ്കിലും സ്പോർട്സ് താരത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച് എന്ന് ചേർക്കുക.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ അമെന്റ്മെന്റ് അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച്.........അനുകൂലിക്കുന്നവർ-......................പ്രതികൂലിക്കുന്നവർ..................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ.............................പ്രതികൂലിക്കുന്നവർ.....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

32 മുതൽ 36 വരെയുള്ള വകുപ്പുകൾ

32 മുതൽ 36 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ.................................പ്രതികൂലിക്കുന്നവർ................................

32 മുതൽ 36 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32 മുതൽ 36 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

37-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ശ്രീ. കെ.ബാബു നോട്ടീസ് നൽകിയിരുന്ന 459-ാം നമ്പർ ഭേദഗതി ഞാൻ ഒഫീഷ്യൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു. വകുപ്പ് 37(5)-ൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നതിനുശേഷം ഓരോ വർഷവും മാർച്ച് 31-ന് മുമ്പ് എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ അമെന്റ്മെന്റ് അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച്...................അനുകൂലിക്കുന്നവർ.............പ്രതികൂലിക്കുന്നവർ...................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ.............പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

38-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ശ്രീ. ഇ.എം.അഗസ്തി നോട്ടീസ് നൽകിയിരുന്ന 460-ാം നമ്പർ ഭേദഗതി ഞാൻ ഒഫീഷ്യൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു.

വകുപ്പ് 38(2)-ന് ശേഷം (3)-ാം ഉപവകുപ്പായി താഴെപ്പറയുംപ്രകാരം ചേർക്കുക.

(3) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ആഡിറ്റുചെയ്ത പ്രകാരമുള്ള കണക്കും പ്രവർത്തന റിപ്പോർട്ടും തുടർന്നു വരുന്ന വർഷത്തെ ജൂലായ് മാസം 31-ാം തീയതിക്കു മുമ്പായി സംസ്ഥാന ഗവൺമെന്റിന് അയച്ചുകൊടുക്കേണ്ടതും സംസ്ഥാന ഗവൺമെന്റ് ആവുന്നത്ര വേഗത്തിൽ അത് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമാണ്.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ അമെന്റ്മെന്റ് അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ..............................
പ്രതികൂലിക്കുന്നവർ............................

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

39-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : ശ്രീ. തമ്പാനൂർ രവി നോട്ടീസ് നൽകിയ 461-ാം നമ്പർ ഭേദഗതി ഞാൻ ഒഫീഷ്യൽ അമെന്റ്മെന്റായി അവതരിപ്പിക്കുന്നു. ഭാഗികമായി ഞാൻ അത് സ്വീകരിക്കുന്നു. വകുപ്പ് 39 (1) 'ഷെഡ്യൂൾഡ് ബാങ്കിൽ' നിന്നോ എന്നതിനുശേഷം 'സഹകരണ ബാങ്കിൽ' നിന്നോ എന്ന് ചേർക്കുക.



LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച്..........

അനുകൂലിക്കുന്നവർ............പ്രതികൂലിക്കുന്നവര്.............

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്.........

അനുകൂലിക്കുന്നവർ..........പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

40-ാം വകുപ്പ്

മി.സ്പീക്കർ : 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്.............

അനുകൂലിക്കുന്നവർ............പ്രതികൂലിക്കുന്നവർ............

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

41-ാം വകുപ്പ്

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ........................പ്രതികൂലിക്കുന്നവർ...................

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

42-ാം വകുപ്പ്

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് അനുകൂലിക്കുന്നവർ............പ്രതികൂലിക്കുന്നവർ.....................

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

43-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ.വി.സി.കബീർ) : ശ്രീ. തമ്പാനൂർ രവി നോട്ടീസ് നൽകിയിരുന്ന 468-ാം നമ്പർ ഭേദഗതി ഞാൻ ഒഫീഷ്യൽ അമെന്റ്മെൻറായി അവതരിപ്പിക്കുന്നു.

വകുപ്പ് 43(2)-ൽ സംസ്ഥാന സർക്കാരിന്റെ എന്നതിനുപകരം താഴെപ്പറയുന്നത് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന്റേയോ കേന്ദ്ര സർക്കാരിന്റേയോ

മി.സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ അമെന്റ്മെന്റ് അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.............പ്രതികൂലിക്കുന്നവർ............

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന് പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.........പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

44-ാം വകുപ്പ്

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : താഴെപ്പറയുന്ന ഒഫീഷ്യൽ അമെന്റുമെന്റുകൾ ഞാൻ അവതരിപ്പിക്കുന്നു.

44-ാം വകുപ്പിൽ (i)-ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിനുശേഷം താഴെപറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ് അതായത് : -

'എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിൽ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ, ഗ്രാമ സ്പോർട്സ് കൗൺസിൽ എന്നിവയിലെ അംഗങ്ങളുടെ രാജിയും മൂലമുണ്ടാകുന്ന ഒഴിവുകളുടേയും മറ്റ് ആകസ്മിക ഒഴിവുകളുടെയും നികത്തലും.

44-ാം വകുപ്പിൽ (i)-ാം ഉപവകുപ്പിൽ (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്; അതായത് : -

(സി.എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ്, കൗൺസിൽ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ, ഗ്രാമ സ്പോർട്സ് കൗൺസിൽ എന്നിവയുടെ യോഗം വിളിച്ചു കൂട്ടേണ്ട രീതിയും അപ്രകാരമുള്ള യോഗത്തിന്റെ നടപടിക്രമങ്ങളും ബന്ധപ്പെട്ട മറ്റ് സംഗതികളും '.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും ഓർഡറിലല്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ അമെന്റ്മെന്റുകൾ അംഗീകരിക്കാമോ എന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ ............................. പ്രതികൂലിക്കുന്നവർ ......................

ബഹു : മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ അമെന്റ്മെന്റുകൾ അംഗീകരിക്കാമോ എന്ന പ്രശ്നം സഭ അംഗീകരിച്ചു. ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 44-ാം വകുപ്പു ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ ..................... പ്രതികൂലിക്കുന്നവർ .......................

ഭേദഗതി ചെയ്തപ്രകാരമുള്ള 44-ാം വകുപ്പു ബില്ലിന്റെ ഭാഗമാണെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കയിരിക്കുന്നു.

45 മുതൽ 48 വരെയുള്ള വകുപ്പുകൾ

മി. സ്പീക്കർ : 45 മുതൽ 48 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് .........

അനുകൂലിക്കുന്നവർ ..................... പ്രതികൂലിക്കുന്നവർ .......................

45 മുതൽ 48 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45 മുതൽ 48 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

മി.സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സംബന്ധിച്ച് ........

അനുകൂലിക്കുന്നവർ ..................... പ്രതികൂലിക്കുന്നവർ .......................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) : സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ.നാണു) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ); സർ, എല്ലാം കൊണ്ടും ഈ നിയമസഭ പ്രാധാന്യമർഹിക്കുന്നു. അങ്ങ് കൂടുതൽകാലം സ്പീക്കറായി റിക്കാർഡ് ഭേദിച്ച ദിവസം കൂടിയാണിത്. ചുരുങ്ങിയ കാലയളവിൽ ചേർന്ന നിയമസഭാ സമ്മേളനമാണിത്. ഇപ്പോൾ തോന്നുന്നത് ഈ ബില്ല് പാസ്സാക്കാൻ വേണ്ടി മാത്രം കൂടിയ ഒരു യോഗം പോലെ എന്നാണ്. ചരിത്രം സൃഷ്ടിച്ചിരിക്കുന്ന ഒരു സ്പീക്കറാണ് അങ്ങ്. തികഞ്ഞ അഭിമാനത്തോടുകൂടി നമുക്കെല്ലാം ആ സന്തോഷത്തിൽ പങ്കുചേരാം. ചുരുങ്ങിയ കാലയളവിൽ ചേർന്ന യോഗത്തിൽ ഈ ബില്ല് പാസ്സാക്കാൻ വേണ്ടി മാത്രം ചേർന്ന സമ്മേളനമായിപ്പോലും നമുക്ക് ഇതിനെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. എല്ലാറ്റിലുമുപരി ജനാധിപത്യ ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കായികരംഗത്തെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ഒരടിസ്ഥാനശിലയായി ഇങ്ങനെ ഒരു ബില്ല് അവതരിപ്പിക്കുന്നതും

LIBRARY ARCHIVES Kerala Legislative Assembly

അത് പാസ്സാക്കാനുള്ള അവസരമുണ്ടാകുന്നതും. ഒരുപാട് മാറ്റങ്ങൾക്ക് നിദാനമായ വിപ്ളവകരമായ നിരവധി നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ള കേരള നിയമസഭയ്ക്ക് ഈ ബില്ലുംകൂടി പാസ്സാക്കുവാൻ സാധിച്ചത് കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരു മയിൽപ്പീലി കൂടിയാണ്. ഈ ബില്ല് തയ്യാറാക്കുന്നതിൽ എന്റെ മുൻഗാമി ശ്രീ. എ.സി. ഷൺമുഖദാസ് വഹിച്ചിട്ടുള്ള പങ്കിനെ ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. അതോടൊപ്പംതന്നെ ഈ ബില്ലിന്റെ തെളിവെടുപ്പ് കഴിയുന്നത്ര വേഗത്തിൽ പൂർത്തിയാക്കാനും പാസ്സാക്കുന്നതിനും അങ്ങ് കാണിച്ചിട്ടുള്ള ശുഷ്കാന്തി അഭിമാനത്തോടുകൂടി ഞാൻ അനുസ്മരിക്കുന്നു. ഈ ബില്ലിന്റെ തെളിവെടുപ്പ് സമയത്തും മറ്റും നിരവധി പത്രപ്രതിനിധികളും, കായികതാരങ്ങളും, രാഷ്ട്രീയ നേതാക്കളും കായികരംഗത്ത് റിക്കാർഡ് ഭേദിച്ച സുഹൃത്തുക്കളും എല്ലാം വന്ന് തെളിവ് നൽകുകയുണ്ടായിട്ടുണ്ട്. പത്രപ്രതിനിധികളിൽനിന്നും ഒട്ടേറെ പിന്തുണ ഈ ബില്ലിന് വേണ്ടി ലഭിച്ചിട്ടുണ്ട്. അവരെ എല്ലാപേരേയും പ്രത്യേകമായി ഓർമ്മിക്കുന്നു. സ്പോർട്സ് കൗൺസിൽ നിർലോഭമായ പിന്തുണയും ഉപദേശനിർദ്ദേശങ്ങളും ഇതിന്റെ തെളിവെടുപ്പ് സമയത്ത് നൽകിയിട്ടുണ്ട്. അതിനുശേഷമുള്ള കൂടിയാലോചനകളിലും സ്പോർട്സ് കൗൺസിലിന്റെ പങ്കാളിത്തം ഒരിക്കലും മറക്കാൻ കഴിയുന്നതല്ല, മെംപർമാരും, ലെജിസ്ളേച്ചറിലെ സ്റ്റാഫും, എന്റെ ഓഫീസിലെ സ്റ്റാഫും ഇതിനകത്ത് കാര്യമായ സഹായം നൽകിയിട്ടുണ്ട്. ഇതിൽ ഡിപ്പാർട്ടുമെന്റിന്റെ പങ്കാളിത്തവും പ്രത്യേകമായി ഈ സന്ദർഭത്തിൽ അനുസ്മരിക്കുന്നു, ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ പൊറുക്കുക. വിട്ടുപോകാൻ സാദ്ധ്യതയില്ല. ഓരോരുത്തരും ഈ ചരിത്രമുഹൂർത്തത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ചില സുഹൃത്തുകൾ ഇവിടെയില്ല. അവരുടെയും ഉപദേശനിർദ്ദേശങ്ങൾ കാര്യമായി സഭ പരിഗണിക്കുന്നുണ്ട്. ഈ ബില്ല് കായിക കേരളത്തിന് മാത്രമല്ല, സ്വതന്ത്ര ഇന്ത്യയുടെ ത്രിവർണ്ണ പതാക വിദേശരാജ്യങ്ങളിൽ ഉയർന്നു കാണുന്നതിനുള്ള ഒരു നാന്ദി കുറിക്കാൻ ആയിരിക്കും ഈ ചരിത്രസംഭവം. നമുക്കെല്ലാം അഭിമാനിക്കാൻ വകയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും, നിയമസഭാംഗങ്ങളേയും സെലക്ട് കമ്മിറ്റി അംഗങ്ങളേയും പ്രത്യേകിച്ചും ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഈ ബില്ല് പാസ്സാക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എ.സി. ഷൺമുഖദാസ്.......... അദ്ദേഹം രൂപകല്പന നൽകിയ ബില്ലാണ്.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പുറത്ത് കുളിരും അകത്ത് തണുപ്പുമാണ്. ഇവിടെ 1980-81-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഈ ബില്ലിനെ സംബന്ധിച്ച് ചർച്ച വന്നതാണ്. ഞാൻ വകുപ്പു മന്ത്രിയായിരുന്നു 1987-ൽ ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ വീണ്ടും ഈ ബില്ല് കൊണ്ടു വന്നു. പക്ഷേ രണ്ടു ഗവൺമെന്റും അഞ്ചുവർഷക്കാലം പൂർത്തിയാക്കിയില്ല. അതുകൊണ്ട് പാസ്സാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ധാരാളം ബില്ലുകൾ ഇവിടെ വന്നിട്ടുണ്ട്. ആ ബില്ലുകളൊക്കെ ഉണ്ട് എങ്കിലും സ്പോർട്സ് ബില്ല് ഇന്ത്യയിൽ ആദ്യമായി വരികയാണ്. മുഴുവൻ ആളുകളുടേയും അഭിപ്രായം ആരാഞ്ഞുകൊണ്ടുള്ള ഒരു ബില്ലിന് രൂപം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സെലക്റ്റ് കമ്മിറ്റിയുടെ വേളയിൽ പ്രമുഖരായ ഇന്ത്യയിലെ എല്ലാ അത്‌ലറ്റിക് അസോസിയേഷൻ ഭാരവാഹികളും ചേർന്ന് ചർച്ച നടത്തി. അവരെയൊക്കെ നമ്മൾ അനു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മോദിച്ചു. അഭിപ്രായങ്ങൾ പറഞ്ഞു. സാധാരണ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ബില്ലിന് രൂപം നൽകും. നിയമവകുപ്പ് പൂർത്തീകരിക്കും. ക്യാബിനറ്റ് അംഗീകരിക്കും. എന്നാൽ ഈ ബില്ല് അതിൽ നിന്നും വ്യത്യസ്തമാണ്. ബില്ലിന് രൂപം നൽകാൻ കായികരംഗത്തുള്ളവരെ ഏൽപിച്ചു. ശ്രീ. ബാലചന്ദ്രനെപ്പോലെയുള്ള സ്പോർട്സ് കൗൺസിൽ ഭാരവാഹികളും, ശ്രീ. ഗോവിന്ദൻനായരെപ്പോലെയുള്ള പ്രസിഡന്റും എല്ലാപേരും ചേർന്ന് ദിവസങ്ങളോളം ചർച്ച ചെയ്തു രൂപം കൊടുത്തു. പ്രതിപക്ഷനേതാവടക്കം കക്ഷി നേതാക്കളെ വിളിച്ച് ചർച്ച ചെയ്തു. അതിനു ശേഷമാണ് ക്യാബിനറ്റിൽ കൊണ്ടുവരുന്നത്. ഒരു പക്ഷേ നിയമസഭയുടെ ചരിത്രത്തിൽ ഇത്തരത്തിൽ രൂപം കൊടുത്ത ആദ്യത്തെ ബില്ലാണ് ഈ ബില്ലെന്ന് എനിക്ക് തോന്നുന്നു. പത്തിരുപതുവർഷത്തെ നിയമസഭയിലെ അനുഭവം വച്ച് പറഞ്ഞാൽ ഇത് ആദ്യത്തെ ഒരു അനുഭവമാണ്. അതിന്റെ ഫലമായി ഈ ബില്ല് മെച്ചപ്പെട്ട ഒന്നാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ബില്ലിന്റെ ഗുണമേൻമകളെല്ലാം ബില്ല് നടപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. 3-ാം വായനയിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. നിയമത്തിന്റെ പരിരക്ഷ കായികരംഗത്ത് നൽകുന്നുണ്ട്. പക്ഷേ ആ പരിരക്ഷ കൊണ്ടുമാത്രം ആറിലൊന്നു ഇന്ത്യാക്കാരായ ഈ ഇന്ത്യക്ക് 200-ാം സ്ഥാനത്തുപോലും ഒളിംപിക്സിൽ എത്താൻ കഴിയാത്ത അപമാനഭാരം സഹിക്കുംപോൾ, അതു പരിഹരിക്കുന്നതിനു ഈ ബില്ലിന്റെ പരിരക്ഷ നമുക്ക് സംഭാവന ചെയ്യുവാൻ കഴിയും എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ആരോഗ്യരംഗത്തെ സംബന്ധിച്ചിടത്തോളം കായികക്ഷമത അടിത്തറപാവുകയാണ്. കായികക്ഷമതയും കായികവിനോദവും യോജിപ്പിച്ചുകൊണ്ടുള്ള കായികരംഗത്തിനു നേതൃത്വം കൊടുക്കുവാൻ ഈ ബില്ലിന്റെ അധികാരം നിൽക്കുന്ന വിവിധ ത്രിതല പഞ്ചായത്തുകൾക്ക് സാധിക്കട്ടെ, ജില്ലാ കൗൺസിലുകൾക്ക് സാധിക്കട്ടെ എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഈ ബില്ലിന്റെ നിർമ്മാണവേളയിൽ സഹകരിച്ച എല്ലാപേരെയും ഞാൻ ഓർമ്മിക്കുന്നു. എനിക്ക് അറിയാം അങ്ങ് മുൻകൈയെടുത്തില്ലായിരുന്നുവെങ്കിൽ ഇത്രയും വേഗത്തിൽ ഈ ബില്ല് ഇവിടെ വരില്ലായിരുന്നു. സാധാരണഗതിയിൽ നിയമസഭ കൂടുമ്പോൾ ഓർഡിനൻസ് റിപ്ളേസ് ചെയ്യുകയാണ് പതിവ്. അതു അങ്ങാണല്ലോ നിശ്ചയിക്കുന്നത്. എന്നാൽ ഇക്കുറി ബി.എ.സി കൂടുന്നതിനു മുൻപ് കാര്യപരിപാടി വന്നപ്പോൾ സ്പീക്കർ തന്നെ നിശ്ചയിച്ചു ഈ ബില്ല് കൊണ്ടുവരണമെന്ന്. അതിന്റെ അർത്ഥം ഈ ബില്ല് ഇവിടെ കൊണ്ടുവന്ന് പാസ്സാക്കുവാൻ മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത ഒരു സ്ഥിതി ഇവിടെ വന്നിരിക്കുന്നു. ഇത്രയും മനോഹരമായ ഈ നിയമസഭയിൽ ഏറ്റവും ഗൗരവമായ ഈ ബില്ല് പാസ്സാക്കുവാൻ സാധിക്കും. അതിൽ പങ്കാളികളാകുവാൻ ഈ 2000 ആണ്ടിനു കഴിഞ്ഞു. ജനുവരി മാസം 1-ാം തീയതി ആകുംപോൾ പുതിയ മില്ലനിയത്തിലേക്ക് കടക്കുകാണ് ആ സാഹചര്യത്തിൽ ഇൻഡ്യയ്ക്ക് കേരളത്തെ കായികരംഗത്തെ ചുണക്കുട്ടികളെ സൃഷ്ടിച്ചെടുക്കുവാൻ ഈ ബില്ല് സഹായിക്കുമെന്ന് ആശ്വസിക്കാം. ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 1999-ലെ കേരള സ്പോർട്സ് ബിൽ ഇന്ന് പാസ്സാക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ കായിക ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്ത് സ്പോർട്സ് ബിൽ നിയമസഭയിൽ കൊണ്ടുവന്ന് നിയമമാക്കി എടുക്കുന്നത്. മറ്റു പല കാര്യങ്ങളിൽ എന്നപോലെ കേരളം മറ്റ് സംസ്ഥാനങ്ങൾക്കും ഈ പ്രശ്നത്തിലും മാതൃകയാക്കി, വഴികാട്ടിയായിരിക്കുകയാണ്. കായിക പ്രവർത്തനങ്ങൾക്ക് ഏകോപിതരൂപം കൈവരുകയാണ്. കായികരംഗം വികേന്ദ്രീകരിച്ച് ഗ്രാമതലംവരെ

വ്യാപിപ്പിക്കുകയാണ് നമ്മുടെ നാട്ടിൽ. നമ്മുടെ കായിക പ്രതിഭകൾ ഒട്ടുമുക്കാലും ഗ്രാമങ്ങളിൽനിന്ന് വളർന്നു വരുന്നവരാണ്. കുട്ടിക്കാലം മുതൽ വിദഗ്ദ്ധ പരിശീലനം ലഭിച്ചിരുന്നുവെങ്കിൽ ഒളിംപിക്സിൽവരെ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെയ്ക്കുവാൻ ഈ കായിക താരങ്ങൾക്ക് കഴിയുമായിരുന്നു. സ്പോർട്സ് രംഗം വികേന്ദ്രീകരിക്കുന്നതുവഴി ഗ്രാമപ്രദേശങ്ങളിൽ അടിസ്ഥാനതലത്തിൽതന്നെ വിദഗ്ദ്ധ പരിശീലനം നൽകി കായികപ്രതിഭകളെ വളർത്തിയെടുക്കുവാൻ കഴിയും. സംസ്ഥാനത്ത് നിലവിലുള്ള കായികസംഘടനകളുടെ പ്രവർത്തനങ്ങളിൽ ഇടപെട്ടും അവരെ ശരിയായ ദിശയിലേയ്ക്ക് നയിക്കുവാൻ സ്പോർട്സ് കൗൺസിലിനെ പ്രാപ്തമാക്കും ഈ നിയമം. അംഗീകാരം ഇല്ലാത്ത സംഘടനകളെ നിയന്ത്രിക്കുവാൻ സാധിക്കും. ഈ അസംബ്ളി സമ്മേളനം അവസാനിക്കുന്ന ഇന്നുതന്നെ കേരള ജനതയുടെ പ്രത്യേകിച്ച് കായികപ്രേമികളുടെ ചിരകാല അഭിലാഷമായ ഈ ബില്ല് എല്ലാപേരുടെയും സഹകരണത്തോടെ നിയമമാക്കി എടുക്കുന്നതിനു ഗവൺമെന്റിനു ചാരിതാർത്ഥ്യമുണ്ട്. ഈ കാര്യത്തിൽ സഹകരിച്ച എല്ലാപേരെയും ഈ ഘട്ടത്തിൽ അഭിനന്ദിക്കുന്നു. അഭിവാദനങ്ങൾ.

<u>മി. സ്പീക്കർ</u> : കേരള നിയമസഭയുടെ നിയമനിർമ്മാണ ചരിത്രത്തിലെ ചരിത്രമുഹൂർത്തമായി ഞാൻ ഇതിനെ കാണുകയാണ്. ഒരു ദീർഘനാളത്തെ സ്വപ്നമാണ്. കേരളനിയമസഭതന്നെ രൂപീകൃതമാകുന്നതിനുമുൻപ് ഇതിനു തുടക്കം കുറിച്ചതാണ്. 1954-ൽ ഗോദവർമ്മരാജാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റായിട്ടുള്ള കാലംമുതലുള്ള സ്വപ്നമാണ്. നമുക്ക് പൂർത്തീകരിക്കുവാൻ കഴിഞ്ഞു എന്നതിന്റെ ചാരിതാർത്ഥ്യമാണ് ഇപ്പോൾ ഇതിനു നേതൃത്വം വഹിക്കുവാൻ കഴിഞ്ഞു എന്നതാണ് മറ്റൊരുകാര്യം. ജനാധിപത്യ അടിത്തറയിൽ ജനകീയ കായികരംഗം ഇൻഡ്യയ്ക്ക് ആകെ മാതൃകയായി വളർത്തിയെടുക്കുവാൻ ഈ ബില്ല് പ്രയോജനകരമായിരിക്കും. ബില്ലിന്റെ വകുപ്പുകൾ ഒരോന്നായി പരിശോധിച്ചാൽ ഇനിയും ചില ഭേദഗതികൾ വേണ്ടിവന്നേക്കാം. എന്നാലും ഈ ബില്ല് ചരിത്രത്തിൽ ആദ്യമായിട്ട് ഇൻഡ്യയിൽ ആദ്യമായിട്ട് കൊണ്ടുവരാൻ കഴിഞ്ഞു എന്നതാണ്. അതിനു മുൻകൈയെടുത്ത് ഈ സർക്കാരിനെയും അതിനു നേതൃത്വം വഹിച്ച നമ്മുടെയെല്ലാം അഭിവന്ദ്യനായ മുഖ്യമന്ത്രിയെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. ഈ ബില്ലിനു രൂപകല്പന നൽകിയ മുൻമന്ത്രി ശ്രീ. എ.സി. ഷൺമുഖദാസും അതിനു പൂർണ്ണ രൂപം നൽകി പൂർത്തീകരിച്ച ഇന്നത്തെ പ്രിയങ്കരനായ സ്പോർട്സ് മന്ത്രിശ്രീ. വി.സി കബീറിനെയും ഞാൻ അഭിനന്ദിക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച ശക്തിയുണ്ട്. മറ്റ് ഒരു ബില്ലുപോലെയും അല്ല. വളരെ ദീർഘകാലത്തെ ചരിത്രം തന്നെയുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കേരള സ്പോർട്സ് കൗൺസിൽ, കായിക പ്രേമികൾ. മറ്റ് പ്രതിഭകൾ ഇവരൊക്കെ സംസ്ഥാനത്ത് പ്രവർത്തിച്ചിട്ടുണ്ട്. സെലക്ട് കമ്മിറ്റിയും ഒട്ടനേകം പ്രവർത്തനങ്ങൾ അതിനു പിന്നിൽ നടത്തിയിട്ടുണ്ട്. എത്രയോ നാളത്തെ പ്രവർത്തനം അതിനു പിന്നിലുണ്ട്. അവരെ എല്ലാപേരെയും ഞാൻ ആത്മാർത്ഥമായിട്ട് അഭിനന്ദിക്കുന്നു. എല്ലാവരെയും ഞാൻ ഈ അവസരത്തിൽ അനുമോദിക്കുന്നു. പത്താം കേരള നിയമസഭയുടെ 15-ാം സമ്മേളനം ഒരുപക്ഷേ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമാകുന്നത് സ്പോർട്സ് ബില്ലോടുകൂടിയായിരിക്കുമെന്ന് ഞാൻ കരുതുകയാണ്. സ്പോർട്സ് ബില്ലിനു വേണ്ടിയാണ് നിയമസഭാ സമ്മേളനം ചേർന്നത് എന്നു പറയുന്നതിൽ തെറ്റില്ല. കാരണം പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം അതു തന്നെയാണ്. സഭ ചേരുമ്പോൾ സപ്ളിമെന്ററി ഡിമാൻഡ് വരും. അതു സാധാരണ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായിട്ട് വരുന്നതാണ്. അതിലുപരിയായി വന്ന ഏക ബിസിനസ് സ്പോർട്സ് ബില്ലിനുവേണ്ടിയുള്ള സമ്മേളനമാണ്. അതിനാണ് 15-ാം സമ്മേളനമെന്ന കാര്യം കൂടി നിങ്ങളെ അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരളാ സ്പോർട്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ........

അനുകൂലിക്കുന്നവർ......... പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ-ഓർഡർ ........... അടുത്തത് അവകാശ ലംഘന പ്രശ്നങ്ങൾ

# XV. അവകാശ ലംഘന പ്രശ്നങ്ങൾ

## (എ) അനുമതി നിക്ഷേധിക്കപ്പെട്ടവ

സഭയുടെ അവസാനം നമ്മൾ എപ്പോഴും എടുക്കാറുള്ളതാണ്. പെൻഡിംഗായിട്ടുള്ള കാര്യങ്ങൾ പരിഗണനയിലുള്ളതാണ്. (1) 11.12.97-ലെ മംഗളം ദിനപ്പത്രത്തിന്റെ തിരുവനന്തപുരം എഡിഷനിൽ "നെല്ലിയാംപതി-പി. എ.സി. വെട്ടിലായി" എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച വാർത്ത നിയമസഭാ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയെ തരംതാഴ്ത്തി കാണിക്കുന്നതും അവഹേളിക്കുന്നതും കമ്മിറ്റിയുടെ കൃത്യനിർവ്വഹണത്തിൽ ഇടപെട്ട് തടസ്സം സൃഷ്ടിക്കുന്നതും കമ്മിറ്റിക്ക് തെറ്റുപറ്റിയെന്ന തെറ്റായ വാർത്ത പ്രചരിപ്പിക്കുന്നതും ആണെന്ന് ആരോപിച്ചുകൊണ്ട് പ്രസ്തുത പത്രത്തിന്റെ എഡിറ്ററും പ്രിന്ററും പബ്ളിഷറുമായ ശ്രീ. പെരിങ്ങമ്മല രാമചന്ദ്രനെതിരെ ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ ചെയർ ശ്രീ. രാമചന്ദ്രനിൽ നിന്നും വിശദീകരണം ആരായുകയുണ്ടായി. അദ്ദേഹത്തിന്റെ വിശദീകരണത്തിൽ, നിയമസഭയേയും അതിന്റെ കമ്മിറ്റികളേയും അംഗങ്ങളേയും അതീവ ബഹുമാനത്തോടെയും ആദരവോടെയും കാണുന്ന വ്യക്തിയാണ് താനെന്നും ദീർഘമായ പൊതുപ്രവർത്തന ജീവിതത്തിൽ ഒരിക്കൽപോലും സഭയുടേയോ, അംഗങ്ങളുടേയോ അന്തസ്സിന് നിരക്കാത്ത ഒരു നടപടിയും തന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ലെന്നും എല്ലാ വാർത്തകളും പ്രസിദ്ധീകരിക്കുന്നതിനു മുൻപ് വ്യക്തിപരമായി പരിശോധിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും അതിനാലാണ് ഇപ്രകാരമൊരു തെറ്റ് കടന്നുകൂടിയതെന്നും അതിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നുവെന്നു പറഞ്ഞിരുന്നു. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. കെ.ടി. കുഞ്ഞഹമ്മദിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(2) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ തിരുവനന്തപുരം സ്പെഷ്യൽ സെല്ലിലെ എസ്.പി. ശ്രീ. എ. സുരേന്ദ്രൻ ഒരു കേസിന്റെ അന്വേഷണത്തിനായി തന്റെ ഓഫീസിൽ ഹാജരായി മൊഴി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് മുൻ നിയമസഭാ പബ്ളിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി ചെയർമാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സന് ഒരു നോട്ടീസ് നൽകിയിരുന്നുവെന്നും എസ്.പി.യുടെ ഈ നടപടി ഭരണഘടനാവിരുദ്ധവും നിയമസഭാ ചട്ടങ്ങളുടെ ലംഘനവും ആയതിനാൽ സുരേന്ദ്രനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ.സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

പ്രശ്നം സംബന്ധിച്ച് ചെയർ എസ്.പി.യുടെ വിശദീകരണമാരായുകയുണ്ടായി. പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണത്തിനിടയിൽ ലഭിച്ച ഫയലിൽ ശ്രീ. എം.എം. ഹസ്സന്റേതായി കാണപ്പെട്ട ചില കുറിപ്പുകളുടെയും ഇനിഷ്യലുകളുടേയും നിജസ്ഥിതി മനസ്സിലാക്കാൻ മാത്രമാണ് ശ്രീ. എം.എം. ഹസ്സനെ തന്റെ ഓഫീസിൽ ഹാജരാകാൻ ആവശ്യപ്പെട്ടതെന്നും അല്ലാതെ അദ്ദേഹത്തെ കേസിൽ സാക്ഷിയായിപ്പോലും ചേർത്തിട്ടില്ലെന്നും ഇക്കാര്യം അദ്ദേഹത്തിനയച്ച നോട്ടീസിൽ തന്നെ വ്യക്തമാക്കിയിരുന്നുവെന്നും അദ്ദേഹത്തിന് 'ഇമ്മ്യൂണിറ്റി' ഉണ്ടെന്ന് കരുതുന്ന കാര്യങ്ങളിൽ മറുപടി നൽകേണ്ടതില്ലെന്ന് പറഞ്ഞിരുന്നുവെന്നും ശ്രീ. എം.എം. ഹസ്സന്റെ അവകാശങ്ങളെ യാതൊരു തരത്തിലും താൻ ലംഘിച്ചിട്ടില്ലെന്നു മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ.സി. ജോസഫിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

(3) പത്താം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ പ്ലസ് ടു ലിസ്റ്റ് ഹൈക്കോടതി റദ്ദാക്കിയതിനെയും അനുബന്ധ കാര്യങ്ങളേയുംപറ്റി ശ്രീ. ഉമ്മൻചാണ്ടി ഉന്നയിച്ച അടിയന്തിരപ്രമേയ നോട്ടീസിനെ എതിർത്തുകൊണ്ട് സംസാരിക്കവേ ഹൈക്കോടതി ഡിവിഷൻ ബെഞ്ചും സുപ്രീംകോടതിയും റദ്ദാക്കിയ കേരള ഗവൺമെന്റിനെതിരെയുള്ള ഗോമതി കേസിൽ നിന്നുള്ള ഭാഗങ്ങൾ ഉദ്ധരിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ്, ശ്രീ. എ.കെ. ആന്റണി, ശ്രീ. കെ.എം. മാണി, ശ്രീ. ഉമ്മൻചാണ്ടി എന്നിവരെ മനഃപൂർവ്വം സഭയിലും സഭാംഗങ്ങളുടെ ഇടയിലും അപകീർത്തിപ്പെടുത്തുകയാണെന്നും അതിനാൽ മന്ത്രിയ്ക്കെതിരെ അവകാശലംഘനത്തിന് നടപടിസ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.ബി.വിജയകുമാർ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ പ്രശ്നം സംബന്ധിച്ച് മന്ത്രിയിൽ നിന്ന് വിശദീകരണമാരായുകയുണ്ടായി. മന്ത്രിയുടെ മറുപടിയിൽ, അടിയന്തിരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കവേ മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തെ രണ്ടു കേസുകളിൽ കോടതി നടത്തിയ പരാമർശങ്ങളെപ്പറ്റി ഒരു താരതമ്യ വിശകലനം നടത്താൻ വേണ്ടി മാത്രമാണ് ഗോമതി കേസിൽ നിന്നുള്ള ചില ഭാഗങ്ങൾ സഭയിൽ ഉന്നയിച്ചതെന്നും പ്രതിപക്ഷനേതാവിനെയോ മറ്റംഗങ്ങളേയോ അപകീർത്തിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നില്ല പ്രസ്തുത മറുപടിയെന്നും പറഞ്ഞിരിക്കുന്നു. മന്ത്രിയുടെ ഈ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. ബി. വിജയകുമാറിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : ശ്രീ. എം.എം. ഹസ്സന്റെ കേസ് പഴയ കാലത്തുള്ളതാണോ?

<u>മി. സ്പീക്കർ</u> : ഇതു ഇപ്പോൾ തന്നെയുള്ളതാണ്. പഴയ ചെയർമാൻ എന്ന നിലയിൽ വിളിച്ചതാണ്.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : അങ്ങനെ ഒരു പ്രിവിലേജ് ഉണ്ടോ? മുൻപ് ചെയർമാനായിരുന്നയാൾ ................



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് പറയാനുള്ള കാര്യങ്ങൾ പറഞ്ഞതല്ലാതെ എനിക്ക് കൂടുതലായിട്ട് ഒന്നും പറയാനില്ല. ശ്രീ. കെ.സി. ജോസഫിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിനുള്ള അനുമതി ചെയർ നിഷേധിച്ചു. ക്ളിയാറായില്ലേ? മുഴുവൻ കേട്ടില്ലായിരുന്നു.

### (ബി) പരിഗണനയിലിരിക്കുന്നവ

2000 ഫെബ്രുവരി 2-ാം തീയതി ജപ്പാൻ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുവാൻ ഉദ്ദേശിച്ച് കൊണ്ടുള്ളതുമാണെന്നാരോപിച്ച് മുഖ്യമന്ത്രിയ്ക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീമതി റോസമ്മ ചാക്കോ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഡിസംബർ 20-ാം തീയതിലെ (ഇന്നലെ) നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്തുകൊണ്ട് ഡിസംബർ 21-ാം തീയതിലെ 'മലയാള മനോരമ' ദിനപ്പത്രത്തിൽ വന്ന വാർത്തയിൽ താൻ പറയാത്ത കാര്യങ്ങൾ താൻ പറഞ്ഞുവെന്ന രീതിയിൽ തെറ്റായി റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നും ഇത് അവകാശലംഘനമാണെന്നും ആരോപിച്ചുകൊണ്ട് മലയാളമനോരമ ദിനപ്പത്രത്തിനെതിരെ ശ്രീ. ആനത്തലവട്ടം ആനന്ദനും ഓരോ നോട്ടീസുകൾ ചെയറിനു നൽകിയിട്ടുണ്ട്.

നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ, ഗവൺമെന്റിന് തൽക്കാലം വേറെ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ...... ഇത്തവണത്തെ സഭ വളരെ ചുരുങ്ങിയ സമയമേയുണ്ടായിരുന്നുള്ളൂ. പക്ഷെ വളരെ സജീവമായ ഒരു സഭ തന്നെയായിരുന്നു. അതിന്റെ ഏറ്റവും വലിയ സംഭാവനയാണ് സ്പോർട്സ് ബിൽ. അതിവിടെ പറഞ്ഞുകഴിഞ്ഞു. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കുറേക്കൂടി ഭംഗിയായും ഫലപ്രദമായും കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. കഴിഞ്ഞ പ്രാവശ്യത്തെ അനുഭവമുണ്ടല്ലോ? എല്ലാ ഭാഗത്തെയും സഹകര

ണമുണ്ടായി. പ്രതിഷേധമുണ്ടെങ്കിലും സഭയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടായില്ല എന്നത് സ്വാഗതാർഹമാണ്. അതിനു സഹകരിച്ച എല്ലാപേർക്കും എന്റെ നന്ദി രേഖപ്പെടുത്തുന്നു. സഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ സഹായിച്ച സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. മറ്റെല്ലാവർക്കും പത്ര മാധ്യമങ്ങൾക്കും ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾക്കും പ്രത്യേകം നന്ദിപ്രകാശിപ്പിച്ചുകൊണ്ട് സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതായി അറിയിച്ചുകൊള്ളുന്നു.

(2000 ഡിസംബർ മാസം 21-ാം തീയതി വൈകുന്നേരം 4.30 ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

Government of Kerala
കേരള സർക്കാർ
2001

Reg.No.KL/TV(N)/12
രജി.നമ്പർ

# KERALA GAZETTE

## കേരള ഗസറ്റ്

EXTRARARDINARY

അസാധാരണം

PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. XLVI | Thiruvananthapuram | 8th January 2001 | |
| | Monday | 2001 8 | No.53 |
| വാല്യം 46 | തിരുവനന്തപുരം | 18th Pousha 1922 നമ്പർ | നമ്പർ |
| | | 1922 പൌഷം 18 | |

## SECRETARIAT OF THE KERALA LEGISLATURE

### NOTIFICATION

No. 1516/Table. 1/2000/Leg. Dated, Thiruvananthapuram, 8th January, 2001

In excercise of the powers conferred by sub-clause (a) of Clause 2 of Article 174 of the Constisution of India, the Governor of the State of Kerala hereby prorogues the Fifteenth Session of the Tenth Kerala Legislative Assembly with effect from December 21,2000 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പത്താം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2000 ഡിസംബർ 21-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതു മുതൽ സമാപിച്ചിരിക്കുന്നു.

By order of the Governor,
DR. N.K. JAYAKUMAR
Secretary
Legislative Assembly

## അനുബന്ധം - I

21.12.2000 - ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 10 (100)
ദയവായി കാണുക

### കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയുടെ ഡിവിഷൻ തിരിച്ചുള്ള കണക്ക് നിരത്തുകളും പാലങ്ങളും വിഭാഗം

| ഡിവിഷൻ | കുടിശ്ശിക തുക (30.9.2000 വരെ) (ലക്ഷം രൂപ) |
|---|---|
| തിരുവനന്തപുരം | 3742.03 |
| കൊല്ലം | 2622.38 |
| പത്തനംതിട്ട | 6014.23 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| ആലപ്പുഴ | 4781.48 |
| കോട്ടയം | 6199.00 |
| ഇടുക്കി | 5686.29 |
| മൂവാറ്റുപുഴ | 3369.02 |
| എറണാകുളം | 4432.53 |
| തൃശൂർ | 3838.23 |
| പാലക്കാട് | 4810.91 |
| മഞ്ചേരി | 6109.99 |
| കോഴിക്കോട് | 3448.77 |
| കണ്ണൂർ | 4112.63 |
| വയനാട് | 1150.22 |
| കാസർഗോഡ് | 2039.22 |
| വടകര | 225.98 |
| ആകെ | 62582.91 |

**ബിൽഡിംഗ്സ് & ലോക്കൽ വർക്ക്സ് വിഭാഗം**

| ഡിവിഷൻ | കുടിശ്ശിക തുക (30.11.2000 വരെ) (ലക്ഷം രൂപ) |
|---|---|
| തിരുവനന്തപുരം ബിൽഡിംഗ്സ് | 800.00 |
| തിരുവനന്തപുരം സ്പെഷ്യൽ ബിൽഡിംഗ്സ് | 249.71 |
| കൊല്ലം | 240.00 |
| പത്തനംതിട്ട | 408.79 |
| ആലപ്പുഴ | 460.00 |
| കോട്ടയം | 729.00 |
| ഇടുക്കി | 280.63 |
| എറണാകുളം | 475.44 |
| തൃശൂർ | 822.00 |
| പാലക്കാട് | 175.05 |
| മലപ്പുറം | 322.00 |
| കോഴിക്കോട് | 1217.07 |
| തലശ്ശേരി | 652.00 |
| വയനാട് | 210.65 |
| കാസർഗോഡ് | 450.00 |
| ഇലക്ട്രിക്കൽ, തിരുവനന്തപുരം | 200.37 |
| ഇലക്ട്രിക്കൽ, കോഴിക്കോട് | 126.00 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| ഇലക്ട്രിക്കൽ, തൃശ്ശൂർ | 160.73 |
| ആകെ | 7979.44 |

**ദേശീയപാത വിഭാഗം**

| ഡിവിഷൻ | കുടിശ്ശിക തുക (19.12.2000 വരെ) (ലക്ഷം രൂപ) |
|---|---|
| തിരുവനന്തപുരം | 300.00 |
| തൃശൂർ | 118.00 |
| കോഴിക്കോട് | 0.65 |
| കണ്ണൂർ | 43.04 |
| ആകെ | 461.69 |

**അനുബന്ധം - II**

21-12-2000 - ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 23(0113)

ദയവായികാണുക

**ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സർക്കാർ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

ചെറുകിട വ്യവസായങ്ങൾക്കുള്ള മാർജിൻമണി ലോൺ പരമാവധി 1 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം ആയി വർദ്ധിപ്പിക്കുകയും പലിശ നിരക്ക് 11.3% ത്തിൽ നിന്ന് 9% മായി കുറവ് വരുത്തുകയും ചെയ്തു.

2. പ്രവാസി കേരളീയർ (സാങ്കേതികവിദഗ്ദ്ധർ ഉൾപ്പെടെ) ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് 5 ലക്ഷം രൂപ 9% പലിശ നിരക്കിൽ മാർജിൻ മണിലോൺ നൽകുന്നതാണ്.

3. വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന പരമാവധി ഓഹരി മൂലധനം 3.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

4. ചെറുകിട വ്യവസായമേഖലയിലെ പീഢിത യൂണിറ്റുകളെ കണ്ടെത്തിയവ പുനരുദ്ധരിക്കുന്നതിന് വേണ്ടി സിക്ക് യൂണിറ്റ് പുന:രുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പീഢിത വ്യവസായ യൂണിറ്റുകളായി തീർപ്പാക്കാവുന്ന യൂണിറ്റുകളെ തിരിച്ചറിഞ്ഞ് അവയുടെ പുനരുദ്ധാരണത്തിന് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 2000-വർഷത്തിൽ 15 ലക്ഷം രൂപ പദ്ധതി വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

5. സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപവരെയും സബ്സിഡി നൽകുന്നു. ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്ക് ഇതേനിരക്കിൽ സബ്സിഡി നൽകുന്നു.

6. പരിസ്ഥിതി മലിനീകരണനിയന്ത്രണ ഉപകരണങ്ങൾക്ക് മുടക്കുന്ന തുകയുടെ 15% പരമാവധി 5 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

7. വിപണനത്തിലുള്ള ടെന്ററുകളിൽ പങ്കെടുക്കുമ്പോൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് മറ്റു സംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളിലെ ഉൽപ്പന്നങ്ങളെക്കാൾ 15% വില നിരക്ക് കൂടുതലായും പ്രസ്തുത ഉൽപ്പന്നം വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമെ ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 2% കൂടി കൂടുതലും വിലനിരക്കിൽ മുൻഗണന ലഭിക്കുന്നു.

8. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വിപണന ടെന്ററുകളിൽ പങ്കെടുക്കുന്നതിന് എം.എ./എസ്.ടി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളെ വൈദ്യുത ഡ്യൂട്ടിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

9. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്കുൾ മുഖേന 2 ലക്ഷം രൂപവരെ വായ്പ നൽകുന്നു.

10. ചെറുകിട വ്യവസായ സഹകരണമേഖലയ്ക്കും കരകൗശല മേഖലയ്ക്കും വളരെയധികം ആനുകൂല്യങ്ങൾ നൽകിവരുന്നു.

11. വ്യവസായ യൂണിറ്റുകൾക്ക് അനുമതി ലൈസൻസ്, ഇതര സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്നതിന് നിയമപ്രാബല്യമുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പിലാക്കി.

12. സ്ഥലസംബന്ധിത വ്യവസായ സമൂഹം വികസിപ്പിച്ചെടുത്ത് ചെറിയ യൂണിറ്റുകളെ സംയോജിപ്പിക്കുന്നതിലൂടെ സുദൃഢമായ വ്യവസായ ഉൽപ്പാദകവിപണനശൃംഖല സ്ഥാപിക്കുന്നതിനും അവയുടെ പരസ്പര ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉറപ്പുവരുത്തുവാനുമായി ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ വ്യവസായ സമൂഹ പദ്ധതി നടപ്പിലാക്കിവരുന്നു.

13. പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരഭകർക്ക് കൂടുതൽ ഉദാരമാക്കിയ പദ്ധതി അനുസരിച്ച് പലിശരഹിത വായ്പയും ഗ്രാന്റും നൽകുന്നു.

മേൽപ്പറഞ്ഞിട്ടുള്ളവകൂടാതെ 1998 നവംബറിൽ പ്രഖ്യാപിച്ച പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി താഴെപറയുന്ന സഹായങ്ങളും കൂടി നൽകിവരുന്നു.

1. എല്ലാത്തരം ത്രെസ്റ്റ്സെക്ടർ വ്യവസായങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപ മൂലധന നിക്ഷേപസബ്സിഡിയായി നൽകും. എന്നാൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ഇത് സ്ഥിരം മൂലധനത്തിന്റെ 25% പരമാവധി 25 ലക്ഷം രൂപയായിരിക്കും.

2. നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്ത എല്ലാ വ്യവസായസ്ഥാപനങ്ങൾക്കും സ്ഥിരമൂലധനത്തിന്റെ 10% പരമാവധി 5 ലക്ഷം രൂപ മൂലധനസബ്സിഡിയായി നൽകും. ഇടുക്കി, വയനാട് ജില്ലകളിൽ ഇത് പരമാവധി 10 ലക്ഷം രൂപയായിരിക്കും.

3. വിപുലീകരണം ആധുനികവൽക്കരണം വൈവിദ്ധ്യവൽക്കരണം എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്കും ഇതേ നിരക്കിൽ സബ്സിഡി ലഭിക്കുന്നു.

4. ഇത് കൂടാതെ താഴെപറയുന്ന വിഭാഗത്തിലുള്ളവർ ആരംഭിക്കുന്ന ചെറുകിട ടൈനി വ്യവസായങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 5% പരമാവധി 1 ലക്ഷം രൂപ അധിക സബ്സിഡി ലഭിക്കാൻ അർഹത ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

എ) പട്ടികജാതി/പട്ടികവർഗ്ഗം

ബി) വനിതകൾ

സി) വികലാംഗർ

ഡി) വിമുക്ത ഭടൻമാർ

5. പുതിയതും നിലവിലുള്ളതുമായ ചെറുകിട/വൻകിട വ്യവസായസ്ഥാപനങ്ങൾക്ക് റിന്യൂവബിൾ സോഴ്സ് ഓഫ് എനർജിയായി സ്ഥാപിക്കുന്ന ഉപകരണങ്ങൾക്ക് മൂലധനത്തിന്റെ 15% പരമാവധി 5 ലക്ഷം രൂപവരെ പ്രത്യേക സബ്സിഡിയായി നൽകുന്നതാണ്.

6. ഡീസൽ ജനറേറ്ററുകളിൽ മലിനീകരണം തടയുന്നതിനായി സ്ഥാപിക്കുന്ന യന്ത്രങ്ങൾക്ക് അവയുടെ 10% പരമാവധി 25,000/- രൂപ പ്രത്യേക സബ്സിഡിയായി നൽകുന്നതാണ്.

7. പുതിയ വ്യവസായനയത്തിന്റെ ഭാഗമായി വനിതകൾക്കായി കൂട്ടുകുടുംബസംരംഭം എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചുനടപ്പാക്കുന്നതാണ്. അതിനുള്ള ഉത്തരവ് ഉടൻ ഇറക്കുന്നു. ഒരു ഗ്രാമത്തിൽ ഓരോമേഖലയിലും 5-ൽ കുറയാത്ത കുടുംബങ്ങളിലെ വനിതകൾ നടത്തുന്ന വ്യവസായ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും പൊതുസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും വേണ്ടി വരുന്ന വ്യവസായ ഘടകങ്ങൾക്ക് ആനുകൂല്യങ്ങൾ താഴെപറയുന്ന പ്രകാരം നൽകുന്നതാണ്.

8. ഗുണ പരിശോധന, പാക്കേജിംഗ് പ്രദർശന കൗണ്ടറുകൾ തുടങ്ങിയവ പൊതുസൗകര്യങ്ങൾക്കായി മുടക്കുന്ന തുകയുടെ 15% പരമാവധി 5 ലക്ഷം രൂപ ബന്ധപ്പെട്ട സൊസൈറ്റിക്ക് നൽകുന്നതാണ്.

ബി) സൊസൈറ്റിയുടെ രൂപീകരണത്തിനും മറ്റുമായി വരുന്ന പ്രാഥമിക ചിലവുകൾക്കായി 10,000/- രൂപനൽകുന്നതാണ്.

സി) ഡബ്ളിയു. ഐ.പി. പദ്ധതിയിൽ നൽകുന്നതുപോലെ പ്രതിമാസം 750/- രൂപ വീതം മാനേജരിയൽ ഗ്രാന്റ് നൽകുന്നതാണ്.

9. നിലവിലുള്ള വനിതാ വ്യവസായ പദ്ധതിയിൽ താഴെപറയുന്ന പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നു.

എ. കെട്ടിട നിർമ്മാണത്തിനുള്ള പരമാവധി ഗ്രാന്റ് 50,000/- രൂപ.

ബി. യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള പരമാവധി ഗ്രാന്റ് 75,000/- രൂപയാക്കി.

സി. മാനേജീരിയൽ ഗ്രാന്റ് വാടക എന്നിവ പ്രതിമാസം 750 രൂപ വീതമായി വർദ്ധിപ്പിച്ചു.

ഡി. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പരമാവധി സ്റ്റൈപ്പന്റ് 300/- രൂപയായി ഉയർത്തി.

ഇ. വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന പരമാവധി ഓഹരി മൂലധനം 3.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

## അനുബന്ധം - III

21-12-2000-ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 30(*120)

ദയവായി കാണുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

Abstract

General Education – Higher Secondary Education – Sanctioning of new Higher Secondary Schools – Norms and Guidelines – Formulated – Orders issued.

GENERAL EDUCATION (T) DEPARTMENT

G.O.(MS)No.107/2000/G.Edn. Dated, Thiruvananthapuram, 30.3.2000

ORDER

In accordance with the National Education Policy of 1986, Government of Kerala have undertaken the process of de-linking Pre-degree from the Colleges and sacntioning Plus Two Schools. While sanctioning Higher Secondary Schools Government have followed a set of norms and parameters, though no policy document was published. It has now become imperative to consolidate these norms and the guiding principles behind the selection of Schools to grant Higher Secondary Courses from among a large number of applicants during their last phase of the delinking process.

The following are the norms and guidelines being observed while sanctioning Higher Secondary Courses.

1. The Educational need of an area :

The educational need that was being addressed by a Pre-degree Course will be a major consideration for sanctioning Higher Secondary Courses, after delinking Pre-degree Course from a College in that area.

2. Social backwardness of an area :

The educational or general backwardness of an area will be another criterion to sanction a Plus Two School.

3. Higher Secondary Courses will be sanctioned to only those Schools which have a High School section and not to any LP/UP Schools.

4. Physical and Infrastructural facilities of School

If a School possesses necessary infrastructural facilities; such a School will be preferred in sactioning Plus two. But evenif there is a School which may not have the ideal facilities Plus two could be sanctioned to that School if there is no alternative to meet the educational need of that area. Correspondingly the fact of having all facilities will also not be the sole criterion for selection.

5. The student strength and academic attainments of a School will also be taken into consideration while sanctioning Plus two, Schools with good academic record preferred.

6. <u>The need to correct educational imbalance between areas</u> While sanctioning Plus two Schools Government will endeavour to achieve equitable spread of Schools along the State.

7. <u>Vocational Schools to be preferred only in the absence of a regular High School</u>. Normally Plus two will not be sanctioned in a Vocational Higher Secondary School except in exceptional cases where no High School is available in the vicinity.

<u>Ratio between Government and Private Schools</u> :

Government will ensure that the Schools in the private sector and Government Sector are by an large equal in number.

### IV. General

While sanctioning Plus two Schools, all the relevant norms detailed above will be taken into account. One factor alone will not entitle an applicant for a Plus two School as there will be more than one claimant with equal qualifications. In such cases, the relative merits will be evaluated with regard to the norms listed above.

(By Order of the Governor)
K. JAYAKUMAR
SECRETARY TO GOVERNMENT

To

The Director of Higher Secondary Education.
The Director of Vocational Higher Secondary Education.
The Director of Public Instructions.
The Advocate General, Kerala (with C/L) sf and oc

Forwarded / By Order
Section Officer.

## അനുബന്ധം - IV

21.12.2000-ത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6 (514)

ദയവായികാണുക

<u>എ. മാർജിൻ മണിവായ്പ പദ്ധതി</u> :

1. ചെറുകിട വ്യവസായങ്ങൾക്കുള്ള മാർജിൻമണി ലോൺപരമാവധി 1 ലക്ഷം രൂപയിൽ നിന്ന് 2.5 ലക്ഷം ആയി വർദ്ധിപ്പിക്കുകയും പലിശനിരക്ക് 11.3% ത്തിൽ നിന്ന് 9% മായി കുറവ് വരുത്തുകയും ചെയ്തു.

2. പ്രവാസി കേരളീയർ (സാങ്കേതികവിദഗ്ധർ ഉൾപ്പെടെ) ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് 5 ലക്ഷം രൂപ 9% പലിശ നിരക്കിൽ മാർജിൻ മണിലോൺ നൽകുന്നതാണ്.

3. വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന പരമാവധി ഓഹരി മൂലധനം 3.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

4. ചെറുകിട വ്യവസായ മേഖലയിലെ പീഢിത യൂണിറ്റുകളെ കണ്ടെത്തിയവ പുനരുദ്ധരിക്കുന്നതിനുവേണ്ടി സിക്ക്യൂണിറ്റ് പുനരുദ്ധാരണ



LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പീഢിത വ്യവസായ യൂണിറ്റുകളായി തീർപ്പാക്കാവുന്ന യൂണിറ്റുകളെ തിരിച്ചറിഞ്ഞ് അവയുടെ പുനരുദ്ധാരണത്തിന് പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. 2000-വർഷത്തിൽ 15 ലക്ഷം രൂപ പദ്ധതി വിഹിതമായി വകകൊള്ളിച്ചിരിക്കുന്നു.

5. സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപവരെയും സബ്സിഡി നൽകുന്നു. ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്ക് ഇതേനിരക്കുകൾ സബ്സിഡി നൽകുന്നു.

6. പരിസ്ഥിതി മലിനീകരണനിയന്ത്രണ ഉപകരണങ്ങൾക്ക് മുടക്കുന്ന തുകയുടെ 15% പരമാവധി 5 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

7. വിപണനത്തിലുള്ള ടെന്ററുകളിൽ പങ്കെടുക്കുമ്പോൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളെക്കാൾ 15% വിലനിരക്ക് കൂടുതലായും പ്രസ്തുത ഉൽപ്പന്നം വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമെ ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 2% കൂടി കൂടുതൽ വിലനിരക്കിൽ മുൻഗണന ലഭിക്കുന്നു.

8. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വിപണന ടെന്ററുകളിൽ പങ്കെടുക്കുന്നതിന് എ.എം.ഡി./എസ്.ടി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളെ വൈദ്യുത ഡ്യൂട്ടിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

9. പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാനപദ്ധതിപ്രകാരം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാൻ ബാങ്കുകൾ മുഖേന 2 ലക്ഷം രൂപവരെ വായ്പ നൽകുന്നു.

10. ചെറുകിട വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും വളരെയധികം ആനുകൂല്യങ്ങൾ നൽകിവരുന്നു.

11. വ്യവസായ യൂണിറ്റുകൾക്ക് അനുമതി ലൈസൻസ്, ഇതര സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്നതിന് നിയമപ്രാബല്യമുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പിലാക്കി.

12. സ്ഥലസംബന്ധിത വ്യവസായ സമൂഹം വികസിപ്പിച്ചെടുത്ത് ചെറിയ യൂണിറ്റുകളെ സംയോജിപ്പിക്കുന്നതിലൂടെ സുദൃഢമായ വ്യവസായ ഉൽപ്പാദകവിപണനശൃംഖല സ്ഥാപിക്കുന്നതിനും അവയുടെ പരസ്പര ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉറപ്പുവരുത്തുവാനാണ് ജില്ലാപഞ്ചായത്തുകളുടെ സഹായത്തോടെ വ്യവസായ സമൂഹ പദ്ധതി നടപ്പിലാക്കിവരുന്നു.

13. പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് കൂടുതൽ ഉദാരമാക്കിയ പദ്ധതി അനുസരിച്ച് പലിശരഹിത വായ്പയും ഗ്രാന്റും നൽകുന്നു.

മേൽപ്പറഞ്ഞിട്ടുള്ളവകൂടാതെ 1998 നവംബറിൽ പ്രഖ്യാപിച്ച പുതിയ വ്യവസായനയത്തിന്റെ ഭാഗമായി താഴെപറയുന്ന സഹായങ്ങളും കൂടി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. എല്ലാത്തരം ത്രസ്റ്റ്സെക്ടർ വ്യവസായങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപ മൂലധന നിക്ഷേപസബ്സിഡിയായി നൽകും. എന്നാൽ ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ഇത് സ്ഥിരം മൂലധനത്തിന്റെ 25% പരമാവധി 25 ലക്ഷം രൂപയായിരിക്കും.

2. നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്ത എല്ലാ വ്യവസായസ്ഥാപനങ്ങൾക്കും സ്ഥിരമൂലധനത്തിന്റെ 10% പരമാവധി 5 ലക്ഷം രൂപമൂലധനസബ്സിഡിയായി നൽകും. ഇടുക്കി, വയനാട് ജില്ലകളിൽ ഇത് പരമാവധി 10 ലക്ഷം രൂപയായിരിക്കും.

3. വിപുലീകരണം ആധുനികവൽക്കരണം വൈവിധ്യവൽക്കരണം എന്നിവയേറ്റെടുത്ത് നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്കും ഇതേ നിരക്കിൽ സബ്സിഡി ലഭിക്കുന്നു.

4. ഇതുകൂടാതെ താഴെപറയുന്ന വിഭാഗത്തിലുള്ളവർ ആരംഭിക്കുന്ന ചെറുകിട-ടൈനി വ്യവസായങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 5% പരമാവധി 1 ലക്ഷം രൂപ അധിക സബ്സിഡി ലഭിക്കാൻ അർഹത ഉണ്ടായിരിക്കും.

എ. പട്ടികജാതി/പട്ടികവർഗ്ഗം (ബി) വനിതകൾ (സി) വികലാംഗർ (ഡി) വിമുക്തഭടൻമാർ.

5. പുതിയതും നിലവിലുള്ളതുമായ ചെറുകിട/വൻകിട വ്യവസായസ്ഥാപനങ്ങൾക്ക് റിന്യൂവൽ സോർഴ്സ് ഓഫ് എനർജിയായി സ്ഥാപിക്കുന്ന ഉപകരണങ്ങൾക്ക് മൂലധനത്തിന്റെ 15% പരമാവധി 5 ലക്ഷം രൂപ വരെ പ്രത്യേക സബ്സിഡിയായി നൽകുന്നതാണ്.

6. ഡീസൽ ജനറേറ്ററുകളിൽ മലിനീകരണം തടയുന്നതിനായി സ്ഥാപിക്കുന്ന യന്ത്രങ്ങൾക്ക് അവയുടെ 10% പരമാവധി 25,000 രൂപ പ്രത്യേക സബ്സിഡിയായി നൽകുന്നതാണ്.

7. പുതിയ വ്യവസായനയത്തിന്റെ ഭാഗമായി വനിതകൾക്കായികൂട്ടുകുടുംബ സംരംഭം എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചുനടപ്പാക്കുന്നതാണ്. അതിനുള്ള ഉത്തരവ് ഉടൻ ഇറക്കുന്നു. ഗ്രാമത്തിൽ ഓരോ മേഖലയിലും 5-ൽ കുറയാത്ത കുടുംബങ്ങളിലെ വനിതകൾ നടത്തുന്ന വ്യവസായ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും പൊതുസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും വേണ്ടിവരുന്ന വ്യവസായ ഘടകങ്ങൾക്ക് ആനുകൂല്യങ്ങൾ താഴെപറയുന്നപ്രകാരം നൽകുന്നതാണ്.

8. ഗുണപരിശോധന, പാക്കേജിംഗ് പ്രദർശന കൗണ്ടറുകൾ തുടങ്ങിയവ പൊതുസൗകര്യങ്ങൾക്കായി മുടക്കുന്ന തുകയുടെ 15% പരമാവധി 5 ലക്ഷം രൂപ ബന്ധപ്പെട്ടസൊസൈറ്റിക്ക് നൽകുന്നതാണ്.

ബി. സൊസൈറ്റിയുടെ രൂപീകരണത്തിനും മറ്റുമായി വരുന്ന പ്രാഥമിക ചിലവുകൾക്കായി 10,000/- രൂപ നൽകുന്നതാണ്.

സി. ഡബ്ളിയു.ഐ.എ.പി. പദ്ധതിയിൽ നൽകുന്നതുപോലെ പ്രതിമാസം 750/- രൂപ പ്രകാരം മാനേജീരിയൽ ഗ്രാന്റ് നൽകുന്നതാണ്.

9. നിലവിലുള്ള വനിതാ വ്യവസായ പദ്ധതിയിൽ താഴെപറയുന്ന പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നു.

എ. കെട്ടിട നിർമ്മാണത്തിനുള്ള പരമാവധി ഗ്രാന്റ് 50,000/- രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ബി. യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള പരമാവധി ഗ്രാന്റ് 75,000/- രൂപയാക്കി.

സി. മാനേജീരിയൽ ഗ്രാന്റ് വാടക എന്നിവ പ്രതിമാസം 750 രൂപ വീതമായി വർദ്ധിപ്പിച്ചു.

ഡി. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പരമാവധി സ്റ്റൈപ്പന്റ് 300/- രൂപയായി ഉയർത്തി.

ഇ. വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന പരമാവധി ഓഹരി മൂലധനം 3.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

STATE INVESTMENT SUBSIDY

Thrust sector units : 15% of *FCI upto Rs. 15 lakhs

Thrust sector units In Idukki & Wayanad & Industrial areas like Growth centres & Industrial Parks : 25% of FCI upto Rs.25 lakhs

Industrial Parks

Non-thrust sector : 10% of FCI upto Rs.5 lakhs

Non-thrust units In Idukki & Wayanad & Industrial areas like Industrial Growth Centres & industrial Parks

IT Sector Units : 20% FCI upto Rs.25 lakhs

PCD's (Separate ceiling) : 15% upto Rs. 5 lakhs

*FCI – Fixed Capital Investment

KERALA STATE INDUSTRIAL DEVELOPMENT CORPORATION

FINANCIAL PRODUCTS

Equity Participation : Up to 11% (case to case basis) of total equity

Debt equity Ratio : 1 : 5 : 1

Term Loans : Up to Rs.400 lakhs for those with a good track record

Bridge Loans : Against term loans sanctioned Against subsidy Against public issue

Short Term Loans : For working capital and emergencies Against subsidy

LIBRARY ARCHIVES Kerala Legislative Assembly

Corporate Loans : For existing profit making units ro Rs.100 lakhs

Repayment : 1-2 years moratorium + 5 to 6 years

Interest rate : 15.0% per annum (rebate of 0.5% for prompt repayment)

KSIDC contributes 50% of the cost of preparation of feasibility studies.

1% reduction in interest rate for IT units for the first 2 years after commercial production.

## അനുബന്ധം - IV (a)

## SUBSIDY

**TAMILNADU**

i) Location – based

ii) Industry (thrust sector based) –based

iii) Categories of entrepreneurs based &

iv) Size of projects based subsidy -

**KARNATAKA**

i) Location – based subsidy

ii) Special packages

Special package of incentives, on case-to-case basis, for mega projects & units in special sectors (such as automobile sector).

## അനുബന്ധം - V

21.12.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 9(518) ദയവായി കാണുക

KSIDC

List of large Scale projects

(as on 30.11.2000)

| Sl. No | | Location/ District | Cost of project (Rs.lakhs) | Employment (Nos.) |
|---|---|---|---|---|
| 1 | Lotus Spices Ltd. | Ernakulam | 2020 | 24 |
| 2 | Met Rolla Steels Ltd | Ernakulam | 850 | 250 |
| 3 | KTC Hotels Ltd. | Kozhikode | 1350 | 130 |
| 4 | Bahuleyan Charitable Foundation | Kottayam | 1000 | 103 |
| 5 | Muthoot Apt Ceramics Ltd | Ernakulam | 3700 | 80 |
| 6 | Toroid India Pvt. Ltd. | Trivandurm | 750 | 200 |
| 7 | Southern Ispat Ltd. | Palakkad | 820 | 190 |
| 8 | Andaman Timers Ltd | Kannur | 700 | 132 |
| 9 | Prima Insustries Ltd | Palakkad | 1415 | 124 |
| 10 | Sri Bhagavathi Textiles Ltd. (Expansion) | Palakkad | 998 | 200 |
| 11 | Merchem Ltd. | Ernakulam | 1010 | 80 |

LIBRARY ARCHIVES Kerala Legislative Assembly

| | | | | |
|---|---|---|---|---|
| 12 | Indo German Carbons Ltd. | Ernakulam | 1520 | 75 |
| 13 | Euro Marine Products Ltd.(Exp.) | Trivandrum | 625 | 69 |
| 14 | Chaya Industries Ltd. | Palakkad | 1350 | 280 |
| 15 | Silpi agrotech pvt. Ltd. | Ernakulam | 540 | 60 |
| 16 | Ocean Dreging (India) Pvt. Ltd. | Ernakulam | 615 | 54 |
| 17 | Cochin Internation Airport | Ernakulam | 28860 | 500 |
| 18 | Model Power Project | Ernakulam | 10000 | 100 |
| 19 | Small Power project | Ernakulam | 10000 | 100 |
| 20 | Small Power project | Ernakulam | 10000 | 100 |
| 21 | Travncore Cochin Chemicals Ltd. (Exp.) | Ernakulam | 8697 | 132 |
| 22 | Kerala Chemicals & Proteins Ltd.(Div) | Ernakulam | 7850 | 150 |
| 23 | Rado Tyres Ltd.(Exp.) | Ernakulam | 765 | 120 |
| 24 | BGR Hotels Ltd. | Ernakulam | 544 | 88 |
| 25 | Coastal Resorts Pvt. Ltd. | Ernakulam | 700 | 60 |
| 26 | Cheraman Resorts | Kozhikode | 520 | 100 |
| 27 | Teaktex Processing Complex (Reviv.) | Palakkad | 4030 | 600 |
| 28 | South India Wire Ropes Ltd. (Rehab.) | Ernakulam | 970 | 252 |
| 29 | Palakkad Medical & Research Centre | Palakkad | 632 | 150 |
| 30 | Western India Plywoods Ltd.(Modernisation) | Kannur | 6500 | 400 |
| 31 | Rufila International Ltd. (Exp.) | Palakkad | 2040 | 55 |
| 32 | Western India Cottons Ltd. (Exp.) | Kannur | 701 | 80 |
| 33 | Kumarakom Lake Resorts (P) Ltd. | Kottayam | 1023 | 103 |
| 34 | Floatels (India) Pvt. Ltd. | Trivandrum | 760 | 93 |
| 35 | Central Travancore Specialists Hospital | Alappuzha | 1785 | 421 |
| 36 | Veega Holidays & Parks Ltd. | Ernakulam | 1440 | 160 |
| 37 | Malayalam Industries Ltd. | Ernakulam | 1700 | 150 |
| 38 | Geojit Securities Ltd. | Trivandrum | 734 | 35 |
| | Total | | 119514 | 6000 |

*Project with Foreign/NRI investments

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം - V (a)

List of units closed since the inception of present ministry

KSIDC

| Sl. No. | Name of Unit | Location/ District | Date of Clo-sure | Employment (Nos.) | Reason for Closure | Steps taken to restart/ present status |
|---|---|---|---|---|---|---|
| 1 | Alwaye Fertilizer Ind. Ltd. | Ernakulam | 1997 | 47 | Shortage of working capiral | May not be possible to revive the company as the present duty stru-cture is unfavou-rable |
| 2 | Ananth Oil Extractions | Ernakulam | 5.12.99 | 181 | Marketing & Financing problems | May not open shortly |
| 3 | Artech Power Products Ltd. | Ernakulam | 1.4..99 | 98 | Managerial & Financial problem | Steps taken to change the mana-gement. IDBI has gone to DRT |
| 4 | Blue Chip Diamonds Ltd. | Ernakulam | 1997 | 65 | Marketing & Managerial problems | KSIDC has advertised for sale of unit |
| 5 | Chelur Satellite Communication Systems Ltd. | Ernakulam | 1997 | 119 | Buy-back agreement failed | Advertised for sale |
| 6 | Danntex Rubber Pvt. Ltd. | Ernakulam | May 1998 | 73 | Marketing failure | Advertised for sale |
| 7 | Deepthi Diamonds (India) Ltd. | Thrissur | 1997-98 | 35 | Managerial problems | Steps are being taken for change of management |
| 8 | Eminent Sea Foods Ltd. | Ernakulam | 1997-98 | 24 | Mismanagement | Legal steps are being taken for loan |

LIBRARY ARCHIVES Kerala Legislative Assembly

| | | | | | | |
|---|---|---|---|---|---|---|
| | | | | | | recovery |
| 9 | Gemini Solvents Pvt. Ltd. | Kannur | 1998-99 | 26 | Managerial problems | Legal steps are being taken for loan recovery |
| 10 | India Cassettes pvt. Ltd. | Ernakulam | 1997 | 25 | Raw materials nor available | Advertised for sale |
| 11 | Intimate Apparels Ltd. | Ernakulam | 1998-99 | 85 | Mismanagement | CEPZ has issued cviction notice |
| 12 | Malabar Organics Ltd. | Kozhikode | 1998 | 30 | Funds problem & lack of marketing | BIFR unit & approved OTS |
| 13 | Mode Creazone Ltd. | Ernakulam | 1998-99 | 113 | Mismanagement | CEPZ has issed cviction notice |
| 14 | Mc Glan Pharmaceuticals | Thrissur | Nov. 1998 | 29 | Inadequate management | Taken recovery steps |
| 15 | Sai Krishna organics Ltd. | Ernakulam | 1997 | 20 | Marketing problem | Initiated RR action against company & Promoter |
| 16 | Star Agro & Wheat Roller Flour Mills Ltd. | Malappuram | 1999-00 | 32 | Mismanagement | Steps are being taken for revival |
| 17 | Steriltx India Ltd. | Ernakulam | 1998-99 | 42 | Mismanagement | RR initiated |
| 18 | Supra Edible Oil Pvt. Ltd. | Malappuram | 1997 | 25 | Management problem | Advertised for sale |
| 19 | Sun Refineries Pvt. Ltd. | Kollam | Aug. 1996 | 50 | Managerial problems | KSIDC took over the assets and is trying to sell the unit |
| 20 | Sevenseas Nylons Ltd. | Ernakulam | 1997 | 46 | Managerial problems | Promoters are taking steps for |

LIBRARY ARCHIVES Kerala Legislative Assembly

| | | | | | | |
|---|---|---|---|---|---|---|
| | | | | | | OTS.BIER unit |
| 21 | Silver Foam Pvt. Ltd. | Trivandrum | 12.1.99 | 54 | Labour & Financial problems | OTS with KSIDC is approved |
| 22 | Thomson Drugs & Chemicals | Malappuram | 1996 | 85 | Inadequate management | is being woundup |
| 23 | Tricot Mills Ltd. | Thrissur | 1999 | 517 | Labour & Managerial problem | Unit is under BIFR Efforts for change of management was ordered by BIFR |
| 24 | Thiruvepathi Mills Ltd. | Kannur | Feb 1998 | 398 | Working capital problems | BIFR has given time to the operating Agency for inviting proposal for revival |
| 25 | TECIL Chemicals & Hydropower | Kottayam | 99-00 | 778 | Electricity price & financial Problems | Discussions are on with KSIDC/Govt./Banks |
| 26 | Trend Desings Ltd. | Ernakulam | 99-00 | 97 | Mismanagement | RR initiated |
| 27 | Triglob Pharmaceuticals | Kozhikode | 1999-00 | 39 | Mismangement | Steps are being taken to change of mangement |
| 28 | Usha Polymers Pvt. Ltd. | Idukki | 1996 | 16 | Managerial & Financial problems | Taken over by KFC |
| | Total | | | 3149 | | |

## അനുബന്ധം VI

### മലപ്പുറം ജില്ലയിലെ സ്ക്കൂളുകളിൽ അദ്ധ്യാപക നിയമനം

ശ്രീ. എൻ. കണ്ണൻ:

(എ) മലപ്പുറം ജില്ലയിലെ സ്ക്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ ധാരാളം ഒഴിഞ്ഞു കിടക്കുന്നതുമൂലം സ്ക്കൂളുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കുമോ :
1185/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര അദ്ധ്യാപകരെ പി.എസ്.സി. വഴി മലപ്പുറം ജില്ലയിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ഉണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 960 പ്രൈമറി അദ്ധ്യാപകരെയും 269 എച്ച്.എസ്.എ.(സോഷ്യൽ സയൻസ്) മാരെയും 278 എച്ച്.എസ്.എ.(കണക്ക്) മാരെയും ഈ സർക്കാർ നിലവിൽ വന്നശേഷം പി.എസ്.സി. വഴി മലപ്പുറം ജില്ലയിൽ നിയമിച്ചിട്ടുണ്ട്.

## അനുബന്ധം - VII

<u>പത്താം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 285</u>

**2000-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ**

പത്താം കേരള നിയമസഭ

ബിൽ നമ്പർ 285

**2000-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ**

2000-2001 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന ഒരു ബിൽ

<u>പീഠിക</u> : 2000-2001 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾക്കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ :

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ഒന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു : -

1. <u>ചുരുക്കപ്പേര്</u> : ഈ ആക്ടിന് 2000-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്ട് എന്ന് പേർ പറയാം.

2. <u>2000-2001 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 145,82,52,000 രൂപ നൽകൽ</u> : - 2000-2001 സാമ്പത്തിക വർഷത്തിലെ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിലേക്കായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതു മൊത്തം നൂറ്റി നാൽപ്പത്തി അഞ്ച് കോടി എൺപത്തി രണ്ട് ലക്ഷത്തി അൻപത്തി രണ്ടായിരും രൂപ വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. <u>ധനവിനിയോഗം</u> : - ആ ആക്ട് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2000-2001 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ടു ചെയ്തത് (രൂപ) | സഞ്ചിതനിധിയിൽ ചാർജ്ജ് ചെയ്തത് (രൂപ) | ആകെ (രൂപ) |
| 1. | II | സംസ്ഥാന ഭരണത്തലവന്മാർ മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 2,000 | 1,46,94,000 | 1,46,96,000 |
| 2. | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 2,37,87,000 | ---- | 2,37,87,000 |
| 3. | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 10,11,50,000 | ---- | 10,11,50,000 |
| 4. | V | കാർഷികാദായ നികുതിയും വിൽപനയും നികുതിയും | റവന്യൂ | 5,00,00,000 | ---- | 5,00,00,000 |
| 5. | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യൂ | 8,01,000 | ---- | 8,01,000 |
| 6. | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 10,50,02,000 | ----- | 10,50,02,000 |
| 7. | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 5,00,01,000 | ----- | 5,00,01,000 |
| 8. | XII | പോലീസ് | റവന്യൂ | 4,13,81,000 | ---- | 4,13,81,000 |
| | | | മൂലധനം | 5,02,64,000 | ---- | 5,02,64,000 |
| 9. | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 25,51,000 | ---- | 25,51,000 |
| 10. | XV | പൊതുമരാമത്ത് | മൂലധനം | 28,24,99,000 | ---- | 28,24,99,000 |
| 11. | XVI | പെൻഷനും പലവകയും | റവന്യൂ | 1,50,.00,000 | ---- | 1,50,00,000 |
| 12. | XVII | വിദ്യാഭ്യാസവും കായികവിനോദം കല,സംസ്കാരം | റവന്യൂ | 1,65,85,000 | ---- | 1,65,85,000 |
| 13. | XVIII | വൈദ്യസഹായ രംഗവും പൊതു | റവന്യൂ | 5,61,73,000 | ---- | 5,61,73,000 |
| | | ജനാരോഗ്യവും | മൂലധനം | 6,56,46,000 | ---- | 6,56,46,000 |

LIBRARY ARCHIVES Kerala Legislative Assembly

| | | | | | | |
|---|---|---|---|---|---|---|
| 14. | XX | ശുദ്ധജല വിതരണവും ശുചീകരണവും | റവന്യൂ | 40,00,000 | ---- | 40,00,000 |
| 15. | XXII | നഗരവികസനം | റവന്യൂ | 3,00,00,000 | ---- | 3,00,00,000 |
| | | | മൂലധനം | 1,00,00,000 | ---- | 1,00,00,000 |
| 16. | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 5,00,000 | ---- | 5,00,000 |
| 17. | XXIV | തൊഴിലും തൊഴിലാളി ക്ഷേമവും | റവന്യൂ | 28,38,000 | ---- | 28,38,000 |
| 18. | XXI | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യ ക്ഷേമം | റവന്യൂ | 1,000 | ---- | 1,000 |
| 19. | XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യൂ | 6,38,00,000 | ---- | 6,38,00,000 |
| 20. | XXIX | കൃഷി | റവന്യൂ | 77,88,000 | ---- | 77,88,000 |
| | | | മൂലധനം | 2,30,95,000 | ---- | 2,30,95,000 |
| 21. | XXX | ഭക്ഷ്യം | റവന്യൂ | 3,01,36,000 | ---- | 3,01,36,000 |
| 22. | XXXII | ക്ഷീരവ്യവസായം | മൂലധനം | 1,000 | ---- | 1,000 |
| 23. | XXXIII | മൽസ്യബന്ധനം | മൂലധനം | ---- | 3,01,000 | 3,01,000 |
| 24. | XXXIV | വനം | റവന്യൂ | 1,89,54,000 | ---- | 1,89,54,000 |
| | | | മൂലധനം | 1,65,00,000 | ---- | 1,65,00,000 |
| 25. | XXXV | പഞ്ചായത്ത് | റവന്യൂ | 8,00,00,000 | ---- | 8,00,00,000 |
| 26. | XXXVI | സാമൂഹ്യവികസനം | റവന്യൂ | 10,06,72,000 | ---- | 10,06,72,000 |
| 27. | XXXVII | വ്യവസായങ്ങൾ | മൂലധനം | 12,80,40,000 | ---- | 12,80,40,000 |
| 28. | XXXVIII | ജലസേചനം | മൂലധനം | 2,59,42,000 | ---- | 2,59,42,000 |
| 29. | XLII | വിനോദസഞ്ചാരം | മൂലധനം | 4,01,48,000 | ---- | 4,01,48,000 |
| | | ആകെ | | 1,44,32,57,000 | 1,49,95,000 | 1,45,82,52,000 |

## ഉദ്ദേശ കാരണങ്ങളുടെ വിവരണം

2000-2001 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിത നിധിയന്മേൽ ചാർജ്ജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനുവേണ്ടി ഇൻഡ്യൻ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടി വായിച്ചപ്രകാരമുള്ള 204-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച് ഈ ബില്ല് അവതരിപ്പിക്കുന്നു.

ടി.ശിവദാസമേനോൻ

LIBRARY ARCHIVES Kerala Legislative Assembly